ISBN 81-237-3050-0

2000 *(ശക 1921)*
© മനോഹർ ശ്യാം ജോഷി

തർജമ © നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ, 1998
രൂ. 75.00

Kuru Kuru Swaha *(Malayalam)*

Original title : Kuru Kuru Swaha *(Hindi)*

പ്രസാധനം : ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
എ-5, ഗ്രീൻ പാർക്ക്, ന്യൂഡൽഹി - 110 016

സമർപ്പണം

ഹസാരിപ്രസാദ് ദ്വിവേദി, ഋത്വിക് ഘട്ടക്
എന്നീ ദിവംഗതരായ ആചാര്യന്മാരുടെ
പുണ്യസ്മരണയ്ക്കു മുന്നിൽ,
ഈ അഭ്യർഥനയോടെ-
സമുദ്രമായിരുന്നു നിങ്ങൾ,
എന്നാൽ,
കുടത്തിനുൾക്കൊള്ളാവുന്നത്ര
കുടം നിറച്ചെടുത്തു.

ആമുഖം

'കുരു കുരു സ്വാഹാ' പ്രസിദ്ധപ്പെടുത്തുന്ന കാലം (1980) ആയപ്പോഴേക്കും ഹിന്ദി നോവൽ ഏതാണ്ട് ഒരു നൂറ്റാണ്ട് പിന്നിട്ടു കഴിഞ്ഞിരുന്നു. ഈ നീണ്ട യാത്രയ്ക്കിടയിൽ സാഹിത്യചരിത്രകാരന്മാർക്കും കഥാനിരൂപകന്മാർക്കും ബുദ്ധിമുട്ടുണ്ടായില്ല. ഹിന്ദിയിലെ ആദ്യത്തെ മൗലികനോവലായ 'പരീക്ഷാഗുരു' ഉപദേശപ്രധാനമായ നോവലാണെന്നും ലാലാ ശ്രീനിവാസ് ദാസിന്റെ സർഗപ്രക്രിയ സോദ്ദേശമാണെന്നും ആചാര്യ രാമചന്ദ്ര ശുക്ല അഭിപ്രായപ്പെട്ടു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മൗലിക നോവലുകളോടൊപ്പം ധാരാളം തർജമകളുമുണ്ടായി. തർജമകൾ അധികവും ബംഗാളി ഭാഷയിൽ നിന്നാണുണ്ടായത്. കൂടാതെ മറാഠി, ഉർദു, ഗുജറാത്തി എന്നീ ഭാഷകളിൽ നിന്നുമുണ്ടായി. ഭാരതീയ ഭാഷകളുമായി താരതമ്യം ചെയ്യുമ്പോൾ ഇംഗ്ലീഷിൽ നിന്നു തർജമ ചെയ്യാനുള്ള മനോഭാവം കുറവായി കാണപ്പെട്ടു. ഭാരതീയ ഭാഷകളിലെ നോവലുകൾ ശരിയായി പരിശോധിച്ചാൽ അവയുടെ പൊതുവായ സവിശേഷതകൾ തിരിച്ചറിയാൻ കഴിയും.

ദേവകീനന്ദൻ ഖത്രിയെ ഹിന്ദിയിലെ ആദ്യത്തെ മൗലികനോവലിസ്റ്റായി പലരും കണക്കാക്കുന്നു. അദ്ദേഹത്തിന്റെ 'ചന്ദ്രകാന്ത' യും 'ചന്ദ്രകാന്താ സന്തതി' യും ഹിന്ദി നോവലിനു വലിയൊരു വിഭാഗം വായനക്കാരെ സജ്ജമാക്കുന്നതിൽ വിജയിച്ചു. 'ഇന്ദ്രജാല'വും 'കൗശല'വും വായനക്കാരെ വളരെയേറെ സ്വാധീനിക്കുന്ന ഘടകങ്ങളാണെന്നോർക്കണം. വായനക്കാരന്റെ മനസ്സിൽ വിസ്മയം ജനിപ്പിക്കുകയും ആ വിസ്മയം നിലനിർത്തി അയാളെ കൃതിയോടൊപ്പം മുന്നോട്ടു കൊണ്ടുപോവുകയും ചെയ്യുന്ന ഉപായമാണ് ഇത്തരം നോവലിസ്റ്റുകൾ വിജയകരമായി നിർവഹിക്കുന്നത്.

അത്തരം നോവലുകളുടെ തിരക്ക് ക്രമേണ കുറഞ്ഞെങ്കിലും ഇന്ദ്രജാല രഹസ്യം തുന്നിച്ചേർക്കാനുള്ള കഴിവ് സ്വാധീനം ചെലുത്തുന്ന ശൈലീസവിശേഷതയായി കഥാകൃത്തുക്കൾ തിരിച്ചറിയുകയും ഒരായുധമായി അത് പ്രയോഗിക്കുകയും ചെയ്തു. പിൽക്കാല രചയിതാക്കളുടെ കൈകളിൽ ഈ ശൈലി കൂടുതൽ കലാത്മകവും പരിഷ്കൃതവുമായിത്തീർന്നു. ശുക്ലാജിയുടെ അഭിപ്രായത്തിൽ, "ഹിന്ദി

സാഹിത്യചരിത്രത്തിൽ ബാബു ദേവകീനന്ദൻ ഒരു പ്രത്യേക കാര്യത്തിന്റെ പേരിൽ എക്കാലവും ഓർമിക്കപ്പെടും. മറ്റേതൊരു കഥാകൃത്തിനെക്കാളും കൂടുതൽ വായനക്കാരെ സൃഷ്ടിച്ചതദ്ദേഹമാണ്... ആ നോവലുകളുടെ ലക്ഷ്യം വെറും സംഭവവൈചിത്ര്യങ്ങളായിരുന്നു." പിൽക്കാല നോവലിസ്റ്റുകളുടെ ലക്ഷ്യം വായനക്കാരുടെ എണ്ണം വർധിപ്പിക്കലോ സംഭവവൈചിത്ര്യങ്ങൾ ഉൾക്കൊള്ളിക്കലോ അല്ലെന്നു പറയണം.

പെട്ടെന്ന് ആശ്ചര്യജനകമായ ജനപ്രീതി നേടിയെങ്കിലും അപസർപ്പക-ഐന്ദ്രജാലിക-കൗശലനോവലുകളുടെ പരമ്പര അധികകാലം നീണ്ടുനിന്നില്ല; അവയ്ക്ക് കലാപരമായ മേന്മ അവകാശപ്പെടാനും കഴിഞ്ഞില്ല. പിൽക്കാല നോവലുകളിൽ ഇന്ദ്രജാലവും കൗശലവും പ്രമേയമാകാതെ ശൈലീവിശേഷം മാത്രമായി. മറ്റൊരുദ്ദേശത്തോടെ, വേറൊരുതരം പ്രഭാവം ജനിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു ആ പ്രയോഗം.

'കുരു കുരു സ്വാഹാ' രചിക്കുന്ന കാലമായപ്പോഴേക്ക് ഹിന്ദി നോവൽ ഉർക്കർഷത്തിന്റെ അനേകം ശിഖരങ്ങളെ സ്പർശിച്ചു കഴിഞ്ഞു. പ്രേംചന്ദ്, ജൈനേന്ദ്ര, അജ്ഞേയ്, യശ്പാൽ, അമൃത്‌ലാൽ നാഗർ, ഹസാരീപ്രസാദ് ദ്വിവേദി, ശ്രീലാൽ ശുക്ല, ഫണീശ്വർ നാഥ് രേണു, കൃഷ്ണാ സോബ്തി തുടങ്ങിയ അനേകം നോവലിസ്റ്റുകൾ നോവൽ സാഹിത്യത്തെ സമ്പന്നമാക്കി. ഇവരിൽ ഓരോ പേരും ഒരു വ്യക്തിയല്ല ഒരു പ്രവണതയാണെന്നും, നോവലിൽ ഓരോ പുതിയ വഴിത്തിരിവ് സൃഷ്ടിച്ചവരാണെന്നും എടുത്തുപറയേണ്ടതാണ്. മറ്റു പല പ്രധാന പേരുകളുമുണ്ട്, എന്നാൽ പുതിയ പ്രസ്ഥാനമാരംഭിച്ചവർ അധികമില്ല. 'കുരു കുരു സ്വാഹാ' യുടെ കർത്താവിന്റെ പേരും ഹിന്ദി നോവലിൽ നൂതനവും അസാധാരണവുമായ പരീക്ഷണം നടത്തിയവരുടെ കൂട്ടത്തിൽ പെടും. ഒരു വ്യത്യാസം മാത്രം. മുകളിൽ പറഞ്ഞപേരുകാരിൽ ചിലരുടെ പാരമ്പര്യത്തിൽ മറ്റു ചില പേരുകൾ കൂട്ടിച്ചേർക്കപ്പെട്ടു. പ്രേംചന്ദ്, ജൈനേന്ദ്ര, യശ്പാൽ, അമൃത്‌ലാൽ നാഗർ എന്നിവ ഉദാഹരണമായെടുക്കാം. ബാക്കിയുള്ളവർ നിർമിച്ച മാതൃക അനുസരിക്കുക തീർച്ചയായും ക്ലേശകരം തന്നെയായിരുന്നു. 'ശേഖർ: ഏക് ജീവനി', 'ബാണഭട്ട കീ ആത്മകഥ', 'രാഗ് ദർബാരി', 'മൈലാ ആഞ്ചൽ', 'സിന്ദഗീ നാമ' എന്നിവ അത്തരം കൃതികളാകുന്നു.

'കുരു കുരു സ്വാഹാ'യുടെ പ്രാധാന്യത്തിനുള്ള ഒരു കാരണം അതിന്റെ അസാധാരണമായ അതുല്യതയാണ്. ഞെട്ടിക്കുന്ന കഥാവസ്തുവും ശില്പവും കാരണം ഈ നോവൽ പുറത്തിറങ്ങിയ ഉടൻ വിവാദത്തിന്റെ വലയത്തിൽ പെട്ടു. ഏതാണ്ട് ഒരു പതിറ്റാണ്ട് നീണ്ട അനുകൂല പ്രതികൂല ചർച്ചകൾക്കുശേഷം ഈ നോവൽ മനസ്സിലാ

ക്കാനുള്ള കഴിവ് കൂടുതൽ വ്യക്തമായി.

ഈ നോവലുമായി ബന്ധമുള്ള ചില സംഗതികൾ സന്ദർഭവശാൽ ഓർമിക്കുന്നതുചിതമായിരിക്കും. ആദ്യത്തെ സംഗതി, ഗ്രന്ഥകർത്താവ് വളരെ അനുഭവസമ്പത്തുള്ള വ്യക്തിയാണ്- പത്രപ്രവർത്തനം, പത്രാധിപത്യം, ഫിലിം, ദൂരദർശൻ, പരിഭാഷ മുതലായവയുമായി ബന്ധപ്പെട്ട അനുഭവങ്ങളോടൊപ്പം ഗഹനവും വ്യാപകവുമായ പഠനം അദ്ദേഹത്തിനു കൈമുതലായി കിട്ടി. ഈ വ്യാപകമായ അനുഭവവും പ്രവർത്തനമേഖലയിലെ മുദ്രയും നോവലിൽ പതിയുക സ്വാഭാവികം മാത്രം.

രണ്ടാമത്തെ സംഗതി, മനോഹർ ശ്യാം ജോഷിയുടെ അഭിപ്രായത്തിൽ "കുരു കുരു സ്വാഹാ ഒരു തലത്തിൽ കർശനമായ രീതിയിൽ ഒരു പ്രത്യേക വ്യക്തിയുടെ ആന്തരികനോവലാണ്. ഇതിൽ അങ്ങോളമിങ്ങോളം അയാൾ സ്വന്തം മനസ്സിനെ സ്വയം പരീക്ഷണത്തിനു വിധേയമാക്കുന്നു. എന്നാൽ ഇത് ആത്മകഥയല്ല, ഇതിലെ വിവരണം എന്റെ (ജോഷിജിയുടെ) ജീവിതത്തിന്റെ വിവരണമല്ല."

മൂന്നാമത്തെ സംഗതി, എല്ലാ വായനക്കാരും നിരൂപകരും ചൂണ്ടിക്കാണിച്ച പോലെ, ഇതിലെ പ്രത്യേക വ്യക്തി ഒരു മൂന്നുനില കഥാപാത്രമാണ്- ഞാൻ + മനോഹർ + ജോഷിജി, അതായത് ത്രീ ഇൻ വൺ. എന്നാൽ ഇതിലെ നായകനായ 'ഞാൻ' നേരിടുന്ന മുഖ്യപ്രശ്നം 'ഞാനാരാണ്' എന്നതാണ്. നായികയായ മുന്തിയവളെ സംബന്ധിച്ചുയർന്ന 'അവളാരാണെ'ന്ന ചോദ്യം ഈ 'ഞാനാരാണെ'ന്ന ചോദ്യമുന്നയിക്കാനുള്ള അടവുമാത്രമാണ്. ഈ 'ഞാൻ' കൊണ്ടുദ്ദേശിക്കുന്നത് ലേഖകനെയോ നായകനെയോ അല്ല, കേവലമനുഷ്യനെയോ ശരാശരി ബുദ്ധിജീവിയെയോ ആണ്. "അതിനാൽ ഇതിലെ നായകന്റെ വ്യാകുലത ശരാശരി ബുദ്ധിജീവിയുടെ വ്യാകുലതയാണ്."

അഭിനന്ദനീയമായ ശില്പചാതുരിയാൽ ഈ വ്യാകുലത പ്രകടമാക്കിയിരിക്കുന്നു. എന്നാൽ, അത് 'ട്രാൻസാക്ഷണൽ അനാലിസിസ്' എന്ന മാനസികാപഗ്രഥനപരമായ കുറിപ്പടിയല്ല. ഈ മൂന്നുനില വ്യക്തിയെക്കുറിച്ച് ജോഷിയുടെ വ്യാഖ്യാനമിങ്ങനെയാണ് "മനോഹർ സഹജവിശ്വാസത്തിന്റെ അഥവാ ഹൃദയത്തിന്റെ പ്രതീകമാണ്, ജോഷിജി സന്ദേഹത്തിന്റെയും ജിജ്ഞാസയുടെയും അഥവാ ബുദ്ധിയുടെയും പ്രതീകമാണ്, കഥപറയുന്ന 'ഞാൻ' ശരീരത്തിന്റെ, അസ്തിത്വരക്ഷയുടെ അഥവാ തൊലി രക്ഷപ്പെടുത്തുന്നതിനാവശ്യമായ സൂത്രത്തിന്റെ പ്രതീകമാണ്."

ഈ ത്രിമുഖപാത്രത്തിന്റെ ജിജ്ഞാസകളും വ്യാകുലതയും എന്താണ്? നോവൽ നിർമിതിയിൽ സമർഥമായി തുന്നിച്ചേർത്ത ഇത്തരം ചോദ്യങ്ങൾ വ്യൂഹരചനപോലെ വായനക്കാരനെ ഭ്രമിപ്പി

ക്കുന്നു. കഥാവസ്തുവിനെക്കാൾ കൂടുതൽ കഥനത്തിൽ, 'എന്തി'നെക്കാൾ കൂടുതൽ 'എങ്ങനെ'യിലാണ് ശ്രദ്ധപതിപ്പിച്ചത്. ഇതിന്റെ നിർമാണം ഏകദേശം ഒരു കടങ്കഥപോലെയാണ്. ഉത്തരം കണ്ടെത്തുന്നതിനുവേണ്ടി വായനക്കാരൻ ഒററ്റത്തുനിന്നു പ്രവേശിക്കുകയും (ഓരോ വായനക്കാരനും ഈ യാത്രയുടെ പോയ്ന്റ് തെരഞ്ഞെടുക്കുന്നത് അയാളുടെ മനോഘടനയെയും കഴിവിനെയും ആശ്രയിച്ചിരിക്കും) സംഭവങ്ങളുടെയും കഥാപാത്രങ്ങളുടെയും അവസ്ഥകളുടെയും സങ്കീർണവും അപ്രതീക്ഷിതവുമായ കുരുക്കുകളിലൂടെ കടന്ന് മിക്കവാറും ശരിയെന്നു തോന്നാത്ത സ്ഥലത്തെത്തുകയും ചെയ്യുന്നു. നോവൽ വായിച്ചവസാനിപ്പിച്ചശേഷം ഈ ഇന്ദ്രജാലം തങ്ങളെ എങ്ങും കൊണ്ടെത്തിക്കുകയില്ലെന്ന് ചില വായനക്കാർക്കുതോന്നാം. അവർ ഇന്ദ്രജാലത്തിന്റെ പെട്ടിയിൽ തെറ്റായ താക്കോലിട്ടു നോക്കുന്നു. പരമാവധി വായനക്കാർ വായിച്ചു രസിക്കട്ടെ എന്ന ലക്ഷ്യം രചനയിലുടനീളം വച്ചുപുലർത്തിയിട്ടുണ്ടെന്നു ഗ്രന്ഥകർത്താവ് അഭിപ്രായപ്പെടുന്നു. "ഈ നോവലിൽ വിവരിച്ചിട്ടുള്ള മനസ്സ് കുശ്വാഹാകാന്ത്[1] മുതൽ അജ്ഞേയ്[2] വരെയുള്ളവരിൽ മുഴുകിയതാണ്; കുശ്വാഹാകാന്ത് മുതൽ അജ്ഞേയ് വരെയുള്ളവർ ഇത് വായിക്കണമെന്നാണാഗ്രഹം" – നോവലിസ്റ്റ് പറയുന്നു. കുശ്വാഹാകാന്ത് മുതൽ അജ്ഞേയ് വരെയുള്ള വായനക്കാരെ കിട്ടുക എന്നതല്ല പ്രശ്നം. അപകടമതല്ല. ഇവരെല്ലാമൊരുമിച്ചു ചേർന്ന വായനക്കാരുടെ ഒരു വർഗമാണാവശ്യം – നോവലിലെ വ്യത്യസ്ത സന്ദർഭങ്ങളിൽ ആവശ്യാനുസരണം പ്രതികരിക്കുന്നതിന് പ്രത്യക്ഷരോ അപ്രത്യക്ഷരോ ആകേണ്ടവർ. ജോഷിജി ലോബ്രാൻഡിന്റെയും ഹൈബ്രാൻഡിന്റെയും ജുഗൽബന്ദി മനസ്സിലാക്കി രചന നിർവഹിച്ചു: അതാകട്ടെ, ക്ലൈമാക്സിൽ ജുഗൽബന്ദിയല്ല, ഓർക്കസ്ട്രയായിത്തീരുകയും ചെയ്തു.

അറിവുള്ള വായനക്കാർ ഇതിൽ പലതരത്തിലുള്ള ജുഗൽബന്ദികൾ അന്വേഷിച്ചു കണ്ടെത്തി. ഈ നോവൽ പലതരം വായനക്കാരെ പല തലങ്ങളിൽ, പല രൂപങ്ങളിൽ സ്വാധീനിച്ചിട്ടുള്ളതായി കാണാം. അജിത്കുമാർ ഈ പ്രഭാവവൈവിധ്യത്തെ ഇങ്ങനെ ലിസ്റ്റ് ചെയ്തിരിക്കുന്നു–വാക്സാമർഥ്യം, താന്ത്രിക –സാംസ്കാരിക സന്ദർഭങ്ങൾ, ഭാരതീയത്തനിമയുടെ അന്വേഷണം (മുന്തിയവളെ അന്വേഷിക്കുമ്പോൾ), സാഹിത്യത്തെയും സാഹിത്യകാരന്മാരെയും പറ്റിയുള്ള രസകരമായ പരാമർശങ്ങൾ, ഐന്ദ്രജാലിക–കൗശല നോവലുകളുടെ രസം, വൈരൂപ്യത്തിന്റെയും വികാരവിഹ്വലതയുടെയും വിചിത്രമായ ജുഗൽബന്ദി,

---

1 കുശ്വാഹാകാന്ത്–ജനപ്രീതിനേടിയ ഹിന്ദി നോവലെഴുത്തുകാരൻ.

2 അജ്ഞേയ് – ഹിന്ദിസാഹിത്യത്തിൽ 'ആധുനികത'യുടെ ഉപജ്ഞാതാവ്; പ്രൗഢനോവലിസ്റ്റ്.

മിത്തിനെ സമകാലീനവും സമകാലീനതയെ മിത്തുമാക്കാനുള്ള വ്യഗ്രതയിൽ നിന്നുണ്ടാകുന്ന വിഭ്രമം മുതലായവ. അമ്പരപ്പിക്കുന്ന ചില സത്യങ്ങൾ ഈ പട്ടികയിലുണ്ടെന്നു പറയാതെ വയ്യ.

ഈ സന്ദർഭത്തിൽ ശ്രദ്ധേയമായ മറ്റൊരു സംഗതി കൂടിയുണ്ട്. ഈ നോവലിലെ വിവരണശൈലി കാരണം ഇത് ഹാസ്യത്തിന്റെ പൂത്തിരിയാണെന്ന ക്ഷണികമായ തെറ്റിദ്ധാരണ, ഇതിൽ നിരന്തരം വ്യാപിച്ചിരിക്കുന്ന ശോകഗംഭീരതയുടെ അന്തർധാര മൂലം ഇടയ്ക്കിടയ്ക്ക് ഭഞ്ജിക്കപ്പെടുന്നുണ്ട്. ഇത് വൈരുധ്യങ്ങളുടെ സാമഞ്ജസ്യമല്ല, വൈരുധ്യങ്ങളുടെ ദുരവസ്ഥയാണ്. നോവലിസ്റ്റ് ഈ സൃഷ്ടിപ്രക്രിയയുടെ പിന്നിലുള്ള സാധ്യതകൾ ചൂണ്ടിക്കാണിച്ചതിൽ ഒന്ന് സവിശേഷ ശ്രദ്ധയർഹിക്കുന്നു, "ഓർതേഗാ ഗാസേ വായിച്ചശേഷം ഈ ലേഖകൻ ഒരു തീരുമാനത്തിലെത്തി. ആധുനിക നോവലിസ്റ്റിന് ഒരു കപടലോകം സൃഷ്ടിക്കേണ്ടിയിരിക്കുന്നു. വായനക്കാരൻ ആശ്വാസത്തോടും ആത്മവിശ്വാസത്തോടും എല്ലാം കണ്ടു മനസ്സിലാക്കി എന്ന ധാരണയിൽ കൃതിയുടെ ലോകത്തു കടക്കുകയും, കണ്ടതും മനസ്സിലാക്കിയതും വിചിത്രവും അപരിചിതവുമായി തോന്നിയതെന്തുകൊണ്ടാണെന്ന് പിന്നീട് അമ്പരക്കുകയും ചെയ്യുന്നു."

വിചിത്രവും അപരിചിതവുമായതിലൂടെ കണ്ടതും മനസ്സിലാക്കിയതും വരെ കൊണ്ടുപോകുന്നതിനുള്ള ശ്രമം സർവഥാ കപോലകല്പിതം തന്നെ. 'മനോഹർശ്യാം ജോഷി' എന്ന നാമവും 'ഞാൻ' എന്ന സർവനാമവും പ്രയോഗിച്ചവതരിപ്പിക്കപ്പെട്ട കഥാപാത്രം പോലും അങ്ങനെ തന്നെ. ഇതിലില്ലാത്തതാണ് വാസ്തവത്തിൽ ഇതിലെ വസ്തു. ഈ ടെക്നിക്കിനെ നോവലിസ്റ്റ് ഋത്വിക് ഘട്ടക്കിന്റെ ഭാഷയിൽ ബയസ്ക്കോപ്പ്-ദൃശ്യസംവാദപ്രധാനമായ-എന്നുപറയുന്നു. ഇത് വായിക്കുമ്പോൾ കാണുകയും കേൾക്കുകയും ചെയ്യട്ടെ എന്നാഗ്രഹം. നോവലിസ്റ്റിന്റെ ഈ ആവശ്യം ഒരു പരിധിവരെ പൂർത്തിയാകുന്നു. നോവൽ വായിക്കുമ്പോൾ യഥാക്രമം കാണുകയും കേൾക്കുകയും ചെയ്യുന്നു. വ്യക്തി, ദൃശ്യം, സംഭവങ്ങൾ എല്ലാം ബയസ്ക്കോപ്പിലെപ്പോലെ കൺമുന്നിലൂടെ കടന്നുപോകുന്നു, സംവാദം കാതുകളിൽ മുഴങ്ങുന്നു. കണ്ണടച്ചിരുന്നാലും വായനക്കാരന് സംവാദങ്ങളുടെ സഹായത്തോടെ പാത്രങ്ങളെ വേർതിരിച്ചറിയാൻ കഴിയും-മൂന്നുനിലകഥാപാത്രത്തിന്റെ ത്രീടയർ ഭാഷ വേറിട്ടുനിൽക്കുന്നു. അതിനുപുറമേ ഈ നോവലിലെ ഭാഷ, പ്രദേശം, വ്യക്തി, വർഗം, സംസ്കാരം, മനഃസ്ഥിതി എല്ലാം വെളിപ്പെടുത്തുന്നതിലൂടെ, രചയിതാവിനു ഭാഷയുടെ മേലുള്ള അധികാരം അദ്ഭുതപ്പെടുത്തുമാറ് നമ്മെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. നോവലിസ്റ്റ് "ഭാഷയുടെ പല തലങ്ങൾ ഒരുമിച്ചു പോകാനനുവദിച്ചു." അദ്ദേഹം ഭാഷയെ ഏതാണ്ട് ഒരു കഥാ

പാത്രമെന്ന നിലയിൽ രചിച്ചു. നാമപദങ്ങളിലെ അന്ധവിശ്വാസമവ സാനിച്ചപ്പോൾ ഭാഷ ഒരു മായാവിയുടെ രൂപം കൈക്കൊള്ളുന്നു. ഇങ്ങനെ പ്രയോഗിക്കുന്നതിന് ഭാഷയുടെ മേൽ അസാധാരണമായ അധികാരമുണ്ടായിരിക്കണം.

ആശങ്കയുണ്ടായിരുന്നിട്ടും 'കുരു കുരു സ്വാഹാ'യുടെ ഭാഷ ഇന്നോളം 'ക്ലീഷേ'യാകാതിരുന്നതിനു കാരണം ഇതു തന്നെയാകാം. ഭാഷയുമായി ഒരു തരം ക്രീഡാഭാവം രചയിതാവായ ജോഷി യുടെയുള്ളിൽ അലയടിക്കുന്നുണ്ടെന്നു ചിലപ്പോൾ തോന്നും. ഭാഷ യുമായുള്ള ഈ ബന്ധം 'വായാടിത്തം' എഴുതുന്നതിനാവശ്യമാണ്. എന്നാൽ അത് ജീവിതത്തിന്റെ സങ്കീർണതകളും വിഷാദവും വേദ നയും കോമിക്-ട്രാജിക് ലയത്തിൽ സഹിക്കുന്നതിനുള്ള മുഖംമൂടി യായിത്തീരുമ്പോൾ വെല്ലുവിളി മറ്റൊരു പ്രകാരത്തിലാകും. ഇത്തരം വെല്ലുവിളി മനോഹർ ശ്യാം ജോഷി ഒരു വിനോദംപോലെ ഏറ്റെടു ക്കുകയും തന്റെ തെളിഞ്ഞ തൂലികകൊണ്ടു പൂർത്തിയാക്കുകയും ചെയ്യും.

ജോഷിയുടെ അഭിപ്രായത്തിൽ 'കുരു കുരു സ്വാഹാ' "നവീന ഭാരതത്തിലെ ഒരു നോവലാണ്." നവഭാരതത്തിലെ എല്ലാ പ്രശ്ന ങ്ങളും പലതവണ ഇതിലുന്നയിച്ചിട്ടുണ്ടെന്നുള്ളതും ശരിയാണ്. എന്നാൽ ഈ പ്രശ്നങ്ങൾ വ്യൂഹാത്മക ശില്പചാതുരിയാൽ ബന്ധി ക്കപ്പെട്ടിരിക്കുന്നത് കൊണ്ട് ശരാശരി വായനക്കാരനു ദിഗ്ഭ്രംശം സംഭ വിക്കാനിടയുണ്ടെന്നു സമ്മതിക്കേണ്ടിവരും. മൂന്നുനിലനായകനെ മാധ്യ മമാക്കിക്കൊണ്ട് ആവിഷ്കരിക്കാനാഗ്രഹിക്കുന്ന ജീവിതദർശനത്തിന്റെ ഒരു വശം മാത്രമെടുത്ത് ലളിതമായൊരു നോവൽ രചിക്കുന്ന പരിപാ ടിയല്ല ജോഷിജിയുടേത്. എന്നാൽ കാര്യങ്ങൾ തുറന്നു പറയാത്തിട ത്തോളം കാലം അദ്ദേഹം ഗദ്യത്തിലെഴുതിയ ബയസ്കോപ്പിലൂടെ വായനക്കാർക്ക് കഥാവസ്തു പിടികിട്ടുമോ എന്നതാണു പ്രശ്നം. സൗകര്യത്തിനുവേണ്ടി ഈ നോവലിലെ കഥാവസ്തു ജോഷിജിയുടെ വാക്കുകളിൽ ഇങ്ങനെ പകർത്താം.

"എഴുത്തുകാരനും ബുദ്ധിജീവിയുമായ ജോഷിജി തനിക്ക് അസം സ്കൃത വസ്തു സപ്ലൈ ചെയ്യുന്ന മനോഹറിന്റെ കാര്യത്തിൽ സന്തു ഷ്ടനാണ്; അതേ സമയം അദ്ദേഹം അവന്റെ സഹജവിശ്വാസവും വിവര ക്കേടും സംശയദൃഷ്ട്യാ വീക്ഷിക്കുകയും ചെയ്യുന്നു. ഇത്രയേറെ 'ലളിത വല്ക്കരണ'ത്തിൽ അദ്ദേഹത്തിനെതിർപ്പുണ്ട്. ഇതേ ജോഷിജിക്ക് 'ഞാൻ' -ന്റെ കൗശലം നിറഞ്ഞ -ഹീനമായ-സിനിക്കൽ-ഹ്രസ്വദൃഷ്ടി യോട് വെറുപ്പുണ്ട്. അദ്ദേഹം 'ഞാൻ' -നെപ്പോലെ 'ഷാലോ' യാകാ നിഷ്ടപ്പെടുന്നില്ല. മുന്തിയവൾ ഈ മൂന്നുനിലനായകന്റെ മുമ്പിൽ പ്രതി ബദ്ധതയുടെ പ്രശ്നം ഉന്നയിക്കുന്നു. മനോഹർ പ്രതിബദ്ധനാകാനൊ

രുക്കമാണ്; ജോഷിജി തന്റെ 'കമന്റ് റിസർവ്' ചെയ്തു വയ്ക്കുന്നു; പ്രതിബദ്ധത, സാഹസം, ആദർശം ഇതെല്ലാം ഔട്ട് ഓഫ് കോഴ്സ് ആണെന്നും വെറുതേ രക്തസാക്ഷിയാകുന്നതെന്തിനാണെന്നും 'ഞാൻ' അഭിപ്രായപ്പെടുന്നു 'ഞാൻ' -ന്റെ ഈ 'കോമൺസെൻസി' നോട് ജോഷിജിയുടെ 'ഇന്റലക്ച്വാലിറ്റി'പൊരുത്തപ്പെടുന്നു, മനോഹ റിന്റെ സഹജവിശ്വാസം ഒറ്റപ്പെടുന്നു. നിങ്ങൾ വേണമെങ്കിൽ ഇത് 'സിനിസിസ'ത്തിന്റെ മാതൃകയാണെന്നു വിചാരിച്ചോളൂ. വേറെ ചിലർ 'എക്സ്ട്രിമിസ'മാണെന്നു കരുതിയേക്കാം. വിശ്വാസം സഹജവും സാഹസികവുമാണ്. എവിടെ 'എങ്കിൽ-എന്നാൽ' പ്രത്യക്ഷപ്പെടുന്നോ അവിടെ 'സിനിസിസം' വന്നുചേരും." (സാരിക, നവം. 1980.)

ചുരുക്കത്തിൽ, എഴുത്തുകാരനും ബുദ്ധിജീവിയും (ശരാശരി ഇൻഡ്യൻ ബുദ്ധിജീവി) ആയ ജോഷിജിയുടെ ജീവിതത്തിലെ ഹൈഡ്രാമായുടെ കഥയാണിത്. എന്നാൽ അയാളുടെ ജീവിതത്തിലെ ഈ ഹൈഡ്രാമ-അതയാളുടെ ജീവിതത്തിലെ ട്രാജഡിയുമാണ് -ഗം ഭീരമായ വിലാപശൈലിയിലല്ല, അതിന്റെ ഹാസ്യാസ്പദവശത്തിനടി വരയിട്ടാണ് അവതരിപ്പിക്കുന്നത്. നോവലിസ്റ്റിനെ സംബന്ധിച്ചിട ത്തോളം ഹാസ്യാസ്പദശൈലിയിലെ അവതരണം വെറും ശൈലിയോ വെറും ഗിമ്മിക്കോ അല്ല. ഏതു കഥാപാത്രത്തിന്റെ ജീവിതത്തിലെ ട്രാജഡിയാണോ അയാൾ വിഷയമാക്കിയിരിക്കുന്നത്, അത് നേരേ ചൊവ്വേ പറയുന്നതിന് പകരം ട്രാജഡി രൂപത്തിൽ അവതരിപ്പിക്കാ നുള്ള ശ്രമത്തെയും അയാൾ ഒരു തരത്തിൽ ഹാസ്യാസ്പദമായി കണ ക്കാക്കുന്നു. അങ്ങനെ കണക്കാക്കുന്നതിനു കാരണവുമുണ്ട്, "പ്രതിമാസം ആയിരം രൂപ ശമ്പളം കിട്ടുന്ന ജോലി അന്വേഷിക്കൽ, വിഡ്ഢികളുടെ രാജ്യത്ത് ബൗദ്ധികാന്തരീക്ഷം തേടൽ, തന്ത്രത്തെയും വിപ്ലവത്തെയും അകന്നുനിന്ന് ശല്യം ചെയ്യൽ, മധ്യവർഗ മൂല്യങ്ങ ളോടെതിർപ്പ്, ഒടുവിൽ അവ സ്വീകരിക്കൽ-ഇത് ട്രാജഡിയാണ്!! ഇതി ലെന്തു ഹൈഡ്രാമ, എന്തു തപസ്, ഇത് എന്തു ത്യാഗം ഉൾക്കൊ ള്ളുന്നു? എന്നാൽ നമ്മളിലെത്രപേർക്ക് ഇത് തികച്ചും സ്വന്തം ട്രാജ ഡിയാണെന്നറിയാം? ഇത് നമ്മൾ അതേ രൂപത്തിലവതരിപ്പിക്കുകയും അഭിനന്ദിക്കപ്പെടുകയും ചെയ്യുന്നു. ഇതേ കഥ കോമഡിയായവതരി പ്പിക്കുമ്പോൾ ഇതിന്റെ ട്രാജിക് രൂപം സർവഥാ നിഷേധിക്കപ്പെടുമോ?

ഹാസ്യത്തിന്റെ ആവരണത്തിൽ പൊതിഞ്ഞ ഈ ട്രാജഡി മൂല രൂപത്തിൽ പിടിച്ചെടുക്കുക എല്ലാ വായനക്കാർക്കും സാധിക്കുന്ന കാര്യ മല്ല. വിലാപഭാവത്തിൽ വേർപിരിയലുളവാക്കുന്ന ട്രാജഡിയുടെ രൂപ രേഖ അവതരിപ്പിക്കുന്നത് എത്ര സഹജമായാണോ, അത്ര കഠിനമാണ് അതിനെ ചിരിയുതിർക്കുന്ന ഭാവത്തിൽ ബന്ധിക്കുന്നത്. ആ ഭാവ ത്തിന്റെ നിഗൂഢാർഥം, ട്രാജിക്തത്ത്വം മനസ്സിലാക്കുന്നത് അതിലും

കഠിനമാണ്. "അത് ഒരു ട്രാജിക് നേർവസ് ബ്രേക്ഡൗണാണെ"ന്ന എഴുത്തുകാരന്റെ അഭിപ്രായം മനസ്സിലാക്കുന്ന വായനക്കാർ കുറവായിരിക്കും. ഒരു പ്രകാരത്തിൽ, ഈ നോവൽ, "നോർമലാകാൻ വേണ്ടി അബോധവാനായ മനോഹറിനെ വധിച്ചതിന്റെ കഥയാണ്. അയാളാണ് ഹീറോ, യഥാർഥ സീറോ."

നോവലിലെ മറ്റു പാത്രങ്ങൾ മൂന്നുനിലനായകന്റെ എക്സ്റ്റൻഷനാണെന്നു തോന്നും. ഇവയിൽ ഏറ്റവും പ്രധാനം മുന്തിയവളെന്ന വേശ്യയാണ്. പ്രഥമദർശനത്തിൽ തന്നെ അവൾ നായകന് 'അതീവ സുമനോഹരി' യാണെന്ന തോന്നലുളവാക്കുന്നു. ഈ മുന്തിയവളെന്ന താരാത്ധാവേരിയെന്ന മറുകുള്ളവളെന്ന ദുർഗാസപ്തശതിയുടെ ഐഡന്റിറ്റി അവളുടെ ഐഡന്റിറ്റിയില്ലായ്മയാണ്. സത്യം എങ്ങുമില്ലെന്നുള്ളതാണ് അവളുടെ ഏറ്റവും വലിയ സത്യം. എന്തെങ്കിലുമുണ്ടെങ്കിൽ അത് അല്പം താല്പര്യവും ജിജ്ഞാസയും മാത്രം.

ജോഷിജിയുടെ ജിജ്ഞാസാഭാവം മുഖരമാകുന്നു. "നിങ്ങളാരാണെന്നുപോലും എനിക്കറിഞ്ഞുകൂടാ. നിങ്ങൾ തന്നെ പറയുന്നതുപോലെ താന്ത്രികയാണോ? ബാബു പറഞ്ഞപോലെ വേശ്യയാണോ? രഥിജിത് ഭട്ടാചാര്യ അനുമാനിക്കുന്നതുപോലെ വിപ്ലവകാരിയാണോ? ബെഗീക് പറഞ്ഞപോലെ എഴുത്തുകാരിയാണോ? ഡോഭാൻവാല പറയുന്നതുപോലെ വ്യാപാരിയാണോ? നിങ്ങൾ തന്നെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും പറഞ്ഞുകൂട്ടുന്ന നുണകളുടെ കൂമ്പാരത്തിൽ നിങ്ങളുടെ സത്യം മറഞ്ഞു പോകുന്നു. നുണക്കൂമ്പാരത്തിൽ മറഞ്ഞുപോയ നിങ്ങളുടെ സത്യത്തോടാണെനിക്കു താല്പര്യം." ഉടനെ ഉത്തരം കിട്ടി. "നിങ്ങൾക്കാരെപ്പറ്റിയാണോ ജിജ്ഞാസ, അവൾ സ്വയം ഒരു ജിജ്ഞാസയാണ്. നിങ്ങളാർക്കുവേണ്ടിയാണോ അലയുന്നത്. അവൾ സ്വയം ഒരലച്ചിലാണ്. നിങ്ങളേതു ഗുണമോ പ്രവൃത്തിയോ എന്നിൽ നിന്നാഗ്രഹിക്കുന്നോ, ആ വിധത്തിൽ എന്നെ സങ്കല്പിച്ചു കൊള്ളൂ."

വ്യാഖ്യാനാതീതയായ നായികയ്ക്കും മൂന്നുനിലനായകനും പുറമേ കഥാപാത്രങ്ങളുടെ ഒരു കൂട്ടം തന്നെയുണ്ട്, ഈ നോവലിൽ. ഓരോരുത്തരും മറ്റുള്ളവരിൽ നിന്നുവേറിട്ട്, വ്യക്തമായി, സ്വന്തം തിരിച്ചറിവോടെ–ബയസ്കോപ്പിലെ ജൂനിയർ കലാകാരന്മാരെപ്പോലെ. ഈ ആൾക്കൂട്ടത്തിന്റെ സാന്നിധ്യം സിനിമയിലെ എക്സ്ട്രാസിനെപ്പോലെ സീൻ നിറയ്ക്കാമെന്ന ചിന്തയോടെയല്ല ചിത്രീകരിച്ചിരിക്കുന്നത്. ഏറ്റവും ചെറിയ റോളിൽ വരുന്ന കഥാപാത്രം പോലും പ്രവൃത്തികൊണ്ടും സംഭാഷണം കൊണ്ടും സന്ദർഭങ്ങളിലിടപെട്ട് തന്റെ സാന്നിധ്യം വെളിപ്പെടുത്തുന്നു. ശിവചന്ദ്ര, തിർഖാ, തലാട്ടി, കാരന്ത്, ഡോഭാൻവാല, മിസിസ് സ്നേഹവത്സല, ധൂർജടി, രഥിജിത് ഭട്ടാചാര്യ

മുതലായവരോടൊപ്പം ഗസ്റ്റ് ആർട്ടിസ്റ്റുകളായ ധർമവീർ ഭാരതി, ബിമൽദത്ത എന്നിവരും ഈ കൂട്ടത്തിൽ പെടും. ഇവരെക്കാളെല്ലാം കേമനാണ് ഖലീക് - ഉയർച്ച കാംക്ഷിക്കുന്ന കവി. വിചിത്രചേഷ്ടകളുള്ളവൻ - ചറുപിറെ കണ്ണടയ്ക്കുക, അനുനാസികമായി സംസാരിക്കുക, കൂടെക്കൂടെ തോളിളക്കുക, അങ്ങേയറ്റത്തെ അപകർഷബോധം പിടിപെട്ട് സ്വയം ഹീറോയാണെന്നു വിചാരിക്കുന്ന കഥാപാത്രം. ചലച്ചിത്രലോകം അയാളോട് വിശ്വാസ്യത പുലർത്തിയില്ല. സാഹചര്യങ്ങൾ അയാളെ ക്രോധശീലനും ദുർഭാഷിയും മര്യാദയില്ലാത്തവനും ഒടുവിൽ അഘോരിയുമാക്കിത്തീർത്തു. നിരന്തരം കുപിതനാകുക, ചീത്തപറയുക ഇതെല്ലാം അതിന്റെ തെളിവുകളാണ്. കാഴ്ചയിൽ തീർത്തും ഉത്തരവാദിത്തമില്ലാത്തവനും ഗൗരവമില്ലാത്തവനും-ശരിയായ തയ്യാറെടുപ്പോടെ അങ്ങനെയൊരു കഥാപാത്രത്തെ വാർത്തെടുത്തു. അയാളുടെ സ്വഭാവത്തിലും ഈ വിധത്തിൽ ഒരു തരം രഹസ്യാത്മകതയുണ്ട്. അയാൾ ഏറ്റവും അൺപ്രെഡിക്ടബ്ൾ, അതേ സമയം ഏറ്റവും ആധികാരികകഥാപാത്രവും.

'കുരു കുരു സ്വാഹാ'യിലെ പാത്രങ്ങളെ വേർതിരിച്ചറിയുന്നതിനുവേണ്ടി നോവലിസ്റ്റ് ഭാഷയുടെ ശക്തിയും സാധ്യതകളും അദ്ഭുതകരമായി പ്രയോഗിച്ചു. ഭാഷ ബോംബെ ഹിന്ദിയാണെന്നു പറയാം. ബോംബെ മഹാനഗരമാണ്. ഭാരതം മുഴുവനുമുള്ള ഏറ്റവും കൂടുതൽ പ്രവാസികൾ ഇവിടെയാണു പാർക്കുന്നത്. എല്ലാവർക്കും അവരവരുടെ ഭാഷാസംസ്കാരമുണ്ട്. വ്യത്യസ്ത ഭാഷാ സമുദായങ്ങളിൽ നിന്നു വന്നിട്ടുള്ള ഈയാളുകൾ ചില പ്രത്യേക സിറ്റ്വേഷനിൽ പരസ്പരം അഭിമുഖീഭവിക്കുമ്പോൾ രൂപം കൊള്ളുന്ന 'ബോംബെ ഹിന്ദി'യുടെ വിവിധ ശൈലികളുടെ രുചി ഈ ഒറ്റനോവലിലൂടെ ആസ്വദിച്ചറിയാൻ സാധിക്കും. ഇതിലെ ഭാഷ കഥാപാത്രങ്ങളുടെ മാനസികഘടന, അവരുടെ സാമൂഹികനില, അവരുടെ വംശീയസംസ്ക്കാരം എന്നിവയെല്ലാം വെളിപ്പെടുത്തുന്നു. സംവാദങ്ങളുടെ ഭാഷ ആശ്ചര്യജനകമാണ്. കഴിവുറ്റ എഴുത്തുകാരന്റെ കയ്യിൽ ഭാഷ എത്ര സാധ്യതകളുള്ളതാണെന്നും കുറിക്കുകൊള്ളുന്ന ആയുധമാണെന്നുമുള്ളതിന്റെ ഉത്തമോദാഹരണമാണ്, 'കുരു കുരു സ്വാഹാ'. ചുരുങ്ങിയ റോളുകളിൽ പ്രത്യക്ഷപ്പെട്ട കഥാപാത്രങ്ങളെപ്പോലും സ്മരണീയരാക്കുന്നതിൽ ഇതിലെ ഭാഷയ്ക്കും വാക്കുകളുടെ മിതവ്യയതയ്ക്കും നല്ലപങ്കുണ്ട്.

'കുരു കുരു സ്വാഹാ' കഥപറച്ചിലിന്റെ ശൈലിയിൽ ആധുനിക യാഥാർഥ്യത്തിന്റെ ബഹുമുഖരൂപം വ്യക്തമാക്കുന്നു. എന്നാൽ അതോടൊപ്പം വിശേഷനിലവാരവും അറിവും ആസ്വാദനവുമുള്ള വായനക്കാരെയും ഇതാവശ്യപ്പെടുന്നു. ഹസാരീപ്രസാദ് ദ്വിവേദിയെ ആദരപൂർവം സ്മരിച്ചിട്ടുണ്ടെങ്കിൽ പോലും മുൻഗാമികളുടെ പാരമ്പര്യമോ മാതൃ

കയോ ഉണ്ടായിരുന്നില്ല. ചിലയാളുകളെ സംബന്ധിച്ചിടത്തോളം ഇത് 'നേരമ്പോക്കുനിറഞ്ഞ വാചകമടി' മാത്രമാണ്. ചിലർ പുറമേ ലളിതമെന്നു തോന്നിപ്പിക്കുന്ന ഹാസ്യ-വ്യംഗ്യമിശ്രിത ഭംഗിക്കു പിന്നിലെ സൂക്ഷ്മമായ അർഥതലങ്ങൾ അന്വേഷിക്കുന്നു. സാർത്ര്, കാമു, മാർക്സ് മുതലായവരെ നേരിടുന്ന ചിലർക്ക് ഉത്തരം മുട്ടിപ്പോകുന്നു. ചിലർ നോവലിന് പുതിയ നിർവചനം തേടി നടക്കുന്നതുകാണാം. ഇതിൽ ഫിലിം ചിത്രീകരണത്തിന്റെയും നോവൽ ശില്പത്തിന്റെയും താളമേളങ്ങൾ കേൾക്കാൻ കഴിയും.

ഈ നോവലിൽ കാണുന്ന ഭാരതത്തെ ജോഷിജി ഇങ്ങനെ വിവരിക്കുന്നു.

"നൂറ്റാണ്ടുകളുടെ പാരമ്പര്യത്തിന്റെ ഭാരമിറക്കി വയ്ക്കുന്നതിനു വ്യാകുലപ്പെടുന്ന ഭാരതത്തിനു മുമ്പോട്ടുപോകാൻ വെമ്പലുണ്ട്, ദിശ ഏതുമാകട്ടെ. പ്രശ്നങ്ങൾ നിറഞ്ഞതും, മിക്കവരെയും വിശ്വസിക്കുകയും അവിശ്വസിക്കുകയും ചെയ്യുന്നതും, അനുഭവങ്ങളുടെ ആവർത്തനത്തിൽ ആശങ്കപ്പെടുന്നതും ആണ് ഈ ഭാരതം. വളരെപ്പേരെ പരിചിതരായും കുറേപ്പേരെ പരിവർത്തിതരൂപത്തിലും സ്വീകരിക്കാൻ ബാധ്യസ്ഥമാണീ ഭാരതം. വിധിവിശ്വാസത്തോട് ഏറ്റുമുട്ടാൻ ഭാരതം ആഗ്രഹിക്കുന്നു; കൊളോണിയലിസം - ക്യാപ്പിറ്റലിസം - ഉപഭോഗസംസ്ക്കാരം - ഹിന്ദുത്വം-അധികാരസംഘർഷം മുതലായ സന്ദർഭങ്ങൾ അതിന്റെ മുമ്പിലുണ്ട്. ഏത് സ്വീകരിക്കും, ഏതുപേക്ഷിക്കും? വർത്തമാനത്തിൽ ജീവിക്കുന്നതിന് ഏതുതരം വ്യാഖ്യാനം നടത്തും?

പുതിയ സമൂഹത്തിലെ ഈ ചോദ്യങ്ങളെല്ലാം ഈ കൃതിയിൽ കുടെക്കൂടെ ഉന്നയിക്കപ്പെട്ടിരിക്കുന്നു. ആയിരം രൂപയുടെ ശമ്പളം, തന്ത്രത്തോടും യോഗത്തോടും ഔത്സുക്യം, 'വേസ്റ്റ്ലാൻഡ്' അഥവാ 'വാർ ആൻഡ് പീസ്' പോലെയുള്ള കൃതി രചിക്കൽ, യാഥാസ്ഥിതിക ബ്രാഹ്മണകിശോരന് മഹാനഗരത്തിലനുഭവപ്പെടുന്ന അമ്പരപ്പ്, മറ്റൊരാളാണെന്നു തെറ്റിദ്ധരിച്ച് ആരെയെങ്കിലും വധിക്കൽ-ഇന്നത്തെ ഭാരതത്തിലെ സ്ഥിതിയിതാണ്. ഇവയ്ക്കിടയിലൂടെ കടന്നുപോയ ഈ നോവൽ ഭംഗിയെക്കാളധികം വാസ്തവികതയോടടുപ്പമുള്ളതാണെന്ന് എനിക്ക് തോന്നുന്നു. 'ഞാനാരാണ്' എന്ന അടിസ്ഥാന പ്രശ്നത്തോടൊപ്പം 'ഞാനെന്തു ചെയ്യണം' എന്ന അത്യാവശ്യ പ്രശ്നവും ഇതുന്നയിക്കുന്നു." (സാരിക, നവം. 1980.)

ജോഷിജിക്ക് തോന്നിയില്ലെങ്കിൽ പോലും ഈ നോവൽ ഭംഗിയുള്ളതാണെന്ന കാര്യത്തിൽ സംശയമില്ല. വായനക്കാർക്കും ഇതു നിഷേധിക്കുക പ്രയാസമായിരിക്കും.

ഭംഗിയുടെ ഇന്ദ്രജാലം തകർത്ത് മേല്പറഞ്ഞ യാഥാർഥ്യത്തോളമെത്തുന്നതിനുവേണ്ടി വായനക്കാരൻ പല തവണ നിർത്തിയിട്ടു

നോവലിലെ ഈ ചോദ്യം ആവർത്തിക്കേണ്ടിവരും, 'ഏനോ മീനിങ് സൂം?' തുടക്കം മുതൽ തുറസ്സായ സമീപനമാണെങ്കിൽ ചോദ്യത്തിനുത്തരം നിങ്ങൾക്കറിയാം. എന്നാൽ നോവൽ വായിച്ചശേഷം അതേ ഉത്തരം നിങ്ങൾക്കു കിട്ടണമെന്നു നിർബന്ധമില്ല. ഓരോരുത്തർക്കും സ്വന്തം വഴി, സ്വന്തം തിരിച്ചറിവ്, സ്വന്തം ഉത്തരം. കടങ്കഥയുടെ ഉത്തരം മുൻകൂട്ടി അറിയാമെങ്കിൽ അതുകണ്ടുപിടിക്കുന്നതിന്റെ ആഹ്ലാദവും പുളകവും അനുഭവിക്കുന്നതെങ്ങനെ? അതിന് അതിന്റേതായ ഉത്തേജനവും ഉദ്വേഗവും രസവുമുണ്ട്.

വായിക്കുന്നതിനുമുമ്പ് എഴുത്തുകാരന്റെ വെളിപ്പെടുത്തൽ ഒരു ഭാഗത്തേക്കു മാറ്റിവയ്ക്കുന്നതായിരിക്കും ഭേദം. ആധുനികോത്തര ചിന്തയ്ക്കനുരൂപമായി അന്ത്യം ഒരു തുറന്ന സാധ്യതയാണെന്നു കരുതി അനേകാന്ത്യ ദൃഷ്ടിയോടെ യാത്രയാരംഭിക്കുക. മുൻകൂട്ടി അറിയപ്പെട്ടതോ നിശ്ചയിച്ചുറപ്പിച്ചതോ ആയ നിഗമനങ്ങളിൽ നിന്നു വ്യത്യസ്തമായി നോവലിന്റെ സ്വയംസിദ്ധമായ തീർപ്പുകളിലെത്തിച്ചേരാൻ കഴിഞ്ഞേക്കും. അങ്ങനെയാണെങ്കിൽ അനുഭവത്തിന്റെ അസാധാരണത്വത്തിനും സ്വകീയതയ്ക്കും തനതുമൂല്യമുണ്ടായിരിക്കുകയും ചെയ്യും.

നിർമലാ ജൈൻ

ചലിക്കുന്നതിന്റെ പേര് 'ചാലു'

ആദ്യമായി നിസ്സാരനായ ഒരു ദല്ലാളിനെ പരാമർശിക്കേണ്ടതാവശ്യമാകുന്നു. എന്തുകൊണ്ടെന്നാൽ ഏറ്റവും അഭികാമ്യമായ ആ വസ്തുവിന്റെ നേർക്ക് എന്റെ ശ്രദ്ധയാകർഷിച്ചത് അയാളായിരുന്നു.

ദല്ലാളിന്റെ പേര് ബാബു. ഇപ്പോൾ അയാൾക്ക് പ്രത്യേകിച്ച് അധികാരപരിധിയൊന്നുമില്ല, വിശേഷാൽ ചരക്കുമില്ല. പഴയ ശീലമനുസരിച്ച് വൈകുന്നേരമാകുമ്പോഴേക്ക് ചൗപാട്ടിയിലെത്തും. സൗന്ദര്യം തേടുന്ന കണ്ണുകൾ കണ്ടാൽ 'എന്തെങ്കിലും സഹായം വേണോ' എന്ന ഭാവത്തിൽ അടുത്തുകൂടും.

അങ്ങനെയുള്ള ഈ ബാബു ഒരു ദിവസം മറൈൻ ഡ്രൈവിൽ വച്ച് ജിജ്ഞാസാഭരിതമായ എന്റെ നോട്ടത്തിനു സ്വന്തമായൊരു വ്യാഖ്യാനം നല്കിയശേഷം ആദ്യം എന്നോടു തീപ്പെട്ടി ചോദിച്ചു. എന്നിട്ട് സിഗററ്റ് കത്തിച്ച് പുകയൂതിക്കൊണ്ടു സേവനമനോഭാവത്തോടെ അന്വേഷിച്ചു, "രസിക്കണമെന്നുണ്ടോ?"

ഏകാകിയായ ഞാൻ പത്രപ്രവർത്തകനെന്ന നിലയ്ക്ക് വേശ്യാവൃത്തിയെക്കുറിച്ച് അനൗപചാരികമായി ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. അതുകൊണ്ടു ചോദ്യം ശ്രദ്ധിച്ചു. എന്നിട്ട് പരിചയസമ്പന്നനാണെന്ന നാട്യത്തിൽ ചോദിച്ചു, "ഇവിടെയെല്ലാം പഴഞ്ചരക്കുകൾ. അവിടെ വർളിയിൽ ഒരു ആംഗ്ലോ – ഇൻഡ്യൻ സ്ത്രീ ഒരു പുതിയ ഫ്ളാറ്റെടുത്തിട്ടുണ്ടല്ലോ. അതിനെപ്പറ്റി വല്ല വിവരമുണ്ടോ?"

ബാബു തലചൊറിഞ്ഞു, "ഏത് ആംഗ്ലോ-ഇൻഡ്യൻ സ്ത്രീ? അവളുടെ പേരെന്താ?"

ബാബുവിനെ മലർത്തിയടിക്കുക എന്ന ഉദ്ദേശ്യത്തോടെ, ഒരു ദല്ലാളിൽ നിന്നുകിട്ടിയ വിവരം വച്ച് മറ്റേ ദല്ലാളിനെ അടിക്കുക എന്ന എന്റെ പരിപാടി ഞാൻ പ്രയോഗിച്ചു, "ഏയ്, സിനിമയിൽ വർക്ക് ചെയ്ത ഒരു മറാഠിപ്പെണ്ണ് കർമാക്കൽ റോഡിൽ ബിസിനസ് തുടങ്ങി. അവളെ തനിക്കറിയാമോ? പവൻ പുല്ലിലെ ബംഗാളിയുടെ സ്നേഹിതൻ ഡിസിൽവയാണവളുടെ ദല്ലാൾ."

"ഇല്ല, ഈ രണ്ടുപേരും ഇതുവരെ എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. അന്വേഷിക്കാം. ഇവിടുത്തെ ദല്ലാളന്മാരെല്ലാം ബാബുവിന്റെ ശിഷ്യന്മാരാ. ങാ."

'ദല്ലാളന്മാരുടെ ദല്ലാൾ' ആയ ബാബുവിന്റെ അഹംബോധത്തെ പന്താടുന്ന കളിയിൽ എനിക്കു രസം പിടിച്ചു തുടങ്ങി. ഗവേഷണത്തിന്റെ ചില സായാഹ്നങ്ങളിൽ ഞാൻ ചൗപാട്ടിയുടെ പേര് പറയും, ബാബുവിനു ചായയും 'കടി'യും സിഗററ്റും വാങ്ങിക്കൊടുക്കും. അയാളുടെ കൂടെപ്പോയി തൊഴിലിന്റെ വിവിധവശങ്ങൾ സൗജന്യമായി കണ്ടു മനസ്സിലാക്കും. എനിക്കാവശ്യമായ ചരക്കിനെ ബാബു കൊണ്ടുത്തരണമെന്നു ഞാൻ കൂടെക്കൂടെ പറയുമായിരുന്നു. എന്നാൽ ബാബു ഏതു ചരക്കിനെപ്പറ്റി പറഞ്ഞാലും പരിചയപ്പെടുത്തിയാലും, ഞാൻ ഒന്നുകിൽ എന്റെ പഴയ പരിചയക്കാരിയാണെന്നു പറയും, അല്ലെങ്കിൽ തരംതാണതാണെന്നു പറയും.

ബാബുവിനു ദുഃഖം. 'ദല്ലാളന്മാരുടെ ദല്ലാൾ' ആയിട്ടും ഈ സ്നേഹിതനായ കസ്റ്റമർക്കിഷ്ടപ്പെട്ട ഒരു ചരക്കിനെ ഏർപ്പാടു ചെയ്തുകൊടുക്കാൻ പറ്റുന്നില്ലല്ലോ. കാണുന്ന ഓരോ സന്ദർഭത്തിലും പുതിയ ഗവേഷണത്തിന്റെയടിസ്ഥാനത്തിൽ അയാൾ ഓരോ പ്രസ്താവന നടത്തും. ഉദാഹരണമായി ബാബു പറയും, "പ്രാർഥനാസമാജത്തിലെ ഒരു പുതിയ പെണ്ണ്. ഇതുവരെ ആരുടെയും കൂടെ ഇരുന്നിട്ടു പോലുമില്ല. അവൾക്ക് കുറച്ചു രൂപയുടെ ആവശ്യം. പകൽ സമയത്തേ വരൂ. അമ്പത് രൂപ കൊടുക്കണം. സമ്മതിച്ചോ?"

ഞാൻ പറയും, "ഇത്തരം പെമ്പിള്ളാരാ ഈ തൊഴിലിന്റെ അന്തസ്സ് കളയുന്നത്. പുതിയതെന്നു പറയുന്നതൊക്കെ കള്ളം. രാത്രിയിൽ അഞ്ചുരൂപയ്ക്ക് സമ്മതിക്കുന്നവളാ. എന്നിട്ടു പകൽ നമ്മളോട് അമ്പതുചോദിക്കുന്നു!"

ബാബു എതിർക്കും. പെണ്ണിന്റെ ഫോട്ടോ കാണിക്കും. അവളെ കൂട്ടിക്കൊടുക്കുന്ന തല നരച്ച ഗുജറാത്തിത്തള്ളയുടെയടുത്ത് കൊണ്ടുപോകും. പക്ഷേ, എല്ലാം വൃഥാ. ഞാനയാളുടെ തോളത്തടിച്ചുകൊണ്ടു പറയും, "ഞാനിവിടെ രസിക്കാനല്ല, കൂട്ടുകാരെ കാണാനാ വരുന്നത്. പോട്ടെ."

എന്റെ വിസമ്മതം മൂലം ബാബുവിനു ലജ്ജയും ദുഃഖവുമുണ്ടാകുമായിരുന്നു, മുന്തിയ എല്ല് തപ്പിയെടുത്ത് യജമാനനെ കാണിക്കാൻവേണ്ടി ഡ്രായിങ്ങ് റൂമിലെത്തിയ വളർത്തുനായയെ യജമാനത്തി ആട്ടിയോടിക്കുമ്പോഴുണ്ടാകുന്നത്ര ലജ്ജയും ദുഃഖവും. ഒടുവിൽ അയാൾ നേരിട്ടൊരഭിപ്രായവും പറയാതായി. ഈ സേട്ടിന് ഒരു ചരക്കും ആവശ്യമില്ലെന്ന് അയാൾ തീരുമാനിച്ചുകാണും. അല്ലെങ്കിൽ ഈ സേട്ട് 'ദല്ലാളന്മാരുടെ ദല്ലാൾ' ആയിരിക്കുമെന്നും, ഇയാളെ ഞാനെന്തു ചരക്കു കാണിക്കാനെന്നും അയാൾ ചിന്തിച്ചു കാണും.

ഈയിടെയായി ബാബു വല്ലപ്പോഴും അങ്ങിങ്ങുപോകുന്ന ഏതെങ്കിലും പെണ്ണിനെ ചൂണ്ടിക്കാണിച്ചിട്ടു ചോദിക്കും, "ഈ പോകുന്ന

വളെ അറിയാമോ?" ഞാനും ചിലപ്പോൾ ചിലരെക്കുറിച്ച് അയാളോടിങ്ങനെ ചോദിക്കുമായിരുന്നു. ക്രമേണ "പറയൂ, നിൽക്കുന്നോ നീങ്ങുന്നോ" എന്ന കടങ്കഥപോലെ രസകരമായ കളിയുടെ രൂപം പൂണ്ടു. റയിലിങ്ങിൽ ചാരിനിന്ന്, പുക ചുരുൾ ചുരുളായി ഊതിവിട്ടുകൊണ്ട് അല്ലെങ്കിൽ വെറ്റില മുറുക്കിക്കൊണ്ടു ഞാനും ബാബുവും അതുവഴിപോകുന്ന 'കക്ഷി'കളെ നോക്കും. എന്നിട്ട് ആരെയെങ്കിലും ലക്ഷ്യം വച്ചുകൊണ്ടു ചോദിക്കും "ഇതുനടപ്പുള്ളതാണോ, അല്ലേ?"

ഒരു ദിവസം ഇങ്ങനെ കളി പറഞ്ഞുകൊണ്ടു നിന്നപ്പോൾ മുമ്പിൽ ഒരു ടാക്സി വന്നു നിന്നു. ആഭിജാത്യം തുളുമ്പുന്ന, സൗന്ദര്യമുള്ള, പ്രൗഢയും പരിഷ്കൃതയുമായ ഒരു സ്ത്രീ ഇറങ്ങി. വായിലെ മുറുക്കാൻ തുപ്പൽ തുപ്പിക്കളയാതെ തന്നെ ബാബു പിറുപിറുത്തു, "സേട്ട്ജീ, ടാക്സിയിൽ നിന്നിറങ്ങിയത് വേറൊരു ടാക്സിയല്ലേ?"

ഞാൻ തീർത്തുപറഞ്ഞു, "അല്ല."

ബാബു മുറുക്കാൻ തുപ്പി, എന്നിട്ടു ചിരിച്ചുകൊണ്ടു പറഞ്ഞു, "താങ്കൾ തോറ്റു. ഇവൾ ടാക്സിതന്നെ. ബാബുവിനും ഈ പട്ടണത്തിലെ ഓരോരുത്തരെയും അറിയാം."

ഞാൻ പറഞ്ഞു, "അറിയാമെങ്കിൽ എന്നെ പരിചയപ്പെടുത്താശാനേ."

ബാബു ഒന്നയഞ്ഞു, "അതല്പം പ്രയാസമാ. ഇതല്പം കൂടിയ സാധനമാ. ഇതിനു ചില സ്ഥിരം കസ്റ്റമേഴ്സുണ്ട്. ദല്ലാളന്മാർ അടുത്തുചെല്ലാൻ സമ്മതിക്കുകയില്ല. മനസ്സിലായോ?"

ഞാൻ പറഞ്ഞു, "ആശാൻ ഒഴപ്പുകാ."

ബാബു ഖിന്നനായി പറഞ്ഞു, "ഞാനെന്നെങ്കിലും ഒഴപ്പിയിട്ടുണ്ടോ? ഇത് ടാക്സിയാണ്, ഗുജറാത്ത് സൈഡിലുള്ളത്."

ഞാൻ പരിഹാസസ്വരത്തിൽ ചോദിച്ചു, "ഈ ടാക്സിയുടെ നമ്പരേത്? ഇതിനു ആൾറൂട്ട് ലൈസൻസുണ്ടോ?"

എന്റെ തമാശകേട്ട് ബാബു കുറേക്കൂടി ദുഃഖിതനായി. "എന്റച്ഛനാണെ സത്യം. ഇവൾ ടാക്സിയാണ്. ഇവൾ ചൗപാട്ടിയിൽ വരുമ്പഴെല്ലാം ഒരു വയസ്സൻ പാഴ്സി സേട്ടിന്റെ കൂടെപ്പോകും, വലിയ വിമാനം പോലുള്ള വണ്ടിയിൽ."

ഞാൻ പുഞ്ചിരിച്ചുകൊണ്ടിരുന്നു. എന്റെ അവിശ്വാസം കണ്ട് ബാബുവിന് ദുഃഖം കൂടി. പിന്നീട് തന്റെ കീറിപ്പറിഞ്ഞകോട്ട് കുടഞ്ഞുകൊണ്ട് പ്രഖ്യാപിച്ചു, "ഞാനൊന്നു ശ്രമിച്ചു നോക്കട്ടെ, സേട്ട്. കൊളാബയിൽ ഫ്ളാറ്റുള്ള റോജീബായിയെ അറിഞ്ഞൂടെ? അവരാണ് എന്നോടിവളെപ്പറ്റി പറഞ്ഞത്. ഇവളുടെ റേറ്റ് ആയിരം രൂപയാണ്! സാധാരണസ്ഥലങ്ങളിലോ ആരുടെയെങ്കിലും വീട്ടിലോ പോവുകയില്ല, പോകും – ഫഷ്ട്ക്ലാസ്സ് ഹോട്ടലിൽ മാത്രം. ഒരുമിച്ച് ആഹാരം കഴിക്കും,

സംസാരിക്കും. മൂന്നുമണിക്കൂർ കഴിയുമ്പോൾ മടങ്ങിപ്പോകും - എന്താ!... ചെറുപ്പക്കാരോടു വലിയ താല്പര്യമില്ല. വയസ്സായ മാന്യന്മാരുടെ കൂടെപ്പോകും. പുറമേയുള്ള ജോലി, നല്ല വരുമാനം-എന്താ!"

"ഞാൻ വയസ്സനല്ലല്ലോ ആശാനേ. വേണമെങ്കിൽ നരച്ച മുടിയുള്ള വിഗ് വച്ചുകൊണ്ടു വരാം." ഞാൻ പറഞ്ഞു.

"ബാബു വെറും തറയാണെന്നു വിചാരിക്കരുത്." ഇത്തവണ ആശാൻ ദുഃഖിതനല്ല, കുപിതനായിരുന്നു. "കീശയിൽ ഇവൾക്കു കൊടുക്കാൻ ആയിരം, ഹോട്ടലിൽ ആഹാരത്തിനും മദ്യത്തിനും നാനൂറ്. ബാബുവിനോടു പരിഹാസം വേണ്ട... ഏത്..."

ആയിരം രൂപ! ഞാനാലോചിച്ചു പുഞ്ചിരിച്ചു. ആധുനിക ഭാരതീയ ചിന്തയിലെ മാന്ത്രിക അക്കം-ഒന്ന്. ഡ്രായിങ്ങ് ഫോർ ഫിഗർ സാലറി! അളിയന്റെ വാക്കുകൾ ഓർമ വന്നു. "മാസം ആയിരം രൂപ വരുമാനമായോ?" എനിക്ക് അന്ന് അത്രയും കിട്ടിയിരുന്നില്ല. ഉണ്ടായിരുന്നെങ്കിലും ഒരു മാസത്തെ ശമ്പളം ഒരുത്തിയുടെ യൗവനത്തിനുവേണ്ടി അർപ്പിക്കാൻ പറ്റുമായിരുന്നില്ല.

"എന്റെ കീശയെപ്പറ്റി ചിന്തിച്ച് ആശാൻ വിഷമിക്കേണ്ട." ഞാനയാളെ ആശ്വസിപ്പിച്ചു, "മാത്രവുമല്ല, നിങ്ങൾ ഇടയ്ക്കു നിൽക്കുമ്പോൾ എനിക്കല്പം ഡിസ്കൗണ്ട് കിട്ടുമല്ലോ."

ബാബു വീണ്ടും കോട്ട് കുടഞ്ഞു. ഷർട്ടിന്റെ മുഷിഞ്ഞ കോളർ വലിച്ചു. പൊട്ടിയ കോൽഹാപുരി പാദങ്ങളിൽ മുറുക്കിപ്പിടിച്ചു. എന്നിട്ട് കോഴിനടക്കുന്നപോലെ നടന്ന് ആ മുന്തിയ സാധനത്തിന്റെയടുത്തു ചെന്നു. അവളോട് 'നമസ്തേ' പറഞ്ഞു.

മുന്തിയവൾ അയാളുടെ തലയോടിലവശേഷിച്ച പൂടകൾ മുതൽ പൊട്ടിയ കോൽഹാപുരി വരെ നോട്ടമയച്ചു. ബാബു ഭൂമി പിളരുമെന്ന പ്രതീക്ഷയോടെ നിന്നു. അയാളുടെ ഭാഗ്യമെന്ന് പറയട്ടെ, ഒരു ഇമ്പാല ഓടിവന്ന് കൈവരികൾക്കരികിൽ നിന്നു. അതിന്റെ പിന്നിലെ ഡോർ തുറന്നു. മുന്തിയവളുടെ മൂക്കിലെയും കാതിലെയും രത്നങ്ങൾ കാറിനുള്ളിലെ വെളിച്ചത്തിൽ തിളങ്ങി. ഡോറടയുന്നതിനു മുമ്പ് ഉള്ളിലിരുന്ന വൃദ്ധനായ പാഴ്സിയുടെ എല്ലുന്തിയ മുഖം കാണാൻ കഴിഞ്ഞു. കാർ നീങ്ങി.

ബാബുമടങ്ങിവന്നു, "അവളുടെ സ്ഥിരം കസ്റ്റമർ പാഴ്സി സേട്ട് വന്നു. അല്ലായിരുന്നെങ്കിൽ നിങ്ങളുടെ കാര്യമുറപ്പിക്കാമായിരുന്നു."

"ഓ, പിന്നെങ്ങാനും നോക്കാം." ഞാനയാളെ സമാധാനിപ്പിച്ചു. "എനിക്കും നിങ്ങൾക്കും അവൾക്കും ഇനി ദീർഘകാലം ജീവിക്കാൻ കഴിയും. പാഴ്സി സേട്ട് അധികകാലം ജീവിക്കുകയില്ല. ശരിയല്ലേ?"

ബാബുവും ഞാനും ചിരിച്ചു. ഞങ്ങൾ നരച്ച മുടിയുള്ള ആ ഗുജറാത്തി സ്ത്രീയുടെയടുത്തുപോയി. 'വീട്ടുസാധനങ്ങൾ' എടുത്ത്,

തന്റെ പരിചയക്കാരായ കസ്റ്റമേഴ്സിന് അങ്ങേയറ്റം ഭംഗിയുള്ള കുടുംബാന്തരീക്ഷത്തിൽ ഒരുക്കിക്കൊടുക്കുകയാണവരുടെ ജോലി. ചൗപാട്ടിയിൽ പുതുതായിവന്ന മറ്റൊരു 'കുടുംബ'ത്തെക്കുറിച്ചും ഞങ്ങൾ ചർച്ച ചെയ്തു. ആ 'കുടുംബ'ത്തിൽ ഒരു സാധാരണ 'തന്ത'യും കൗമാരപ്രായക്കാരായ രണ്ടു പെൺമക്കളുമുണ്ടായിരുന്നു. നരച്ച മുടിക്കാരിയുടെ ഒരു കസ്റ്റമർ തനിക്കു പറ്റിയ അമളി വിശദീകരിച്ചു, "ഈ പെൺകുട്ടികളെ മുന്തിയ ഹോട്ടലിലെ ഫാമിലിക്യാബിനിൽ മാത്രമേ കൊണ്ടുപോകാൻ ദല്ലാൾ അനുവദിക്കുകയുള്ളൂ. അവിടെ ചെന്നാൽ ഇവളുമാർ ഐസ്ക്രീം മുതലായവ യഥേഷ്ടം കഴിക്കും. ഒന്നുരണ്ടുതവണ കിസ് ചെയ്യാൻ സമ്മതിക്കും. എന്നാൽ അല്പം കൂടി മുന്നോട്ടു നീങ്ങിയാൽ ഒരുത്തി തടയും, 'അങ്കിൾ, പ്ലീസ്.' മറ്റവൾ പറയും, 'അങ്കിൾ, ഞാൻ ഒച്ചവയ്ക്കും. എന്റെ ഡാഡിയെ വിളിക്കും.' ഡാഡി എന്ന അലവലാതി പുറത്ത് ചായ കുടിച്ചുകൊണ്ടിരിക്കുകയായിരിക്കും. ചുരുക്കത്തിൽ ഒഴിഞ്ഞ ചിമ്മിനി കാണാനും തൊടാനും അമ്പത് രൂപ കൊടുക്കണം. പിന്നീടൊരിക്കലും ഞാൻ പോയിട്ടില്ല."

നരച്ചമുടിക്കാരി പറഞ്ഞു, "പിന്നെപ്പിന്നെ 'തന്ത' ഭീഷണിപ്പെടുത്താൻ തുടങ്ങി."

ഇങ്ങനെ തൊഴിൽ കുഴപ്പങ്ങൾ മനസ്സിലാക്കാൻ അര മണിക്കൂർ കൂടി ചെലവാക്കിയശേഷം ഞാൻ ഗസ്റ്റ് ഹൗസിൽ തിരിച്ചെത്തി. ആയിടയ്ക്ക് ഞാൻ രണ്ടു വൃദ്ധന്മാരോടൊപ്പം ഒരു വലിയ മുറി പങ്കുവച്ച് താമസിക്കുകയായിരുന്നു. അടുത്ത ദിവസം രാവിലെ എന്റെ ഓഫീസിൽ (ഫിലിം വിഭാഗം, ഭാരതസർക്കാർ) ചൈനീസാക്രമണത്തിനു ശേഷം നിർമിച്ച ആവേശോജ്ജ്വലമായ ഡോക്യുമെന്ററിയിൽ ഒന്നിന്റെ ഹിന്ദി പതിപ്പ് റിക്കോർഡ് ചെയ്യാനുണ്ടായിരുന്നു. നേരിട്ടുള്ള റിക്കോർഡിങ്ങിൽ ഇംഗ്ലീഷ് ഭാഷ്യത്തിന്റെ കണക്കിന് എഡിറ്റ് ചെയ്തിട്ടുള്ള പ്രിന്റുമായി അല്പംപോലും വ്യത്യാസമുണ്ടാകാൻ പാടില്ല.

ഒരു മിന്നലാട്ടം പോലെ കണ്ട ആ 'മുന്തിയ സാധന'ത്തെക്കുറിച്ച് ഒട്ടും ചിന്തിക്കാൻ എനിക്കാഗ്രഹമില്ലായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം അവൾ ഔട്ട് ഓഫ് കോഴ്സായിരുന്നു. 1949-ൽ ലഖ്നൗ യൂണിവേഴ്സിറ്റിയിലെ ഹബീബുള്ള ഹോസ്റ്റലിൽ വച്ച് മിസ്റ്റർ ബന്നേയാണ് ഈ 'ഔട്ട് ഓഫ് കോഴ്സ് തിയറി' പ്രതിപാദിച്ചത്. അതിൻ പ്രകാരം, ജീവിത പരീക്ഷയുടെ കോഴ്സും,കോഴ്സിലെ പ്രധാനഭാഗങ്ങളും മാത്രം അരച്ചു കുടിക്കുന്ന വിദ്യാർഥിക്കേ ഫസ്റ്റ്ക്ലാസിൽ പാസ്സാകാൻ പറ്റൂ. മിസ്റ്റർ ബന്നേ പ്രേമകാര്യങ്ങളിലും ഈ തിയറി പ്രാവർത്തികമാക്കി. വിധാതാവ് ഏതവളെയാണ് തന്റെ സിലബസിലുൾപ്പെടുത്തിയിരിക്കുന്നതെന്ന് ആദ്യം കണ്ടെത്തുന്ന പൗരുഷശാലിയുടെ ശയ്യ ഊഷ്മളമായിത്തീരും. 'ഔട്ട് ഓഫ് കോഴ്സ്' ആയ പെണ്ണിനെ പഠിക്കുന്നതിനു തുനിഞ്ഞാൽ സമയ

നഷ്ടം, നിദ്രാഭംഗം, ആരോഗ്യഹാനി, ധനനഷ്ടം ഇവ ഫലം. ഇത്രയൊക്ക ഓടി നടന്നിട്ട് കയ്യിൽ കിട്ടിയാലും അതെല്ലാം തുടരും. മനസ്സിലായോ?

അപ്പോൾ മാന്യരേ, ഞാൻ ഈ 'മുന്തിയ സാധന'ത്തെക്കുറിച്ച് ഒട്ടും ചിന്തിക്കാനാഗ്രഹിച്ചില്ല; വിശേഷിച്ചും എനിക്ക് രാഷ്ട്രത്തോട് അനേകം അത്യാവശ്യകാര്യങ്ങൾ സർക്കാർ മെഗാഫോണിലൂടെ സംസാരിക്കാനുള്ള വിശേഷ സന്ദർഭത്തിൽ. 'ആയുധങ്ങൾക്കായി ആഭരണം തരിക' അഥവാ 'ഗോൾഡ് ഫോർ ഗൺസ്', 'നമ്മളൊന്നാണെന്ന് ആഹ്വാനം ചെയ്യുക' അഥവാ 'ദി കാൾ ഫോർ യൂണിറ്റി.' എന്നാൽ ഞാൻ നിങ്ങളോടെങ്ങനെ പറയും? ങാ, നിങ്ങളെന്റെ ഫ്രണ്ട്സാണ്, പറയുന്നതിൽ ലജ്ജിക്കുന്നതെന്തിന്?

ഞാനെന്നുപറഞ്ഞാൽ, മാന്യരേ, ഞാൻ മാത്രമല്ല. അൽമോഡാ ഗ്രാമത്തിൽ യശശ്ശരീരനായ പ്രേമവല്ലഭ ജോഷിയുടെ മകനായി ജനിച്ച്, ഇപ്പോൾ ദില്ലിയിൽ താവളമടിച്ചിരിക്കുന്ന മനോഹർ ശ്യാം ജോഷി എന്ന ഈ ശരീരത്തിനുള്ളിൽ രണ്ടുപഴയ പീരങ്കികൾ കൂടി കടന്നുകയറിയിട്ടുണ്ട്. ഒന്ന് ശ്രീമാൻ ജോഷി-എഴുത്തുകാരൻ, ഇഡിയറ്റ്- ഇലിയറ്റ് ടൈപ്പ്. ഞാനാണെങ്കിൽ ഉപജീവനാർഥം വല്ലപ്പോഴും തർജമ ചെയ്യാറുണ്ട്. ശ്രീമാൻ ജോഷി ഒരു ഇൻഡ്യൻ—(ഇന്നയാൾ), അല്ലെങ്കിൽ വേറൊരു ഇൻഡ്യൻ—(ഇന്നയാൾ) ആകാനുള്ള വ്യഗ്രതയിൽ നിരന്തരം തർജമ ചെയ്തുകൊണ്ടിരിക്കുന്നു. അദ്ദേഹം വളരെ താത്പര്യത്തോടെ പാശ്ചാത്യസാഹിത്യം ഇംഗ്ലീഷിൽ അരച്ചുകലക്കുന്നു. എന്നിട്ട് തന്റെ ആരാധ്യനായ —ന്റെ ശൈലിയിൽ എന്തെങ്കിലുമൊക്കെ ഹിന്ദിയിലെഴുതുന്നു. ആരെങ്കിലും ഇദ്ദേഹത്തിന്റെ സാഹിത്യം വീണ്ടും ഇംഗ്ലീഷിൽ തർജമ ചെയ്ത് ഒറിജിനൽ—നെക്കാൾ പ്രശസ്തനാക്കിയെന്നും വരാം. വായിച്ചു വായിച്ച് ഇദ്ദേഹത്തിനു സാഹിത്യം പോകട്ടെ, ജീവിതം തന്നെ മൗലികമല്ലാതായിത്തീർന്നതാണ് ഏറ്റവും വലിയ ബുദ്ധിമുട്ട്. 'ആ പുസ്തകം നോക്ക്, ഈ നാടകം ശ്രദ്ധിക്ക്, മറ്റേ ഫിലിം കാണ്' എന്നൊക്കെ ഗുരു എപ്പോഴും പറഞ്ഞുകൊണ്ടിരിക്കും. പുസ്തകം ഇദ്ദേഹത്തിന്റെ ജീവിതമായും, ജീവിതം പുസ്തകമായും മാറിയിരിക്കുന്നു. ഉദാഹരണത്തിന് ഒരു സാധാരണ സംഗതി നോക്കാം. ഒരു പെണ്ണ് നിങ്ങളുടെ മുമ്പിൽ വന്നു. നിങ്ങൾക്കവളെ വളയ്ക്കണം. നിങ്ങൾക്കെന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയണം, അല്ലെങ്കിൽ ഒഴിച്ചുവിടണം. വേണമെങ്കിൽ മഹമൂദാബാദ് ഹോസ്റ്റലിലെ രാജാഭയ്യായുടെ ശൈലിയിൽ നേരേ ചോദിക്കുക 'സിസ്റ്റർ, കാര്യം നടക്കുമോ ഇല്ലയോ?' (ഈ സംബോധനയിൽ ഔചിത്യമുണ്ട്. അവൾ സമ്മതിക്കുന്നില്ലെങ്കിൽ ഞാൻ രാഖികെട്ടാനും തയ്യാറാണെന്നു സൂചന.) അല്ലെങ്കിൽ മേസ്റ്റൺ ഹോസ്റ്റലിലെ വസന്ത് തിവാരിയെ പ്പോലെ 'ഡയലാഗ്' തട്ടിവിടണം, 'ഭവതി എന്നെ എന്തിനിങ്ങനെ വിഷമിപ്പിക്കുന്നു?'

ഇതൊന്നും ഇഷ്ടപ്പെടുന്നില്ലെങ്കില്‍ ആധുനിക സാഹിത്യം സംസാരിക്കണം 'നിന്നെക്കൂടാതെ ഞാന്‍ അപൂര്‍ണനാണ്.' എന്നാല്‍ നമ്മുടെ ജോഷി അങ്ങനെയല്ല. ഇത് 'ഇന്ന' നോവലിലെ അഥവാ 'ഇന്ന' സിനിമയിലെ 'ഇന്ന' സിറ്റ്വേഷനാണെന്ന് ആദ്യം പറയും. ഇങ്ങനെയെല്ലാം ആ സിറ്റ്വേഷന്‍സില്‍ പറഞ്ഞിട്ടുള്ളതാണ്. ജോഷിക്ക് പുതുമയുള്ളതെന്തെങ്കിലും പറയണം, 'യുണീക്.'

അക്കാലത്ത് ജോഷിക്ക് വളരെ ചെറിയ ഒരാഗ്രഹമുണ്ടായിരുന്നു – ഹിന്ദിസാഹിത്യത്തിന് ഗദ്യത്തില്‍ ഒന്നു രണ്ട് 'വാര്‍ ആന്‍ഡ് പീസും' പദ്യത്തില്‍ ഒന്നു രണ്ട് 'വെയ്സ്റ്റ്‌ലാന്‍ഡും' സംഭാവന ചെയ്യുക. തന്റെ കൂട്ടുകാരായ സാഹിത്യകാരന്മാര്‍–അവര്‍ പ്രയാഗിലുള്ളവരാകട്ടെ, പ്രാഗിലുള്ളവരാകട്ടെ –തന്റെ പ്രതീക്ഷയുടെ ആകാശത്തെ ലോറന്‍സ് ഡുറലിന്റെ ഗദ്യത്തിനോ റില്‍ക്കേയുടെ പദ്യത്തിനോ അപ്പുറത്തേക്കു കൊണ്ടുപോകാന്‍ കഴിവില്ലാത്തവരാണെന്നതില്‍ അദ്ദേഹത്തിനു ഖേദമുണ്ട്. ബോംബെയില്‍ ഡോക്യുമെന്ററി ഉണ്ടാക്കാന്‍ വേണ്ടി സര്‍ക്കാര്‍ വകുപ്പില്‍ നിയമിതനായശേഷം ഞാന്‍ സിനിമാലോകത്തേക്കു പ്രവേശിക്കാന്‍ തക്കം പാര്‍ത്തുനടക്കുമ്പോള്‍ ജോഷി മറ്റൊരാഗ്രഹം പ്രകടിപ്പിച്ചു. 'സ്വീറ്റ് ഡിക്കേഡെന്‍സ്' അഥവാ 'മധുരമായ ചീഞ്ഞഴുകല്‍' എന്ന പേരില്‍ ഒരു പടം പിടിക്കണം. ധനികവര്‍ഗത്തില്‍പെട്ട കുറേ സ്ത്രീപുരുഷന്‍മാര്‍ 'ഒറ്റയും ഇരട്ടയും' കളിക്കുന്ന തരത്തിലുള്ള തരംതാണ ഏര്‍പ്പാടുകള്‍ ഉള്‍പ്പെടുത്തി ഒരു പടം.

ചുരുക്കിപ്പറയാം. ആജ്മീറിലെ ചാണകം മെഴുകിയ തറയുള്ള സ്ക്കൂളിലും ലഖ്നൗ യൂണിവേഴ്സിറ്റിയിലും എന്റെ കൂടെ പഠിച്ച, ഭാഗ്യവശാല്‍ സോര്‍ബോണ്‍ യൂണിവേഴ്സിറ്റിയില്‍ നിന്ന് ബിരുദാനന്തരബിരുദമെടുത്ത ജോഷി ഈയൊരു നിസ്സാരയായ പെണ്ണിനെ ഒറ്റ നോട്ടത്തില്‍ കണ്ടയുടന്‍ രണ്ടു സാധ്യതകളുണ്ടെന്നു മനസ്സിലാക്കി. ഒന്ന്, ഈ മുന്തിയ വേശ്യ ഒരു സാധാരണ കഥാപാത്രമാണ്–ഒരു സാധാരണ 'വാര്‍ ആന്‍ഡ് പീസ്' എഴുതാന്‍ കഴിയുന്ന മുന്തിയ നോവലിസ്റ്റിനെ അന്വേഷിച്ചിറങ്ങിയ കഥാപാത്രം. രണ്ട് മേല്‍പ്പറഞ്ഞ വേശ്യയ്ക്ക് 'മധുരമായ ചീഞ്ഞഴുകല്‍' എന്ന ഫിലിമിന്റെ മാധുര്യമാകാനും കഴിയും.

അതാണ് ജോഷി, എന്റെ ത്രീബെഡ് ഡോര്‍മിറ്ററിയിലെ ആദ്യത്തെ കൂട്ടുകാരന്‍. രണ്ടാമന്‍ മനോഹര്‍. ജോഷിയുടെ ഭാഷയില്‍ ഈ മനോഹര്‍ 'ഇന്‍ഫന്റൈല്‍' ആണ്. മനസ്സിലായോ? നാലേമുക്കാല്‍ വയസ്സുവരെ അമ്മയുടെ പാല്‍ കുടിച്ചവന്‍! അപ്രതീക്ഷിതമായി ഒരു കുഞ്ഞുപെങ്ങള്‍ വന്നതോടെ അമ്മയുടെ മുലപ്പാലുപേക്ഷിക്കേണ്ടി വന്നു. അതിനെ തുടര്‍ന്ന് അമ്മയുടെ വയറ്റിലെ ഒരു മറുകില്‍ വിരലോടിച്ച് സുഖസ്വപ്നങ്ങള്‍ കാണുമായിരുന്നു. ആളിനെ മനസ്സിലാ

ക്കാൻ ഈ വസ്തുത ധാരാളം മതിയാകും. പുരോഹിതവംശത്തിൽ ജനിച്ചതുകാരണം ഇദ്ദേഹത്തിനു നൈമിഷാരണ്യത്തിൽ വിദ്യയാർജി ക്കാൻ ഭാഗ്യം ലഭിച്ചു. ബാല്യത്തിൽ അനാഥനായ ഇദ്ദേഹത്തെ മുനി മാർ ലാളിച്ചു വളർത്തി. ഗോത്രത്തിലെ ആദിപുരുഷനായ അംഗിരസ്സിന് ഇദ്ദേഹത്തോട് വിശേഷാൽ അനുകമ്പ തോന്നിയിരുന്നു.

ദീർഘായുഷ്മാനായ മനോഹറിന് ഈ വേശ്യ അതിമനോഹരി യായി കാണപ്പെട്ടു. ലോകത്തിലെ ഏറ്റവും സുന്ദരിയായ സ്ത്രീ. അവൾ അത്യന്തം സുന്ദരിയാണെന്ന കാര്യത്തിൽ സംശയമില്ല. നിങ്ങളും അവളെ കണ്ടാൽ ഒന്നാന്തരം പടക്കമാണെന്നുപറയും. എന്നാൽ മാസം ആയിരം തികച്ചുകിട്ടാത്തവന് ആയിരത്തിനുമേൽ ചെലവുവരുന്ന ഈ സ്ത്രീ 'ഔട്ട് ഓഫ് കോഴ്സ്' തന്നെ.

അറിവുള്ളവർ പറഞ്ഞതുശരിയാണ് – പയ്യന്മാരുടെ ചങ്ങാത്തം, കഴുതപ്പുറത്തെ സവാരി. ഈ രണ്ടു പയ്യന്മാരുടെ റൊമാൻസ് എന്നെ ഭ്രാന്തൻ കഴുതയുടെ പുറത്തെ സവാരിക്കാരനാക്കി.

ഇത് ആ ഭ്രാന്തിന്റെ കഥയാണ്. ഇന്ത്യയുടെ പടിഞ്ഞാറേയറ്റത്തു സ്ഥിതിചെയ്യുന്ന ചലച്ചിത്രസ്വപ്നങ്ങളുടെ മഹാനഗരമായ ബോംബെ യിലാണ് സംഭവം. 62–63 കാലം. ജോഷിയുടെ സംഘത്തിൽ പറയുന്ന അറുപതുകൾക്കുശേഷമുള്ള കാലഘട്ടം. ജോഷിയും കൂട്ടുകാരും പതി വുപോലെ കോഫിഹൗസിലിരുന്നു കാപ്പികുടിച്ച് നേരമ്പോക്കു പറഞ്ഞു ചിരിച്ചുകൊണ്ടിരുന്നകാലം. ക്രമേണ അവരുടെ നേരമ്പോക്കുകൾ നില വാരമില്ലാത്തതും അനൗചിത്യമുള്ളതും അവിശ്വസനീയവുമായിക്കൊ ണ്ടിരുന്ന കാലം. ജോഷിയുടെ തന്നെ ഒരു വാക്യം ഇവിടെ ഉദ്ധരിക്കു ന്നതു നന്നായിരിക്കും. സുഹൃത്തായ മോഹൻ രാകേഷിന്റെ കൂടെ ഒരുച്ചയ്ക്ക് ബിയർ കുടിക്കുമ്പോൾ 'ആശിക്കുകയോ, ആശങ്കപ്പെടു കയോ ചെയ്യേണ്ടതായ ഒരു സംഗതിയുമില്ല' എന്ന് ജോഷി ഇംഗ്ലീ ഷിൽ പറഞ്ഞു.

മാന്യരേ, ഇത്തരം രക്തസാക്ഷിഛായയുള്ള ബുദ്ധിജീവിശൈലി യോട് എനിക്ക് കഠിനമായ വെറുപ്പാണ്. ആ ഓട്ടത്തിൽ ഞാനും മറ്റു സന്മനസുള്ളവരെപ്പോലെ പല നല്ല പ്രതീക്ഷകളും കാത്തുസൂക്ഷി ച്ചിരുന്നു. ഉദാഹരണമായി എനിക്ക് ഒന്നുരണ്ട് എഡിറ്റിങ്ങ് കിട്ടണം, ഏതെങ്കിലും വലിയ പ്രൊഡ്യൂസർ എന്നെക്കൊണ്ടു തിരക്കഥ എഴു തിക്കണം. വിമാനതുല്യമായ ഇമ്പാലയിൽ കയറി സഞ്ചരിക്കാനുള്ള യോഗ്യത ലഭിക്കത്തക്കവിധം വല്ല അത്ഭുതവും നടക്കണം...! ഞാൻ ജോഷിയോടു പറയുകയും ചെയ്തു, "സാറേ, ഇമ്പാലയിൽ യാത്ര ചെയ്യുന്നവർക്കേ നല്ല സ്ത്രീകളുമായി സവാരി ചെയ്യാൻ പറ്റൂ."

എന്നാൽ അദ്ദേഹം സമ്മതിച്ചില്ല. അദ്ദേഹം ബാബുവിനോടന്വേ ഷിച്ചു. ബാബുവിന് കൂടുതലെന്തെങ്കിലും അറിയാമായിരുന്നെങ്കിൽ പറ

യുമായിരുന്നു. അയാൾ പലപ്പോഴും പറയുമായിരുന്നു 'അവളിപ്പോൾ ആ വണ്ടിയിൽ പോയി.' രണ്ടാഴ്ചയ്ക്കുശേഷം ഒരു ദിവസം ജോഷി ചൗപാട്ടിയിൽ ചെന്നപ്പോൾ ബാബു ഓടിക്കിതച്ചുവന്നു പറഞ്ഞു, "മുന്തിയവളെ ഞാനിപ്പോൾ കണ്ടു."

ജോഷി ഉദ്വേഗത്തോടെ ചോദിച്ചു, "എവിടെ?" വെറുതേ പറയുകയില്ലെന്നായി ബാബു. ജോഷി അയാൾക്കു രണ്ടുരൂപ കൊടുത്തിട്ടു വിവരമറിഞ്ഞു-മുന്തിയവൾ ഹാങിങ് ഗാർഡനിൽ നിൽക്കുന്നു!

ജോഷി ടാക്സിയിൽ പറത്തിവിട്ടു.

ഏനോ മീനിങ് സും?

ഹാങിങ് ഗാർഡനിലെ ഒരു നടപ്പാതയോടുചേർന്ന് റയിലിങ്ങിൽ കുനിഞ്ഞുനിൽക്കുകയായിരുന്നു അവൾ. അഭിസാരഭംഗി, മനസ്സിലായോ? തിരിച്ചുവച്ചിരിക്കുന്ന പെരുമ്പറപോലുള്ള നിതംബം മുതൽ ആടിമാസക്കാറുപോലെയുള്ള അവളുടെ അഴിച്ചിട്ടമുടിവരെ ഞാൻ കണ്ണോടിച്ചു. പിന്നിൽ നിന്നുതന്നെ തിരിച്ചറിഞ്ഞു. അവളുടെ മുമ്പും പിമ്പുമെല്ലാം പ്രത്യേകതയുള്ളതായിരുന്നു-യുണീക്! ഞാൻ അടുത്തുചെന്ന് അവളുടെ വളവിനടുത്തു നിന്നു. ഉറച്ചുനിന്ന് അവളെ തുറിച്ചു നോക്കി. പക്ഷേ, ഒരു റിയാക്ഷൻ ഷോട്ടുമില്ല, ഒരു പ്രതികരണവുമില്ല. മനോഹർ പറഞ്ഞു, "ഇവൾ ശൂന്യത്തിന്റെ സാക്ഷിയാണ്." അതിന്റെയർഥം അയാൾക്കേ അറിയൂ. ഒരപരിചിതയുടെ ഏകാന്തവ്യഥയ്ക്കുനേരെ ഇങ്ങനെ തുറിച്ചുനോക്കുന്നത് തികഞ്ഞകൊള്ളരുതായ്മയാണെന്നു ജോഷി പറഞ്ഞു. അൺസൊഫിസ്റ്റിക്കേറ്റഡ്!

ഞാൻ നടൻ രാജ്കുമാറിനെപ്പോലെ പോസും സ്ട്രെസും കൊടുത്ത് കാറ്റിനോടെന്നവണ്ണം ഒരു കാര്യം പറഞ്ഞു, "ആരെ കാത്തുനിൽക്കുന്നോ, അയാൾ ഇന്നു വരികയില്ല." ഈ ഡയലോഗ് അവളുടെ ശ്രദ്ധയാകർഷിക്കുമെന്ന് എനിക്കു വിശ്വാസമുണ്ടായിരുന്നു. എന്നാൽ അത് അവളുടെ കർണപുടങ്ങളിൽ എന്തെങ്കിലും ചലനം സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ പോലും മുഖത്ത് യാതൊരു ഭാവവ്യത്യാസവും വരുത്തിയില്ല.

ഞാൻ റയിലിങ്ങിൽ നിന്നുമാറി. ഒറ്റയടിപ്പാതയിലൂടെ നടന്ന്, മുകളിൽ അവളെ കാണാൻ കഴിയുന്നസ്ഥലത്ത് പുല്ലിൽ ഇരുന്നു. പതിനഞ്ച് മിനിറ്റോളം അവൾ അവിടെത്തന്നെ നിന്നു. പിന്നെ നിരാശനിറഞ്ഞ ചുവടുകൾ വച്ച് എന്റെയടുത്തുകൂടെ നടന്നുപോയി.

ഞാൻ പിന്തുടരണമെന്നു വിചാരിച്ച് എഴുന്നേൽക്കാൻ തുടങ്ങിയപ്പോഴേക്കും അവൾ തിരിഞ്ഞുനോക്കി. എന്നെക്കണ്ട് എന്തോ ആലോചിച്ചു. പിന്നെ ഏതോ തീരുമാനമെടുത്ത പോലെ എന്റെയടുത്തുവന്ന് വിശ്വാസ്യതയോടെ ഇരുന്നു - വർഷങ്ങളായി പരിചയമുള്ളപോലെ.

"ഏനോ മീനിങ് സും?" അവൾ ചോദിച്ചു.

"ങേ? നിങ്ങളാരോടാണ് സംസാരിക്കുന്നത്?" രാജ്കുമാർ

ചോദിച്ചു.

"ഈ സമയത്ത് താങ്കൾ മാത്രമേ എന്റെ മുമ്പിലുള്ളൂ." അവൾ പറഞ്ഞു, "അതോ, എന്റെ കണ്ണുകൾ കബളിപ്പിക്കപ്പെട്ടോ?"

"നിങ്ങളുടെ കാമുകന്മാരുടെ കണ്ണുകൾ കബളിപ്പിക്കപ്പെടട്ടെ." രാജ്കുമാർ പറഞ്ഞു, "നിങ്ങൾക്കെന്താണെന്നിൽ നിന്നറിയേണ്ടത്?"

"ഇങ്ങോട്ടു വരികയില്ലെന്നു പറയാൻ അയാൾ താങ്കളെ അയച്ചതാണോ?"

"കാമുകിയുടെ മറ്റേ കാമുകന്റെ കത്ത് കൈമാറുന്ന പണി ഞാൻ ചെയ്യുമോ?" രാജ്കുമാർ പുഞ്ചിരിച്ചു, "ഇല്ലേയില്ല. അയാളൊന്നും പറഞ്ഞില്ല. അവന്റെ പ്രേമത്തിനു ജീവനില്ലെന്നു ഞാൻ തന്നെ മനസ്സിലാക്കി."

"എങ്ങനെ മനസ്സിലാക്കി?" അവൾ മന്ദസ്മിതം തൂകി.

"ഈ ചോദ്യമാണോ നിങ്ങളെ ബുദ്ധിമുട്ടിക്കുന്നത്?" ഞാൻ പറഞ്ഞു, "ഞാൻ സ്വയം പരിചയപ്പെടുത്തട്ടെ. ഞാനാണ് മനോഹർ ശ്യാം ജോഷി. ജ്യോതിഷവിദ്യ ഞങ്ങളുടെ കുടുംബസ്വത്താണ്. ഞങ്ങൾ ജോഷിമാർക്ക് ദൈവവെളിപാടുണ്ടാകാറുണ്ട്... ഓ, നിങ്ങളെ പരിചയപ്പെടുത്തിയില്ല."

"എന്നെ പരിചയപ്പെടുത്തുന്നതു പിന്നീട്. വരാത്തവനെപ്പറ്റി എന്തെങ്കിലും പറയൂ."

ഒരു വലിയ തുറുപ്പുചീട്ടാണ് കൈവശമുള്ളതെന്ന് എനിക്കുറപ്പുണ്ടായിരുന്നു. അതുകൊണ്ടു മികച്ചകളിക്കാരെപ്പോലെ ഉദാസീനഭാവത്തിൽ പറഞ്ഞു, "അയാളെപ്പറ്റി എന്തുപറയാൻ! എന്റെ വാക്കുകൾ പരുക്കനായിപ്പോകുന്നു. ചാണപോലെ കഷണ്ടിത്തല, ചപ്പിയമാങ്ങപോലെ കവിളുകൾ, ഉണക്കപ്പുല്ലിന് അസൂയതോന്നിക്കുന്ന ദേഹപ്രകൃതം, പലപ്പോഴും കുനിയുന്ന ശീലമുള്ള അരക്കെട്ട് – പാഴ്സിസേട്ട് ആണെന്നു പറയുന്നു. വല്ലപ്പോഴും സന്ധ്യമയങ്ങുമ്പോൾ തന്റെ ഇമ്പാലാ കാറിൽ നിങ്ങളെ കൊണ്ടുനടക്കുന്നു."

"ഇത്രേയുള്ളൂ?" അവൾ ചോദിച്ചു.

"ഇതിൽ കൂടുതലെന്തെങ്കിലും പറയുന്നത് ഒരു സുന്ദരിയുടെ അന്തസ്സിനു നിരക്കുന്നതല്ലാതാകും." ഞാൻ പറഞ്ഞു. "മാത്രവുമല്ല, തൊഴിൽപരമായ കാര്യങ്ങൾ കൂടുതലൊന്നും എനിക്കറിയാൻ വയ്യ."

അവൾ കണ്ണു തുറന്നു. പിന്നെ അല്പം ആലോചിച്ച്, നാണിച്ചു ചിരിച്ചുകൊണ്ട് നടന്നുപോകുന്ന ഒരു ബാലികയുടെ നിഷ്കളങ്കഭാവം പ്രദർശിപ്പിച്ചു. വീണ്ടും അല്പമാലോചിച്ചു, എന്നെ നിരീക്ഷിച്ചു, എന്നിട്ടു പറഞ്ഞു, "ജ്യോതിഷീ, താങ്കൾ ചാരവൃത്തിയിലേർപ്പെട്ടിരിക്കുന്നു! എന്റെ കാമുകന്മാരുടെ കണ്ണുകൾ കബളിപ്പിക്കപ്പെടട്ടെ. അപ്പോൾ താങ്കളാണ് ചൗപാട്ടിയിൽ ആ വൃത്തികെട്ട ദല്ലാളിന്റെ സഹാ

യത്തോടെ എനിക്കെതിരെ രഹസ്യാന്വേഷണം നടത്തുന്നത്?"

ക്യാമറ എന്നിലേക്ക് തന്നെ. സൈലന്റ് ഷോട്ടായിരിക്കും ഭേദമെന്നു ജോഷിജി തീരുമാനിച്ചു. മൂകമായ മുഖം. രഹസ്യം പൂണ്ട മുഖംമൂടി.

"അയാൾക്ക് എന്നിൽ നിന്നെന്തെങ്കിലും ആവശ്യമുണ്ടോ?"

റിപ്പീറ്റ്. അതേ സൈലന്റ് ഷോട്ട്.

"ഒരു കാര്യം ചെയ്യൂ. ഈ രൂപ അയാൾക്കു കൊടുക്കൂ. അയാൾ വാഗ്ദാനം ചെയ്തനുസരിച്ച് ഇവിടെ വന്നിരുന്നെങ്കിൽ ഇതു നേരിട്ടു കൊടുക്കുമായിരുന്നു." അവൾ പഴ്സ് തുറന്ന് ഒരു പച്ചനോട്ടെടുത്തു നീട്ടി.

ഞാൻ ജോഷിയോടു പറഞ്ഞു "ഈ നോട്ട് താങ്കൾ ആശീർവാദത്തോടെ സ്വീകരിക്കൂ." എന്നാൽ പത്രപ്രവർത്തകനെന്ന റോൾ നൽകി ഞാനദ്ദേഹത്തെ വേണ്ടുവോളം അപമാനിച്ചുകഴിഞ്ഞെന്നാണ് അദ്ദേഹം വിചാരിച്ചത്. ചാരനെന്നുവിളിക്കുന്നത് അദ്ദേഹത്തിനൊട്ടും സഹിക്കാവുന്നതല്ല. അദ്ദേഹം തന്റെ ഡസ്റ്റ്ജാക്കറ്റിൽവച്ചിരുന്ന ബയോഡാറ്റ (ഇപ്പോൾ ഫിലിം വിഭാഗം, ഭാരതസർക്കാർ) എടുത്തുകാണിച്ചശേഷം നോട്ട് തിരികെ കൊടുത്തു.

അദ്ദേഹം പറഞ്ഞു, "എഴുത്തുകാരൻ ജിജ്ഞാസുവാണ്, പക്ഷേ, ചാരനല്ല."

അവൾ അങ്ങേയറ്റം ആത്മനിയന്ത്രണത്തോടെ ആ വിശദീകരണം പരിഗണിച്ചു. നോട്ട് പഴ്സിലിട്ടു.

എന്നിട്ടു പറഞ്ഞു, "ജിജ്ഞാസ വളരെ വിലയേറിയതാണ്..."

"അറിയാം." ഞാൻ പറഞ്ഞു, "സംഭോഗത്തിന് ആയിരം. ഹോട്ടൽ ചെലവ് നാനൂറോളം."

"നിങ്ങൾ പത്രപ്രവർത്തനത്തിൽ മിടുക്കനാണ്." അവൾ എഴുന്നേറ്റുകൊണ്ടു പറഞ്ഞു, "പക്ഷേ, തൊഴിൽ സംബന്ധമായ അറിവ് വട്ടപ്പൂജ്യം. പെണ്ണിന്റെ കാര്യത്തിൽ അച്ചടിച്ച വിലയ്ക്ക് പ്രത്യേകതയൊന്നുമില്ല. ലോക്കൽ ടാക്സസ് എക്സ്ട്രാ എന്നു ചെറിയ അക്ഷരത്തിൽ അച്ചടിച്ചിട്ടുണ്ടല്ലോ, അതാണ് കൂടുതൽ."

അവൾ പിടലി തിരിച്ച് തന്റെ പ്രശസ്തമായ പിൻഭാഗത്ത് പറ്റിപ്പിടിച്ച പുല്ല് തട്ടിക്കളഞ്ഞു. അവളുടെ രൂപഭംഗി ഖജുരാഹോവിലെ ശില്പികൾക്കു സമർപ്പിക്കപ്പെട്ടതായിരുന്നു. എന്റെ മുഖത്തേക്കല്ല, സ്വന്തം പിൻഭാഗത്തേക്കുനോക്കിക്കൊണ്ടു അവൾ പറഞ്ഞു, "ജ്യോതിഷിയായിരുന്നെങ്കിൽ എന്റെ ഭാവിയെക്കുറിച്ചു ചോദിക്കാമായിരുന്നു, ചാരനായിരുന്നെങ്കിൽ അയാളുടെ വർത്തമാനത്തെക്കുറിച്ചു ചോദിക്കാമായിരുന്നു. ഒരെഴുത്തുകാരന്റെ കള്ളം കൊണ്ട് എനിക്കൊരു പ്രയോജനവുമില്ല."

രാജ്കുമാർ സ്റ്റൈലിൽ ഇങ്ങനെ പറഞ്ഞാലോ എന്ന് ഒരു നിമിഷം ചിന്തിച്ചു, 'ഞാൻ ആരുമല്ല, എന്നാൽ നീയാഗ്രഹിച്ചാൽ നിനക്കുവേണ്ടി ആരുമാകാം.' എന്നാൽ ഈ ഡയലോഗ് കയ്യടി നേടുന്നതാണെങ്കിലും മുഖംമൂടി ചാർത്തുന്നതുമാണെന്നു മനസ്സിലാക്കി ഞാൻ മിണ്ടാതിരുന്നു. അവൾ നടന്നുപോയി.

അവൾ പോയിക്കഴിഞ്ഞു ജോഷിജിക്ക് വലിയ ശൂന്യതയനുഭവപ്പെട്ടു. എന്നോടു ചോദിച്ചു, "ഏദനോ മീനിങ് സൂം? എന്താണിതിന്റെയർഥം?" ഞാനദ്ദേഹത്തെ ശകാരിച്ചു, "അർഥമന്വേഷിച്ചുകൊണ്ട് ഇവിടെയിരുന്നാൽ അവളെ കയ്യിൽ കിട്ടുമോ? പിന്തുടരൂ. ചെയ്സ് സ്വീക്വെൻസ്."

ഗുരു എഴുന്നേറ്റു. അവളെ പിന്തുടർന്നു. ഹാങിങ്ഗാർഡനു പുറത്തു ചെന്ന് മുന്തിയവൾ ഒരു ടാക്സി പിടിച്ചു. ജോഷി മറ്റൊരു ടാക്സി പിടിച്ചു. ഞാൻ ഗുരുവിനു മുന്നറിയിപ്പു നൽകി. "ഈ തെമ്മാടി ബോംബെ-പൂനാറോഡിലൂടെ പോയാൽ താങ്കളുടെ ഫിലിമിന്റെ ബജറ്റ് കവിയും."

എങ്കിലും ഗുരു മുന്തിയവളുടെ ടാക്സിയുടെ പിറകേ ടാക്സി ഓടിപ്പിച്ചു. ഡ്രൈവറോടു പറഞ്ഞു, "ഞാൻ ബോംബെയിൽ ആദ്യമായി വന്നതാണ്. ആ ടാക്സിയിലിരിക്കുന്ന സിസ്റ്റർ വഴികാണിച്ചു തരും. നിങ്ങൾ തൊട്ടു പിറകേ പോവുക."

മുന്നിൽ കയറിയ ഡ്രൈവർ പിൻവശം കാണാവുന്ന കണ്ണാടി നേരെയാക്കിയിട്ട് അതിൽ നോക്കി പറഞ്ഞു, "സിസ്റ്ററിന് എല്ലാ വഴിയും അറിയാം."

മുന്തിയവൾ ബാലകേശ്വറിൽ ഒരു ഇറാൻ റസ്റ്റോറന്റിനു മുമ്പിൽ ടാക്സി നിർത്തിച്ചു. ജോഷിജിയുടെ ഭാഗ്യം! അവളകത്തു കയറിപ്പോയി. എന്നാൽ മനോഹർ സങ്കോചം കാരണം പുറത്തുനിന്നു. മഴ ചാറിത്തുടങ്ങിയപ്പോൾ ജോഷിജി മനോഹറിനോടു പറഞ്ഞു, "എനിക്കുമഴ നനയാൻ വയ്യ. ഞാനകത്തേക്കുപോകുന്നു."

അകത്ത് മൂലയ്ക്കുള്ള മേശയ്ക്കരികിൽ തുള്ളിത്തുളുമ്പുന്ന യൗവനവും തുളുമ്പുന്ന കണ്ണുനീരുമായി മറ്റെല്ലാ കണ്ണുകളുടെയും ആകർഷണകേന്ദ്രമായി അവൾ ഇരുന്നു. അക്കാലത്തെ ഒരു ഹിറ്റ് പാട്ട് കേൾക്കുന്നുണ്ടായിരുന്നു. റിക്കാർഡ് തീർന്നു. അവളെഴുന്നേറ്റു.

ജൂക്ബോക്സിൽ നിന്ന് മേശയുടെയടുത്തേക്കു വീണ്ടും പോകുമ്പോൾ കൗണ്ടറിൽ നിന്നു സിഗരറ്റ് വാങ്ങുന്ന എന്നെ അവൾ കണ്ടു, എന്നിട്ട് കാണാത്തതുപോലെ നടന്നു.

'ട്രാ-ലാ-ലാ-ലാ-ലാ-ടിങ്ങ്, ട്രാ-ലാ-ലാ-ലാ-ലാ-ടിങ്ങ്.' പിയാനോവിലെ അളന്നുമുറിച്ച ചോദ്യം. മറുപടിയായി മഹേന്ദ്രകപൂറിന്റെ നിലവിളി. ജോഷിജി സിഗററ്റ് വലിച്ചുകൊണ്ട് ആലോചിച്ചു. പാട്ടിലെ

ഏതു വാക്കുകളോടൊപ്പിച്ചായിരിക്കും മുൻകാമുകൻ സുനിൽ ദത്തിന്റെ ഷോട്ട്, മുൻകാമുകി മാലാ സിൻഹയുടെ ഷോട്ട്, ഇതുരണ്ടും ഊഹിച്ചെടുത്ത മാലാ സിൻഹയുടെ ഭർത്താവ് അശോക് കുമാറിന്റെ ഷോട്ട്... റിക്കാർഡ് തീർന്നു.

അവൾ നേരെ കൗണ്ടറിലേക്കു വന്നു. ബിൽ പേ ചെയ്തിട്ട് എന്നോടു പറഞ്ഞു "പിറകേവരുന്നതിനെക്കാളും കൂടെ നടക്കുന്നതല്ലേ ഭേദം, സി.ഐ.ഡീ?"

മഴ ചാറുന്നുണ്ടായിരുന്നു. അവൾ ഒരു ടാക്സി നിർത്തിച്ചു. ഡ്രൈവർ മീറ്റർ താഴ്ത്തി ചോദിച്ചു. "എങ്ങോട്ടുപോകണം?"

ഞാനവളെ നോക്കി. അവൾ സീറ്റിൽ തലചായ്ച്ച്, കണ്ണുകളടച്ചു ചാരി കിടക്കുകയായിരുന്നു. അവൾ പറഞ്ഞു, "എങ്ങോട്ടെങ്കിലും."

മനോഹറിനു മറുപടി ഇല്ലായിരുന്നു. വീരൻ ഈ സൗന്ദര്യം പാനം ചെയ്യുകയായിരുന്നു. മനസാ ആസ്വദിക്കുകയായിരുന്നു. വാക്കുകളിലൂടെ പ്രകടിപ്പിക്കാൻ പറ്റാത്ത അനുഭവം. ജോഷിജിയുടെ 'സുഖകരമായ നാറ്റം' എന്ന ഫിലിം ഈ ഹൈക്ലാസ് സാധനത്തെ ഏതെങ്കിലും ഹൈക്ലാസ് ലൊക്കേഷനിലെത്തിക്കണമെന്നാവശ്യപ്പെടുന്നുണ്ടായിരുന്നു. ഞാൻ എന്റെ പോക്കറ്റും ഹൃദയവും കണക്കിലെടുത്ത് ഡ്രൈവറോട് ബ്രീച്ച്കാൻഡിയിലേക്കു പോകാൻ പറഞ്ഞു.

ബ്രീച്ച് കാൻഡിയിൽ ഞങ്ങളുടെ ഗസ്റ്റ്ഹൗസിനടുത്തുള്ള തെരുവിൽ ടാക്സി നിർത്തിച്ചു. "ഈ മനോഹരമായ തിരിവിൽ ഇറങ്ങൂ." എന്ന് ഞാൻ പറഞ്ഞു.

അവൾ സീറ്റിലിരുന്നു കൊണ്ടുതന്നെ ഡ്രൈവർക്ക് ഭാരിച്ച ടിപ്പ് സഹിതം ടാക്സിചാർജ് കൊടുത്തു. ഡോർ തുറന്നു വെളിയിലിറങ്ങി. സാരിനേരെയാക്കി. ചെറിയ മെയ്ക്കപ്പ് ബോക്സെടുത്ത് മെയ്ക്കപ്പ് ചെയ്തു. എന്നിട്ടു ചോദിച്ചു, "മനോഹരമായ തിരിവിൽ നിന്നെങ്ങോട്ട്?"

ഞാൻ അല്പം ചിന്താമഗ്നനായി. ഇവളെ ബോംബെ റസ്റ്റോറന്റിൽ കൊണ്ടുപോയാൽ പോക്കറ്റിൽ ആകെയുള്ള പത്തുരൂപ മതിയാകുമോ? എന്റെ മുറിയിൽ കൊണ്ടുപോകാമെന്നുവച്ചാൽ അവിടെ സഹമുറിയന്മാരായ രണ്ടുവൃദ്ധന്മാർ വന്നു കയറിയാൽ ഇവളെ എന്തു പറഞ്ഞു പരിചയപ്പെടുത്തും?

അതുകൊണ്ട് ഞാൻ പറഞ്ഞു "മനോഹരമായ തിരിവിൽ നിന്ന് സ്വന്തം ഭവനങ്ങളിലേക്ക്. ഓരോ മനോഹരമായ തിരിവും അലഞ്ഞു തിരിയുന്ന നമ്മെ സ്വന്തം വീടുകളിലേക്കു നയിക്കുന്നു. നിങ്ങളുടെ മേൽവിലാസം തന്നാൽ കൊള്ളാം."

"വേറെയൊന്നുമറിയാൻ ബാക്കിയില്ലേ ജിജ്ഞാസുവായ കുട്ടിയുടെ മനസ്സിൽ?" അവൾ പുഞ്ചിരിക്കുന്നുണ്ടായിരുന്നു. "അവൻ ജിജ്ഞാസകളുടെ വിലക്കൂടുതലോർത്ത് പരിഭ്രമിച്ചുപോയോ?"

"പരിഭ്രമിക്കുന്നതെന്തിന്?" ഞാൻ പറഞ്ഞു, "ധൈര്യമുള്ളവ നാണ്. സമയമാകുമ്പോൾ എല്ലാം ജിജ്ഞാസകൾക്കും സമാധാനം ലഭിക്കുമെന്ന് അയാൾക്കറിയാം."

"വലിയ അറിവാളിയാണെന്നു തോന്നുന്നല്ലോ" അവൾ പ്രശം സിച്ചു. "അതിരിക്കട്ടെ. മനോഹരമായ തിരിവിൽ നിന്നു വീട്ടിലെത്താൻ എത്ര പിന്നോട്ടുപോകണമെന്ന് അയാൾക്കു പറയാൻ പറ്റുമോ? അല്ലെങ്കിൽ ഈ പാട്ടെഴുതിയ കൂട്ടുകാരനോടു ചോദിച്ചു പറയാമോ?"

"സാഹിർ ലുധിയാൻവിയെ എന്റെ കൂട്ടുകാരുടെ കൂട്ടത്തിൽ പെടു ത്താൻ പാടില്ല." ഞാൻ ആ തല തിരിഞ്ഞവളോടു പറഞ്ഞു.

"സാഹിറിനെപ്പറ്റിയല്ല, നിങ്ങളാർക്കുവേണ്ടിയാണോ ചാരപ്പണി നടത്തുന്നത്, അയാളെപ്പറ്റിയാണു പറഞ്ഞത്."

"ഞാനാർക്കും വേണ്ടി ചാരപ്പണി നടത്തുന്നില്ല. ഈ പാട്ട് സാഹിർ രചിച്ചതാണ്."

എന്നിട്ടും ആ അറിവില്ലാത്തവൾ പറഞ്ഞു, "മനോഹരമായ തിരിവ് എന്നു തുടങ്ങുന്ന പദ്യഭാഗം അയാൾക്കു തോന്നിയതാണെന്ന് അയാ ളവകാശപ്പെടുന്നു. ഒരു പകുതിക്കുവേണ്ടി അയാൾ സാഹിറിനെ വിറ്റു."

"അതു കള്ളം" ഞാൻ പറഞ്ഞു.

"ഓ, സത്യത്തിന്റെ കരാറെടുത്തിരിക്കുകയല്ലേ നിങ്ങൾ? നിങ്ങൾ അയാളെ അറിയുകയില്ലെന്നും സാഹിർ നിങ്ങളുടെ കൂട്ടുകാരനല്ലെന്നും നിങ്ങൾ പറയുന്നു. എന്നിട്ടും സാഹിറും അയാളും തമ്മിൽ എന്തു സംസാരിച്ചു എന്നതിന്റെ ഏക സാക്ഷിയായി നിങ്ങളെ അംഗീകരിക്ക ണമെന്നോ? അതു കള്ളമാണെന്നിരിക്കട്ടെ. എങ്കിൽപോലും എനിക്ക് സത്യത്തെക്കാൾ സത്യമായി തോന്നുന്നത് ഈ കള്ളമാണെങ്കിൽ നിങ്ങൾക്കെന്തുവേണം? അങ്ങനെ വിചാരിച്ചാൽ അയാളെന്നെ എന്തു ചെയ്യുമെന്നു ചോദിക്കൂ."

"ഞാൻ ഏതെങ്കിലുമൊരുത്തന്റെ ചാരനാണെന്ന് നിങ്ങളോടാരു പറഞ്ഞു? ഞാനൊരെഴുത്തുകാരനാണെന്നു നിങ്ങളോടു പറഞ്ഞില്ലേ?"

"അയാളും അതുതന്നെയാണല്ലോ."

"എല്ലാ എഴുത്തുകാരും സ്നേഹിതന്മാരായിരിക്കണമെന്നു നിർബ ന്ധമില്ല. സ്നേഹിതന്മാരാണെങ്കിൽപോലും ഒരാൾക്കുവേണ്ടി ചാര പ്പണി ചെയ്യണമെന്നും നിർബന്ധമില്ല."

"നിങ്ങളെപ്പറ്റി അയാളോടു പറഞ്ഞപ്പോൾ അയാളും ഇതേ എതിർപ്പ് പ്രകടിപ്പിച്ചു. പിന്നെ ഞാനയാളോടു പറഞ്ഞതുതന്നെയാണ് നിങ്ങളോടു പറയുന്നതെന്നും നിർബന്ധമില്ല."

ഈ കടങ്കഥയിൽ നിന്നു തലയൂരേണ്ടതുകൊണ്ട് ഞാനല്പം വിശ ദീകരിച്ചു, "സത്യം പറഞ്ഞാൽ ഞാനിപ്പോൾ എഴുത്തുകാരനല്ല. കുറച്ചു നാൾ മുമ്പ് ലഖ്നൗവിലായിരുന്നപ്പോൾ എഴുതുമായിരുന്നു."

"അയാളും ലഖ്നൗവിലായിരുന്നപ്പോൾ മുമ്പ് എഴുതുമായിരുന്നത്രേ!" അവൾ ചിരിച്ചു. "കുട്ടീ, നിങ്ങൾ അയാളുടെ ചാരനാണെന്ന് ഞാനംഗീകരിച്ച സ്ഥിതിക്ക് നിങ്ങൾ ഒന്നിനു പിറകേ ഒന്നായി കൂടുതൽ തെളിവുകൾ നിരത്തേണ്ടയാവശ്യമില്ല."

എനിക്ക് ഉത്തരം മുട്ടി. ഇപ്പോൾ ബോംബെയിലുള്ള എഴുത്തുകാരായ, ലഖ്നൗനിവാസികളായ പരിചയക്കാരെയെല്ലാം ഞാനോർത്തുനോക്കി. അവരിലാർക്കാണിത്ര സുന്ദരമായ നുണപറയാൻ കഴിയുന്നതെന്നറിയണമല്ലോ. ഈ നഗരത്തിൽ എനിക്ക് ഒരപരനുണ്ടോ?

"എങ്കിൽ മനോഹരമായ തിരിവിന്റെ അർഥം അയാളോടു ചോദിക്കാമോ?"

"ഞാനെന്തിനു വല്ലവരോടും ചോദിക്കണം? എനിക്കറിയാമല്ലോ" ഞാൻ പറഞ്ഞു, "കഥാകൃത്തിനെ ഇറക്കിവിടുന്ന തിരിവാണ് മനോഹരമായ തിരിവ്."

"വാസ്തവികതയിലേക്കു നയിക്കുന്ന തിരിവ് എന്നു കൂടിപ്പറയൂ."

അവൾ ചിരിച്ചു, "ഈ വാസ്തവികത എന്നാലെന്താണ്?"

"വീട്" മനോഹർ പറഞ്ഞു. "വാസ്തവികത വീടാണ്."

"വീടെവിടെ?" അവൾ ചോദിച്ചു

ബാലൻ പറഞ്ഞു, "നമ്മൾ എവിടെ നിന്നാണോ വഴി വിട്ടുപോന്നത്, അവിടെ."

ബാലനെ നേത്രപാശംകൊണ്ടു ബന്ധിച്ച്, പുഞ്ചിരി തൂകിക്കൊണ്ടു അവൾ ചോദിച്ചു, "നിങ്ങളുടെ വീട് മനോഹരമായ തിരിവിനപ്പുറമോ ഇപ്പുറമോ? പറയൂ, നിങ്ങളെ അവിടെ കൊണ്ടുവിടാം."

"ഞാനിവിടെയാണു താമസം." ഞാൻ ബാലനായ മനോഹറിനെ തള്ളിമാറ്റിയിട്ടു പറഞ്ഞു.

"ഇവിടെയെന്നു പറഞ്ഞാൽ?"

"റൂം നമ്പർ അഞ്ച്, രിം ത്ധിം ഗസ്റ്റ് ഹൗസ്, സീതാഭവൻ ബി, ബ്രീച്ച് കാൻഡി, വാർഡൻ റോഡ്, ബോംബെ." ഞാൻ ചിട്ടയായി മറുപടി പറഞ്ഞു.

"നിങ്ങളുടെ പേര് വെളിപ്പെടുത്താമോ?"

"മനോഹർ ശ്യാം ജോഷി."

"മറ്റെന്തെങ്കിലും വസ്തുത... വെറ്റിലക്കറപുരണ്ട പല്ലുകളുള്ള സി.ഐ.ഡി. എവിടെ നിന്നാണ് മുറുക്കുന്നത്?"

"ദേ, മുമ്പിൽ കാണുന്ന മുറുക്കാൻ കടയിൽ നിന്ന്. സാദാ വെറ്റില, പാക്ക് നുറുക്കിയത്, പെപ്പർമിന്റ് ചേർത്ത പുകയില."

അവൾ മുറുക്കാൻ കടയിലേക്കു നടന്നു. എന്നെ ചൂണ്ടിക്കാണിച്ചിട്ട് എന്തോ പറഞ്ഞു. കയ്യിൽ പാൻ പൊതിയും ഒരു കടലാസ് കൂടുമായി അവൾ തിരികെവന്നു.

ഞാൻ പാനെടുത്ത് മുറുക്കാൻ തുടങ്ങിയപ്പോൾ അവൾ തടഞ്ഞു. കൂടിൽ നിന്ന് മിഠായി എടുത്തു തന്നിട്ടു പറഞ്ഞു, "ജിജ്ഞാസുവായ കുട്ടീ, എന്റെ കുട്ടിക്കാലത്ത് എന്തെങ്കിലും നല്ല കാര്യം ചെയ്താൽ അച്ഛൻ മിഠായി തരുമായിരുന്നു. സത്യം പറയുന്നത് ഒരു നല്ല കാര്യ മാണ്. ഞാനിപ്പോൾ നിങ്ങൾക്ക് നാല് മിഠായി തരും – സ്വന്തം പേരും മേൽവിലാസവും തൊഴിലും മുറുക്കുന്ന കാര്യവും സത്യമായി വെളി പ്പെടുത്തിയതിന്. ഇനി രണ്ടു മിഠായി ബാക്കിയുണ്ട്. അതുരണ്ടും ഒരു വലിയ സത്യം പറയുന്നതിനുവേണ്ടി നീക്കിവച്ചിരിക്കുന്നു. അയാൾ എന്തുദ്ദേശ്യത്തോടുകൂടിയാണ് നിങ്ങളെ ചാരപ്പണിക്കു വിട്ടിരിക്കു ന്നത്?"

"ഞാനാരുടെയും ചാരനല്ല." ജോഷിജി പറഞ്ഞു.

രണ്ടു മിഠായി കൂടിലിട്ടുകൊണ്ട് അവൾ പറഞ്ഞു, "നല്ല കുട്ടികൾ നുണ പറയുകയില്ല."

"ഞാൻ കുട്ടിയല്ല." ജോഷിജി പ്രതിഷേധിച്ചു.

"എന്റെ മുമ്പിലും...?" അവളുടെ സ്വരത്തിൽ മുഴങ്ങിയ സുഖക രമായ വെല്ലുവിളികേട്ട് ശ്രീമാൻ ഡയലോഗ് മറന്നുപോയി.

അവൾ മനോഹറിന്റെ കവിളിൽ താളംകൊട്ടി. ഒരു ടാക്സി നിർത്തിച്ചു. "സി.ഐ.ഡി. കുട്ടീ, പിന്നെക്കാണാം. ഏതെങ്കിലും മനോ ഹരമായ തിരിവിൽ. നിങ്ങളവിടം വരെ എത്തുമെങ്കിൽ."

"പേരും മേൽവിലാസവുമെല്ലാം മനസ്സിലാക്കിയല്ലോ." ഞാൻ പറഞ്ഞു, "ആ തിരിവിലെത്തുമ്പോൾ, അവിടത്തെ കാലാവസ്ഥ എങ്ങനെയുണ്ടെന്നറിയിച്ചുകൊണ്ട് ഒരു കാർഡയയ്ക്കണേ."

മിസ്കാസ്റ്റിങ് എവിടെയാണു സംഭവിക്കാത്തത്?

എന്റെ ഒരു സ്നേഹിതൻ – യൗവനത്തിൽ ഒന്നും രണ്ടും വിഫലവിവാഹങ്ങളും രണ്ടുമൂന്ന് വിഫല പ്രേമങ്ങളും നടത്തിയവൻ. മധ്യവയസ്കനായപ്പോൾ നിത്യവും വൈകുന്നേരം ഒരു നിശ്ചിത അളവിൽ സോമരസം ആചമനം ചെയ്തശേഷം ഒരു വാക്യം പതിവായി പറയുമായിരുന്നു, "അദ്ഭുതം തോന്നുന്നു ജോഷീ, എന്റെ ലൈഫിൽ എത്രയെത്ര ലവ് വന്നു ചാടിയെന്നോ... നിങ്ങളോടു സത്യം പറയുകയാണ്, ഞാൻ ഡിസർവ് ചെയ്തില്ല."

അവൾ പിന്നെ വന്നില്ല, അവളെ പിന്നീടു കണ്ടുമുട്ടിയില്ല. അപ്പോൾ ജോഷിക്കുതോന്നി – താനവളെ ഡിസർവ് ചെയ്യുന്നില്ല. എന്നിട്ടും ഗുരു പ്രതീക്ഷ കൈവെടിഞ്ഞില്ല. ഞാൻ ഡിസർവ് ചെയ്യുന്നില്ലെങ്കിലും എനിക്കവളുടെ പ്രേമം ലഭിച്ചു.

ചാരനാണെന്ന ആരോപണത്തെക്കുറിച്ചും ജോഷിജി ഗാഢമായി ആലോചിച്ചു. തന്റെ പരിചയക്കാരായ ലഖ്നൗ സ്വദേശികളെ മനസ്സിൽ പരതി നോക്കി. ആ രഹസ്യമയിയുടെ കാമുകനാരായിരിക്കും?

അദ്ദേഹത്തിനു രഹസ്യമയിയെക്കുറിച്ച് ഒരറിവും ലഭിച്ചില്ല. ങാ, ഏതാനും നല്ല ഡയലോഗുകൾ കിട്ടി.

ഉദാഹരണത്തിന് ഒരു പ്രശസ്തകവി അദ്ദേഹത്തോടു പറഞ്ഞു , "നമ്മളെപ്പോലെ ബഹുമാന്യരായ വ്യക്തികൾ മീശ കിളിർത്തു തുടങ്ങിയ ചെറുപ്പക്കാരെപ്പോലെ, വഴിയേ പോകുന്ന ഒരു മുന്തിയ സാധനത്തിനെ കണ്ടു പരിചയപ്പെടാൻ ശ്രമിക്കുമോ?"

വിനോദപ്രിയനും രസികനും അലസനുമായ ഒരു ഗാനരചയിതാവ് പറഞ്ഞു, "ഭാഗ്യവാൻ! ബോംബെയിലെ കാറ്റിലൊഴുകിപ്പോയി. താങ്കൾ പറയാനാഗ്രഹിക്കുന്നതെന്താണ്? നഗരവീഥികളിലൂടെ നടന്നു പോകുന്ന പൊക്കമുള്ള ഘാതകികളായ സുന്ദരിമാരെയെല്ലാം ഞാൻ കൈവശപ്പെടുത്തിയിരിക്കുന്നെന്നോ?"

ജോഷിജി ലജ്ജിച്ചു. ഗാനരചയിതാവിനു സഹതാപം തോന്നി, "ജോക്സ് എപ്പാർട്ട്, സംഗതിയെന്താണെന്ന് ഒന്നു വിശദമായി പറഞ്ഞു മനസ്സിലാക്കാമോ?"

ജോഷിജി കരുതലോടെ ഇരിക്കേണ്ടതായിരുന്നു. പക്ഷേ,

അങ്ങനെ ചെയ്തില്ല. അദ്ദേഹം ജിജ്ഞാസുവായ എഴുത്തുകാരന്റെയും ഘാതകിയായ സുന്ദരിയുടെയും സംക്ഷിപ്തകഥ വിശദമായി പറഞ്ഞു കേൾപ്പിച്ചു. ഗാനരചയിതാവ് വളരെ സഹാനുഭൂതിയോടെ എല്ലാം കേട്ടിട്ടു പറഞ്ഞു, "അവൾ തന്ന മിഠായി നിങ്ങൾ തിന്നോ?"

"ഞാൻ തിന്നില്ല. പക്ഷേ, എന്റെ അനന്തരവൻ, അവൻ..."

"ഓ...ഹോ...! ങാ പോകട്ടെ. അത് ഏതുതരം മിഠായിയാണെന്ന് നിങ്ങൾക്കോർമയുണ്ടോ? ഗുഡ്! ഒരു കാര്യം ചെയ്യ്. നാലു മിഠായി വാങ്ങുക. അതെപ്പോഴും പോക്കറ്റിലിട്ടുകൊണ്ടു നടക്കുക. അവളെ എപ്പോൾ കണ്ടാലും മിഠായി കാണിച്ചിട്ടുപറയണം, 'മിഠായി തിന്നണമെങ്കിൽ ആറെണ്ണം ഒരുമിച്ചു വേണമെന്നാ കുട്ടിയുടെ നിർബന്ധം. ഇല്ലെങ്കിൽ ഒന്നും വേണ്ട!' ഇത് അവളുടെ മനസ്സിൽ പതിയും."

ജോഷിജി ഈ അടവു പ്രയോഗിച്ചിട്ടും തോറ്റു പിന്മാറേണ്ടിവന്നു. അറ്റകൈ പ്രയോഗിക്കാൻ വേണ്ടി ജോഷി തന്റെ ഉറ്റമിത്രത്തെ സമീപിച്ചു. ഈ സുഹൃത്ത് 'രാമചരിതമാനസം' പെർഫക്റ്റ് സ്ക്രിപ്റ്റ് ആണെന്നു കരുതുകയും 'അശോകവന' സന്ദർഭത്തിന്റെ ഷോട്ട് ഡിവിഷൻ പദ്യരൂപത്തിൽ കേൾപ്പിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹം തന്റെ ജീവിതത്തിൽ ആകെ ഒരു (ഫ്ളോപ്പായിപ്പോയ) സിനിമ നിർമിച്ചിട്ടുണ്ട്. എന്നാൽ ഒരനശ്വരചലച്ചിത്രം നിർമിക്കുമെന്ന വിശ്വാസം അദ്ദേഹം എന്നും നിലനിർത്തിപ്പോന്നു. അതുകൊണ്ട് 'രാമചരിതമാനസ'ത്തിന്റെ സ്ക്രീൻപ്ലേ കേൾപ്പിച്ചശേഷം അദ്ദേഹം തന്റെ പുതിയ പ്രോജക്റ്റിനെക്കുറിച്ചു ചർച്ചചെയ്യുകയും 'തീം' ഡവലപ്പ് ചെയ്യുന്നതിനു സഹായമഭ്യർഥിക്കുകയും ചെയ്യുമായിരുന്നു.

അന്നും 'അശോകവന' സന്ദർഭത്തിനുശേഷം അദ്ദേഹം സ്വന്തം'പുത്തൻ സിനിമ'യിലേക്കു പ്രവേശിച്ചു. അദ്ദേഹത്തെ അലട്ടുന്ന പ്രശ്നം അവതരിപ്പിച്ചു. 'ചീപ്പർ ബൈ ഡസൻ' കണ്ട ഒരു പ്രശസ്ത കൊമേഡിയൻ ഒരു ഫിലിം നിർമിക്കാനാഗ്രഹിക്കുന്നു. കൊമേഡിയന്റെ പ്രതിഭാശൂന്യനായ സഹോദരനോടൊപ്പം മീനാകുമാരിയേയോ വഹീദാറഹ്മാനെയോ ഹീറോയിനായി അഭിനയിപ്പിക്കണം. മാത്രവുമല്ല കൊമേഡിയന് പന്ത്രണ്ടു കുട്ടികളുടെ അച്ഛന്റെ റോളിൽ അഭിനയിക്കുകയും വേണം.

ഞാൻ സുഹൃത്തിനോടു പറഞ്ഞു, "താങ്കളുടെ പ്രശ്നത്തിനു വളരെ ലളിതമായ പരിഹാരമുണ്ട് 'ചീപ്പർ ബൈ ഡസനി'ൽ 'സ്വയം സിദ്ധ' കൂട്ടിച്ചേർക്കുക. വിധുരനായ കൊമേഡിയന്റെ പന്ത്രണ്ടു മക്കളിൽ മൂത്തവളാണ് ഹീറോയിൻ. ഹീറോ ജന്മിയുടെ വിഡ്ഢിയായ മകൻ."

സുഹൃത്ത് എന്നെ പ്രശംസിച്ചു. അതിനുശേഷം ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ ജോഷിയുടെ പ്രശ്നമവതരിപ്പിച്ചു. അല്പസമയം

ചിന്തിച്ചിട്ട് അദ്ദേഹം പറഞ്ഞു, "നിങ്ങൾ വികാരാധീനനും പരാജിത നുമായി ഏതൊരു രഹസ്യമയിയായ സുന്ദരിയെപ്പറ്റിയാണോ പറയു ന്നത്, അവൾ നമ്മുടെ ആയുഷ്മാനായ ഖലീക്കിന്റെ സംരക്ഷകയാ ണെന്നു ഞാൻ സംശയിക്കുന്നു. ഇതുവരെയും ദർശനഭാഗ്യം ലഭിച്ചില്ല. ആ മംഗളരൂപിണി അപ്സരസിനെപ്പോലെ സുന്ദരിയും കുബേരനെ പ്പോലെ സമ്പന്നയുമാണെന്ന് വിശ്വസനീയകേന്ദ്രങ്ങളിൽ നിന്ന് അറിവു കിട്ടി."

അതുകേട്ടു ഞാൻ ചിന്തിച്ചു, "അവളും ഖലീക്കുമായി എന്തു സാമ്യം?"

സുഹൃത്ത് പറഞ്ഞു, "ആര്യപുത്രാ, മഹാമായയുടെ ലീലയിൽ മിസ്കാസ്റ്റിങ്ങ് എവിടെയാണു സംഭവിച്ചുകൂടാത്തത്? നമ്മൾ ഫിലി മിൽ പോലും സീറോയെ ഹീറോയാക്കുന്നവരല്ലേ?"

ഞാൻ ആ വചനം കേട്ടു ചിരിച്ചു. ഖലീക് അവളുടെ കാമുകനാ കുന്നതിന്റെ സാധ്യതയോർത്തു ചിരിച്ചു.

ഖലീക് കവി എന്ന ജാതിയിൽ പെട്ടവൻ, ഉയർച്ചയാഗ്രഹിക്കു ന്നവരുടെ സമുദായത്തിൽ പെട്ടവൻ. കൂടെക്കൂടെ കണ്ണു ചിമ്മുകയും, തോൾ ചലിപ്പിക്കുകയും, എപ്പോഴും പതിഞ്ഞ അനുനാസികാസ്വര ത്തിൽ സംസാരിക്കുകയും ചെയ്യുന്ന, അപകർഷബോധം പിടിപെട്ട ഹാസ്യാസ്പദനായ ഹീറോ. എപ്പോഴും കുപിതൻ, എപ്പോഴും അസ്വ സ്ഥൻ. തൂലികാനാമം പോലുള്ള പഴഞ്ചൻ പദ്ധതി അയാളൊരിക്കലും സ്വീകരിച്ചില്ല. എന്നാൽ ലഖ്നൗവിലെ ചങ്ങാതിമാർ അയാളെ 'അതി കുപിതൻ' എന്നുവിളിക്കുമായിരുന്നു. ഏതോ കാളച്ചന്തയിലായിരുന്നു താമസം. പക്ഷേ അനേക ദിവസം ഹബീബുള്ളാ ഹോസ്റ്റലിൽ സൗജ ന്യമായി കഴിഞ്ഞുകൂടിയിരുന്നു. എന്റെ ആ ചങ്ങാതി മറ്റുള്ളവരുടെ ചെലവിൽ തിന്നും കുടിച്ചും സന്തുഷ്ടനായി കഴിഞ്ഞു. മനോഹറിനെ അയാൾ ഏറെ സ്വാധീനിച്ചിരുന്നു. മനോഹർ എന്നെങ്കിലും 'നിങ്ങ ളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകമെഴുതിയാൽ ഖലീക്കായി രിക്കും അതിലെ ഹീറോ.

ജോഷിജിയെ സംബന്ധിച്ചിടത്തോളം അയാൾ ഒരെഴുത്തുകാ രനും കവിയും മാത്രമായിരുന്നു. 'ഹിന്ദി – ഉർദു ഭായിഭായി' സമ്മേള നങ്ങളിൽ രണ്ടുപേരും പലപ്പോഴും കണ്ടുമുട്ടുമായിരുന്നു. 'നെരൂദയ് ക്കൊരു ലാൽസലാം' എന്ന പേരിൽ ഒരു നീണ്ട കവിത അവതരിപ്പി ച്ചുകൊണ്ട് താൻ ഇംഗ്ലീഷും അന്തർദേശീയതയും അറിയാവുന്ന അപൂർവ ഉർദുകവിയാണെന്ന് അയാൾ തെളിയിച്ചു. തനി ഉർദു പദാ വലിയിൽ ഒരു ഗസൽ പാടി ഉർദുകവിതയെ പേഴ്സ്യൻ തടവറയിൽ നിന്നു മോചിപ്പിച്ചു കൊണ്ടുവരുന്നത് താനായിരിക്കുമെന്നും അയാള റിയിച്ചു. ഉയർച്ചയാഗ്രഹിക്കുന്ന ഉർദുകഥയ്ക്ക് കിഷൻ ചന്ദറിന്റെ

റൊമാന്റിസിസത്തെക്കാൾ കൂടുതൽ അർഥവത്തായ വ്യതിയാനം നൽകുന്നതിന്റെ ക്രെഡിറ്റ് തനിക്കു ലഭിക്കണമെന്ന ഉദ്ദേശ്യത്തോടെ ഖലീക് വില്യം സരോയന്റെ മിനുക്കുപണികളോടെ ചില സരളമായ ചെറുകഥകളും എഴുതി. ഈ മൂലധനവും കൊണ്ടാണ് ഖലീക് ബോംബെയിലെത്തിയത്. എന്നാൽ മേല്പടി ഉറ്റസുഹൃത്തിന്റെ ഫ്ളോപ്പായിപ്പോയ ഫിലിമിൽ തികച്ചും സാധാരണമായ ഗസൽ തള്ളിക്കയറ്റാൻ കഴിഞ്ഞതല്ലാതെ ഇൻഡസ്ട്രിയിൽ മറ്റൊന്നും ചെയ്യാനും സാധിച്ചില്ല. ഉപജീവനത്തിനുവേണ്ടി അയാളും എന്നെപ്പോലെ പരസ്യ ഫിലിമുകൾക്ക് തർജമ നടത്തുമായിരുന്നു 'ആഹ്... കോളിനോസ്', 'നൗ വിദ് ക്ലോറഫിൽ ആൾസോ' മുതലായ ഏതെങ്കിലും വാക്യാംശം ഹിന്ദിയിലോ ഉർദുവിലോ രൂപാന്തരം നടത്തിക്കൊടുക്കുമായിരുന്നു. ഖലീക് അയോധ്യയിലെ സായാഹ്നങ്ങളിലെ ഓർമകൾ പുതുക്കാൻ വേണ്ടി എന്നോടൊപ്പം ബോംബെയിലെ സായാഹ്നങ്ങൾ ചെലവഴിക്കാൻ തയ്യാറായി രുന്നു. ഞാനയാളിൽ നിന്ന് എങ്ങനെയെങ്കിലും ഒഴിഞ്ഞുമാറുമായിരുന്നു. സിനിമാലോകത്ത് താൻ നേരിട്ട വിശ്വാസവഞ്ചന അയാളെ ക്ഷുഭിതനായ യുവാവിൽ നിന്ന് അഘോര വിശ്വാസിയായ മധ്യവയസ്കനാക്കി മാറ്റിത്തീർത്തു. അയാൾ എപ്പോൾ എന്തുപറയുമെന്നോ പ്രവർത്തിക്കുമെന്നോ തീർച്ചയില്ല.

ഒരിക്കൽ, ഹിന്ദി - ഉർദു സാഹിത്യങ്ങളിൽ താല്പര്യമുള്ള, പാശ്ചാത്യസാഹിത്യമർമജ്ഞനായ ഒരു മികച്ച പത്രപ്രവർത്തകൻ ഒരു സാഹിത്യചർച്ച സംഘടിപ്പിച്ചു. കോക് ടെയ്ൽ പാർട്ടിയുണ്ടായിരുന്നു. കുടി കഴിഞ്ഞ് ഖലീക് ഉറക്കെ സംസാരിച്ചു തുടങ്ങി, എല്ലാവരോടും തർക്കിച്ചു, വഴക്കുണ്ടാക്കി. അവസാനം ഒരു മൂലയ്ക്കുവച്ചിരുന്ന പുസ്തക അലമാര തുറന്ന് മൂത്രശങ്ക നിറവേറ്റിയശേഷം പാന്റ്സിന്റെ ബട്ടണിട്ടുകൊണ്ടു പ്രഖ്യാപിച്ചു, "ദീനബന്ധോ, അങ്ങയുടെ ആംഗലേയം ഇതാ കഴുകിക്കളഞ്ഞു. ഇനിയൊരുപക്ഷേ അങ്ങേയ്ക്ക് ഭാരതീയ സാഹിത്യത്തെക്കുറിച്ച് അല്പം അറിവുണ്ടായേക്കും."

"അങ്ങനെയുള്ള അഘോരവിശ്വാസിയായ ഖലീക് എവിടെ, ആ അഭിജാതസുന്ദരി എവിടെ?" ജോഷിജി സുഹൃത്തിനോടാരാഞ്ഞു.

സുഹൃത്ത് പറഞ്ഞു, "എത്രയും പ്രിയപ്പെട്ട ജോഷീ, നമ്മുടെ നാടോടി സംസ്കാരം അന്ധന്റെയും കുഷ്ഠരോഗിയുടെയും ജോഡിയെ രാമൻ കൂട്ടിച്ചേർത്തതാണെന്നു പറയുന്നു. നമ്മുടെ കീർത്തിമാന്മാരായ പൂർവികർ ശിവനും ശക്തിയും ദിവ്യദമ്പതികളാണെന്നു പ്രകീർത്തിക്കുന്നു. പാശ്ചാത്യമനീഷികളും ബ്യൂട്ടിയും ബീസ്റ്റും മാതൃകാജോഡികളാണെന്നു സങ്കല്പിക്കുന്നു. മിസ്കാസ്റ്റിങ് ആ ദേവാധിദേവന്റെ ദേവത്വത്തിന്റെ പ്രമുഖലക്ഷണമാണെന്ന് ഈ വചനങ്ങളിൽ നിന്നനുമാനിക്കേണ്ടിയിരിക്കുന്നു."

ഖലീക് ഇപ്പോഴും അന്ധേരി ഈസ്റ്റിലെ കുടിലുകളിലാണോ പാർക്കുന്നതെന്നറിയാൻ ജോഷിക്കാഗ്രഹമുണ്ടായി.

സുഹൃത്ത് സൂചിപ്പിച്ചു, "ആയുഷ്മാൻ ഖലീക് ഈയിടെയായി അജ്ഞാതവാസമനുഷ്ഠിക്കുകയാണ്. ആ പ്രശസ്ത കവിക്ക് ഈശ്വരകൃപയാൽ ഈ വർഷാരംഭത്തിൽ പ്രസ്തുത ഗുർജര സുന്ദരിയുടെ വരദഹസ്തം ലഭിച്ചു. കഴിഞ്ഞമാസം മുതൽ ലക്ഷ്മൺപൂരിലെ ഒരു ഗായികയും അദ്ദേഹത്തിന്റെ കാതുകളിൽ പ്രണയമന്ത്രം ഉരുവിട്ടുകൊണ്ടിരിക്കുന്നു. രണ്ട് ആര്യപുത്രിമാരുടെ ഇടയിൽ പെട്ട ആ നരപുംഗവൻ എവിടെ മറഞ്ഞെന്നതിനെക്കുറിച്ച് ആർക്കും ഒരറിവുമില്ല. എങ്കിലും അനുമാനം സാധ്യമാണ്."

സുഹൃത്ത് അവധിയെടുത്ത് ജോഷിയുടെ വീട്ടിലെത്തി. ഏകദേശം പത്തുമാസം മുമ്പ് ഖലീക്കിന്റെ കൂടെ കഴിച്ചു കൂട്ടിയ ഒരു സായാഹ്നം ജോഷി ഓർമിച്ചു. അതിലൂടെ ക്ഷുഭിതനായ കവിയും അവിശ്വസ്തയായ കാമുകിയും തമ്മിലുള്ള ബന്ധത്തിലേക്കു വെളിച്ചം വീശുന്ന ഏതെങ്കിലും മാർഗം തെളിഞ്ഞുവന്നാലോ!

ഒരു ദേശീയ തെറി, ദേശത്തിനു മൊത്തമായി

ആ സ്മരണീയമായ സായാഹ്നം! വെസ്റ്റേൺ റെയിൽവേക്കാരുടെ ഒരു ഡോക്യുമെന്ററിയുടെ തിരക്കഥയ്ക്കുവേണ്ടി തലപുണ്ണാക്കിയശേഷം സന്ധ്യാസമയത്ത് ഞാൻ അവരുടെ ഓഫീസിൽ നിന്ന് ക്ഷീണിച്ചവശനായി പുറത്തിറങ്ങി. ഗസ്റ്റ് ഹൗസിൽ പോകുന്നതിനുമുമ്പ് ചർച്ച് ഗെയ്റ്റ് സ്റ്റേഷനു വെളിയിലുള്ള സ്റ്റാളിൽ പോയി ചായ കുടിക്കാമെന്നു വിചാരിച്ചു.

ഒരു കപ്പ് ചായയും ഒരു പ്ലേറ്റ് പക്കൗടയും വാങ്ങി ആരംഭിച്ചപ്പോഴേക്ക് പിന്നിൽ നിന്ന് ഒരു ശബ്ദം കേട്ടു, "ഒരു കപ്പ് ചായ എനിക്കുമാകാം. വളരെ നിർബന്ധമാണെങ്കിൽ പക്കൗടയും കഴിക്കാം."

ഞാൻ തിരിഞ്ഞുനോക്കി – ഖലീക്, വിചിത്രവേഷത്തിൽ. മുഷിഞ്ഞുകീറിയ പൈജാമയും അകം പുറമാക്കി ധരിച്ചിരിക്കുന്ന മുഷിഞ്ഞ ഖദർ ബനിയനും. ഏതാനും ആഴ്ച വളർച്ചയുള്ള താടിരോമങ്ങൾ. നഗ്നപാദൻ. പല്ലുതേച്ചിട്ട് ദിവസങ്ങൾ എത്രയോ കഴിഞ്ഞു.

ഖലീക്കിന്റെ ചോദ്യങ്ങൾ കഴിഞ്ഞു. പിന്നെ ആ ശല്യത്തിൽ നിന്നു രക്ഷപ്പെടാനുള്ള ശ്രമം.

"താങ്കളുടെ മുഖഭാവം കണ്ടാൽ എന്റെ കൂടെ ഇരിക്കുന്നതുപോലും ഇഷ്ടമല്ലെന്നു തോന്നും" അയാൾ ചൊടിച്ചു..."താങ്കളുടെ ബൂർഷ്വാനാസികയ്ക്ക് എന്റെ ദുർഗന്ധം സഹിക്കാനാവുകയില്ല. അല്ലേ? പറയൂ."

ഞാനെങ്ങനെ സമ്മതിക്കും? സോപ്പും വെള്ളവും അപരിചിതമായ ആ ജീനിയസ്സിന്റെ ദേഹത്തുനിന്ന് വിയർപ്പിന്റെ നാറ്റം മൂക്കിലടിച്ചു കൊണ്ടിരുന്നു.

ഖലീക് എന്റെ കോളറിൽ പിടിച്ചു വലിച്ച് എന്റെ മൂക്ക് അയാളുടെ രോമനിബിഡമായ കക്ഷത്തിലേക്കടുപ്പിച്ചു, "അധ്വാനിക്കുന്ന ഭാരതീയന്റെ മണമെന്തെന്നു മനസ്സിലായോ?"

ഞാൻ അയാളെ പിടിച്ചു തള്ളിയപ്പോൾ അയാൾ കയ്യേറ്റത്തിനു മുതിർന്നു. എനിക്ക് നിഷ്പ്രയാസം അയാളെ അടിക്കാമായിരുന്നു. എന്നാൽ അടികൊണ്ടാലും ജയം അയാൾക്കായിരിക്കുമെന്ന് ജോഷിജി അഭിപ്രായപ്പെട്ടു. അയാളുടെ തെറ്റോ – ശരിയോ ആയ എതിർപ്പിന്റെ

മുമ്പിൽ എന്റെ 'ഒത്തു തീർപ്പു മനോഭാവം' പരാജയലക്ഷണമായി കരുതപ്പെടും. ഞാൻ എന്തെങ്കിലും ജോലി ചെയ്യുന്നതുതന്നെ 'ഒത്തു തീർപ്പു മനോഭാവം' കൊണ്ടാണെന്നു വ്യക്തം.

ഈ സമയത്ത് ഞാൻ അതേ ഒത്തുതീർപ്പ് മനോഭാവം പ്രകടിപ്പിച്ചു. "ഖലീക്, ഞാനും നിങ്ങളെപ്പോലെ അധ്വാനിക്കുന്നവൻ തന്നെ. പേനയുന്തി ആഹാരത്തിനു വഴി തേടുന്നവൻ. ഇന്ന് അവധിയായിരുന്നു. എന്നിട്ടും പകൽ മുഴുവൻ ഡോക്യുമെന്ററി എഴുതിക്കൊണ്ടിരുന്നു. ആയിരം രൂപ പ്രതിമാസ വരുമാനമുള്ള ഒരു സാധാരണ ഉദ്യോഗസ്ഥൻ പോലുമാകാൻ എനിക്കു സാധിച്ചില്ല."

ഖലീക് അല്പം മയപ്പെട്ടു. എന്നിട്ട് അയാൾ മംഗളം നേർന്നു, "നിങ്ങൾ ഒരു സാധാരണ ഉദ്യോഗസ്ഥനായിത്തീരും. അതിനെക്കാൾ അല്പം പോലും മെച്ചപ്പെടുകയില്ല."

എന്നിട്ട് ജീവിതത്തിൽ എന്തെങ്കിലും ആയിത്തീർന്ന ഞങ്ങളുടെ എല്ലാ പരിചയക്കാരുടെയും വിപ്ലവകാരികളായ ആത്മാക്കൾക്ക് മുറയനുസരിച്ച് ആദരാഞ്ജലികളർപ്പിച്ചു.

തർപ്പണം നടത്തി ഖലീക് സന്തുഷ്ടനായി. പക്ഷേ ആ സന്തുഷ്ടി എന്റെ കഴുത്തിൽ ഭാരമായി തൂങ്ങി. അയാൾ പാർക്കുന്ന അന്ധേരിയിലെ കുടിലിലേക്കു ചെല്ലണമെന്നു ശാഠ്യം തുടങ്ങി. അയാൾ പറഞ്ഞു, "എന്റെ കക്ഷം മണപ്പിച്ചതുകൊണ്ട് നിങ്ങൾക്ക് നവോന്മേഷം ഉണ്ടായതുപോലെ, അവിടുത്തെ ഗന്ധം ആസ്വദിച്ച് നിങ്ങളുടെ എല്ലാ ബൂർഷ്വാ പഴമകളിൽ നിന്നും മോചനം നേടാം." ശൈലേന്ദ്രന്റെ പാട്ട് ഹിറ്റായത് അയാൾ തന്റെ കുടിലിൽ നാലു മണിക്കൂർ ചെലവഴിച്ചതിന്റെ ഫലമാണെന്ന് ഖലീക് അവകാശപ്പെട്ടു.

"നാണമില്ലേ, സ്നേഹിതരേ" ഖലീക് ചോദിച്ചു. "ഗാന്ധിയപ്പൂപ്പൻ സഖാവായിരുന്നില്ല. ബിർളാ ഹൗസ് അദ്ദേഹത്തിനുവേണ്ടി തുറന്നിട്ടിരിക്കുകയായിരുന്നു. എന്നിട്ടും അദ്ദേഹം കുടിലിലാണു താമസിച്ചത്. ഈ ചാണകത്തിന്റെ നാടുമായി തന്റെ ട്യൂണിങ് ഒത്തുപോകാൻ വേണ്ടി."

ശകാരത്തിൽ നിന്ന് തെറിയിലേക്കും, തെറിയിൽ നിന്ന് ആഭാസകരമായ കൈമുദ്രയിലേക്കും, അവസാനം നഗ്നതാ പ്രദർശനത്തിലേക്കും അയാൾ മുന്നേറി. ഗത്യന്തരമില്ലാതെ ഞാൻ അയാളുടെ കൂടെ അന്ധേരിക്കു പോകുന്ന ഡബ്ൾ ഫാസ്റ്റിൽ കയറി. വഴി മുഴുവൻ ഞാൻ അയാളുടെ പ്രവചനത്തിന്റെയും ട്രെയിനിന്റെയും കുലുക്കം സഹിച്ചു. പ്രവചനത്തിനിടയ്ക്ക് അയാൾ പ്രഖ്യാപിച്ചു, "മനോഹർ ശ്യാം ജോഷിയെപ്പോലുള്ള ഹറാം പിറന്ന എഴുത്തുകാരെല്ലാം തങ്ങളുടെ മീഡിയോക്രിറ്റിയുടെ ചെളിയിൽ കിടന്നുരുണ്ട്, ഒരു ദിവസം അതിൽത്തന്നെ മുങ്ങിമരിക്കും. ഖലീക്കിന്റെ രചനകൾ കണ്ട് ഉച്ഛിഷ്ടഭോജികളായ

എഴുത്തുകാർ പരിഭ്രമിക്കുന്നു, അയാളുടെ വ്യക്തിത്വത്തെ വെറുക്കുന്നു. പക്ഷേ, ഈ ഖലീക് പുസ്തകത്താളുകളിലും വായനക്കാരുടെ മനസ്സിലും നൂറ്റാണ്ടുകളോളം ജീവിച്ചിരിക്കും. ബീഡിക്കു പകരം സിഗററ്റും, വാറ്റുചാരായത്തിനു പകരം വിസ്കിയും, പട്ടിണിക്കു പകരം മൃഷ്ടാന്നവും, തൊഴിലില്ലായ്മയ്ക്കു പകരം തൊഴിലും, അസൗകര്യത്തിനു പകരം സൗകര്യവും കൈവെള്ളയ്ക്കു പകരം ടിഷ്യൂപേപ്പറും, കീറത്തുണിക്കു പകരം ഡൺലപ്പ്മെത്തയും കൈവശപ്പെടുത്തിയവർ ഈ ദരിദ്രരാജ്യത്തെ എഴുത്തുകാരാണെന്നവകാശപ്പെടുന്നു! അവരെല്ലാം അഗമ്യഗമനം നടത്തുന്ന രതിവൈകൃതക്കാരാണ്! അവർക്ക് സാഹിത്യകാരന്മാരുടെ സ്വർഗത്തിൽ പ്രവേശനം നിഷേധിക്കപ്പെടും. ആ സ്വർഗത്തിൽ ഈ ദരിദ്രരാജ്യത്തെ ഭാഷയുടെയും സാഹിത്യത്തിന്റെയും പ്രതിനിധിയാകാൻ യോഗ്യനായ ഒരാളേയുള്ളൂ, ഈ പാവം ഖലീക്."

മഹാനായ ആ ജീനിയസ് തന്റെ മാസ്റ്റർ പീസ് എഴുതുന്നതിൽ വ്യാപൃതനാണെന്നും ഉന്നതനിലവാരം പുലർത്തുന്ന പ്രസ്തുത സാധനം എന്താണെന്ന് എഴുത്തുകാരനായ ഖലീക്കിനുപോലും പൂർണമായും മനസ്സിലായിട്ടില്ലെന്നും അയാൾ സൂചിപ്പിച്ചു. ആ സ്ഥിതിക്ക് ഈ രാജ്യത്തെ മീഡിയോക്കർ എഴുത്തുകാർ എന്തു കുന്തമാണ് മനസ്സിലാക്കുക? ഈ നോവൽ അച്ചടിക്കാൻ ഒരു തെണ്ടിയും തയ്യാറാവുകയില്ലെന്നും അനുമാനിക്കാം. അച്ചടിച്ചാൽത്തന്നെ ഒരു തെണ്ടിയും വായിക്കുകയില്ല. വായിച്ചാൽത്തന്നെ ഒരു തെണ്ടിക്കും മനസ്സിലാവുകയില്ല. മനസ്സിലായാൽത്തന്നെ അസൂയകാരണം ഒരു തെണ്ടിയും പ്രശംസിക്കുകയില്ല. എന്നാൽ ഒരു ദിവസം ഞാൻ സാഫല്യം നേടുമെന്ന് എനിക്കു വിശ്വാസമുണ്ട്. പക്ഷേ അന്നത്തേക്ക് നിങ്ങളും ജീവിച്ചിരിക്കുമോ എന്നറിയാൻ പാടില്ല. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ മനസ്സിലാക്കപ്പെടാൻ സാധ്യതയുള്ള ഖലീക് എന്ന സാഹിത്യകാരൻ ഇന്ന് കുടിലിലിരുന്ന് എഴുതുന്നു!

ദയനീയമായ ആ ചേരിയിലെ ഏറ്റവും ദയനീയമായ കുടിലായിരുന്നു ഖലീക്കിന്റേത്. അയാൾ അവിടെയും ഇവിടെയുമൊക്കെ തപ്പി ഒരു മണ്ണെണ്ണ വിളക്ക് കണ്ടുപിടിച്ചു കത്തിച്ചു. കുടിലിനകത്തെ വിപ്ലവാത്മകമായ അരാജകത്വം വെളിച്ചത്തുവന്നു. ഒരു മൂലയ്ക്കുകിടക്കുന്ന കടലാസ്കൂന കണ്ടപ്പോൾ രാത്രിമുഴുവൻ ഈ അനശ്വരകൃതി കേൾക്കേണ്ടിവരുമല്ലോ എന്ന് ഞാൻ വിചാരിച്ചു. എന്നാൽ ആശ്ചര്യമെന്നു പറയട്ടെ, സ്വന്തം കൃതി വായിച്ചു കേൾപ്പിക്കാനുള്ള എഴുത്തുകാരന്റെ സഹജമായ ഉത്സാഹം അയാൾ പ്രദർശിപ്പിച്ചില്ല. കൈവശം പൈസവല്ലതുമുണ്ടോ, അതോ ബുദ്ധിപോലെ പോക്കറ്റും ശൂന്യമാണോ എന്നറിയാനാണ് അയാൾ താല്പര്യം പ്രകടിപ്പിച്ചത്.

ഞാൻ പോക്കറ്റുകൾ തപ്പുന്നതായി ഭാവിച്ചു. കുറച്ചു ചില്ലറ കൊടുത്ത് ശല്യം ഒഴിവാക്കാം.

ഖലീക് വളരെ ഭവ്യതയോടെ പറഞ്ഞു, "താങ്കൾ വെറുതേ ബുദ്ധിമുട്ടണ്ടാ. ഈ ഭൃത്യൻ തന്നെ താങ്കളുടെ പോക്കറ്റുകൾ പരിശോധിക്കാം."

എന്റെ പല പോക്കറ്റുകളിൽ നിന്ന് അയാൾ അഞ്ചിന്റെ രണ്ടു നോട്ടും, ഒന്നിന്റെ മൂന്നുനോട്ടും ഒന്നേകാൽ രൂപയുടെ ചില്ലറയും കണ്ടെടുത്തു. ചില്ലറത്തുട്ടുകൾ എന്റെ പോക്കറ്റിൽ തിരികെ ഇട്ടുകൊണ്ട് ഖലീക് പറഞ്ഞു "ഏമാനേ, ഇത് അങ്ങേയ്ക്കിരിക്കട്ടെ." നോട്ടുകൾ സ്വന്തം പോക്കറ്റിൽ തിരുകിക്കയറ്റിക്കൊണ്ടു പറഞ്ഞു, "ഇത് ആഘോഷിക്കാൻ വേണ്ടി." എന്നിട്ട് ബീഡിയുടെ പരസ്യമുള്ള ചാക്കുസഞ്ചി എടുത്തു. "ഞാൻ ഒരല്പം ഷോപ്പിങ് നടത്തിയിട്ടുവരാം, ബ്രദർ."

നേരം കളയാമെന്നു വിചാരിച്ച് ഞാൻ മൂലയ്ക്കു കിടന്ന കടലാസ് കൂമ്പാരത്തിൽ കൈവച്ചു. വെറുതേ മറിച്ചുനോക്കാം. ഖലീക് വാതില്ക്കൽ നിന്ന് അലറി, "ങേ, ങേ... എന്റെ കൃതി നിന്റെ അശുദ്ധമായ കൈകൊണ്ടു തൊടരുത്." അയാൾ മടങ്ങിവന്ന് കടലാസുകൾ വാരിയെടുത്ത് ഒരു പൊട്ടിയ പെട്ടിയിലിട്ട് എങ്ങനെയോ താഴിട്ടുപൂട്ടി.

ഖലീക് ഷോപ്പിങ് കഴിഞ്ഞു വന്നു. അരകുപ്പി വാറ്റുചാരായം, രണ്ടുകെട്ട് ബീഡി, കുറച്ച് അരി, ഉരുളക്കിഴങ്ങ്, ഒരു പായ്ക്കറ്റ് തേയില – ഇത്രയും സാധനങ്ങൾ സഞ്ചിയിൽ നിന്നും പുറത്തെടുത്തു.

തുടർന്ന് സ്റ്റൗ കണ്ടുപിടിക്കാനുള്ള ശ്രമമാരംഭിച്ചു. അത് പഴന്തുണികളുടെ കൂട്ടത്തിൽ ഒളിച്ചിരിക്കുന്നതുകണ്ടു. സ്റ്റൗവിൽ എണ്ണ ഇല്ല. ഖലീക് പറഞ്ഞു, "എന്താ നോക്കിക്കൊണ്ടിരിക്കുന്നത്? പോയി മണ്ണെണ്ണ വാങ്ങിക്കൊണ്ടുവാ. മുഴുവൻ പണവും എന്നെക്കൊണ്ടു ചെലവാക്കിക്കാമെന്നാണോ നിങ്ങളുടെ വിചാരം? മണ്ണെണ്ണ ഇല്ലാതെ ഡിന്നറുണ്ടാക്കുന്നതെങ്ങനെ? നിങ്ങളുടെ മൂത്രമൊഴിച്ച് വിളക്കു കത്തിക്കാമായിരിക്കും, പക്ഷേ എന്റെ സ്റ്റൗ കത്തുകയില്ല."

കയ്യിൽ മിച്ചമുണ്ടായിരുന്ന ചില്ലറയുടെ ഒരു ഭാഗം മണ്ണെണ്ണയ്ക്കു ചെലവാക്കി. അതിനിടയ്ക്ക് ഖലീക് ചാരായം നീറ്റായി കുടിക്കാൻ തുടങ്ങി.

അയാൾ പറഞ്ഞു, "ഡാർലിങ്, നിങ്ങൾക്ക് ചായയുണ്ടാക്കാൻ അറിയാമല്ലോ. പുറത്തെ പൈപ്പിൽ നിന്ന് വെള്ളം നിറച്ചുകൊണ്ടു വരൂ. ഈ നാടൻ വോഡ്കയിൽ ചേർക്കാനും വെള്ളം വേണ്ടേ?"

ആ കുടിലിൽ വാലുള്ള ഒരു പഴയ പാത്രവും ഒരു അലൂമിനിയം കലവും മാത്രമാണുണ്ടായിരുന്നത്. മനോഹർ രണ്ടിലും വെള്ളം നിറച്ചുകൊണ്ടു വന്നു. വാലുള്ള പാത്രം പലതവണ തേച്ചുകഴുകി. ഇത്രയേറെ കഴുകിയിട്ടും മനോഹറിന്റെ ബ്രാഹ്മണ സംസ്കാരം ആ പാത്രത്തിലെ

വെള്ളം കുടിക്കാൻ മടിച്ചു.

ഞാൻ പാലും പഞ്ചസാരയും ചേർക്കാത്ത ചായ ഉണ്ടാക്കി. ചായക്കപ്പ് കയ്യിലെടുത്തുകൊണ്ട് ഖലീക് പറഞ്ഞു, "ഹെമിങ്‌വേയുടെ മാറിലെ രോമങ്ങളാണെ സത്യം! വീട്ടുജോലി ചെയ്യുന്ന എന്റെ പ്രിയതമേ, നീയെത്ര സ്നേഹമയിയാണ്!"

ഞാൻ കൈവയ്ക്കാൻ തയ്യാറായി. എന്നാൽ പരിഷ്കൃതനായ ജോഷിജി ചായയുടെ കൂടെ കോപം കടിച്ചിറക്കി. ഖലീക് വീണ്ടും, "ജോഷീ, ഞാൻ സീരിയസായി പറഞ്ഞതല്ലേ. നിങ്ങൾക്ക് ഇങ്ങനെ എന്നെ സേവിച്ചു കഴിഞ്ഞുകൂടെ? ഹുക്ക നിറച്ചു നിറച്ച് എന്റെ ശിഷ്യത്വം സ്വീകരിച്ച് എന്തെങ്കിലും പഠിക്കാൻ പറ്റും."

എന്റെ മൗനം ദൗർബല്യത്തിന്റെ ലക്ഷണമെന്നു കരുതി ഖലീക് പറഞ്ഞു, "അതിൽ നിങ്ങൾക്ക് വിഷമം തോന്നണ്ടാ. നിങ്ങൾ പഹാഡി (മലമ്പ്രദേശത്തുകാരൻ) പയ്യന്മാർ പാത്രം തേക്കാൻ വേണ്ടിയാണ് സമതലങ്ങളിലേക്കു വരുന്നത്."

എനിക്ക് സഹിക്കാൻ പറ്റാതായി.കൈവീശി അടിച്ചു. ഇത്തവണ അയാൾ ആക്രമണത്തിൽ നിന്ന് രക്ഷനേടാൻ കരുതി ഇരിക്കുകയായിരുന്നു; കയ്യുയർത്തി അടി തടഞ്ഞു. പിന്നീട് കവിളത്ത് വീഴാറായ എന്റെ കൈ ചുംബിച്ചുകൊണ്ടു പറഞ്ഞു, "വയലൻസ്! ഉഴിഞ്ഞു മാറ്റിയിട്ടുപോകാം! ജോഷി, വയലൻസിന്റെ ഈ ആവേശം നിങ്ങളിലുള്ളിടത്തോളം നിങ്ങൾ പ്രതീക്ഷയ്ക്കു വകനല്കുന്നു. യൂ ആർ നോട്ട് എ ബേൺഡൗട്ട് കേയ്സ്. പക്ഷേ ഈ വയലൻസിനെ വിപ്ലവത്തിന്റെ കുപ്പായം ധരിപ്പിക്കണം."

തനിക്കുണ്ടായ കോപവും കോപത്തിൽ നിന്നുണ്ടായ താപവും മറക്കാൻവേണ്ടി ജോഷിജി ചാരായം പിടിയില്ലാത്ത മഗ്ഗിലേക്കുപകർന്നു. കുറച്ചു വെള്ളം ചേർക്കാനാലോചിച്ചെങ്കിലും മനോഹറിനെ മാനിക്കാതിരിക്കാമെന്ന തീരുമാനം കൈക്കൊണ്ടു. ശുദ്ധമായ നവസാരം അയാളുടെ തൊണ്ടപൊള്ളിച്ചു.

ഖലീക് എഴുന്നേറ്റു ചായ തിളപ്പിച്ച പാത്രത്തിൽ വെള്ളം പകർന്നു. അരി പേറ്റുകയോ പെറുക്കുകയോ കഴുകുകയോ ചെയ്യാതെ ആ വെള്ളത്തിലിട്ടു. അതിന്റെ കൂടെ ഉരുളക്കിഴങ്ങും ഇട്ടു. പാത്രം സ്റ്റൗ മേൽ വച്ചു.

എന്നിട്ട് അയാൾ പറഞ്ഞു, "ആശാന്റെ ശിഷ്യനായ സ്ഥിതിക്ക് നിന്റെ മനസ്സ് അല്പം ഇംപ്രൂവ് ചെയ്യിക്കാം."

ഓ! ഇനിയിപ്പോൾ മാസ്റ്റർ പീസ് പാരായണം ആരംഭിക്കും, ഞാൻ വിചാരിച്ചു. ഇല്ല, ഖലീക് പഴന്തുണിക്കൂട്ടത്തിൽ നിന്ന് ഒരു പോക്കറ്റ് ബുക്ക് തപ്പി എടുത്തു. ഏതോ ഫുട്പാത്ത് വ്യാപാരിയിൽ നിന്നു വാങ്ങിക്കൊണ്ടുവന്നതായിരിക്കണം. അയാൾ വായിച്ചു തുടങ്ങി. "ബീ വിദ്

മീ, ലുയീ ദ സാൻ ഏയ്ഞ്ചൽ, നൗ വിറ്റ്നസ് ബിഫോർ ദ റൈഡ്സ് ക്യാൻ റെസ്റ്റ് എവേ, ദ വേഡ് ഐ ബ്രിംഗ്..."

ജോഷിജി കേൾക്കുന്നതിനെക്കാൾ കൂടുതലായി ചിന്തിക്കുകയായിരുന്നു.ഈ കവിത ആരുടേതാണ്? പെട്ടെന്ന് അദ്ദേഹത്തിനോർമ വന്നു. അദ്ദേഹം പറഞ്ഞു, "ഹാർട്ട് ക്രേനിന്റെ ആവേ മറിയ"

ഖലീക് അദ്ദേഹത്തെ തുറിച്ചു നോക്കി, "അങ്ങയോടാരെങ്കിലും എന്തെങ്കിലും ചോദിച്ചോ, രാജകുമാരാ? ക്ലാസ്സിൽ അടങ്ങിയിരിക്കൂ."

സാമാന്യം ദീർഘവും സങ്കീർണവുമായ ആ കവിത മുഴുവൻ ഞാൻ കേട്ടുകൊണ്ടിരുന്നു. പോരാത്തതിനു 'വാട്ട് – വാസ്...'മട്ടിലുള്ള അയാളുടെ ഇംഗ്ലീഷുച്ചാരണവും ഇംഗ്ലീഷ് കവിതയെ കവിയരങ്ങിലെ കളിപ്പാട്ടമാക്കുന്ന സ്വരവും!

ക്രമേണ ഖലീക് സാഹബിന്റെ ശബ്ദം പതറിത്തുടങ്ങി. കണ്ണുകൾ ഈറനണിഞ്ഞു.

"ആദ്യന്തം പൗരാണികവും ചരിത്രപരവുമായ സന്ദർഭങ്ങളും മിത്തിന്റെ സൂചനകളും നിറഞ്ഞ ഈ സീരിയസ് കവിതയിൽ നിങ്ങളുടെ ഹൃദയത്തെ സ്പർശിക്കുന്ന അംശം ഏതാണിഷ്ടാ?" ജോഷിജി ചോദിച്ചു.

ഞാൻ അദ്ദേഹത്തോടു പറഞ്ഞു, "നിങ്ങൾ ബുദ്ധിജീവികൾ കരയുന്നതുപോലും പൗരാണിക സന്ദർഭത്തിൽ മാത്രം. നിങ്ങളുടെ രോദനവും ചരിത്രപരമായിത്തീരട്ടെ."

"സം ഇൻമോസ്റ്റ് സോബ്, ഹാഫ് ഹേഡ്, ഡിസ്വേഡ്സ് ദ ഏബിസ്, മേർജസ് ദ വിൻഡ് ഇൻ മേജർ ടു ദ വെക്സ്" ഖലീക് വായിക്കുകയും മനോഹർ കേൾക്കുകയും ചെയ്തുകൊണ്ടിരുന്നു. ആ വാക്കുകളിൽ തങ്ങളുടെ ഉള്ളിലുയർന്ന ഏതോ തേങ്ങൽ മുഴങ്ങിക്കേട്ടു. ആ വ്യക്തി അതിരാവിലെ നാലുതവണ രക്തം ഛർദിച്ചു. അയാൾ മരിച്ചതോടെ എട്ടു വയസ്സ് പ്രായമുള്ള ബാലൻ അനാഥനായി. ഈ ഛർദി മൂലം പനിനീർച്ചെടി കുറേക്കൂടി ചുവപ്പുള്ളതായി. ഈ ഛർദിച്ചയാൾ ദില്ലിയിൽ നിന്നു മടങ്ങിവന്ന് മനോഹറിനോടു ചോദിച്ചിരുന്നു, "നിന്റെ സൈക്കിൾ വന്നോ?"

"ഓ ദൗ ഹു സ്ലീപെസ്റ്റ് ഓൺ ദൈസെൽഫ് എപാർട്ട്, ലൈക് ഓഷൻ എത്വാർട്ട്ലെൻസ് ഓഫ് ബർത്ത് ആൻഡ് ഡെത്ത്" ഖലീക് വായിച്ചുകൊണ്ടിരുന്നു.

കവിത തീർന്നു. ഖലീക് എഴുന്നേറ്റു നിന്നു. അയാൾ ചിട്ടപ്പടി കരയുന്നുണ്ടായിരുന്നു. അല്പം കഴിഞ്ഞ് അയാൾ കണ്ണു നീർതുടച്ച് നാടകീയ ശൈലിയിൽ കവിതയുടെ ഒരു ഈരടി ആവർത്തിച്ചു. "ഇൻക്വിസിറ്റർ! ഇൻകൊഗ്നിസിബ്ൾ വേസ് ഓഫ് ഏഡൻ ആൻഡ് ദ അൺചെയ്ൻഡ് സെഫൽക്കർ, ഇന്റു ദൈ സ്റ്റീപ് സൈവാനാജ്,

ബേണിംഗ് ബ്ലൂ, അട്ടർ ടു ലോൺലിനെസ് ദ സെയ്ൽ ഈസ് ട്രൂ."

ഖലീക് പുസ്തകമെടുത്ത് ഏതോ അദൃശ്യശത്രുവിന്റെ മുഖത്തെറിഞ്ഞു. "സൂക്ഷിച്ചു നോക്ക്. പിശാചിനെ കാണാം. അവളുടെ കപ്പൽപ്പായ് കേടുകൂടാതിരിക്കട്ടെ. ഖലീക് തന്റെ പുതിയ ലോകം അന്വേഷിച്ചു കണ്ടെത്തും."

ഏകദേശം തയ്യാറായ ഭക്ഷണത്തിന്റെ ഗന്ധം ഒരു തെണ്ടിപ്പട്ടിയെ ആകർഷിച്ചു. ഖലീക് വിരലുകൾ പൊള്ളിച്ചുകൊണ്ട് അടുപ്പിൽ നിന്ന് പാത്രം വാങ്ങിവച്ചു. ആദ്യം ഭക്ഷണം പട്ടിക്ക് ബലിയായി അർപ്പിച്ചു. പട്ടി മണത്തു നോക്കിയിട്ട് തിന്നാതെ പോയി. ഖലീക് ചിരിച്ചു, അയാൾ വീണ്ടും കൈവിരലുകൾ പൊള്ളിച്ചു കൊണ്ട് അലൂമിനിയം പാത്രം പൊക്കിയെടുത്ത് അതിലുണ്ടായിരുന്ന ഭക്ഷ്യപദാർഥങ്ങൾ മുഴുവൻ ഒരു വൃത്തികെട്ട ചീനപ്പിഞ്ഞാണത്തിലേക്കു കമഴ്ത്തി. ഞങ്ങളുടെ രണ്ടുപേരുടെയും നടുക്ക് നീക്കി വച്ചു. ഞാൻ കൈനീട്ടുന്നില്ലെന്നു കണ്ട് അയാൾ പറഞ്ഞു, "ചാരായത്തിന്റെ ലഹരിയുണ്ടായിട്ടും നിങ്ങളുടെ ഹിന്ദു ഭൂതം ഉണർവോടെ ഇരിക്കുകയാണല്ലോ!"

"ഏയ്, അല്ല" ജോഷിജി തന്റെ പുരോഗമന സ്വഭാവം പ്രകടിപ്പിച്ചുകൊണ്ട് ഒരുരുള വായിലിട്ടു. ഇത്ര വൃത്തികെട്ട ഭക്ഷണം, ഇത്ര വൃത്തികെട്ട പ്ലേറ്റിൽ കഴിക്കാൻ എനിക്കു പ്രയാസമാണെന്ന് അദ്ദേഹത്തിനു പറയാൻ സാധിച്ചില്ല.

അരി പകുതിവെന്തതേയുള്ളു. വെളുത്ത ചെറുകല്ലുകൾ ധാരാളം. ഉരുളക്കിഴങ്ങിന്റെ തൊലിയും അതിൽ പറ്റിയിരുന്ന മണ്ണും ചോറിൽ കലർന്നിട്ടുണ്ട്. തേയിലയുടെ സ്വാദുമുണ്ട്. ഈ ഭക്ഷണം കഴിക്കാൻ തനിക്ക് കഴിവില്ലെന്ന് ജോഷി മനസ്സിലാക്കി. എങ്കിലും ചാരായത്തിന്റെ അകമ്പടിയോട ചെറിയ ഉരുളകൾ തൊണ്ടയിൽ കടത്തിവിട്ടുകൊണ്ടിരുന്നു.

"നമ്മൾ എഴുത്തുകാർ നായ്ക്കളെക്കാളും അധഃപതിച്ചവരാണ്" എന്നു പ്രസ്താവിച്ചുകൊണ്ട് ഖലീക് വേഗംവേഗം ഭക്ഷണം അകത്താക്കി. മിച്ചമുണ്ടായിരുന്ന ചാരായം കുപ്പിയിൽ നിന്നു നേരിട്ടു വായിലൊഴിച്ചു. ഒഴിഞ്ഞ കുപ്പിയുടെ വായിൽ നാവോടിച്ചു. തന്റെ കയ്യും മുഖവും മുഷിഞ്ഞുനാറുന്ന പൈജാമയിൽ തുടച്ചു. എന്നിട്ടു പ്രഖ്യാപിച്ചു, "എഴുത്തുകാരേ, നായ്ക്കളേ, ഈ ക്യാൻഡിൽ ലൈറ്റ് ഡിന്നറിനുശേഷം ഇപ്പോൾ ഇവിടെ ലിറ്ററി മാസ്റ്റർ പീസ് അവതരിപ്പിക്കാൻ പോകുന്നു."

അയാൾ പഴയ പെട്ടി തുറന്ന് കടലാസ്കെട്ട് എടുത്തു. കുറേ നേരം അത് ചിക്കിനോക്കി. എന്നിട്ട് പലയിടത്തുനിന്ന് അഞ്ച് ഷീറ്റ് തെരഞ്ഞെടുത്തു. അത് ക്രമപ്രകാരം അടുക്കി എന്റെ മുമ്പിൽ വന്ന് ഇരുന്നു. മൈനസ് സിക്സ് പോയന്റ് കണ്ണുകളാൽ കടലാസിൽ തുറി

ച്ചുനോക്കി. പിന്നെ കണ്ഠശുദ്ധി വരുത്തുന്ന പ്രക്രിയയിൽ കഫം അവിടെത്തന്നെ തുപ്പി. കടലാസിൽ ഉറ്റുനോക്കിക്കൊണ്ട് ഉറക്കെ അമ്മയെ തെറിവിളിച്ചു.

അതിശക്തനെന്നു ഭാവിക്കുന്ന ഈ ഈർക്കിൽ കവിയുടെ തെമ്മാടിത്തരത്തിന്റെ നാടകം സഹിക്കാവുന്നതിനപ്പുറമായി. ഞാൻ അയാളെ ശകാരിച്ചു, “എന്തു മര്യാദകേടാണെടോ?”

“ങേ?” ഖലീക്കിന്റെ മങ്ങിയ കണ്ണുകൾ തടിച്ച കണ്ണടയ്ക്കുള്ളിലൂടെ എന്നെ തുറിച്ചു നോക്കി. “എടോ, താനെന്താ സെൻസർ ബോർഡംഗമോ? എന്റെ നോവലിന്റെ ശീർഷകത്തോട് തനിക്കെന്താണിത്ര എതിർപ്പ്? ഈ തെറിയാണ് ഹേ, എന്റെ നോവലിന്റെ പേര്. നിങ്ങൾ ഹിന്ദിക്കാർ പറയുന്നതുപോലെ ഈ തെറി പ്രതീകാത്മകമായിട്ടാണ് ഞാൻ പ്രയോഗിച്ചിരിക്കുന്നത്. ഒരു ദേശീയ തെറി, ദേശത്തിനുമൊത്തമായി.”

ജോഷിജി എന്നോടു പറഞ്ഞു, “റഫറൻസ്, ദസ്തേയ്വസ്കിയുടെ - റഷ്യൻ തെറികളെക്കുറിച്ചൊരു ഉപന്യാസം.”

കൈകൊണ്ടെഴുതിയ ഈ അഞ്ചുപുറങ്ങളിൽ നോവലിന്റെ ആമുഖത്തിന്റെ ആരംഭം മാത്രമേ ഉണ്ടായിരുന്നുള്ളു. അതിൽ ഗ്രാമത്തിലെ എല്ലാ വൃദ്ധന്മാരെയും പൂർവികന്മാരെയും അവരുടെ വായിൽ നിന്നു കേട്ട ‘അമ്മത്തെറി’ യിലൂടെ അനുസ്മരിക്കുന്നുണ്ട്. എവിടെ, എന്തിന്, എപ്പോൾ, ഏതുഭാവത്തിൽ അവരിൽ ആര് ഈ തെറിപ്രയോഗിച്ചെന്ന് വളരെ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. അമ്മയുമായി ബന്ധപ്പെടുത്തിയ തെറികളുടെ തറിയിൽ കുടുംബത്തിലെയും ഗ്രാമത്തിലെയും എല്ലാ അമ്മമാരെയും ഭൂമിമാതാവിനെയും തുന്നിച്ചേർത്തിരിക്കുന്നു.

ജോഷിജി എന്നോടു പറഞ്ഞു, “ഖലീക് വൈകൃതത്തിന്റെയും ഭാവവിഹ്വലതയുടെയും വിശിഷ്ടമായ ഈ ജുഗൽബന്ദി അവസാനം വരെ നിർവഹിക്കുകയാണെങ്കിൽ സാധനം തീർച്ചയായും രസകരവും പ്രശംസനീയവുമായിത്തീരും.”

“ഉം കേൾക്കട്ടെ”അദ്ദേഹം ഉത്സാഹത്തോടെ പറഞ്ഞു.

“ഇനിയും വളരെയുണ്ട്. എന്നാൽ തല്ക്കാലം ആരെയും കേൾപ്പിക്കാനുദ്ദേശ്യമില്ല. നമ്മുടെ വർഗത്തിൽ ഐഡിയാമോഷ്ടാക്കൾക്കു ക്ഷാമമില്ല, സഹോദരാ. ഈ ആദ്യഭാഗം തന്നെ രണ്ടുപേരെ മാത്രമേ ഞാൻ കേൾപ്പിച്ചിട്ടുള്ളു - ഒന്ന്, ശ്യാംലാലിനെ, മറ്റൊന്ന് വേറൊരാളിനെ.”

“അതാരാ?” ജോഷിജി ജിജ്ഞാസ പ്രകടിപ്പിച്ചു.

“അതറിയുന്നതെന്തിന്..?...” ഖലീക് നീരസത്തോടെ ചോദിച്ചു. “നിങ്ങൾ സി.ഐ.ഡി.യിലാണോ, ഹേ - സ്വന്തം മാസ്റ്റർപീസിന്റെ ഒരു ഭാഗം വായിച്ചുകേൾപ്പിക്കാനുള്ള യോഗ്യത നിങ്ങൾക്കുണ്ടെന്ന് ഖലീക്

വിചാരിച്ചതു തന്നെ നിങ്ങളുടെ ഭാഗ്യം. ഇനിപ്പറയൂ. നിങ്ങളുടെ അഭിപ്രായം."

"മാസ്റ്റർപീസിനെക്കുറിച്ച് മാസ്റ്റർപീസെന്നല്ലാതെ മറ്റെന്തഭിപ്രായമാണ് പറയുക?" ഞാൻ അഭിപ്രായപ്പെട്ടു. എന്നിട്ട് ലഹരിയുടെ നാടകീയതയിൽ സ്വയംസമർപ്പിച്ചു കൊണ്ടു വിധിപ്രസ്താവിച്ചു "ഖലീക്, നിങ്ങൾ ഷെനെയുടെ മാതാവിനെ ബലി കൊടുത്തിരിക്കുന്നു. നിങ്ങളുടെ മഹത്ത്വം മനസ്സിലാക്കുന്നതിന് ഒരു സാർവത്രികന്റെ ദൃഷ്ടി ആവശ്യമാണ്."

ഖലീക് എന്റെ കഴുത്തിൽ കയ്യിട്ടു. അതേ നാടകീയതയോടെ അയാൾ പ്രഖ്യാപിച്ചു, "പ്രിയ ജോഷീ, കഥയെഴുത്തുകാരനാണെങ്കിലും നിങ്ങൾ എത്ര വലിയ — ആണെന്ന് കുറഞ്ഞപക്ഷം എന്നിൽ നിന്നു മറച്ചു വയ്ക്കാനാവുകയില്ല. എന്നാലും സാഹിത്യകാര്യങ്ങളിൽ നിങ്ങൾക്കുള്ള അറിവും പിടിപാടും ഗ്രഹണശക്തിയും ഞാൻ അംഗീകരിക്കുന്നു. നിങ്ങൾ നല്ല വാക്ചാതുര്യമുള്ള, അഭ്യസ്തവിദ്യനായ സാഹിത്യകാരനാണ്. ബാക്കി അലവലാതികളെല്ലാം ജന്മം കൊണ്ടും വംശം കൊണ്ടും നിരക്ഷരകുക്ഷികളാണ്. ഇന്ത്യക്കാരായ ഈ നാറികൾ പുറമേ വിദേശസൂട്ടുകൾ ധരിച്ചാലും ഇവരുടെ ഉള്ളിൽ ഓരോ ചാൺ ചേറ് അടിഞ്ഞുകിടക്കുകയാണ്."

ഇത്രയും പറഞ്ഞശേഷം ഗ്രാമീണനായ ഖലീക് ചിന്താമഗ്നനായി. കുറച്ചു കഴിഞ്ഞു ചോദിച്ചു, "ചങ്ങാതീ, നേര് പറയണം. ഈ സാധനത്തിന്റെ കണ്ണും മൂക്കും തമ്മിൽ ചേർച്ചയുണ്ടോ? ഐഡിയാ ശരിയല്ലേ? എങ്ങനെയിരിക്കും?"

"ഓടും" ഞാൻ പറഞ്ഞു, "ഡർബിയിൽ ജയിച്ച കുതിരയെപ്പോലെ."

ഖലീക് സന്തുഷ്ടനായി. "വഷളൻ സാർത്ര് ഇതിന്റെ ഫ്രഞ്ച് തർജമ എന്നു വായിക്കുമോ, ആവോ! എന്തായാലും സാർത്രിനെ വായിക്കുകയും മനസ്സിലാക്കുകയും ചെയ്ത ശ്യാംലാലിൽ നിന്നും സാർത്രിന്റെ മുമ്പും പിമ്പും തിരിച്ചറിയുന്ന ജോഷിയിൽ നിന്നും, ഈ പാവപ്പെട്ട, മടയനായ ഖലീക് ദാദാ അതെടുത്തു. അതൊരു ചെറിയ കാര്യമല്ല. വളരെ വലിയ കാര്യമാണ്, വളരെ വളരെ വലിയ കാര്യം."

ഓരോ 'വലിയ' ശബ്ദവും ഉച്ചരിക്കുന്നതോടൊപ്പം ഖലീക് അവർകൾ എനിക്ക് ഓരോ ചെറുചുംബനം നല്കിക്കൊണ്ടിരുന്നു. അയാളുടെ കാലുകൾ വേച്ചുതുടങ്ങി; എങ്ങലടിച്ചു തുടങ്ങി.

ഞാൻ നിർദേശിച്ചു, "വിശ്രമിക്കൂ."

അയാൾ അവിടെ തറയിൽ നീണ്ടു നിവർന്നു കിടന്നു. കയ്യെഴുത്തുപ്രതി ചുംബിച്ചുകൊണ്ട്, തേങ്ങലോടെ ചോദിച്ചു, "ഗ്രേയ്റ്റ് അല്ലേ?"

ഞാൻ കതകിൽ പിടിച്ചു നേരെ നിന്നുകൊണ്ടു മറുപടി പറഞ്ഞു,

"സിംപ്ളി ഗ്രേയ്റ്റ്."

ഈ സങ്കീർത്തനം അല്പം നീണ്ടു. കൂടുതൽ നീളുമായിരുന്നു. പക്ഷേ, അപ്പോഴേക്കും ഖലീക് സാഹബ് ഗ്രേയ്റ്റിന്റെ 'ഗ്രേ' കുറെ നീട്ടി, അതോടൊപ്പം ഛർദിക്കുകയും ചെയ്തു. ചാരായത്തിന്റെ കൂടെ അകത്താക്കിയ ഭക്ഷണത്തിന്റെ നാലിൽ മൂന്നു ഭാഗം തറയിലും നാലിലൊന്ന് കയ്യെഴുത്തു പ്രതിയിലും വീണു.

ഖലീക് കരയാൻ തുടങ്ങി. തന്റെയും ലോകത്തിന്റെയും ദുഃഖകരമായ നശ്വരതയെക്കുറിച്ച് മുന്നറിയിപ്പുണ്ടായി. ഖലീകിന്റെ അല്പത്വത്തിന്റെ ചെള്ള് അയാളുടെ ആരോഗ്യത്തെയും ടാലന്റിനെയും നശിപ്പിക്കുമെന്ന ആശങ്കയുണ്ടായി. ഈ നീചൻ സ്വയം നശിക്കും, അതോടൊപ്പം തന്റെ സ്വപ്നവും മാസ്റ്റർ പീസും നശിപ്പിക്കും.

ഇത്തരം നിസ്സാരമായ അഭ്യൂഹങ്ങൾ ശ്രദ്ധിക്കരുതെന്ന് ഞാൻ ഖലീക്കിനെ ഉപദേശിച്ചു. എന്നാൽ ഖലീക് ഖലീക്കിനെ അല്പനാണെന്നു സ്ഥാപിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.

മനോഹർ ചരുവത്തിൽ വെള്ളം നിറച്ചുകൊണ്ടുവന്നു. അയാൾ ഖലീക്കിനെ വായും മുഖവും കഴുകിച്ചു. കൈകാലുകൾ കഴുകിച്ചു. ഛർദിലിന്റെ മുകളിൽ മണ്ണു വാരിയിട്ടു. ഒരു കീറത്തുണികൊണ്ട് കയ്യെഴുത്തു പ്രതി തുടച്ച് പെട്ടിയിലിട്ടു.അതിനുശേഷം പഴന്തുണി വൃത്തിയായി വിരിച്ചു. അയാളെ താങ്ങി എഴുന്നേല്പിച്ച് വിരിച്ച തുണിയിൽ കിടത്തി.

ഇതെല്ലാം ചെയ്യുമ്പോൾ താൻ പഹാഡി പയ്യനാണെന്നും മറ്റും ഖലീക് ആക്ഷേപിച്ചു തുടങ്ങുമോ എന്ന് മനോഹറിന് ആശങ്കയുണ്ടായിരുന്നു. എന്നാൽ ഖലീക് സാഹബ് പരിഹാസംവിട്ട് ശുദ്ധമായ വികാരവൈവശ്യത്തോടെ സംസാരിച്ചു. "മുജ്ജന്മത്തിൽ വിശ്വസിക്കാൻ ഇസ്ലാം അനുമതി നല്കുന്നില്ല. എന്നാൽ മുജ്ജന്മം പോലെ വല്ല സംഗതിയുമുണ്ടെങ്കിൽ ഈ മനോഹർ ശ്യാം ജോഷി തീർച്ചയായും ഈ ഖലീക്കിന്റെ സ്വന്തം സഹോദരനായിരുന്നു."

ഡെത്ത്സീനിന്റെ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് ഖലീക് എന്റെ കൈ പിടിച്ചു. എന്നിട്ട് എന്നോട് ഒരു വാഗ്ദാനമാവശ്യപ്പെട്ടു, "ജീനിയസ് ഖലീക് ഇന്നോ നാളെയോ, അല്ലെങ്കിൽ എന്നെങ്കിലും മരിച്ചു പോവുകയാണെങ്കിൽ മാസ്റ്റർപീസ് പൂർണമായും ഭംഗിയായും അച്ചടിപ്പിക്കുന്ന ജോലി നിർവഹിക്കണം. ആസനം താങ്ങികളിൽ ഒരുത്തനെയും കൂട്ടുപിടിക്കരുത്. മരണം നിയമാനുസരണം ഖലീക്കിനെ കൂട്ടിക്കൊണ്ടുപോകുന്നതുവരെ നിങ്ങൾ ഇതുപോലെ ഇവിടെ വന്നുകൊണ്ടിരിക്കണം. മാസ്റ്റർ പീസ് എത്രത്തോളമെഴുതി, എങ്ങനെ ബാക്കി എഴുതും എന്നൊക്കെ അന്വേഷിച്ചുകൊണ്ടിരിക്കണം."

ഞാൻ വാഗ്ദാനം ചെയ്തു വിടവാങ്ങി. എന്നാൽ ഖലീക് എനിക്ക്

വിടതരാനുള്ള മൂഡിലായിരുന്നില്ല. ഈ കാളരാത്രിയിൽ ഞാൻ അദ്ദേഹത്തിന്റെ തലയ്ക്കൽ കാവൽ നില്ക്കണമെന്നാണ് ആഗ്രഹം. മനോഹർ അതിനൊരുക്കമല്ലായിരുന്നു. ഞാൻ 'നാളെ വരാം' എന്നു പറഞ്ഞ് വെളിയിൽ ചാടി.

ഖലീക് മുരണ്ടു, "നിങ്ങളൊരിക്കലും വരികയില്ല, ജോഷീ. എന്റെ നോവലിന്റെ പേര് തന്നെയാണ് നിങ്ങളുടേതും."

അദ്ദേഹത്തിന്റെ ആദ്യത്തെ അനുമാനം ശരിയായിരുന്നു. രണ്ടാമത്തേതിനെക്കുറിച്ച് ഞാനെന്തു പറയാൻ?

ഖലീക് കരഞ്ഞുകൊണ്ടുപാടുന്നതുകേൾക്കാമായിരുന്നു "അട്ടർ ടു ലോൺലിനെസ് ദ സെയ്ൽ ഈസ് ട്രൂ."

ജോഷിജി, റഫറൻസ്: ഡൈലൻ തോമസ്.

മനോഹറിന്, ജീവിതത്തിലെ എല്ലാ പ്രതിസന്ധികളിലും പരാജയപ്പെട്ട് അടുത്തകാലത്ത് അന്തരിച്ച സ്വന്തം ജ്യേഷ്ഠനെ ഓർമ വന്നു.

എങ്കിലോ ജീവിതത്തിനു മുമ്പ്

ജോഷിജി അവിസ്മരണീയമായ ആ സായാഹ്നത്തെ മാഗ്നിഫൈയിങ് ഗ്ലാസ്സിനടിയിൽ വച്ചുകൊണ്ട് എന്നോട് കൂടിയാലോചന നടത്തി. ഞാൻ അദ്ദേഹത്തോടു പറഞ്ഞു, "പ്രിയമുള്ള സാറേ, ഖലീക് മറ്റൊരാളെക്കൂടി തന്റെ നോവൽ വായിച്ചു കേൾപ്പിച്ചു. അയാളുടെ പേര് താങ്കളോടു പറഞ്ഞില്ല. ആരെങ്കിലും സ്വയം സമർപ്പിതരായി താങ്കളെപ്പോലുള്ളവരുടെ സാഹിത്യം സമർപ്പണം ചെയ്യുന്നതിനായി ബുക്കിങ് നടത്തിയെങ്കിൽ മാത്രമേ താങ്കളെപ്പോലുള്ളവർ സാഹിത്യസേവനത്തിനൊരുമ്പെടുകയുള്ളൂ. പ്രേമത്തിൽ ദേവദാസായി മാറാതെ ഏതു മരമണ്ടൻ 'അട്ടർ ടു ലോൺലിനെസ് ദ സെയ്ൽ ഈസ് ട്രൂ' തുടങ്ങിയ അർഥമില്ലാത്ത വരികൾ വായിച്ചു കരയും? മാത്രവുമല്ല – അപ്സരസിനെ അഘോര ഭൈരവൻ ആവശ്യപ്പെട്ടാൽ എന്റെ തന്തയ്ക്കാണോ നഷ്ടം?"

ജോഷിജിക്ക് എന്റെ ഈ തീർപ്പിൽ ദുഃഖമുണ്ടായി. ഇത്തരം കാര്യങ്ങളിൽ തന്റെ അയോഗ്യതയെക്കുറിച്ച് അദ്ദേഹത്തിന് തീവ്രമായ ബോധമുണ്ട്.

അപ്പോൾ ശ്രീമാൻ ഭാരതി ഗസ്റ്റ് ഹൗസിലെ റൂമിൽ ദുർല്ലഭവും അതേ സമയം സുഖകരവുമായ ദർശനം നല്കി. ഞാൻ ജോഷിജിയോടു പറഞ്ഞു – ഈ കഥയും പത്രപംക്തിയിലുൾപ്പെടുത്തി എഡിറ്റർ സാറിനെ കേൾപ്പിക്കാം. എന്നാൽ ജോഷിയുടെ ദുർഭാഗ്യമെന്നു പറയട്ടെ, എഡിറ്റർ ഭാരതി കവി അവതാരത്തിലാണ് പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. ഉള്ളം കയ്യിൽ വച്ചിരിക്കുന്ന മുല്ലപ്പൂമാല മണക്കുകയും തിര്യഗവസ്ഥയിൽ മന്ദഹസിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു, "വിപ്രശ്രേഷ്ഠാ, വരൂ കാപ്പികുടിക്കാം."

ബാംബേലിയിൽ കാപ്പി കുടിച്ചുകൊണ്ടിരുന്നപ്പോഴും അനന്തരം ഒഴിഞ്ഞ കപ്പുകളിൽ സ്പൂൺ കൊണ്ടു താളം പിടിക്കുന്നത് ജീവിതത്തിന്റെ മാനദണ്ഡമായി കരുതുമ്പോഴും ഭാരതിയും ജോഷിയും ഒരേ സംഭാഷണമാണ് നടത്തിയത്. അദ്ദേഹം ചോദിച്ചു, "വിശേഷങ്ങൾ എന്തെല്ലാം?" ജോഷിജി പറഞ്ഞു, "എല്ലാം സുഖം."

അതിനുശേഷം ഭാരതി ജോഷിയെ തന്നോടൊപ്പം മിക്കവാറും

മൗനത്തിന്റെ ഘോഷയാത്രയിൽ ചേർത്തു. 'മിക്കവാറും' എന്നു പറയാൻ കാരണമുണ്ട്. നക്ഷത്രങ്ങളുടെ ഛായയിൽ റോഡ് പരിശോധന നടത്തുന്നതിനിടയ്ക്ക് ശ്രീമാൻ ഭാരതി തുടരെ ഏതോ രാഗം മൂളുന്നുണ്ടായിരുന്നു. "ഹേ പ്രഭോ ആനന്ദദാതാ' എന്നാണെനിക്കു തോന്നിയത്. എന്നാൽ പല രാഗങ്ങളുടെ മിശ്രണമായ ഢുമരിയാണെന്ന് ജോഷി അഭിപ്രായപ്പെട്ടു.

മനോഹർ എന്നോടു പറഞ്ഞു, "ഇയാൾ കവിയാണ്, കവി ഈ സമയത്ത് പൊയട്രി ചിന്തിക്കുകയാണ്."

പാരീസ് റിവ്യൂവിൽ അച്ചടിച്ചു വന്ന കവികളുടെയും എഴുത്തുകാരുടെയും അഭിമുഖം തെളിവായി കാണിച്ചു കൊണ്ട് ജോഷിജി സർഗപ്രക്രിയയെക്കുറിച്ച് എന്നോടു പ്രഭാഷണം നടത്തി. ഞാൻ അദ്ദേഹത്തോടു ചോദിച്ചു "ഈ മാന്യ സഹോദരൻ സർഗക്രിയയെ സംബന്ധിച്ച് മീറ്റർ ഡൗൺ ആക്കി വച്ചിരിക്കുന്ന സ്ഥിതിക്ക് നിങ്ങൾ വഴിയിൽ നിന്ന് ഫ്രീയായി പ്രസംഗിക്കുന്നതെന്തിന്?"

ജോഷിജി മീറ്റർ ഡൗണാക്കി. എന്നിട്ട് ഒരു കഥയുടെ ഔട്ട്ലൈൻ കേൾപ്പിച്ചു. ഒരിടത്തൊരിടത്ത് ഒരു ചാരനുണ്ടായിരുന്നു, ഒരു വേശ്യയും. പിന്നീടെന്തുണ്ടായി? ചാരനെ വേശ്യ പിടികൂടി. വാസ്തവത്തിൽ ചാരൻ വേശ്യയെ പിടികൂടേണ്ടതായിരുന്നു. അത്രയും കേട്ടപ്പോൾ ഞാൻ പറഞ്ഞു, "ഞാൻ അതിലൊരു തിരുത്തൽ വരുത്താനാഗ്രഹിക്കുന്നു. കഥ ഇങ്ങനെയാണ് - ഒരിടത്തൊരുത്തനുണ്ട്; അവനുണ്ടോ ഇല്ലയോ എന്നവനറിഞ്ഞുകൂടാ. ഒരിടത്തൊരുത്തിയുണ്ട്; അവളുണ്ടോ ഇല്ലയോ എന്നവൾക്കറിഞ്ഞുകൂടാ. പിന്നെ എന്തോ സംഭവിക്കുന്നു; പക്ഷേ, സംഭവിക്കുന്നോ ഇല്ലയോ എന്നറിഞ്ഞുകൂടാ."

ഇതുകേട്ട് ജോഷിജി കുപിതനായി. മനോഹർ എന്നെ ഭക്തിപൂർവം നോക്കിയിട്ടു പറഞ്ഞു, "സംഗതിയിതാണ് അവനുണ്ടായിരുന്നു, അവളുമുണ്ടായിരുന്നു. സംഭവിച്ചത് യഥാർഥത്തിൽ സംഭവിച്ചതല്ല. അവർ രണ്ടായതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്, വാസ്തവത്തിൽ അവർ രണ്ടല്ലെന്ന് മനസ്സിലാക്കണം."

ഞാൻ പറഞ്ഞു, "എന്റെയും ജോഷിയുടെയും പിടി വിട്ടുപോകാമെങ്കിൽ നിനക്ക് ആഹാരത്തിനു വഴിയുണ്ടാക്കാം."

ഭാരതിയുടെ സർഗപ്രക്രിയ പൂർത്തിയായപ്പോൾ അദ്ദേഹം പെട്ടെന്ന് ചുറ്റിക്കറങ്ങലവസാനിപ്പിച്ചു. "വെൽ ഡീയർ!"

അദ്ദേഹത്തോടു യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ എനിക്ക് കഠിനമായ വിഷമം തോന്നി. അപ്സരാഖ്യാനം കേൾക്കാൻ കഴിഞ്ഞില്ല.

ഞാൻ മുറിയിലെത്തി. സഹവാസികളായ വൃദ്ധന്മാർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ നിന്നു തലയുയർത്തി. സംശയാത്മാവായ മിസ്റ്റർ തലാട്ടി ചോദിച്ചു, "നിങ്ങളുടെ എഡിറ്റർ ഫ്രണ്ട് ഫോർട്ട് ഏരിയായിൽ കൊണ്ടു

പോയി നിങ്ങൾക്ക് കാപ്പിവാങ്ങിത്തന്നതുകൊണ്ടാണോ ഇത്രയും വൈകിയത്?"

ഞാൻ പറഞ്ഞു, "ഇവിടെ ബാംബേലിയിലായിരുന്നു. അല്പം സാഹിത്യചർച്ചയായിരുന്നു."

"ദാറ്റ്സിറ്റ്" മിസ്റ്റർ തിർഖാ പറഞ്ഞു. "രണ്ടു കിറുക്കന്മാർ ഒത്തു കൂടി. നമ്മുടെ ജോഷി കൂടുതൽ കാപ്പി കുടിച്ചുകാണും. കാപ്പി നല്ല സാധനമല്ലേ! പക്ഷേ ചിലപ്പോൾ ഉറക്കത്തിനു തടസ്സമാകും."

ജോഷിജി നാഷനൽ ഡ്രസ്സ് ധരിച്ചു, മുണ്ടും ബനിയനും. മിസ്റ്റർ തിർഖായാണ് ഈ പേരിട്ടത്. ആ വൃദ്ധന്മാർ രണ്ടുപേരും മുറിയിൽ ദേശീയ വേഷമാണ് ധരിക്കുന്നത്. ആദ്യമൊക്കെ മനോഹറിനല്പം മടിയുണ്ടായിരുന്നു. പിന്നീട് മിസ്റ്റർ തിർഖായുടെ പ്രേരണയ്ക്കു വശം വദനായി അയാളും ഈ ബോംബേവേഷം സ്വീകരിച്ചു.

നാഷണൽ ഡ്രസ്സ് ധരിച്ചുകൊണ്ടു ജോഷിജി 'ഏഗി ഓൺ ഫിലിംസ്' എന്ന പുസ്തകത്തോടൊപ്പം ശയിച്ചു. സാധാരണയായി മതഗ്രന്ഥങ്ങൾ മാത്രം വായിക്കുന്ന വൃദ്ധന്മാർ ഇന്നും ഞാൻ കൊണ്ടു വന്ന പുസ്തകം പതിവുപോലെ താല്പര്യപൂർവം മറിച്ചുനോക്കി. മിസ്റ്റർ തിർഖാ 'വാട്ട് ഹാപ്പൻഡ് ഇൻ ഹിസ്റ്ററി'യും മിസ്റ്റർ തലാട്ടി 'സെവൻ ടൈപ്സ് ഓഫ് അംബിഗിറ്റീ'സും കയ്യിലെടുത്തു. വൃദ്ധന്മാരുടെ കൂടെ യുള്ള ഈ സ്ഥലം കിട്ടിയപ്പോൾ ആദ്യം ജോഷി ചിണുങ്ങി. എന്നാൽ രണ്ടു കാര്യങ്ങളാൽ അയാൾ ഇവരെക്കുറിച്ചുള്ള ധാരണ തിരുത്തി. ഒന്ന്, ഇവർ ആധുനികരല്ലെങ്കിലും ആധുനികത വായിക്കുകയും കേൾക്കുകയും ചെയ്യാനും അയാളുടെ കൂടെ താമസിക്കാനും ഉത്സാ ഹമുള്ളവരായിരുന്നു. രണ്ട്, റിട്ടയർ ചെയ്തശേഷവും ഇവർ ബോംബെ യിൽ ജോലി ചെയ്യാനെത്തി. ഭാര്യയെയും മക്കളെയും പിരിഞ്ഞു താമ സിക്കുകയും ചെയ്യുന്നു. ഇതിനും പുറമേ ജോഷിജി വൃദ്ധന്മാരുടെ ഭരണത്തിൻ കീഴിൽ കുറേയേറെ സുഖം അനുഭവിക്കുകയും ചെയ്യുന്നു. പൊട്ടിയ ബട്ടൺ തയ്ച്ചുകിട്ടുക, തുണികൾ മടക്കി അടുക്കിയോ ഹാങ്ങ റിൽ തൂക്കിയോ കിട്ടുക, പുസ്തകങ്ങളും കടലാസുകളും അടുക്കി സൂക്ഷിക്കുക മുതലായ കാര്യങ്ങൾ. കർശനക്കാരനായ പിതാവിന്റെ പ്രതീകമായ മിസ്റ്റർ തലാട്ടി ജോഷിയുടെ ജീവിതത്തിലെ ചിട്ടയില്ലായ്മ ആക്രോശത്തോടുകൂടി ശരിപ്പെടുത്തും. ദയാലുവായ പിതാവിന്റെ പ്രതീ കമായ മിസ്റ്റർ തിർഖാ വളരെ മൃദുവായി കാര്യങ്ങൾ പറയും.

"ബ്രദർ മിസ്റ്റർ തലാട്ടീ, ദിസ് മോണിങ്... ഒരു മൂന്നര മൂന്നേമു ക്കാൽ മണിയായിക്കാണും. ഞാൻ ബാത്ത്റൂമിൽ പോയി. രാത്രിയിൽ എനിക്കു തിന്നാൻ നിങ്ങൾ വാങ്ങിത്തന്ന പലഹാരം ഡസന്റ് സ്യൂട്ട് മി അറ്റാൾ. വേഗം മടങ്ങിവരുമ്പോൾ മറ്റേ ബാത്ത്റൂമിലെ വാഷ്ബേസി നിൽ ഒരു സോപ്പുപെട്ടി കണ്ടു. ഇതു മിസ്റ്റർ ജോഷിയുടേതായിരിക്കു

മെന്നു മനസ്സിലാക്കി ഞാനെടുത്തുകൊണ്ടുവന്നു. അന്നുരാത്രിയിൽ ഏതോ പാർട്ടികഴിഞ്ഞിട്ട് അയാൾ മുഖം കഴുകാൻ വന്നു. മിസ്റ്റർ ജോഷീ, സ്ലീപ്പിങ് ലൈക് എ ഡോഗ്, എഴുന്നേല്ക്ക്, ഇത് നിന്റേ താണോ എന്ന് ഐഡന്റിഫൈ ചെയ്യ്. ഇല്ലെങ്കിൽ ദസ്റ്റാറിലേല്പി ക്കണം."

മിസ്റ്റർ ജോഷി സംഭാഷണമെല്ലാം കേട്ടശേഷം കണ്ണുതുറന്നു പറയും, "എന്റെ തന്നെയാണ്, താങ്ക് യൂ ചാച്ചാജീ."

മിസ്റ്റർ തിർഖാ പറയും, "നമ്മുടെ മിസ്റ്റർ ജോഷി റൈറ്ററാണ്. റൈറ്റേഴ്സ് ആർ ആൻ ആബ്സന്റ് മൈൻഡഡ് ബ്രീഡ്."

മിസ്റ്റർ തലാട്ടി പറയും, "ആർട്ടിസ്റ്റ് മീൻസ് അര – മുക്കാൽ സന്ന്യാസി. എങ്കിലും ഡിസിപ്ലിനില്ലാതെ ആർട്ട് എങ്ങനെയുണ്ടാകു മെന്നു കൂടി ആലോചിക്കണം, മിസ്റ്റർ ജോഷീ."

ഈ വൃദ്ധന്മാർക്ക് ആധുനിക ജീവിതത്തോടോ ആധുനിക സംസ്കാരത്തോടോ യാതൊരു താല്പര്യവുമില്ലെങ്കിലും അവരുടെ അനന്തരവനായ ജോഷിയുടെ ആധുനികതയെക്കുറിച്ച് ജിജ്ഞാസു ക്കളായിരുന്നു. ഇത് ജോഷിക്ക് സന്തോഷം പ്രദാനം ചെയ്യുന്ന വിഷ യമായിരുന്നു. ജോഷിക്ക് വ്യക്തമായ ഇഷ്ടാനിഷ്ടങ്ങളുണ്ടായിരുന്നിട്ടും ഈ വൃദ്ധന്മാർ അനന്തരവന്റെ ഒരു കാര്യത്തിലും വിസ്മയമോ വിക്ഷോഭമോ പ്രകടിപ്പിക്കാഞ്ഞത് ജോഷിക്ക് വിസ്മയകരമായിരുന്നു. തന്റെ എഡിറ്റർ ഫ്രണ്ട് പറഞ്ഞതനുസരിച്ച് ജോഷി വേശ്യകളുടെ ജീവി തത്തെക്കുറിച്ച് സർവേ നടത്തുകയാണെന്ന സൂചന അവർക്കു ലഭി ച്ചിട്ടുണ്ട്. ജോഷിജി കൊണ്ടുവന്ന 'ട്രോപ്പിക് ഓഫ് ക്യാൻസർ' എന്ന അശ്ലീല കൃതി അവർക്ക് വെറുമൊരു പുസ്തകം മാത്രം. അവർ അത് മറിച്ചു നോക്കി അങ്ങിങ്ങു വായിച്ചിട്ട് 'ഔട്ട് ഓഫ് കോഴ്സ്' ആണെന്നു വിചാരിച്ചു മാറ്റി വയ്ക്കും. പുതിയതോരോന്നും അവർക്കു പഴയതാണ് 'ജർമൻകാർ എല്ലാം നമ്മളിൽ നിന്നാണ് പഠിച്ചത്', എന്ന മട്ടിലുള്ള മിസ്റ്റർ തലാട്ടിയുടെ നിഷേധം, 'ദിസ് ഇല്യൂഷൻ ഓഫ് ന്യൂ ആവശ്യ മായി വരുന്നു, ദെയർ ഈസ് നതിങ് ന്യൂ, നതിങ് ഓൾഡ്, ദെയറീസ് സംതിങ് എവർ ന്യൂ എന്ന ആശയം മെച്യൂരിറ്റിയിൽ മാത്രം മനസ്സി ലാകുന്നതാണ്. എന്നാൽ യങ്മാൻ മിസ്റ്റർ ജോഷി പറഞ്ഞു , 'ചാച്ചാജീ, ഞാൻ പുതിയൊരു സാധനം കൊണ്ടുവന്നിട്ടുണ്ട്.' അതാണ് ആ മായ യുടെ മാഹാത്മ്യം. എന്താ പറഞ്ഞിരിക്കുന്നത്. തഥാപി മമതാവർത്തേ, മോഹഗർത്തേ നിപാതിതാഃ മഹാമായാ പ്രഭാവേണ സംസാ രസ്ഥിതികാരിണാ' എന്ന വിധത്തിലുള്ള മിസ്റ്റർ തിർഖായുടെ സംര ക്ഷണഭാവം. ഇതു രണ്ടും ജോഷിക്ക് ഇഷ്ടമല്ല. ഈ വിഷയത്തെ പരാ മർശിച്ച മിസ്റ്റർ തലാട്ടി പ്രഖ്യാപിച്ചു, "ചാച്ചാമാരായ ഞങ്ങളും ഞങ്ങ ളുടെ അനന്തരവൻ മിസ്റ്റർ ജോഷിയും തമ്മിൽ ഫസ്റ്റ്ക്ലാസ്സ് അറേ

ഞ്ച്മെന്റ് ആൻഡ് എഗ്രിമെന്റ്."

ഈ അറേഞ്ച്മെന്റ് കുറേക്കൂടി സന്തോഷജനകമാകാനൊരു കാരണം കൂടിയുണ്ട്. മനോഹർ ബുദ്ധിമാനും അച്ചടക്കമില്ലാത്തവനുമായ ബാലന്റെ ചേഷ്ടകൾ കാണിക്കുന്നതിനൊപ്പം സംസ്കാരസമ്പന്നനായ ബാലന്റെ ചേഷ്ടകളും കാണിച്ചിട്ടുണ്ട്. കോമ്രേഡ് ജോഷി സാധാരണയായി ഇവ പരസ്യമായി പ്രദർശിപ്പിക്കാൻ തുനിയാറില്ല. മറ്റുള്ളവരുടെ മുമ്പിലല്ല സ്വന്തം നിയോകോർട്ടക്സിനു (നവമസ്തിഷ്കം) മുമ്പിൽപോലും പ്രദർശിപ്പിക്കുകയില്ല. മനോഹറിന് ദേവീസ്തവം പോലും മറ്റു ജോലികളുടെ മറവിൽ മനസ്സിൽ മാത്രം ഉരുവിടേണ്ടി വന്നു. വീട്ടിൽ സ്ഥിരമായ ഒരു നിബന്ധനയുണ്ട് – ദേവീസ്തവം ചൊല്ലുകയാണോ എന്ന് ആദ്യം അയാളോടാരായുക. മറ്റൊരു പ്രവൃത്തിക്കു സമാന്തരമായി നടക്കുന്ന ഈ ആധ്യാത്മികാനുഷ്ഠാനത്തിൽ വിഘ്നമോ ക്രമഭംഗമോ സംഭവിക്കുന്നത് മനോഹറിന് സ്വീകാര്യമല്ല. അങ്ങനെ സംഭവിച്ചാൽ അനിഷ്ടമുണ്ടാകും. ദേവീസ്തവം വെറും ജോക്കല്ലെന്ന് അയാൾ പറയും.

രണ്ടു വൃദ്ധന്മാരും പഞ്ചാംഗത്തിന് എൻഗേജ്മെന്റ് ഡയറിയുടെ സ്ഥാനം കൊടുക്കുന്നതിനു സമ്മതിക്കുന്നിടത്തോളം അനുഷ്ഠാനപ്രിയരായിരുന്നു; ശാക്തരായിരുന്നു; ചമ്രം പടിഞ്ഞിരുന്ന് സപ്തശതി പാരായണം ചെയ്യുന്നവരായിരുന്നു. മനോഹർ ആദ്യമൊക്കെ ആഹാരം കഴിക്കുന്നതിനു മുമ്പ് അഞ്ച് ബലിയർപ്പിക്കുക, പുതിയ വസ്ത്രം ധരിച്ചാൽ പ്രായമായവരുടെ പാദം. തൊട്ടു വന്ദിക്കുക, മുതിർന്നവർ നാമം ജപിക്കുന്ന സമയത്ത് കത്തിച്ചുവച്ചിരിക്കുന്ന ധൂപത്തിലെ വിഭൂതി നെറ്റിയിലണിയുക മുതലായ പ്രയോഗങ്ങളിലൂടെ തന്റെ പാരമ്പര്യ മനോഭാവം പ്രകടിപ്പിച്ചിട്ടുണ്ട്. പ്രോത്സാഹനം ലഭിച്ചപ്പോൾ ഒരു ദിവസം മൗനജപം മുഖരമാക്കി. ആധുനികതയുടെ മന്ത്രം ജപിക്കുന്ന പുത്രന്റെ വായിൽ നിന്ന് 'മഹാലക്ഷ്മീ പ്രീത്യർഥേ മധ്യമ ചരിത്രപാഠേ വിനിയോഗ' എന്നു കേട്ടിട്ട് വൃദ്ധന്മാർ സന്തുഷ്ടരായി. കോമ്രേഡ് ജോഷിക്ക് സപ്തശതി മാത്രമല്ല, പൂജയ്ക്കു ചൊല്ലുന്ന സർവ മന്ത്രങ്ങളും ഓർമയുണ്ട്. അയാൾക്ക് സ്വന്തം ശാഖ, ഇഷ്ടദേവത, ഗോത്രം, വേദം ഇവയുടെ പേരും അറിയാം. ഇതെല്ലാം വൃദ്ധന്മാരുടെ ദ്വിജത്വത്തിന് അപാരമായ സുഖവും സന്തോഷവും പ്രദാനം ചെയ്യുന്ന വിഷയങ്ങളാണ്. അച്ചടക്കമില്ലാത്തവനെങ്കിലും പാരമ്പര്യവിശ്വാസിയും ബുദ്ധിമാനുമായ ഈ വിപ്രസുതൻ ശാശ്വതമാഹാത്മ്യമുള്ള ശ്രേഷ്ഠസാഹിത്യം രചിക്കട്ടെ എന്ന് രണ്ടുപേരും ആശീർവദിച്ചു.

അന്നും മിസ്റ്റർ തിർഖാ കണ്ണട മാറ്റിയിട്ട് ഒരു നീണ്ട കോട്ടുവാ വിട്ടു. എന്നിട്ട് ആദ്യം ശ്രീരാമനെ സ്മരിച്ചു, തുടർന്ന് ഈ പയ്യന്റെ സാഹിത്യപരമായ ഹിതങ്ങൾ അനുസ്മരിച്ചു. "മിസ്റ്റർ ജോഷിക്ക്

എന്തെങ്കിലും കുത്തിക്കുറിക്കാനുള്ള മൂഡുണ്ടോ? അതോ ലൈറ്റ് ഓഫാക്കണോ? നിങ്ങൾക്ക് ഇന്നുറക്കം വരുമോ? ഷാൽ ഐ പുട്ട് ഓൺ ദ ലാമ്പ് ഫോർ യൂ, അതോ വെളിയിൽ ബാൽക്കണിയിൽ ഫ്രെഷ് എയറിലിരുന്ന് എഴുതുന്നോ?"

"ലൈറ്റ് ഓഫ് ചെയ്തു കൊള്ളൂ" ഞാൻ പുസ്തകം മടക്കിവച്ചു.

മിസ്റ്റർ തിർഖാ ലൈറ്റ് ഓഫ് ചെയ്യാനെഴുന്നേറ്റു. എന്റെ സ്റ്റീൽ അലമാരയിലേക്കു നോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു, "ഈ പോസ്റ്റ്കാർഡ് നിങ്ങൾ കണ്ടോ, മരുമകനേ?"

"ഏതു കാർഡ്?"

മിസ്റ്റർ തിർഖാ പറഞ്ഞു, "ഇന്നലെ വൈകുന്നേരം ഈ കാർഡ് ബോഡിൽ കിടക്കുന്നതു കണ്ടു. അപ്പോൾ ഞാനെടുത്തില്ല. ദിസ് ഈവനിങ് ഐ പുട്ടിറ്റ് ഹിയർ."

മിസ്റ്റർ തിർഖാ കാർഡെടുത്ത് എനിക്കു തന്നു. അതിൽ മേൽവിലാസമോ തീയതിയോ സംബോധനയോ ഇല്ലാതെ ഇതുമാത്രം എഴുതിയിരുന്നു, "മനോഹരമായ തിരിവിൽ അനുശോചന കാലാവസ്ഥ. ലവ് ഈസ് ദാറ്റ് ലേറ്റർ തിങ് ദാൻ ഡെത്ത്, മോർ പ്രീവിയസ് ദാൻ ലൈഫ് - ഏതോ മീനിങ് സൂം?"

ജോഷിജിയുടെ മുഖത്തിന്റെ നിറം മാറി. മിസ്റ്റർ തിർഖായുടെ നിയന്ത്രിതമെങ്കിലും ഉത്കണ്ഠാകുലമായ ശബ്ദം കേട്ട് അയാൾ ഞെട്ടി. "എവിരിതിങ് ഓൾ റൈറ്റ് ഐ ഹോപ്പ് മിസ്റ്റർ ജോഷീ."

"യെസ്" ഞാൻ പറഞ്ഞു.

മിസ്റ്റർ തലാട്ടി പറഞ്ഞു, "ഇന്ന് മിസ്റ്റർ ജോഷി വളരെ ക്ഷീണിതനായി കാണപ്പെടുന്നു. വേശ്യകളുടെ സർവേക്കുവേണ്ടി ഇന്ന് അധികം അലഞ്ഞു തിരിയേണ്ടിവന്നുകാണും."

"എ ഗുഡ് നൈറ്റ്സ് റെസ്റ്റ്. പിന്നെ സുഖം." ഇങ്ങനെ പറഞ്ഞു കൊണ്ട് മിസ്റ്റർ തിർഖാ ലൈറ്റ് കെടുത്തി.

വൃദ്ധൻ പറഞ്ഞത് ശരിയാണ്. ഞാൻ സുഖമായി ഉറങ്ങി. ഉണർന്നപ്പോൾ ബഹുസുഖം. പകൽ മുഴുവൻ പ്രസന്നത നീണ്ടുനിന്നു. വൈകുന്നേരം ജൂഹുവിൽ ഫിലിം സർക്കിളിൽ ജോഷിജി ബർഗ്മാനെ സവിസ്തരം പുകഴ്ത്തി. പ്രതിഭാശാലിയായ ഡയറക്റ്റർ രഥിജിത് ഭട്ടാചാര്യ ആ സദസ്സിലുണ്ടായിരുന്നു. ചെറുപ്പക്കാരനായ ജോഷി ഗോദാർദിനെ തകർക്കുകയും ബർഗ്മാന്റെ യശസ്സുയർത്തിക്കാണിക്കുകയും ചെയ്തത് അദ്ദേഹത്തിനു വളരെ ഇഷ്ടപ്പെട്ടു. ബിമൽ ദത്ത് ജോഷിയെ പ്രശംസിച്ചു. ഭട്ടാചാര്യ അയാളുടെ പുറത്ത് തട്ടിക്കൊണ്ടു പറഞ്ഞു, "തിരക്കഥ എഴുതാൻ എന്നെങ്കിലും ഐഡിയ ഉണ്ടെങ്കിൽ എന്റെയടുത്തു വരിക."

ഫിലിമിൽ ഒരു ഇന്റലക്ച്വൽ ഫാദർഫിഗറിനെ കിട്ടിയതിൽ ഞാൻ

ജോഷിയെ അഭിനന്ദിച്ചു. ഇന്നു രാത്രി മുഴുവൻ ഉറക്കമിളച്ചിരുന്ന് രഥി ജിത്തിനുവേണ്ടി സ്ക്രിപ്റ്റ്-സിനോപ്സിസ് എഴുതാനുള്ള മൂഡിൽ അയാൾ ഗസ്റ്റ് ഹൗസിലെത്തി.

എന്നാൽ... റിസപ്ഷൻ കൗണ്ടറിൽ അയാൾക്ക് ഒരു ചിറ്റ് കിട്ടി. അതിൽ ഇങ്ങനെ എഴുതിയിരുന്നു, "എന്നെ അന്വേഷിക്കുന്നോ അതോ എന്നെങ്കിലും ഞാൻ അന്വേഷിച്ചു വരുമെന്നു വിചാരിച്ച് ഇവിടെത്തന്നെ ഇരിക്കുകയാണോ? കഴുത, കാമുകൻ, ചാരൻ, മുക്കുവൻ എന്നിവർക്ക് ധൈര്യമാണ് ധനം. പ്രാരഭ്യവിഘ്നനിഹിതാ വിരമന്തി മധ്യാഃ ഏനോ മീനിങ് സൂം."

മനോഹറിനെ ദേവഭാഷ നിയമാനുസൃതം പഠിപ്പിക്കാതിരുന്നതിൽ ജോഷിക്ക് ഖേദമുണ്ടായി. പഠിപ്പിച്ചിരുന്നെങ്കിൽ ഈ സുഭാഷിതത്തിന്റെ അർഥം ശരിക്കു മനസ്സിലാക്കാമായിരുന്നു. ജോഷിജി സംസ്കൃതം പഠിച്ച മിസ്റ്റർ തലാട്ടിയെ അഭയം പ്രാപിച്ചു.

മിസ്റ്റർ തലാട്ടി ഉവാച, "മുഴുവൻ ശ്ലോകം ഇങ്ങനെയാണ്. 'പ്രാരഭ്യതേ നഖലു വിഘ്നഭയേന നീചൈഃ പ്രാരഭ്യ വിഘ്നനിഹിതാ വിരമന്തി മധ്യാ. വിഘ്നൈർ മുഹുർമുഹുരപി പ്രതിഹന്യമാനാ, പ്രാരബ്ധമുത്തമഗുണാ ന പരിത്യജന്തി.' അന്വയിച്ചാൽ സ്പഷ്ടമാകും. നീചൈ; വിഘ്നഭയേന ന പ്രാരഭ്യതേ, മീൻസ് നീചന്മാർ വിഘ്നമുണ്ടാകുമെന്നു പേടിച്ച് ആരംഭിക്കുന്നില്ല. മധ്യാ; പ്രാരഭ്യ വിഘ്നനിഹിതാ: വിരമന്തി, മീൻസ് ഇടയ്ക്കുള്ള ആളുകൾ ആരംഭിച്ചിട്ട് വിഘ്നമുണ്ടാകുമ്പോൾ ഉപേക്ഷിക്കുന്നു. ഉത്തമഗുണാ: വിഘ്നൈ: മുഹുഃമുഹുഃ പ്രതിഹന്യമാനാഃ അപി പ്രാരബ്ധം ന പരിത്യജന്തി. മീൻസ് ഉത്തമന്മാർ വീണ്ടും വീണ്ടും വിഘ്നങ്ങളാൽ ആഘാതമേറ്റാലും ആരംഭിച്ച ജോലി ഉപേക്ഷിക്കുകയില്ല. ഈ നീതിവാക്യം ഭർത്തൃഹരിയുടേതാണ്."

'ഇടയ്ക്കുള്ളവൻ' എന്ന ബിരുദം ലഭിച്ച ജോഷിജി പ്രതീക്ഷാനിർഭരമായ നാല് സായാഹ്നങ്ങൾ തന്റെ മുറിയിൽത്തന്നെ കഴിച്ചുകൂട്ടി. അഞ്ചാമത്തെ സായാഹ്നത്തിൽ ക്ഷമകെട്ട് അയാൾ അവളെ അന്വേഷിച്ച് ചൗപാട്ടിയിൽ പോകാനായി മുറിയിൽ നിന്നിറങ്ങി. അപ്പോൾ റിസപ്ഷനിസ്റ്റ് പറഞ്ഞു, "മിസ്റ്റർ ജോഷീ, താങ്കൾക്ക് ഫോൺ."

ഫോണിൽ സ്നേഹിതന്റെ വാക്കുകൾ, "താങ്കൾ ആയുഷ്മാൻ ഖലീക്കിന്റെ ആരോഗ്യത്തെ സംബന്ധിച്ച് ഉൽക്കണ്ഠാകുലനാണല്ലോ. അതുകൊണ്ടു താങ്കളെ ഈ വിവരം അറിയിക്കാമെന്നു വിചാരിച്ചു. അയാൾ വരാഭീഷ്ടയും സൗഭാഗ്യകാംക്ഷിണിയുമായ ആ സ്വരസാധികയെ പാണിഗ്രഹണം ചെയ്തിട്ട് വീണ്ടും അവതരിച്ചിരിക്കുന്നു. അതിനോടനുബന്ധിച്ച് ഇന്നു വൈകുന്നേരം ബംഗബന്ധു പൂർവേന്ദു കോഴിക്കാലുകൾ ഏർപ്പാടു ചെയ്തിരിക്കുന്നു. താങ്കൾ ഒട്ടും വൈകാതെ ബംഗബന്ധു നിവാസിൽ എത്തിച്ചേരാനപേക്ഷിക്കുന്നു."

ജോഷിജി പൂർവേന്ദുവിന്റെ വീട്ടിലേക്ക് ടാക്സിയിൽ യാത്രയായി.

ദയവായി സ്വന്തം നരകം സ്വയം കണ്ടെത്തുക

സിനിമാപാർട്ടികൾ എല്ലാം പുറമേനിന്നുനോക്കുമ്പോൾ ഒരുപോലെയാണ്. എന്നാൽ പരിചയസമ്പന്നമായ കണ്ണുകൾ ചുവടുറപ്പിച്ചവരും പൊട്ടിപ്പൊളിഞ്ഞവരുമായ ചലച്ചിത്ര മഹാരഥന്മാരുടെ പാർട്ടികളുടെ സൂക്ഷ്മമായ അന്തരം തിരിച്ചറിയുന്നു. ചുവടുറപ്പിച്ച മഹാരഥന്മാരുടെ പാർട്ടിയിൽ വിദേശമദ്യത്തിന്റെ കൂടെ അസൂയയും കടിച്ചുതിന്നുകൊണ്ടിരിക്കുകയും അശ്ലീലവും പൊങ്ങച്ചവും ചേർന്നു പരിസമാപ്തിയിലെത്തുകയും ചെയ്യും. ഇനിയും പൊന്തിവരാൻ സാധിക്കാത്ത, പൊട്ടിപ്പോയ മഹാരഥന്മാരുടെ പാർട്ടി തുടങ്ങുന്നതുതന്നെ അശ്ലീലവും പൊങ്ങച്ചവും സഹിതമാണ്. എന്നാൽ അതിന്റെ പരിസമാപ്തിയിൽ നാടൻ മദ്യത്തോടൊപ്പം അല്പത്തവും പുറത്തേക്കെടുക്കും. പിന്നീട് ഛർദി തുടരുകയും, പരസ്പരം പുറം തടവുകയും, എല്ലാ കുഞ്ഞൻ–കുട്ടൻമാരും വിഫലതയുടെ വിശാലവും വിഹ്വലവുമായ സൗഹൃദത്തിൽ ബന്ധിക്കപ്പെടുകയും ചെയ്യും. ജോഷിജിക്ക് സിനിമാപാർട്ടികൾ ഇഷ്ടമല്ല. ഫ്രഞ്ച് ബുദ്ധിജീവികളോടൊപ്പം മദ്യപിക്കാനാണ് അയാൾക്കു താല്പര്യം. ഒരു ദിവസം രാംകുമാറിന്റെ കൃപയിൽ കുടിക്കുകയും ചെയ്തു. മനോഹർ ഇഷ്ടാനിഷ്ടങ്ങളെക്കുറിച്ച് ആരോടും സംസാരിക്കാറില്ല. അയാൾ മദ്യത്തെ പേടിക്കുന്നു. മദ്യമാണ് അയാളുടെ പിതാവിനെ കൊന്നത്. എനിക്ക് എല്ലാം ദഹിക്കും.

പൂർവേന്ദു ബാനർജിയുടെ ഫ്ളാറ്റിൽ സംഘടിപ്പിച്ച ഈ പാർട്ടി രണ്ടാംതരത്തിൽപെട്ടതാണ്. പൂർവേന്ദു പൊട്ടിപ്പോയ ആളല്ല. പരസ്യലോകത്തിലെ മിന്നിത്തിളങ്ങുന്ന ഒരു താരമാണദ്ദേഹം. സിനിമാലോകത്ത് ഇതുവരെ കുതിച്ചുയർന്നിട്ടില്ല. അദ്ദേഹം മെച്ചപ്പെട്ട ഒരു ഡോക്യുമെന്ററി നിർമിച്ചിട്ടുണ്ട്. ഇനിയൊരു ആർട്ട് ഫീച്ചർ ഫിലിം നിർമിക്കാനുദ്ദേശിക്കുന്നു. ഗാനങ്ങൾക്കുവേണ്ടി ഖലീക്കുമായി പകുതി കരാറുമായിട്ടുണ്ട്. കലാപ്രതിഭയുള്ള പൊളിഞ്ഞവരും പൊന്തിവരുന്നവരുമായ ചലച്ചിത്രപ്രവർത്തകർക്കുവേണ്ടി അദ്ദേഹത്തിന്റെ ഫ്ളാറ്റിന്റെ വാതിൽ എല്ലാ സായാഹ്നങ്ങളിലും തുറന്നിട്ടിരിക്കും. അവിടെ അവർക്കെല്ലാം നാടൻ വിസ്കി കുടിക്കാൻ കിട്ടും.

പൂർവേന്ദുവിന്റെ വീട്ടിൽ അന്നു വൈകുന്നേരവും കലാതല്പര

രായ പഴയവരും പുതിയവരുമായ മഹാരഥന്മാർ തന്റെ സ്വപ്നങ്ങളുടെ പേരിൽ വിസ്കി കുടിക്കുന്ന വധുവിനു ചുറ്റും കൂടി നില്ക്കുകയായിരുന്നു. ഞാൻ ഒരു പെഗ് അടിച്ചിട്ട് യുവമിഥുനങ്ങളെ അഭിനന്ദിക്കാനുള്ള ധൈര്യം സംഭരിച്ചു. ഞാൻ മുമ്പിൽ ചെന്നപ്പോൾ ഖലീക് അലറി, "ഞങ്ങൾക്ക് നിങ്ങളുടെ അഭിനന്ദനം സ്വീകാര്യമല്ല. നിങ്ങളെ സംബന്ധിച്ച് ഞാൻ മരിച്ചു പോയി."

"മരിക്കുന്നത് നിങ്ങളുടെ ശത്രുക്കൾ!"ഞാൻ പറഞ്ഞു.

"നാറികൾ എവിടെ മരിക്കുന്നു? മുമ്പിൽ നില്ക്കുകയല്ലേ? അന്ന് നിങ്ങളെന്നെ മരിക്കാൻ വിട്ടിട്ട് ഇറങ്ങിപ്പോയി. പിന്നീടൊരിക്കലും എങ്ങനെയുണ്ടെന്ന് അന്വേഷിച്ചുമില്ല."

"ഞാൻ നിങ്ങളെ ഇവിടെ എത്രയന്വേഷിച്ചെന്നോ? നിങ്ങൾ നമ്മുടെ സ്നേഹിതനോടു ചോദിച്ചുനോക്ക്."

"ഏത് ചെകുത്താൻ സ്നേഹിതൻ?" ഖലീക് പറഞ്ഞു, "ഈ നശിച്ച പട്ടണത്തിൽ എനിക്കൊരു സ്നേഹിതനുമില്ല."

ഖലീക് സുന്ദരി മൊഴിഞ്ഞു. "ഞാനും ഇല്ലേ?"

ഖലീക് പറഞ്ഞു, "എക്സപ്ഷൻസ് പ്രൂവ് ദ റൂൾ" എന്നിട്ട് ഭാര്യയെ ചുംബിച്ചു. അതിനുശേഷം എന്നോടു പറഞ്ഞു, "ചെകുത്താനേ, വിനയവും മര്യാദയുമെല്ലാം മറന്നോ? ചേട്ടത്തിയെ വന്ദിക്കു."

ഞാൻ നമസ്കാരം പറഞ്ഞു.

അപ്പോൾ ഖലീക് പറഞ്ഞു, "ഹിന്ദു സ്ത്രീയാണ്. പാദം തൊട്ടു വന്ദിക്കെടോ." ഞാൻ പാദം തൊട്ടുവന്ദിച്ചു.

ഇതിനിടയ്ക്ക് സ്നേഹിതന്മാരുടെ തിരക്കു വർധിച്ചു, തിരക്കിൽ ഞാൻ തള്ളിമാറ്റപ്പെട്ടു. രണ്ടാമത്തെ പെഗ് കഴിച്ചുകൊണ്ട് ഞാൻ ഖലീക് സുന്ദരിയെ നിരീക്ഷിച്ചു. ഇരുണ്ട നിറം, അല്പം തടിച്ച ശരീരം, ചെറിയ മൂക്ക്, തിളങ്ങുന്ന പല്ലുകൾ (അല്പം പൊങ്ങിയിട്ടുണ്ട്), തടിച്ച കീഴ്ചുണ്ട് (തൂങ്ങിക്കിടക്കുന്നപോലെ), വീതിയുള്ള താടി, ചെറിയതെങ്കിലും മിന്നുന്ന കണ്ണുകൾ, ആവശ്യത്തിലധികം മെയ്ക്കപ്പ്, പരിഷ്കാരമില്ലാത്ത യു.പി.സൈഡിലെ സ്ത്രീയുടെ മോഡേൺ പതിപ്പ്.

ചങ്ങാതിമാർ ഒരു പാട്ടു പാടാനാവശ്യപ്പെട്ടു. ഓർക്കസ്ട്രാ ഇല്ലാതെ പാടുന്നതു ബുദ്ധിമുട്ടാണെന്ന് ചേട്ടത്തിയമ്മ. പലതവണ അപേക്ഷിച്ചപ്പോൾ അവർ പറഞ്ഞു, "എനിക്കു ജലദോഷമാണ്." എന്നിട്ട് ആടിക്കൊണ്ട് വണ്ടുപോലെ മുരണ്ടു. കണ്ഠശുദ്ധി വരുത്തിക്കൊണ്ടു പറഞ്ഞു, "പ്ലീസ്, പിന്നീടൊരിക്കലാകാം. ഇന്ന് എന്റെ ശബ്ദം ശരിയല്ല."

എന്റെയടുത്തു നിന്ന ഒരു ക്യാമറാമാൻ പറഞ്ഞു, "അലവലാതി, തെരുവുപെണ്ണിനെപ്പോലെ ആടിപ്പാടി നടക്കുന്നവൾ. ഭാവം കണ്ടാൽ ലതാ മങ്കേഷ്കറാണെന്നു തോന്നും."

അതുകേട്ട് എനിക്കു സന്തോഷം തോന്നി. പാർട്ടിയിലെ പൊങ്ങച്ചത്തിന്റെയും അശ്ലീലത്തിന്റെയും ആദ്യറൗണ്ട് യഥാവിധി ആരംഭിച്ചിരിക്കുന്നു.

ചേട്ടത്തി, അനുജന്മാരുടെ നിർബന്ധത്തിനു വഴങ്ങി ഖലീക് രചിച്ച ഒരു ഗസലിന്റെ അന്തിമചരണം പാടിക്കേൾപ്പിച്ചു. നേർത്ത സ്വരം-ആരോഹണാവരോഹണങ്ങളുടെ ശല്യമില്ല.

ചേട്ടത്തിയുടെ സ്വരവും ഓർമയും അവരെ വഞ്ചിച്ചു. ബാക്കി വരികൾ മറന്നുപോയി. വരികൾ പറഞ്ഞുകൊടുക്കാൻ ഖലീക് തയ്യാറായിരുന്നു. പക്ഷേ, തൊണ്ട മോശമായതിനെന്തുചെയ്യാൻ കഴിയും? അതുകൊണ്ട് അയാൾ തന്നെ രണ്ടുവരി പാടി. കൂവലുണ്ടായി. സ്നേഹിതന്മാർ തടയാൻ ശ്രമിച്ചെങ്കിലും വകവയ്ക്കാതെ ഖലീക് യു.പി.സൈഡിലെ ഒരു വിവാഹഗാനം തന്റെ പരുക്കൻ ശബ്ദത്തിൽ പാടി. പൂർവേന്ദു പറഞ്ഞു, "ദ ഐറണി ഓഫ് നൊസ്റ്റാൾജിയ സൃഷ്ടിക്കുന്നതിനുവേണ്ടി നഗര പശ്ചാത്തലത്തിൽ നിർമിക്കപ്പെടുന്ന എന്റെ ഫിലിമിൽ ചേർക്കാൻ ഞാൻ ഖലീക്കിനെക്കൊണ്ട് ഇങ്ങനെയൊരു ഗ്രാമീണഗാനം എഴുതിക്കുന്നുണ്ട്."

ചർച്ച പൂർവേന്ദുവിന്റെ ഫിലിമിലേക്കു നീണ്ടു. ആളുകളുടെ താല്പര്യം മാനിച്ച് അയാൾ ഫിലിമിന്റെ തീം വെളിപ്പെടുത്തി-ഒരു ഗ്രാമം നശിച്ചു, നഗരം സ്ഥാപിക്കപ്പെട്ടില്ല. അതുകേട്ട് ആരോ ഉറക്കെ അനുമോദിച്ചു, "കൊള്ളാം..." വേറേയാരോ ശബ്ദം താഴ്ത്തി പറഞ്ഞു, "അബ്ബാസിന്റെ വാല്."

ഈ പരിഹാസം പൂർവേന്ദു കേട്ടെന്നു തോന്നുന്നു. സത്യജിത്റായ് ആ സ്ക്രിപ്റ്റിനെ കണ്ടമാനം പ്രശംസിച്ച കാര്യം വെളിപ്പെടുത്തേണ്ടതാവശ്യമാണെന്ന് അയാൾക്കു തോന്നി. അപ്പോൾ മധ്യവയസ്കനായ ഒരു ബംഗാളി തിരക്കഥാകൃത്ത് പറഞ്ഞു, "സത്യജിത് ബാബു ഋത്വിക്കിനെ കോപ്പിയടിക്കുകയല്ലാതെ ജീവിതത്തിൽ മറ്റൊന്നും ചെയ്തിട്ടില്ല." അയാൾ പ്രഖ്യാപിച്ചു. "സത്യജിത് എസൻഷലി സെന്റിമെന്റലാണ്. സെന്റിമെന്റലായിട്ടുള്ളവന് ഗ്രേറ്റ് ആർട്ടിസ്റ്റാകുക സാധ്യമല്ല."

ആയിടയ്ക്ക് തന്റെ ആദ്യഫിലിം ഡയറക്റ്റ് ചെയ്തുകൊണ്ടിരുന്ന ഒരു ബംഗാളിയുവാവ് പറഞ്ഞു, "മണിക് ദായോട് സത്യജിത്റായ് ഫോർ യൂ - അദ്ദേഹത്തിന്റെ പുതിയ ഫിലിം കാഞ്ചൻജംഗ കണ്ട ശേഷം ഞാൻ പറഞ്ഞു. മോഷൻ പിക്ചറിന്റെ മീനിങ് എന്താണെന്ന് ഇപ്പോൾ താങ്കൾ കുറച്ചു മനസ്സിലാക്കി. ബിഫോർ കാഞ്ചൻ ജംഗ മണിക്ദാ വാസ് മീയർലി ട്രാൻസ്ലേറ്റിങ് ഗുഡ് ലിറ്ററേച്ചർ ഇന്റു ഫിലിംസ് ആന്റ് ദാറ്റ്സ് ഇഡിയം."

ഒരു അവാർഡ് വിന്നിങ് പഞ്ചാബി ഫിലിം നിർമിച്ച ഒരു ചെറുപ്പക്കാരൻ ഈ സത്യജിത്റായ് ചർച്ച കേട്ട് കുപിതനായി. അയാൾ സത്യ

ജിത്റായെ അദ്ദേഹത്തിന്റെ പൊക്കത്തിനും വണ്ണത്തിനും അനുയോജ്യമായ ഒരു ഭേദപ്പെട്ട തെറി കൊണ്ടു വിശേഷിപ്പിച്ചു. എന്നിട്ട് 'ആർട്ടിന്റെ കോൺട്രാക്റ്റ് എടുക്കുകയും ഇൻഡസ്ട്രിയിൽ നാറ്റം പരത്തുകയും' ചെയ്യുന്ന ബംഗാളികൾക്ക് ശ്രാദ്ധമർപ്പിച്ചു. ഇതിനെ തുടർന്ന് പഞ്ചാബി മാഫിയയും ബംഗാളി മാഫിയയും തമ്മിൽ വാഗ്വാദമുണ്ടായി. യു.പി.മാഫിയ മധ്യസ്ഥരായി.

സമാധാനം സ്ഥാപിച്ചയുടൻ ഖലീക് സാഹബ് വിശേഷാൽ സന്ദർഭമില്ലാതെ ലതാ മങ്കേഷ്കറെ ശകാരിച്ചു തുടങ്ങി. തന്റെ സുന്ദരിക്കുവേണ്ടി അവൾ സിംഹാസനമൊഴിഞ്ഞുകൊടുക്കാൻ വൈകുന്നതെന്തെന്ന് അറിയണം. യു.പി.യിൽ നിന്നു വന്ന ലതാഭക്തനായ ഒരു ഗായകൻ ചൂടായി. അയാൾ ആദ്യം ലതാവന്ദനം ചെയ്തു. തദനന്തരം ഒരു രഹസ്യം വെളിപ്പെടുത്തി. "ലതാജിയുടെ അധോവായുവിമോചനം പോലും പല കേമന്മാരുടെയും പാട്ടിനെക്കാൾ സംഗീതാത്മകമാണ്" ആ സുഹൃത്ത് ഇതു കൂടി കൂട്ടിച്ചേർത്തു "സുഗന്ധിതവും." ഖലീക് കയ്യാങ്കളിക്കൊരുങ്ങി. യു.പി. മാഫിയയുടെ ഈ ആഭ്യന്തരയുദ്ധത്തിൽ പഞ്ചാബ്-ബംഗാൾ മാഫിയകൾ മധ്യസ്ഥം വഹിച്ചു. അടികൊള്ളുമ്പോഴും സുഹൃത്ത് വിളിച്ചു പറഞ്ഞു, "തല്ലിക്കോ, തല്ലിക്കോ. ഒടുവിൽ ദേവാധിദേവൻ നിങ്ങളെയെല്ലാം തല്ലിക്കൊല്ലും."

ഈ മഹത്തായ ഫിലോസഫി മൂലം പിരിമുറുക്കം അല്പം കുറഞ്ഞു. എന്നാൽ അപ്പോഴേക്ക് പൊളിഞ്ഞുപോയ ഒരു ഹീറോയുടെ പി.ആർ. ഓ. പല പല പെഗ്ഗ് അടിച്ചതിന്റെ ലഹരിയിൽ ചിരിക്കാനും തേങ്ങിക്കരയാനും തുടങ്ങി. ആളുകളുടെ ശ്രദ്ധയാകർഷിച്ചശേഷം അയാൾ പറഞ്ഞു, "നമ്മളെത്ര തെണ്ടികളാണ്!. ഒരു മൂന്നാംകിട കവി ഒരു നാലാം കിട ഗായികയെ കൂട്ടിക്കൊണ്ടുവന്നു. നമ്മൾ രണ്ടാംകിട വിസ്കി കുടിച്ച് അത് ആഘോഷിക്കുന്നു. താനെയിലെ മോട്ടോർ മെക്കാനിക്കിന്റെ മകളാണിവൾ. ഇവളുടെ അമ്മ ഗർഭമലസിപ്പിക്കാൻ നടക്കുന്ന ആയയാണ്. ഇവളുടെ ചേച്ചി ഒരു കുതിരലായം സൂക്ഷിപ്പുകാരന്റെ കൂടെ പൊറുക്കുന്നു."

ഖലീക് സുന്ദരി കരയാൻ തുടങ്ങി.

ജോഷി പറഞ്ഞു "വൾഗർ!" മനോഹർ പറഞ്ഞു "ദാരുണം!"

ഞാൻ ഖലീക്കിനെ പിറകോട്ടു തള്ളിമാറ്റി. എന്നിട്ട് കൈകൊട്ടി, "യുവർ അറ്റൻഷൻ പ്ലീസ്, ലേഡീസ് ആൻഡ് ജന്റിൽമെൻ" എന്ന സംബോധനയോടെ ആരംഭിച്ചു, "സ്വന്തമായി ഒരു മോട്ടോർ വാഹനമില്ലാത്ത തെണ്ടി മോട്ടോർ മെക്കാനിക്കിനെ അപമാനിക്കരുത്. നമ്മുടെ കൂട്ടത്തിൽ ഒരു തെണ്ടിക്കും സ്വന്തമായി കാറില്ല... ക്ഷമിക്കണം, പൂർവേന്ദുവിനുണ്ട്. പൂർവേന്ദു തെണ്ടിയല്ല, ചേട്ടനാണ്. ചേട്ടത്തി എവിടെ? മോനിച്ചേട്ടത്തി?"

ഈ വിളിയും ബഹളവും കേട്ട് പൂർവേന്ദുവിന്റെ ശ്രീമതി അടുക്കളയിൽ നിന്ന് ഡ്രായിങ് റൂമിലെത്തി. അവർ ഈ സഹോദരനെ ഭയവും സങ്കോചവും വിസ്മയവും വിനോദവും കലർന്ന ദൃഷ്ടിയോടെ നോക്കി– മദ്യപിച്ചു ലക്കുകെട്ട ബന്ധുവിനെ സ്വന്തം വീട്ടുകാർ നോക്കുന്നവിധത്തിൽ. ഞാൻ മിസ്സിസ് പൂർവേന്ദുവിന്റെ പാദം തൊട്ടു വന്ദിച്ചു. അനന്തരം മിസ്റ്റർ പൂർവേന്ദുവിനെ അന്വേഷിച്ചു, അദ്ദേഹത്തിന്റെ പാദങ്ങൾ കണ്ടുപിടിച്ച് തൊട്ടുതൊഴുതു. അതിനുശേഷം ഞാൻ ആടിയാടി വധൂവരന്മാരെ സമീപിച്ചു. കഴിഞ്ഞലക്കത്തിന്റെ തുടർച്ചയായി സംസാരിച്ചു, "സഹോദരന്മാരേ, സഹോദരിമാരേ, ഒരു തെണ്ടിയും മറ്റൊരു തെണ്ടിയെ ആക്ഷേപിച്ചു ചിരിക്കരുതെന്നാണ് ഞാൻ പറഞ്ഞത്. എപ്പോൾ ഏതു തെണ്ടിയാണ് നമ്മുടെ അളിയനോ അച്ഛനോ ആകുന്നതെന്ന് എങ്ങനെയറിയാം? പരിഹസിക്കണമെന്ന രോഗം പിടിപെട്ടാൽ അവനവന്റെ വിധിയെ പരിഹസിക്കുക."

കരഘോഷം.

ഞാൻ തുടർന്നു, "ഈ നില്ക്കുന്ന ഖലീക്, മൈ വെരി ഡിയർ ഫ്രെണ്ട്, ജീനിയസ്സാണ്. ഇവൻ മരിച്ചുപോകട്ടെ, വധിക്കപ്പെടട്ടെ – എന്നാൽ ഇവനെഴുതിയ നോവൽ അനശ്വരമാണ്. ആ നോവലിനെ ആധാരമാക്കി ഫിലിം നിർമിക്കാൻ മണിക് ദാ, സത്യജിത്റായ് ഫോർ യൂ – വിചാരിച്ചാൽപോലും സാധ്യമല്ല – അയാൾക്ക് മോഷൻ പിക്ചറെന്താണെന്ന് കുറച്ചൊക്കെ അറിയാമെങ്കിലും. ആ നോവലിനെ ആധാരമാക്കി ഫിലിം നിർമിക്കും. – ബർഗ്മാൻ, എന്റെ ഇംഗ്മാർ, സ്വീഡൻകാരൻ."

ചൂളമടി!

"പിന്നെ, നമ്മുടെ ഖലീക്കിന്റെ ഈ പാടുന്ന പൈങ്കിളി. ഇവളും ലതാബായിയും തമ്മിൽ യാതൊരു വഴക്കുമില്ല, ഉണ്ടാവുകയുമില്ല. ഇവളേറ്റുമുട്ടേണ്ടത് ഷെർളി മക്ലീനോടാണ്. ഇവൾ ഹോളിവുഡിലായിരിക്കും. ഖലീക് ബർഗ്മാനോടൊപ്പം സ്റ്റോക്ക് ഹോമിലായിരിക്കം; ഇവർ തമ്മിലുള്ള സംഭാഷണം ടെലിഫോണിലൂടെയായിരിക്കും, കൂടിക്കാഴ്ച യൂറോപ്പിലെ ഏതെങ്കിലും ലൊക്കേഷനിലും."

പിന്നിൽ നിന്ന് പി. ആർ. ഓ.യുടെ ശബ്ദം "താൻ റാഞ്ചിയിലും."

"താങ്ക്സ്!" ഞാൻ താണുവണങ്ങിക്കൊണ്ട് പറഞ്ഞു, "ഞാൻ അവിടുന്ന് ഇവരെപ്പറ്റിയുള്ള വാർത്തകളുടെ കട്ടിങ്സ് ആഗ്രയിലേക്കയച്ചുതരാം."

പിന്നിൽ നിന്ന് അതേശബ്ദം, "അവ തിരികളാക്കി കത്തിക്കാൻ വേണ്ടി ഞാൻ താങ്കൾക്ക് തിരികെ അയച്ചുതരാം."

"താങ്ക്സ്! പക്ഷേ, എന്റെ മലബന്ധത്തെക്കുറിച്ച് ഓർത്തോർത്ത് താങ്കളുടെ ദഹനശക്തി തകരാറാക്കരുത്" ഞാൻ പറഞ്ഞു. "സഹോ

ദരന്മാരേ, സഹോദരിമാരേ, ബുദ്ധിമാന്മാരേ, ബുദ്ധിമതികളേ, നിങ്ങളുടെ വിശ്വസ്തനായ ഈ ബുദ്ധിമാൻ നിങ്ങളോടപേക്ഷിക്കുന്നു - ഈ യുവമിഥുനങ്ങളുടെ പേരിൽ എല്ലാവരും കുടിക്കുക."

ഗ്ലാസെടുത്ത് ആവേശത്തോടെ ഉയർത്തിയ എന്റെ കൈ അങ്ങനെതന്നെ അനങ്ങാതെ നിന്നു. മറ്റുകൈകളും നിശ്ചലം നിന്നു. പൊളിഞ്ഞുപോയവരുടെ ഈ പാർട്ടിയിൽ എന്നേ ചുവടുറപ്പിച്ച ഒരു കക്ഷി കടന്നു വരുന്നു!

അവളണിഞ്ഞ തക്കാളിച്ചുവപ്പിന്റെയും പീകോക്ക് ബ്ലൂവിന്റെയും ഹൈകോൺട്രാസ്റ്റുള്ള കാഞ്ചീപുരം സാരിയുടെ കാന്തിയും മൂക്കിലെയും കാതിലെയും കഴുത്തിലെയും രത്നങ്ങളുടെ തിളക്കവും ഡയറക്ടർ ഓഫ് ഫോട്ടോഗ്രാഫിക്ക് പ്രശ്നങ്ങളുണ്ടാക്കുകയായിരുന്നു. അവൾ നേരേ നടന്ന് ഖലീക്കിന്റെയടുത്ത് ചെന്നു നിന്നു. "ക്ഷണിച്ചില്ല. അഭിനന്ദിക്കാനുള്ള അവകാശം അംഗീകരിക്കുമോ?"

ഖലീക് അവളെ ചീത്ത പറഞ്ഞു.

അവൾ സംസാരിച്ചു. "നല്ല കുട്ടിയായിരിക്കൂ. നല്ല കുട്ടികൾ ചീത്ത പറയുകയില്ല."അവൾ അയാളെ അർഥം വച്ചുനോക്കി. അയാൾക്ക് ഉത്തരം മുട്ടിപ്പോയി. അനന്തരം ആ വേശ്യ വധുവിനെ ആശീർവദിച്ചു, പഴ്സ് തുറന്ന് സ്വർണമുത്തുകളുള്ള മംഗല്യസൂത്രം അവളെ അണിയിച്ചു. അവളുടെ ഇടുപ്പിൽ താക്കോൽക്കൂട്ടം തിരുകിക്കൊണ്ട് പറഞ്ഞു, "ഫ്ളാറ്റിന്റെ താക്കോൽ ഇനി എനിക്കാവശ്യമില്ല. നിങ്ങൾക്കെന്തെങ്കിലും പ്രയാസമുണ്ടെങ്കിൽ എന്നോടു പറയാൻ മടിക്കണ്ടാ."

ഖലീക് ചീത്ത പറയാൻ തുടങ്ങി. അയാൾക്ക് സ്വന്തം അമ്മയെ ഓർമ വന്നു. ഇടയ്ക്കിടയ്ക്ക് അമ്മയുടെ ഷോട്ടിൽ ഈ വേശ്യയുടെ ഷോട്ട് സൂപ്പർ ഇംപോസ് ചെയ്തിട്ട് അവളെ അമ്മേ, അമ്മേ എന്നുവിളിച്ചു. ഭൂമിമാതാവുൾപ്പെടെ എല്ലാ അമ്മമാരെയും സ്മരിച്ചുകൊണ്ട് അയാൾ തന്നെത്തന്നെ ചീത്ത വിളിച്ചു, "ഹേ നരാധമാ, നീ ജാരസന്തതിയല്ലായിരുന്നു. എങ്കിലും നിന്റെ പെരുമാറ്റം എന്നും ജാരസന്തതിയെപ്പോലെയായിരുന്നു." അയാൾ പറഞ്ഞു, "ഒരുറയിൽ രണ്ടുവാൾ കടത്തുക സാധ്യമല്ല. എന്നാൽ ഒരു ഹൃദയത്തിൽ രണ്ടുദേവിമാരെ കുടിയിരുത്താൻ കഴിയുകയില്ലേയെന്നു ചിന്തിക്കേണ്ടതാണ്."

ഖലീക് പുലമ്പിക്കൊണ്ടിരുന്നു. ഖലീക് സുന്ദരി, വേശ്യയുടെ ആഭരണങ്ങളിൽ കണ്ണോടിച്ച് പുഞ്ചിരിക്കുകയായിരുന്നു. ഇവളുടെ ആഭരണങ്ങൾ തട്ടിയെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ എന്നെ മോട്ടോർ മെക്കാനിക്കിന്റെയും ആയയുടെയും സന്തതിയാണെന്നു കരുതണ്ടാ. സമർഥയായ ആ ബാലികയെ നോക്കി ഞാനും മന്ദഹസിച്ചു. അവൾ കണ്ണിറുക്കി കാണിച്ച് എന്നെ സമാധാനിപ്പിച്ചു - എല്ലാം വേണ്ടപോലെ ചെയ്തുകൊള്ളാം.

ആയ പുത്രി ഉവാച, "ചേച്ചീ, മുതിർന്നവരുടെ തണലിലേ പുതിയ കുടുംബം നന്നായി നടക്കുകയുള്ളു. ചേച്ചിയെ പരിചരിക്കാനവസരം തരണം."

ചേച്ചി അവളുടെ അഭ്യർഥന നിരസിച്ചു. അവൾ ഖലീക് എഴുതിയ ഒരു റുബായി അയാളെ ചൊല്ലിക്കേൾപ്പിച്ചു. "ഈ കവികുലശ്രേഷ്ഠൻ സ്വന്തം നരകം സ്വയം കണ്ടെത്തും, സ്വയം നിർമിക്കും. ഈ സത്കർമത്തിൽ മറ്റാരുടെയും സഹായം സ്വീകാര്യമല്ല."

ഖലീക് വീണ്ടും ചീത്ത പറയാൻ തുടങ്ങി. അയാൾ തന്റെ പ്രിയയോട്, തന്റെ മുൻപ്രിയ നല്കിയ മംഗല്യസൂത്രവും താക്കോലുകളും തിരികെ കൊടുക്കാൻ പറഞ്ഞു. ആയ പുത്രിയായ പ്രിയ ആജ്ഞയനുസരിച്ചില്ല. അപ്പോൾ അയാൾ നേരിട്ട് ആയയുമായി ബന്ധം സ്ഥാപിക്കുമെന്നു പ്രഖ്യാപിച്ചു. അതുകേട്ട് ആയപുത്രി കണ്ണുനീരൊഴുക്കികൊണ്ട് അകത്തുപോയി – മംഗല്യസൂത്രവും താക്കോലുകളും സഹിതം.

ജോഷിജിക്ക് ഈ നടപടികളെല്ലാം അറുമുഷിപ്പനായി തോന്നി. സെന്റിമെന്റ് അദ്ദേഹത്തിനൊട്ടും ഇഷ്ടമല്ല. ഞാൻ സെന്റിമെന്റ്ലിനെ റിഡിക്കുലസാക്കി കാണിക്കുന്നതും അദ്ദേഹത്തിന് തീരെ ഇഷ്ടപ്പെടുന്നില്ല.

ആ സമയത്ത് വേശ്യ 'ഇന്റിമേറ്റ്' മണക്കുന്ന തൂവാല കൊണ്ട് ഖലീക്കിന്റെ മൂക്ക് ചീറ്റിച്ചു. അയാളെ തലോടി, ശാന്തനാക്കി. പിന്നീട് അവൾ എന്റെയടുത്തു വന്നു. "നിങ്ങൾക്ക് ഇന്നുമുതൽ തൊഴിലില്ലാതായോ, സി ഐ.ഡി?"

ഞാൻ മദ്യം നിറച്ച ഗ്ലാസ്സ് പൊക്കിക്കൊണ്ടു പറഞ്ഞു, "നിന്റെ സൗന്ദര്യം നീണ്ടുനില്ക്കട്ടെ, ഈ പാവം സി.ഐ.ഡി.ക്ക് തൊഴിലില്ലാതാകുന്നതെങ്ങനെ?" ചിയേഴ്സിനോടൊപ്പം മദ്യം കഴിച്ചശേഷം ഞാൻ ചോദിച്ചു, "ഞാനെന്തെങ്കിലും ചെയ്യണോ?"

"എന്നെ വീട്ടിൽ വിടാമോ?" അവളുടെ ചോദ്യം ഋജുവായിരുന്നു. എന്നാൽ ജോഷിജി അതിൽ നിരവധി കുഴപ്പം പിടിച്ച വെല്ലുവിളികൾ കേൾക്കുന്നുണ്ടായിരുന്നു.

ഈ വെല്ലുവിളികളുടെ ആരവം അമർത്തുന്നതിനുവേണ്ടി ഞാൻ നാടകീയ ശൈലിയിൽ പറഞ്ഞു, "വീടു കാട്ടിത്തരൂ, വീടു വരെ നടക്കാം."

ഖലീക് പെട്ടെന്ന് ചാടിവീണു പറഞ്ഞു, "ആ വീട്ടിൽ കടന്നാൽ അവിടം നിന്റെ ശവകുടീരമാകും."

ഞാൻ പറഞ്ഞു, "നിങ്ങളുടെ കുളമ്പടികൾ നോക്കി ഞാനും പുറത്തു കടക്കും."

ഖലീക് പറഞ്ഞു, "എന്റെ കാലടികൾ പിന്തുടരണമെങ്കിൽ നല്ല

തന്റേടം വേണം, തന്റേടം."

ഞാൻ ചോദിച്ചു, "എന്താ നിങ്ങളുടെ തന്റേടം?"

പ്രദർശനപ്രിയനായ ഖലീക് പറഞ്ഞു, "നോക്കൂ, എന്റെ തന്റേടം."

താണ തലത്തിലുള്ള ഈ 'തന്റേടം കാട്ടൽ' പാർട്ടിയുടെ സഭ്യേതരമായ ആദ്യറൗണ്ടിന്റെ ക്ലൈമാക്സാണെന്നും രണ്ടാം റൗണ്ട് ആരംഭിക്കുകയാണെന്നും സൂചന നല്കി.

ഈ അനുമാനം തെറ്റല്ലായിരുന്നു. മുഖ്യാതിഥി എന്ന നിലയിൽ ഖലീക് തന്നെ റൗണ്ടിന്റെ ശുഭാരംഭം കുറിച്ചു. അയാൾ എന്നെ കാർക്കിച്ചു തുപ്പുന്നതിനുവേണ്ടി "ഖോം...ഖോം..." എന്നു ചുമച്ച് വായിൽ കഫം നിറയ്ക്കുന്നതിനിടയ്ക്ക് 'ഖോം...' നീണ്ട് 'അവാ...ക്' ആയി രൂപാന്തരപ്പെട്ടു.

വമനത്തെ ശരണം പ്രാപിച്ച ഈ ലഹരിയുടെ പുറം തടവിക്കൊടുക്കേണ്ടത് സുഹൃത്തെന്ന നിലയിൽ എന്റെ കടമയായിരുന്നെങ്കിലും അതിലും മഹത്തായ ഒരു കർത്തവ്യബോധം ജോഷിജിയെ മറ്റൊരിടത്തേക്ക് മാടിമാടി വിളിക്കുന്നുണ്ടായിരുന്നു.

ഞാൻ വേശ്യയുടെ കരം ഗ്രഹിച്ചു വാതില്ക്കലേക്കു നീങ്ങി. അവിടെ നിന്നു തിരിഞ്ഞുനോക്കിപ്പറഞ്ഞു, "ഗുഡ് നൈറ്റ് ആൻഡ് ഗുഡ് വൊമിറ്റിങ് എവരിബഡി."

വെളിയിൽ ചപ്പുചവറുകളിടുന്ന സിമന്റ്തൊട്ടിയിൽ ഒരു കറുത്ത പൂച്ചയുടെ കണ്ണുകൾ തിളങ്ങുന്നുണ്ടായിരുന്നു. ഈ ക്ലോസപ്പ് ഈ ദൃശ്യസന്ദർഭത്തിന് ഏറ്റവും അനുയോജ്യമായ അവസാന ഷോട്ടാണ്.

കട്ട്...കട്ട്.

വികാരങ്ങളുടെ കമ്പോളനിലവാരം

എന്നാൽ കട്ടൊന്നുമുണ്ടായില്ല.

ലക്ഷ്യമേതുമില്ലാത്ത ആ മിണ്ടാപ്പെണ്ണ് ജോഷിജിയെ കൂട്ടിക്കൊണ്ട് നടന്നു...

ജോഷിജി പറഞ്ഞു, "ബുദ്ധിജീവി ഫിലിമുകളിലും ഇങ്ങനെയാണു സംഭവിക്കുന്നത്. ഇത്തരം നീണ്ട നിശ്ശബ്ദയാത്ര..."

ബാലനായ മനോഹറിനെ ആക്രമിച്ചു കീഴടക്കുന്ന എന്തോ ഒന്ന് അവളുടെ മൗനത്തിലടങ്ങിയിരുന്നു. ബാലനു വായിച്ചെടുക്കാൻ കഴിയാത്ത എന്തോ ഒന്ന് അവളുടെ മുഖത്ത് പ്രതിഫലിച്ചിരുന്നു. "അപ്പുറത്തിനുമപ്പുറം കാണുന്നുണ്ടവൾ" ബാലനായ മനോഹർ എന്റെ കാതിൽ പറഞ്ഞു.

"നിനക്ക് വീട്ടിൽ പോകണ്ടേ?" ഞാൻ ചോദിച്ചു.

"നാമെവിടെ നിന്നാണോ അലഞ്ഞുതിരിഞ്ഞു വന്നത് അവിടെയാണ് നമ്മുടെ വീടെന്നല്ലേ നിങ്ങൾ പറഞ്ഞത്. ഞാനെവിടെ നിന്നാണ് കറങ്ങിത്തിരിഞ്ഞു വന്നതെന്നു പറയാമോ?" അവൾ ചോദിച്ചു.,

"തത്ത്വചിന്ത കൊണ്ടുപോയി കുഴിയിൽ തള്ള്. നീ എവിടെയാ താമസിക്കുന്നത്?" ഞാൻ ചോദിച്ചു.

"കുഴിയിൽ" അവൾ പറഞ്ഞു. "എന്താ, പോകാമോ? ഇല്ല എങ്കിൽ എന്നെ ഗസ്റ്റ് ഹൗസിൽ കൊണ്ടുപോകൂ. പേടിയില്ലാത്ത ചാരനല്ലേ നിങ്ങൾ?"

"ഒരു മുറിയിൽ ഞങ്ങൾ മൂന്നുപേർ ഒരുമിച്ചാണു താമസം." ഞാൻ പറഞ്ഞു, "എന്റെ കൂടെ രണ്ടുവൃദ്ധന്മാർ താമസിക്കുന്നുണ്ട് - ഒരാൾ ഗുജറാത്തിയാണ്."

"ഗുജറാത്തി വൃദ്ധന്മാരെ എനിക്കു വളരെ ഇഷ്ടമാണ്." ആ തല തിരിഞ്ഞവൾ പറഞ്ഞു. "എന്റെ അച്ഛൻ ഗുജറാത്തി വൃദ്ധനായിരുന്നു."

"എല്ലാവരുടെയും അച്ഛന്മാർ വൃദ്ധന്മാരായിരിക്കും ഗുജറാത്തികളല്ലെങ്കിൽ പോലും." ഞാൻ ആ മറയിയോടു പറഞ്ഞു.

"എന്റെ അച്ഛന് അമ്പതു വയസ്സ് കഴിഞ്ഞിട്ടാണ് ഞാൻ ജനിച്ചത്." ഞാൻ പറഞ്ഞത് കേൾക്കാത്ത മട്ടിൽ അവൾ പറഞ്ഞു. "അദ്ദേഹത്തിന്റെ ആദ്യത്തെയും അവസാനത്തെയും സന്താനമാണ് ഞാൻ.

എന്റെ പത്താം പിറന്നാൾ ദിവസം അച്ഛൻ മരിച്ചു. വിളക്കു കത്തിച്ച നേരത്ത്. അടുത്തുള്ള അമ്പലത്തിൽ ദീപാരാധന നടക്കുകയായിരുന്നു. ഹുണ്ടിക വ്യാപാരിയായ എന്റെ അച്ഛൻ കടയിൽ നിന്ന് എനിക്കൊരു ജോടി ചിലങ്ക വാങ്ങിക്കൊണ്ടുവന്നു. കാലിലണിയിച്ചുകൊണ്ടിരിക്കെ എന്റെ പാദത്തിൽ തല ചായ്ച്ചു. മുറ്റത്തെ തുളസിച്ചെടിക്കു സമീപം."

"സ്ട്രോക്ക്?" സംഭാഷണം സാധാരണനിലവാരത്തിലേക്കു കൊണ്ടുവരാനുദ്ദേശിച്ച് ഞാൻ രോഗവിവരങ്ങളാരാഞ്ഞു അതേ സമയം ജോഷി ഈ സന്ദർഭം കാവ്യാത്മകമാക്കി നിലനിർത്താൻ നിർബന്ധം പിടിച്ചു. മനോഹറാകട്ടെ ഒന്നും മിണ്ടാതെ എല്ലാം കേൾക്കാനുപദേശിക്കുകയായിരുന്നു.

അവൾ തന്നിൽത്തന്നെ ലയിച്ചു പറഞ്ഞുകൊണ്ടിരുന്നു, "എന്റെ അച്ഛൻ എന്നെ വളരെയേറെ സ്നേഹിച്ചിരുന്നു, അല്പം പേടിക്കുകയും ചെയ്തിരുന്നു. പിന്നീട് ആളുകൾ പറയുന്നതുകേട്ടു, 'ദേവിയുടെ പാദങ്ങളിൽ തലവച്ച് പ്രാണൻ വെടിഞ്ഞു, സദ്ഗതി ലഭിക്കും.' എന്റെ പാദങ്ങളിൽ തലചായ്ച്ച് മരണമടയുന്നതിനു തൊട്ടുമുമ്പ് അച്ഛനും അങ്ങനെ തന്നെ വിചാരിച്ചുകാണുമോ? എന്റെ അച്ഛനും വൈഷ്ണവനായിരുന്നു, ശാക്ത സംസ്കാരങ്ങൾ തൊട്ടു തീണ്ടിയിട്ടില്ലാത്തവൻ."

ദേവിയുടെ ചുറ്റിക്കറങ്ങലെന്താണെന്നു ചോദിക്കണമെന്നുണ്ടായിരുന്നു. എന്നാൽ വൈകാരികതയുടെ ഹൈവോൾട്ടേജ് കണക്കാക്കി ജോഷിജി രഘുവീർ സഹായിന്റെ കോപ്പിറൈറ്റ് അടിച്ചെടുത്തു. അദ്ദേഹം ചോദിച്ചു, "നീ ഒറ്റയ്ക്കിരിക്കുമ്പോഴോ വിഷാദമഗ്നയാകുമ്പോഴോ ദുഃഖം നിറഞ്ഞ മനസ്സിൽ ആ രൂപം തെളിഞ്ഞു വരാറുണ്ടോ? ജീവിതക്രമത്തിലെ ഓരോ ചുഴിയും അതിൽ നിന്നു രൂപം കൊള്ളുകയും അതിൽത്തന്നെ ലയിക്കുകയും ചെയ്യുന്നതായി തോന്നുന്നുണ്ടോ?"

"നിങ്ങൾ എഴുത്തുകാരനാണ്, ജ്യോതിഷിയാണ്, മനശ്ശാസ്ത്രജ്ഞനാണ്." അവൾ പറഞ്ഞു, "പിന്നെ എന്തൊക്കെയാണ്? അളന്നും തൂക്കിയും ഏതു ശോകത്തിന്റെയും സമ്മാനപായ്ക്കറ്റുണ്ടാക്കാനെത്ര ഉപായം നിങ്ങൾക്കറിയാം!"

കടാക്ഷം കൊണ്ടു മുറിവേറ്റ ജോഷി അറിയിച്ചു, "എനിക്ക് എട്ടു വയസ്സുള്ളപ്പോഴാണ് അച്ഛൻ മരിച്ചത്."

അവൾ നിർദയം പറഞ്ഞു, "നിങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ എല്ലാവരുടെയും അച്ഛന്മാർ മരിക്കാൻ സാധ്യതയുണ്ട്. ഒരു പക്ഷേ എല്ലാവരും പാദത്തിൽ തലവച്ചല്ലായിരിക്കും."

"ഇരിക്കാം" ജോഷിജി അഭിപ്രായപ്പെട്ടു. മറുപടിക്ക് കാത്തു നിൽക്കാതെ കടപ്പുറത്തുള്ള ഒരു ബഞ്ചിലിരുന്നു.

അവൾ ചോദിച്ചു. "നിങ്ങൾ കലാകാരനാണോ, മറ്റു വല്ലതുമാണോ, നിങ്ങൾ ഖലീക്കാണോ, അയാളെക്കാൾ കേമനാണോ?"

"പരീക്ഷിച്ചുനോക്ക്." ഞാൻ പറഞ്ഞു.

"പറയൂ. ആര് വന്നാലും നിങ്ങളുടെയടുത്തു വന്നിരിക്കും. ഞാൻ നിങ്ങളുടെയടുത്തു നിന്ന് എത്രദൂരം നിരങ്ങി നീങ്ങും? ഏന്തോ മീനിങ്സും?"

ഞാൻ ജോഷിജിക്ക് മുന്നറിയിപ്പ് നല്കി. എന്നാൽ അയാൾ ഋജുവും സ്പഷ്ടവുമായ കവിത വ്യാഖ്യാനിച്ചിട്ടേ അടങ്ങിയുള്ളൂ?"

അവൾ വ്യാഖ്യാനം തട്ടിമാറ്റി. "അതൊക്കെ എനിക്കറിയാം. എവിടം വരെ നിരങ്ങിനീങ്ങാനാണ് കവിയുടെ ഉദ്ദേശ്യം?"

"എവിടം വരെ നിരങ്ങണമെന്ന് ആ ദരിദ്രനും ചോദിക്കുകയാണ്." ഞാൻ നേരമ്പോക്ക് പറഞ്ഞു, "ആവശ്യമുള്ള ദൂരം ഘാതകിയായ സുന്ദരിക്ക് താണ്ടേണ്ടിവരും."

"അയാൾ ചോദ്യം ചോദിക്കുകയാണോ ഭീഷണിപ്പെടുത്തുകയാണോ എന്നു പറയൂ."

"ഇതിൽ ഭീഷണി എവിടെ? ഇതൊരു ചോദ്യവുമല്ല. ഇനിയും തള്ളിമാറ്റരുതേ എന്ന ദരിദ്രന്റെ യാചനയാണ്." ഞാൻ പറഞ്ഞു.

"എന്താ, സുന്ദരി അയാളെ തള്ളിമാറ്റുകയായിരുന്നോ? സുന്ദരി അന്യന്മാരെ വിളിച്ചു, എല്ലാവരും എന്റെയടുത്തിരിക്കിൻ, ഈ കവിയെ തള്ളിമാറ്റുവിൻ എന്നുറക്കെപ്പറഞ്ഞോ? അങ്ങനെയൊന്നും സംഭവിക്കാതിരിക്കെ, സ്വയം നിരങ്ങി മാറി മറ്റുള്ളവർക്കുവേണ്ടി സ്ഥലം കാലിയാക്കിയിട്ട് ഇങ്ങനെയൊക്കെ പറയുന്നത് ഭീഷണിയെല്ലങ്കിൽ പിന്നെന്താണ്?"

"ഭവതി എവിടെയാണ് വിദ്യയഭ്യസിച്ചത്?"

"കുറച്ച് ബെഡ്റൂമിലും ബാത്ത്റൂമിലും. ബാക്കി ഭ്രാന്താശുപത്രിയിൽ." അവൾ മറുപടി പറഞ്ഞു. "ചിരിക്കുന്നതെന്തിന്? നാല് വർഷക്കാലം ഭ്രാന്താശുപത്രിയിൽ കഴിഞ്ഞു - പതിമൂന്നു വയസ്സ് മുതൽ പതിനേഴ് വയസ്സു വരെ. ലക്ഷണമൊത്ത ഭ്രാന്തോടു കൂടി."

"ഇപ്പോൾ ലക്ഷണമില്ലാത്ത ഭ്രാന്താണോ?" ഞാൻ വ്യംഗ്യം വച്ചുനീട്ടി.

"എല്ലാവർക്കും അങ്ങനെയാണ്. നിങ്ങൾക്കും." അവൾ മറുപടി പറഞ്ഞു.

"നിങ്ങളുടെ സഹവാസം കാരണം."

"ഞാനുമായി സഹവസിക്കുമോ?"

"വസിപ്പിച്ചാൽ വസിക്കാം." ഞാൻ ഡയലോഗ് ദീർഘിപ്പിച്ചു.

തല തിരിച്ചിലിന്റെ വേദിയിലിരുന്ന് അവൾ വീണ്ടും പറഞ്ഞു, "വസിപ്പിക്കുന്നതിനുമുമ്പ് നിങ്ങളുടെയുള്ളിൽ എത്തിനോക്കി വസിപ്പിക്കാൻ യോഗ്യനാണോ എന്നു മനസ്സിലാക്കണം. ഇപ്പോൾ ഞാൻ അതാണ് ചെയ്യുന്നത്."

ഞാൻ ജോഷിയോടു പറഞ്ഞു, "ഈ സ്ക്രിപ്റ്റ് തീരെ മോശമാണ്. തന്റെ കാമുകൻ മറ്റൊരുവളെ വിവാഹം ചെയ്തതിന്റെ പേരിൽ സംഘടിപ്പിക്കപ്പെട്ട പാർട്ടിയിൽ പങ്കെടുത്തിട്ടു വന്നവളാണിവൾ. താങ്കൾ കാമുകന്റെ ഒഴിവിൽ പ്രബലനായ അപേക്ഷകനായി രംഗപ്രവേശം ചെയ്തിരിക്കുകയുമാണ്. എന്നാൽ താങ്കളുടെ അപേക്ഷ കിട്ടുന്നതിനു മുമ്പുതന്നെ ഇന്റർവ്യൂ തുടങ്ങിയിരിക്കുന്നു. ഒന്നും പിടികിട്ടുന്നില്ല."

ജോഷിജി പറഞ്ഞു. "ഇത് അബ്സേഡാണെന്ന കാര്യത്തിൽ ഞാനും യോജിക്കുന്നു. ഇത് വ്യഥയുടെയും സാന്ത്വനത്തിന്റെയും സന്ദർഭമാണെന്നും വ്യക്തിപരമായി ഞാൻ വിശ്വസിക്കുന്നു."

മനോഹർ പറഞ്ഞു, "ആരാധകനെ പരീക്ഷിക്കുന്നതിങ്ങനെയാണ്. ഉള്ളിലെത്തിനോക്കിയിട്ട്."

അടുത്തചോദ്യം മീറിന്റെ കവിതയെ ആധാരമാക്കിയുള്ളതായിരുന്നു. (അത് വെരി വെരി ഇംപോർട്ടന്റാണെന്ന് ആരും നേരത്തേ പറഞ്ഞു തന്നില്ല!) ചോദ്യത്തിനു മൂന്നു പിരിവുകൾ – (എ) ഈ കവിത ഓരോരുത്തർക്കും മീറിന്റേതു തന്നെയായിരിക്കണമെന്നു നിർബന്ധമുണ്ടോ? (ബി) അലി യാവർ സാഹബിന്റെ വീട്ടിൽ നടന്ന കവിസമ്മേളനത്തിനുശേഷം ഞാൻ ലിഫ്റ്റിൽ താഴെ വന്നപ്പോൾ ഖലീക് അവിടെ എന്നെ കാത്തു നില്ക്കുന്നുണ്ടായിരുന്നു. അയാൾ എന്നെ ഈ കവിത ചൊല്ലിക്കേൾപ്പിച്ചു. അതുകൊണ്ട് ഇത് ഖലീക്കിന്റെ കവിതയാണെന്ന് കരുതിക്കൂടേ? (സി) ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നവൻ ഭ്രാന്തനാണോ?

ഒന്നുകിൽ ചോദ്യപേപ്പർ കഠിനമാണെന്നുപറഞ്ഞ് വാക്കൗട്ട് നടത്തുകയോ അല്ലെങ്കിൽ എന്തെങ്കിലും അസംബന്ധമെഴുതുകയോ ചെയ്യാൻ ഞാൻ ജോഷിയെ ഉപദേശിച്ചു. ഉത്തരം ഇങ്ങനെയാവാം – (എ) തീർച്ചയായും ഇല്ല ഒരു പക്ഷേ മീറിനുപോലും അത് മീറിന്റെയല്ല, ഏതോ മിറാസിന്റേതാണെന്നുതോന്നാം. (ബി) ഖലീക്കിന്റെയാകണമെന്നില്ല, അലി യാവറിന്റെ കവിതയാണെന്നും കരുതാം. (സി) ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നവൻ ഹോർജെ ലൂയി ബോർഹസ് വായിച്ച ഭ്രാന്തനാണ്.

ജോഷി പറഞ്ഞു, "ബോർഹസ് ഒരു ചെറുകഥയിൽ ഒരു പ്രശ്നമുന്നയിച്ചിട്ടുണ്ട് – ഏതെങ്കിലും ഒരു മുൻഗാമിയുടെ കൃതി വീണ്ടും അതുപടി എഴുതിയാൽ അതൊരു മൗലിക സൃഷ്ടിയാവുകയില്ലേ?"

അവൾ പറഞ്ഞു "അതെനിക്കറിയാം. നിങ്ങളുടെ പരീക്ഷക ബോർഹസിനെ കോപ്പിയടിക്കുകയാണെന്നാണോ നിങ്ങൾ പറയാനാഗ്രഹിക്കുന്നത്?"

ജോഷിജി പറഞ്ഞു, "അവളുടെ സ്ത്രീസഹജമായ ഭാവുകത്വം ബോർഹസിനു പുതിയ മാനങ്ങൾ നല്കുന്നു."

"മൃഗം" അവൾ പറഞ്ഞു. "അതും ഗ്രേസ്മാർക്ക് കിട്ടിയാൽ... ഭാവിയിൽ ഓർക്കേണ്ട കാര്യം പറയാം. സ്ത്രീസഹജമായ ഭാവുകത്വം, മാനങ്ങൾ മുതലായ വാക്കുകൾ സംസാരിക്കുന്നയാൾക്ക് മൗലികത്വമില്ല. ഇനി സൂക്ഷിച്ചുവയ്ക്കാൻ കൊള്ളുകയില്ലെന്നു വിചാരിച്ച് ദൂരെയെറിഞ്ഞ മൂലപാഠത്തിന്റെ എൺപത്തിനാലാമതുലക്ഷം കാർബൺ കോപ്പിയാണ് നിങ്ങൾ."

സഹികെട്ടു. ഒരു വഴിക്ക് ജോഷിജിയുടെ സാഹിത്യപരമായ അഹംബോധത്തിന്റെ അസ്വാസ്ഥ്യം. രണ്ടാമതായി, ആരാധകന്റെ മനസ്സിനുള്ളിൽ കടന്ന് അയാൾ മൃഗമാണോ വീരനാണോ ദിവ്യനാണോ എന്നന്വേഷിക്കുന്നതിനെക്കുറിച്ച് മനോഹറിന്റെ കരച്ചിൽ. ഞാൻ മൃഗമാണെന്നു തെളിഞ്ഞു – മൂന്നാം തരക്കാരൻ. മൂന്നാമതായി, എന്റെ ദേഹത്തുനിന്നു പുറപ്പെടുന്ന മദ്യഗന്ധം. ക്ലൈമാക്സായി ഒരു വലിയ ക്ലോസപ്പ് – തീർച്ചയായും സെൻസർബോർഡിന്റെ കത്രികയ്ക്ക് വളരെ ഇഷ്ടപ്പെടുന്ന ക്ലോസപ്പ്. നിരങ്ങുന്ന കവിയെക്കുറിച്ച് ചോദ്യോത്തരം നടത്തുന്നതിനിടയിൽ സുന്ദരിയുടെ സാരിയുടെ പല്ലു മടിയിലേക്കു വഴുതി വീണു. കഴുത്തിറക്കിവെട്ടിയ, കയ്യില്ലാത്ത ബ്ലൗസിനുള്ളിൽ നിന്ന് അലക്ഷ്യമായ ഒരു ജ്വാല ആളിക്കത്തി.

അവൾ പല്ലു നേരേയിടാതെ പറഞ്ഞു, "എന്റെ ബുദ്ധിയെക്കാൾ കൂടുതൽ രസകരം എന്റെ ദേഹമാണെന്നു മനസ്സിലാക്കിയ ആദ്യപുരുഷനല്ല, നിങ്ങൾ."

"നിങ്ങളുടെ ബുദ്ധിയും ഒരു പക്ഷേ രസകരമായേക്കാം" ഞാൻ അവളുടെ ക്ലോസപ്പിൽ നിന്ന് കണ്ണെടുക്കാതെ പറഞ്ഞു, "ചേതോഹരങ്ങളായ വസ്തുതകൾ പറഞ്ഞാൽ ശരിയാണെന്നു സമ്മതിക്കേണ്ടി വരും."

"നന്ദി കയ്യോടെ സ്വീകരിക്കുന്നോ അതോ പിന്നീടു മതിയോ?"അവൾ ചോദിച്ചു. "താങ്കൾ എന്റെ വാനിറ്റിയെ പ്രോത്സാഹിപ്പിച്ചു. ഞാൻ വാനിറ്റി ബാഗ് തുറക്കട്ടെ, ഭ്രമരമേ?"

"പുഷ്പമേ, തുറക്കൂ. ഒരിക്കലും ഇതളുകൾ കൂമ്പാനിടയാക്കരുതേ. തടവിലാകുന്നത് എനിക്ക് സ്വീകാര്യമല്ല." ഞാൻ പറഞ്ഞു.

"ഇത്തരം കാര്യങ്ങളിൽ ഒരു പുരുഷനും മൗലികത്വമവകാശപ്പെടാനില്ല." അവൾ പുഞ്ചിരിച്ചു.

അവൾ എന്റെ കൈത്തലം പിടിച്ച് ആ വലിയ ക്ലോസപ്പിന്റെ ഇടതുഭാഗത്തു വച്ചമർത്തി. കാവ്യാത്മകമായ ഡയലോഗ്, വേശ്യാസഹജമായ പ്രവൃത്തി. തുടർന്ന് സമ്പൂർണമായ വിഡ്ഢിത്തം. അവൾ ഉരുവിടാൻ തുടങ്ങി, "ഓം ലം മദനായൈ നമഃ"

മനോഹർ മന്ത്രമുഗ്ധനായി. ജോഷിജി ബൗദ്ധികമായി അല്പവും ശാരീരികമായി അധികവും പരവശനായി. അയാൾ സാരള്യത്തിനുയോഗ്യൻ, അടുക്കും ചിട്ടയും ആഗ്രഹിക്കുന്നവൻ. കടങ്കഥ

പോലുള്ള കഥാപാത്രമോ സാഹിത്യമോ ആയിരുന്നാൽ പോലും അതിലെവിടെയെങ്കിലും ഒരു സിമ്പിൾ ഡിസൈൻ തെളിയുന്നുണ്ടാവും. ഇവിടെ അയാൾക്ക് അതിരറ്റ അവ്യവസ്ഥ നേരിടേണ്ടി വന്നിരിക്കുന്നു. ഞാൻ പറഞ്ഞു, "എല്ലാം ഫ്രോഡാണ്."

ഞാൻ പെട്ടെന്ന് കൈത്തലത്തിലെ പിടി വിടുവിച്ചുകൊണ്ടു പറഞ്ഞു, "ഓം ക്ലീം ഫ്രോഡ് മാലിന്യൈ നമഃ സ്വന്തം സൗന്ദര്യഹുങ്കിൽ നിന്ന് എപ്പോഴെങ്കിലും ഇടവേളകിട്ടുമ്പോൾ ഒരു കാര്യം ഭവതി മനസ്സിലാക്കാൻ ശ്രമിക്കണം. എല്ലാ പുരുഷന്മാരും ഒരു പോലെയല്ല, എല്ലാവരും ഒരേ കുരുക്കിൽ കുരുങ്ങുകയുമില്ല."

"ഈ കുരുക്ക് ഞാൻ നിങ്ങൾക്കുവേണ്ടി പ്രത്യേകമായി ഉണ്ടാക്കിയതാണ്." അവൾ കൃഷ്ണമണികൾ മുകളിലേക്കാക്കിക്കൊണ്ടു പറഞ്ഞു. "എന്റെ അതുല്യ പുരുഷാ!"

"യോഗാസന മുദ്ര!" ഞാൻ കൊച്ചുകുട്ടിയാണെന്നാണവളുടെ വിചാരം.

അവളപ്പോൾ പ്രതീകമെന്നവണ്ണം എന്നെ പിടിച്ചു. ജലതരംഗത്തിൽ സപ്തകം പ്രയോഗിച്ചു കൊണ്ട് അവൾ പറഞ്ഞു, "നോക്കൂ, ആരുടെ അതുല്യമായ പൗരുഷമാണ് എന്റെ പിടിയിലൊതുങ്ങിയിരിക്കുന്നതെന്നുനോക്കൂ. ഓം ഐം തത് പുരുഷായ നമഃ"

"നീ വേശ്യയാണ്" ഞാൻ പറഞ്ഞു, "മന്ത്രതന്ത്രങ്ങളുടെ കളികൾ നിനക്കു പറ്റിയതല്ല."

"എത്ര താഴേക്കു വീണോ പൊക്കിയെടുക്കാൻ അത്രയും സഹായം കൂടുമെന്നു കേട്ടിട്ടില്ലേ?"

"പുലമ്പൽ നിർത്ത്." ഞാൻ ഗർജിച്ചു. "ഭിത്തിയിലെ അളകളിലൊളിച്ചിരുന്ന് പടികയറുന്ന പെൺപാമ്പിൽ എനിക്കൊരു താല്പര്യവുമില്ല. അഥവാ താല്പര്യമുണ്ടായാൽ തന്നെ നിന്നെപ്പോലെ ഏതെങ്കിലും പുസ്തകത്തിൽ നിന്ന് വായിച്ചറിഞ്ഞോളാം."

"എനിക്ക് പന്ത്രണ്ട് – പതിമൂന്നു വയസ്സുള്ളപ്പോൾ ബയോസ്കോപ്പിന്റെ എല്ലാ സ്വിച്ചും അമർത്തി ത്രികുടിയുടെ മധ്യത്തിൽ ഇളം നീല മെർക്കുറി ലൈറ്റ് എങ്ങനെ കത്തുന്നുവെന്ന് കണ്ടിട്ടുണ്ട്. എന്നിട്ടും നിങ്ങളിൽ നിന്നല്ലാതെ പുസ്തകത്തിൽ നിന്ന് വായിക്കണമെന്ന് ഞാൻ ശാഠ്യം പിടിക്കുമോ?"

മനോഹർ ആദരാന്വിതനായിരുന്നു 'സർപെന്റ് പവർ' എന്ന ഗ്രന്ഥം കൊണ്ടുവന്നെങ്കിലും അതിലെ വർണചിത്രങ്ങൾ കണ്ടതല്ലാതെ ഒന്നും വായിക്കാൻ കഴിയാഞ്ഞതോർത്ത് ജോഷി പശ്ചാത്തപിച്ചു. കളിമുഴുവൻ അലമ്പാക്കാമെന്നു ഞാൻ വിചാരിച്ചു.

അവൾ പറഞ്ഞു, "ഉത്തിഷ്ഠത ജാഗ്രത, വീരോഭവ, നിത്യമുക്ത സ്വഭാവാനുഭവ!"

ഈ താന്ത്രികസംവാദം കേട്ട് ജോഷിജി ഉടക്കി. എഴുന്നേല്ക്കൂ,

ഉണരൂ, വീരനാകൂ, നിത്യമുക്തനായി സ്വഭാവം അനുഭവിക്കൂ. ഫലത്തിൽ എങ്ങനെയെങ്കിലും വേർപെടുത്താനോ?

ബുദ്ധിജീവിയായ ജോഷി ലക്ചർ ചെയ്യുന്നപോലെ ഡയലോഗ് തട്ടിവിട്ടു, "നിനക്ക് ബയോളജിക്കപ്പുറം ഒന്നുമറിഞ്ഞുകൂടാ."

"അതപകടമാണോ?" അവൾ പറഞ്ഞു, "എങ്കിൽ ബയോളജി വെട്ടിക്കളയൂ. ആദ്യം ചടപടാന്ന് ബയോളജി, പിന്നെ സമാധാനപൂർവം റൊമാൻസ്, സൈക്കോളജി, സ്പിരിച്വലിസം ഈ വികാസക്രമം നിങ്ങൾക്ക് ശരിയെന്നു തോന്നുന്നില്ലേ?"

ബയോളജിയോടെതിർപ്പു പ്രകടിപ്പിച്ചത് ജോഷിയായിരുന്നു. പക്ഷേ ഇപ്പോൾ അയാൾക്കും എന്നെപ്പോലെ ബയോളജിയല്ലാതെ ഒന്നും തോന്നുന്നുമില്ല. എന്നാൽ ക്രോധരംഗത്ത് കാമം പ്രകടമാകുന്നില്ല

"ശരിയെന്നു തോന്നുന്നില്ലേ?" അവൾ ജോഷിക്കു മോചനം നല്കിക്കൊണ്ടു പറഞ്ഞു, "എങ്കിൽ ആ പഴയവഴി – മസ്തിഷ്കത്തിൽ നിന്നു മനസ്സിലേക്ക്, മനസ്സിൽ നിന്ന് ദേഹത്തിലേക്ക്. വീണ്ടും സമയം മിച്ചമുണ്ടെങ്കിൽ ദേഹത്തിൽ നിന്ന് ആത്മാവിലേക്ക്. ഇതായിരിക്കണം ശരി. ദേഹലീല ആദ്യം വച്ചാൽ അനുപമ പുരുഷന്മാർക്ക് പറയാനും പ്രവർത്തിക്കാനും ഒന്നും ബാക്കി കാണുകയില്ല എന്നാൽ അതേറ്റവുമൊടുവിൽ വച്ചാലും അനുപമ പുരുഷൻ ബാഹ്യമായ കോട്ടകൊത്തളങ്ങൾ തകർന്നിട്ടു ദേഹത്ത് കൊടിനാട്ടാൻ ശ്രമിക്കും."

"കൊടി" ഞാൻ കവിസമ്മേളന ശൈലിയിൽ പ്രശംസിച്ചു. "കൊടി നല്ല പ്രയോഗമാണ്."

അവൾ പുഞ്ചിരിച്ചു. "വേശ്യയെ അഭിധ പ്രയോഗിക്കാൻ വെല്ലുവിളിക്കുകയാണോ?"

മൗനമാണ് ഭൂഷണമെന്ന് എനിക്ക് മനസ്സിലായി. ഇവളെ അറിയാനും മനസ്സിലാക്കാനുമുള്ള പരിശ്രമം വ്യർത്ഥമാണെന്നും ഞാൻ പറഞ്ഞു. എന്തെങ്കിലും ചെയ്യാനുണ്ടെങ്കിൽ ചെയ്യ്, ഇല്ലെങ്കിൽ പോകൂ. എന്നാൽ ഓരോ വാച്ചും തുറന്ന് അതെങ്ങനെ നടക്കുന്നെന്നറിയണമെന്ന് ജോഷിക്ക് നിർബന്ധമുള്ളപോലെ. അദ്ദേഹം എന്നോടു പറഞ്ഞു, "ആഘാതം ചിലപ്പോൾ ഉന്മാദത്തിനു കാരണമാകും. ഇവൾ അടിസ്ഥാനപരമായി വികാരാധീനയാകുന്ന ഒരു സ്ത്രീയാണ്. താരതമ്യേന കൂടുതൽ വിദ്യാഭ്യാസം നടത്തിയവൾ. ഈ സമയത്ത് ഖലീക്കിന്റെ വിശ്വാസവഞ്ചന മൂലം സ്വന്തം മാനസിക സന്തുലനം നഷ്ടപ്പെട്ടവൾ. അതുകൊണ്ടാണ് അതുമിതും പുലമ്പുന്നത്. അവൾ മന്ത്ര – തന്ത്രങ്ങളെപ്പറ്റി പറയുന്നു. ബാഗ്ചി, പ്രബോധചന്ദ്ര, സ്റ്റഡീസ് ഇൻ തന്ത്രാസ്, പാർട്ട് വൺ, കൽക്കട്ടാ, 1937. അടുത്തകാലത്ത് വായിച്ചു കാണും. അവൾക്ക് സിദ്ധിയുണ്ടെന്നു സ്ഥാപിക്കാൻ മനോഹർ വാശിപിടിക്കു

കയാണെങ്കിൽ, ഹാംലറ്റ് നാടകത്തിൽ ഒഫീലിയയുടെ പ്രലാപം സിദ്ധിക്ക് മാതൃകയായി കണക്കാക്കാമോ എന്നയാളോടു ചോദിക്കണം."

അവൾ കരഞ്ഞുകൊണ്ടിരിക്കുകയാണെന്ന് ഞാൻ കണ്ടു. ഇതും അഹ്ലാദത്തിന്റെ ഒരവസ്ഥാവിശേഷമാണെന്നു മനോഹർ പറഞ്ഞു. മാതാ ആനന്ദമയി ഇതുപോലെ ഭാവവിഹ്വലയായി ഭക്തന്മാർക്കു കാണപ്പെടുന്നു. അവൾ നിന്നെ സ്വാധീനിക്കാൻ വേണ്ടി ഈ നാടകം മാതാജിയിൽ നിന്ന് അഭ്യസിച്ചിട്ടു വന്നതാണ്. ഫ്രോയ്ഡിന്റെ ശിഷ്യനായ ജോഷിജിക്ക് ഈ വിവാദത്തിൽ വലിയ താല്പര്യമില്ലായിരുന്നു. തന്റെ അനുമാനം ശരിയാണെന്നു തെളിഞ്ഞതിൽ അയാൾ സന്തുഷ്ടനായിരുന്നു. ഇവളൊരു പാവം ദുഃഖപുത്രി. അയാളെ ദുഃഖിപ്പിക്കാനവതരിച്ച പിശാചൊന്നുമല്ല. അയാൾ അവളുടെ വഴുതിമാറിയ പല്ലൂ കയ്യിലെടുത്തു. പല്ലുവിന്റെ അറ്റംകൊണ്ട് അവളുടെ കണ്ണുനീർ തുടച്ചു. പിന്നീട് ആ പല്ലു അവളുടെ തോളത്ത് ശരിയായി ഉറപ്പിച്ചു. അവളുടെ പുറത്ത് മൃദുവായി തട്ടി. അയാളാദ്യം എഴുന്നേറ്റു. അവളെയും താങ്ങി എഴുന്നേല്പിച്ചു – മുഖാമുഖം.

അഞ്ചടി പതിനൊന്നിഞ്ച് പൊക്കമുള്ള ജോഷിജി സാധാരണയായി ഇത്തരം ഷോട്ടിൽ ഹീറോയിനെ പൊതിഞ്ഞു നില്ക്കുകയാണു പതിവ്. എന്നാൽ ഇവിടെ ഹീറോയിന്റെ ഏകദേശം തുല്യമായ പൊക്കം അല്പം ക്ലേശകരമാണെന്നു തെളിഞ്ഞു.എങ്കിലും അദ്ദേഹം ചൂണ്ടുവിരലുപയോഗിച്ച് അവളുടെ താടി പിടിച്ചുയർത്തി തന്റെ കണ്ണുകളിൽ സ്നേഹോഷ്മാവ് നിറച്ച് അവളുടെ കണ്ണുകളെ ഉണക്കാനുള്ള സൽപ്രയത്നം നടത്തി. എന്നിട്ട് നടരാജൻ പറഞ്ഞു, "സ്വന്തം വികാരങ്ങളെ മാനിക്കാൻ പഠിക്കൂ. സെന്റിമെന്റലിസത്തിലൊഴുക്കിക്കളയത്തക്കവണ്ണം വില കുറഞ്ഞതല്ല അവ."

അത്യന്തം കാതരതയോടും ശാന്ത വിസ്മയത്തോടും അവൾ ചോദിച്ചു, "ഏനോ മീനിങ് സും?" ജോഷിജിക്ക് അവളുടെ ശബ്ദത്തിൽ സ്നേഹമെന്താണ്, ആസക്തിയെന്താണെന്ന് സഹോദരനോടു ചോദിച്ചറിയാൻ ശ്രമിക്കുന്ന അനേകം ഗ്രാമീണയുവതികളുടെ സ്വരം തിരിച്ചറിയാൻ കഴിഞ്ഞു.

സഹോദരൻ ഉവാച, "സ്നേഹം വലുതാണ്, മനുഷ്യൻ നിസ്സാരനും, സ്നേഹത്തിന്റെ വലിപ്പം അംഗീകരിക്കുക. മനുഷ്യന്റെ നിസ്സാരത അവഗണിക്കൂ. വീണുപോയ ഒരാൾക്കു താങ്ങായി നിങ്ങൾ സ്നേഹത്തിന്റെ കൈനീട്ടി. അയാൾ കൈ തട്ടി മാറ്റിയെന്നുവച്ച് അത്രയ്ക്ക് തോൽവിപറ്റിയെന്നു വിചാരിക്കണോ?"

അതുകേട്ട് അവൾ പൂമ്പാറ്റയുടെ ചിറകുകൾ പോലെ ഇമകൾ ചലിപ്പിച്ചു. അടുത്ത കാമുകനാകാൻ സാധ്യതയുള്ള ആ സഹോദരനെ കൃതജ്ഞതയോടെ നോക്കി. അയാളുടെ കൈ സ്വന്തം കയ്യിലെടുത്തു. ജോഷി സഹോദരൻ അവളുടെ കൈ ചുംബിച്ചു. അവൾ മുഖം

കുനിച്ചു. ഷോട്ട് പൂർത്തിയായിക്കഴിഞ്ഞു. എന്നാൽ അവൾ ഒരു പാഴ്വാക്ക് പറഞ്ഞു "നമുക്ക് പോകാം, സ്നേഹശീലനായ ആവാരാ."

വികാരപ്രകടനത്തിന്റെ പരിപൂർണ വിരോധിയായ ജോഷി എന്ന ബുദ്ധിജീവിക്ക് ഇതിലും വലിയ തെറികേൾക്കാനില്ലായിരുന്നു. അയാ ളെന്നോടു പറഞ്ഞു, "ഇവളോട് കടുപ്പിച്ച് എന്തെങ്കിലും പറയൂ."

ഞാനെന്തിനു പറയണം? ചെയ്യാൻ വല്ലതുമുണ്ടെങ്കിൽ പറയൂ!

കിശോരനായ മനോഹർ മനുഷ്യനോടു മനുഷ്യൻ കാട്ടുന്ന ക്രൂരത, ദിവ്യപ്രേമത്തിന്റെ ചിരന്തന സാധ്യത - അസാധ്യത മുതലാ യവയെക്കുറിച്ചാലോചിച്ച് കരച്ചിലിന്റെ വക്കത്തെത്തി. അവന്റെ ചുണ്ടു വിറയ്ക്കുന്നുണ്ടായിരുന്നു. ഈ ചുണ്ടുകളുടെ മുന്നിൽ ഒരു കവിൾ പ്രത്യക്ഷപ്പെട്ടു, ഒരു ചോദ്യമെറിഞ്ഞു. "വളരെ കോപിച്ചിരിക്കുകയാ ണല്ലോ, വിട തരികയില്ലേ?"

ഒരു പ്രതികരണവുമുണ്ടാകാഞ്ഞപ്പോൾ അവൾ തന്നെ മനോ ഹറിനെ ചുംബിച്ചു, "ഗുഡ്നൈറ്റ്, സ്വീറ്റ് പ്രിൻസ്."

"എങ്ങോട്ടു പോകുന്നു?" മനോഹർ ചോദിച്ചു.

"വേശ്യയ്ക്ക് രാത്രി കഴിച്ചുകൂട്ടാനിടം കിട്ടാതിരിക്കുമോ?"

"ഇനിയെന്നു കാണും? എവിടെ കാണും?"

"ഈ വക കാര്യങ്ങൾ വേശ്യയോടല്ല, ദല്ലാളിനോടാണ് സംസാ രിച്ച് തീർച്ചപ്പെടുത്തേണ്ടത്. നിങ്ങളുടെ ആ ദരിദ്രവാസി ദല്ലാളിനോടു സംസാരിക്കൂ, അയാൾ തീരുമാനിക്കും. എന്താണയാളുടെ പേര്?"

"ബാബു"മനോഹർ പറഞ്ഞു

അവൾ വഴിയിൽ കിടന്ന ഒരു ടാക്സിയിൽ കയറിയിരുന്നിട്ടു ചോദിച്ചു, "നിങ്ങളെ വീട്ടിൽ കൊണ്ടു വിടണോ?"

ജോഷിജി പറഞ്ഞു, "എന്നെ ഇവിടെ വിട്ടാൽ മതി"

"ശരി!" ടാക്സി സ്റ്റാർട്ടായപ്പോൾ അവൾ കൈവീശിപ്പറഞ്ഞു, "പിന്നെക്കാണാം. ബാബു കൂട്ടിമുട്ടിക്കുമ്പോൾ."

ജോഷിജിയുടെ പാർട്ടി ആ ഏകാന്തനിമിഷത്തിൽ രണ്ടാം ഘട്ട ത്തിലെത്തി. കയ്പും പുളിപ്പുമായി പല ഇൻസ്റ്റാൾമെന്റുകളായി അയാൾ ബഞ്ചിന്റെ കാല്ക്കൽ ഛർദിച്ചു.

മനോഹർ കണ്ണും മൂക്കും കയ്യും തുടച്ചുകൊണ്ട് വിളിച്ചു, "അമ്മേ!"

ആ ബാലന് ഏതമ്മയെയാണു വിളിച്ചതെന്ന കാര്യത്തിൽ അല്പം സംഭ്രമമുണ്ടായി.

പിന്നീട് ഫ്രോയ്ഡിനുറക്കം വന്നു

ജോഷിജിയെപ്പോലുള്ള ഹിന്ദി എഴുത്തുകാർക്ക് അപമാനബോധം ഇത്രയേറെ പ്രാമുഖ്യമുള്ളതാകുന്നതെന്തു കൊണ്ടാണെന്ന് എനിക്കിന്നോളം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ആസക്തിയെ സ്നേഹമായി പരിഗണിക്കാൻ കഴിയാത്ത അയല്ക്കാരിയായ യുവതിയുടെ പ്രഹരമേറ്റ് അദ്ദേഹത്തിന്റെ സർഗക്രിയ സമാരംഭിക്കുമ്പോൾ, ആ വിളഞ്ഞവൾ പ്രഹരങ്ങളുടെ സഹായത്താൽ മുന്നോട്ടു നീങ്ങുന്നു. കഴിഞ്ഞ രാത്രിയിലെ അപമാനം വേണ്ടുവോളമായില്ലെന്ന മട്ടിൽ ജോഷിജി ചൗപാട്ടിയിലെത്തി – ബാബുവിനെക്കൊണ്ട് ആ മുന്തിയ ചരക്കിന്റെ കച്ചവടമുറപ്പിക്കാൻ. അദ്ദേഹത്തിന്റെ പോക്കറ്റിൽ ആയിരം പോയിട്ടു പത്തു രൂപപോലും എടുക്കാനില്ലായിരുന്നു. ബാബു മന്ദസ്മിതം തൂകിക്കൊണ്ടു നിന്നു. എന്നാൽ ജോഷിക്ക് അയാളോട് നേരിട്ടു സംസാരിക്കാൻ സാധിച്ചില്ല.

ഞാൻ ഓരോ തവണയും അദ്ദേഹത്തെ ചൊടിപ്പിക്കാൻ വേണ്ടി ഇങ്ങനെ പറഞ്ഞു, "വേശ്യ താങ്കളോടു പണമാവശ്യപ്പെട്ടാൽ തുണിയുരിഞ്ഞു കൊടുക്കാമെന്നാണോ വിചാരം?" അപമാനത്തിനു പകരംവീട്ടുകയാണുദ്ദേശ്യമെങ്കിൽ താങ്കൾ തൂലിക പടവാളാക്കുകയെന്നു ഞാൻ ജോഷിയെ ഉപദേശിച്ചു. "കണ്ണഞ്ചിക്കുന്നതും തോളിളക്കുന്നതുമായ ഒരു കഥയെഴുതൂ, മീറിനെ തോല്പിക്കുന്ന വിധത്തിലുള്ളതും കവിസമ്മേളന ശൈലിയിലുള്ളതുമായ പാട്ടെഴുതൂ, ലഹരിയ്ക്കൊരുങ്ങുന്ന പോലെയുള്ള ശരീരത്തെ ഒരു സമ്പൂർണപ്രണയകാല വിശ്വാസങ്ങളുടെ കണ്ണാടിയായി കണക്കാക്കുന്ന, ആവശ്യത്തിലേറെ ബുദ്ധിമതിയായ ഈ സുന്ദരിയെ ഒന്നു കൊഴുപ്പിക്കൂ. ഒറ്റയടിക്ക് ആ ഖലീക്കിനെയും ഈ മാന്യവനിതയെയും തകർത്തു തരിപ്പണമാക്കൂ. ഇതിന് അധികം സമയമാവശ്യമില്ല."

ഞാൻ പെട്ടെന്ന് കവിയും സുന്ദരിയും തമ്മിലുള്ള ആദ്യകൂടിക്കാഴ്ചയുടെ സീൻ എഴുതിത്തീർത്തു. ജോഷിജി അത് ചുരുട്ടിക്കൂട്ടി എറിഞ്ഞു. അദ്ദേഹം പറഞ്ഞു, "(1) നിങ്ങൾ ഉർദു എഴുത്തുകാരുമായി ആവശ്യത്തിൽ കൂടുതൽ ഇടപഴകുന്നു (2) നിങ്ങൾ അടിസ്ഥാനപരമായി നിലവാരം കുറഞ്ഞ എഴുത്തുകാരനാകുന്നു (3) നിങ്ങൾ പത്രപ്രവർത്തനം നടത്തുക, സാഹിത്യം എനിക്കു വിട്ടു തരിക."

ഞാൻ മൗനം പാലിക്കാൻ നിർബന്ധിതനായി. ബുദ്ധിജീവികളെ ഞാൻ വളരെയേറെ മാനിക്കുന്നു! തുടർന്ന് ജോഷിജി ഒരു വെള്ളക്കട ലാസിൽ എഴുതിത്തുടങ്ങി – ധനികനായ പിതാവിന്റെ വാർധക്യത്തിലെ സന്താനം. ഏക മകളായതുകൊണ്ട് തലയിൽ കയറ്റി വയ്ക്കൽ. ശാഠ്യം എല്ലാറ്റിനും ശാഠ്യം ദേവിയുടെ അവതാരമാണെന്നു വിചാരിക്കൽ. പത്താം പിറന്നാൾ. കൗമാരത്തിന്റെ ആദ്യസഞ്ചാരം. ചിലങ്കയണിയി ക്കുമ്പോൾ അച്ഛൻ പാദത്തിൽ തലചായ്ച്ചു മരിക്കുന്നു. ദേവീ കോംപ്ല ക്സ്. സ്കിസോഫ്രേനിക് ആഘാതം, അഹംബോധത്തിന്റെ വ്യാപ്തി. അവളെ ഏറ്റവും ഇഷ്ടപ്പെട്ടിരുന്ന അച്ഛൻ അവളുടെ കാല്ക്കൽ വീണു മരിച്ചു. ഉറഞ്ഞുപോയി, അമ്പരന്നുപോയി. ഇലക്ട്രാ കോംപ്ലക്സ്. ഈറോസ് ആൻഡ് താൻടോസ്. കളിപ്പാട്ടങ്ങൾക്കുവേണ്ടിയുള്ള ശാഠ്യം, കളിപ്പാട്ടങ്ങൾ പൊട്ടിപ്പോകണമെന്ന ആഗ്രഹവും. കാമുകന്റെ രൂപ ത്തിൽ പിതൃപ്രതീകത്തിന്റെ അന്വേഷണം സെക്സില്ലാത്ത സെക്സ്, അനുഷ്ഠാനബദ്ധമായ സെക്സ്. പുരുഷനെ നപുംസകമാക്കാനുള്ള ആഗ്രഹം. ഓരോ ചുംബനവും പിതാവിന്റെ ചുംബനം.

നോട്ട്സ് തയ്യാറാക്കിയശേഷം ജോഷിജി പറഞ്ഞു, "ഞാനൊരു കഥയെഴുത്തുകാരനാണ്. പിതാവിന്റെയും പുത്രിയുടെയും ചുംബന ത്തിന്റെ കഥയിൽ നായികയുടെ പിൽക്കാല ജീവിതത്തിലെ മറ്റു സർവ ചുംബനങ്ങളുടെയും പൂർവാഭാസമുണ്ടായിരുന്നു. കുട്ടിക്കാലത്തു കിട്ടിയ ആ ചുംബനം കഥയിൽ കൂടെക്കൂടെ പല്ലവിപോലെ ഉപയോ ഗിക്കും. ഈ കഥ അങ്ങേയറ്റം ഗീതാത്മകമായിരിക്കും. പക്ഷേ, ഗീത ങ്ങൾ ഒരു ഭ്രാന്തി പാടിയതായിരിക്കും."

അതിനുശേഷം ജോഷിജി എക്സ്ട്രാ ഇൻസ്പിരേഷനുവേണ്ടി ഫ്രോയ്ഡിന്റെയടുത്തുപോയി. ഫ്രോയ്ഡ് സ്വന്തം താടി ചൊറിഞ്ഞു കൊണ്ടിരിക്കുകയായിരുന്നു. അതോടൊപ്പം ചെറുതായി പുഞ്ചിരി ക്കുകയും ചെയ്തു. ഒന്നുകിൽ മൗനവ്രതം അനുഷ്ഠിക്കുക യായിരിക്കാം. അല്ലെങ്കിൽ സർഗപ്രക്രിയയിൽ മുഴുകിയതായിരിക്കാം. ജോഷിജി അദ്ദേഹത്തിന്റെ കൂടെ വിയന്നയിലെ ശൂന്യമായ ഒരു റോഡിൽ ഉലാത്തിക്കൊണ്ടിരുന്നു. റോഡിനിരുവശത്തും മരണത്തിന്റെ പ്രതീകമായ സൈപ്രസ് മരങ്ങൾ. ബാബ ഫ്രോയ്ഡ് ഒന്നും സംസാ രിച്ചില്ല.

എന്നാൽ സാധാരണയായി ജോഷിജിയെപ്പോലുള്ള പുതിയ തല മുറയിലെ എഴുത്തുകാരോട് വൃദ്ധന് പരമസന്തോഷമായിരുന്നു. പെട്ടെന്ന് അദ്ദേഹം കൈകൊണ്ട് ആംഗ്യം കാട്ടി, "പൊയ്ക്കോ." 'ഓടിക്കോ' എന്നു വേണമെങ്കിലും വ്യാഖ്യാനിക്കാം. പൊയ്ക്കോളൂ, ഓടിക്കോളൂ, കളിച്ചോളൂ, കുതിച്ചോളൂ! ഇതു നിങ്ങളുടെ കാലം, ഞങ്ങൾക്കു വയസ്സായി – ബാബാ ഫ്രോയ്ഡ് ഇങ്ങനെയെന്തോ

പറഞ്ഞു.

ജോഷിജി ഫ്രോയ്ഡിനോടു യാത്ര ചോദിച്ചിട്ട് അല്പനേരം ചിന്തയിലാണ്ടു. ബാബാ ഫ്രോയ്ഡിനെ സന്തോഷിപ്പിച്ച് ഞാൻ ബാബാ മാർക്സിനെ പിണക്കുമോ? അവിടെ ഗസ്റ്റ് ഹൗസിലെ മുറിയിൽ നീല സ്റ്റീൽ കസേരയിലിരുന്ന് നീലമേശപ്പുറത്തു കാൽ നീട്ടിവച്ച് ജോഷിജി വിയന്നയിൽ നിന്ന് ലണ്ടനിൽ പോകാനുള്ള ഏർപ്പാടു ചെയ്തു – ബാബാ മാർക്സിനെ കാണാൻ.

മാർക്സ് ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറിയിൽ ഒരു പുസ്തകം വായിച്ചു വായിച്ചുറങ്ങിപ്പോയി. ജോഷിജി വന്നപ്പോൾ ഉണർന്നു. അദ്ദേഹം പറഞ്ഞു, "എഴുത്തുകാരനാണോ? എങ്കിൽ കോൾഡ്വെല്ലിനെ വായിക്കൂ, ലൂക്കാച്ചിനെ വായിക്കൂ, എന്നെ ബുദ്ധിമുട്ടിക്കരുത്."

പിന്നീട് ജോഷിജി അതേ ജാലവിദ്യ പ്രയോഗിച്ച് ബാബാ ടോൾസ്റ്റോയിയുടെയടുത്തു ചെന്നു, വോൾഗാ തീരേ. ചെക്കോവും അവിടെയുണ്ടായിരുന്നു. അദ്ദേഹം ടോൾസ്റ്റോയിയോടു പറഞ്ഞു, "ജോഷി ഒരു ഭ്രാന്തിയുടെ ചുംബനത്തെ ആധാരമാക്കി ഒരു ലിറിക്കൽ സ്റ്റോറി എഴുതിക്കൊണ്ടിരിക്കുന്നു." ടോൾസ്റ്റോയി ചോദിച്ചു, "ഈ ജോഷി ആ ഭ്രാന്തിയുടെ കൂടെ ചുംബനം കഴിഞ്ഞു മുന്നോട്ടു പോയോ? അതോ വെറുതേ കഥ എഴുതുകയാണോ? അതിരിക്കട്ടെ, ഈ കഥകൾ എന്നു മുതലാണ് ലിറിക്കലായി തുടങ്ങിയത്?"

"റഫറൻസ്: ടോൾസ്റ്റോയിയുമായി ഗോർക്കി നടത്തിയ കൂടിക്കാഴ്ചയുടെ സ്മരണകൾ – അല്ലേ?" ഞാൻ ചോദിച്ചു.

ജോഷി തല കുലുക്കി സമ്മതിച്ചു.

ഞാൻ പറഞ്ഞു, "ബാബാമാരിൽ ഈ ടോൾസ്റ്റോയിയെയാണ് എനിക്കേറ്റവുമിഷ്ടം. അദ്ദേഹം ഒന്നാന്തരം ചോദ്യമാണു ചോദിച്ചത്."

ജോഷിജി പറഞ്ഞു , "ബാബ നിന്നെപ്പോലൊരു ഭോഷനാണെന്നാണോ വിചാരം? നിന്നെപ്പോലെ തരംതാണ ഒരുത്തന്റെ ബുദ്ധിശൂന്യതയും ബാബാ ടോൾസ്റ്റോയിയെപ്പോലെ മഹാനായൊരു വ്യക്തിയുടെ ബുദ്ധിവൈഭവവും തിരിച്ചറിയാൻ പറ്റിയ ബുദ്ധി നിനക്കുണ്ടോ?"

എന്നിട്ട് ജോഷി ഒരു വെള്ളക്കടലാസെടുത്ത് അതിൽ ഒപ്പിട്ടു. ഒപ്പ് സുമിത്രാനന്ദൻ പന്തിന്റേതുപോലെയാകുന്നില്ല. അതിനുള്ള ശ്രമത്തിൽ ഉപേന്ദ്രനാഥ് അശ്കിന്റേതുപോലെയായിത്തീരരുതെന്നും ആഗ്രഹമുണ്ട്. അദ്ദേഹം തന്റെ കയ്യൊപ്പ് ഋജുവും സ്പഷ്ടവുമാക്കി പരിഷ്കരിച്ചു. എന്നിട്ട് അതിനടിയിൽ എഴുതി – മറുപടി എന്തായിരിക്കുമെന്നതല്ല പ്രശ്നം. അദ്ദേഹം പിന്നീടെഴുതി – തന്നെത്തന്നെ സ്നേഹിക്കുകയും തന്റെ കൂട്ടത്തിൽ അവളെയും കണക്കാക്കുകയും ചെയ്യാൻ പഠിക്കണമെന്നാണോ നിങ്ങളാഗ്രഹിക്കുന്നത്? പെട്ടെന്ന് അദ്ദേഹത്തിന് തന്റെ സ്നേഹിതനായ നിർമൽ വർമയെ ഓർമ വന്നു. നിർമലിന്റെ

ചെറുകഥകളിലെ 'നിങ്ങൾ.' അപ്പോൾ അദ്ദേഹം എഴുതി – നിർമൽ വർമ. പിന്നെ, നോർമൽ വർമ ഒടുവിൽ ആ കടലാസ് ചുരുട്ടി പന്താക്കി എറിഞ്ഞു.

മറ്റൊരു വെള്ളക്കടലാസിൽ അദ്ദേഹം എഴുതി – അപ്പോളനുഭവിച്ച സ്വന്തം വേദനയിൽ അയാളുടെ മനസ്സ് ഔപചാരികത പാലിച്ചു. അയാൾ അയാളല്ലെന്നും വഴിപോക്കനായ ഏതോ ദയാലുവും നിഷ്പക്ഷനുമായ മൂന്നാമതൊരുവനാണെന്നും തോന്നുമായിരുന്നു. കടപ്പുറത്തെ ബഞ്ചിൽ തന്റെയുള്ളിലെ ഉദ്വേഗം വമിപ്പിച്ചുകൊണ്ടു കാതരസ്വരത്തിൽ 'അമ്മേ' എന്നു വിളിക്കുന്ന അയാളെ അല്പം സങ്കോചത്തോടും വിസ്മയത്തോടും സഹാനുഭൂതിയോടും നോക്കിക്കാണുന്ന മൂന്നാമൻ!

ആ കടലാസിൽ താഴെയായി ഞാനെഴുതി – സന്ദർഭം: എമിലി ഡിക്കിൻസന്റെ ആ കവിത, 'ആഫ്റ്റർ എവ്രി ഗ്രേറ്റ് പെയ്ൻ ഏ ഫോർമൽ ഫീലിങ് കംസ്.' അണിയറയിൽ ഈ കവിത അണിഞ്ഞൊരുങ്ങിയ സന്ദർഭം മനസ്സിലാക്കാൻ വേണ്ടി തലതിരിഞ്ഞവൾക്ക് എമിലി ഡിക്കിൻസന്റെ മറ്റൊരു വരി കാർഡിലെഴുതി അയയ്ക്കണം – ലവ് ഈസ് ദാറ്റ് ലേറ്റർ തിങ് ദാൻ ഡെത്ത്, മോർ പ്രീവിയസ് ദാൻ ലൈഫ്.

ജോഷിജി എഴുതി – ലവ് ആൻഡ് ഡെത്ത്, കാമവും കാലവും. പിന്നീട് അദ്ദേഹം കടലാസിൽ ഒരു പൂച്ചയെ വരയ്ക്കാൻ ശ്രമിച്ചു. അദ്ദേഹത്തിന്റെ അവിദഗ്ദ്ധമായ ഡ്രോയിങ്ങിൽ അത് പൂച്ചയ്ക്കും എലിക്കുമിടയിലുള്ള ഏതോ ഒരു രൂപമായി.

"ബ്രാഹ്മണശ്രേഷ്ഠാ! ഈ മാർജാര – മൂഷികേശ്വരൻ പ്രതീകാത്മകമാണോ?" ഞാൻ ചോദിച്ചു. ജോഷിജി കടലാസ് എടുത്തെറിഞ്ഞശേഷം പ്രഖ്യാപിച്ചു, "പ്രതികൂല കാലാവസ്ഥ കാരണം സാങ്കല്പിക പറക്കലുകളെല്ലാം റദ്ദാക്കിയിരിക്കുന്നു." അദ്ദേഹം സ്വയമെഴുതിയ നോട്ട്സ് ഞാനെഴുതിയ സീനുമായി കോർത്ത് സ്റ്റീൽ അലമാരയുടെ മുകളിൽ ആഷ്ട്രേ കൊണ്ടമർത്തി വച്ചു.

മിസ്റ്റർ തിർഖാ എന്തോ പറഞ്ഞു.

ജോഷിജി ഉറച്ചിരുന്നെഴുതാൻ മൂഡുണ്ടാക്കുന്നതിനുവേണ്ടി ഫോർമുലാ 99 പരീക്ഷിച്ചുനോക്കാമെന്നു വിചാരിച്ചു. അതിൽപെടുത്തി ജോഷിജി ഒരു ആധ്യാത്മികഗ്രന്ഥവും ഒരു ശാസ്ത്രഗ്രന്ഥവും ഒരു അശ്ലീല പുസ്തകവും ഏതാണ്ടു സമാന്തരമായി വായിച്ചു കൊണ്ടിരുന്നു. ഈ അനുഷ്ഠാനത്തിൽ മിക്കവാറും മൂന്നാമത്തെ പുസ്തകത്തിനാണ് മുൻഗണന ലഭിച്ചത്. എന്നാൽ രണ്ടു പുസ്തകങ്ങൾ വൃദ്ധന്മാർ ഒതുക്കിവച്ചിരുന്നു, തൽഫലമായി ഈ അനുഷ്ഠാനം തല്ക്കാലം അസാധ്യമായിത്തീർന്നു.

ജോഷിജി ഡ്രസ് ചെയ്തു. ചായ കുടിച്ചു. എന്നിട്ട് വൃദ്ധന്മാരോടു

പറഞ്ഞു, "ഞാനൊന്നു ചുറ്റിക്കറങ്ങി വരാം. ബാക്കി പിന്നീടെഴുതാം."

ജോഷിജി ചൗപാട്ടിയിലേക്കെങ്ങാനും പോകുമോ എന്ന് എനിക്കാ ശങ്ക തോന്നി. എന്നാൽ അയാൾ തന്റെ അകന്ന ബന്ധത്തിലുള്ള ഒരു സഹോദരിയുടെയടുത്തേക്കാണു പോയത് – നേപിയൻസീ റോഡിൽ. അത്താഴം അവിടെ നിന്നു കഴിക്കണമെന്നു നിർബന്ധിച്ചപ്പോൾ അയാൾ വഴങ്ങി. മുറിയിൽ തിരിച്ചെത്തിയപ്പോൾ വൃദ്ധന്മാരില്ലായിരുന്നു. ജോഷിജി കഥയെഴുതുന്നതിനുവേണ്ടി ആഷ്ട്രേയുടെ അടിയിൽ നിന്ന് നോട്ട്സ് എടുത്തു. അതിന്റെ മുകളിൽ ഒരു ചിറ്റ് പിൻ ചെയ്തിരുന്നു, 'അവിടെ വന്നു, എന്നാൽ എന്നെ കാണുന്ന പ്രശ്നമുണ്ടായില്ല. എന്നെ കാണുന്നതെപ്പോഴാണെന്ന് ഞാനൊന്നു നോക്കട്ടെ – ഏനോ മീനിങ് സൂം?'

ജോഷിജി പിൻ ഊരി ചിറ്റ് വേർപെടുത്തി ബാക്കി കടലാസു കൾ വീണ്ടും പിൻ ചെയ്തു. എന്നിട്ടു ചിറ്റ് കയ്യിൽ വച്ചു കശക്കി – അവളുടെ കഴുത്ത് ഞെരിക്കുകയാണെന്ന ഭാവത്തിൽ.

അപ്പോഴേക്കും വൃദ്ധജോഡി രംഗപ്രവേശം ചെയ്തു. മിസ്റ്റർ തിർഖാ പറഞ്ഞു, "മരുമകനേ, നിന്നെയന്വേഷിച്ച് ഒരു ലേഡി വന്നിരു ന്നു. ഇവിടെയടുത്തെങ്ങോ പോയതാണെന്നും ഉടനെ വരുമെന്നും ഞാൻ പറഞ്ഞു. അല്പനേരം കാത്തിരുന്നു. നിന്റെ കടലാസുകൾ മറി ച്ചുനോക്കുന്നതു കണ്ടു. ഒരു മെസേജ് എഴുതി വച്ചിട്ടുണ്ടെന്ന് പോയ പ്പോൾ പറഞ്ഞു."

ജോഷിജി മുഷ്ടി കുറേക്കൂടി ശക്തിയോടെ അമർത്തി.

മിസ്റ്റർ തലാട്ടി പറഞ്ഞു, "മിസ്റ്റർ ജോഷി ഒരു പക്ഷേ പെങ്ങളു ടെയടുത്ത് പോയതായിരിക്കുമെന്ന് ഞാൻ പറഞ്ഞു. അപ്പോ, അവൾ ചോദിച്ചു, 'ഏത് പെങ്ങൾ?' ഞാൻ പറഞ്ഞു, 'മുംബയിൽ അമ്പതോ നൂറോ പെങ്ങന്മാരുള്ള ഒരുത്തനെക്കുറിച്ച് അങ്ങനെ ചോദിക്കുന്നത് ശരിയല്ല.' അപ്പോ, അവൾ പറഞ്ഞു, 'ഒന്നു ഞാനാണ്, ഇതുപോലെ വേറെയും പെങ്ങന്മാർ കാണുമായിരിക്കും.' ഞാൻ പറഞ്ഞു, 'നേപി യൻസീ റോഡിൽ താമസിക്കുന്ന ഒരു പെങ്ങളെപ്പറ്റി എനിക്കറിയാം.' അതുകേട്ട് അവൾ പറഞ്ഞു, 'ഞാനങ്ങോട്ടാ പോണത്' എന്ന്."

മിസ്റ്റർ തലാട്ടിയുടെ കണ്ണുകൾ ഇടവിടാതെ ജോഷിയോടെന്തോ ചോദിക്കുന്നുണ്ടായിരുന്നു. എന്നാൽ അയാൾ ആ ചോദ്യം കണ്ടിട്ടും കാണാതിരുന്നു.

ഷർട്ടൂരിക്കൊണ്ട് മിസ്റ്റർ തലാട്ടി പറഞ്ഞു, "ഏതോ ഫിലിം ലൈനി ലുള്ള ഒരു ലേഡിയാണെന്നാ എന്റെയൊരു തോന്നൽ."

"ക്വയറ്റ് പോസിബിൾ" മിസ്റ്റർ തിർഖാ പാന്റ്സൂരിക്കൊണ്ടു പറഞ്ഞു.

"ഫിലിം ലൈനിൽ എനിക്ക് നല്ല പരിചയമുണ്ട്." ജോഷി ചുരുട്ടിയ

മുഷ്ഠി പോക്കറ്റിലിട്ടുകൊണ്ടു പറഞ്ഞു, "ആരാണോ?"

ജോഷിജി ദേശീയവേഷം ധരിച്ച് കട്ടിലിൽ കിടന്നു. സമാന്തരപാരായണത്തിലുൾപ്പെടുത്തിയ മൂന്നാമത്തെ പുസ്തകം വായിച്ചു തുടങ്ങി – സാമാന്യം ഭേദപ്പെട്ട ഒരമേരിക്കൻ അശ്ലീല പുസ്തകം, 'നെയ്ക്കഡ് കെയിം ദ സ്ട്രേഞ്ചർ'. എന്നാൽ അദ്ദേഹത്തിന്റെ ഭാവന ഇതിലും ഭയങ്കരമായ ഒരശ്ലീല നോവൽ രചിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിൽ തുടക്കം മുതൽ ഒടുക്കം വരെ നായികയെ നിർദയം ബലാൽസംഗം ചെയ്യുന്നതിന്റെ ബീഭത്സ വർണനയുണ്ടായിരിക്കും. അയാളുടെ മസ്തിഷ്കത്തിൽ ഒരു വരി പൊന്തിവന്നു – നാം നമ്മെത്തന്നെ ബലാൽസംഗം ചെയ്യുകയല്ലേ? ഈ വരിയെക്കുറിച്ച് ബാബാ ഫ്രോയ്ഡുമായി ചർച്ച ചെയ്യേണ്ടതാവശ്യമാണെന്ന് അയാൾക്കു തോന്നി.

ബാബാ ഫ്രോയ്ഡ് വിയന്നയിലെ തന്റെ മനോരോഗചികിത്സാലയത്തിലെ രോഗികളുടെ കിടക്കയിൽ കിടന്നുറങ്ങുകയായിരുന്നു. "വളരെയേറെ രോഗികളും എഴുത്തുകാരും കൺസൾട്ടേഷനു വരുന്നു; ഞാൻ തളർന്നു പോകുന്നു." അദ്ദേഹം പറഞ്ഞു. "നിങ്ങൾക്കെന്താണു പ്രശ്നം, വേഗം പറയൂ."

ജോഷി പ്രശ്നമവതരിപ്പിച്ചു. ബാബ പറഞ്ഞു, "ഇത് മറ്റൊന്നുമല്ല, ഈഡിപ്പസ് കോംപ്ലക്സിന്റെ അതിഭയങ്കരതോതിലുള്ള വികൃതവും വിസ്തൃതവുമായ രൂപമാണ്."

ജോഷിജി പറഞ്ഞു, "ബാബാ, അമ്മയോടുള്ള പ്രേമത്തിൽ നിന്നും അച്ഛനോടുള്ള വിരോധത്തിൽ നിന്നുമുണ്ടായ ഈ കോംപ്ലക്സുമായി ഒടുങ്ങാത്ത ബലാൽസംഗത്തെ ബന്ധിപ്പിക്കുന്നതെങ്ങനെ?"

ബാബാ പറഞ്ഞു, "ഇനിയുറങ്ങാൻ സമ്മതിച്ചില്ലെങ്കിൽ നിന്റെ ബാബയുടെ പേരിലും ബലാൽസംഗക്കുറ്റം ചുമത്തേണ്ടിവരും."

ഇത്രയും പറഞ്ഞിട്ട് ഫ്രോയ്ഡ് തിരിഞ്ഞു കിടന്നു കൂർക്കം വലിച്ചുറങ്ങി. ജോഷിജി തിരിഞ്ഞും മറിഞ്ഞും കിടന്നു.

ആദ്യാം പ്രകൃതിം സ്മരാമി

ജോഷിജിയുടെ ശത്രുക്കളുടെ ആരോഗ്യം തകരാറായി. എന്തോ വിചിത്രമായ തോന്നലുകളുണ്ടാകുന്നതാണ് രോഗം; ശൂന്യതയിലെത്തിനോക്കുകയും ദേവദാസിനോട് പെട്ടെന്ന് സഹാനുഭൂതിയുണ്ടാവുകയും ചെയ്യുന്നു.

ഈ ഗർദഭപുരാണത്തിലെ 'എല്ലാം പുക പുകപോലെ' എന്ന മട്ടിലുള്ള വർണനകൾ എനിക്കൊട്ടും ഇഷ്ടപ്പെടുന്നില്ല. വിശേഷിച്ച്, പത്രപ്രവർത്തകൻ, ചലച്ചിത്രലേഖകൻ എന്നീ നിലകളിൽ എനിക്ക് പുതിയ വഴിത്താരകൾ തുറന്നുകിട്ടുന്ന സാഹചര്യത്തിൽ. ഞാൻ ബിമൽ ദത്തിനോടൊപ്പം രഥിജിത് ഭട്ടാചാര്യയെ കണ്ടു. സ്ക്രിപ്റ്റിനുവേണ്ട ഐഡിയ കൊണ്ടുവരാൻ രഥിജിത് വീണ്ടുമാവശ്യപ്പെട്ടു. സിനിമാക്കഥ എഴുതാൻവേണ്ടി ഗോവിന്ദസരയ്യ എനിക്ക് അഞ്ചുരൂപ അഡ്വാൻസ് തന്നു. ആ സ്നേഹിതന്റെ സ്റ്റോറി സെഷനിലും ഞാൻ ഇരിക്കാറുണ്ടായിരുന്നു.

എന്റെ ഗവേഷണം സംബന്ധിച്ച ഏതാനും ആനുകാലികങ്ങൾ അകലെ നിന്നും ബോംബേലി റസ്റ്റാറന്റിൽ ഒരു ടോപ്പ് നായികയെ അടുത്തു നിന്നും കണ്ടശേഷം ശ്രീമാൻ ഭാരതിക്ക് എന്നെ പരിഹസിക്കാൻ വേണ്ടുവോളം സാമഗ്രി ലഭിച്ചു കഴിഞ്ഞു. എങ്കിലും അദ്ദേഹം സ്വന്തം പത്രത്തിൽ 'വേലിയിറക്കത്തിലെ ചിപ്പികൾ' എന്നപേരിൽ ഒരു ലേഖനപരമ്പര എന്നെക്കൊണ്ട് എഴുതിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനിടയ്ക്ക് ഞാനൊരു ചെറുകഥയെഴുതി. ജോഷിക്കും അയാളുടെ സ്നേഹിതൻ രാകേഷിനും അതൊട്ടും ഇഷ്ടമായില്ല. അതേസമയം ശൈലോ സഹോദരന്മാർ അതിനെ വേണ്ടുവോളം പ്രശംസിച്ചു.

ഒരു വാർത്ത കേൾപ്പിച്ചിട്ട് ജോഷിയുടെ അസൂയവളർത്താമെന്ന് ഞാനാഗ്രഹിച്ചു – ഖലീക് സുന്ദരി ശ്രീകാന്തെന്നപേരിൽ രാഷ്ട്രത്തിലെ ഹൃദയസമ്രാട്ടായിത്തീർന്ന ചലച്ചിത്ര നായകന് രാഖി ബന്ധിച്ചു. ശ്രീകാന്ത് ഖലീക്കിനെക്കൊണ്ട് തന്റെ പുതിയ സിനിമയ്ക്ക് കഥയെഴുതിക്കുന്നു."ഖലീക്കിന് കുറഞ്ഞത് മുപ്പതിനായിരം രൂപ കിട്ടും" ഞാൻ പറഞ്ഞു. ജോഷി പറഞ്ഞു, "പൈസയല്ല വലുത്." ഞാൻ പറഞ്ഞു, "എങ്കിൽ നിങ്ങളൊരു കഥയെഴുത്, 'പൈസയോ സ്നേഹമോ?' നിങ്ങളുടെ അറിവിനൊത്ത നിലവാരം മതി."

പൊങ്ങച്ചം പറച്ചിലിലൂടെയും ജോഷിയെ അടിച്ചു നിരപ്പാക്കാൻ ഞാനാഗ്രഹിച്ചു. ഈ നിസ്സാര ലോകത്തിനപ്പുറമുള്ള ചിന്താലോകത്തു കഴിയുന്നവനാണ് താനെന്ന് അയാൾ കരുതുന്നു. എങ്കിലും ഈ നിസ്സാര ലോകത്തിലെ പ്രവർത്തനങ്ങളെക്കുറിച്ചും ഞാൻ നടത്തുന്ന വിലകുറഞ്ഞ വിമർശനങ്ങൾ മൂക്കിനും ചുണ്ടിനുമിടയിൽ തെളിയുന്ന ലോലമായ പുഞ്ചിരിയോടെ കേട്ടു കൊണ്ടിരിക്കും. പഠിത്തക്കാരനായ ജോഷിക്ക് ഞാനൊരു തിരുമണ്ടനും കളിതമാശക്കാരനുമായ സഹ പാഠിയായി കഴിയുന്നു. ഹൃദയസമ്രാട്ടായ ശ്രീകാന്ത് വളരെ ദുർബല ചിത്തനായ വ്യക്തിയാണെന്ന് ഞാൻ ജോഷിയോടു പറഞ്ഞു. അയാൾക്ക് രാത്രിയിൽ ഒറ്റയ്ക്ക് ഒരു മുറിയിൽ കിടന്നുറങ്ങാൻ പറ്റുക യില്ല. മുറിയിൽ അയാളുടെ കൂടെ ഉറങ്ങുന്നവൻ (ഉറങ്ങുന്നവൾ) ഉറ ക്കത്തിൽ അയാളെ കൊന്നുകളയുമോ എന്ന ഭയവും അയാൾക്കുണ്ട്. തൽഫലമായി അയാൾ തന്റെ കുടുംബത്തിലെ വിശ്വസ്തയും വൃദ്ധ യുമായ ഒരു വേലക്കാരിയെ മുറിയുടെ മൂലയ്ക്ക് തറയിൽ കിടന്നുറ ങ്ങാൻ ഏർപ്പാടു ചെയ്തു. അതോടൊപ്പം ഒരു ബോഡിഗാർഡിന് വാതി ലിലെ ഗ്ലാസ്സിലൂടെ വെളിയിലേക്കു നോക്കി നില്ക്കാൻ നിർദേശം കൊടുക്കുകയും ചെയ്തു. അതിനാൽ വെള്ളിത്തിരയിലും വെള്ളിത്തി രയ്ക്കു മുമ്പിലെ ഓരോ സ്ത്രീയുടെയും മനസ്സപഹരിക്കുന്ന ഈ ഹീറോയുടെയടുത്ത് യഥാർഥ ജീവിതത്തിൽ ഒരു സ്ത്രീയും കഴിഞ്ഞു കൂടുകയില്ല. അല്ലെങ്കിൽത്തന്നെ അയാൾക്ക് സ്ത്രീകളെ കണ്ടാൽ പരി ഭ്രമം കൂടും. ആപൽക്കരമായ ഒരു ചുവടു വയ്ക്കുന്നതിനു മുമ്പ് അയാൾ ഇൻഷുർ ചെയ്യുന്നമട്ടിൽ സ്ത്രീയുടെ കയ്യിൽ രാഖി കെട്ടും. ശ്രീകാന്ത് കെട്ടിയ രാഖികൾ കൂട്ടിക്കെട്ടി പട്ടം പറത്തിയാൽ വെള്ളി ത്തിരയിൽ അയാൾ അഭിനയിക്കുന്നതിനു മുകളിൽ കാണപ്പെടുന്ന ചന്ദ്രനോളം ചെന്നെത്തുമെന്ന് ഒരു ജോക്ക് ഇൻഡസ്ട്രിയിൽ പ്രചരി ച്ചിട്ടുണ്ട്. ഖലീക്-സുന്ദരിയുടെ കയ്യിൽ രാഖി കെട്ടിയ ശേഷം ശ്രീകാന്ത് ഏതെങ്കിലും ആപൽക്കരമായ പ്രവൃത്തി ചെയ്തോ ഇല്ലയോ എന്നറിയാൻ ജോഷിയോട് ഞാനാഗ്രഹം പ്രകടിപ്പിച്ചു.

ജോഷിജി ഇത്തരം കാര്യങ്ങൾ കേട്ടാൽ ഈയിടെ ഇങ്ങനെ പറ യും – ഡിക്കേഡന്റ്, ലുംപേൻ, ഷാലോ, ഫിലിസ്റ്റീൻ. ജോഷിജി എന്നെ പുരോഗമനാത്മകമായ തെറികൾ വിളിച്ചുകൊണ്ടിരുന്നു. സ്വന്തം അനാ രോഗ്യം ഭേദപ്പെടുത്തുന്നതിനു വേണ്ടി മനോഹർ പറഞ്ഞതനുസരിച്ച് വെറും പ്രതിലോമകാരിയായ കുറിപ്പടികൾ കൈക്കൊള്ളുകയും ചെയ്തു. എനിക്ക് ജ്യോതിഷസംബന്ധമായ ജ്ഞാനം തീരെ ഇല്ലെന്നു തന്നെ പറയാം. എങ്കിലും ഞാൻ പലപ്പോഴും ജ്യോതിഷം എടുത്തു പ്രയോഗിക്കുമായിരുന്നു. ആരാധികമാരായ പെൺകുട്ടികളുടെ ശുക്രന്റെ സ്ഥിതിയെക്കുറിച്ചു പറയുമ്പോഴും, എന്നെക്കാൾ കൂടു

തലായി ജ്യോതിഷമറിയാവുന്ന ആരുടെയെങ്കിലും ഗ്രഹനില പരിശോധിക്കുമ്പോൾ അയാളുടെ ഓരോ അനുമാനത്തെയും പിന്താങ്ങുമ്പോഴും ഞാൻ ജ്യോതിഷജ്ഞാനം വിനിയോഗിക്കാറുണ്ട്. (അവൾ: ശുക്രനെപ്പറ്റി എന്താണഭിപ്രായം? ഞാൻ: ശുക്രൻ ആറിലാണ്: അവൾ: ആറിലെ ശുക്രൻ നല്ലതാണല്ലോ. ഞാൻ: വളരെ നല്ലതാണ്) ഇപ്പോൾ ജോഷിജി ഈ പാതിവെന്ത പാണ്ഡിത്യം തന്റെമേൽ പരീക്ഷിച്ചു നോക്കാൻ തുടങ്ങി. മിക്കപ്പോഴും അദ്ദേഹത്തിന്റെ കണ്ണുകൾ സ്വന്തം കൈവെള്ള വായിക്കാൻ തുടങ്ങി. അദ്ദേഹം മിസ്റ്റർ തിർഖായുടെ കയ്യിൽ നിന്നു പഞ്ചാംഗമെടുത്ത് വാർഷികരാശിഫലം മുഴുവൻ വായിച്ചു. കൂടാതെ ഗ്രഹങ്ങളുടെ ചലനം തന്റെ ജാതകത്തിൽ ഈ സമയത്ത് എന്തുമാറ്റം വരുത്തുമെന്നുറപ്പിക്കാനും ശ്രമിച്ചു. 'ഹേ, ബ്രാഹ്മണ ശ്രേഷ്ഠാ, തിരക്കഥയെഴുതുന്നതിൽ മുഴുകൂ' എന്ന് സ്പഷ്ടമായി ഫലം പ്രവചിക്കത്തക്കവണ്ണം ഈ പാരമ്പര്യവിദ്യ യഥായോഗ്യം അഭ്യസിക്കാൻ കഴിയാഞ്ഞതിൽ എനിക്ക് ദുഃഖം തോന്നി. നിങ്ങളുടെ ശുക്രൻ ഉച്ചത്തിലാകും!

സഖാവ് ജോഷി ഒരിക്കലും അന്ധവിശ്വാസിയായിരുന്നില്ല. എങ്കിലും ദിവസവും അദ്ദേഹം ധരിച്ച വസ്ത്രവും ഉണ്ടായ സംഭവുമായി ഏതെങ്കിലും കാര്യകാരണബന്ധം സ്ഥാപിക്കപ്പെടാനിടയായി. മനോഹറിന്റെ നിർബന്ധമനുസരിച്ച് പച്ച ചെക്ക്ഷർട്ട് ധരിക്കുന്നതു മൂലം ദിവസം മുഴുവൻ പരിഭ്രമം വർധിക്കുന്നുണ്ടെന്ന് ശാസ്ത്രജ്ഞനായ ജോഷിക്ക് സമ്മതിക്കേണ്ടിവന്നു. ഈ ചുറ്റിക്കറങ്ങലിന്റെ ഫലമായി സഖാവിന് ഒടുവിൽ ദിഗംബരനാകേണ്ടിവരുമോ എന്നയാശങ്കയുണ്ടായി.

ജോഷിജി ഇപ്പോൾ വിലകുറഞ്ഞ സാഹിത്യം വായിക്കാൻ ഒട്ടും തയ്യാറായിരുന്നില്ല. 'പ്ലേബോയ്'കൊണ്ടുവന്നു, മറിച്ചു നോക്കിയതു പോലുമില്ല. 'കഞ്ചാവിന്റെ പക്കോഡ' കൊടുത്തു, രുചിച്ചു നോക്കിയില്ല. അയാൾ ഇപ്പോൾ ഒറ്റപ്പുസ്തകമേ വായിക്കുന്നുള്ളു, 'മാജിക് മൗണ്ടൻ'. ഈ നോവലിൽ നിന്ന് ക്ഷയരോഗികളെക്കുറിച്ചുള്ള വർണന വായിച്ചു വായിച്ച് അയാൾ സ്വന്തം രോഗം വർധിപ്പിച്ചുകൊണ്ടിരുന്നു. ക്രമേണ എല്ലാ രോഗങ്ങളുടെയും ലക്ഷണങ്ങൾ അയാളിൽ പ്രകടമാകാൻ തുടങ്ങി. ഞാൻ പറഞ്ഞു, "സൈക്കോ സോമാറ്റിക്കാണ്. താങ്കളുടെ അന്ധവിശ്വാസത്തിൽ നിന്നുണ്ടായതാണ്." അയാൾ പറഞ്ഞു, "നിങ്ങളെപ്പോലെ നിങ്ങളുടെ വ്യാഖ്യാനവും ഇഡിയോട്ടിക്കാണ്."

ലക്ഷം രോഗങ്ങളിലൊന്നാണ് ജോഷിജിയുടെ കവിതയെഴുത്ത്. അദ്ദേഹത്തിന് അടിസ്ഥാനപരമായി മാത്രമല്ല, ഓർമത്തെറ്റുകൊണ്ടു പോലും കവിയാകാൻ പറ്റുകയില്ലെന്ന് അദ്ദേഹത്തിന്റെ സർഗപ്രക്രിയ വ്യക്തമാക്കുന്നു. ദുഃഖിതനായ മനോഹർ ആസംസ്കൃത പദാർഥങ്ങൾ

സപ്ലൈ ചെയ്തു. അദ്ദേഹം മൂന്നു നാല് പാശ്ചാത്യകാവ്യസമാഹാരങ്ങൾ വായിച്ചു, ആപ്തേയുടെ ഇംഗ്ലീഷ് - സംസ്കൃതം നിഘണ്ടു മറിച്ചു നോക്കി. ഒരു വൃത്തവും ശരിയാകുന്നില്ലെന്നു കണ്ടപ്പോൾ ശ്വാസലയം കലർത്തുന്ന സമസ്യയുമായി പൊരുതി. ഒടുവിൽ കവിത തയ്യാർ. വിചിത്ര ഭാഷ: 'ഇപ്പോൾ ഹവിസ്സ്, കേവലം ഭവിഷ്യത്ത്, ശിശു നയനങ്ങളിലെ കാല്പനിക ഇഷ്യ' വിചിത്രഭാവം 'അന്തിമയാമം, അന്തിമതരംഗമെണ്ണുന്നവിടെ, ഒടുക്കത്തെ പാറക്കെട്ടിൽ, അതെങ്ങാനും ഞാനായിരുന്നോ? എപ്പോൾ പോയി, എങ്ങനെ പോയി, എന്താലോചിച്ചിട്ടു പോയി? സഹസ്രഫണധാരി, ദുഃഖത്തോടെ ആ തിരമാലയെ നോക്കുന്നു - അതെങ്ങാനും ഞാനായിരുന്നോ?' സാഗരസമ്പർക്കത്തിൽ ജോഷിയുടെ നവരഹസ്യവാദം മറ്റു ചില കവിതകളിലും പ്രകടമായി. 'അദൃശ്യവും അജ്ഞാതവുമായ ഏതോ അമ്പുകൊണ്ടു മുറിഞ്ഞോ? അതോ അവൻ ജലസമാധിയിലായോ? അതോ എന്റെ മനോവിഹഗത്തിന്റെ ക്രീഢയായിരുന്നോ? പ്രതിധ്വനിയോടു ചോദിച്ചെങ്കിലും മറുപടി കിട്ടിയില്ല, ഉത്തരമില്ലാത്ത ചോദ്യം പുഞ്ചിരിച്ചു.'

ഞാൻ ഇത്തരം കവിതകൾ ആദ്യം കവിസമ്മേളന ശൈലിയിൽ അനുനാസികശബ്ദത്തിലും പിന്നീട് ഭഗവതീ ചരൺ വർമ ശൈലിയിൽ ഗംഭീര ശബ്ദത്തിലും പാരായണം ചെയ്തു - ജോഷിയെ ബാധിച്ച കവിഭൂതം ഓടിപ്പോകട്ടെ എന്ന ഉദ്ദേശ്യത്തോടെ. എന്നാൽ അതു നടന്നില്ല.

ഈ രഹസ്യവാദത്തിരക്കിൽ അദ്ദേഹം നേരേ പരമാത്മാവിനെ സംബോധന ചെയ്തുകൊണ്ടു ചില കവിതകളെഴുതി. അതിന്റെ പ്രേരണ ധർമവീർ ഭാരതിയാകാം. പക്ഷേ, ജോഷിജി ജോൺ ഡോണിന്റെ അന്തിമകവിതകളും സൂർദാസിന്റെ ആദ്യകാല കവിതകളുമാണ് പ്രേരണയെന്നു പറയുന്നു. ഉദാഹരണം, "മന്ത്രമില്ല, യന്ത്രമില്ല, തിതിക്ഷ മാത്രം. മുറിഞ്ഞ അക്ഷതം, പ്രതീക്ഷ മാത്രം. പ്രഭുവരട്ടെ, ഇവിടെ ഇരിക്കട്ടെ, വരദാനത്തിന്റെ കഥ മുഴുവൻ കേൾക്കട്ടെ ഞാൻ."

ജോഷിജിയുടെ കാവ്യത്തിനു തിരികൊളുത്തണമെന്ന ഉദ്ദേശ്യത്തോടെ ഞാനും കവി - പ്രഭു ചോദ്യോത്തരം വികസിപ്പിക്കാൻ ശ്രമിച്ചു. 'പ്രഭോ, വളരെ വളരെ ചെറുതെങ്കിലും മമ പൂർണമിദം മറയ്ക്കുന്ന തുണിയുടെ പേരെന്താണ്? വത്സാ അത് ലങ്കോട്ടിയാകുന്നു.' ജോഷിജിയും മനോഹറും ഈ അസഭ്യകവനത്തിൽ അത്യന്തം കുപിതരായി. എന്നാൽ തൽഫലമായി ജോഷിജി അല്പം കാവ്യവിമുഖനായിത്തീർന്നു.

അയാൾ ചീട്ടെടുത്ത് കളിക്കാൻ തുടങ്ങി. ഒറ്റയ്ക്ക് സാധ്യമാകാത്ത കളി. ചീട്ട് കശക്കി നാലഞ്ചിടത്തായി വിതരണം ചെയ്തു.

ഓരോ സ്ഥാനത്തും ഓരോ സാങ്കല്പിക കഥാപാത്രത്തെ ഇരുത്തി. മാറി മാറി ചീട്ടെടുത്തുനോക്കി കളിച്ചു. ഒടുവിൽ തോൽക്കുന്ന ചീട്ടിന്റെ ഉടമ താനാണെന്നു സമ്മതിക്കും. തന്നോടുതന്നെ കളിക്കുന്ന ഈ മനോഭാവത്തിന്റെ ഫ്രോയ്ഡിയൻ വ്യാഖ്യാനമെന്താണെന്ന് ഞാൻ ജോഷിജിയോടാരാഞ്ഞു. അദ്ദേഹം എന്നെ ശകാരിച്ചു.

ജോഷിജിയെക്കാൾ കൂടുതൽ ഉൽക്കണ്ഠാകുലമായ അവസ്ഥ മനോഹറിന്റേതാണെന്ന് എനിക്കു തോന്നി. അയാൾ തന്റെ നാഭിപ്രദേശത്തോ അതിനല്പം താഴെയോ ഒരു ചെറിയ പമ്പ് ഫിറ്റ് ചെയ്തിരിക്കുന്നു. അത് ഭോം...ഭോം... എന്ന് ശബ്ദമുണ്ടാക്കിക്കൊണ്ട് പ്രവർത്തിക്കുകയും, ആദ്യം കണ്ഠത്തെയും പിന്നെ കപാലത്തെയും ഒടുവിൽ കണ്ണുകളെയും ക്ലേശിപ്പിക്കുകയും ചെയ്യുന്ന എന്തോ വലിച്ചെടുക്കുകയും ചെയ്യുന്നു. അയാൾക്ക് ബാല്യം മുതലേ കരച്ചിൽ പമ്പിന്റെ ബട്ടണമർത്തുന്ന ദുശ്ശീലമുണ്ട്. പെണ്ണുങ്ങളുടെ ഈ സ്വഭാവത്തോട് എനിക്ക് ദേഷ്യം തോന്നും. ആധുനികനായ ജോഷിജി പോലും ഈ പമ്പിന്റെ പകുതിയോ മുക്കാലോ കുലുക്കം തന്നെ ധാരാളമെന്നു കരുതുന്നയാളാണ്. ജീവിതത്തിലും സാഹിത്യത്തിലും അയാൾ അമർത്തിയ തേങ്ങലിനർഹനാണ്. കണ്ണുനീർ കാണാതിരിക്കാൻ വേണ്ടി മുഖം തിരിച്ചു തിരിച്ച് അയാളുടെ നായികമാരുടെ പിടലികൾ സ്ഥിരമായി തിരിഞ്ഞുപോയി. കരച്ചിലടക്കാൻ വേണ്ടി ചുണ്ടു കടിച്ചുകടിച്ച് അയാളുടെ നായകന്മാർ ഇപ്പോൾ സിഗരറ്റ് വലിക്കാൻ മറ്റു മാർഗങ്ങളന്വേഷിക്കുന്നു. എന്റെയും ജോഷിജിയുടെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി ഒരു പ്രകാരത്തിൽ ബാലനായ മനോഹർ അപകടകാരിയായ 440 വോൾട്ടുള്ള ഈ ബട്ടൺ അമർത്തുന്ന പതിവുപേക്ഷിച്ചിരിക്കുകയായിരുന്നു. എന്നാൽ ആ വഷളൻ ഈയിടെയായി വല്ലപ്പോഴും അതിൽ വിരലമർത്താൻ തുടങ്ങിയിരിക്കുന്നു.

ഒരു ദിവസം രാവിലെ മിൽക്ക് ബൂത്തിൽ ചൂളമടിച്ചു കൊണ്ടു നിൽക്കുന്ന ജോലിക്കാരെയും പത്രം വായിക്കുന്ന മാന്യന്മാരെയും കണ്ട് മനോഹർ കരയാൻ തുടങ്ങി. ഞാൻ ആ അലവലാതിയെ തനിനാടൻ ഭാഷയിൽ ചോദ്യം ചെയ്തു. "എന്തിനാ സഹോദരാ കരയുന്നത്?" അയാൾ പറഞ്ഞു, "മാന്യമഹിളകളുടെ ഷാമ്പെയ്ൻ സ്വപ്നങ്ങളെക്കുറിച്ചോർത്ത്, ഗ്രാമങ്ങളിൽ പാർക്കുന്ന ഈ ജോലിക്കാരുടെ ബന്ധുക്കളെക്കുറിച്ചോർത്ത്, മാന്യന്റെ രോഗിണിയായ ഭാര്യയെക്കുറിച്ചോർത്ത്, ഇന്നത്തെ പത്രത്തിലെ ഓരോ വരിയെക്കുറിച്ചോർത്ത് ഞാൻ കരയുന്നു." ഞാൻ ചോദിച്ചു, "പാലിന്റെ കാര്യമോർത്ത് കരയാത്തതെന്താ?" അയാൾ പറഞ്ഞു, "വളരെ കരുതലോടെ വൈറ്റമിൻ എ കലർത്തുന്നതും പതിവായി വെണ്ണ നീക്കം ചെയ്യുന്നതുമായ പാലിനെയോർത്തും ഞാൻ കരയുന്നു."

ജോഷിജി ഒരു പ്രകാരത്തിലും ഡോക്ടറുടെയടുത്തു പോകാൻ തയ്യാറല്ല. നോക്കണേ അന്യായം! രോഗമെന്ന വ്യാജേന അയാൾ ദിവസവും വൈകുന്നേരം പ്രഭുവിനെ പ്രതീക്ഷിച്ച് മുറിയിൽത്തന്നെ കിടക്കുമായിരുന്നു. ഈ സ്ഥിതി തികച്ചും പത്തുദിവസം തുടർന്നു, കുറേക്കൂടി നീളുമായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം രാവിലെ കുളിച്ചശേഷം ദേഹം തോർത്തുമ്പോൾ ജോഷിജി സ്വന്തം കയ്യിൽ ഒരു പോറൽ കണ്ടെത്തി. ടൗവൽ അമർത്തിത്തുടച്ചപ്പോൾ പോറിയതായിരിക്കാമെന്നു വിചാരിച്ചു. തുടർന്നു നോക്കിയപ്പോൾ നെഞ്ചത്തും അതുപോലെയൊരു പോറൽകണ്ടു. നെഞ്ച് തോർത്തിയില്ലല്ലോ!

മനോഹർ പെട്ടെന്ന് സ്റ്റിഗ്മാ, സ്റ്റിഗ്മാ, സ്റ്റിഗ്മാറ്റാ മുതലായ ബൈബിൾ പദങ്ങൾ ഉച്ചരിക്കാൻ തുടങ്ങി. മനോവിഷമത്തിന്റെ ഈ ഘട്ടത്തിൽ ജോഷിജി മനോഹറിനോടു വളരെ അടുത്തുകഴിഞ്ഞു, അയാളുടെ അഭിപ്രായത്തോടു യോജിച്ചു. ഏതു പാപപുണ്യങ്ങളുടെയും സൽകീർത്തി ദുഷ്കീർത്തികളുടെയും രേഖപ്പെടുത്തലാണിത്? ഞാൻ കുറേയധികം ശാസ്ത്രീയ തലത്തിൽ ഉൽക്കണ്ഠപ്പെട്ടു – കോശങ്ങൾ ഏത് പിരിമുറുക്കം കാരണമാണ് സ്വയം മുറിഞ്ഞു വേർപെടുന്നത്? ഞാൻ ജോഷിജിയോടു ചോദിച്ചു – അന്ന് ഖലീക്കിന്റെ വിവാഹപ്പാർട്ടി കഴിഞ്ഞു പുറത്തിറങ്ങുമ്പോൾ താങ്കൾ കണ്ട കറുത്ത പൂച്ച താങ്കളുടെയുള്ളിൽ ഇപ്പോഴും സ്ഥിരതാമസമാണോ? അത് താങ്കളുടെ ദേഹത്തു മാന്തുന്നുണ്ടോ? ഞാൻ ജോഷിജിയെ ചെവിക്കു പിടിച്ച് ഡോക്ടർ ദേശായിയുടെയടുത്ത് കൊണ്ടുപോയി. ജോഷിജിക്കൊന്നും സംഭവിച്ചിട്ടില്ലെന്ന കാര്യത്തിൽ ഡോക്ടർ ദേശായി എന്നോടുയോജിച്ചു.

ജോഷിപറഞ്ഞു, "എങ്കിൽ ഡോക്ടർ ആ ട്രാൻക്വിലൈസർ, ഒരു ആന്റി ഡിപ്രസന്റ്."

ഡോക്ടർ ദേശായി പുഞ്ചിരിച്ചു. "അന്ധവിശ്വാസം പിടിപെടുന്ന രോഗികളെല്ലാം വൈദ്യശാസ്ത്രത്തിൽ നല്ല അറിവ് നേടുന്നു." അദ്ദേഹം ചിറ്റെഴുതി, "വേലിയം അര – അര ഒന്ന്, ട്രോഫാനിൽ അര – അര – ഒന്ന്." പിന്നെ ഡോക്ടർ ചോദിച്ചു, "താങ്കൾ വിവാഹിതനാണോ?" മറുപടിക്കു കാക്കാതെ മറ്റൊരു ചിറ്റെഴുതിക്കൊടുത്തു, "വൺ വു മൺ, ടു നൈറ്റ്സ് എ വീക്ക്."

മനോഹർ ചിറ്റ് വായിച്ചു നാണിച്ചു. ഞാൻ ചിരിച്ചുകൊണ്ടു ചോദിച്ചു. "ഓരോ തവണയും ഒരേ സ്ത്രീതന്നെ വേണോ ഡോക്ടർ?"

ഡോക്ടർ ചലച്ചിത്രരംഗത്തെ ഒരതികായന്റെ മകനായിരുന്നു. അദ്ദേഹം പറഞ്ഞു, "അങ്ങനെ നിർബന്ധമില്ല. താല്പര്യമനുസരിച്ച് നിങ്ങൾക്ക് ബ്രാൻഡ് മാറ്റാം. എന്നാൽ അതുമൂലം നിങ്ങൾക്കെന്തെങ്കിലും സംഭവിച്ചാൽ എന്റെയടുത്ത് വരരുത്. ഞാൻ വി.ഡി. സ്പെഷലിസ്റ്റല്ല."

മനോഹർ ലജ്ജിച്ചു. ഞാൻ ഡോക്ടറുടെ പൊട്ടിച്ചിരിയിൽ പങ്കു ചേർന്നു. അടുത്തുള്ള ഒരു കെമിസ്റ്റിൽ നിന്ന് ഞാൻ മരുന്നു വാങ്ങി. ഉച്ചയ്ക്കുള്ള ഡോസ് അവിടെവച്ചു തന്നെ ജോഷിക്കു കൊടുത്തു. മരുന്നുകൾ മസ്തിഷ്കത്തിലെ ഇലക്ട്രോ കെമിക്കൽ ലൈനുകളെ നിയന്ത്രിച്ചു. ജോഷിക്ക് തന്റെ നില മെച്ചപ്പെട്ടതായി തോന്നി.. പതുക്കെ നടന്ന് പോസ്റ്റാഫീസിൽ ചെന്നു. ഒരു പോസ്റ്റ് കാർഡ് വാങ്ങി വൃദ്ധയായ അമ്മയുടെ പേർക്ക് മൂന്നു വാക്കുകൾ മാത്രമെഴുതി, 'സമ്മതം, അതേ, മനോഹർ.' അതിന്റെ ആശയമിതായിരുന്നു – മാതാവേ, അവിടുത്തെ ആജ്ഞാനുവർത്തിയായ മകൻ വിവാഹം കഴിക്കണമെന്നുള്ള, ഇന്നോളം മറുപടി ലഭിക്കാത്ത അവിടുത്തെ നിർദേശം അംഗീകരിക്കുന്നു. അവിടുത്തെ നോട്ടത്തിൽ വിളക്കു കത്തിച്ചുവച്ച പോലെ കാണപ്പെട്ട കന്യകമാരിൽ ഏറ്റവും തെളിച്ചമുള്ളവളുമായി ഉടനടി എന്റെ വിവാഹമുറപ്പിക്കുക. ഈ പോസ്റ്റ് കാർഡ് ബോക്സിൽ നിക്ഷേപിക്കുമ്പോൾ പരീക്ഷണാത്മകമായ ഈ കത്ത് കുടുംബാന്തരീക്ഷത്തിൽ ഭ്രാന്തിന്റെ മാതൃകയായി പരിഗണിക്കപ്പെടുമെന്നും ഗഹനമായ ആശങ്കകൾക്കിടനൽകുമെന്നും ജോഷിജി സംശയിച്ചതേയില്ല.

വിവാഹം കഴിക്കണമെന്നു തീരുമാനിച്ചശേഷം ജോഷിജി കുടുംബ സാഹചര്യത്തിൽ തളിരണിഞ്ഞു. അയാൾ തന്റെ സഹോദരിയുടെ വീട്ടിലെത്തി. ചില ബന്ധുക്കളെ അനുകരിച്ചുകൊണ്ട് കുറേ ഐറ്റംസ് അവതരിപ്പിച്ചശേഷം അയാൾ പ്രഖ്യാപിച്ചു, "ഞാൻ വിവാഹം കഴിക്കാൻ പോകുന്നു." അനന്തരവൾമാർ ചോദിച്ചു, "എപ്പോൾ?" ജോഷി പറഞ്ഞു, "അടുത്ത മുഹൂർത്തത്തിൽ" സഹോദരി അഭിനന്ദിച്ചു; ആരാണ് വധുവെന്നാരാഞ്ഞു. ആ ഒരൊറ്റക്കാര്യമേ ഇനി തീരുമാനിക്കാനുള്ളെന്ന് ജോഷിജി പറഞ്ഞു.

ഏറ്റവും ഇളയ അനന്തരവൻ അവന്റെ അച്ഛന്റേതുപോലുള്ള വാർധക്യസ്വരത്തിൽ ചോദിച്ചു, "മാമാ, പെൺകുട്ടി ഏതാണെന്നു തീരുമാനിക്കാതെ അടുത്ത മുഹൂർത്തത്തിൽ വിവാഹം കഴിക്കുന്നതെങ്ങനെ?"

ഞാൻ പറഞ്ഞു, "ഗ്രഹണ സമയത്ത് തെരുവിലൂടെ പിച്ചക്കാർ ഇറങ്ങി നടക്കുന്നതുപോലെ നിന്റെ മാമനും ഇറങ്ങി നടക്കും; മുഹൂർത്തമായി മാന്യരേ, കന്യാദാനം നടത്തൂ എന്നു വിളിച്ചുപറയും."

നമ്മുടെ മാമൻ ഇന്ന് നല്ല മൂഡിലാണെന്ന് അനന്തരവൻ പ്രഖ്യാപിച്ചു. ടെലിഫോൺ ഡയറക്ടറി ശാസ്ത്രീയ സംഗീതത്തിലുരുക്കിയൊഴിച്ചു പാടുന്ന അദ്ഭുത വിദ്യ പ്രദർശിപ്പിക്കാൻ അവൻ മാമനോടു വിനീതമായി അഭ്യർഥിച്ചു. മാമൻ പഴകിയതെങ്കിലും ജനപ്രീതി നേടിയ തന്റെ ഈ പരിപാടി അത്യുത്സാഹത്തോടെ അവതരിപ്പിച്ചു.

ഈ ഐറ്റത്തിന്റെ മധ്യത്തിൽ ജോഷിക്ക് വിചിത്രാനുഭവങ്ങളു

ണ്ടായി. തന്റെ സ്വരമിടറുന്നതായും, മുറിയിലെ വെളിച്ചം മങ്ങുന്നതായും, ഒന്നും വ്യക്തമായി കേൾക്കാൻ വയ്യാതാകുന്നതായും അയാൾക്കുതോന്നി. എല്ലാ അവയവങ്ങളുടെയും ശക്തി ചോർന്നുപോകുന്നതായി തോന്നി. ചുറ്റിനും നിശ്ശബ്ദത വ്യാപിച്ചിരിക്കുന്നു. അയാൾ പാടുന്നുണ്ടെങ്കിലും ശ്രോതാക്കൾ ചിരിക്കുകയും സംസാരിക്കുകയും ചെയ്യുന്നു. ജോഷിയുടെ കൈത്തലങ്ങളിലും നെറ്റിയിലും വിയർപ്പ് പൊടിഞ്ഞു. അയാൾ പാട്ടുനിർത്തി. പരിഭ്രമം മറയ്ക്കാൻ വേണ്ടി ചുമച്ചപ്പോൾ കണ്ണിൽ നക്ഷത്രങ്ങൾ മിന്നി. പരിഭ്രമം വർധിച്ചു.

അതിനുശേഷം വീണ്ടും ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം ഒരു ഐറ്റവും അവതരിപ്പിച്ചില്ല. അത്താഴം ഉണ്ടിട്ടു പോയാൽ മതിയെന്നു പറഞ്ഞെങ്കിലും അദ്ദേഹം വഴങ്ങിയില്ല. അത്യാവശ്യജോലിയുണ്ടെന്നു പറഞ്ഞു യാത്രയായി.

ജോഷി വളരെ നേരം നേപ്പിയൻസീ റോഡിൽ ചുറ്റി നടന്നു. അദ്ദേഹത്തിന്റെ വിരലുകൾ വീണ്ടും വീണ്ടും നാഡിമിടിപ്പ് പരിശോധിച്ചുകൊണ്ടിരുന്നു. ഞാനദ്ദേഹത്തെ വിശ്രമിക്കാൻ പ്രേരിപ്പിച്ചു.

ജോഷിജി മുറിയുടെ വാതില്ക്കലെത്തി പകച്ചുനിന്നു. വെളിയടകൾക്കപ്പുറത്തു നിന്ന് പേറ്റന്റെടുത്ത ആ വേശ്യയുടെ സ്വരം ഒഴുകിവന്നു. "വാമേ ഛിന്നശിരോധരാം തദിതരേപാണൗ മഹത്കർത്തുകാം, ഏനോ മീനിങ് സും തലാട്ടിച്ചേട്ടാ?" അവൾ ചോദിക്കുന്നതു കേട്ടു.

മിസ്റ്റർ തലാട്ടി വ്യാഖ്യാതാവിന്റെ രൂപത്തിൽ "ശ്ലോകം പൂർത്തിയാകണമെങ്കിൽ മൂന്നു വരികൂടി വേണം സഹോദരീ - പ്രത്യാലീഢപദാം ദിഗന്തവസനാ മുന്മുക്തകേശവ്രതാം..."

രഹസ്യമയി ശ്ലോകം പൂർത്തിയാക്കി. "ഛിന്നാത്മീയ ശിരഃ സമുച്ഛലദസൃഗധാരാം പിബന്തീ പരാം, ബാലാദിത്യസമപ്രകാശ വിലസന്നേത്ര ത്രയോദ്ഭാസിനീം."

മിസ്റ്റർ തിർഖായുടെ പ്രശംസ, "വണ്ടർഫുൾ! ഷി നോസിറ്റ് ബൈ ഹാർട്ട്."

മിസ്റ്റർ തലാട്ടി, "ഇതിന്റെ പൊതുവായ അർഥം സഹോദരിക്കറിയാമായിരിക്കുമല്ലോ."

രഹസ്യമയിയുടെ വിനീതമായ അപേക്ഷ, "അതിന്റെ ശരിയായ അർഥം പറഞ്ഞുതരാമോ, തലാട്ടിച്ചേട്ടാ."

മിസ്റ്റർ തിർഖായുടെ അനുമാനം, "ഷി വാണ്ട്സ് ദ സിംബോളിക് മീനിങ് പെർഹാപ്സ്."

മിസ്റ്റർ തലാട്ടിയുടെ വ്യാഖ്യാനം, "ദിസീസ് എ മാറ്ററോഫ് ഹൈ ഫിലോസഫി. ഗൂഢ തത്ത്വം."

മിസ്റ്റർ തിർഖാ അനുമാനത്തിന്റെ ബലത്തിൽ കൂടുതലായി വ്യാഖ്യാനിക്കാൻ ശ്രമിച്ചു. "ദാറ്റ്സിറ്റ്. ദേവി പറയുന്നു. ലുക്, അയാം

ലൈക് യൂ ബട് അയാം നോട്ട് ലൈക് യൂ. ഞാൻ ഹ്യൂമൻ ഫോം കൈക്കൊള്ളുന്നു. എന്നാൽ ഓൺമി, ഹ്യൂമൻ ഫോം മൂലമുണ്ടായ ലിമിറ്റേഷൻസ് അപ്ലൈ ചെയ്യുന്നില്ല. വൈദ്യുതിക്ക്, വായുവിന് ഒരു രൂപവുമില്ല, ആകാരമില്ല. എങ്കിലും എല്ലാ പ്രവർത്തനങ്ങളും ഫലപ്രദമായി നടക്കുന്നു. അതുപോലെയാണ് മഹാശക്തിയും."

രഹസ്യമയിയുടെ ഉപസംഹാരം, "ഏറ്റവും ഉയർന്ന അവയവം, ഏറ്റവും പ്രധാനാവയവം, ശിരസ്സ് മുറിച്ചാലും അവൾ നിലനില്ക്കും, അതുകൊണ്ടാണ് ദേവിയായത്."

മിസ്റ്റർ തിർഖായുടെ അനുമോദനം, "വെരി നീറ്റ്ലി സമ്മ്ഡ് അപ്."

ഇതെല്ലാം കേട്ട ജോഷിക്ക് വെറുപ്പുണ്ടായി. ഈ മഹാമായ ഈ വൃദ്ധന്മാരെയും വശീകരിച്ചുകളഞ്ഞു! 'ഛിന്നമസ്ത'യുടെ വർണന എന്തിനുവേണ്ടിയാണ്?

ഞാൻ ജോഷിജിയോടു പറഞ്ഞു, "ഇവളെന്തു സൂത്രം പ്രയോഗിച്ചാലും അതിന്റെ കേന്ദ്രത്തിൽ താങ്കളുണ്ടായിരിക്കും. ഒരു നെടുവീർപ്പിട്ടശേഷം കർട്ടൻ നീക്കി പ്രവേശിച്ചാലും."

"ഓ ദെയർ ഹി ഈസ്." മിസ്റ്റർ തിർഖ സന്തോഷം പ്രകടിപ്പിച്ചു. "മിസ്റ്റർ ജോഷീ, ലേയ്റ്റ് എഗെയ്ൻ! ലേഡി വളരെ നേരമായി നിങ്ങളെ കാത്തിരിക്കുന്നു."

മനോഹർ വാതില്ക്കൽ വഴി മുടക്കി നിന്നു. ഞാൻ അയാളോടു പറഞ്ഞു, "മര്യാദ കാണിക്കാൻ 'ഹലോ' എന്നോ 'നമസ്തേ' എന്നോ പറയൂ. സാമാന്യമര്യാദകൾ പാലിക്കാതിരിക്കത്തക്കവണ്ണം പ്രേമം നിങ്ങളെ അയോഗ്യനാക്കിത്തീർത്തോ?" ഇങ്ങനെ പ്രകോപിപ്പിച്ചതു കാരണം മനോഹർ മുമ്പോട്ടുചെന്ന് മനസ്സില്ലാമനസ്സോടെ ആ വേശ്യയ്ക്ക് നമസ്തേ പറഞ്ഞു – മുതിർന്നവർ നിർബന്ധിക്കുന്നതു കൊണ്ട് ചില കൊച്ചു കുട്ടികൾ ഏതെങ്കിലും വി. ഐ.പി. യുടെ മുമ്പിൽ മടിച്ചുമടിച്ച് കൈകൂപ്പുന്നതുപോലെ.

അന്തരീക്ഷത്തിനു കനം കൂടി വന്നു. ലേഡി തന്നെ സാഹചര്യം കൈകാര്യം ചെയ്തു. അവളെഴുന്നേറ്റു ചോദിച്ചു, "മരുന്നുകൾ ആർക്കു വേണ്ടിയാണ് മനോഹർ?"

"വൈറ്റമിൻസാണ്" ജോഷി നാണത്തോടെ പറഞ്ഞു.

"വേലിയമും ട്രോഫ്രാനിലും." അവൾ പതിഞ്ഞ സ്വരത്തിൽ ചോദിച്ചു. "ആർക്കാണ് ഡിപ്രഷൻ, എന്തിനാണ്?"

"ഇത്..." ജോഷി കുറഞ്ഞൊന്നാലോചിച്ചിട്ടു വിശദീകരണം നല്കി, "ചേച്ചിക്കാണ്."

രഹസ്യമയി അതുകേട്ട് വിശ്വാസംവരാതെ പുഞ്ചിരിച്ചു. എങ്കിലും എല്ലാവരും കേൾക്കെ അവൾ പറഞ്ഞു, "ചേച്ചിയുടെ അസുഖം ഇതു വരെ കുറഞ്ഞില്ലേ? അവരെ കണ്ടിട്ട് വളരെ നാളായി. നിങ്ങൾ ഈ

മരുന്നുകൊടുക്കാൻ പോകുമ്പോൾ ഞാനും വരാം."

മനോഹർ ഈ മഹാമായയെ അദ്ഭുതസ്തബ്ധനായി നോക്കിക്കൊണ്ടു നിന്നു. കഴിഞ്ഞ തവണ മിസ്റ്റർ തലാട്ടി ഇവൾ ഫിലിംലൈനിലെ നായികയാണെന്നു ധരിച്ചെങ്കിൽ പോലും ഇന്ന് സാക്ഷാൽ ആനന്ദമയിയാണെന്നു മനസ്സിലാക്കിയിരിക്കും. വീതിയുള്ള ചുവന്ന കള്ളികളുള്ള ബംഗാളിസാരി, കണ്ണുകളിൽ കൺമഷി, നെറ്റിയിൽ വലിയ പൊട്ട്, അഴിച്ചിട്ട മുടി, ആഭരണമൊന്നുമില്ല, അണിഞ്ഞൊരുങ്ങിയിട്ടില്ല. ഈ ലാളിത്യം അവളുടെ സൗന്ദര്യത്തിനു തിളക്കം കൂട്ടി, ഭോഗ്യയെന്നതിനെക്കാൾ പൂജ്യയാക്കിത്തീർത്തു.

മനോഹറിന്റെ മനസ്സിൽ ഛിന്നമസ്തസ്തവനത്തിന്റെ അന്തിമ ശ്ലോകത്തിലെ അവസാനവരികൾ പൊന്തിവന്നു, 'താമാദ്യാം പ്രകൃതിം സ്മരാമിമനസാ സർവാർഥ സംസിദ്ധയേ, യസ്യാഃ സ്മേരപദാരവിന്ദയുഗളേ ലാഭം ഭജതേ/മരാഃ'

മനോഹറിന്റെ ഭക്തിവിഹ്വലമായ നോട്ടത്തെ തന്റെ ചപലദൃഷ്ടികളാൽ ഇക്കിളിപ്പെടുത്തിക്കൊണ്ട് അവൾ ചോദിച്ചു, "നടക്കുമോ?"

ഏനോ മീനിങ് സും? ഋജുവായ അർഥം, 'ചേച്ചിയുടെ വീട്ടിലേക്ക് നടക്കുന്നോ?' വിനോദരൂപത്തിലുള്ള അർഥം, 'എന്റെ ഈയൊരുക്കം ഇഷ്ടപ്പെട്ടോ?' വെല്ലുവിളിനിറഞ്ഞ അർഥം, 'ഈ ദേവി പരീക്ഷാർഥിയായ ഓരോ ഭക്തനെയും കൊണ്ടുപോകുന്നിടം വരെ പോകാൻ കഴിയുമോ?'

മനോഹറിന് മൂന്നാമത്തെ അർഥം സ്വീകാര്യമായി. നമ്രസ്വരത്തിൽ പറഞ്ഞു, "ഉവ്വ്." തന്നിലെ സാഹിത്യകാരന് അസംസ്കൃത പദാർഥം സപ്ലൈ ചെയ്യുന്ന കിശോരന്റെ ഈ ഭാവം കണ്ട് ജോഷിജി സന്തുഷ്ടനായി. എന്നാൽ ഞാൻ അദ്ദേഹത്തെ അവഹേളിച്ചു. എന്നിട്ട് മുഖത്തുനോക്കിപ്പറഞ്ഞു. "ആദ്യം പ്രകൃതിയുടെ രൂപത്തിൽ ഇവളെ സ്മരിച്ചിട്ട് മന്ദഹസിക്കുന്ന ഇവളുടെ ചരണകമലങ്ങളിൽ സർവാർഥസിദ്ധിക്കുവേണ്ടി പ്രണമിക്കുന്നത് അങ്ങേയറ്റത്തെ ഫ്രോഡാണ്. നാസ്തികരായ വിമർശകർ പില്ക്കാലത്ത് നിങ്ങളെ എക്സ്പോസ് ചെയ്യും, ഞാനിപ്പോഴേ അതു ചെയ്യുന്നു. വേശ്യാ പ്രണയത്തിന്റെ ഈ ചുറ്റിക്കളിക്കുശേഷം നിങ്ങൾ സാഹിത്യത്തിന്റെ ചുറ്റിക്കളിക്കിറങ്ങും. അസത്യം സത്യമാക്കിക്കൊണ്ട് വേശ്യയെ ഛിന്നമസ്തയ്ക്കു സമാനമായിട്ടല്ലെങ്കിൽ സമാന്തരമായി പ്രതിഷ്ഠിക്കും. തന്റെ ആ അനശ്വരകൃതിയുടെ ആദ്യത്തെ പുറത്ത് നിങ്ങൾ താന്ത്രികവിദ്യസംബന്ധിച്ച് ഏതെങ്കിലും ഒരു ശ്ലോകം തപ്പിക്കണ്ടുപിടിച്ചുദ്ധരിക്കും. അതൊരുപക്ഷേ ഹസാരീപ്രസാദിനുമാത്രം മനസ്സിലാകുമായിരിക്കും. ഒരു പക്ഷേ നിങ്ങൾ അദ്ദേഹത്തോടു ചോദിച്ചറിഞ്ഞതായിരിക്കും. മാത്രവുമല്ല, നിങ്ങളുടെ പ്രത്യേക നിർദേശപ്രകാരം ചിത്രകാരൻ നോവലിന്റെ കവറിനു നേപ്പാ

ളിലെ ഛിന്നമസ്തയാൽ പ്രേരിതനായി ഏതെങ്കിലും അമൂർത്ത ചിത്രം വരയ്ക്കും. ഇതിനെല്ലാം പുറമേ, നിങ്ങൾ ഡസ്റ്റ്ജാക്കറ്റിൽ സ്വന്തം ചിരിക്കുന്ന മുഖത്തിന്റെയും ഇപ്പോഴത്തെ ബയോഡേറ്റയുടെയും കൂടെ ഇങ്ങനെ അച്ചടിച്ചുചേർക്കും – ആധുനിക സന്ദർഭത്തിൽ പൗരാണിക സാഹിത്യത്തിനു പുതിയ വ്യാഖ്യാനം നല്കുകയും ആധുനിക സാഹിത്യത്തിന് പൗരാണിക സാഹിത്യസദൃശമായ മിത്തിന്റെ സൗന്ദര്യം പ്രദാനം ചെയ്യുകയും കഥാകൃത്തായ മനോഹർ ശ്യാം ജോഷിക്ക് ഒരുപോലെ അഭീഷ്ടമാണ്. നിങ്ങൾ ഹിന്ദിക്കാരോട് മൂന്നാംകിടക്കാർ ഒന്നാംകിട വഞ്ചന പിന്നീട് ചെയ്തുകൊള്ളും. തല്ക്കാലം നിങ്ങൾ തന്നെ വഞ്ചിക്കപ്പെടാൻ പോവുകയാണ്!”

ബയോളജിക്ക് ഹോമിയോപ്പതിക് ഡോസ്

മനോഹർ അവളെയും കൂട്ടി സഹോദരിയുടെ വീട്ടിൽ പോകുകയാണെന്നു തോന്നിപ്പിക്കുന്ന വിധത്തിൽ സഹജഭാവത്തോടെ വാർഡൻറോഡിലിറങ്ങി വന്നു. ജോഷിജി സ്വന്തം സാഹിത്യതാല്പര്യങ്ങൾ പരിഗണിച്ച് മഹാലക്ഷ്മിക്ഷേത്രത്തിൽ പോകാനാഗ്രഹിച്ചിരുന്നു. ഇവിടെയടുത്ത് കടപ്പുറത്തു പോയിരിക്കാൻ ഞാനുപദേശിച്ചു.

അതുവരെ അംബരചുംബികളായ കെട്ടിടങ്ങൾക്കുവേണ്ടി സമുദ്രം വറ്റിക്കുന്ന പരിപാടിയാരംഭിച്ചിരുന്നില്ല. ബ്രീച്ച് കാൻഡിയിലെ സമുദ്രതടം ആദ്യം പ്രകൃതിയെ സ്നേഹിക്കുന്നവരുടെ ത്രീസ്റ്റാർ മാതൃകാ സ്ഥാനമാണെന്നു കണക്കാക്കിയിരുന്നു. സർവസമ്മതസംഹിതയനുസരിച്ച് ഫുട്പാത്തിലെ ബഞ്ചുകളിൽ കാമുകീകാമുകന്മാർ കൈകോർത്തു പിടിക്കുകയും, അരക്കെട്ടിൽ കൈചേർത്തു പിടിക്കുകയും, ഓടുന്ന വാഹനങ്ങളുടെ ഹെഡ്ലൈറ്റിൽ നിന്നുമാറി അധരചുംബനം നല്കുകയും ചെയ്യുന്ന അവസ്ഥയിലെത്തി. കടപ്പുറത്തെ മതിൽ ചാടിക്കടന്ന് മണല്പരപ്പിൽ ഹുക് - ബട്ടൺ - സിപ്പ് അഴിച്ച് കരകൗശലം പരീക്ഷിച്ചു നോക്കാൻ അവർക്ക് കഴിയുമായിരുന്നു. അതിനുമപ്പുറത്ത് പാറക്കെട്ടുകളിലെത്തി തോന്നിയപോലെ സധൈര്യം പ്രവർത്തിക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു. ബഞ്ചിലിരിക്കരുത്, വൃദ്ധജനങ്ങൾ ഇതുവഴികടന്നു പോയാൽ വലിയ ക്ലേശമുണ്ടാകുമെന്ന് ഞാൻ ജോഷിയോടഭിപ്രായപ്പെട്ടു. "താങ്കൾ പാറക്കെട്ടുവരെ പോകണ്ടാ, അവിടെ താങ്കളുടെ അതുല്യമായ പൗരുഷം ആപത്തിലകപ്പെടുമെന്ന് ആശങ്കയുണ്ട്. താങ്കൾ മതിൽ ചാടി മണലിൽ വന്നിരിക്കൂ."

ജോഷിജി ഞാൻ പറഞ്ഞതനുസരിക്കുകയോ അനുസരിക്കാതിരിക്കുകയോ ചെയ്യട്ടെ. എന്തായാലും ആ രഹസ്യമയി അദ്ദേഹത്തെ പാറക്കെട്ടിനടുത്തേക്ക് കൂട്ടിക്കൊണ്ടുപോയി. അനവധി ജോഡികളിൽ നിന്നൊഴിഞ്ഞുമാറി അവൾ പാറക്കെട്ടിനു പിന്നിൽ ഒരൊഴിഞ്ഞ ഭാഗം കണ്ടെത്തി. അവൾ ജോഷിയെ കൈപിടിച്ചരികിലിരുത്തി. എന്നിട്ട് മെനു വിവരിക്കുന്ന ഭാവത്തിൽ ചോദിച്ചു, "ജർക്ക് ഓഫ്, ബ്ലോ ജോബ്, സിക്സ്റ്റിനയൻ, പോക് - പോക്, വാട്ട് വുഡ്യൂ ഹാവ് സർ?" അവളുടെ കണ്ണുകളിൽ ധിക്കാരം നിറഞ്ഞ പുഞ്ചിരി, പടർന്ന കൺമഷി

പോലെ പതിഞ്ഞിരുന്നു.

എന്റെ ലോകാനുഭവം മറുപടിക്കു തയ്യാറായി, "വെൽ, ഡോണ്ട് യൂ ഹാവ് സം എക്സോട്ടിക് ഡിഷസ്?" പക്ഷേ, പറഞ്ഞില്ല. അവിടെ മനോഹർ നാവടക്കി നില്ക്കുന്നുണ്ടായിരുന്നു. അയാളാദ്യം മരുന്നിന്റെ സ്ട്രിപ്പുകളെടുത്തു കളിച്ചു. പിന്നെ ചക്രവാളത്തിലേക്കു നോട്ടമയച്ചു. ത്രയോദശിയിലെ ചന്ദ്രൻ ചക്രവാളത്തിൽ ഉദിച്ചുയർന്നു. വേലിയേറ്റം തുടങ്ങി. ഉയർന്നുപൊങ്ങി മുന്നേറുന്ന തിരകളുടെ തിക്കും തിരക്കും വർധിച്ചിട്ടില്ല. എങ്കിലും വായു പൂർണമായും ലാവണ്യമയിയും മത്സ്യ ഗന്ധിയുമായിക്കഴിഞ്ഞു. മനോഹർ സമുദ്രത്തിന്റെ വിദൂരനിശ്വാസം കേട്ടു, എന്നിട്ട് സ്വയം ഒരു ദീർഘനിശ്വാസം വിട്ടു. രഹസ്യമയി അയാ ളുടെ കയ്യിൽ നിന്ന് മരുന്നുകൾ കൈക്കലാക്കി.

"ഇത് ചേച്ചിക്കല്ല, നിങ്ങൾക്കുവേണ്ടിയല്ലേ?" അവൾ ചോദിച്ചു. മനോഹർ 'അതേ' എന്നോ 'അല്ല' എന്നോ പറഞ്ഞില്ല. അവൾ തുടർന്നുചോദിച്ചു. "ഇതു കഴിച്ചിട്ട് എന്നെ ശകാരിക്കാനാവശ്യമായ രസായന ധൈര്യം സംഭരിക്കാനാഗ്രഹിക്കുന്നുണ്ടോ?"

മനോഹർ ചക്രവാളത്തിൽ നിന്ന് നോട്ടം പിൻവലിച്ച് തന്റെ കാലിലെ തള്ളവിരലിലുറപ്പിച്ചു.

"ഷോട്ട് നന്നായിട്ടുണ്ട്." ജോഷിജി പറഞ്ഞു.

"എന്തു നന്നാകൽ?"ഞാൻ അയാളെ പുച്ഛിച്ചു. "പെണ്ണുങ്ങളുടെ പതിവു ചേഷ്ടകൾ!"

ഞാൻ അവളുടെ കണ്ണുകളിൽ നോട്ടമുറപ്പിച്ചു കൊണ്ട് മന്ദ്രസ പ്തകത്തിൽ പറഞ്ഞു. "ആരെയെങ്കിലും ശകാരിക്കുന്നതിനുപോലും മരുന്നുകളുടെ സഹായം തേടേണ്ട ഗതികേട് ഞങ്ങൾക്കിതുവരെ ഉണ്ടായിട്ടില്ല. പിന്നെ, മറ്റുള്ളവർ നല്ലയഭിപ്രായം പറയുന്ന ഒരാളിനെ ശകാരിക്കാൻ ഞങ്ങളുടെ മൗനം തന്നെ ധാരാളം മതിയാകും."

രഹസ്യമയി മരുന്നു സ്ട്രിപ്പുകൾ മനോഹറിന്റെ മൂക്കിനടുത്തും ചുണ്ടിന്മേലും വിശറിപോലെ വീശിക്കൊണ്ട് ചോദിച്ചു, "പിന്നെ ഈ മരുന്നുകൾ...?"

മനോഹർ മരുന്നുകൾ അവളുടെ കയ്യിൽ നിന്നു തട്ടിയെടുത്ത് കടലിലെറിയുന്നതിനെപ്പറ്റിയാലോചിച്ചു. ഞാൻ പറഞ്ഞു, "മസ്തിഷ്ക ത്തിന്റെ സമനില കാത്തുസൂക്ഷിക്കാനും, ആരെയും ശകാരിക്കാൻ മൗനം പോലും ചെലവാക്കാതിരിക്കാനും വേണ്ടിയാണീ മരുന്നുകൾ."

"വാക്കുകൾ ആവശ്യത്തിൽ കൂടുതൽ ചെലവഴിക്കുന്നല്ലോ." മനോഹറിന്റെ നാസാദ്വാരങ്ങളെ മരുന്നു സ്ട്രിപ്പുകൾ കൊണ്ട് ഇക്കി ളിപ്പെടുത്തി അവൾ പറഞ്ഞു, "മൗനത്തിൽ പിശുക്ക് പ്രതിഫലിക്കുന്നു. ഈ മരുന്നുകൾ മൗനത്തിന്റെ ഭീതിയകറ്റാൻ വേണ്ടിയുള്ളതാണോ?"

മനോഹർ അവളുടെ കൈത്തലം തന്റെ കൈത്തലത്തിൽ വച്ചു

കൊണ്ട് സനാതനശൈലിയിലുള്ള മൗനം പാലിച്ചു. ജോഷിജി പറഞ്ഞു, "ഷോട്ട് നന്നായിരിക്കുന്നു." കുത്തുവാക്കുകൾക്കും ശല്യപ്പെടുത്തലിനും ശേഷമുള്ള നിശ്ശബ്ദത. ഉയർന്നു താഴുന്ന മാറിടങ്ങൾ, ഉയർന്നു താഴുന്ന തിരകൾ. ഇവരുടെ രണ്ടുപേരുടെയും തിരകളുടെയും ദീർഘശ്വാസങ്ങൾ. ആദ്യം മന്ദഗതിയിലും പിന്നെ ക്രമേണ ദ്രുതവും ദ്രുതതരവുമായ ഷോട്ടുകളുടെ അന്തരം. ഈ മുഖം, ആ മുഖം, ഈ നെഞ്ച്, ആ മാറ്, കോർത്ത കൈകൾ, ഈ തിരകൾ, ആ തിരകൾ.

ഞാൻ ജോഷിയോടു പറഞ്ഞു, "താങ്കൾ ഈ ദൃശ്യസന്ദർഭം നായികാനായകന്മാരുടെ ആലിംഗനത്തോടെ അവസാനിപ്പിക്കുക. കൈത്തലങ്ങളുടെ ബന്ധം അയയുമ്പോൾ, എനിക്കുതോന്നുന്നത്, ഈ ജല്പനം സെന്റിമെന്റലിസത്തിനുദാഹരണമായിത്തീരുമെന്നാണ്. റൊമാൻസിന്റെ സാധ്യതയില്ലായ്മയെക്കുറിച്ചു സംസാരിക്കുന്നതും റൊമാന്റിക്കാണ്."

"ദല്ലാൾ ബാബുവിനോടെന്തു പറഞ്ഞു?" മനോഹറിന്റെ കാതിൽ ഒരു സാങ്കല്പിക കുണ്ഡലം വച്ചു കളിച്ചുകൊണ്ട് അവൾ ചോദിച്ചു.

"ഒന്നും പറഞ്ഞില്ല." മനോഹർ പറഞ്ഞു.

"എന്താ പറയാഞ്ഞത്?" വാത്സല്യം നിറഞ്ഞ കുറ്റപ്പെടുത്തലോടെ അവൾ ചോദിച്ചു. അല്പം കഴിഞ്ഞ് അവൾ പറഞ്ഞു, "നിങ്ങളുടെ പോക്കറ്റിൽ പണമില്ല, ചങ്കിൽ ധൈര്യമില്ല. അതുകൊണ്ട് ദല്ലാളിനോട് തീർത്തുപറയാൻ പറ്റിയില്ല. ഈ മരുന്നുകൾ ലജ്ജയുടെ പേടിയില്ലാതാക്കാനുള്ളതാണോ മനോഹർ?"

മറുപടി പറഞ്ഞത് ഞാനാണ്, "ബായീജി, ഞങ്ങൾക്കാരെയും പേടിയില്ല, പേടിയില്ലാത്ത മടയികളെയും പേടിയില്ല.."

"ശരി പ്രഭോ." അവൾ പറഞ്ഞു, "എങ്കിൽ ആ പേടിയില്ലാത്ത മടയിയെ തോക്കെടുത്തു വെടിവച്ചു കൊല്ലാൻ വരാഞ്ഞതെന്ത്?"

പ്രഭു വേട്ടയുടെയും ശൃംഗാരത്തിന്റെയും പ്രതീകത്തെ സ്വന്തനിലയിൽ വികസിപ്പിച്ചെടുക്കുന്നതിനു മുമ്പ് അവൾ മനോഹറിനെ അഭിസംബോധന ചെയ്തു, "മനോഹർ കേൾക്കുന്നുണ്ടോ? വൈകുന്നേരം മുഴുവൻ ഞാൻ നിങ്ങളെ കാത്തിരുന്നു. സ്വന്തം വാക്കു പാലിക്കുന്നതിനുവേണ്ടി ഞാൻ ആ ദരിദ്രവാസി ദല്ലാളിന്റെയടുത്തു പോയി. നിങ്ങളെന്തുകൊണ്ടാണ് അയാളെ കൂട്ടി എന്റെയടുത്ത് വരാഞ്ഞത്?"

'ഞാൻ വേശ്യകളുടെ കൂടെ ഉറങ്ങാറില്ല' എന്ന ഭേദപ്പെട്ട ഒരു ഡയലോഗ് പറയാൻ മനോഹർ ഉദ്ദേശിച്ചു. പക്ഷേ, അയാൾ പറഞ്ഞതിങ്ങനെയാണ്. "നിങ്ങൾ വേശ്യയെന്നു പറയുന്ന ആ സ്ത്രീയുമായി ദല്ലാൾ എന്നെ കൂട്ടിമുട്ടിക്കുമായിരുന്നു, പക്ഷേ എനിക്ക് നിങ്ങളെ കാണാനായിരുന്നു, ആഗ്രഹം."

"ഇവിടെ നിങ്ങളുടെ മുന്നിലിരിക്കുന്ന ഇവളാരാണ്? ആരാണ്,

പറയൂ." മനോഹറിന്റെ കണ്ണുകളിൽ എത്തിനോക്കിക്കൊണ്ട് അവൾ ചോദിച്ചു.

ഗംഗയും കുരുക്ഷേത്രവുമുള്ളിടത്തോളം ഏതു ബാലന്റെ ഹൃദയമാണോ ദുഃഖത്തിന്റെ തീർഥമായി തീർന്നത്, അവൻ മറുപടി പറഞ്ഞു, "സ്വയം നിഷേധിക്കാൻ ശ്രമിക്കുന്ന നിങ്ങൾ, സ്വയം നിഷേധിക്കാൻ ശ്രമിക്കുന്ന എന്നെപ്പോലെ."

ജോഷിജി അഭിനന്ദിച്ചു. ഇപ്പോഴെല്ലാം ശരി. ത്രൂ - ഷോട്ട് കംപ്ലീറ്റ് ടൈറ്റാക്കൂ. അയാൾ അവളുടെ കണ്ണിൽ കണ്ണുനട്ടിരുന്നു; ഇമവെട്ടാതെ...

ഡയലോഗ്. അവൾ പറയുന്നു, ''രണ്ടു കള്ളം.'' അയാൾ പറയുന്നു, "രണ്ടു കള്ളത്തിന്റെ ഒരു സത്യം."

മ്യൂസിക് ബാക്ഗ്രൗണ്ടിൽ യാചകനെപ്പോലെ ഭൈരവിയുടെ ഢുമരി. 'ഘനശ്യാമാ, പ്രിയതമാ' എന്നോ മറ്റോ. ആൻഡ് ഫിൻ - ഇരുവരുടെയും മുഖം അടുത്തുവന്നു. ദ ഫസ്റ്റ് കിസ്... ആത്യന്തിക നിലവാരത്തിലെ പ്രഥമ ചുംബനം. ശ്വാസമടക്കിപ്പിടിച്ചു സ്വീകരിച്ചു; ശ്വാസം മുട്ടിച്ച് കൊടുത്തു.

ഹോളിവുഡിലെ കൗശലക്കാർ മുതൽ യൂറോപ്യൻ സിദ്ധന്മാർ വരെ എല്ലാ സംവിധായകരുടെയും പരമ്പരാഗത രീതിയനുസരിച്ച് ഈ പ്രഭാവശാലിയായ ചുംബനത്തിനുശേഷം നായിക നായകന്റെ വിശാലമായ വക്ഷസ്സിൽ തല ചായ്ക്കുകയും, ഈ സന്ദർഭം കൂടുതൽ മുമ്പോട്ടു കൊണ്ടുപോകണമെന്നുണ്ടെങ്കിൽ തുടർന്നുള്ള ഷോട്ടുകളിൽ അവൾ നായകന്റെ മടിയിൽ തലവച്ച് കിടന്ന് വിരൽത്തുമ്പാൽ മണലിലോ വെള്ളത്തിലോ രണ്ടര - മൂന്ന് അക്ഷരമെഴുതുകയും ചെയ്യുന്നതാണ് പതിവ്. അതോടൊപ്പം അവൾ ചില മണ്ടത്തരങ്ങൾ വിളിച്ചു പറയുകയും ചെയ്യും. അതുകേട്ട് നായകന്റെയും പ്രേക്ഷകന്റെയും മനസ്സിൽ ഒരു പോലെ പ്രേമം മുളച്ചുപൊന്തുകയും ചെയ്യും.

എന്നാൽ ഇവിടെ ചിരഞ്ജീവി എന്നു വിശേഷിപ്പിക്കപ്പെടാവുന്ന മനോഹർ ഓരോ പ്രവൃത്തിയും വിപരീതമാക്കി. അയാൾ തന്റെ മുഖം അവളുടെ പടർന്നുപന്തലിച്ച മാറിടത്തിലൊളിപ്പിച്ചു. അയാൾ അവളുടെ കോമളമായ മടിത്തട്ടിൽ തലവച്ചുകിടന്നു. അയാൾ തന്റെ വിരലുകൾ കൊണ്ട് മണലിൽ വരച്ചു.

'വിപരീത മൈഥുനസ്ത പ്രദ്യുമ്ന സത്കാമിനീ.' ഛിന്നമസ്താ സ്തവനത്തിലെ ഈ വരി ഉപയോഗിച്ച് മനോഹറിനെ പരിഹസിക്കാമെന്നു ഞാൻ വിചാരിച്ചു. എന്നാൽ അയാൾക്ക് കൂസലില്ല, മാത്രവുമല്ല, ഉത്സാഹം കൂടുകയും ചെയ്തു. വിപരീതമൈഥുനത്തിൽ മുഴുകിയ കാമത്തിന്റെയും ചിത്തത്തിന്റെയും പശ്ചാത്തലത്തിൽ കോടി കോടി തരുണസൂര്യന്മാരെപ്പോലെ തിളങ്ങുന്ന പാർവതി അയാൾക്കാരാധ്യയായി. കോടി കോടി തരുണസൂര്യന്മാരെ സ്മരിക്കുകയും ത്രയോ

ദശിയുടെ അപൂർണചന്ദ്രനെ നോക്കുകയും ഇതുരണ്ടും ഒരേ സമയത്ത് ഒരേ സ്ഥാനത്ത് ഒരുമിച്ചുചെയ്യാൻ അയാൾക്കു സാധിച്ചു. ഇവിടെ സൂര്യനിൽ നിന്ന് ചന്ദ്രൻ വരെ മനസ്സിന്റെ കുതിച്ചു ചാട്ടം, അവിടെ മഹായോനിചക്രത്തിന്റെ മധ്യത്തിൽ നടക്കുന്ന വ്യാപാരം. വളരെ കുഴപ്പമുള്ള ഷോട്ടായിരുന്നു. എന്നാൽ ഈ ബുദ്ധിജീവി ഇതുപോലുള്ള കൃത്യങ്ങളും ചെയ്തു കാണിക്കും.

"എന്റെ യൗവനവും ആ തുള്ളപ്പനി മൂലം തളർന്നുപോയെന്ന് ആ വളഞ്ഞ റോസാപ്പൂവിനെ കാണിക്കാൻ വേണ്ടി ഞാനിതാ മരിക്കുന്നു." കവി ഡൈലൻ തോമസിന്റെ ഈ വരി മനോഹർ തന്റെ സ്നേഹനിർഭരമായ മണ്ടൻ വർത്തമാനങ്ങളുടെ കൂട്ടത്തിൽപ്പെടുത്തി അവളെ കേൾപ്പിച്ചു.

അതിനു മറുപടിയായി അവൾ കുനിഞ്ഞ് മനോഹറിനെ ചുംബിച്ചു. എന്നിട്ട് അയാളുടെ മേൽ കുനിഞ്ഞുനിന്നു.എന്തൊരു സുന്ദരമായ ഷോട്ട്! ആ മുഖം, ആ മുല. ത്രയോദശിയിലെ ചന്ദ്രൻ അതിഭയങ്കരരൂപത്തിൽ നിന്ന് അത്യന്തം പ്രീതികരമായി മാറി, ആ മനഃസ്ഥിതി. സർവാനന്ദപ്രദമായ പയോനിധിയാൽ, സർവാഭീഷ്ടദായകമായ ദീർഘവും ലംബവും സുമനോഹരവും സുമേരുതുല്യവുമായ ആ സ്തനയുഗളങ്ങളാൽ ആച്ഛാദിതനായ (കർക്കശനെങ്കിലും കാന്തനായ) മനോഹർ നാമാവായ ഈ ബാലൻ ദീർഘായുസ്സായിരിക്കട്ടെ. പയോനിധി സുമേരുവിനു മുകളിൽ പ്രത്യക്ഷപ്പെട്ടു, തന്റെ അല്പമായ അപൂർണത മൂലം എത്രയെത്ര ആകുലമായ ത്രയോദശിയിലെ കിശോരചന്ദ്രനെ ദർശിച്ചു; ഇപ്പോഴും വധോദ്യതനായ യോദ്ധാവിനെപ്പോലെ ഈ ബാലന്റെ ലോഹിതനാദത്തിന്റെ വൈതാളികനായി അവനെ താരാട്ടു പാടി കേൾപ്പിക്കാൻ തുടങ്ങി.

"മിണ്ടാതിരിക്കെടാ നൈമിഷാരണ്യവാസീ." ഞാൻ പറഞ്ഞു. പക്ഷേ, ജോഷി എന്നെ ശകാരിച്ചു. മനോഹറിന്റെ മനസ്സിൽ ഏതാനും വാക്കുകൾ പൊന്തിവരുന്നുണ്ടായിരുന്നു ജോഷിജിക്ക് അത് സൗകര്യപൂർവം കവിതയാക്കി മാറ്റാം, 'ചന്ദ്രന് പേരുകൾ പലതുണ്ട് എന്നാൽ ഞാനതിനെ മറ്റൊരു പേരിലറിയുന്നു, നീ പറയാമെങ്കിൽ ഇന്ന് നിനക്കും പറഞ്ഞുതരാം.'

അവൾ മനോഹറിന്റെ ശിരസ്സിൽ ആശിർവാദരൂപത്തിൽ വിരലോടിച്ചു. കൃതജ്ഞനായ ആ കവി കണ്ണടച്ചു.

പിന്നീടാരോ അയാളുടെ കണ്ണട എടുത്തുമാറ്റി. ആരുടെയോ വിരലിന്റെ അറ്റം തൂവൽ സ്പർശം പോലെ അയാളുടെ അടഞ്ഞ കൺപോളകളിൽ അനുഭവപ്പെട്ടു. മേദിനി നിലനില്ക്കുന്നിടത്തോളം കാലം സുപ്രതിഷ്ഠ നേടട്ടെ. ആ അറിവില്ലാത്തവൻ തന്റെ കാഴ്ചമങ്ങിയ കണ്ണുകൾ തുറന്നു ചോദിച്ചു, "നിന്റെ പേരെന്താണ്?" വളരെ ഭക്തിഭാവ

ത്തോടെയാണ് ചോദിച്ചത്. ഈ സ്ത്രീയുടെ മാത്രമല്ല, സകല സൃഷ്ടിയുടെയും രഹസ്യം ആ പേരിലടങ്ങിയിരിക്കുന്ന മട്ടിലാണ് ചോദ്യം.

ബാലന്റെ ചിതറിയ ചെമ്പൻ മുടി ചൂണ്ടുവിരലിൽ ചുറ്റിക്കൊണ്ട് അവൾ പറഞ്ഞു, "ഇപ്പോ പറയുന്നില്ല. താനെങ്ങനറിയും?"

ബാലൻ വീണ്ടും കണ്ണടച്ചു. "എന്റെയുള്ളിലെ മൗനം ഞാൻ തന്നെ കേൾക്കും."

അയാൾ മൗനം പൂണ്ട് കിടന്നു. ആ മൗനത്തിൽ വളരെ അകലെ നിന്ന് മധ്യമസ്വരത്തിൽ ആ പേരുകേൾക്കുന്ന പോലെ. അപ്പോഴേക്കും പേരില്ലാത്ത ആ രഹസ്യമയി അയാളുടെ അടഞ്ഞ കൺപോളകളിൽ ചുണ്ടമർത്തിയശേഷം ചോദിച്ചു, "മൗനം എന്തു പറയുന്നു?"

ബാലനായ മനോഹർ നാവു സ്തംഭിപ്പിച്ചുകളയുന്ന മൗനവൃത്തിയാൽ അസ്തപ്രജ്ഞനായി. എന്നാൽ ജോഷി ബാലന്റെ മനസ്സിൽ അല്പം മുമ്പ് പൊന്തിവന്ന വരി ജീവനോപയോഗിയായ സാഹിത്യത്തിന്റെ ശ്രേണിയിൽ പെടുന്നതാണെന്നു പറഞ്ഞു, "എന്റെ മൗനം പറയുന്നു, അതിനുപല പേരുണ്ട്. എന്നാൽ ഞാനതിനെ മറ്റൊരു പേരിലാണറിയുന്നത്. നീ പറയുമെങ്കിൽ ഇന്ന് ഞാൻ നിന്നോടുമതു പറയാം."

അയാളുടെ കവിളിൽ കവിൾ ചേർത്തുവച്ച് അവൾ പിറുപിറുത്തു, "പറയൂ."

ശരിയായ പേര് പറഞ്ഞ് ഇവളുടെ അഹംഭാവം നിശ്ചേതനമാക്കാമെന്ന വിചാരത്തോടെ ജോഷിജി എല്ലാ പുരാണനാമങ്ങളും 'ചടപടാ'ന്ന് തിരിച്ചും മറിച്ചും നോക്കി. ഈ നേരമ്പോക്ക് എനിക്ക് അസഹ്യമായി. വൈകാരികത്വത്തിന്റെ ബലൂണിൽ മൊട്ടുസൂചി കൊണ്ടു കുത്താമെന്നുദ്ദേശിച്ച് ബാബു പറഞ്ഞപേര് ഞാനാവർത്തിച്ചു, "അവളുടെ പേര്... മുന്തിയവൾ."

അതു കേട്ടയുടൻ അവളുടെ മുഖത്ത വിചിത്രഭാവം. അവൾ പറഞ്ഞു, "എന്റെ അച്ഛൻ അങ്ങനെയാണെന്നെ വിളിച്ചിരുന്നത്. മനോഹർ മൗനത്തിനിടയ്ക്ക് ആ പേര് കേട്ടതായിരിക്കും."

ഞാൻ ഭഗവാനോടു പറഞ്ഞു – നിന്റെ ലീല അപാരം തന്നെ. ഒരു തമാശ പറഞ്ഞത് ഹൃദയസ്പൃക്കായിത്തീർന്നല്ലോ!

"എന്നെ ദേവി കൊടുത്തതാണെന്നും അതിനാൽ ഞാൻ ദേവിയാണെന്നും അച്ഛൻ വിശ്വസിച്ചിരുന്നു." അവൾ പറഞ്ഞു. ഞാൻ ഉറക്കെ കോട്ടുവാ വിടുകയും 'ആ – വാ – വാ' എന്ന് കോട്ടുവായെ താലോലിക്കുകയും ചെയ്തു.

"ഈ വ്യാഖ്യാനത്തിനു നന്ദി" അവൾ പറഞ്ഞു. "പക്ഷേ, നിങ്ങൾക്കറിയാമോ എന്റെ ബാല്യം മുഴുവൻ ഈ പുലമ്പലിലാണ് കഴിഞ്ഞത്. തന്റെ വയറ്റിൽ ഒരു കുഞ്ഞ് ജനിക്കുന്നതിനുവേണ്ടി എന്റെ അമ്മ

ധാരാളം വ്രതവും ഉപവാസവും അനുഷ്ഠിച്ചു, പൂജയും മന്ത്രവാദവും നടത്തി ഒടുവിൽ അമ്മയ്ക്ക് നാല്പത് വയസ്സായപ്പോൾ, ഒരു ദിവസം തലയറ്റ ഒരു ദേവി സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് 'എന്നോടാവശ്യപ്പെട്, ഞാൻ തരാം' എന്നരുളിച്ചെയ്തു. പഠിപ്പില്ലാത്ത എന്റെ അമ്മ പുരോഹിതന്മാരോടു പറഞ്ഞു. അവർ പറഞ്ഞു, 'ഛിന്നമസ്തയുടെ ക്ഷേത്രമുണ്ട്.' എന്റെ അച്ഛനമ്മമാർ വഴിപാടു നടത്താൻ അങ്ങോട്ടു പോയി.''

ഞാൻ ഇടയ്ക്കുകയറി പറഞ്ഞു, ''അതിനുശേഷം നിങ്ങളെ ഗർഭം ധരിച്ചു. നിങ്ങൾ ഗർഭത്തിലുണ്ടായിരുന്നിടത്തോളം കാലം അമ്മ വിചിത്രസ്വപ്നങ്ങൾ കണ്ടുകൊണ്ടിരുന്നു. നിങ്ങൾ ജനിച്ചപ്പോൾത്തന്നെ കുടുംബത്തിൽ അനവധി സുഖകരവും ദുഃഖകരവുമായ സംഭവങ്ങളുണ്ടായി. സമ്പന്നരും സമർഥരുമായ ചില ജ്യോത്സ്യന്മാർ ഗ്രഹദോഷനിവാരണാർഥം ചെലവേറിയ അനുഷ്ഠാനങ്ങൾ നിർദേശിച്ചു. എന്നാൽ ചില മികച്ച ജ്യോത്സ്യന്മാർ അഭിപ്രായപ്പെട്ടു – ഇത് കളി വേറേ, ഒരനുഷ്ഠാനവും ഫലവത്താകുകയില്ല. ദേവിയുടെ പ്രസാദം പുളിപ്പാണോ കയ്പാണോ മധുരമാണോ എന്നു നോക്കണ്ടാ. ഭക്തിപൂർവം സ്വീകരിച്ചോളൂ. അഭിജിത് കാലത്ത് ജനനം, സർവ ഗ്രഹങ്ങളും വിപരീതം, ഗുരു ചണ്ഡാലയോഗം, ഗുരുവിന്റെയും ശനിയുടെയും പരസ്പരദൃഷ്ടി – ഇതിലെന്തു നോക്കാനാണ്, ഒരിക്കലും എടുത്തുനോക്കണ്ടാ, നോക്കിക്കുകയും വേണ്ട. ശേഷം കഥ അടുത്ത ലക്കത്തിൽ തുടരും.''

അതുകേട്ട് അവൾ ആദ്യം പുഞ്ചിരിച്ചു. പിന്നീട് കുറേ നേരത്തേക്ക് ബാലന്റെ കണ്ണിൽ കണ്ണുനട്ടുകൊണ്ടിരുന്നു. അനന്തരം പറഞ്ഞു, "ഇതെല്ലാം മൗനം നിങ്ങളോടു പറഞ്ഞതായിരിക്കുമല്ലോ."

ഈ ഗഹനമായ വ്യംഗ്യത്തിന്റെ മാതൃക അംഗീകരിച്ചുകൊണ്ട് ഞാൻ പറഞ്ഞു, "വിവരണത്തിലെ ചില സംഗതികൾ തെറ്റായേക്കാം. എങ്കിലും ആകെക്കൂടി നോക്കുമ്പോൾ ഇങ്ങനെയൊക്കെയായിരിക്കും സംഭവിച്ചത്. ഈ തരം കഥകൾ ആയിരം തവണ കേട്ടതാണ്."

"കഥകൾ കേട്ടുകേട്ട് സിദ്ധനായി." അവൾ വീണ്ടും പുഞ്ചിരിച്ചു. "ഞാൻ ജനിച്ചത് പന്ത്രണ്ടു മണിക്കാണെന്നും എന്റെ ഗ്രഹനിലയിൽ ബൃഹസ്പതിയും രാഹുവും ഒരുമിച്ചാണെന്നും ശനിയുടെയും ബൃഹസ്പതിയുടെയും പരസ്പരദൃഷ്ടിയുണ്ടെന്നും അറിയാമല്ലോ."

"ഭാവന ചിറകു വിരിച്ചപ്പോൾ കൂടുതൽ ഉത്സാഹം കാട്ടി." ഞാൻ പറഞ്ഞു.

"അല്ല. നിങ്ങൾ പറഞ്ഞതെല്ലാം സത്യമാണ്. സിദ്ധി അനുമാനമാണെന്നു പറയുന്നതെന്തിനാണ്?'' അവൾ പറഞ്ഞു, "മനോഹർ എന്തിനാണിത്ര നാണിക്കുന്നത്? ഈ മരുന്നുകൾ നാണമില്ലാതാക്കാ

നാണോ? നിങ്ങൾ എന്റെ മടിയിൽ തലവച്ചു കിടക്കുകയാണ്, പറയുന്നതെല്ലാം സത്യമായിരിക്കും. പറയൂ, പറഞ്ഞു നോക്കൂ. പേടിക്കണ്ടാ."

മനോഹർ ബാലന് വിറയലുണ്ടായി. ഒന്നും പഠിക്കാതെ ജ്യോതിഷി എന്ന നിലയിൽ താൻ എവിടെയെല്ലാം എപ്പോഴെല്ലാം അഭ്യൂഹങ്ങൾ തട്ടിവിട്ടത് ശരിയായെന്നും പ്രവചനങ്ങൾ ഫലിച്ചെന്നും അയാൾ ഓർത്തുനോക്കി. വെറുതേ ചുറ്റിനടക്കുമ്പോൾ ചൊല്ലുന്ന ദേവീസ്തോത്രം സിദ്ധിപ്രദമായോ എന്ന സാധ്യതയെക്കുറിച്ചും ചിന്തിച്ചു. 'മരാ – മരാ' എന്നു പറഞ്ഞവനെ, 'രാമ – രാമ' എന്നാണു പറഞ്ഞതെന്നംഗീകരിച്ച് സിദ്ധനാക്കിത്തീർക്കാമെങ്കിൽ 'സപ്തശതി' എങ്ങനെയെങ്കിലും വായിക്കുന്ന ഈ പയ്യനെ സിദ്ധനാക്കുന്നതിലെന്താണു തെറ്റ്?

ഇവൾ നിന്നെ ചുറ്റിക്കുന്നതിനുവേണ്ടി, നിന്റെ അനുമാനങ്ങൾ സത്യമാണെന്നു സമ്മതിച്ചിട്ട് മനഃപൂർവം നിനക്ക് സിദ്ധിഭ്രമമുണ്ടാക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുകയാണെന്ന് ഞാൻ ആ പയ്യനെ പറഞ്ഞുമനസ്സിലാക്കാൻ ശ്രമിച്ചു.

"സ്വന്തം മൗനത്തിൽ നിന്ന് കുറച്ചെന്തെങ്കിലും കൂടി കേൾക്കൂ, മനോഹർ." അവൾ പറഞ്ഞു.

മനോഹർ ബാലൻ തന്റെ മൗനം ഭക്തിപൂർവം ശ്രവിക്കാൻ തുടങ്ങി. അവന്റെ ഭക്തിയെ അപായപ്പെടുത്തിക്കൊണ്ട് മൗനത്തിന്റെ നേരമ്പോക്ക് ഒരു വിചിത്രമായ വരി ആവർത്തിച്ചുകൊണ്ടിരുന്നു – സ്വപ്നങ്ങൾ, സ്വപ്നങ്ങൾ – കുലകുലം – ജപിക്കൽ. അത്യാധുനിക സാഹിത്യകാരനായ ജോഷിജി പോലും ഈ അസംസ്കൃത പദാർഥം പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് സമാധാനം കണ്ടെത്തിയില്ല. മനോഹർ വീണ്ടും മൗനം ശ്രവിച്ചു. ഇപ്പോൾ ആ തന്നിഷ്ടക്കാരി മറ്റൊരു വരി കേൾപ്പിച്ചു, "നിശ്ശബ്ദത പോലുമിന്നു നിശ്ശബ്ദമായ്." ഇതല്പം ഭേദമാണെന്നു ജോഷിജിക്കു തോന്നി. എന്നാൽ ഇതും പ്രസ്തുത സന്ദർഭത്തിനനുയോജ്യമല്ലായിരുന്നു.

"ഒന്നും പറയുകയില്ലേ?" അവൾ ചോദിച്ചു.

വിചിത്രമായ രണ്ടുവരികളും ചേർത്ത് ഞാനൊരു പ്രയോഗം നടത്തി. "ഒച്ച വയ്ക്കരുത്, നിശ്ശബ്ദത ഇപ്പോൾ നിശ്ശബ്ദമായ് സ്വപ്നങ്ങൾ കുല – കുല നാദത്തിൽ ജപിക്കുന്നതിൽ മുഴുകി."

"ചെറിയ തെറ്റുണ്ട്." അവൾ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു, "കുല – അകുല ജപമായിരിക്കും. അകുല കുലമയന്തീ ചക്രമധ്യേ സ്ഫുരന്തീ. മനസ്സിലായില്ലേ? കുണ്ഡലിനി."

ഞാനെഴുന്നേറ്റു. കാലുറ തട്ടിക്കുടഞ്ഞുകൊണ്ടുപറഞ്ഞു, "ഈ കളി മതിയാക്കൂ. പൈസ കൈക്കലാക്കൂ."

"നിങ്ങളുടെ വർത്തമാനം കേട്ടാൽ യഥാർഥത്തിൽ ദല്ലാൾ ബാബു

മുഖേന വന്നതാണെന്നു തോന്നും.” അവൾ പറഞ്ഞു, “ഇരിക്കൂ, അല്ലെങ്കിൽ കസ്റ്റമേഴ്സ് കോപിക്കുന്നെങ്കിൽ വലിയ ചീട്ട് പത്തെണ്ണം കൊടുത്തിട്ടുപോകൂ.”

ഞാൻ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തിക്കൊണ്ടിരുന്നു. എറിയുന്നവന്റെ കയ്യിൽ കമ്പ് കൊടുക്കാത്ത ദൈവത്തെ പഴി പറയുകയും ചെയ്തു.

അവൾ എഴുന്നേറ്റു; എന്നെ കയ്യിൽ പിടിച്ച് നിർബന്ധിച്ച് അടുത്തിരുത്തി. ചിരിച്ചുകൊണ്ടു പറഞ്ഞു, “നിങ്ങൾ പത്രപ്രവർത്തകനാണ്. പ്രസ്സുകാർക്ക് ഫ്രീഷോ ഉണ്ടല്ലോ.”

“പ്രസ്സുകാർക്ക് പ്രിവ്യൂ ഉണ്ടാകാറുണ്ട്.” ഞാൻ ഒരു സാങ്കല്പിക ച്യൂയിങ്ഗം ചവച്ചുകൊണ്ടു പറഞ്ഞു.

“ജൂബിലിക്കും പത്രക്കാരെ വിളിക്കാറുണ്ട്.” അവൾ പറഞ്ഞു.

“ഡയമണ്ട് ജൂബിലി കേമമാകട്ടെ.” ഞാനാശംസിച്ചു.

“നിങ്ങളുടെ മൗനം സ്വപ്നം കാണാറുണ്ടോ?” അവൾ ചോദിച്ചു.

“അന്ധനാകുമ്പോൾ കാണാറുണ്ട്.”

“എന്താണ് കാണുന്നത്?”

“ഒരു വലിയ കരിം പൂച്ചയെ.”

“പൂച്ച എന്തു ചെയ്യുന്നു?”

“കൈകൊണ്ടടിക്കുന്നു.”

“ആരെ?”

“മൗനത്തിനെ.”

ഇങ്ങനെ പ്രകോപിപ്പിച്ചിട്ടും അസംബന്ധം പറഞ്ഞിട്ടും അവൾ ചിരിച്ചില്ല. അവൾ നടുവിരലും മോതിരവിരലും കൊണ്ട് ബാലനായ മനോഹറിന്റെ താടിക്കു താങ്ങുകൊടുത്തു. എന്നിട്ടു പറഞ്ഞു, “ആ പാവം വാത്സല്യം പ്രകടിപ്പിക്കുന്ന രീതി ഇതായിരിക്കാം.” തുടർന്ന് അവൾ ആ ബാലന്റെ കീഴ്ചുണ്ട് തന്റെ പല്ലുകൊണ്ടു കടിച്ചു ചുംബിക്കുകയും അവന്റെ കൈകളിൽ നഖമാഴ്ത്തുകയും ചെയ്തു.

കീഴ്ച്ചുണ്ടിൽ പൊടിച്ച ചോരയുടെ രുചിയറിയാൻ നാവോടിച്ചുകൊണ്ട് ആ ബാലൻ ചോദിച്ചു, “നീയെന്താണ് സ്വപ്നം കാണുന്നത്?”

“ഒരു ക്ഷേത്രത്തിന്റെ അവശിഷ്ടം.” അവൾ പറഞ്ഞു ക്ഷേത്രത്തിനുവെളിയിൽ എന്റെ അമ്മ നില്ക്കുന്നുണ്ട്. എന്നാൽ അമ്മയുടെ തല ഉടലിൽ നിന്നു വേർപെട്ടു പോയി. അമ്മ എന്നോടു പറഞ്ഞു, “മോളേ, നീ അകത്തുപോ, ഇത് നിന്റെ അമ്പലമാണ്. ഞാൻ അകത്തു പ്രവേശിച്ചു. അവിടെ എന്റെ വിഗ്രഹം പ്രതിഷ്ഠിച്ചിരിക്കുന്നു. ഏനോ മീനിങ് സൂം?”

ബാലനായ മനോഹർ ഉവാച. “ക്ഷേത്രാവശിഷ്ടം നിന്റെ കഴിഞ്ഞ ജന്മമാണ്. നീ ആ സ്വപ്നാവശിഷ്ടത്തിലെത്തുമ്പോൾ പൂജാരിണിയും

പൂജയും പൂജ്യയും എല്ലാം നീ തന്നെയായിത്തീരുന്നു. സ്വപ്നത്തിലെ ആ ഭഗ്നാവശേഷത്തിന്റെ ജീർണോദ്ധാരണം നടത്തുന്ന ദിവസം..."

"ദിവസം...?" ഭക്തിഭാവത്തോടെ അവൾ ചോദിച്ചു.

"ആ ദിവസം" ബാലനായ മനോഹർ പറഞ്ഞു. "രാത്രികാണുകയില്ല, ഉറക്കമില്ല, സ്വപ്നങ്ങളുടെ യാതനയുമില്ല."

"സ്വപ്നങ്ങളുടെ അവശിഷ്ടങ്ങളുടെ ജീർണോദ്ധാരണം നടത്തുന്നതിന് എത്ര കൂന സ്വപ്നങ്ങളാവശ്യമുണ്ടെന്ന് നിങ്ങളാലോചിച്ചിട്ടുണ്ടോ? അവൾ പയ്യനെ കൈകളിലൊതുക്കി താലോലിച്ചുകൊണ്ട് ചോദിച്ചു.

ബാലൻ അവളുടെ മുലകളുടെ നടുവിൽ തന്റെ മുഖം മറച്ചു കൊണ്ട് പിറുപിറുത്തു. "ദുഃഖങ്ങൾ എനിക്കു തരൂ, സ്വപ്നങ്ങൾ എന്നിൽ നിന്നെടുത്തോളൂ."

മനോഹർ അവളുടെ ഹൃദയമിടിപ്പ് കേട്ടു കൊണ്ടിരുന്നു, ജോഷിജി ഈ ഷോട്ട് 'ഓൾമോസ്റ്റ് ക്ലോസപ്പിലെടുക്കാനും ഹൃദയത്തിന്റെ ആദി സ്പന്ദനത്തിൽ സമുദ്രത്തിന്റെ സനാതനനാദം 'മിക്സ്' ചെയ്യാനുമാലോചിച്ചു തുടങ്ങി. അപ്പോൾ ആ സ്ത്രീരത്നം പയ്യന്റെ മുഖം തന്റെ കൈത്തലം കൊണ്ടമർത്തി, മാറിൽ നിന്നടർത്തി മാറ്റി. സ്ത്രീരത്നം ഉവാച. "പദങ്ങളുടെ ആദാന-പ്രദാനം നിർദേശിക്കുകയാണോ, മനോഹർ? ദുഃഖവും ഒരു സ്വപ്നമാണ്, സ്വപ്നവും ഒരു ദുഃഖമാണ് എന്നു ഞാൻ പറഞ്ഞാലോ? പൂജാരിണിയും പൂജയും പൂജ്യയും ഞാൻ തന്നെയാണെന്ന് നിങ്ങളുടെ വാക്കുകളിൽ ഞാൻ പറഞ്ഞാലോ? അല്പം കൂടി കടന്ന്, ആ അവശിഷ്ടങ്ങളുടെ ജീർണോദ്ധാരണത്തിന് നിങ്ങളുടെ സ്വപ്നങ്ങൾ പര്യാപ്തമല്ല, നിങ്ങളുടെ ചൈതന്യം നിങ്ങളുടെ നിദ്ര, നിങ്ങളുടെ സർവസ്വം ആവശ്യമാണെന്നു കൂടി ഞാൻ പറഞ്ഞാൽ, നിങ്ങളെന്തുപറയും? - പദങ്ങൾ കൊണ്ടുള്ളകളിയെന്നോ? ഈ കളിയിൽ 'ദുഃഖം തരൂ, സ്വപ്നങ്ങളെടുത്തോളൂ' എന്ന അതിരോളം പോകുന്നത് സാഹിത്യമാണെന്നും അതിനപ്പുറമുള്ളത് ഭ്രാന്താണെന്നും ശഠിക്കുമോ?"

അവളോടിങ്ങനെ പറയാൻ ഞാൻ ജോഷിജിയോടു പറഞ്ഞു, "മുന്തിയമോളേ, നീ ഹസാരീ പ്രസാദിന്റെ നോവൽ വായിച്ചെന്നു തോന്നുന്നല്ലോ." പക്ഷേ, ജോഷി പറഞ്ഞു. "നീ വെറും ഉപരിപ്ലവൻ. ഇവൾ കള്ളം പറയുകയാണ്. എന്നാൽ ഈ കള്ളത്തിന്റെ 'ഐറോണിക്കൽ' ആഴങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു." ജോഷിജിക്ക് വളരെ ഇഷ്ടമുള്ള പദമാണ്, ഐറണി.

മനോഹർ മറ്റെന്തോ ആലോചിക്കുകയും കേൾക്കുകയും ചെയ്തു. "എന്നിലടങ്ങൂ, ഞാൻ വിശ്വയോനിയാണ്, ഞാൻ എന്റെ ദിവ്യ രൂപത്തിൽ ആശീർവദിക്കാം, സച്ചിദാനന്ദത്തിലേക്കു നയിക്കാം, അതി

നുവേണ്ടി ആഗ്രഹിക്കൂ."

മൂകമായ ചിന്താക്കുഴപ്പത്തിന്റെ ഈ ഐറോണിക്കൽ ഷോട്ട് ഉന്തി മാറ്റിക്കൊണ്ട് ഞാൻ പറഞ്ഞു, "ക്ലീഷെ, ദേവീ, അവിടുന്ന് ക്ലീഷേ സംസാരിക്കുന്നു. പ്രയോഗിച്ചു പഴകിയ ആധ്യാത്മിക വചനങ്ങൾ വീണ്ടും പ്രയോഗിക്കുന്നു."

"ഹേ, മനോഹർ, നീയെന്തു മനോഹരൻ? ക്ലീഷെ സംസാരിക്കുന്ന, ക്ലീഷെ ഇഷ്ടപ്പെടാത്ത..."

"ക്ലീഷെയിൽ ഐറണി കാണുന്ന..." ഞാൻ ജോഷിയെ പരിഹസിച്ചു.

"നിനക്ക് ഇത് മൂന്നുമാകാമെങ്കിൽ എല്ലാവർക്കും ആയാലെന്താ? എല്ലാമായിട്ട് എനിക്ക് കുല - അകുലങ്ങൾ നല്കൂ." അവൾ പറഞ്ഞു.

പദങ്ങൾ കൊണ്ടുള്ള കളിയിൽ ജോഷിജി കുഴങ്ങുന്നതുകണ്ട് ഞാൻ അവളെ ചീത്ത പറഞ്ഞു.

അവൾ പുഞ്ചിരിച്ചു. "മറ്റൊരു കാര്യം. നിന്റെ സ്വപ്നങ്ങൾ പുല്ലിംഗങ്ങൾ മാത്രവും എന്റെ ദുഃഖങ്ങൾ സ്ത്രീലിംഗങ്ങൾ മാത്രവുമാണോ? നീ ഒരു ശാശ്വത ശാരീരിക ക്ലീഷെയുടെ വില്പനക്കാര്യം ഓർമിപ്പിക്കുകയാണോ? നിന്റെ ഈ പൗരുഷം, പഴഞ്ചൻ പ്രയോഗം പ്രാമാണികമാകരുതെന്നു പ്രാർഥിക്കൂ."

മനോഹറിന്റെ ഭക്തിക്ക് ഇതൊന്നും ഇഷ്ടമായി തോന്നിയില്ല. ജോഷിജിയുടെ ഐറണിയും ആപത്തിലകപ്പെട്ടു. വികാരാധീനരായ ഈ ബൗദ്ധിക ജീവികൾ എന്റെ സഹജശാരീരിക പ്രക്രിയകളെ മുടന്തുള്ളതാക്കിത്തീർത്തു.

"നിന്റെ അഹന്ത എവിടെപ്പോയ് മറഞ്ഞു?" ആ നാണംകെട്ടവൾ ചോദിച്ചു. "ഉയർച്ച താഴ്ചകളുടെ ആദിമ ക്ലീഷെയോടും വെറുപ്പായോ? ഈ മുടി വളർന്ന തലയോടിനുള്ളിൽ മാനുഷികമായ മറയ്ക്കടിയിൽ അടിസ്ഥാനശിലപോലെ അടക്കം ചെയ്തിരിക്കുന്നത് ഇഴജന്തുക്കളുടെ തലച്ചോറാണെന്ന വിവരം എന്നെങ്കിലും നിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? സങ്കോചശീലനും തന്നിലേക്കൊതുങ്ങുന്നവനുമായ എന്റെ പ്രിയപ്പെട്ട ഇഴജന്തൂ, എന്തെങ്കിലും പറയൂ."

ജോഷിജി എന്ന സർപ്പം നഗരവാസിയായിരുന്നു. വിഷം എവിടുന്നു കിട്ടിയെന്നു ചോദിച്ചു മനസ്സിലാക്കേണ്ടയാവശ്യമില്ലായിരുന്നു. പരിഷ്കൃതനായിരുന്നു, അതിനാൽ ഫ്രീസ്റ്റൈൽ ഗുസ്തിയിൽ കുരുങ്ങുന്നതിനുമുമ്പ്, ഈ ഷോട്ട് പാറപ്പുറത്തു നിന്നെടുത്താൽ മതിയെന്നു നിർദേശിച്ചു. "ഞാൻ ഈ സ്ത്രീയെ പിടിച്ചമർത്തുമ്പോൾ, അവളുടെ ഇരുകൈകളും എന്റെ ബലിഷ്ഠകരങ്ങളാൽ ഞെരിക്കുമ്പോൾ, അവളുടെ തുടകൾക്കിടയിൽ എന്റെ കാൽമുട്ടു കയറ്റിനിന്ന് കിതയ്ക്കുമ്പോൾ നിങ്ങൾ സൗണ്ട് ട്രാക്കിൽ ഉപയുക്തമായ മാറ്റങ്ങളോടെ ഞാൻ

പറയാത്ത സംവാദം പറയിക്കണം, 'ഞാൻ ശുദ്ധരാഗമാണ്, നീ ശുദ്ധ ഭോഗവും. എന്റെ രാഗത്തെ നിന്റെ ഭോഗത്തിന്റെ വശത്താക്കാൻ പറ്റുമോ എന്ന് നോക്ക്!' എന്നിട്ട് ഈ സംവാദം സഹസ്രഫണധാരി യായ സാഗരത്തിന്റെ സ്വരത്തിൽ മിക്സ് ചെയ്യാൻ മറക്കരുത്."

പാറക്കെട്ടിനു താഴെ ചരലുള്ള നനഞ്ഞ മണലിൽ ഹീറോ ജോഷി ആ ഭോഗ്യയെ മലർത്തിക്കിടത്തി, മുകളിലമർന്നു. അപ്പോൾ ഇരുകൈ കളും ഇരുകാലുകളും നിവർത്തി കുരിശിൽ തറച്ചപോലെ കിടന്ന് അവൾ ചിരിച്ചു, കിതച്ചു. അതോടൊപ്പം അവൾ പറഞ്ഞു, "ദിസീസ് നോട്ട് വാട്ട് ഐ മെന്റ്റാൾ മിസ്റ്റർ റ്റി.എസ്. എലിയറ്റ്."

തന്റെ പ്രിയകവി എലിയറ്റിന്റെ ഈ വരി ചാട്ടയായി പ്രയോഗിച്ച തിന്റെ ഫലമായി ബുദ്ധിജീവിയും സാഹിത്യോപജീവിയുമായ ജോഷിജി ബൗദ്ധികതയുടെയും സാഹിത്യത്തിന്റെയും ഭാരം ദൂരെയെറിഞ്ഞിട്ട് അതിവേഗം ഓടി.

"ഞാൻ നിങ്ങളെ ശിക്ഷിക്കുകയാണ്. അഹങ്കാരത്തിനുള്ള ശിക്ഷ." അദ്ദേഹം പറഞ്ഞു.

"എന്താണു ശിക്ഷ?" അവൾ വിവരമില്ലാത്ത ജോഷിയോട് അനു ഭവസമ്പത്തുൾക്കൊണ്ട് ചോദിച്ചു.

"ബലാൽസംഗം" അദ്ദേഹം പറഞ്ഞു. "അവിരളവും അനന്തവു മായ ബലാൽസംഗം."

"ബലാൽസംഗം കുറ്റമാകുന്നു." അവൾ പറഞ്ഞു.

"കുറ്റത്തിനുള്ള ശിക്ഷ മറ്റൊരു കുറ്റം കൊണ്ടാകട്ടെ." ജോഷിജി സ്വരവിസ്താരം, വിളംബിതം മുതലായവ വിസ്മരിച്ചുകൊണ്ട് നേരേ ദ്രുതത്തിലെത്തി.

"പ്രേമം ഒരു കോടതിക്കാര്യമല്ല കുഞ്ഞേ." അവൾ പല്ലിറുമ്മി. "യുദ്ധമാണ്, ഘോരയുദ്ധം."

ജോഷിയുടെ കൈകളിൽ, മാറിൽ, കവിളുകളിൽ കാണപ്പെട്ട പോറലുകളുടെ അടയാളം ഏതു പൂച്ച സമ്മാനിച്ചതാണെന്നു ചിന്തിച്ച് തല പുണ്ണാക്കേണ്ടയാവശ്യമില്ലല്ലോ.

ഘോരയുദ്ധത്തിൽ ആരെങ്കിലുമൊക്കെ മരിക്കണമെന്നു നിയമ മുണ്ട്. യുദ്ധരംഗത്തു നിന്നു ലഭിച്ച വാർത്ത – ജോഷിജി മരിച്ചു. മര ണാനന്തരം ഏതെങ്കിലും ചക്രം നല്കുന്നതിനു ശുപാർശ ചെയ്തി ട്ടില്ല. ശൗര്യത്തോടെ പൊരുതി മരിച്ചെന്നും സൂചനയില്ല.

ജോഷിജിയുടെ കാമജ്വരം കുറഞ്ഞു. എന്നാൽ കടലിൽ വേലി യേറ്റമുണ്ടായി. തിരകൾ ഈ മിഥുനങ്ങളുടെ മേൽ നുരയുടെ പൂക്കൾ വർഷിച്ചു. ചട്ടപ്രകാരം പരമാനന്ദത്തിന്റെ നിമിഷമാകേണ്ടതായിരുന്നു. എന്നാൽ ചിട്ടയില്ലാത്ത, കുറുക്കനായ ജോഷി മൈഥുനാനന്തര വിഷാ ദത്തിൽ മുങ്ങി; നാണിച്ചെഴുന്നേറ്റു. തന്റെ വസ്ത്രങ്ങൾ നേരേയാക്കി

പാറപ്പുറത്തു കയറി. "നടക്കൂ" എന്നവളോടു പറഞ്ഞു.

പക്ഷേ അവളെഴുന്നേറ്റില്ല. തന്റെ അനാവൃതമായ കാലുകളോ തുടയോ മറയ്ക്കാൻ പോലും ശ്രമിച്ചില്ല. തിരകൾ അവളുടെ ചിതറിയ മുടിയും അഴിഞ്ഞ സാരിത്തുമ്പും നനയ്ക്കാൻ തുടങ്ങി.

ടോപ്പ് ആംഗിളിലെ ഈ ഷോട്ടിൽ – അല്പമകലെ കിടക്കുന്ന ചെരിപ്പ്, തുറന്ന ബ്ലൗസ്. ചുളിവീണ സാരി, കഴുത്തിൽ തൂങ്ങുന്ന ബ്രാ, അഴിഞ്ഞുലഞ്ഞ മുടി, മാഞ്ഞുപോയ പൊട്ട്... ജോഷിജിക്ക് ബലാൽസംഗത്തിന്റെയും കൊലപാതകത്തിന്റെയും തോന്നലുളവാക്കി. മനോഹറിന് ആദ്യാശക്തിയുടെ പതിനൊന്നാം നൂറ്റാണ്ടിലെ ഒരു പ്രതിമ ഓർമ വന്നു.

ജോഷിജി താഴെ ഇറങ്ങി. ഉൽക്കണ്ഠാകുലനായി കുനിഞ്ഞു. അവളെ കുലുക്കി വിളിച്ചു, "പോകാം."

മുന്തിയവൾ കണ്ണു തുറന്നില്ല, ആലസ്യമാണ്ട ശബ്ദത്തിൽ പറഞ്ഞു, "അവിരളവും അനന്തവുമായ ബലാൽസംഗം, ഒരു സംശയത്തിനും ഒരു പുനശ്ചിന്തയ്ക്കും ഇടമില്ല."

"കടലിരമ്പി വരുന്നു." ബാലനായ മനോഹർ ഭയചകിതസ്വരത്തിൽ കാലാവസ്ഥാ നിരീക്ഷണം നടത്തി.

"കടലിരമ്പി വരട്ടെ." അവൾ ഒരു കൈ വെള്ളത്തിൽ മുക്കി. "ഉപ്പുരസത്തോടെനിക്കെത്ര ദാഹമാണുള്ളതെന്നു നിനക്കറിയാമോ? സമുദ്രത്തിന്റെ ആഴത്തിൽ മുങ്ങിയാലേ ആ ദാഹം തീരുകയുള്ളു. ഈ ഉപ്പിൽ നിന്നാണ് ജീവിതമുണ്ടായത്, ഇതിൽത്തന്നെ ഒഴുകിയേക്കാം."

മറുകൈകൊണ്ട് അവൾ ബാലനെ തന്നോടുചേർത്തുപിടിച്ചു. അവന്റെ ചുണ്ടുകൾക്ക് രക്തത്തിന്റെ ഉപ്പുരസം പ്രദാനം ചെയ്തു.

ബാലൻ ഭയാനകമാംവണ്ണം പ്രിയങ്കരമായ ഒരു കല്പനയിൽ മുഴുകി. അവനും രഹസ്യമയിയും പരസ്പരം ആലിംഗനത്തിലമർന്ന് ജലസമാധിയടയും. ജോഷിജി തന്റെ അനന്തമായ ബലാൽസംഗ ഭീഷണിയുടെ മാനംകാക്കാൻവേണ്ടി ഒരു തവണകൂടി അവളോടേറ്റുമുട്ടുന്നതിനെപ്പറ്റി ചിന്തിക്കാൻ തുടങ്ങി.

ഞാൻ മനോഹറിനെ ശാസിച്ചു, "റൊമാൻസ് ആത്മഹത്യയുടെ വക്കുവരെ എത്തിക്കരുത്." ഞാൻ ജോഷിജിക്കു മുന്നറിയിപ്പ് നല്കി, "ഡോക്ടറുടെ കുറിപ്പനുസരിച്ച് ചെയ്യണം, പക്ഷേ ഓവർഡോസ് അപകടകരമാണ്, ഒഴിവാക്കണം."

പിന്നീട് ഞാൻ ആ നാടകക്കാരിയെ കൈക്കുപിടിച്ചെഴുന്നേല്പിച്ചു. വലിച്ച് പാറപ്പുറത്തുകൊണ്ടുവന്നു. അവളുടെ ചെരിപ്പ് കാലിനടുത്ത് എറിഞ്ഞു കൊടുത്തിട്ട് അവജ്ഞയോടെ പറഞ്ഞു, "നന്നായി അഭിനയിക്കുന്നുണ്ട്."

"അതുകൊണ്ടാണല്ലോ ഫിലിം ഡയമണ്ട് ജൂബിലിയാഘോഷി

ക്കുന്നത്." അവളുടെ കണ്ണുകൾ പാതിയടഞ്ഞിരുന്നു, ശബ്ദം അലസമായിരുന്നു. ആരാധകനായ മനോഹറിന് കമലാലയേ കമലാക്ഷിയുടെ ദിവ്യാകടാക്ഷം ഓർമവന്നു. മധുവെന്നു പേരായ ദൈത്യനെ നശിപ്പിച്ച മംഗളമൂർത്തിയായ ഭഗവാന്റെ ഉള്ളിൽ ആരുടെ പ്രഭാവത്താലാണോ മന്മഥന് പ്രഥമപ്രവേശം ലഭിച്ചത്, ആ സാഗരകന്യകയുടെ മന്ദവും അലസവും മന്ഥരവും അർദ്ധോന്മീലിതവുമായ ദൃഷ്ടി ഇവിടെ എന്നിലും പതിയേണമേ.

അതേ സമയം കമലാക്ഷിയായ ആ കല്യാണി തന്റെ നനവു പറ്റിയ വസ്ത്രങ്ങൾ ഉരിഞ്ഞുകളഞ്ഞു. അവൾ ലജ്ജാതീതയായി, നഗ്നയായി നിന്ന് ആ വസ്ത്രങ്ങൾ പിഴിഞ്ഞുകുടഞ്ഞുണക്കാൻ ശ്രമിച്ചു. പിന്നീട് വിളംബിതലയത്തിൽ വസ്ത്രധാരണം നടത്തി. ഒടുവിൽ കാലിൽ ചെരിപ്പിടുമ്പോൾ ഈ പയ്യന്റെ തോളിൽ കൈവച്ചു, നെറ്റിയിൽ ചുംബിച്ചു. തുടർന്ന് കളകൂജനം, "ബയോളജിയുടെ കാര്യത്തിലും ഹോമിയോപ്പതിക്ഡോസിൽ വിശ്വസിക്കുന്നുണ്ടോ മനോഹർ?"

ഞാൻ വാർഡൻ റോഡിൽ കാൽനീട്ടിവച്ചു നടന്നു. കുറച്ചുമുമ്പോട്ടുപോയി തിരിഞ്ഞുനോക്കാതെ പറഞ്ഞു, "അത് ബയോളജിയല്ല, ബലാൽസംഗമായിരുന്നു."

"ബയോളജിയില്ലാതെ ബലാൽസംഗം നടക്കുമെങ്കിൽ ആ മുറിയിലിരുന്ന് നടത്തൂ." അവൾ എന്റെയടുത്തു വന്ന് പറഞ്ഞു, "ആകട്ടെ, ബലാൽസംഗം തന്നെ. അതിനും ഹോമിയോപ്പതിക് ഡോസോ?"

"അലോപ്പതിക് ഡോസ് ആവശ്യമാണ്." ഞാൻ ധിക്കാരത്തോടെ മറുപടി പറഞ്ഞു.

"അതും കഴിച്ചുനോക്കി. ഒരു ഫലവുമില്ല." അവൾ മറുപടി പറഞ്ഞു, "ഒരു തവണ കഴിച്ചാൽ മരിക്കുകയും കൊല്ലുകയും ചെയ്യുന്ന ഡോസ് വേണം തരാമോ?"

"ബലാൽസംഗത്തിന്റെ വേണ്ടുവോളം അനുഭവമുണ്ടെന്നു തോന്നുന്നല്ലോ." ഞാൻ പരിഹസിച്ചു.

"ഉണ്ടാകണമല്ലോ." അവൾ പറഞ്ഞു." പതിമൂന്നു വയസ്സുള്ളപ്പോഴാരംഭിച്ചതാണീ പരിപാടി."

മനോഹർ അതുകേട്ട് പകച്ചു നിന്നു. "ആരായിരുന്നു അയാൾ?" അയാൾ അങ്ങേയറ്റം ഉത്കണ്ഠയോടെയാണു ചോദിച്ചത് - മറുപടി കേട്ടാലുടൻ വെളുത്ത കുതിരപ്പുറത്തു കയറിച്ചെന്ന് ആ നരാധമനെ വധിച്ചുകളയുമെന്ന ഭാവത്തിൽ.

മുന്തിയവൾ നല്കിയ മറുപടി ബാലന്റെ ഭാവുകത്വത്തിനും എന്റെ ലോകപരിചയത്തിനുമപ്പുറത്തുള്ളതായിരുന്നു. "പതിമൂന്നു വയസ്സുള്ള പെൺകുട്ടിയെ ബലാൽസംഗം ചെയ്തത് എന്റെ ഭഗവാനായിരുന്നു.

എന്റെ ഭഗവാൻ എന്നോടു ചെയ്ത ബലാൽസംഗം ദിവ്യമായിരുന്നു, ഭവ്യമായിരുന്നു.''

ഭഗവാനെക്കുറിച്ച് അവൾ പറയുന്നതുകേട്ടാൽ അദ്ദേഹം അവളുടെ ഉറ്റചങ്ങാതിയാണെന്നു തോന്നും. ഞാൻ ചിന്തയിലാണ്ടു. മഹാനഗരത്തിലെ തിരക്ക് ഇത്തരം തമാശകൾ കാണാൻ കാത്തുനില്ക്കുകയില്ലെന്നതു ശരിതന്നെ. എങ്കിലും ഈ നാടകം കാണാൻ ആൾക്കൂട്ടം ഉണ്ടാകാമായിരുന്നു. ഹീറോയിൻ ടോപ്പ് ക്ലാസായിരുന്നു, സംഭാഷണം ദ്വയാർഥപ്രധാനവും!

അവളുടെ കണ്ണുകൾ തുറിച്ചുനിന്നു, അംഗപ്രത്യംഗം വിറയ്ക്കുന്നുണ്ടായിരുന്നു, വാക്കുകളിൽ ഭഗവാന് ചില വിശേഷണങ്ങൾ നിറഞ്ഞു, ചുണ്ടിലൂടെ നുരയും പതയുമൊഴുകി. ആകെക്കൂടെ നോക്കുമ്പോൾ ആഫ്രിക്കൻ മന്ത്രവാദികൾ മുതൽ സിദ്ധതാന്ത്രികന്മാർ വരെയുള്ള എല്ലാവരും ഉടുത്തു മുഷിഞ്ഞ മറ്റൊരു ക്ലീഷെ. ആധ്യാത്മിക അപസ്മാരത്തിന്റെ ക്ലീഷെ. ഇവിടെ റോഡിൽ, പരസ്യമായി, ക്ലേശകരമായി.

ബാലനായ മനോഹറിനു വാക്കുകൾ കിട്ടാതായി. ഈ ദൃശ്യത്തിന്റെ ചലച്ചിത്രസാധ്യതകളെക്കുറിച്ചു ചിന്തിക്കാൻ വയ്യാത്തവണ്ണം ജോഷിജിയും നെർവസായിപ്പോയി. ഞാനും ധർമസങ്കടത്തിൽ പെട്ടു. പിന്നീട് ഈ അടിസ്ഥാനപരമായ ക്ലീഷെയുടെ കവിളത്ത് എന്റെ കൈകൊണ്ട് വ്യത്യസ്ത രീതിയിലുള്ള ശക്തിയായ ഒരു ക്ലീഷെ പ്രയോഗിച്ചുകൊണ്ട് ഞാൻ പറഞ്ഞു, ''മിണ്ടാതിരിയെടീ മുന്തിയവളേ.'' മുള്ളുകൊണ്ട് മുള്ളെടുത്തു, വിഷം വിഷത്തെ ദൂരീകരിച്ചു, ക്ലീഷെ ക്ലീഷെയെ ചികിത്സിച്ചു. അവളുടെ കണ്ണുകൾ നേരെയായി, എന്റെ മുഖത്ത് തറച്ചു. ചുണ്ടുകോട്ടി അവൾ പറഞ്ഞു, ''പയ്യൻ എന്റെ അച്ഛനാകാനാഗ്രഹിക്കുന്നു.''

അവൾ ചിരിച്ചു. എനിക്കാശ്വാസം തോന്നി. അവൾ അപകടകരമായ മുഖംമൂടി എടുത്തണിയുന്നതിനുമുമ്പ് ഞാൻ മുന്നോട്ടുകുതിച്ച് ഒരു ടാക്സി തടഞ്ഞു നിർത്തി.

"താങ്ക് യൂ ബോയ്.'' ടാക്സിയിലിരുന്ന് അവൾ പറഞ്ഞു, "ഒരു കാര്യം കൂടി ചെയ്യൂ. എവിടുന്നെങ്കിലും അല്പം വെള്ളമോ കൂൾഡ്രിങ്കോ കൊണ്ടുതരൂ.''

ഞാൻ അടുത്തുള്ള മുറുക്കാൻ കടയിൽ നിന്ന് ഒരു കുപ്പി വാങ്ങിക്കൊടുത്തു. കുപ്പി വാങ്ങിയിട്ട് അവൾ ചോദിച്ചു, "ഭയത്തിനുള്ള മരുന്നെവിടെ?''

ഹിപ്പ്പോക്കറ്റിൽ നിന്ന് മരുന്നെടുത്തുകൊടുത്തു. അവൾ രണ്ട് വേലിയം ഗുളികയും ഒരു ട്രോഫാനിലും വിഴുങ്ങി.

ഞാൻ 'രക്ഷപ്പെട്ടു' എന്ന മനോഭാവത്തോടെ ടാക്സിയുടെ

ഡോറടച്ചു.

"ഞാനെന്തിനാണീ ഗുളിക തിന്നതെന്നറിയാമോ? ഞാനാരെ പേടിക്കുന്നെന്നറിയാമോ? പേടിയില്ലാത്ത ഒരു മടയിയെ."അവൾ ജോഷിയോടു പറഞ്ഞു.

അവൾ ചോദിച്ചു, "നിങ്ങൾക്കവളെ പേടിയില്ലല്ലോ."

പേടിച്ചുപേടിച്ച് മനോഹർ പറഞ്ഞു, "ഇല്ല."

"എങ്കിൽ കാണാം." അവൾ പറഞ്ഞു.

അല്പം കലാകൊലപാതകം

അവൾ വരുമെന്നും അവളെ തന്റെ മുഖം കാണിക്കാൻ കഴിയുകയില്ലെന്നും മനോഹർ ഭയന്നു. അവൾ വരികയില്ലെന്നും ഇനിയൊരിക്കലും അവളുടെ മുഖം കാണാൻ കഴിയുകയില്ലെന്നും മനോഹർ ഭയന്നു.

ഗസ്റ്റ് ഹൗസിലെ മുറിയിൽ കിളിവാതിലിനടുത്തിരുന്ന് അയാൾ അവളുടെ മുഖം മനസ്സിന്റെ വെള്ളിത്തിരയിൽ കാണാൻ ശ്രമിച്ചു. ആദ്യം ഡിസ്നി തയ്യാറാക്കിയ ഒരു കളർഫിലിമിന്റെ രൂപത്തിൽ, പിന്നീട് മധുരയിൽ അച്ചടിച്ച മഹിഷാസുരമർദിനിയുടെ ചിത്രത്തിന്റെ രൂപത്തിൽ. അങ്ങനെയൊരു ചിത്രം വീട്ടിലുണ്ട്. അതിനെക്കുറിച്ച് അമ്മ പറയും, 'ശ്രദ്ധിച്ചു നോക്കിയാൽ ദേവിയുടെ മുഖത്തെ ഭാവങ്ങൾ മാറുന്നതു കാണാം.'

മനോഹറിന്റെ മനസ്സിൽ തെളിയുന്ന മഹിഷാസുരമർദിനിയുടെ രൂപത്തിൽ ഭാവം മാറുന്നതിന്റെ ക്രമം അവസാനിച്ചു. ഇപ്പോൾ ക്രോധം പ്രകടമാണ്.

അപരാധബോധം അയാളെ പിടികൂടി. മുന്തിയവളോട് എന്റെ പെരുമാറ്റം കാരണം അല്പം അപരാധം അയാളേറ്റെടുത്തു. വരാൻ വൈകിയപ്പോൾ വൃദ്ധജനങ്ങളോട് ഞാനിങ്ങനെ സമാധാനം പറഞ്ഞു, "സഹോദരിയുടെ വീട്ടിൽ നിന്ന് മഹാലക്ഷ്മീ ക്ഷേത്രത്തിൽ പൂജയ്ക്കുപോയിരിക്കുകയാണ്." അത് കൂടുതൽ അപരാധബോധം ജനിപ്പിച്ചു.

ഞാൻ പറഞ്ഞതുകേട്ട് മിസ്റ്റർ തലാട്ടി പഞ്ചാംഗം നോക്കിപ്പറഞ്ഞു, "ത്രയോദശിക്ക് ക്ഷേത്രത്തിൽ പോയതെന്തിന്? നാളെപ്പോയാൽ നന്ന്."

മിസ്റ്റർ തിർഖാ പറഞ്ഞു, "നാളെ ഒന്നുകൂടി പോകട്ടെ. പൂജ എത്ര നടത്തുന്നോ അത്രയും നന്ന്."

മിസ്റ്റർ തലാട്ടി ഉപസംഹാരരൂപത്തിൽ ഇങ്ങനെ പറഞ്ഞു, "നാളെപോകുന്നെങ്കിൽ സൂക്ഷിക്കാൻ പറയണം, ഇന്ന് എവിടെയോ മുള്ളിൽ കുടുങ്ങിയെന്നു തോന്നുന്നു."

പരമ്പരാഗത ബ്രഹ്മചാരി ചണ്ഡാലിയുമായി സംസർഗത്തിലേർപ്പെട്ടത് വൃദ്ധജനങ്ങൾ കണ്ടുപിടിച്ചെന്ന് മനോഹറിനു മനസ്സിലായി. ചണ്ഡാലിരൂപത്തിലുള്ള ആ ദേവിയേയും, അനന്തരം മഹാലക്ഷ്മി

യേയും താൻ അപമാനിച്ചതായും മനോഹറിനു തോന്നി. അതിനാൽ മനോഹർ കിളിവാതിലിനടുത്തിരുന്ന് ശാപമോക്ഷത്തിനായി പ്രാർഥിച്ചു. 'ഓം ഹ്രീം ക്ലീം ശ്രീം ക്രാം ക്രീം ചണ്ഡികാദേവൈ്യ ശാപനാശാനുഗ്രഹം കുരു കുരു സ്വാഹാ.' അസംസ്കൃത പദാർഥങ്ങളുടെ സപ്ലൈയറുടെ ഈ മനഃസ്ഥിതിയോടെ ജോഷിജിക്ക് 'വാർ ആൻഡ് പീസ്' എഴുതുക സാധ്യമായിരുന്നില്ല. എന്നാൽ കിളിവാതിലിനടുത്ത് മനോഹറിനോടൊപ്പമിരുന്ന് ഗുരു ആരംഭിച്ചു.

ഈ ആഖ്യാനത്തിൽ ഒരു പോയിന്റിൽ ഐറണി നിറഞ്ഞ പിരിമുറുക്കമുണ്ടാകാനിടയുണ്ട്. വഴിതെറ്റിനടക്കുന്ന ഒരു മുന്തിയവളെക്കുറിച്ചാണ് കഥ. അതോടൊപ്പം വഴി തെറ്റാത്ത, മുന്തിയവനല്ലാത്ത ഒരു എഴുത്തുകാരൻ ഡോക്ടറെക്കുറിച്ചുമുള്ളതാണ് ഈ കഥ. എഴുത്തുകാരന്റെ 'ഉണ്മ'യുടെ ജീവിതദർശനം നായികയുടെ 'വഴിതെറ്റൽ - ഉയരങ്ങളിലെത്തിച്ചേരൽ - വഴിതെറ്റൽ' എന്ന ചുഴലിക്കാറ്റിന്റെ ആവർത്തനത്തെ ഒരു സ്ഥിരമായ സന്ദർഭബിന്ദുവിൽ അവതരിപ്പിക്കുകയായിരുന്നു.

ജോഷിജി മുന്തിയവളെ ആധാരമാക്കി 'വേയ്സ്റ്റ് ലാൻഡ്'ല്ല, 'വാർ ആൻഡ് പീസാ'ണെഴുതുന്നതെന്നറിഞ്ഞ് ഞാൻ അദ്ദേഹത്തോട് അങ്ങേയറ്റം കടപ്പെട്ടിരിക്കുന്നു. 'വാർ ആൻഡ് പീസി'ന്റെ ആദ്യത്തെ അധ്യായത്തിൽ 'മാജിക്ക് മൗണ്ടനി'ലെ സാനറ്റോറിയം പോലെയുള്ള ഒരൊന്നാംകിട ഭ്രാന്താശുപത്രിയിൽ ഭ്രാന്ത്പിടിപെട്ട യുവതി - മുന്തിയവൾ, മധ്യവയസ്കനായ എഴുത്തുകാരൻ - ഡോക്ടറോട് ആകൃഷ്ടയാകുന്നതായി വിവരിക്കുന്നു. അത്രയും എഴുതിക്കഴിഞ്ഞ് ജോഷിജി ചോദിച്ചു, "എന്തു പറയുന്നു?"

ഞാൻ അദ്ദേഹത്തോടു പറഞ്ഞു, "വളരെ ഉയർന്ന ആശയമാണ്. പ്രിയ സഹോദരാ, ഇതെല്ലാം ചേർന്നാൽ 'യുദ്ധവും സമാധാനവും' എന്ന നോവലായിത്തീരുമോ? ഒരു പോരായ്മ പറയാം. താങ്കൾ ഈ കുരുക്ഷേത്രത്തിൽ യുദ്ധത്തിന്റെ പേരിൽ ഒരു പരുന്തുറാഞ്ചൽ മാത്രമാണ് ആകെ വിവരിച്ചത്. താങ്കൾ സ്വയം വായിച്ചു നോക്കൂ. ബാബ ടോൾസ്റ്റോയിയുടെ കാന്തിക്ക് എന്തുമങ്ങലേറ്റെന്ന് പറയൂ. ഇതുമൂലം ഹെമിങ്വേയുടെ ആരോഗ്യത്തിനുപോലും ഹാനി സംഭവിക്കുമെന്നു തോന്നുന്നില്ല. അദ്ദേഹവും താങ്കളെപ്പോലെ തന്നെ ബാബാ ടോൾസ്റ്റോയിയാൽ സ്വാധീനിക്കപ്പെട്ടവനായിരുന്നു. പക്ഷേ, അദ്ദേഹം താങ്കളെപ്പോലെ രണ്ടാമത് 'യുദ്ധവും സമാധാനവും' വായിക്കുക എന്ന തെറ്റ് ചെയ്തില്ല. ഞാൻ തുറന്നു പറയട്ടെ. താങ്കളവതരിപ്പിച്ചിരിക്കുന്ന നായകനുണ്ടല്ലോ, ഡോക്ടർ - കം - റൈറ്റർ, അയാൾ ബാബാ ഫ്രോയ്ഡിന്റെയും ബാബാ വാത്സ്യായന്റെയും മധ്യേ ആടിക്കളിക്കുന്ന ഒരു മാന്ത്രികക്കുരുവാണ്. കൊടുങ്കാറ്റുപോലെ വീശിയടിക്കുന്ന നായികയ്ക്ക്

സ്ഥിരത നല്കാൻ ഇവൻ അശക്തനാണ്. ഇവൻ പമ്പരം പോലെ കറങ്ങും മനസ്സിലായോ?"

പിന്നീട് ഞാൻ ജോഷിജിയോടു പറഞ്ഞു, "താങ്കളുടെ ബാബാമാർക്സ് ഇതു വായിച്ചിട്ടെന്തു പറയുമെന്ന് ആലോചിച്ചു നോക്കൂ. അദ്ദേഹത്തോട് ഇതു കൂടി പറയണം - ബാബ, എന്റെ നാട്ടിലെ ആളുകൾ പശുവിന്റെ ചാണകത്തിൽ നിന്ന് ധാന്യം പെറുക്കിത്തിന്നുമായിരുന്നു, ഞാൻ തോമസ് മന്നിന്റെ മലത്തിൽ നിന്നും. ആളുകൾ രാജ്യത്ത് പട്ടിണികിടന്നു മരിച്ചപ്പോൾ ഞാൻ അശോകവൃക്ഷത്തിന്റെ ഇലകളിൽ വീഴുന്ന വെയിലാസ്വദിക്കുകയായിരുന്നു. മൂന്നു പാരഗ്രാഫ് മുഴുവൻ ഹീറോയിനെ അവളുടെ പാറ്റേൺ കാട്ടിക്കൊടുത്തു; അതുവഴി ജോഷിയുടെ ഭാഷയുടെ സാന്ദ്രമായ ടെക്സ്ചറും; വില്യം ഫോക്നറുടെ ശൈലി!"

ജോഷിജി പുഞ്ചിരിച്ചു. സാധാരണയായി അദ്ദേഹം ചീത്ത പറയാറില്ല. എന്നാൽ ഈ പ്രാവശ്യം ചീത്ത പറഞ്ഞു, വളരെ സ്നേഹപൂർവം, "നാറീ, ഇത് ഖലീക്കിന്റെയോ ഇടതുപക്ഷ പലസ്തീൻകാരുടെയോ സന്ദർഭത്തിൽ പറയാമായിരുന്നു."

ഖലീക്കിനെക്കുറിച്ചും ഇടതുപക്ഷക്കാരെക്കുറിച്ചും ചർച്ചയാരംഭിച്ചപ്പോൾ എനിക്ക് മറ്റൊരു കാര്യം ഓർമവന്നു. അയല്പക്കത്തുള്ള ഒരു സിമ്പതൈസർ സഹോദരന്റെ ടെറസ്സിൽ സാംസ്കാരിക വകുപ്പിന്റെ ഒരു സംഘം ഈയിടെയായി ഒത്തുചേരുന്നു - മറാഠിനാടോടി നൃത്ത്യശൈലിയിൽ രചിക്കപ്പെട്ട പുരോഗമനാത്മകമായ ഒരു ഓപ്പെറ 'ഉണരുണരൂ, ഉണരൂ' കാണാൻ പോകണം. ഖലീക്കാണ് പാട്ടുകളെഴുതിയത്. ഞാൻ ജോഷിയോടു പറഞ്ഞു, 'ചങ്ങാതീ, താനും വാ!' അയാൾ സമ്മതിച്ചു. അയാളുടെ നായികയുടെ സ്മരണ ഖലീക്കുമായി ബന്ധപ്പെട്ടതാണല്ലോ.

ടെറസ്സിലെ തുറന്ന വേദിയിൽ ഞാനെത്തിയപ്പോഴേക്കും ഓപ്പെറ അവസാനിക്കാറായിരുന്നു. വാതില്ക്കൽ നിന്ന അതിപരിഷ്കാരിയായ യുവതി പൊട്ട ഇംഗ്ലീഷിൽ ഈ വിവരം ജോഷിയെ അറിയിച്ചു. എന്നിട്ടും അദ്ദേഹം നിയമാനുസരണം പ്രവേശനഫീസ് ഒടുക്കി. യുവതിയുടെ നിർബന്ധപ്രകാരം പാർട്ടി വാരികയായ 'ന്യൂ ഏജ്' വാങ്ങി. വീണ്ടും നിർബന്ധിച്ചപ്പോൾ ഏതോ വിദൂരദേശത്തെ സ്ഥിതിയിൽ ഉൽക്കണ്ഠ വ്യക്തമാക്കുന്ന പ്രസ്താവനയിൽ ഒപ്പുവച്ചു. എന്നിട്ട് സന്ദർശക ഗ്യാലറിയിൽ ആദ്യനിരയിൽ 'ന്യൂ ഏജ്' നിവർത്തി അതിന്മേലിരുന്നു. ഈ വിനോദ പരിപാടിയിൽ ഖലീക്സുന്ദരി നടിയായിരുന്നു.

അവൾ കാഴ്ചക്കാർക്കു പുറം തിരിഞ്ഞു നിന്ന് നൃത്തം ചെയ്തപ്പോൾ ഞാൻ ജോഷിജിയോടു പറഞ്ഞു, 'ചൊവ്വാ - ബുധൻ.' ലക്ഷ്യാർഥം ഇതാണ്. ഇൻഡസ്ട്രിയിൽ ഒരു സീനിയർ ക്യാമറാമാ

നുണ്ടായിരുന്നു. അദ്ദേഹം ഹീറോയിന്റെ പിൻഭാഗത്തുനിന്നു ഷോട്ടെ ടുക്കുന്നതിനു മുമ്പ് ഡയറക്ടറോടു ചോദിക്കുമായിരുന്നു, 'ഇതിൽ ചൊവ്വാ - ബുധൻ എത്ര വേണം?' ക്യാമറ നിതംബത്തിൽ എത്ര നേരം കേന്ദ്രീകരിക്കണമെന്നാണുചോദ്യം. ജോഷിജി പറഞ്ഞു, "നീ വൾഗറാണ്, വെറും നാട്ടുമ്പുറത്തുകാരൻ!" ഞാൻ പറഞ്ഞു, "സ്നേ ഹിതാ, ഇതുവെറും നാടൻ തമാശ. ആ മട്ടിൽ നോക്കിയാൽ മതി!" ജോഷി മറ്റൊരു കാര്യം നോക്കുകയായിരുന്നു - കലാപരിപാടിയിൽ പട്ടണത്തിലെ കലാകാരന്മാരോടൊപ്പം പ്രൊഫഷണൽ ഗ്രാമീണകലാ കാരന്മാരെയും ഇറക്കി സംവിധായകനും, പാരമ്പര്യാധിഷ്ഠിത കലാ രൂപത്തിൽ 'വർഗസംഘട്ടന'ത്തിന്റെ പുതിയ തീം ഉൾക്കൊള്ളിച്ച് ലേഖ കനും സാംസ്കാരികസംഘർഷത്തിന്റെ ചില നൂതനപരീക്ഷണങ്ങൾ എങ്ങനെ പ്രകടിപ്പിച്ചിരിക്കുന്നു? ഗാനങ്ങളിൽ ഖലീക് ബോംബെ ഹിന്ദി പ്രയോഗിച്ചതും ജോഷിക്ക് രസകരമായ പരീക്ഷണമായി തോന്നി, പുരോഗമനാത്മകമെന്നുപറയാം. സാഹിത്യത്തിൽ പ്രാഥമികമായും പരീ ക്ഷണങ്ങളുണ്ടായിരിക്കണമെന്നും, അവ രസകരമായിരിക്കണമെന്നും, അവ പുരോഗമനാത്മകമാണെങ്കിൽ മെച്ചപ്പെട്ടതാകുമെന്നുമുള്ള അഭി പ്രായം സാഹിത്യകാരനായ സഖാവ് ജോഷി വച്ചുപുലർത്തിയിരുന്നു.

വിപ്ലവഗാനത്തോടെ ഷോ അവസാനിച്ചു. ഞാൻ 'ന്യൂ ഏജ്' വിട്ടെ ഴുന്നേറ്റു. നവയുഗം സൃഷ്ടിക്കാനൊരുങ്ങിവന്ന സമൂഹത്തെ ഞാൻ ഒന്നു കണ്ണോടിച്ചു നോക്കി. അതേയാളുകൾ - ടെറസ്സ് തിയേറ്ററിലാ യാലും, ഫിലിം സൊസൈറ്റിയിലായാലും, കലാപ്രദർശനത്തിലായാലും വരുന്ന അതേയാളുകൾ! തുറസ്സായ സ്ഥലത്ത് മലവിസർജനം ചെയ്യു ന്നവരുടെ ഈ രാജ്യത്ത് സാംസ്കാരിക വിപ്ലവത്തിന്റെയും വിപ്ലവാ ത്മക സംസ്കാരത്തിന്റെയും പെരുമ്പറയടിച്ചു കൊണ്ട്, കാലഘട്ട ത്തിന്റെ അനുഭവങ്ങളുടെ കൊടിപാറിച്ചുകൊണ്ട്, അനീതിക്കെതിരെ പോരാടാൻ മുന്നേറുന്ന വിരലിലെണ്ണാവുന്നയാളുകൾ! ആടിന്റെ പോലുള്ള താടിയും സ്വർണഫ്രെയിമുള്ള കണ്ണടയും വച്ച ഈ പുരുഷ ന്മാരെ എനിക്കിഷ്ടമാണ്. യൗവനകാലം മുഴുവൻ പരദൂഷണം പറഞ്ഞു നടന്ന, ഈർക്കിൽ പോലെ മെലിഞ്ഞ അവരുടെ ഭാര്യമാരെയാണ് എനിക്ക് കൂടുതലിഷ്ടം. ഉയർന്ന ജീവിതം, ഉയർന്ന ചിന്ത, ഉയർന്ന സുഖഭോഗം എന്നിവയോട് എനിക്ക് വലിയ താല്പര്യമാണ്. ജോഷിക്ക് ഇവരോട് അകാരണമായ വെറുപ്പാണ്. വെള്ളിത്തിരയിൽ ഇവർ പ്രത്യ ക്ഷപ്പെട്ടാലുടൻ അദ്ദേഹം 'സ്യൂഡോ', 'സ്യൂഡോ' എന്നു ജപിച്ചു തുടങ്ങും. ഒരു പക്ഷേ ജോഷിജി വലിയൊരു 'സ്യൂഡോ' ആയിരിക്കാം.

തടി കൊണ്ടുണ്ടാക്കിയ സന്ദർശകഗ്യാലറികളിൽ നിന്നിറങ്ങി ആളുകൾ 'വേദി' അഥവാ ടെറസ്സിൽ കോക്ടെയ്ൽ പാർട്ടിയിൽ പങ്കെ ടുക്കുന്ന ഭാവത്തിൽ പരസ്പരം കാണാനും കുശലം പറയാനും

തുടങ്ങി. ഇവിടെ സൗജന്യകോക്ടെയ്ലല്ല; ഒരു രൂപയുടെ കാപ്പിയും ഒന്നേകാൽ രൂപയുടെ കശുവണ്ടിപായ്ക്കറ്റും. പൂർണമായി ഈർക്കിൽ പരുവമായിട്ടില്ലാത്ത ഒരു സിഗററ്റുവലിക്കാരി യുവതി മൂലയ്ക്കുനിന്ന് കാപ്പി വില്ക്കുന്നുണ്ടായിരുന്നു. ആ കറുത്ത സുന്ദരിയോട് ഞാൻ കാപ്പി ആവശ്യപ്പെട്ടു. എന്നിട്ട് ഇംഗ്ലീഷിൽ പറഞ്ഞു, "ബ്ലായ്ക്കാണെനിക്കിഷ്ടം" അവൾ നന്ദി പറഞ്ഞു. ജോഷിജി എന്നെ ശകാരിച്ചു.

സ്ത്രീകൾ വന്നും പോയുമിരുന്നു; പ്രഭുവിനെയും മൈക്കൽ ആഞ്ജലോവിനെയും മറന്നിട്ട് തല്ക്കാലം 'ഫോക് സെൻസി ബിലിറ്റി'യുടെ ഗുണങ്ങൾ പാടിക്കൊണ്ടിരുന്നു. ജോഷിജി കുറച്ചുനേരം ചൗബേയോടു സംസാരിച്ചു. ആട്ടിൻ താടിക്കാരൻ ചൗബേ ഈയിടെ യായി ഇംഗ്ലീഷ് നാടകം ഹിന്ദിയിൽ കളിച്ചുകൊണ്ടിരിക്കുകയാണ്. കുറ ച്ചുനേരം ഹുസൈന്റെ കലയിലെ 'ആർട്ടീ ആർട്ട്നെസി'നെക്കുറിച്ച് കാരന്തിൽ നിന്നു മനസ്സിലാക്കി. കാരന്ത് വിപ്ലവാത്മകമായ പോസ്റ്ററു കളിൽ നിന്നു തുടങ്ങി പാരീസിൽ ഓട്ടുനിറമുള്ള നഗ്നസുന്ദരികളെ സൃഷ്ടിച്ചശേഷം, ഋഷികേശിന്റെ അമൂർത്ത ദൃശ്യം ചമച്ചശേഷം, ഇപ്പോൾ ബീജാക്ഷരങ്ങളും ത്രികോണങ്ങളും താമരകളുമുപയോഗിച്ച് താന്ത്രിക കല അഭ്യസിക്കുകയാണ്. ജോഷിജി ഫിലിം നിരൂപകയായ ഡോളിയുടെ പായ്ക്കറ്റിൽ നിന്ന് ഒരു സിഗററ്റെടുത്തു വലിച്ചു എന്നിട്ട് ഫോക്സെൻസിബിലിറ്റി അവകാശപ്പെട്ടു കൊണ്ട് അവളെ ഒരു കുമ യൂണി നാടോടിപ്പാട്ടിന്റെ ഇംഗ്ലീഷ് തർജമ ചൊല്ലിക്കേൾപ്പിച്ചു. ഡോളി, ബർഗ്മാന്റെ വെർജിൻസ്പ്രിങിന്റെ ഫോക്കിഷ് ട്രീറ്റ്മെന്റ് ചർച്ച ചെയ്തു. ജോഷിജി പിന്നീട് ഒരു മറാഠി എഴുത്തുകാരിയോട് വർത്ത മാനം പറഞ്ഞു. അവർ തന്റെ ഏതോ ചെറുകഥയിൽ നായി കയെക്കൊണ്ട് അങ്ങേയറ്റം ഉദ്വേഗജനകമായി എന്തോ പറയിച്ചിട്ടുണ്ട്. അപ്പോൾ മുതൽ എല്ലാ ബുദ്ധിജീവിപ്പരിഷയും അവളുടെ പിറകേ നട ക്കുകയാണ്. അവൾ കാണാൻ തരക്കേടില്ലെന്നും ഓർമിക്കുക!

സർവഥാ നവീനമായ വേഷാഡംബരത്തോടെ ശ്രീമാൻ ഖലീക് അപ്പോൾ അവിടെ പ്രത്യക്ഷപ്പെട്ടു. ത്രീപീസ് സ്യൂട്ട്, ആട്ടിൻ താടി, സ്വർണ ഫ്രെയിം, ചുണ്ടിൽ പൈപ്പ്. സ്യൂട്ട് ഏതോ നല്ല തയ്യൽക്കാ രൻ തുന്നിയതാണ്, എന്നിട്ടും ഫിറ്റായി തോന്നിയില്ല. അത് ഖലീക്കിന്റെ ദേഹത്തു വന്നു പെട്ടെങ്കിലും അയാളുടെ ബുദ്ധിശക്തിയെയോ വ്യക്തി ത്വത്തെയോ അല്പം പോലും തിളക്കിയില്ല. ഞാൻ അയാളോടു ചോദിച്ചു, "സെക്കൻഡ് ഹാൻഡ് മാർക്കറ്റിൽ ഇതെല്ലാം കിട്ടുമോ?"

"പയ്യൻ ഇവിടെന്തു ചെയ്യുകയാ, ഹോൾ ടൈമർ ഹോളോ?" അയാൾ എന്റെ സംഭാഷണം മുറിച്ചു.

"എടോ പയ്യൻ, നീ 'പയ്യൻ, പയ്യൻ' എന്നുവിളിച്ചു കൂവുന്നതെ ന്തിന്?" ഞാൻ ചോദിച്ചു. "ഈ ത്രീപീസ് എവിടുന്നടിച്ചെടുത്തു?"

ഖലീക് പറഞ്ഞു, "മകനേ, ഞാൻ ധനികനായി. ഇനി പരിപൂർണ്ണമായി എന്റെ ധനികനായ ചിറ്റപ്പനെപ്പോലെ കഴിയാനാഗ്രഹിക്കുന്നു. വൃദ്ധൻ അയല്പക്കത്ത് താമസിക്കുകയായിരുന്നു, വക്കീൽ, 'ലീഡർ' പത്രത്തിൽ കത്തയയ്ക്കുന്ന പ്ലീഡർ, പേര് അമീർഖാൻ, ദരിദ്രന്മാരുടെ പ്രദേശത്ത് സമ്പന്നന്റെ സ്റ്റാറ്റസ് നില നിർത്തുന്നയാൾ. അദ്ദേഹം ത്രീപ്രീസ് ധരിക്കുന്നു. ഓഫീസിൽ കോട്ടൂരിയിട്ട് വേസ്റ്റ്കോട്ടിട്ടു നടക്കുന്നു. അദ്ദേഹത്തിന്റെ വേസ്റ്റ്കോട്ടിന്റെ സാറ്റിന്റെ തിളക്കം ഇപ്പോഴും ഓർമയിലുണ്ട്. ഡ്രെസിംഗ് ഗൗൺ ധരിച്ച്, തോട്ടക്കാരനെയും ഡ്രൈവറെയും പയ്യനെന്നുവിളിച്ച്, പൈപ്പ് വലിച്ചുകൊണ്ട് ലോണിൽ ചുറ്റി നടക്കും."

"പയ്യൻ! നിനക്ക് പയ്യനാകാനെങ്ങനെ തോന്നി?" ഞാൻ ചോദിച്ചു.

"ശ്രദ്ധിച്ചുകേൾക്കണം. അത്യന്തം രഹസ്യമാണ്. സംഗതി, റൂസോവിന്റെ കൺഫഷൻസിന്റെ നിലവാരമുള്ളത്. നിങ്ങൾക്കു പരിചയമുള്ള സാധാരണവിപ്ലവകാരിയായ ഖലീക്കിന്റെ ഉള്ളിലെവിടെയോ ധനികനായ ചിറ്റപ്പനാകണമെന്ന വിപ്ലവാഭിലാഷം ഒളിഞ്ഞിരിപ്പുണ്ടായിരുന്നു. ഓരോ മിഡിൽ ക്ലാസ്സ് റവലൂഷനറിയുടെയും മനസ്സിൽ ഒരു ധനികൻ ചിറ്റപ്പൻ കുടിയിരിക്കുന്നുണ്ടെടോ പയ്യൻ."

"താങ്കളുടെ വർത്തമാനം കേട്ടാൽ അന്തരിച്ചുപോയ വിപ്ലവം താങ്കളുടെ അച്ഛനായിരുന്നെന്നു തോന്നുമല്ലോ." ഞാൻ പറഞ്ഞു.

ഖലീക് അടിപിടിക്കൊരുങ്ങി.

അപ്പോൾ, നെറ്റിയിൽ പൊട്ടുതൊട്ട്, ഇംഗ്ലീഷും ഭോജ്പുരിയും ഒരു പോലെ ഭംഗിയായി ഉച്ചരിക്കുന്ന ചുണ്ടുകൾ മുറുക്കിച്ചുവപ്പിച്ച് യു.പി.ക്കാരി മിസ്സിസ് പോപ്പട്ട്ഭായി മാധ്യസ്ഥത്തിനെത്തി. അവർ ചോദിച്ചു, "സഹോദരന്മാരെ കാക്കയെപ്പോലെ ഒച്ചയുണ്ടാക്കുന്നതെന്തിന്?"

ഖലീക് പറഞ്ഞു, "വെറുതേ ഒച്ച വയ്ക്കുകയല്ല, നാടകത്തിനു തയ്യാറെടുക്കുകയാണ്."

അല്പം കഴിഞ്ഞ് അയാൾ ഭാര്യയെ അന്വേഷിച്ചുപോയി. അവൾ ഒരു ചലച്ചിത്രസംഗീതസംവിധായകനെ സോപ്പിടുകയായിരുന്നു. ഉച്ച കഴിഞ്ഞ് എത്രമാത്രം ജോലിചെയ്തെന്ന് അവൾ അയാളോടാരാഞ്ഞു. ഒരു സീനിന്റെ റഫ് ഡ്രാഫ്റ്റ് തയ്യാറാക്കിയെന്നയാൾ പറഞ്ഞു. ജോലിയുടെ പുരോഗതിയിൽ അവൾക്കു തൃപ്തി തോന്നിയില്ല. റഫ് ഡ്രാഫ്റ്റ് ഗസലിന്റേതാണോ എന്ന ആശങ്കയും അവൾ പ്രകടിപ്പിച്ചു. ഇരുപത് രൂപപോലും കൊടുപ്പിക്കാത്ത ഗസൽ അമ്പതിനായിരത്തിന്റെ ഫിലിം സ്ക്രിപ്റ്റിനെക്കാൾ, ആവശ്യമുള്ളതാണെന്നു വിചാരിക്കുന്നവർ എങ്ങനെയുള്ളവരായിരിക്കുമെന്ന് അവളാലോചിച്ചു. ഈ അടിയേറ്റ് ഖലീക് തല്ലാനും കൊല്ലാനും തയ്യാറാകേണ്ടതായിരുന്നു. എന്നാൽ

ഈ പുതിയ ഖലീക്കവതാരം വിഷയം മാറ്റാൻവേണ്ടി എന്നെ ചരിച യപ്പെടുത്താൻ തുടങ്ങി. ഞാൻ അവളുടെ പാദം തൊട്ടുവന്ദിച്ചു. ബോംബെയിൽ ദുർലഭമായ ഈ അഭിവാദനം കണ്ട് അവൾക്കെന്തോ ഓർമവന്നു. "ഓ, ഞങ്ങളുടെ വിവാഹത്തിനു വന്നയാളല്ലേ? കുടിച്ചു ലക്കുകെട്ടിരുന്നു. പിന്നീട്, പോയി ആത്മഹത്യ ചെയ്യാമെന്നു താര ചേച്ചിയോടു പറഞ്ഞു."

"ഏതു ചേച്ചി? എന്താത്മഹത്യ?" ഞാൻ ചോദിച്ചു.

അവൾ പറഞ്ഞു, "താരാ ഝാവേരി, താങ്കളുടെ സഹോദരന്റെ ഗേൾ ഫ്രണ്ട്. താങ്കൾ പാർട്ടി കഴിഞ്ഞ് അവരുടെ കൂടെ കടപ്പുറത്തു പോയി. 'നമുക്ക് മുന്നോട്ടു പോകാം, നിശ്ശബ്ദമായ ഗഹനത വാത്സ ല്യപൂർവം നമ്മളെ മടിയിലേക്ക് വലിച്ചടുപ്പിക്കുന്നതു വരെ നമുക്ക് മുന്നോട്ടുപോകാം' എന്ന് നിങ്ങൾ അവരോടു പറഞ്ഞു."

"ഞാനങ്ങനെയൊന്നും പറഞ്ഞില്ല." ഞാൻ നിഷേധിച്ചു.

"ഒരുപക്ഷേ, ഇങ്ങനെയല്ലായിരിക്കും പറഞ്ഞത്" ഖലീക് യോജിച്ചു "തനി മണ്ടൻ വർത്തമാനം ഭംഗിയായി പറയാനും ടാലന്റ് വേണം. ആ സമയത്ത് താങ്കൾ ആത്മഹത്യാ പ്രശ്നം ഉന്നയിച്ചു കാണും. താങ്കളെപ്പോലെയൊരു നപുംസകത്തിന്റെ മുമ്പിൽ ഒരു നിഷ്ഠുരസുന്ദരിയെ കൊണ്ടുനിർത്തിയാൽ ആത്മഹത്യയല്ലാതെ മറ്റെ ന്താണു തോന്നുക?"

ജോഷിജി എഴുത്തുകാരന്റെ ഭാവം കൈക്കൊണ്ടു, "ഖലീക്, ഇത വളുടെ കള്ളം. അവളുടെ സത്യം കണ്ടെത്താൻ എനിക്കു താല്പര്യ മുണ്ട്. അവളാര്?"

ഖലീക് ജോഷിയെ അടിമുടി നിരീക്ഷിച്ചു, "കുഴപ്പമൊന്നുമി ല്ലല്ലോ. താങ്കളുടെ ചോദ്യം കേട്ടാൽ ഏതോ പിശാചിനെപ്പറ്റിയാണെ ന്നുതോന്നും. അവരുടെ പേര് താരാ ഝാവേരി, പ്രഭുകുമാരി, മറ്റേതോ പേരിൽ ചെറുകഥകളുമെഴുതാറുണ്ടായിരുന്നു."

ജോഷിജി പറഞ്ഞു, "ഖലീക്, അവൾ എഴുത്തുകാരിയല്ല. വേശ്യ യാണ്, താന്ത്രികയാണെന്നഭിനയിക്കുന്നവൾ."

ഖലീക് ചിരിക്കുന്നതുകണ്ട് ജോഷിജി പറഞ്ഞു, "ഖലീക്, അവൾ തന്നെ എന്നോടെല്ലാം പറഞ്ഞിട്ടുണ്ട്. അവൾ നിങ്ങളെ ആദ്യം കണ്ടു മുട്ടിയത് ഒരു കവി സമ്മേളനത്തിൽ വച്ചായിരുന്നില്ലേ? നിങ്ങൾ ലിഫ്റ്റി നുപുറത്തു നിന്ന് മീറിന്റെ ഒരു കവിത സ്വന്തമാണെന്നു പറഞ്ഞ് അവളെ കേൾപ്പിച്ചില്ലേ?"

ഖലീക് ചിരി തുടർന്നു. അവന്റെ സുന്ദരിയും ചിരിച്ചു. ഖലീക് പറഞ്ഞു, "മകനേ, നിന്റെ തലയ്ക്കു സുഖമില്ല. പ്രേമിക്കാൻ നിന്നെ പ്പോലെ കവിതയല്ലാതെ മറ്റൊരായുധവും എനിക്കില്ലാതെ വന്നെങ്കിൽ, ഞാൻ എന്റെ ഏതെങ്കിലും കവിത കേൾപ്പിക്കുമായിരുന്നില്ലേ?

ഞാനെന്താ മീറിനെക്കാൾ മോശക്കാരനാണോ?"

"അവസാനിപ്പിക്കാനസാധ്യമായ ആ കഥ എന്നു തുടങ്ങുന്ന കവിതയുടെ ചരണം നിങ്ങളെഴുതിയതാണെന്നും അതു സാഹിറിനു വിറ്റതാണെന്നും അവളോടു പറഞ്ഞു."

"പയ്യൻ! ഞാൻ കേൾക്കുന്നെന്നു വിചാരിച്ച്, വായിൽ തോന്നിയതെല്ലാം പറഞ്ഞുകൊണ്ടിരിക്കുകയാണോ?"

"ഖലീക്! ഞാൻ പറയുന്നത് സത്യമാണ്. അവൾ തന്നെയാണെന്നോടു പറഞ്ഞത്."

"നിങ്ങളെപ്പോലെയുള്ള ഒരു ഹോൾ - ടൈമർ - ഹോളോ കേൾക്കാനിരുന്നു കൊടുത്തതിനാൽ അവൾക്ക് ഈ നിലവാരം കുറഞ്ഞ കഥ തോന്നിയതായിരിക്കും."

"അതേ! റൊമാന്റിക് ഖലീക്കിനെ കേൾപ്പിക്കാൻ വേണ്ടി അവൾ ജോഷിയുടെ ആത്മഹത്യക്കഥ പറഞ്ഞതുപോലെ. ഖലീക്, എനിക്ക് യഥാർഥ സ്ഥിതി അറിഞ്ഞാൽ കൊള്ളാം."

ഞങ്ങൾ താഴെ ഇറങ്ങിക്കഴിഞ്ഞു. ഖലീക് ടാക്സി ഏർപ്പാടു ചെയ്തിരുന്നു. അയാൾ ആദ്യം സുന്ദരിയെ ഇരുത്തി, പിന്നീട് സ്വയം ഇരുന്നു. ഡോറടച്ചിട്ട് വെളിയിൽ തലയിട്ട് താടി ചൊറിഞ്ഞുകൊണ്ടു പറഞ്ഞു, "മോനേ, ഒരു ഡയലോഗ് പറഞ്ഞുതരാം. എന്നെങ്കിലും പ്രയോജനമുണ്ടാകും. ആ കഥ ഒരിക്കലും നിങ്ങൾക്കനുകൂലമല്ലെന്നതാണ് യഥാർഥ സ്ഥിതി. സലാം!"

"വങ്കൻ!" പാഞ്ഞുപോയ ടാക്സിയുടെ ചുവന്ന ബൾബ്നോക്കി ജോഷിജി ശകാരിച്ചു. "സ്യൂഡോ!"

ഗസ്റ്റ് ഹൗസിലേക്കു മടങ്ങുമ്പോൾ ജോഷിജി വഴിമധ്യേ സ്യൂഡോ സൗഹൃദത്തെ കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു. "ഈ നാറികൾ ഇമ്പോർട്ടഡ് സെന്റിന്റെ ഗന്ധത്താൽ വലയം ചെയ്യപ്പെട്ട്, നാടൻ തിയേറ്റർ പോലും അല്ക്കാജിയുടെ ടെറസ്സിൽ അവതരിപ്പിക്കും."

അതുകേട്ട് ഞാൻ ചോദിച്ചു "തനി ലോക്കൽ സെന്റിനാൽ വലയം ചെയ്യപ്പെട്ടു നാടകം കാണണമെന്നാണോ താങ്കളുടെയാഗ്രഹം?"

അദ്ദേഹം എന്നോടു പറഞ്ഞു. "പണക്കാരായ ഇവന്മാർ, മുറിഇംഗ്ലീഷ് പറയുന്ന ഇക്കൂട്ടർ ഈ ദരിദ്ര രാജ്യത്ത് വിപ്ലവം കൊണ്ടുവരുമെന്നവകാശപ്പെടുന്നു."

ഞാൻ അദ്ദേഹത്തോടു ചോദിച്ചു, "താങ്കളുടെ വിപ്ലവാവേശം യൂണിവേഴ്സിറ്റിയുടെ ഭിത്തികളിൽ റയിൽവേ പണിമുടക്കിന്റെ പോസ്റ്ററൊട്ടിക്കുന്ന സമരസമിതിക്കു പശയുണ്ടാക്കിക്കൊടുക്കുമ്പോൾ തൊണ്ട വരളുന്ന വിധത്തിൽ പരിഭ്രമിക്കുന്നതിനപ്പുറം പോയിട്ടുണ്ടോ?"

അല്പം കഴിഞ്ഞ് അദ്ദേഹം പറഞ്ഞു. "നിന്നോടു സംസാരിക്കുന്നത് വൃഥാവിലാണ്. നിനക്ക് ഇമാജിനേഷനുണ്ടോ?"

മുറിയിലെത്തിക്കഴിഞ്ഞു ഞാൻ ജോഷിയോട് കട്ടായം പറഞ്ഞു, "താങ്കൾക്കു തോന്നുമ്പോൾ ആ 'വാർ ആൻഡ് പീസ്' എഴുതിയാൽ മതി. രഥിജിത് ഭട്ടാചാര്യക്കുവേണ്ടി ഒരു സിനോപ്സിസെഴുതാൻ എന്നെ അനുവദിക്കൂ. ബിമൽ ദത്തുമായി ഞാൻ വീണ്ടും സംസാരിച്ചു. ഹിന്ദിയിൽ ഒരു ബിഗ്ബജറ്റ് ഫിലിം നിർമിക്കാൻ മിത്തൽ, ബിമൽ ദാദായോടാവശ്യപ്പെട്ടിരിക്കുന്നു. സമയത്തിന് കഥ അവിടെ എത്തിച്ചാൽ താങ്കൾക്ക് ത്രീപീസും സ്വർണ ഫ്രെയിമും ധരിക്കാനുള്ള വക കിട്ടും." ജോഷിജി പറഞ്ഞു, "ലാർജർ ദാൻ ലൈഫിനു പറ്റിയ ആളാണ് ദാദാ. അദ്ദേഹത്തിന് എപ്പിക്കൽ പ്രൊപ്പോർഷൻസ് ഇഷ്ടമാണ്. അത് നിങ്ങളെപ്പോലെ ഓടിനടക്കുന്ന ഒരു പത്രക്കാരനു വഴങ്ങുന്നതല്ല. നിങ്ങളെന്താണെഴുതാൻ പോകുന്നത്?" ഞാൻ പറഞ്ഞു, "നാട്ടുമ്പുറത്ത് നാടകം കളിക്കുന്ന ഒരു സമിതിയെപ്പറ്റി ഞാനെഴുതും. അവർ സ്റ്റേജിൽ ഒരു നാടകം കളിക്കുന്നു. അവരുടെ തമ്പിൽ മറ്റൊരു നാടകവും." ജോഷിജി പരിഹസിച്ചു. "റഫറൻസ്: ക്രൈസ്റ്റ് റീ ക്രൂസിഫൈഡ്!" ഞാൻ പറഞ്ഞു. "റഫറൻസ് പോയിത്തുലയട്ടെ. ഇതിലെ പ്രധാന പോയിന്റ് ഐറണിയുടേതാണ്. താങ്കളുടെ തന്നെ ശൈലി കടമെടുത്തു പറയട്ടെ. ഇതിൽ നിന്നുണ്ടാകുന്ന നാടകം സ്റ്റേജിൽ വളരെ ഭംഗിയുള്ളതായിരിക്കും, അതുതന്നെ ജീവിതത്തിൽ അങ്ങേയറ്റം കുഴപ്പം പിടിച്ചതുമായിരിക്കും – ഒരേ കലാകാരന്മാരാണെന്നിരിക്കിലും." ജോഷി പറഞ്ഞു, "നിങ്ങൾ എന്റെ ശൈലി പ്രയോഗിക്കാൻ ധൈര്യം കാട്ടണ്ടാ. ഈ തീം ദാദായെ കേൾപ്പിച്ചാൽ നിങ്ങളെ കയ്യോടെ പിടികൂടും. അദ്ദേഹം പഠിപ്പുള്ളവനാണ്."

"പിന്നെന്തുചെയ്യും?" ഞാൻ ചോദിച്ചു.

കുറച്ചുനേരം ചിന്തിച്ച ശേഷം ജോഷിജി പറഞ്ഞു, "ശരി. ത്രീപീസ് സ്യൂട്ടിനു വേണ്ടിയല്ല, കാൻ ഫിലിം ഫെസ്റ്റിവലിൽ പുരസ്കാരം നേടുന്നതിനുവേണ്ടി ഞാൻ ഒരു സിനോപ്സിസെഴുതിത്തരാം."

അയാൾ ബാൽക്കണിയിൽ പോയി എഴുതാനിരുന്നു. രാത്രി പതിനൊന്നുമണി കഴിഞ്ഞു.

"സബാഷ്!" മിസ്റ്റർ തിർഖാ പറഞ്ഞു. "നമ്മുടെ മിസ്റ്റർ ജോഷിക്ക് എഴുതാൻ മൂഡ് കിട്ടിയല്ലോ!"

മിസ്റ്റർ തലാട്ടി പറഞ്ഞു. "എന്റെ അഭിപ്രായത്തിൽ അതിരാവിലെ എഴുന്നേറ്റ് എഴുതുന്നതാണുത്തമം – ഫ്രെഷ് മൈൻഡോടെ."

മിസ്റ്റർ ജോഷി സ്റ്റെയ്ൽ മൈൻഡോടെയാണെങ്കിലും ആറുമണിക്കൂർ കൊണ്ടു മുപ്പത് പേജിൽ തിരക്കഥാസാരം എഴുതിത്തീർത്തു. ആ സാരത്തിന്റെ സാരം താഴെക്കൊടുക്കുന്നു. അതു മുഴുവൻ പകർത്താത്തത് വിസ്തരഭയത്താലല്ല, പിന്നെയോ, അത് ചപ്പുകുട്ടയിലെറിയേണ്ടതാണെന്ന് അന്നത്തെപ്പോലെ ഇന്നും വിശ്വസിക്കു

ന്നതുകൊണ്ടാണ്. എറിയാഞ്ഞതെന്തു കൊണ്ടാണെന്നു ചോദിച്ചാൽ, ഞാനൊരു ജനാധിപത്യവിശ്വാസിയായതുകൊണ്ടും, ജോഷിക്ക് എപ്പോൾ വേണമെങ്കിലും അതുപയോഗിക്കാനവകാശമുള്ളതുകൊണ്ടു മാണ്.

സന്ദർഭവശാൽ ഒരു കാര്യം കൂടി പറയട്ടെ. കഥാസാരം തയ്യാറാ ക്കിയശേഷം സംതൃപ്തനായ ജോഷി എന്നോടു പറഞ്ഞു, "ഈ സ്ക്രിപ്റ്റിനെ ആധാരമാക്കി നിർമിച്ച ഫിലിമിന്റെ പേരിൽ രഥിജിത്തിന് കാൻ ഫെസ്റ്റിവൽ അവാർഡ് ലഭിക്കുമ്പോൾ ഞാൻ നിങ്ങളെ തള്ളിപ്പ റയുകയില്ല. നിങ്ങളെപ്പോലെ അടിസ്ഥാനപരമായി ഹീനന്മാരായ വ്യക്തികളാണ് ഇങ്ങനെ ചെയ്യുന്നത്, എന്നെപ്പോലെയുള്ള മൗലിക കലാകാരന്മാരല്ല."

ഞാൻ ജോഷിജിയെ ആശ്വസിപ്പിച്ചു. "മേൽപ്പറഞ്ഞ ഫിലിം നിർമി ക്കപ്പെടുകയും, അതിന് മേൽപ്പറഞ്ഞ പുരസ്കാരം കിട്ടുകയും ചെയ്താൽ ഞാൻ മേൽപ്പറഞ്ഞ തിരസ്കാരം ഏറ്റുവാങ്ങിക്കൊള്ളാം."

സാരം - തിരക്കഥാസാരം

ജോഷിജിയുടെ സിനോപ്സിസ് അഥവാ തിരക്കഥാസാരം ഇപ്രകാരം - ഒരു പെൺകുട്ടിയുണ്ടായിരുന്നു; നിർമല. മതപരമായ ജീവിതം നയിച്ച വൈശ്യദമ്പതികൾക്ക് വാർധക്യകാലത്തു ജനിച്ചവൾ. ദേവീകൃപയാൽ ജനിച്ചതെന്നു മാതാപിതാക്കൾ. അവളുടെ ബാല്യം പുരാണകഥകളിൽ ആകണ്ഠം മുങ്ങിയതായിരുന്നു. അവൾ ഓരോ കഥാപാത്രവും കഥാവസ്തുവും സ്ഥിതിയും 'ലാർജർ ദാൻ ലൈഫ്' എന്ന അളവിൽ സങ്കല്പിച്ചിരുന്നു. മാതാപിതാക്കളും അയൽക്കാരും അവൾ ദേവിയുടെ അവതാരമാണെന്നു കരുതി 'എപ്പിക്ക് ഡൈമൻഷൻസ്' നല്കി. അവൾ കാണാനിമ്പമുള്ള കുട്ടിയായിരുന്നു. എന്നാൽ ആരും അവളെ ഒരു 'പാവക്കുട്ടി'യായി കണ്ടില്ല. പാവകളുമായി കളിക്കാനും അവൾക്കറിഞ്ഞുകൂടായിരുന്നു. അവൾക്ക് പൂജമാത്രം അറിയാമായിരുന്നു.

നിർമലയ്ക്ക് പത്തുവയസ്സായപ്പോൾ ഹുണ്ടിക വ്യാപാരിയായ അവളുടെ അച്ഛൻ അവളുടെ കാലിൽ ചിലങ്ക കെട്ടിക്കൊണ്ടിരിക്കെ മോക്ഷം പ്രാപിച്ചു. നിർമല കരഞ്ഞില്ല. കരയുന്ന അമ്മയെ അവൾ സമാധാനിപ്പിച്ചു, "അച്ഛൻ മരിച്ചിട്ടില്ല. അദ്ദേഹം എന്റെ വീട്ടിൽ പോയിരിക്കുകയാണ്. ഞാനിവിടെ ഉള്ളിടത്തോളം കാലം എന്നോടു സംസാരിക്കുന്നതിനുവേണ്ടി തന്റെ ഒരംശം ഈ ചിലങ്കകളിൽ നിക്ഷേപിച്ചിട്ടാണ് പോയത്." നിർമല പലപ്പോഴും ചിലങ്കകളോടു സംസാരിക്കുമായിരുന്നു.

നിർമലയ്ക്കു പന്ത്രണ്ടു വയസ്സായപ്പോൾ ആരോ ചിലങ്ക മോഷ്ടിച്ചു. (വീട്ടുജോലിക്കാരിയെ സംശയിച്ചു.) മൗനിയായി കഴിയുന്ന നിർമല അന്നും മൗനം പാലിച്ചു. പക്ഷേ അവളുടെ കണ്ണുകളിൽ ആദ്യമായി ക്രോധവും കണ്ണുനീരും പ്രത്യക്ഷപ്പെട്ടു. ജോലിക്കാരിയുടെ ഏക മകന് രോഗം പിടിപെട്ടു. രണ്ടുദിവസം കഴിഞ്ഞു ചിലങ്ക മുറ്റത്തെ തുളസിയിൽ കുടുങ്ങിക്കിടക്കുന്നതുകണ്ടു. ജോലിക്കാരിയുടെ മകന്റെ രോഗം മാറി. ജോലിക്കാരി നിർമലയുടെ കാൽക്കൽ വീണു. നിർമല പരിപൂർണമായി ദേവിയായിത്തീർന്നു. ദേവീഭക്തന്മാർ അവളുടെയടുത്തുവരാൻ തുടങ്ങി. അവരിൽ പലരും താന്ത്രികന്മാരായിരുന്നു. ചിലർക്ക് നിർമല കന്യാകുമാരി ആയിരുന്നു, ചിലർക്ക് ഭൈരവി. അമ്മ

മകളെ ദേവിയായി കരുതി, വിഹ്വലമായ മാനസികാവസ്ഥയിൽ ദേവിയെ മകളായും കരുതി. അതിനാൽ ദേവിയായ മകളെ ലമ്പടന്മാരെന്നു തോന്നിച്ച ഭക്തന്മാരിൽ നിന്നു കാത്തുരക്ഷിക്കുന്ന കാര്യത്തിൽ ജാഗരൂകയായിരുന്നു. ചിലർ സിദ്ധനെന്നു കണക്കാക്കിയിരുന്ന ഒരു നിഷ്കപടനായ കിറുക്കന്റെ കാര്യത്തിൽ മാത്രമേ അവർക്ക് തെറ്റു പറ്റിയുള്ളു.

ദേവീഭക്തനായ ഈ കിറുക്കൻ അധികം സംസാരിക്കുമായിരുന്നില്ല. 'അലാ-ബലാ-ടലാ', 'ആററ മൂന്ന്, 'മൂവൊമ്പതിരുപത്തേഴ്' മുതലായ കുറേ അർഥശൂന്യമായ വാക്കുകൾ മാത്രമേ അയാൾ ഉച്ചരിക്കാറുള്ളു. ഈ വാക്കുകളിൽ ശാക്തപണ്ഡിതന്മാരുടെയും യാജ്ഞികന്മാരുടെയും പാണ്ഡിത്യത്തെക്കാൾ കൂടുതൽ അർഥം നിർമല കണ്ടെത്തി. മകൾ ദേവി ഈ കിറുക്കനെ ഭഗവനായി കണക്കാക്കി. നിയതി കിറുക്കനെ ഗുരുതരമായ ഒരുത്തരവാദിത്തം കൂടി ഏല്പിച്ചു. ദേവി ഒരു സ്ത്രീയാണെന്ന് അവളെ ബോധ്യപ്പെടുത്തുന്ന ചുമതല കിറുക്കൻ ഏറ്റെടുത്തു.

ബാലികയെ സ്ത്രീയാക്കി മാറ്റുന്ന ആഘാതത്താൽ നിർമലയ്ക്കു ഭ്രാന്തുപിടിച്ചെങ്കിലും അവൾക്ക് തന്റെ കിറുക്കം ഭഗവാനോട് ഒരു വെറുപ്പും തോന്നിയില്ല.

വളരെ കഷ്ടപ്പെട്ട് ഭ്രാന്താശുപത്രിയിൽ ചികിത്സ നടത്തിച്ചശേഷം മടങ്ങിവന്ന നിർമല വീണ്ടും ആ കിറുക്കനുവേണ്ടി വഴക്കുണ്ടാക്കിയപ്പോൾ അമ്മയ്ക്ക് ശക്തമായ ആഘാതമായി. മകളുടെ ചികിത്സയ്ക്കു വേണ്ടി നേരത്തേതന്നെ കുറേയേറെ പൈസ ചെലവാക്കിയിരുന്നു. അനന്തരം വേണ്ടുവോളം പണം ചെലവാക്കി സാധാരണക്കാരനായ നല്ലയൊരു യുവാവിനെക്കൊണ്ട് വിവാഹം ചെയ്യിക്കാൻ വേണ്ട ഏർപ്പാടു ചെയ്തു. എന്നാൽ മകൾക്ക് നല്ല യുവാവിനെയല്ല, ആ കിറുക്കനെ മതിയെന്നായി. കീറുക്കന്റെ അസാന്മാർഗിക നടപടിയിൽ ക്ഷുഭിതരായ ഭക്തജനങ്ങൾ അയാളെ അടിച്ചുകൊന്ന വിവരം അമ്മ മകളെ അറിയിച്ചില്ല. അമ്മ മകളുടെ ദുഃഖത്തിൽ ഉരുകി മരിച്ചു.

നിർമല പിതൃസ്വത്തായി കിട്ടിയ പണവുമായി ആ കിറുക്കനെ അന്വേഷിച്ച് അങ്ങിങ്ങ് അലഞ്ഞു. കിറുക്കനെ കണ്ടുകിട്ടിയില്ല. പണമെല്ലാം തീർന്നു. ഈ നശ്വരലോകത്തിൽ പലതരത്തിൽപെട്ട കിറുക്കന്മാരുണ്ടെന്ന് അവൾ കണ്ടുപിടിച്ചു. ചിലർക്ക് അവളുടെ ശരീരം വേണം. ചിലർക്ക് ഹൃദയം, ചിലർക്ക് ബുദ്ധി. ചിലർക്ക് അർഥവും, ചിലർക്ക് കാമവും ചിലർക്ക് ധർമവും, ചിലർക്ക് മോക്ഷവും വേണം. ഓരോരുത്തരുടെയും പക്കൽ കൊടുക്കാനെന്തെങ്കിലുമുണ്ട്, ഓരോ വസ്തുവും കൈക്കൊള്ളാനും ആരെങ്കിലുമുണ്ട് എന്നവൾക്ക് മനസ്സിലായി. പരസ്പരം ആദാന - പ്രദാനം കൊണ്ടു നിറയ്ക്കാവുന്ന

അപൂർണത സർവത്ര കാണാനുണ്ട്. ഇതു മനസ്സിലാക്കി അവൾ റോബിൻ ഹുഡ് ടൈപ്പിൽ ഒരു വേശ്യയായിത്തീർന്നു. ഇവനിൽ നിന്നെടുക്കുക-മറ്റവനു കൊടുക്കുക-ഇതായി അവളുടെ ജീവിതധർമം.

കിറുക്കന്മാരായ കസ്റ്റമേഴ്സിന്റെ കൂട്ടത്തിൽ ഭ്രാന്തിൽ പഴയ കിറുക്കൻ ഭഗവാനോടടുത്തെത്തുന്നവരെയാണ് അവൾക്ക് കൂടുതൽ ഇഷ്ടമായത്. ഈ സന്ദർഭത്തിൽ മിസ്റ്റർ ജോഷി ഖലീക്കിനെ പരാമർശിച്ചു, കച്ഛ്ദേശക്കാരനായ ഒരു വ്യാപാരിയെ പരാമർശിച്ചു. മുലകുടിക്കുന്ന കുഞ്ഞിനെപ്പോലെയായിരുന്നു, അയാൾ. മോഷണവസ്തുക്കൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന സ്വന്തം വ്യാപാരവുമായി ഒരു ബന്ധവുമില്ലാത്ത ഭാവമായിരുന്നു അയാൾക്ക്. ഹാർമോണിയം വച്ച് ദേവിഭജന പാടുന്ന, ലൈംഗിക വൈകൃതം പിടിപെട്ട ഒരു അന്ധഗായകനെക്കുറിച്ചും ജോഷിജി പരാമർശിച്ചു. കൊലപാതകമല്ലാതെ മറ്റൊരു തൊഴിലും അറിയാൻ പാടില്ലാത്തതിനാൽ ആളുകളെ കൊല്ലുന്ന, ബോധമില്ലാത്ത ഒരു കൊലപാതകിയെയും ജോഷിജി വർണിച്ചു. ജോഷി ദേവിയുടെ മുമ്പിൽ മുടന്തന്മാരുടെയും അന്ധന്മാരുടെയും മൂകന്മാരുടെയും ബധിരന്മാരുടെയും മറ്റു വികലാംഗരുടെയും നീണ്ട ക്യൂ നിരത്തി എല്ലാവരും ശാരീരിക വൈകല്യം ബാധിച്ചവരാണെന്നു പറയാൻ വയ്യ. അംഗവൈകല്യം മാനസികവും വൈകാരികവും ആധ്യാത്മികവുമാകാമെന്നു ജോഷിജി വ്യക്തമാക്കി. ജോഷിയുടെ കഥാപാത്രങ്ങളിൽ ചിലതിന്റെ ഹൃദയം അന്ധമായിരുന്നു, ചിലതിന്റെ മനസ്സ് മുടന്തുള്ളതായിരുന്നു, ചിലതിന്റെ ഭാവം മൂകമായിരുന്നു, ചിലതിന്റെ ആത്മാവ് ബധിരമായിരുന്നു. സ്നേഹസ്വരൂപിണിയായ നിർമല അവരെയെല്ലാം സ്വന്തമാക്കി, അവരുടെ വൈകല്യം നികത്താൻ ശ്രമിച്ചു.

ഈ തിരിവിൽ വച്ച് ഞാൻ ജോഷിജിയെ തടഞ്ഞു " ഈ 'ലാർജർ ദാൻ ലൈഫി'ന്റെ ഓട്ടത്തിൽ താങ്കൾ ദേവിയെക്കൊണ്ട് ത്യാഗ പ്രവൃത്തികൾ ചെയ്യിക്കുന്നതെന്തിന്? നമ്മൾ ഹിന്ദുക്കളുടെ ഈ 'ലാർജർ ദാൻ ലൈഫു'കൾ ഇത്തരം ആത്മപീഡനത്തിൽ ഒരിക്കലും വിശ്വസിക്കുന്നില്ല. അവർ രാക്ഷസന്മാരെ പിടികൂടി തല്ലുന്നു, ദേവന്മാരിൽ നിന്ന് പ്രണാമം സ്വീകരിക്കുന്നു. കൂടാതെ, നമ്മെപ്പോലെയാരെങ്കിലും മുമ്പിൽ ചെന്നുപെട്ടാൽ സ്വന്തം കാല്ക്കൽ കണ്ണു കൊണ്ട് ആംഗ്യം കാണിക്കും-ഇവിടെ കിടന്നുരുള് മകനേ, ദേവന്മാർ പോയിക്കഴിഞ്ഞു സമയം കിട്ടിയാൽ നിനക്ക് പറയാനുള്ളതും കേൾക്കാം."

ജോഷിജി ഒബ്ജക്ഷൻ ഓവർ റൂൾ ചെയ്തു. അദ്ദേഹം പറഞ്ഞു, "ഇത് മോഡേൺ എപ്പിക്കാണ്."

ഞാൻ പറഞ്ഞു, "ദയവു ചെയ്ത് ഞാൻ പറയുന്നതുകേൾക്കണം. ഒരു കാലഘട്ടത്തിൽ 'പൂവർമാന്റെ വൈഫാ'യിത്തീർന്ന ആ 'ലാർജർ ദാൻ ലൈഫി'ന് എന്തു സംഭവിച്ചു?"

ജഡ്ജി ജേ: ഷി തന്റെ കൊട്ടുവടി എന്റെ തലയ്ക്കടിച്ചിട്ട് കാര്യപരിപാടി തുടർന്നു. എന്നാൽ അദ്ദേഹം മനോഹറിനോട് മുമ്പത്തെക്കാൾ കൂടുതൽ അഭിപ്രായങ്ങളാരായാൻ തുടങ്ങി.

അയാളുടെ കഥാസാര പ്രകാരം ഈ മമതാമയിക്ക് വിപ്ലവമനസ്കനും കിം കർത്തവ്യ വിമൂഢനുമായ ഒരു കവിയെ കിട്ടി. ഒരിക്കൽ പതിമൂന്നു വയസ്സുള്ള ഒരു പെൺകുട്ടിയുടെ ചാരിത്ര്യം ഒരു ഭ്രാന്തൻ ഭഗവാൻ നശിപ്പിച്ചു. ചാരിത്ര്യഭംഗം സംഭവിച്ച അവൾ ഇപ്പോൾ ദേവിയുടെ രൂപത്തിൽ വിപ്ലവമനോഭാവക്കാരന്റെ സ്വഭാവ ശുദ്ധി നശിപ്പിക്കുന്നു.

പാപം പുണ്യത്തിന്റെ ജന്മദാതാവാണ്. ഭ്രഷ്ട് ശ്രേഷ്ഠത്വത്തിന്റെ ജനനിയാണ്. കടങ്കഥപോലെ തോന്നിക്കുന്ന തിരക്കഥാസാരം ഇങ്ങനെ പ്രതിപാദിച്ചു. പ്രതികാരവാഞ്ഛയിൽ നിന്നുദ്ഭവിച്ച പാപത്തിൽ നിന്നു ദായ ആ സ്നേഹം ഏറ്റവും വലിയ മാനുഷിക പുണ്യമാണ്. മറ്റു ളവർ മുറിവേല്പിച്ച, മറ്റുള്ളവരെ മുറിവേല്പിച്ച, ഈ ചാരിത്ര്യഭംഗം സംഭവിച്ച ജോഡിക്ക് ഒരു കാര്യം മനസ്സിലായി – കവിതകൾ വിപ്ലവാത്മകവും വിപ്ലവങ്ങൾ കാവ്യാത്മകവുമായി മാറുന്നില്ലെങ്കിൽ, സിദ്ധികൾ മാനുഷികവും മനുഷ്യത്വം സിദ്ധിപ്രദവുമായിത്തീരുന്നില്ലെങ്കിൽ അതിനു കാരണം നമ്മൾ ബുദ്ധിയുടെ അഹങ്കാരത്തിൽ ചൈതന്യം മറന്നതാണ്, സങ്കീർണത തേടിപ്പോയപ്പോൾ സാരള്യം മറന്നതാണ്.

ഇങ്ങനെ ചിന്തിച്ചുകൊണ്ട് അവരിരുവരും നഗരകോലാഹലത്തിൽ നിന്നകന്ന് ഭാരത – നേപ്പാളതിർത്തിയിൽ വിജനമായ വനപ്രദേശത്തുപോയി താമസിച്ചു – പുതുതായി സാരള്യം അന്വേഷിക്കാനെന്നവണ്ണം. അരുവിയിലെ ജലത്തിന്റെ സ്വച്ഛശീതളത, പക്ഷികളുടെ കളകളഗാനം, പുച്ചിയെ പിടിക്കാൻ വെമ്പുന്ന ഗൗളി, പാറക്കെട്ടിനു പിന്നിൽ കിടക്കുന്ന വെളുവെളെ വെളുത്ത മൃഗാസ്ഥിപഞ്ജരം, പുല്ലിലൂടിഴയുന്ന പാമ്പ്, നീലിമകലർന്ന സന്ധ്യാകാശത്തിൽ ഉദിച്ച ശുക്രനക്ഷത്രം – ഇവയെല്ലാം, കൂടാതെ മറ്റനേകം അധ്യാപകരും ഈ സങ്കീർണപ്രപഞ്ചം സൃഷ്ടിച്ച പരമാത്മാവിന്റെ ഉള്ളലിയിക്കുന്ന സാരള്യത്തെക്കുറിച്ച് അവരെ രണ്ടുപേരെയും ഓർമിപ്പിച്ചു.

പിന്നീടൊരു ദിവസം രാവിലെ നായിക അരുവിയിൽ കുളിച്ചശേഷം മുടി ചിക്കിക്കൊണ്ടു നിന്നു. നായകൻ അടുത്തു തന്നെ ഒരു പാറയിൽ നിർവികാരനായിരുന്നു മുടിയിൽ നിന്നിറ്റുവീഴുന്ന വെള്ളത്തുള്ളികളെയും, പാറക്കെട്ടിലെ വിടവിൽ മുളച്ചുവന്ന ദരിദ്രമായ കാട്ടുപൂവിനുചുറ്റും പാറിനടക്കുന്ന തേനീച്ചയെയും നോക്കി ആർജവമെന്തെന്നു പഠിക്കാൻ ശ്രമിക്കുകയായിരുന്നു. അപ്പോൾ വക്രവും ജടിലവും കുടിലവുമായ ലോകം അവരെ തിരക്കി ആ കാട്ടിലെത്തി.

കുടിലമായ ആ സങ്കീർണത ആയുധധാരിണിയായിരുന്നു. സ്വയം

മുറിവേറ്റവളായിരുന്നു, മറ്റുള്ളവരെ മുറിവേല്പിക്കാനൊരുമ്പെട്ടു. ക്ഷീണിതയായിരുന്നു, എന്നിട്ടും കർക്കശയായിരുന്നു. അവൾ ചോദിച്ചു, "ഹേ ബാബാ, ഇങ്ങോട്ടു വല്ല പോലീസുകാരും വന്നോ?"

ഒരു കാലത്ത് കവിയും വിപ്ലവകാരിയുമായിരുന്ന, ആയുധപ്രയോഗത്തിലൂടെ എല്ലാം മാറ്റിമറിക്കാമെന്നു സ്വപ്നം കണ്ടിരുന്ന ആ യുവാവ്, കയ്യിൽ തോക്കും കാലിൽ മുറിവുമായി നില്ക്കുന്ന മധ്യവയസ്കനായ ചോദ്യകർത്താവിനെ നോക്കി. കൂടെ തോക്കുധാരികളായ രണ്ടു ചെറുപ്പക്കാരെ കണ്ടു. കണ്ണട ധരിച്ച ഒരു യുവതിയെ കണ്ടു. ആഗതരോടു പറഞ്ഞു, "ദൂരയാത്ര ചെയ്തു വന്നതാണ്, അല്ലേ? അരുവിയിലെ ജലം തണുത്തതാണ്. കാലും മുഖവും കഴുകൂ. ക്ഷീണം മാറും. ഇത് വനമാണ്, തപോവനം. സൈനികർ ഇവിടെ എന്തിനാണോ വന്നത്?"

യുവാക്കളും യുവതിയും അരുവിയിൽ കൈകാൽ കഴുകി. പക്ഷേ തോക്കുധാരിയായ മധ്യവയസ്കൻ സ്വന്തം കാലിലെ മുറിവ് അവഗണിച്ചുകൊണ്ട്, അവരെ സംശയ ദൃഷ്ടിയോടെ നോക്കി. എന്നിട്ടു ചോദിച്ചു, "നിങ്ങൾ ഇവിടെ വന്നിട്ട് എത്ര നേരമായി?"

നായകൻ പറഞ്ഞു, "ഞങ്ങൾ പാർക്കുന്നതിവിടെത്തന്നെ. താമസം തുടങ്ങിയിട്ട് ഒരു വർഷമായി. അടുത്തുതന്നെയാണ് ഞങ്ങളുടെ കുടിൽ. പച്ചക്കറി നട്ടുവളർത്താൻ പറ്റിയ മണ്ണ്. കുറച്ച് നാല്ക്കാലികളെ വളർത്തുന്നുണ്ട്. ഇത് നിർമലാദേവി; ആശ്രമം അവരുടേതാണ്. വെള്ളം കുടിച്ച് സ്വസ്ഥനാകൂ. ആശ്രമത്തിലേക്കു പോകാം. പാഥേയം കൈക്കൊള്ളാം."

മധ്യവയസ്കൻ ചിരിച്ചു. അയാൾ പറഞ്ഞു, "ദൂരയാത്രാ ശ്രമഹരം പാദ്യം മേ പ്രതിഗൃഹ്യതാം. വിഡ്ഢീ, ഇത് നിന്റെ ഏകദാ നൈമിഷാരണ്യേ അല്ല. ഇത് ആധുനികവനമാണ്. ശ്രമഹരം, പാദ്യം, പാഥേയം തുടങ്ങിയ ഭാഷാ പ്രയോഗം പോയിട്ടു സന്ന്യാസിമാരുടെ സാദാഭാഷയിൽ സംസാരിക്കാൻ പോലുമറിയാത്തവരാണ് ഈ കാട്ടിലെ സന്ന്യാസിമാർ. എവിടുന്നെങ്കിലും പഠിച്ചിട്ടുവന്നാലും ശ്വാസത്തിന്റെ ലയമുള്ള ഛന്ദസ്സിൽ അത് പറയാനും സാധിക്കുകയില്ല. ഭൂതകാലത്തിലെ അക്ഷയമായ കോരികയോ, വർത്തമാനകാലത്തിലെ വിദഗ്ദ്ധ തൂലികയോ ഭാവികാലത്തെ ഉന്നം പിഴയ്ക്കാത്ത അസ്ത്രമോ പ്രയോഗിക്കാൻ കഴിവില്ലാത്ത നീയാരാണ്? ഒരു കള്ളം മുറുക്കിപ്പിടിച്ചുകൊണ്ട് ഞങ്ങളെ പിടികൂടാൻ ഇവിടെയിരിക്കുന്ന നീയാരാണെടാ?"

"അതറിയണമെന്ന ഉദ്ദേശ്യത്തോടെയാണ് ഇവിടെ അരുവിയിൽ കള്ളം കഴുകിക്കളയാൻ വേണ്ടി ഞാൻ വന്നത്" നായകൻ പറഞ്ഞു.

"എന്നിട്ടിതുവരെ കഴുകിക്കളയാൻ പറ്റിയില്ലേ?" മധ്യവയസ്കൻ ചോദിച്ചു. "ങാ, കുടിലെവിടെ? കാണിച്ചു തരൂ."

ഈ ആളുകൾ, ക്ഷണിക്കപ്പെടാത്ത ഈ അതിഥികൾ മൂന്നു ദിവസം അവരുടെ കുടിലിൽ കഴിഞ്ഞുകൂടി. സമീപത്തെങ്ങും ആൾ പാർപ്പില്ലായിരുന്നു. രണ്ടു നാഴിക ദൂരെ ഒരുക്ഷേത്രമുണ്ടായിരുന്നു, അവിടെ വൃദ്ധനായ ഒരു പൂജാരി പാർത്തിരുന്നു. അയാൾ വല്ലപ്പോഴും അവരെ കാണാൻ വരുമായിരുന്നു. ഈ ദിവസങ്ങൾക്കിടയ്ക്ക് ഒരു ദിവസം അയാൾ അവിടെ വന്നു. അപ്പോൾ മധ്യവയസ്കൻ നായകന്റെ പുറത്ത് തോക്കുതൊട്ടുകൊണ്ട് കതകല്പം തുറന്ന് പൂജാരിയോടു ഇങ്ങനെ പറയാൻ കല്പിച്ചു, 'നിർമലാദേവി സമാധിയിൽ മുഴുകിയിരിക്കുകയാണ്, ഇപ്പോൾ ആരെയും കാണാൻ അനുവദിക്കുകയില്ല.'

നായികാനായകന്മാർ രണ്ടുരാത്രി സ്വന്തം കുടിലിൽ ബന്ദികളായി കഴിഞ്ഞു. അവർ ഭാരതീയരായിരുന്നോ നേപ്പാളികളായിരുന്നോ? കൊള്ളക്കാരായിരുന്നോ വിപ്ലവകാരികളായിരുന്നോ അതോ തസ്കരന്മാരായിരുന്നോ? ഈ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം ലഭിച്ചില്ല. മൂന്നു യുവാക്കളും രാത്രിയിൽ മാറിമാറി എങ്ങോട്ടോ പോയശേഷം വരും, മധ്യവയസ്കൻ അവരെ നിരീക്ഷിച്ചുകൊണ്ടിരിക്കും. വാതിൽ പുറത്തു നിന്നും പൂട്ടിക്കൊണ്ടാണുപോകുന്നത്, ജനൽ വന്ന ദിവസം തന്നെ അകത്തുനിന്നു കുറ്റിയിട്ടു പുറത്തുനിന്ന് ആണി തറച്ചിരുന്നു. മൂന്നാമത്തെ രാത്രിയിൽ യുവതി ആദ്യറൗണ്ടിനുശേഷം മടങ്ങിവന്ന് എന്തോ ആംഗ്യം കാണിച്ചു. മധ്യവയസ്കൻ പറഞ്ഞു, ''നടക്കൂ.'' യുവതി തോക്കു ചൂണ്ടിക്കൊണ്ടു ചോദിച്ചു, "ഇവരെ കൊല്ലട്ടെ?"

മധ്യവയസ്കൻ 'അരുത്' എന്നയർഥത്തിൽ തലയാട്ടി. അയാൾ സംഘത്തോടൊപ്പം പുറത്തുപോയി. പോകുമ്പോൾ കുടിലിന്റെ വാതിൽ പുറത്തുനിന്നു പൂട്ടി. എന്നിട്ടു പറഞ്ഞു, "ആരെങ്കിലും വന്ന് നിങ്ങളെ ഈ തടവിൽ നിന്നു മോചിപ്പിക്കും. ശ്രമിച്ചാൽ നിങ്ങൾക്കു തന്നെ വാതിലോ ജനലോ തുറന്ന് രക്ഷപ്പെടാം. ഞങ്ങളിവിടെ വന്നെന്ന് അബദ്ധവശാൽപോലും ആരോടും പറയരുത്."

മേൽപ്പറഞ്ഞ ജോഡി നാലുമണിക്കൂർ നേരത്തെ അശ്രാന്ത പരിശ്രമത്തിനുശേഷം കതക് പൊളിച്ചു.

താരകാകീർണമായ രാത്രിയായിരുന്നു. അകലെ ആ ക്ഷേത്രത്തിലിരുന്ന് വൃദ്ധനായ പൂജാരി, ആയിരക്കണക്കിനു വർഷങ്ങൾക്കുമുമ്പ് ഇതുപോലെയുള്ള ആരണ്യങ്ങളിൽ രചിക്കപ്പെട്ട ഗ്രന്ഥങ്ങൾ വായിക്കുകയായിരുന്നു.

നായിക പറഞ്ഞു, "വരൂ, നമുക്ക് അരുവിയിൽ കുളിക്കാം." അവർ അരുവിയിലേക്കു നടന്നു. അടുത്തെത്തിയപ്പോഴേക്കും താഴെ ഗ്രാമത്തിൽ നിന്നു വരുന്ന ഒറ്റയടിപ്പാതയിൽ കാലൊച്ച കേട്ടു. നായകൻ പെട്ടെന്ന് നായികയെ പിടിച്ചുവലിച്ച് പാറക്കെട്ടിന്റെ പിന്നിൽ മറച്ചു.

വലതുഭാഗത്ത് വീണ്ടും കാലൊച്ച കേട്ടു. ഇരുട്ടിൽ പരിചയം

നേടിയ കണ്ണുകളിൽ ടോർച്ചിന്റെ വെട്ടം. ഒരു ശബ്ദം, "ഇതൊരു പക്ഷേ, അവരല്ല." മറ്റൊരു ശബ്ദം, "വിഡ്ഢി!" പിന്നെ വെടിയൊച്ച. പിന്നെയൊന്നുമില്ല.

നായികാനായകന്മാരുടെയടുത്ത് രണ്ടുപോലീസ് ഓഫീസർമാർ - ഒരു മധ്യവയസ്കനും ഒരു യുവാവും. യുവാവ് പറഞ്ഞു, "ഇതവരല്ല സർ! നമുക്ക് തെറ്റുപറ്റി." മധ്യവയസ്കൻ ചെറുതായി പുഞ്ചിരിച്ചുകൊണ്ടുപറഞ്ഞു, "ആരാണെന്നും ആരല്ലെന്നും അനുഭവം കൊണ്ട് എന്നെങ്കിലും പഠിച്ചുകൊള്ളും. ദൈവം തമ്പുരാനുമാത്രമേ തീർത്തു പറയാൻ കഴിയൂ. പോകാം, ബാക്കി സെർച്ച്പാർട്ടിയെ അങ്ങോട്ടയയ്ക്കാം."

അവരവരുടെ രീതിയിൽ അറിവില്ലാത്തവരും അനുഭവസമ്പന്നരുമായ ആ രണ്ട് ഓഫീസർമാരും അരുവിക്കരയിലൂടെ താഴേക്കുപോകുന്ന ഒറ്റയടിപ്പാതയിലൂടെ ഇറങ്ങിപ്പോയി ഒരു തവണ തിരിഞ്ഞു നോക്കി നെടുവീർപ്പിട്ടുകൊണ്ട് യുവാവായ ഓഫീസർ പറഞ്ഞു . "കോലാഹലങ്ങളിൽ നിന്നകന്ന് ഇതുപോലെ ശാന്തവും ഏകാന്തവുമായ സ്ഥലത്ത്, അരുവിക്കടുത്ത് കുടിൽകെട്ടി താമസിച്ചാലോ എന്ന് ചിലപ്പോൾ തോന്നാറുണ്ട്, സാർ!" പരിചയസമ്പന്നനായ ഓഫീസർ അയാളുടെ കൈപിടിച്ചു വലിച്ചുകൊണ്ടുപറഞ്ഞു, "അബദ്ധവശാൽ കൊല്ലപ്പെടുകയും ചെയ്യാം."

നഗരപരിഷ്കാരത്തിലേക്കു നയിക്കുന്ന ഒറ്റയടിപ്പാതയിലൂടെ അവർ ചിരിച്ചുകൊണ്ടിറങ്ങിപ്പോയി.

ശുക്രനക്ഷത്രം മാത്രം അരുവിയെ നോക്കിനിന്നു. ആ വൃദ്ധന്റെ സ്വരം മാത്രം വനം കേട്ടുകൊണ്ടിരുന്നു "ഈശാവാസ്യമിദം സർവം യത്കിഞ്ച ജഗത്യാം ജഗത്. തേന ത്യക്തേന ഭുഞ്ജീഥാ, മാ ഗൃധഃ കസ്യസ്വിദ്ധനം."

ക്യാമറ ക്രമേണ അരുവിയിലേക്ക് നീങ്ങുന്നു. അരുവി സ്ക്രീനിൽ നിറയുന്നു. ക്രെഡിറ്റ്സ് വന്നു തുടങ്ങുന്നു.

ഞാൻ ജോഷിയോടു പറഞ്ഞു, "കുഞ്ഞിന്റമ്മ സീറ്റുവിട്ടെഴുന്നേല്ക്കുന്നു. വളരെ വിഷമിച്ചാണൊരു ഫിലിം കാണിക്കാൻ കൊണ്ടുവന്നത്, അതിങ്ങനെയായി എന്നുപറയുന്നു. തലവേദന. വീട്ടിൽ ചെന്നാലുടൻ ചൂടു ചായ കുടിക്കണം."

'തേന ത്യക്തേന ഭുഞ്ജീഥാ' എന്നുച്ചരിച്ച് മനോഹർ വികാരവിവശനായി. ഈ ശ്ലോകത്തിന്റെ ശരിയായ അർഥമെന്താണെന്ന് അയാൾക്കറിഞ്ഞുകൂടാ, ആർക്കുമറിഞ്ഞു കൂടാ. ഭഗവാൻ എല്ലാറ്റിലും അടങ്ങിയിരിക്കുന്നു എന്നാണോ അതോ എല്ലാം ഭഗവാനാൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു എന്നാണോ? ഈശ്വരദത്തമാണെന്നു മനസ്സിലാക്കി അഹങ്കാരം കൂടാതെ അനുഭവിക്കണമെന്നാണോ അതോ

അതു ത്യജിച്ചിട്ടനുഭവിക്കണമെന്നാണോ പറയുന്നത്? ത്യാഗം, ഭോഗം എന്നീ വാക്കുകളെ ഇത്ര സരളസംഭ്രമത്തോടെ കോർത്തുചേർത്ത ആ വ്യക്തിയെ ഭാവനയിൽ കാണാനും അയാളുടെ ആശയമറിയാനും മനോഹർ ആഗ്രഹിച്ചു. അപ്പോൾ ജോഷിജി എലിയറ്റവതാരമായി അയാളെ അറിയിച്ചു, "ആദാമിന്റെ മകനേ, നിനക്കു മനസ്സിലാവുകയില്ല, നിനക്കനുമാനിക്കാൻ പോലും സാധിക്കുകയില്ല."

എറ്റേണൽ മിസ്റ്ററി ബോൺ ഇൻ ബംഗാൾ

തിരക്കഥാസാരം ഒരു പഴയ സഞ്ചിയിലൊളിപ്പിച്ച്, കക്ഷത്തിടുക്കി ജോഷിജി സിനിമാലോകത്തെ നൂറുശതമാനം ജീനിയസായ രഥിജിത് ഭട്ടാചാര്യയെ കാണാനിറങ്ങി. ദാദാ ബോംബെവാസത്തിന്റെ ആ കാലയളവിൽ മാഹിം ക്രീക്കിനടുത്ത് മറാഠിസിനിമയിലെ പൊളിഞ്ഞുപോയ ഒരു പ്രമാണിയുടെ വിധവയോടൊപ്പം യഥായോഗ്യം അനൗപചാരിക പേയിങ് ഗസ്റ്റായി താമസിക്കുകയായിരുന്നു. ദാദാ ഈ വിധവയിലോ, ഇവളുടെ പരിത്യക്തയായ പുത്രിയിലോ കുടുങ്ങിയെന്ന് പരിചയക്കാരറിയുമെന്ന ചിന്ത അദ്ദേഹത്തിനില്ലായിരുന്നു. പരിത്യക്തയുടെ ഒരു വയസ്സ് പ്രായമുള്ള കുഞ്ഞിലാണ് അദ്ദേഹം കുടുങ്ങിയതെന്നാണ് അദ്ദേഹത്തെ അറിയാവുന്നവർ കരുതുന്നത്. ബംഗാളിൽ വിജയിച്ച പല ആർട്ട് ഫിലിമുകളും കമേഴ്സ്യൽ ഫിലിമുകളും നിർമിച്ച, ഹിന്ദിയിലും വിദഗ്ദ്ധനായ തിരക്കഥാകൃത്തും സംവിധായകനുമാണെന്നു തെളിയിച്ച ദാദാ ഏതോ മനഃശാസ്ത്രപരമോ ഗ്രഹനില സംബന്ധിച്ചതോ ആയ ശാഠ്യത്തിനു വിധേയനായി ചിലപ്പോൾ സ്വന്തം ഇഷ്ടപ്രകാരവും മിക്കപ്പോഴും സാഹചര്യസമ്മർദം മൂലവും നിമ്നമധ്യവർഗ പശ്ചാത്തലത്തിൽ കഴിഞ്ഞുകൂടുന്നത് ജോഷിയിൽ ഭക്തികലർന്ന വിസ്മയം ജനിപ്പിച്ചു.

ദാദായ്ക്കു പരാജയം സംഭവിക്കുമ്പോൾ പോത്തിനു ചെളിയിൽ കിടന്നുരുളുമ്പോൾ കിട്ടുന്നത്ര രസമനുഭവപ്പെടാറുണ്ടെന്നു തോന്നും. പരാജിതരോട് മണിക്കൂറുകളോളം സംസാരിച്ചുകൊണ്ടിരിക്കും. എന്നാൽ സാഫല്യം നേടുന്നവരോട്, അദ്ദേഹത്തിന്റെ വിജയത്തിനു ഹേതുഭൂതരാകാൻ സാധ്യതയുള്ളവരോട് സംസാരിക്കുന്നതിന് അഞ്ചു മിനിറ്റ് നീക്കിവയ്ക്കുന്നത് ബുദ്ധിമുട്ടാണ്. അടിയേറ്റവരോട് അദ്ദേഹത്തിന്റെ മനസ്സിൽ സ്നേഹം നിറഞ്ഞു നില്ക്കുന്നു, മുകളിലെത്തിപ്പെട്ടവരെ അപമാനിക്കാനാണ് വാസന. തോല്ക്കാനും തോല്ക്കുന്നവരോടു ചങ്ങാത്തം കൂടാനും അദ്ദേഹത്തിനു വാശിയുള്ളതുപോലെ തോന്നി. ദാദാ വിചാരിച്ചിരുന്നെങ്കിൽ ആരാകുമായിരുന്നു, ഇനിയും വേണമെങ്കിൽ ആരാകാമെന്ന് ആരാധകർ കൂടുമ്പോൾ ചർച്ചചെയ്യാറുണ്ട്.

മാർക്സിസ്റ്റും വിപ്ലവകാരിയുമാണെന്നു കരുതപ്പെടുന്ന ദാദ പ്രേര

ണാദായകങ്ങളായ വിശ്വാസത്തിന്റെ ഫിലിമുകളല്ല, തോല്വിയുടെ ചിത്രങ്ങളാണ് നിർമിക്കുന്നതെന്ന വസ്തുത വളരെയേറെ ചിന്താക്കുഴപ്പം സൃഷ്ടിക്കുന്നതായിരുന്നു. വിപ്ലവം അദ്ദേഹത്തിന്റെ ഫിലിമുകളിൽ ദാരുണമാംവിധം നിഷ്പ്രയോജനരൂപം ധരിച്ചാണെത്തിയിരുന്നത്. ഉദാഹരണത്തിന് 'സിംഹനാദ'ത്തിൽ അക്രമിയായ ജന്മിയോടുള്ള പ്രതിഷേധം പ്രകടിപ്പിക്കുന്നതിന് ദരിദ്രകർഷകന്റെ ബാലനായ മകൻ ഏകാന്തതയിൽ ജന്മി അലറുന്നത് അനുകരിച്ചുകൊണ്ട് സിംഹത്തെപ്പോലെ അലറാൻ ശ്രമിക്കുമായിരുന്നു. ജന്മി അവനെ പിടികൂടുന്നു, അടിക്കുന്നു. വീണ്ടും അതുപോലെ അലറാൻ ആവശ്യപ്പെടുന്നു. ബാലൻ അലറുമ്പോൾ അവനെ അടിക്കുന്നു. ഇത് പലതവണ ആവർത്തിക്കുന്നു. ഭക്തന്മാരുടെയും ആരാധകരുടെയും ശ്രദ്ധ മറ്റൊരു വഴിക്കും നീങ്ങി. കമ്മ്യൂണിസ്റ്റായിട്ടും ദാദാ 'അവർ പുത്തൻ പുലരിയിലേക്കു നടന്നു നീങ്ങി' എന്നു തുടങ്ങി എല്ലാവർക്കും പെട്ടെന്നു മനസ്സിലാകുന്ന വാക്കുകളോടെ ഒരു ഫിലിമും അവസാനിപ്പിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ഫിലിമുകളുടെ അന്ത്യം വേദനാജനകമായ അനിശ്ചിതത്വത്തോടെയാണെന്നതും ചർച്ചാവിഷയമാകാറുണ്ട്. 'ടൂസി എന്ന പെൺകുട്ടി'യുടെ അന്തിമ ദൃശ്യമോർത്ത് ആരാധകർ കണ്ണുനീരൊഴുക്കും. ജീവിതകാലം വഞ്ചിക്കപ്പെട്ട്, ഇഞ്ചിഞ്ചായി മരിച്ച ടൂസിയുടെ ശവത്തിന്റെ ഷോട്ടിനോടൊപ്പം, പൊതുവെ മൗനിയായി കഴിയുന്ന ടൂസി വളരെ മുമ്പ് തന്റെ കാമുകനോടു പറഞ്ഞ ഒരു സാധാരണവാക്യം സൗണ്ട്ട്രാക്കിൽ മുഖരിതമാകുന്നു, 'എനിക്കൊരു കാര്യം പറയാനുണ്ട്' പിന്നീട് ക്യാമറ ഒരു ഫക്കീറിന്റെ നേർക്കു തിരിയുന്നു. ആ സ്വരം റിക്കാർഡിങ് റൂമിൽ നിന്ന് വികൃതമായി മുറിഞ്ഞു മുറിഞ്ഞു കേട്ടുതുടങ്ങുന്നു 'പറയാനുണ്ട്, പറയാനുണ്ട്, എനിക്കൊരുകാര്യം, എനിക്കൊരുകാര്യം...'

പുരോഗമനവാദിയായിരുന്നെങ്കിലും പൗരാണികതയോടുള്ള നിർബന്ധബുദ്ധി കാരണം ദാദാ ഒരു തലം വരെ കടുത്ത പാരമ്പര്യവാദിയുമായിരുന്നു. അദ്ദേഹത്തിന്റെ ഫിലിമുകൾ പൗരാണിക സന്ദർഭങ്ങളെക്കാൾ കുറേക്കൂടി തീക്ഷ്ണമായി, കുറേക്കൂടി പ്രകാശമാനമായിത്തീരാറുണ്ട്. 'ഞാൻ വരും' എന്ന ഫിലിമിലെ രാധ എന്ന നായികയെ ബലാൽസംഗം ചെയ്യുന്ന ഷോട്ട് 'ഗീതഗോവിന്ദ'ത്തിലെ പദം പാടുന്ന വൈഷ്ണവന്റെ ഷോട്ടിൽ മിക്സ് ചെയ്തവതരിപ്പിച്ചതുകണ്ട് ചലച്ചിത്രമർമജ്ഞർ നതമസ്തകരാകുന്നു.

ജോഷിജി ഇക്കാര്യങ്ങളെല്ലാം വഴിമധ്യേ എന്നെ പറഞ്ഞു മനസ്സിലാക്കി. എന്നിട്ടു പറഞ്ഞു, "ദാദായ്ക്ക് തീർച്ചയായും എന്റെ ഈ തീം ഇഷ്ടപ്പെടും. എന്തുകൊണ്ടെന്നാൽ ഇതിലും അതേ ദാരുണമായ അനിശ്ചിതത്വമുണ്ട്." ഞാൻ പറഞ്ഞു, "സാറേ, എനിക്ക് നിങ്ങളുടെ അനിശ്ചിതത്വം മനസ്സിലാകുന്നില്ല. രണ്ടിലൊന്നു തീർച്ചയുള്ള കളിയേ

എനിക്കു മനസ്സിലാകൂ."

ജോഷിജി ചെന്നപ്പോൾ ദാദ തറയിൽ കിടന്നുറങ്ങുകയായിരുന്നു – ലഖ്നൗ സർവകലാശാലയിലെ ഹോസ്റ്റലുകളിൽ പറയാറുണ്ടായിരുന്ന ഹാസ്യാസ്പദമായ പോസിൽ, 'തേഡ് പോക്കറ്റിൽ കയ്യിട്ടു കിടന്നുറങ്ങുന്നു' ജോഷി മുഖം തിരിച്ചു. ഗുരുവും ഇങ്ങനെയാണുറങ്ങുന്നത്, മനസ്സിലായില്ലേ?

എവിടെ ഇരിക്കും? ദാദാ തറയിൽ ഹോൾഡോളിൽത്തന്നെ മെത്ത നിവർത്തി കിടക്കുകയായിരുന്നു – ഇപ്പോഴും ട്രെയിനിൽ യാത്ര ചെയ്യുകയാണെന്നു തോന്നിപ്പിക്കും, ഈ റിസർവ് ബർത്തിൽ ജോഷിക്ക് ചന്തികുത്താൻ പോലും ഇടമില്ല ഫർണിച്ചർ എന്നുപറയാൻ മുറിയിൽ ആകപ്പാടെ ആടുന്ന ഒരു മേശ മാത്രം. അതിന്മേൽ കുറേ കടലാസ് ചിതറിക്കിടപ്പുണ്ടായിരുന്നു, പറന്നുപോകാതിരിക്കാൻ ഏതാനും പുസ്തകങ്ങളും വച്ചിട്ടുണ്ടായിരുന്നു ദാദ മഹാഭാരതത്തെ ആധാരമാക്കി ഹിന്ദിയിൽ ഒരു ടെക്നികളർ ഫിലിം നിർമിക്കാനുള്ള പഴയ ആഗ്രഹം ഇപ്പോഴും വിട്ടിട്ടില്ലെന്ന് ആ പുസ്തകങ്ങളും കടലാസുകളും വ്യക്തമാക്കി. അതുകണ്ട് എനിക്കല്പം നിരാശതോന്നി. ദാദായ്ക്ക് ഹിന്ദിയിൽ ബിഗ്ബജറ്റ് ഫിലിം നിർമിക്കാനവസരം കിട്ടിയാൽ മഹാഭാരതത്തിനു ചുറ്റും കറങ്ങുമെന്ന് എനിക്കുതോന്നി. ജോഷിക്ക് അതിൽ വിഷമം തോന്നിയില്ല. അദ്ദേഹം കഥയെഴുതിക്കഴിഞ്ഞു – കാൻ മഹോത്സവത്തിൽ പ്രദർശിപ്പിക്കാൻ പോകുന്ന ആർട്ട് ഫിലിമിനുവേണ്ടി.

മേശപ്പുറത്ത് കടലാസുകളുടെയും പുസ്തകങ്ങളുടെയും കൂമ്പാരത്തിനിടയ്ക്ക് കടുകെണ്ണയുടെ ഒരു കുപ്പി, ഒരു മുറിഞ്ഞ ചീപ്പ്, ഷേവ് ചെയ്യാനുള്ള ഉപകരണങ്ങൾ, പേസ്റ്റ്, ബ്രഷ്, ആഷ്ട്രേയായി ഉപയോഗിക്കുന്ന പ്ലേറ്റ്, തലവേദനയ്ക്കുള്ള ഗുളികകൾ, ബീഡിയുടെ ഒഴിഞ്ഞ ബണ്ടിൽ, ഉപയോഗിച്ചു തീർന്ന റം കുപ്പി, രണ്ട് ഗ്ലാസ് മുതലായവ അങ്ങിങ്ങ് കാണപ്പെട്ടു. മേശയ്ക്കടിയിൽ പഴയതും അപകടസ്ഥിതിയിലുള്ളതുമായ ഒരു സൂട്ട്കേസുണ്ടായിരുന്നു. അതു നീക്കിയിട്ട് ഇരിപ്പിടമാക്കുന്നതും ഉചിതമാണെന്നുതോന്നിയില്ല.

അടുത്തമുറിയിൽ മറാഠിനാടകത്തിന്റെ റിഹേഴ്സൽ നടക്കുകയായിരുന്നു. വിധവയുടെ ദുഃഖപുത്രിയാണ് നായിക. അവൾ ചോദിച്ചു, 'നിങ്ങൾ എന്നോടെന്തിനു ചോദിക്കുന്നു?' നായകൻ മറുപടി പറഞ്ഞു, 'എന്നോടു ചോദിക്കാൻ ധൈര്യമില്ലാത്തതുകൊണ്ട്.' സ്ഥിരതയില്ലാത്ത ഈ ഡയലോഗ് ജോഷിജിയെ മലർത്തിയടിച്ചു.

നിന്ന് നിന്ന് കാൽ വേദനിക്കാൻ തുടങ്ങി. ഞാൻ ദാദായുടെ മുറിയിൽ തിരിച്ചുവന്നു. തുണിസഞ്ചിയെടുത്ത് തറയിലെ പൊടിതട്ടി ഇരിക്കാനിടം വൃത്തിയാക്കി. പൊടി പറന്നപ്പോൾ എനിക്ക് ചുമവന്നു, ദാദാ

തുമ്മി. ദാദാ എഴുന്നേറ്റു. ജലപ്രവാഹം പോലെ ഇംഗ്ലീഷിൽ ശകാരിച്ചു, ഹിന്ദിതെറികൾ ആവശ്യംപോലെ കൂട്ടിച്ചേർത്തു. കോപത്തിന് ഇംഗ്ലീഷ്, തെറിക്ക് ഹിന്ദി – മിടുക്കൻ ബംഗാളി! മനോഹർ ഗ്ലാസ്സും പ്ലെയ്റ്റും കഴുകിക്കൊണ്ടുവന്നു. ഒഴിഞ്ഞ കുപ്പിയിൽ വെള്ളം നിറച്ചു കൊണ്ടുവന്നു. നിറഞ്ഞ കുപ്പിയും ചിപ്സ്പ്ലേറ്റും ദാദായുടെ മുന്നിൽ വച്ചു.

ദാദാ മന്ദഹസിച്ചു, "നീയും എന്റെ കൂടെ കുടിക്കുമോ? ആചമനത്തിനു കൊണ്ടുവന്നതാണോ"?

"ഞാൻ കുടിക്കുന്നില്ല, ദാദാ." മനോഹർ പറഞ്ഞു

"കുടിക്കുന്നില്ല എന്നത് ഒരു കാര്യം. കുടിക്കുകയില്ല എന്നത് വേറൊരു കാര്യം. ഇതിലേതാണ് നിന്റെ കാര്യത്തിൽ ശരി?"

"കുടിക്കാറുണ്ട്. ഇപ്പോൾ കുടിക്കുന്നില്ല." ഞാൻ പറഞ്ഞു.

"ഇപ്പോൾ കുടിക്കുന്നില്ലെന്നു പറഞ്ഞാലെങ്ങനെ ശരിയാകും?" മദ്യപാനശീലം കൊണ്ടു രോഗിയായ ദാദാ ചോദിച്ചു, "ഞാനെന്താ ആൽക്കഹോളിക്കാണോ, തനിയെ ഇരുന്നു കുടിക്കാൻ?"

പിന്നെ രണ്ടു ഗ്ലാസ്സിൽ രണ്ടു പെഗ് ഒഴിച്ചുകൊണ്ടു പറഞ്ഞു, "ഒരു കാര്യം ചെയ്യാം. നീ ചെറുതൊന്നു കുടിക്ക്. ഈ ജൂനിയർ. ഞാൻ വലുത് കഴിക്കാം. ഈ സീനിയർ. ഓ.കെ. ഇപ്പോഴേ തുടങ്ങിക്കോളൂ ജോഷീ. ഓൺ വിദ് ദ സ്ക്രിപ്റ്റ് ആൻഡ് ദ ഡ്രിംക്സ്."

ജോഷിജി മദ്യപാനവും സ്ക്രിപ്റ്റ് വായനയും ആരംഭിച്ചു. ഒരു ഗ്രാമാന്തരീക്ഷം. തന്റെ ചെറിയ കട പൂട്ടി ദലപത് വീട്ടിലേക്കുപോകുന്നു. അയാളുടെ വാർധക്യകാലത്തു ജനിച്ച ഏകസന്താനമായ നിർമലയുടെ പത്താം പിറന്നാളാണിന്ന്. ദേവീപ്രസാദം കൊണ്ടു കിട്ടിയ മകൾ, ദേവിതന്നെയാണവൾ. 'ഈ ചിലങ്ക മോൾക്കുവേണ്ടി വാങ്ങിയതാണോ' എന്ന അടുത്ത കടക്കാരന്റെ ചോദ്യത്തിനുത്തരം പറയുന്നതിനിടയ്ക്ക് വ്യക്തമാക്കപ്പെട്ട വിവരങ്ങളാണിവ.

ദാദാ പറഞ്ഞു, "കു... കി...കിക്ക്."

ജോഷിജി അമ്പരപ്പോടെ തലയുയർത്തി. വിധവയുടെ ചെറുമകൾ മുറിയിൽ വന്നു. ദാദാ അവളെ മടിയിലിരുത്തി. ജോഷിജി മിണ്ടാതിരിക്കുന്നതു കണ്ട് അദ്ദേഹം പറഞ്ഞു, "നീ വായന തുടരൂ. ഈ ഡിങ്കി നമ്മുടെ ഫിലിംസ്റ്റാർ! ഇവളുടെ അപ്രൂവലും ആവശ്യമാണ്."

ജോഷിജി കഥാസാരം വീണ്ടും വായിച്ചു. ചിലങ്ക മോഷണം പോകുന്ന ഭാഗമായപ്പോൾ ദാദാ നിലവിളിച്ചു, "എന്തൊരു ദാരുണമായ പ്രവൃത്തി!"

ജോഷിജി കവിസമ്മേളനരീത്യാ തലകുനിച്ച് ഇരുകാതുകളോളമെത്തുന്ന പുഞ്ചിരിയോടെ കഥാസാരം വായിക്കുന്നതിനുപകരം ദാദായുടെ നേർക്കുനോക്കി. 'ദാരുണപ്രവൃത്തി' അയാളുടെ തിരക്കഥയി

ലല്ല, ദാദായുടെ മുണ്ടിലാണു നടന്നതെന്നറിയിച്ചു.

"ഏയ് വാസന്തീ!" ദാദാ ഡിങ്കിയെ കൈക്കുപിടിച്ചു പൊക്കിക്കൊണ്ടു വാതിലിനടുത്തേക്കു നീങ്ങി. "ബേബി, ചീ-ചീ ഒഴിച്ചു."

ദുഃഖപുത്രി വാസന്തി വന്നു, തന്റെ ദുഃഖചിഹ്നമെടുത്തുകൊണ്ടു പോയി. ദാദാ എന്നോടു പറഞ്ഞു, "ഹീറോയിൻ ഡിങ്കി ഹീറോയിൻ റിങ്കുവിനെക്കാളൊട്ടും പിന്നിലല്ല. റിങ്കുവിനെ അറിയില്ലേ? ശർമിളാ ടാഗോർ. വർഷങ്ങൾക്കു മുമ്പ് അവളും നമ്മുടെ മടിയിൽ ഇങ്ങനെ ചീ-ചീ ഒഴിച്ചിട്ടുണ്ട്. എത്രവേഗമാണ് കാലം കടന്നുപോകുന്നത്! ടൈം തീമാക്കി ഒരു ഫിലിം നിർമിക്കുന്നതിനെക്കുറിച്ചു ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്."

'കാലം' രംഗത്തുവരാത്ത കഥാപാത്രമായി രചിക്കപ്പെട്ട പ്രീസ്റ്റ്ലിയുടെ നാടകങ്ങളിലേക്ക് ജോഷി അദ്ദേഹത്തിന്റെ ശ്രദ്ധ ക്ഷണിച്ചു.

"ഇഡിയറ്റ്!" ദാദാ പറഞ്ഞു, "നീയും നിന്റെ പ്രീസ്റ്റ്ലിയും! ഇനിയിപ്പോ നമ്മൾ വാട്ടീസ് ടൈമെന്ന് വെസ്റ്റേണേഴ്സിനോടു പഠിക്കണോ? കാലത്തെക്കുറിച്ച് അവരുടെ പ്രീസ്റ്റിനെക്കാളും പ്രീസ്റ്റ്ലിയെക്കാളുമേറെ നമ്മുടെ ഋഷിമാർ പ്രതിപാദിച്ചിട്ടുണ്ട്. കാലം, മഹാകാലം, കാളി, കാലപുരുഷൻ - ആൻഡ് ഓൾ ദാറ്റ്."

ജോഷിജി വകതിരിവോടെ തലയാട്ടി.

ദാദ പറഞ്ഞു, "ജോഷി, നീ മനസ്സിലാക്കണം. രണ്ടു വസ്തുക്കളേ ഇമ്പോർട്ടന്റായുള്ളു - കാമവും കാലവും. ഇതു മനസ്സിലാക്കിയാൽ സ്ക്രിപ്റ്റ് നന്നാകും." ദാദാ മുണ്ട് കഴുകാനായി കുളിമുറിയിലേക്കു പോയി.

അദ്ദേഹം അവിടെ നിന്നു വിളിച്ചു പറഞ്ഞു, "തുടർന്നോളൂ, ജോഷി, ഓൺ വിദ് യുവർ സിനോപ്സിസ്."

ജോഷിജി പറഞ്ഞു, "ദാദ, താങ്കൾ വെളിയിൽ വന്നിട്ട് വായന തുടരാം."

ദാദാ പെട്ടെന്ന് വെളിയിൽ വന്നു - അണ്ടർവെയർ ധരിച്ചുകൊണ്ട്. അദ്ദേഹം പറഞ്ഞു, "ജോഷീ, ഒരു കാര്യം ഓർമിക്കണം. എനിക്ക് ഇമ്മെൻസ് കോൺസെൻട്രേഷനാണുള്ളത്. നിന്നോടു പറയാം. എനിക്ക് ക്ലാസ്സിക്കൽ മ്യൂസിക്കിൽ വലിയ താല്പര്യമായിരുന്നു. എക്സലന്റ് തബല പ്ലെയറായിരുന്നു. 'സമ'ത്തിൽ ബാത്ത്റൂമിൽ പോകുകയും, 'സമ'ത്തിൽത്തന്നെ തിരിച്ചെത്തുകയും ചെയ്യുമായിരുന്നു. ഇപ്പോൾ നിനക്കു കാണിച്ചുതരാം. അറ്റ്ലീസ്റ്റ് മൂന്നുതാളമെങ്കിലും നിനക്കറിയാമായിരിക്കും."

ജോഷിജിയോടു ഞാൻ പറഞ്ഞു, "ങാ, എന്നുപറഞ്ഞു സൊല്ല ഒഴിവാക്ക്. അല്ലെങ്കിൽ ആദ്യം മൂന്നുതാളങ്ങൾ പഠിക്കേണ്ടിവരും."

"അറിയാം അല്ലേ? ഗുഡ്. അതിൽ ഈ ക്രമമുണ്ട്" ദാദാ പറഞ്ഞു,

പാടി, ''ഭൂഷണം ഭുജഗം ഘോരം, വ്യാപ്തം സകലം ദേഹം, അർധാംഗീ ഗൗരി, ശോഭതേ ഭസ്മം തനു: ധാ-ധിന്-ധിന്-ധാ, ധാ-ധിന്-ധിന്-ധാ, നാ-തിന്-തിന്-താ, ധാ-ധിന്-ധിന്-ധാ. ഇങ്ങനെ കൈകൊണ്ടുതാളമടിക്കുക-രണ്ട് മൂന്ന്-നാല്, ആറ്-ഏഴ്-എട്ട്, പതിന്നാല്-പതിനഞ്ച്-പതിനാറ്. നീ ഈ മധ്യലയത്തിലിരിക്ക്. നമ്മുടെ തബലയുടെ താളം..."

ദാദാ കുളിമുറിയിലേക്കു പോയി. ജോഷിജി താളമേളങ്ങളെല്ലാം മറന്നു. അല്പം കഴിഞ്ഞു ഫ്ളഷ് വലിക്കുന്ന ശബ്ദം കേട്ടു. പിന്നെ പെട്ടെന്നു കതകു തുറന്നു. 'തന, തന്നാനെ, തന്നാനെ' എന്നു പറഞ്ഞുകൊണ്ട് എന്റെ നേർക്കു കൈനീട്ടി. "കണ്ടില്ലേ, ഞാൻ 'സമ'ത്തിൽ വന്നത്?"

ഞാൻ കൈകൊടുത്തു, തലയാട്ടി സമ്മതിച്ചു.

ദാദ പറഞ്ഞു, ''ത്രില്ലിങ്, ദിസ് താള -ലയ. ഇതാണ് അസൽ സാധനം. ഇപ്പോൾ കാമത്തിന്റെയും കാലത്തിന്റെയും കാര്യം പറഞ്ഞില്ലേ, കാലത്തിന്റെ താക്കോൽ താളമാണ്, കാമത്തിന്റെ താക്കോൽ സ്വരവും. താളവും സ്വരവും അറിയാമെങ്കിൽ എല്ലാമറിഞ്ഞെന്നു കരുതാം. ഏയ് വാസന്തീ..."

ദുഃഖപുത്രി വാസന്തി ബേബി ഡിങ്കിയുമായി വാതില്ക്കൽ പ്രത്യക്ഷപ്പെട്ടു.

"അയല്പക്കത്തെങ്ങാനും ഒരു ജോഡി തബല കിട്ടുമെങ്കിൽ എടുത്തുകൊണ്ടുവരു."

''നോക്കാം.'' ദുഃഖപുത്രി പറഞ്ഞു, ''ബേബിയെ ഇവിടെ. നിർത്തട്ടെ?"

ദാദാ ബേബിയെ എടുത്തു.

ജോഷിജി കഥാസാരം വായന തുടർന്നു.

ദാദ ഡിങ്കിയെ താളാത്മകമായ ഒരു പാട്ടുപാടി കേൾപ്പിച്ചു, "ആടിനു കാൽ മൂന്ന്, പൂച്ചയ്ക്ക് വാലൊന്ന്, ധാഗിനാ-ധിന്-ധിന്, പാടരുതേ ഈ പാട്ട്, തിന്നരുതേ എന്റെ ചെവി." ദാദ ഡിങ്കിയോടു കളിച്ചു കൊണ്ടിരുന്നു. ഏതോ കവിതാ പുസ്തകം മറിച്ചുനോക്കുകയും കുടിക്കുകയും ചെയ്തു, ഷേവ് ചെയ്തു. ദാദാ ജനലിനടുത്തുനിന്ന് റോഡിലൂടെപോയ ഒരു സ്ത്രീയെ ഉപദേശിച്ചു, 'കുഞ്ഞുങ്ങളെ സ്നേഹത്തോടെ കാര്യം പറഞ്ഞു മനസ്സിലാക്കൂ.' അടുത്തമുറിയിൽ പോയി മറാഠിനാടകത്തിന്റെ റിഹേഴ്സൽ കണ്ടുമടങ്ങി. ദാദ എല്ലാം ചെയ്തു. പക്ഷേ, ജോഷിയുടെ കഥാസാരം ശ്രദ്ധിച്ചു കേട്ടില്ല. ദാദായുടെ ഇമ്മെൻസ് കോൺസെൻട്രേഷനിൽ വിശ്വസിച്ച് ജോഷിജി വായന തുടർന്നു. ഒടുവിൽ ജോഷിജി ഫൈനൽ ഫെയ്ഡ് ഔട്ടിലെത്തി.

"വെൽ, വെൽ!" ദാദാ പറഞ്ഞു, "ദിസ് കാൾസ് ഫോർ ഡ്രിങ്ക്സ്."

"തീം കൊള്ളാമോ ദാദാ?" ജോഷിജി അതീവ ഭക്തിയോടെ ആരാഞ്ഞു. സ്വരക്ഷയ്ക്കുള്ള ഉപായം മുൻകൂട്ടി കണ്ടുകൊണ്ട് ഇത്രയും കൂട്ടിച്ചേർത്തു, "സ്ക്രീൻപ്ലേ തയ്യാറാക്കുമ്പോൾ കൂടുതൽ ക്രിസ്റ്റലൈസ്ഡാകും."

"എന്തു ക്രിസ്റ്റലൈസ്?" ദാദാ നെടുവീർപ്പിട്ടു. "നിന്റെ ഗ്രഹാം ഗ്രീൻ ഫോസിലൈസ്ഡായിത്തീർന്നു. തീം പെർഫക്ട്‌ലി ബോർ. കേട്ടിട്ടു ബുദ്ധിമന്ദിച്ചു."

അതുകേട്ടു ജോഷിജിയുടെ മുഖമിരുണ്ടു.

ദാദാ ചെറുതായി പുഞ്ചിരിച്ചു. "എന്നാൽ വിഷമിക്കാനൊന്നുമില്ല. നീയെന്ന സോകാൾഡ് ജീനിയസും ഞാനെന്ന സോകാൾഡ് ജീനിയസും ഇപ്പോൾ, ഇറ്റ് കാൾസ് ഫോർ ഡ്രിംക്സ്."

"ദാദാ, ഞങ്ങളുടെ പക്കൽ പണമില്ല." മനോഹർ പറഞ്ഞു.

"വണ്ടർ ഫുൾ!" ദാദാ പറഞ്ഞു. "ഭക്തജനങ്ങളുടെ ഭവനങ്ങളിൽ പോയി കുടിക്കാം. കം. ലെറ്റസ് ഗോ."

ദാദാ ബസ്സിൽ കയറി. വഴിമധ്യേ ഞാൻ ചോദിച്ചു, "ദാദാ താങ്കളുടെ അടുത്ത പ്രോജക്ട് എന്താണ്? കിഴക്കൻ ബംഗാളിൽ നിന്നു വന്ന അഭയാർഥി കവിയെ ആധാരമാക്കി താങ്കൾ നിർമിച്ച 'അവിശുദ്ധഗാനം' എന്ന ഫിലിം തടസ്സപ്പെട്ടു കിടക്കുകയാണെന്നു കേട്ടല്ലോ."

ദാദാ ചിരിച്ചു, "തടസ്സപ്പെട്ടെന്നോ! പണം തീർന്നതുകാരണം ഷൂട്ടിങ് നിർത്തിവച്ചു - അഞ്ച് റീൽ കംപ്ലീറ്റ് ചെയ്തശേഷം. ഇനി പണമുണ്ടായാലും, എന്റെ ഹീറോയുടെ മുഖം ഒരു പാട് മാറിപ്പോയി. അയാളുടെ മുഖത്തുണ്ടായിരുന്ന ഇന്നസെൻസ് ഇപ്പോഴില്ല. ഇനിയെന്തു ചെയ്യും? പറയൂ പുതിയ ഹീറോയെ വച്ച് റീഷൂട്ട് ചെയ്യാനോ? അതിനാര് പണം മുടക്കും? നീ മുടക്കുമോ?"

"ദാദാ, നായകനു മാറ്റം വന്നെന്ന ജസ്റ്റിഫിക്കേഷൻ നല്കി, സ്ലൈറ്റ് കോംപ്രമൈസ് വരുത്തി..."

"നീ എന്നെങ്കിലും ആ ഫിലിം കംപ്ലീറ്റ് ചെയ്യ്." ദാദാ അലറി. "ഒരു കാര്യം മാത്രം - എന്റെ പേര് കൊടുക്കരുത്... ജോഷീ, മനോഹർ ശ്യാം, മേലിൽ എന്റെ മുമ്പിൽ സ്ലൈറ്റ് കോംപ്രമൈസ് എന്ന എക്സ്പ്രഷൻ യൂസ് ചെയ്യാൻ പാടില്ല. സ്ലൈറ്റ് കോംപ്രമൈസെന്താണെന്ന് രഥിജിത് ഭട്ടാചാര്യക്കറിയാൻ പാടില്ല. ബിഗ് കോംപ്രമൈസ്, ടോട്ടൽ കോംപ്രമൈസ് എന്നുപറഞ്ഞാൽ രഥിജിത്തിനറിയാം. സൂപ്പർ ഹിറ്റ് കൊമേഴ്സ്യൽ അയാളെക്കൊണ്ടു നിർമിപ്പിക്കണമെന്നുണ്ടെങ്കിൽ പറയൂ. നല്ല മൂഡാണെങ്കിൽ അയാൾ നിർമിക്കും."

ഈ ശകാരത്തിനുള്ളിൽ ഞാൻ എനിക്കുവേണ്ടി ഒരു തുഴ കണ്ടെത്തി, "ദാദാ, ഹിന്ദിയിൽ ഒരു ബിഗ് ബജറ്റ് കമേഴ്സ്യൽ ഫിലിം ഡയറക്ട് ചെയ്യാൻ മിത്തൽ താങ്കളോടാവശ്യപ്പെട്ടെന്നു കേട്ടല്ലോ."

"എന്നോടാവശ്യപ്പെട്ടിട്ടില്ല." ദാദാ ചൊടിച്ചുകൊണ്ടു പറഞ്ഞു, "ഹിന്ദി ബിഗ് ബജറ്റ് കമേഴ്സ്യൽ ഡയറക്ട് ചെയ്യാൻ എനിക്കു വയ്യ."

"ബിഗ് ഹിറ്റുണ്ടാക്കുന്നത് താങ്കൾക്കെത്രയോ നിസ്സാരം." ഞാൻ പറഞ്ഞു.

ദാദാ പൊട്ടിച്ചിരിച്ചു. ഞാനും ഉത്സാഹപൂർവം അതിൽ സഹകരിച്ചു. ഞാൻ പറഞ്ഞു, "മിത്തലിനുവേണ്ടി താങ്കളിതുവരെ സബ്ജക്ട് തെരെഞ്ഞെടുത്തു കാണുകയില്ല. ഞാനിപ്പോൾ കേൾപ്പിച്ച തീമിന്റെ അടിസ്ഥാനത്തിൽ ടോട്ടൽ കോംപ്രമൈസ് ചെയ്ത് ഒരു കമേഴ്സ്യൽ ഫിലിം നിർമിക്കാൻ സാധിച്ചേക്കും. ഗുരുദത്തിന്റെ സാഹിബ്-ബീബി-ഗുലാം' ഇവിടെ നന്നായി ഓടി. അതുപോലെ. ."

"നീ ബിമൽ മിത്രയാണോ?" ദാദാ ചോദിച്ചു.

"അല്ല." ജോഷിജി പറഞ്ഞു

"ഞാൻ ഗുരുദത്താണോ?" അദ്ദേഹം ചോദിച്ചു.

"അല്ല." ജോഷിജി പറഞ്ഞു.

ഈ ജീനിയസിന്റെ സത്സംഗം മൂലം ഇരുപതിനായിരം കിട്ടുന്ന ഫിലിമല്ല, എന്നെങ്കിലും അൻപത് രൂപ കിട്ടുന്ന ഓർമക്കുറിപ്പായിരിക്കും രൂപം കൊള്ളുന്നതെന്ന തോന്നൽ എനിക്കുണ്ടായിത്തുടങ്ങി.

ദാദാ സംസാരിച്ചു, "എനിക്ക് നിങ്ങൾ ചെറുപ്പക്കാരെക്കുറിച്ച് ഒരു ജിജ്ഞാസയുണ്ട്. നിങ്ങൾക്ക് അഡ്വഞ്ചറിന്റെ സെൻസില്ലാത്തതെന്തുകൊണ്ട്? നിങ്ങൾ തുടക്കത്തിലേ ടോട്ടൽ കോംപ്രമൈസിനു തയ്യാറാകും. നിങ്ങൾക്ക് അംബീഷനില്ല. നിങ്ങൾ സീറോ, നിങ്ങളുടെ ലോകം സീറോ, നിങ്ങളുടെ കലാസൃഷ്ടി മൊബൈൽ, നിങ്ങളുടെ സ്ഥാപത്യം എപ്പോഴും ബുൾഡോസർ കാത്തുനില്ക്കുന്നു."

ജോഷിജി എന്നോടു പറഞ്ഞു. സന്ദർഭം: അന്റോണിയോണിയുടെ ഫിലിം 'ലാ വെഞ്ചുരാ.' പുരാതനക്രൈസ്തവ ദേവാലയത്തിൽ ആധുനിക സ്ഥപതിയോടു നടത്തിയ സംവാദം.

ദാദ പറഞ്ഞു, "രസകരമായ സംഗതി. നിങ്ങൾ പറയുന്ന ആന്റി ഹീറോ വെറും സീറോയാണ്. എന്നാൽ നിങ്ങളെഴുതുന്നതോ പഴയ ട്രഡീഷണൽ ഹീറോയുടെ സ്റ്റൈലിൽ. നിങ്ങൾ സ്വയം സീറോയാണെന്നും സീറോയായി കാണപ്പെടുന്ന ആന്റി ഹീറോ ഒരു ദുരന്തതലത്തിൽ ദാരുണമാംവണ്ണം ഹീറോയുമാണെന്നു നിങ്ങൾ എന്നു മനസ്സിലാക്കുന്നോ, അന്നു മാത്രമേ എന്തെങ്കിലും ഫലവത്താകൂ. സീറോയെ സീറോയാക്കാൻ ഒരു കലാനൈപുണ്യവും വേണ്ട; സീറോയെ പത്ത്, നൂറ്, ആയിരം, ലക്ഷം - ആക്കിത്തീർക്കാൻ കല വേണം."

ജോഷിജിയോടു ഞാൻ ചോദിച്ചു, "സന്ദർഭം?"

അയാൾ പറഞ്ഞു, "തന്റെ സംസർഗം കാരണം ഞാനീയിടെയായി ശ്യാംലാൽ അദീബിന്റെ കോളവും ന്യൂസ്റ്റേറ്റ്സ്മാനിലെ

പുസ്തക സമീക്ഷകളും പോലും വായിക്കുന്നില്ല... പിന്നെ, ദാദായ്ക്ക് ഒറിജിനലും പറയാനറിയാം; അദ്ദേഹത്തിന്റെ മൈൻഡ് ഒറിജിനലാണ്."

ഈ ചിന്തയാൽ ജോഷിയുടെ മുഖഭാവം മാറി. ശകാരം കേട്ട ബാലന്റെ മുഖം പോലെ തോന്നി. ദാദാ പറഞ്ഞു, "കി-കി-കിക്ക്. ഏയ് മനോഹർ, നീ ഡിങ്കിയെപ്പോലെ മുഖഭാവം മാറ്റിയതെന്ത്? ഞാൻ പറയാനാഗ്രഹിച്ചതിത്രമാത്രം – നീ മനസ്സിൽ അംബീഷൻ നിറയ്ക്കൂ."

"തീം നിലവാരമില്ലാത്ത ലവ് ആണെന്ന് താങ്കൾ പറഞ്ഞല്ലോ!"

"തീർച്ചയായും ഞാനങ്ങനെ പറഞ്ഞു. ഇനി ചോദിച്ചാലും അതു തന്നെ പറയും." ദാദാ പറഞ്ഞു, "മനോഹർ, ഈ ലവ് പല സ്റ്റാൻഡാർഡിലുള്ളതുണ്ട്, പല കാറ്റഗറിയുണ്ട്. ശരച്ചന്ദ്രന്റെ ലവ്, ടാഗോറിന്റെ ലവ്, പിന്നെ ഷെയ്ക്സ്പിയറിന്റെ ലവ്. നീ എന്നെ വായിച്ചുകേൾപ്പിച്ച തീം ആരുടെ ലവ് ആണെന്ന് ഇനിയെങ്കിലും പറയൂ."

"എന്റെ" ജോഷിജി പറഞ്ഞു.

"എന്റെ എന്നുപറഞ്ഞാൽ?" ദാദാ ചോദിച്ചു. "നിനക്കൊരു പേരു കാണുമല്ലോ."

"മനോഹർ ശ്യാം ജോഷി."

"പെണ്ണുങ്ങൾ 'താങ്ക് യൂ പ്ലീസ്' പറയുന്ന മട്ടിൽ സ്വന്തം പേരു പറയാതെ. നെഞ്ച് വിരിച്ചു പറയൂ ഞാൻ പറയുന്നതുപോലെ – ഞാൻ ശ്രീ. രഥിജിത് ഭട്ടാചാര്യ. താങ്കളോ?"

ഞാൻ നെഞ്ച് വിരിച്ചു നിന്നു, ദാദായെപ്പോലെ കണ്ഠശുദ്ധി വരുത്തിയശേഷം പറഞ്ഞു , "ശ്രീ മനോഹർ ശ്യാം ജോഷി."

"ങാ" ദാദാ പറഞ്ഞു, "ദാറ്റീസ് ബെറ്റർ. ഇങ്ങനെപറയൂ – മിസ്റ്റർ രഥിജിത് ഭട്ടാചാര്യ, ഇപ്പോൾ ഞാൻ കേൾപ്പിച്ച തീം മിസ്റ്റർ മനോഹർ ശ്യാം ജോഷിയുടേതാണ്."

ബസ്സിൽ നിന്നിറങ്ങി ദാദാ അഭിദായുടെ വീട് ലക്ഷ്യം വച്ചുനടന്നു. വഴിയിൽ വച്ച് ജോഷി ധൈര്യം സംഭരിച്ച് ചോദിച്ചു, "ദാദാ, തീമിൽ എന്തു കുറവാണ് താങ്കൾ കണ്ടത്?"

"ഓ ജോഷി, നിനക്കവളെ ശരിക്കറിഞ്ഞുകൂടാ, എനിക്കവളെ അറിയാം" – ദാദാ പറഞ്ഞു.

"ഞാനവളെ റീയൽ ലൈഫിലറിയും ദാദാ." ജോഷി പറഞ്ഞു

"റീയൽ ലൈഫിലറിയുന്നതൊരു കാര്യം. റീയലായി അറിയുന്നത് വേറൊരു കാര്യം. നീ വാസ്തവത്തിൽ അവളെ അറിഞ്ഞിട്ടില്ല. എനിക്കറിയാം. ആദ്യം കൽക്കത്തയിൽ, പിന്നെ, ബോംബെയിൽ. ഈ പെണ്ണ് ഫിലോസഫി എം.എ.ക്കാരി. തന്ത്രവിദ്യയിൽ റിസർച്ച് ചെയ്തു, നന്നെ സാധനയനുഷ്ഠിച്ചു. അവളുടെ സഹോദരൻ നിഖിലേശ്, ബ്രില്യന്റ് സ്റ്റുഡന്റായിരുന്നു. പോലീസുകാർ അവനെ നക്സലൈറ്റായി തെറ്റിദ്ധരിച്ചു. പർപ്പസായി തല്ലിച്ചതച്ചു. അപ്പോൾ മുതൽ ഈ

ലാർക്കി സ്വയം നക്സലൈറ്റായി. ഇവളുടെ വിപ്ലവ ഗുരു നിന്റെ സ്റ്റോറിയിലെ മധ്യവയസ്കനായ തോക്കുധാരിയെപ്പോലെ തന്നെ. ഹിംസയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും അയാൾക്കറിയാം. ഈയിടെയായി നടക്കുന്ന എല്ലാഭീകരപ്രവർത്തനങ്ങളുമായി അയാൾ കണക്ടഡാണെന്നു പോലീസുകാർ കരുതുന്നു. ഉയർന്ന തലത്തിലുള്ള കുറ്റകൃത്യങ്ങൾ ഉന്നത ശ്രേണിയിലുള്ളവരുടെ ധർമമാണെന്നറിയാമെങ്കിലും അയാൾ അതിനെതിരെ ഒന്നും പ്രവർത്തിക്കുന്നില്ല. പെണ്ണ് നക്സലൈറ്റാണെന്ന വിവരം പോലീസിനറിയാൻ പാടില്ല."

"ദാദാ, താങ്കൾ മറ്റൊരുടെയോ കാര്യമാണ് പറയുന്നത്. ഞാൻ പറയുന്നത് ഒരു ഗുജറാത്തി സ്ത്രീയുടെ കഥയാണ്. അവളുടെ പേര് താരാ ഝാവേരി. ഞാൻ കഥാസാരത്തിൽ പറഞ്ഞിട്ടുള്ളതുപോലെ അവൾ ചോദിക്കുന്നു – ഏനോ മീനിങ് സൂം?" ജോഷിജി എതിർത്തു.

"അവൾ തന്നെ ജോഷി, അവൾ തന്നെ. ദിവ്യസൗന്ദര്യപൂരം, എഫർവെസന്റ് യൂത്ത്, സിൻറ്റിലേറ്റിങ് ഇന്റലക്ട്. നിന്നോടു ഗുജറാത്തിയിൽ ചോദിച്ചു കാണും. എന്നോട് ബംഗാളിയിൽ. ഷീ ഈസ് എറ്റേണൽ മിസ്റ്ററി, ജോഷീ. എറ്റേണൽ മിസ്റ്ററി എന്നെങ്കിലും ബംഗാളിനു പുറത്തു ജനിച്ചിട്ടുണ്ടോ? എറ്റേണൽ മിസ്റ്ററിയുടെ പേര് താരാ ഝാവേരിയെന്നാകാൻ പറ്റുമോ? അവളുടെ പേര് മഹാമായ സെൻ ഗുപ്ത. ഗുജറാത്തിൽ മഹാത്മാവ് ജനിക്കും, മഹാമായ അല്ല."

ജോഷിജി വീണ്ടും എതിർക്കാനാഗ്രഹിച്ചു. എന്നാൽ ഞാൻ ദാദായുടെ ലഹരിയെ ആദരിച്ചുകൊണ്ട് ചോദിച്ചു, "ദാദാ, താങ്കൾക്ക് ഒന്നു മിഷ്ടപ്പെട്ടില്ലേ?"

"എൻഡ് നന്നായി." ദാദാ പറഞ്ഞു, "പക്ഷേ, അതിലും തെറ്റുപറ്റി, ആ പുരുഷന് അബദ്ധവശാൽ വെടിയേറ്റു എന്നല്ലേ താൻ പറഞ്ഞത്? ആക്സിഡന്റ്, എറർ. എന്നാൽ അങ്ങനെയല്ല. അതാണ് ഡെസ്റ്റിനി, വിധി. മനസ്സിലായോ? നീ വിവരിച്ച സോകാൾഡ് എറർ മൂലം വെടിയേറ്റെന്നു പറയുന്നത് ശരിയല്ല. അത് ഡെസ്റ്റൈൻഡാണ്. വെടിയേല്ക്കണമായിരുന്നു. എങ്കിലേ ആദ്യം മുതൽ സ്ക്രിപ്റ്റ് ശരിയായ വഴിക്കുനീങ്ങുകയുള്ളു."

"പക്ഷേ, ദാദാ, താങ്കൾ ഇങ്ങനെ സംസാരിക്കുന്നതെന്താ? താങ്കൾ റെവലൂഷണറിയാണല്ലോ!" ജോഷി സംശയം പ്രകടിപ്പിച്ചു.

"റവലൂഷണറിയായതുകൊണ്ടാണ് ഞാൻ പറഞ്ഞത് – ഹീറോയിൻ താന്ത്രിക മാത്രമല്ല, റവലൂഷണറിയുമാണെന്ന്. വാമമാർഗത്തിന്റെയും വാമപക്ഷത്തിന്റെയും ദ്വൈതം ഞാനില്ലാതാക്കി. റവലൂഷനുപേക്ഷിച്ച് ഒരു സ്ത്രീയുടെ കൂടെ കാട്ടിലേക്കോടിപ്പോയവനെ വെടിവച്ചു കൊല്ലണമെന്നുള്ളത് ഡെസ്റ്റിനിയാണെന്നു ഞാൻ പറഞ്ഞതു റവലൂഷണറിയായതുകൊണ്ടാണ്. മനസ്സിലായോ?"

തന്റെ കഥാസാരം ദാദാ എങ്ങോട്ടെല്ലാം വലിച്ചിഴച്ചു കൊണ്ടു പോകുന്നെന്ന് ജോഷി ആലോചിച്ചു. അയാളെതിർത്തു "റവലൂഷണറിയായിട്ടും താങ്കൾ വിധിയെക്കുറിച്ച് പറയുന്നതെങ്ങനെ?"

"വിപ്ലവം മനുഷ്യവർഗത്തിന്റെ വിധിയാണെന്ന് യാഥാർഥ വിപ്ലവകാരിക്ക് മനസ്സിലാകും." ദാദാ പറഞ്ഞു.

വിപ്ലവം മനുഷ്യന്റെ വിധിയാണെന്നു സ്ഥാപിക്കുന്ന വാദഗതി ജോഷിക്കു ബോധ്യപ്പെട്ടില്ല. ദാദാ അല്പം സെന്റിമെന്റലാണെന്ന സംശയം കുറേക്കൂടി ബലപ്പെട്ടു.

കരളിലൊരു പെണ്ണ് - ഫിലിമിന്റെ പേര്

അഭിദാ അദ്ദേഹത്തിന്റെ വീട്ടിലില്ലായിരുന്നു. അദ്ദേഹത്തിന്റെ അതിഥിയായ ആലോദാ അവിടെ ഉണ്ടായിരുന്നു. ദാദാ അദ്ദേഹത്തോട്, തന്നെ സല്ക്കരിക്കാനാവശ്യപ്പെട്ടു. ആലോദാ ബ്ലാക്ക്നൈറ്റ് ഒരു ബോട്ടിൽ കൊണ്ടുവച്ചു; കുറച്ച് കൊറിക്കാനുള്ളതും. മദ്യപിച്ചുകൊണ്ട് ദാദാ എന്നെ പരിചയപ്പെടുത്തി, "ഇത് മനോഹർ ശ്യാം ജോഷി, മിത്തൽ പ്രൊഡ്യൂസ് ചെയ്യാൻ പോകുന്ന ഫിലിമിന്റെ സ്ക്രിപ്റ്റ് എഴുതിക്കൊണ്ടിരിക്കുന്നു."

"സബ്ജക്ട് എന്താണ്?" ആലോദാ എന്നോടു ചോദിച്ചു.

ഞാനെന്തെങ്കിലും മറുപടി പറയുന്നതിനുമുമ്പ് ദാദാ പറഞ്ഞു, "മൈ ലിവർ. കലാകാരന്റെ കരൾ. ഈ വിഷയമാണ് ഞങ്ങളെടുത്തത്."

ആലോദായ്ക്ക് വിസ്മയം, "കരളോ!"

എനിക്കും വിസ്മയം കുറവല്ലായിരുന്നു.

"യെസ്." ദാദാ പറഞ്ഞു, "കരൾ. ഫിലിമിന്റെ പേര് കരളിലൊരു പെണ്ണ്. പെണ്ണിന്റെ പേര് ചണ്ഡാലി അഥവാ ചണ്ഡി. കരളിന്റെ ഉടമ, കലാസാധകൻ. യൂ ഗെറ്റ് ദ പിക്ചർ."

ആലോദാ കേട്ടിട്ടു ചിരിച്ചു. ദാദാ അദ്ദേഹത്തെ ശകാരിച്ചു, "നിങ്ങളെന്തിനാ ചിരിക്കുന്നത്? ഫിലിം സീരിയസാ. മനോഹർ ശ്യാമും ഗ്രഹാം ഗ്രീനും ചേർന്ന് അങ്ങേയറ്റം ഫന്റാസ്റ്റിക്കായ, സ്ക്രിപ്റ്റാണെഴുതിയിരിക്കുന്നത്. ഓപ്പണിങ് സീക്വൻസ്, നിങ്ങളുടെ അഡ്വർട്ടൈസ്മെന്റ് ഫിലിം പോലെ തന്നെ, അതേ ഡയറക്ട്നെസ്, അതേ ക്രൂഡിറ്റി. ഇത്, അങ്ങയുടെ കരൾ ഇതാണ്. കരൾവിദഗ്ദ്ധനായ ഒരു ഡോക്ടർ പറയുന്നതെന്താണ്? അദ്ദേഹം ലെജൻഡിൽ നിന്ന്, ലിറ്ററേച്ചറിൽ നിന്ന്, പഴയ വൈദ്യന്മാരുടെ ഗ്രന്ഥങ്ങളിൽ നിന്ന്, നിങ്ങളുടെ മോഡേൺ സയൻസിൽ നിന്ന് കരൾസംബന്ധമായ ധാരാളം കാര്യങ്ങൾ പറയുന്നു. മദ്യവിരുദ്ധനായ ഒരാൾ ഒരു ഫിലിം നിർമിച്ചാൽ എങ്ങനെയിരിക്കുമോ, അതു തന്നെയെന്നു വിചാരിക്കുക. മേ ബി ഐ വിൽ ആസ്ക് പ്രൊഹിബിഷൻ പീപ്പിൾ ടു സ്പോൺസർ ഇറ്റ്. മൊറാർജിയെക്കൊണ്ട് തുടക്കം കുറിക്കും. ഡോക്ടർ കാര്യങ്ങൾ പറഞ്ഞു കഴിഞ്ഞ് നമ്മൾ തുടങ്ങുന്നു. ഒരു സിംഗിൾ കരൾ. കരളിനെ ശ്രദ്ധിക്കൂ, സഹോദരാ.

അതാണ് നിന്റെ അച്ഛനും അമ്മയും. ബിമൽദായുടെയടുത്ത് ഒരു ടാലന്റഡ്ബോയ് ഉണ്ട് – ഗുൽസാർ അവനെക്കൊണ്ടെഴുതിക്കാം. ഈ പാട്ടിൽ ക്രെഡിറ്റ്സ് – കെ.ഡി. മിത്തൽ പ്രെസന്റ്സ്, ഏ ഫിലിം ബൈ രഥിജിത് ഭട്ടാചാര്യ, ബേസ്ഡ് ഓൺ ആൻ ഒറിജിനൽ സ്ക്രിപ്റ്റ് ബൈ ഗ്രഹാം ഗ്രീൻ ആൻഡ് മനോഹർ ശ്യാം. രണ്ടുപേരും കൊളാബറേറ്റ് ചെയ്തത്. സ്ക്രിപ്റ്റിൽ ഞാനും സഹകരിച്ചു. പക്ഷേ, അതു ഞാൻ വെളിപ്പെടുത്തുന്നില്ല. തിരക്കഥയും സംവിധാനവും സംഗീതവുമെല്ലാം നിങ്ങൾ തന്നെയാണോ എന്നുചോദിച്ചാലോ? ആലോ, നിങ്ങൾ ഇതൊന്നു മനസ്സിലാക്കാൻ ശ്രമിക്കണം. നമ്മുടെ ഹീറോ മദ്യപനാണ്. മദ്യപൻ മാത്രം. മുമ്പ് മറ്റു ചിലതുകൂടിയായിരുന്നു. അവനെ വളർത്തിയ ചിറ്റമ്മയുടെ സമർഥനായ കുട്ടി. മേധാവിയും അനാഥനുമായ കുട്ടി. എത്രപേർക്ക് എന്തെന്തു പ്രതീക്ഷകൾ! ബ്രില്യന്റ് ബോയ്. അവൻ എഞ്ചിനീയറായില്ല, കലാകാരനായി. പഠിത്തമുപേക്ഷിച്ചു. കവിതയെഴുതി. അതും വേണ്ടെന്നു വച്ചു. പിന്നെ നാടകമെഴുതി, അഭിനയിച്ചു. ഒരു ഫിലിം നിർമിച്ചു. മദ്യപിക്കാൻ പഠിച്ചു. ചീത്തപറയാൻ പഠിച്ചു. സെന്റിമെന്റൽ മിഡിൽക്ലാസ്സിന്റെ റവലൂഷണറി ഹീറോ ആയിത്തീർന്നു."

ആലോദാ ദാദായുടെ ഒഴിഞ്ഞ ഗ്ലാസ് നിറച്ചുകൊണ്ട് ജോഷിയെ നോക്കി മനസ്സിൽ പറഞ്ഞു, 'നായകന്റെ രൂപത്തിൽ ദാദായുടെ സ്വഭാവം തന്നെയാണല്ലോ ചിത്രീകരിച്ചിരിക്കുന്നത്.'

ദാദാ ഒരു കവിൾ കുടിച്ചശേഷം പറഞ്ഞു, "ഇനി നായിക. സരളസ്വഭാവക്കാരിയായ ഗ്രാമീണ പെൺകൊടി. അത്യന്തസുന്ദരി. അവളുടെ അച്ഛൻ സംസ്കൃത പണ്ഡിതൻ. അച്ഛന്റെ ഒരേയൊരു മകൾ. ദേവി അനുഗ്രഹിച്ചു നല്കിയതാണെന്നു വിശ്വസിക്കുന്ന വൃദ്ധനായ അച്ഛൻ അവളെ ദേവീസംബന്ധമായ അനേകം കഥകൾ പറഞ്ഞു കേൾപ്പിച്ചു. പെൺകുട്ടിക്ക് പത്തു വയസ്സുള്ളപ്പോൾ അവളുടെ അച്ഛൻ മരിച്ചു. ഗ്രാമത്തിൽ ഒരനാഥക്കുട്ടി കൂടിയുണ്ടായിരുന്നു. ഇവൾ അവന് അമ്മയെപ്പോലെയായി. ആ കുട്ടിയുടെ പേര് നിഖിലേശ് എന്നായിരുന്നു. ഈ പെൺകുട്ടിയുടെ പേര് മഹാമായ. നമ്മുടെ മദ്യപനായ ഹീറോ ഗ്രാമത്തിൽ പാർത്തിരുന്നു. അയാൾ മഹാമായയേയും നിഖിലേശിനെയും വളരെയേറെ സഹായിച്ചു. എഴുത്തും വായനയും അഭ്യസിക്കാൻ അവരെ പ്രേരിപ്പിച്ചു. കല്ക്കത്തയിൽ നിന്നും വരുമ്പോഴെല്ലാം, 'പഠിക്കൂ – പഠിക്കൂ, എന്നെപ്പോലെ സമർഥനാകൂ' എന്നുപദേശിച്ചു. മഹാമായയ്ക്ക് പതിമൂന്നു വയസ്സുള്ളപ്പോൾ ഒരു കപടതാന്ത്രികൻ അവളെ റേപ്പ് ചെയ്തു. പണക്കാരനായ, പുരോഹിതനായി നടിച്ച ആ അലവലാതി മന്ത്ര – തന്ത്രങ്ങൾ ഉപദേശിച്ച് കന്യകയെ ബലാൽ സംഗം ചെയ്തു."

ദാദാ തുടരെ മൂന്നുനാലു കവിൾ കുടിച്ചു, "ആലോ, നിങ്ങളൊരു കാര്യം മനസ്സിലാക്കണം. ഈ ബലാൽക്കാരം ഞങ്ങളുടെ ഫിലിമിൽ അപൂർണ മനുഷ്യന്റെ പ്രതീകമാണ്. ഇതാണവന്റെ തന്ത്രം, ഇതാണവന്റെ ധർമം, ഇതാണവന്റെ ശാസ്ത്രം, ഇതാണവന്റെ ദർശനം. ഈ സംഭവത്തിനുശേഷം മഹാമായയ്ക്ക് ഭ്രാന്ത് പിടിച്ചു. ഈ ഭ്രാന്ത് പലവിധത്തിലും വിചിത്രമായിരുന്നു. പൂർണമായി അറിയുവാനും മനസ്സിലാക്കാനും പ്രവർത്തിക്കാനുമുള്ള ഭ്രാന്ത്. മനസ്സിലാകുന്നുണ്ടോ? ഇതാണ് ഞങ്ങളുടെ ഹീറോയിന്റെ താക്കോൽ, ഹീറോയുടെ താക്കോൽ, കാപട്യം. മഹാമായ തന്ത്രവിദ്യ പൂർണമായി പഠിച്ചു, കല്ക്കത്തയിൽ റിസർച്ച് ചെയ്തു. നിഖിലേശിനെ ഖരഗ്പൂർ ഐ.ഐ.ടി.യിൽ അയച്ചു പഠിപ്പിച്ചു. നമ്മുടെ കാപട്യക്കാരൻ കല്ക്കത്തയിൽ ഇവരെ ചെന്നുകണ്ടു. മഹാമായ അയാളുടെ നാടകത്തിൽ നായികയായി അഭിനയിക്കണമെന്നാവശ്യപ്പെട്ടു. അവൾ സമ്മതിച്ചില്ല. നാടകത്തിലെ ഇടതുപക്ഷചിന്ത അവൾക്കിഷ്ടപ്പെട്ടില്ല. മഹാമായ വാമമാർഗവിശ്വാസക്കാരി. അവർ തമ്മിൽ പല തവണ ഡിസ്കഷൻ നടന്നു, തർക്കമുണ്ടായി. നമ്മുടെ ഹീറോ അവളോടു പറഞ്ഞു – നീ സെൽഫിഷാണ്. സ്വന്തം മോക്ഷം മാത്രമാഗ്രഹിക്കുന്നവൾ. ഇക്കണക്കിന് അശരണരുടെയും ദുഃഖിതരുടെയും ക്ഷേമപ്രവർത്തനം എങ്ങനെ നടക്കും?... വാമമാർഗമെന്നു പറഞ്ഞാൽ ലെഫ്റ്റിസ്റ്റ്, എസ്റ്റാബ്ലിഷ്മെന്റിനെതിരായ മതമാണത്. നിങ്ങളുടെ കാളി, കൊള്ളക്കാരുടെ ദേവിയാണ്. കവർച്ചക്കാരും വിപ്ലവകാരികളും രാജ്യദ്രോഹികളും കാളിയെ പൂജിക്കുന്നു. ആ സ്ഥിതിക്ക് ഞങ്ങളുടെ ലെഫ്റ്റിസ്റ്റ് നാടകത്തിൽ അഭിനയിക്കാൻ നിങ്ങൾക്കെന്താ തടസ്സം? നിഖിലേശ് അതുകേട്ട് ഇംപ്രസ്ഡായി. അയാൾ ആ സോകാൾഡ് ജീനിയസിന്റെ അനുയായി ആയി. താർപോർമഹാമായ ഒരു ദിവസം..."

ഗ്ലാസ്സിൽ മിച്ചമുണ്ടായിരുന്ന മദ്യം ദാദാ ഒറ്റവലിക്ക് കുടിച്ചു തീർത്തിട്ടു പറഞ്ഞു, "ഒരു ദിവസം നിഖിലേശ് തന്റെ പുതിയ ഹീറോയുടെ കൂടെ ജാഥയ്ക്കുപോയപ്പോൾ, അവിടെ കല്ലേറും വെടിവയ്പും നടന്നു. അതിൽ നിഖിലേശ് കൊല്ലപ്പെട്ടു.നിഖിലേശ് പാർട്ടി മെമ്പറല്ല, സിമ്പതൈസറല്ല; കപടവിപ്ലവക്കാരന്റെ അനുയായി മാത്രം. നമ്മുടെ വിപ്ലവ ഹീറോയിൽ ഇതിന്റെ ഡ്രമാറ്റിക് ഇഫെക്ടുണ്ടാകേണ്ടതായിരുന്നു. എന്നാൽ അതുണ്ടായില്ല. അപ്പോഴുണ്ടായതും കപടനാടകം മാത്രം. അയാൾ കൂടുതൽ മദ്യം കഴിച്ചു! ആലോ, ഗിവ് മി സം മോർ."

ആലോദാ ദാദായുടെ ഗ്ലാസ്സിൽ കുറച്ച് വിസ്കി കൂടി ഒഴിച്ചു. ദാദാ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു, "എനിവേ, മദ്യക്കോപ്പയുടെ റവലൂഷൻ കാപ്പിക്കപ്പിന്റെ റവലൂഷനെക്കാൾ മികച്ചതാണ്."

ദാദാ കുറച്ചുനേരം കുടിച്ചും ചിന്തിച്ചും ഇരുന്നു. പിന്നീട് പറഞ്ഞു, “നിഖിലേശിന്റെ മരണം ആ പെൺകുട്ടിയെ മഹാമായയെ വല്ലാതെ പിടിച്ചുലച്ചു. അവൾ നമ്മുടെ കപട വിപ്ലവകാരിയുടെയടുത്തു വന്നു പറഞ്ഞു... ഏയ്, ജോഷീ, എന്താ പറഞ്ഞത്? ആലോയ്ക്കു പറഞ്ഞു കൊടുക്ക്.”

ജോഷിജി പരിഭ്രമിച്ചു. അപ്പോൾ മനോഹർ വിശ്വാസപൂർവം പറഞ്ഞു, “അവൾ പറഞ്ഞു – നിങ്ങളെന്റെ സഹോദരനെ കൊന്നു.”

“ആങ്! ഡയറക്ട് ആക്യുസേഷൻ. നിങ്ങൾ കാരണം, നിങ്ങൾ അവനെ അവിടെ കൊണ്ടുപോയതുകാരണം അവൻ മരിച്ചു. നിങ്ങളവനെ കൊന്നു! നേരേ പറഞ്ഞു, തെളിച്ചു പറഞ്ഞു. അപ്പോൾ കപടവിപ്ലവക്കാരനെന്തു പറഞ്ഞു ജോഷീ?”

മനോഹർ ഉവാച. “അവൻ പറഞ്ഞു – അതൊരു ദുഃഖകരമായ സംഭവമായിപ്പോയി.”

“ആങ്! ആൻ അൺഫോർച്ചുനേറ്റ് ട്രാജഡി. അവൻ പറഞ്ഞതാണത്. നിങ്ങളുടെ കപടലോകത്തിലെ കപടനേതാക്കന്മാർ കപടപാർലമെന്റിൽ പറയുന്നമാതിരി. നിങ്ങളുടെ അൺഫോർച്ചുനേറ്റ് ട്രാജഡി, ഞങ്ങളുടെ ഹാർട്ട്ഫെൽറ്റ് സിമ്പതീസ്, അതുകേട്ട് പെൺകുട്ടി ചോദിച്ചു, ‘ഇത് ദുരന്തമാണെങ്കിൽ, എന്റെ സഹോദരന് അപകടമരണം സംഭവിച്ചെങ്കിൽ, അതവന്റെ വിധിയാണെങ്കിൽ അതിനു നിമിത്തമായത് നിങ്ങളല്ലേ?’ അതിന് ആ കാപട്യക്കാരൻ എന്തുമറുപടി പറഞ്ഞു, ജോഷീ?”

“ഞാൻ വിധിയെ അംഗീകരിക്കുന്നില്ല, നിമിത്തമാണെന്നും വിചാരിക്കുന്നില്ല എന്നായിരുന്നു അയാളുടെ മറുപടി.” മനോഹർ പറഞ്ഞു.

“ആലോ, ആ പെൺകുട്ടി അയാളോടു പറഞ്ഞു – മൂന്നു കാര്യങ്ങളിൽ ഒന്നു ചെയ്യൂ. എന്നെ കൊല്ലുക, സ്വയം ചാകുക, അല്ലെങ്കിൽ എന്റെ കൂടെ വന്ന് ട്രാജഡിയും സിമ്പതിയും കാപട്യമാക്കിത്തീർത്ത ഈ ലോകത്തെ കൊല്ലുക. അപ്പോൾ നമ്മുടെ ഹീറോ എന്തുപറഞ്ഞു ജോഷീ?”

“ലെഫ്റ്റ് അഡ്വഞ്ചറിസം.”

“പെൺകുട്ടി എന്തു പറഞ്ഞു?”

“ഏനോ മീനിങ് സൂം? ഏതു സമ്മതിച്ചു?”

“ആങ്, അതായിരുന്നു ആ പെൺകുട്ടിയുടെ ചോദ്യം ആലോ, നമ്മുടെ കാപട്യക്കാരൻ അവളെ തന്റെ ഉദ്ദേശ്യം പറഞ്ഞു മനസ്സിലാക്കി. വർഗസമരസിദ്ധാന്തം മുഴുവൻ. സ്ട്രാറ്റജി, ടാക്റ്റിക്സ്, കോൺട്രഡിക്ഷൻസ്, ഡയലക്റ്റിസ് ആൻഡ് ആൾ ദാറ്റ്. പെണ്ണു പറഞ്ഞു – എനിക്കിതൊന്നും മനസ്സിലാകുന്നില്ല. നിങ്ങളുടെ നാടകത്തിലും ഫിലിമിലും സംഭവിക്കുന്ന അംബിഗ്വസ് എൻഡും എനിക്കു

മനസ്സിലാകുന്നില്ല. എന്റെ താന്ത്രികരീതിയിൽ ദ്വൈതമൊന്നുമില്ല. വാമ മാർഗം വിപ്ലവധർമമാണെന്ന് നിങ്ങളൊരിക്കൽ എന്നോടു പറഞ്ഞു. പിന്നെ ഇപ്പോൾ വിപ്ലവത്തിൽ നിന്ന് ഒളിച്ചോടുന്നതെന്തിന്? നിങ്ങളുടെ ഇടതുപക്ഷം മദ്യം കുടിപ്പിച്ച് നിങ്ങൾക്ക് മോക്ഷം തരുവിക്കുമോ? അംബിഗ്വിറ്റിയുടെ കോൺട്രഡിക്ഷന്റെയും നാമം ജപിക്കുന്ന നിങ്ങൾ എങ്ങനെ റിയലിസ്റ്റാകും? അംബിഗ്വിറ്റി മായയാകുന്നു, ദ ഗ്രേറ്റസ്റ്റ് ഇല്യൂഷൻ എവർ."

ആലോദായ്ക്ക് വേണ്ടുവോളം ബോറായിക്കഴിഞ്ഞു. അയാളെഴുന്നേറ്റുനിന്നു പറഞ്ഞു, "വണ്ടർഫുൾ. യൂ മസ്റ്റ് ടെൽ മീ ദ ഹോൾ സ്റ്റോറി സംഡേ ദാദാ."

"ഞാനിപ്പോൾ പറയുകയായിരുന്നല്ലോ. നിങ്ങളെവിടെപ്പോകുന്നു?" ദാദാ ശകാരിച്ചു.

"വൈജയന്തിയുമായി എനിക്ക് അപ്പോയിന്റ്മെന്റുണ്ട്" ആലോദാ പറഞ്ഞു.

"നിങ്ങളുടെ ആ റെച്ചഡ് ഹിന്ദി ഫിലിം പ്രോജക്റ്റിനുവേണ്ടിയാണോ?" ദാദാ പറഞ്ഞു, "അല്പം വൈകുമെന്ന് ഞാനവളെ ഫോൺ ചെയ്തു പറയാം."

ആലോദാ കൈകൂപ്പി യാചിച്ചിട്ടും ദാദാ എഴുന്നേറ്റ് ഫോണെടുത്ത് വൈജയന്തിമാലയുടെ സെക്രട്ടറിയോടു പറഞ്ഞു, "ആലോ മുഖർജി ഋഥിജിത് ഭട്ടാചാര്യയുമായി ഫിലിമിന്റെ സ്ക്രിപ്റ്റ് ഡിസ്കസ് ചെയ്യുകയാണ്. വരാനല്പം വൈകും."

ആലോദാ തലയ്ക്ക് കൈകൊടുത്ത് ഇരുന്നു. ദാദാ അയാളോടു പറഞ്ഞു, "കി-കി-കിക്ക്." തുടർന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു, "ഞാൻ നാളെയോ മറ്റന്നാളോ വന്ന് നിങ്ങളുടെ ഹിന്ദി ഫിലിമിന്റെ സ്ക്രിപ്റ്റ് റിവൈസ് ചെയ്യാം."

അതുകേട്ട് ആലോദായ്ക്ക് അല്പം സ്വസ്ഥതയനുഭവപ്പെട്ടു. ദാദാ ബോക്സാഫീസ് ഫിലിം എഴുതുകയോ നിർമിക്കുകയോ ചെയ്യാറില്ലെങ്കിലും, മറ്റുള്ളവർ തെരഞ്ഞെടുത്ത ഫോർമുലാ കഥ അങ്ങിങ്ങ് തൊട്ടാൽ സംഗതി ബോംബെ ശൈലിയിൽ 'ജോളിവുഡ് ഹോളിവുഡ്' ആയിത്തീരുമെന്ന കാര്യം പ്രസിദ്ധമാണ്. അതിനുവേണ്ടി ദാദാ എഗ്രിമെന്റ് ഒപ്പിട്ട് പൈസ കൈപ്പറ്റിയാലും കാര്യം നടക്കുകയില്ല. ഞാൻ സഹായിക്കാമെന്ന് ആരോടെങ്കിലും സന്തോഷത്തോടെ പറഞ്ഞാൽ പൈസയൊന്നും വാങ്ങാതെ മനസ്സറിഞ്ഞു ജോലി ചെയ്യും. ദാദാ തന്റെ ആരാധകരോടു പറയാറുണ്ട്, 'നിങ്ങളുടെ ബുദ്ധിജീവികൾ ബി ഗ്രേഡ് ബോക്സാഫീസ് സ്റ്റഫ് എന്നുപറയുന്ന ഫിലിമുകളിൽ നിന്നാണ് ഞാൻ ക്രാഫ്റ്റെല്ലാം പഠിച്ചത്. ഫിലിമിന്റെ കളി രണ്ടുതലത്തിൽ എനിക്കറിയാം, ബോക്സാഫീസിന്റെയും, ആർട്ടിന്റെയും.'

"ങാ, ആലോ," ദാദാ പറഞ്ഞു. "ആ കാപട്യക്കാരൻ പെൺകുട്ടിയുടെ വളച്ചുകെട്ടില്ലാത്ത ചോദ്യത്തിന് നേരേ പൊവ്വേ മറുപടി പറഞ്ഞില്ല. പെൺകുട്ടി പോയി അവനെ കൊല്ലാതെ, സ്വയം ചാകാതെ. നമ്മുടെ കാപട്യക്കാരൻ ഫിലിം നിർമിച്ചുകൊണ്ടിരുന്നു. അതിന്റെ എൻഡ് എങ്ങനെ? പറയൂ ജോഷീ."

"അംബിഗ്വസ്" ജോഷി പറഞ്ഞു.

"ഇപ്പോൾ ആ പെണ്ണിനെ എല്ലായിടത്തും എല്ലാവരും അറിയുന്നു. എല്ലാ വലിയ ആളുകളും അറിയുന്നു. എന്താ ജോഷീ?"

"മാർക്കറ്റിലാണ്" ഞാൻ പറഞ്ഞു.

"നൂറു ശതമാനം മാർക്കറ്റിലാണ്" ദാദാ പറഞ്ഞു. "ഹൈക്ലാസ്സിൽ നടക്കുന്ന മോഷണം. മാറ്റിമറിച്ചിൽ, തെമ്മാടിത്തരം, കബളിപ്പിക്കൽ എല്ലാത്തിലും നമ്മുടെ ഹീറോ നമ്മുടെ ഹീറോയിനെ കണ്ടുമുട്ടുന്നു. ഒരു തവണ ഈ പെണ്ണ് അയാളുടെ ഫിലിമിന് ഫൈനാൻസിയറെ കൊണ്ടുവന്നു. വേണ്ടുവോളം സ്കോച്ച് കുടിപ്പിച്ചു. ഗ്രാമവാസികളും ആദിവാസികളും ദേവി എന്നു വിളിക്കുന്ന മറ്റൊരു പെണ്ണിനെക്കുറിച്ചും നമ്മുടെ കപടവിപ്ലവകാരിയായ ഹീറോ കേട്ടു. അവൾ ചിലപ്പോൾ ജനമധ്യത്തു പ്രത്യക്ഷപ്പെടും, അത്ഭുതങ്ങൾ കാണിക്കും. അവരോട് ദേവി പറയും. 'കൊല്ലുക, കൊള്ളയടിക്കുക.' പോലീസ് അവളെ തെരഞ്ഞു, കിട്ടിയില്ല. എവരിബഡി ബാഫ്ൾഡ്. ഒടുവിലൊരു ദിവസം, നിങ്ങളുടെ ഈ സ്യൂഡോ, തന്റെ പ്രൊഫഷനിൽ ഫെയ്ലായി അളവില്ലാതെ കുടിച്ചു കഴിഞ്ഞപ്പോൾ അംബിഗ്വസല്ലാത്ത ഒരു എൻഡ് കണ്ടെത്തി... ഗിവ്മി സംമോർ ആലോ."

ആലോദാ ഒഴിച്ചുകൊടുത്തു. ദാദാ ഒന്നും മിണ്ടാതെ കുടിച്ചു. അല്പം കഴിഞ്ഞ് വീണ്ടും സംസാരിച്ചു, "ആ ഡ്രങ്കേഡ് സ്യൂഡോ, തന്റെ അന്തരംഗ ഗംഭീരതയിൽകണ്ടെത്തി-പട്ടണത്തിൽ ചുറ്റി നടക്കുന്ന പെൺകുട്ടിയും ആദിവാസികളുടെ ദേവിയും രണ്ടല്ല, ഒന്നാണ്. അതു മനസ്സിലായപ്പോൾ അയാൾ മനസ്സിലുറപ്പിച്ചു, 'അയാം ഡെസ്റ്റൈൻഡ് ടു ഡൈ അറ്റ് ദ ഫീറ്റ് ഓഫ് ദിസ് വുമൺ. അനേക വർഷം മുമ്പ് അവളുടെ കാലിൽ ചിലങ്കയണിയിക്കുമ്പോൾ അവളുടെ അച്ഛൻ മരിച്ചതുപോലെ ഇവളുടെ പാദാരവിന്ദങ്ങളിൽ വീണ് എനിക്കും മരിക്കണം.' ദേവിയോടു പ്രാർഥിച്ചതിന്റെ ഫലമായിട്ടാണ് അച്ഛന് മകളെ കിട്ടിയത്. അവൾ ദേവിയാണെന്നും അയാൾ വിശ്വസിച്ചിരുന്നു. പക്ഷേ, ആ സ്യൂഡോ അച്ഛനെപ്പോലെ മരിക്കാനാഗ്രഹിച്ചതെന്തുകൊണ്ടാണ്, ജോഷീ?"

മനോഹർ പറഞ്ഞു, "ആ കാപട്യക്കാരനാണ് അവളുടെ ശരീരത്തിൽ ശക്തിയെ ആവാഹിച്ചത്. അവൾ ഒരു നല്ല നിലയിലെത്തിയപ്പോൾ അവളുടെ മുമ്പിൽ നമിക്കേണ്ടത് ധർമമാണെന്നു തോന്നി. മര

ണത്തെക്കാൾ വലിയ നമനം വേറെയുണ്ടോ?"

"അത്ഭുതം!'' ആലോ ദാ മുഷിച്ചിലോടെ പറഞ്ഞു. എന്നിട്ട് റിസ്റ്റ്‌വാച്ചിൽ സൂത്രത്തിൽ നോക്കി.

"വണ്ടർഫുൾ ഇൻഡീഡ്!" ദാദാ പറഞ്ഞു. "മനോഹർ ശ്യാം ഹാസ് ഗ്രേറ്റ്‌ലി ഇംപ്രൂവ്ഡ് ഓൺ ഗ്രഹാം ഗ്രീൻ. ഗ്രീനെഴുതിയതിൽ ജോഷി ധാരാളം തിരുത്തലുകൾ വരുത്തിയിരിക്കുന്നു. ജോഷീ, ഇവിടെ വരൂ, എന്റെ പാദം തൊട്ടു നമസ്ക്കരിക്കൂ."

ദാദാ പറഞ്ഞു, "സ്വന്തം ബോർഡം ഇത്ര ഓബ്‌വിയസാക്കുന്നതെന്തിനാണ്, ആലോ? നിങ്ങൾക്കു മനസ്സിലാക്കാൻ പ്രയാസം കാണും, എനിക്കറിയാം, ബട്ട് സ്ക്രിപ്റ്റാണ്. നമ്മുടെയാളിന്റെ പ്രഫഷണൽ സാധനമാണ്, ബഹുമാനമർഹിക്കുന്നു. നാളെയും മറ്റന്നാളും രണ്ടുദിവസം ഞാൻ നിങ്ങളുടെ ഗ്രേറ്റ് സ്ക്രിപ്റ്റ് കണ്ടാൽ ഇങ്ങനെ ബോറായി നോക്കുമോ? ങാ, ഇനി കേൾക്കൂ. നമ്മുടെ കാപട്യക്കാരൻ ആദിവാസികളുടെ ഇടയിൽ അവളെ അന്വേഷിച്ചു നടന്നു. ഇത് ഒഡിസ്സി സീക്വൻസ്. ബാഹ്യവും ആഭ്യന്തരവുമായ യാത്രാ സന്ദർഭം. നിങ്ങൾക്കുവേണ്ടി ഞാനത് എഡിറ്റ് ചെയ്യാം. കാപട്യക്കാരൻ അലഞ്ഞു തിരിഞ്ഞ് ഒരു വിജനമായ മലമ്പ്രദേശത്തെത്തി. അയാളുടെ തോളത്ത് ഒരു സഞ്ചി, കയ്യിലൊരു മദ്യക്കുപ്പി, അയാളുടെ കാക്കി ഹാഫ്പാന്റും ഷർട്ടും അഴുക്കു പുരണ്ട കാൻവാസ് ഷൂവും കീറിപ്പറിഞ്ഞു. ആൾ വല്ലാതെ ക്ഷീണിച്ചു. ചെടിയിൽ പിടിച്ചു നിന്നു. എവിടെയോ ആരോ ഉപനിഷത്ത് വായിക്കുന്നു. എന്താണു ജോഷി വായിക്കുന്നത്?"

ജോഷി 'തേന ത്യക്തേന' കേൾപ്പിച്ചു. ദാദാപറഞ്ഞു, "ആത്യക്തേന - ടെക്തേന അംബിഗ്വസ്. ഓ ഗ്രഹാം ഗ്രീൻ! കാട്ടിൽ പൂജാരി മന്ത്രം ചൊല്ലുന്നു-പ്രണവോ ധനു: ശരോഹ്യാത്മാ ബ്രഹ്മ തല്ലക്ഷ്യമുച്യതേ, അ പ്രമത്തേനവേധവ്യം ശരവത് തന്മയോ ഭവേത്. ഓംകാരത്തിന്റെ വില്ല്, ആത്മാവിന്റെ അമ്പ്, ബ്രഹ്മം ലക്ഷ്യം സ്വയം അമ്പായിമാറി ഇപ്പോൾത്തന്നെ ലക്ഷ്യത്തെ എയ്യ്."

ദാദാ കുപ്പി എടുത്ത് കയ്യിൽ പിടിച്ചുകൊണ്ട് പറഞ്ഞു, "ഇനി ഫൈനൽ സീക്വൻസ്. അമ്പ് കാപട്യക്കാരന്റെ നെഞ്ചിൽ തറച്ചു, ചെടിയിൽ ചാരി നിന്ന അയാൾ കൊലാപ്സാകുന്നു. ചെടിയിലൂടെ പുറം ഉരുമ്മി വീഴുന്നത് നമ്മൾ സ്ലോമോഷനിൽ എടുക്കുന്നു. അയാളുടെ കൈയിലെ കുപ്പി ടിൽറ്റാകുന്നു, ഇങ്ങനെ, നോക്കൂ ആലോ, കുപ്പിയിൽ നിന്നു മദ്യം ഒഴുകി.വീഴുന്നു... ക്യാമറാ..."

ആലോദാ ദാദായുടെ കയ്യിൽ നിന്നു കുപ്പിവാങ്ങി അടപ്പ് മുറുക്കി അടച്ചു.

"ഉം, എന്താ?" ദാദാ ചോദിച്ചു, "എന്തിന്?"

ആലോദാ മറുപടി രൂപത്തിൽ സഹിഷ്ണതയോടെ പുഞ്ചിരിച്ചു.

"പോകാം. ജോഷീ," ദാദാ പറഞ്ഞു. "നമ്മളെപ്പോലുള്ളവർക്ക് ഇത്തരം ഫിലിസ്റ്റീന്റെ കമ്പനിയിൽ കഴിഞ്ഞു കൂടുക സാധ്യമല്ല. വ്യവസായിയുടെ മകൻ, അലവലാതി. ഇവന് ആർട്ടിനെക്കുറിച്ചു ചിന്തയില്ല. പൈസാക്കാര്യത്തിൽ വറി. രാജാക്കന്മാരും ജന്മിമാരും നിങ്ങളെപ്പോലെ രക്തം ഊറ്റിക്കുടിക്കുന്നവരാണ്. എന്നാൽ അവരുടെ പ്രവൃത്തികളിൽ ഒരു മഹിമയുണ്ട് - ഏ ഗ്രെയ്സ്, ഏ ബ്ലഡി സേവിങ് ഗ്രെയ്സ്, മൈ ഡിയർ ആലോ. അവർ ആർഭാടമായി ജീവിച്ചതോടൊപ്പം സൂക്ഷ്മവും വിശാലവുമായ ആർട്ടും നിർമിച്ചു. നീ അലവലാതി കിസ്‌ലിങ്, നിന്റെ ജീവിതദർശനം കിബ്ലിങ്, നിന്റെ ബിസിനസ് നിബ്ലിങ്, നിന്റെ ആർട്ട് പിഫ്‌ലിങ്.യൂ പീപ്പിൾ, യൂഡോണ്ട് ഡിസർവ് ആൾ ദിസ്." എന്നിട്ട് ദാദാ ആ കുപ്പി കയ്യിലെടുത്തു. "ഞാൻ ഇതെടുത്തുകൊണ്ടുപോകുന്നു, ആൻഡ് ഡോണ്ട് ആസ്ക് മി ടു താങ്ക്യൂ."

അദ്ദേഹം എന്നോടു ചോദിച്ചു, "ഏയ് ജോഷീ, കാർപ്പറ്റും നമ്മൾ എടുത്തുകൊണ്ടുപോകണോ? അതിനെപ്പറ്റി ചിന്തിച്ച് പാവം ആലോയുടെ ആരോഗ്യം തകരാറിലാകുന്നു."

ഞാൻ പറഞ്ഞു, "ദാദാ, കാർപ്പറ്റ് അഭിദായുടേതാണ്."

ദാദാ പറഞ്ഞു, "എങ്കിൽ അഭി ഡിസർവ്സ് ഇറ്റ്. അവൻ നമ്മളെപ്പോലെ ഹോമോ ഇറക്ട്സ്, നില്ക്കുന്നവൻ. ചിലപ്പോൾ നിന്നു നിന്നു ക്ഷീണിക്കും. ദെൻ ഹി ഡിസർവ്സ് ടു റെസ്റ്റ് ഓൺ ഹിസ് വെൽ ഡിസർവ്ഡ് കാർപ്പറ്റ്."

ദാദാ കുപ്പിയിൽ തൊട്ടു കൊണ്ടുചോദിച്ചു, "ദിസീസ് യുവഴ്സ്, ഐ ഹോപ്പ്?"

"യെസ്." ആലോദാ പറഞ്ഞു, "ആൻഡ് യൂ ആർ വെൽകം ടു കീപ്പിറ്റ്."

"അത്തരം ഗ്രെയ്സ്ഫുൾ ഫോർമാലിറ്റീസ് എന്നോടു വേണ്ട. ഞാനിതു കൊണ്ടുപോകുന്നത് ഞാൻ ഡിസർവ് ചെയ്യുന്നതുകൊണ്ടാണ്. നിങ്ങൾ ഡിസർവ് ചെയ്യുന്നില്ല. ആലോ, നിങ്ങൾ എന്നെങ്കിലും കുടിച്ച് ഓടയിൽ വീണിട്ടുണ്ടോ?"

"ഇല്ല." ആലോദാ പുഞ്ചിരി വെടിഞ്ഞില്ല.

"ദെയർ യൂ ആർ." ദാദാ വിധി പ്രഖ്യാപിക്കുന്ന മട്ടിൽ പറഞ്ഞു, "നില്ക്കുന്നവനേ വീഴുകയുള്ളു. പോർക്കളത്തിൽ പോരാടുന്നവനേ വീഴുകയുള്ളു. ആലോ, മുട്ടിലിഴയുന്ന നിങ്ങളെങ്ങനെ വീഴും? കി -കി -കിക്ക്, മൈ സ്വീറ്റ് ചൈൽഡ്. ആൻഡ് ഫൊർഗെറ്റ് യുവർ മാനേഴ്സ്, യുവർ ദാദാ ഈസ് ലീവിങ്."

മാനേഴ്സ് ഓർമിപ്പിച്ചപ്പോൾ ആലോദാ കുനിഞ്ഞ് പാദം തൊട്ടു വന്ദിച്ചു. ദാദാ അദ്ദേഹത്തെ ആശീർവദിച്ചു, അദ്ദേഹത്തിന്റെ ഫിലിമിനെയും. അദ്ദേഹത്തിന്റെ ഭാര്യയെയും മക്കളെയും അന്വേഷിച്ചു.

'നാളെയോ മറ്റന്നാളോ' ആലോദായുടെ ഹിന്ദി ഫിലിമിന്റെ സ്ക്രിപ്റ്റ് റിവൈസ് ചെയ്യാമെന്നു വാഗ്ദാനം ചെയ്തു. അതോടൊപ്പം, തന്റെ ഹിന്ദി കൺസൾട്ടന്റായ ജോഷിക്ക് കുറച്ച് അഡ്വാൻസ് കൊടുക്കണമെന്ന് ആജ്ഞാപിച്ചു. ആലോദാ അൻപത് രൂപ തന്നു. ഞാൻ അത് ദാദായുടെ പോക്കറ്റിൽ നിക്ഷേപിച്ചു. ഞങ്ങളെ യാത്ര അയയ്ക്കാൻ ആലോദാ വന്നു. അദ്ദേഹം കൈകാണിച്ച് ടാക്സി നിർത്തി. ദാദാ പോകുമ്പോൾ പറഞ്ഞു, "ഗോഡ് ബ്ലസ് യൂ മൈ ചൈൽഡ്, ആൻഡ് ബെസ്റ്റ് ഓഫ് ലക്ക് ഫോർ യുവർ ഫിഫ്ലിങ് സ്റ്റാറിങ് ഉത്തം ആൻഡ് ബേബി നാജ്."

ദാദാ ടാക്സിക്കാരനോട്, തന്റെ ആരാധകനായ ഡോക്യുമെന്ററി നിർമാതാവ് ശ്രീനിവാസന്റെ വീട്ടിലെ മേൽവിലാസം പറഞ്ഞു കൊടുത്തു - ജൂഹു.

തന്ത്രവിദ്യയുടെ പെറ്റിക്കോട്ടിൽ കടക്കൂ

തികച്ചും അപരിചിതമായ ഒരു മുറിയിൽ ഞാൻ കണ്ണുതുറന്നു. ഏതോ സമ്പന്നന്റെ ശയനമുറി. 'ഇത് ശ്രീനിവാസന്റെ വീടല്ലേ?' ഞാൻ മനസ്സിൽ ചോദിച്ചു. ഭിത്തികളിൽ അമൂർത്തമായ താന്ത്രിക ചിത്രങ്ങൾ തൂക്കിയിട്ടിരുന്നു. ഒന്നിൽ സർപ്പയുഗളവും താമരയും, മറ്റൊന്നിൽ ഊർധ്വമുഖവും അധോമുഖവുമായ ത്രികോണങ്ങളുടെ ജോഡി. "ഇത് ചിത്രകാരനായ കാരന്തിന്റെ വീടല്ലേ?" ജോഷിജി ചോദിച്ചു. ഞാൻ പറഞ്ഞു, "ചിത്രകാരന്മാർ ഇത്തരം വീടുകളിൽ പാർക്കാറില്ല. അവരുടെ ചിത്രങ്ങൾ വാങ്ങാൻ കഴിവുള്ളവരാണ് ഇത്തരം വീടുകളിൽ പാർക്കുന്നത്."

എന്റെ തല പൊട്ടിപ്പോവുകയായിരുന്നു. ഞാനെഴുന്നേറ്റ് അറ്റാച്ച്ഡ് ബാത്റൂമിൽ പ്രവേശിച്ചു. എല്ലാ സൗകര്യങ്ങളും ചമയസാമഗ്രികളും നിറഞ്ഞ ഇത്തരം ഒന്നാംകിട ബാത്റൂമുകൾ ജോഷിജിയെ വളരെയേറെ ആഹ്ലാദഭരിതനാക്കുന്നു. ഖലീക്കിനെപ്പോലെ അദ്ദേഹത്തിന്റെ മനസ്സിലും അയല്പക്കത്തെ ചിറ്റപ്പന്റേതല്ല, സ്വന്തം പിതാവിന്റെ സമൃദ്ധിയുടെ സ്മരണകൾ തിങ്ങിനിറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ വിപ്ലവം അദ്ദേഹത്തെ മധ്യവർഗ സമസ്യകളിൽ നിന്ന് ഈ സമൃദ്ധിയിലേക്കെത്തിക്കാൻ ദൃഢനിശ്ചയം ചെയ്തിരിക്കുകയുമാണ്. അദ്ദേഹം ആദ്യം വിസർജനക്രിയ യൂറോപ്യൻ ശൈലിയിൽ നിർവഹിച്ചു. പിന്നെ, ഛർദി നാറുന്ന വസ്ത്രങ്ങൾ ഒരു ബക്കറ്റിലിട്ടു. അവ കഴുകാൻ ഒരു വിഫല ശ്രമം നടത്തി. അതിനുശേഷം ചൂടുവെള്ളത്തിന്റെയും തണുത്ത വെള്ളത്തിന്റെയും ടാപ്പുകൾ തുറന്ന് ടബ്ബ് നിറച്ചു. പോട്ടറിന്റെയും മൂറിന്റെയും ബേത്തിങ് സാൾട്ട് വെള്ളത്തിലിട്ടു. എന്നിട്ട് ടബ്ബിലിറങ്ങിക്കിടന്നു. നുരയുന്ന വെള്ളം അദ്ദേഹത്തിന്റെ സംഘർഷത്തിന്റെ കെട്ടുകൾ അയവുള്ളതാക്കി. ജോഷിജി അല്പം സ്വസ്ഥതയോടെ സ്മരണയുടെ ചലച്ചിത്രത്തിന്റെ പുത്തൻ റീൽ കാണാൻ തുടങ്ങി.

കഴിഞ്ഞ രാത്രിയിൽ നടന്ന ഒരു കാര്യം മാത്രമേ ഓർമയുള്ളൂ. ആലോദാദായോടു വിട പറഞ്ഞു ശ്രീനിവാസന്റെ വീട്ടിലെത്തി. അവിടെ ദാദായുടെ അനേകം ആരാധകർ അതിവേഗം ഒത്തുകൂടി. ദാദാ അല്പം കൊണ്ടുവന്നു, കുറച്ച് ശ്രീനിവാസന്റെ പക്കലുണ്ടായിരുന്നു, ആരാധകന്മാർ കൂടെക്കൂടെപോയി വേണ്ടുവോളം കൊണ്ടുവന്നു – സിനി പ്രതി

ഭകൾ മദ്യത്തിന്റെ അരുവിയിൽ മുങ്ങിക്കുളിച്ചു. ദാദാ ഇടയ്ക്കിടയ്ക്ക് പല തവണകളായി പരസ്പരബന്ധമില്ലാതെ 'മനോഹർശ്യാം എഴുതിയതാണെടോ' എന്നു പറഞ്ഞു സ്ക്രിപ്റ്റിലെ പല ദൃശ്യസന്ദർഭങ്ങൾ വിവരിച്ചു. ആദ്യം ഫിലിം 'കരളിലൊരു പെണ്ണ്' തന്നെയായിരുന്നു. പിന്നെ എപ്പോഴോ, എന്തുകൊണ്ടോ അത് മറ്റൊരു ഫിലിമായി, 'കുറച്ചു കഥ വിലയ്ക്ക് വാങ്ങൂ.' അതിൽ മൂന്നു പുരുഷകഥാപാത്രങ്ങളുണ്ടായിരുന്നു. ഒരു നാടകകൃത്ത് – ചലച്ചിത്രകാരൻ, ഒരു കവി, ഒരു നോവലിസ്റ്റ്. സ്ത്രീ ഒന്നു മാത്രം – അസാധാരണ രഹസ്യങ്ങളുള്ള ഒരു സാധാരണ സ്ത്രീ. ഈ സ്ത്രീയുടെ രഹസ്യമറിയുന്നതിന് മൂന്നു പുരുഷന്മാരുടെ ഒരു കമ്മറ്റിയുണ്ടാക്കിയിരുന്നു. മൂന്നു പുരുഷന്മാരും മന്ദബുദ്ധി വിഭാഗത്തിൽ പെട്ടവരായിരുന്നു, പക്ഷേ, രാജ്യം ഭരിച്ചിരുന്ന ഏകാധിപതിയോടടുപ്പമുള്ളവരായിരുന്നു. അയാൾക്ക് ഇവരുടെ പാണ്ഡിത്യത്തെക്കുറിച്ച് മതിപ്പുണ്ടായിരുന്നു. അതിനാൽ ഈ മന്ദബുദ്ധിക്കമ്മീഷന് വിപുലമായ അധികാരങ്ങൾ നല്കിയിരുന്നു. ജീവിതകാലം മുഴുവൻ പരിഭ്രാന്തരായ സ്തുതിപാഠകന്മാരായിരുന്ന അവർക്ക് വാർധക്യത്തിൽ പെട്ടെന്ന് അധികാരം കിട്ടിയപ്പോൾ അത്യന്തം ആഹ്ലാദമുണ്ടായി. മൂക്കിലെ രോമം പറിച്ചും, മൂക്കുപ്പൊടി വലിച്ചു തുമ്മിയും, ആസ്ത്മാ മൂലം ശ്വാസം വലിച്ചും ചുമച്ചും, ഒരു ചന്തിപൊക്കി അധോവായു വിട്ടും പരിഹാസപാത്രങ്ങളായി കഴിഞ്ഞുകൂടിയ വൃദ്ധന്മാർ പൂർണഗൗരവത്തോടെ ആ സ്ത്രീയുടെ വാസ്തവസ്ഥിതി അന്വേഷിച്ചു തുടങ്ങി. ആദ്യമായിട്ടാണ് അവർക്ക് ആരുടെയെങ്കിലും ജീവിതത്തിൽ സർവാവകാശവും സ്ഥാപിച്ചു കിട്ടിയത്. ഈ വയസ്സന്മാർ തന്നെ കുറ്റക്കാരിയാണെന്നു കണ്ടുപിടിച്ചാൽ പോലീസ് രാജ് തന്നെ തൂക്കിലേറ്റുമെന്ന് ആ സ്ത്രീക്കുമറിയാമായിരുന്നു. അവൾ തന്റെ സാധാരണകഥ പറഞ്ഞു കേൾപ്പിച്ചിട്ട് വയസ്സന്മാർക്ക് ഒട്ടും വിശ്വാസം വന്നില്ല. പിന്നീട് അവൾ മാറിമാറി മൂന്നു കഥകൾ പറഞ്ഞു. ആദ്യത്തേത്, ഒന്നാം മെമ്പറായ നാടക – ഫിലിം രചയിതാവിനു പ്രിയപ്പെട്ട കഥകൾ പോലെ തോന്നി, അതിനാൽ അയാൾക്ക് അവിശ്വാസവും മറ്റവർക്കു രണ്ടു പേർക്കും വിശ്വാസവും തോന്നി. രണ്ടാമത്തേത്, രണ്ടാം മെമ്പറായ കവിയുടെ ഏകഖണ്ഡകാവ്യത്തിലെ പുരാണകഥയുമായി സാദൃശ്യമുള്ളതായിരുന്നു. അതിനാൽ അയാൾക്ക് അവിശ്വാസവും മറ്റുരണ്ടു പേർക്കും വിശ്വാസവും തോന്നി. മൂന്നാമത്തേത്, മൂന്നാംമെമ്പറായ നോവലിസ്റ്റിന്റെ ഏകനോവലിന്റെ കഥയുമായി വളരെ അടുപ്പമുള്ളതായിരുന്നു. അതിനാൽ അയാൾക്ക് അവിശ്വാസവും മറ്റുരണ്ടുപേർക്കും വിശ്വാസവും തോന്നി. ഒടുവിൽ ആ സ്ത്രീ അസംബന്ധജടിലവും അതിവിചിത്രവുമായ ഒരു കഥ പറഞ്ഞുകേൾപ്പിച്ചു. അതിൽ മേൽപ്പറഞ്ഞ മൂന്നുകള്ളക്കഥകളുടെയും മേദസ്സുണ്ടായിരുന്നു, കൂടാതെ

അക്കാലത്തെ അന്യസാഹിത്യകാരന്മാരുടെ കള്ളങ്ങളും കൂട്ടിച്ചേർത്തു. ഈ അത്ഭുതകഥയിൽ വയസ്സന്മാർക്ക് വിശ്വാസമുണ്ടായെന്നു മാത്ര മല്ല, അതുകേട്ട് ഉദ്വിഗ്നരും, വിഹ്വലരും ആതങ്കാകുലരുമായിത്തീർന്ന തുമൂലം ഹൃദയസ്പന്ദം നിലച്ചതിന്റെ ഫലമായി മരണമടയുകയും ചെയ്തു. പോലീസ് രാജിന്റെ അടിത്തറ ഇളകിപ്പോയി.

ആഹ്ലാദഭരിതരും അത്ഭുതപരതന്ത്രരുമായ തന്റെ ആരാധകരോട് ദാദാ മൊഴിഞ്ഞു, "ഈ സ്ക്രിപ്റ്റ് ജോർജ് ഓർവെല്ലിനെക്കൊണ്ടെ ഴുതിക്കണമെന്നു ഞാൻ വിചാരിച്ചു. എന്നാൽ ജോർജ് മറ്റേതൊരു എക്സ് കമ്മ്യൂണിസ്റ്റിനെയും പോലെ, ചിരിയും കരച്ചിലും ഉറക്കവും സ്വപ്നവും കാണുന്ന ബിഗ് ബ്രദറിനെ മുന്നിൽ കാണുന്നു. അയാളെ ഏല്പിച്ചാൽ നമ്മുടെ റൈറ്റർ കമ്മീഷനിലെ മൂന്നു മെമ്പർമാരും സ്റ്റാലി നായിത്തീരും. പിന്നീട് ഞാൻ ട്രൈ ചെയ്തത് നിങ്ങളുടെ അർജന്റീന യിലെ റൈറ്റർ ബോർഹസിനെയാണ്. ബോർഹസ് എന്തുചെയ് തെന്നോ? നമ്മുടെ ജോക്കുകൾ പണ്ഡിതന്മാരുടെ ജോക്കുകളാക്കി മാറ്റി. അപ്പോൾ ഞാൻ ബിമൽ ബാബുവിനോടു പറഞ്ഞു, 'ധാരാളം വായിക്കുന്ന, വായിക്കുന്നവരെ വിശ്വസിക്കുന്ന, വിഢ്ഢിത്തരത്തോള മെത്തുന്ന ബോധമില്ലായ്മയുള്ള ഒരെഴുത്തുകാരനെ തരൂ.' ബിമൽ ബാബു പറഞ്ഞു, 'മനോഹർശ്യാം എന്നൊരാളുണ്ട്..' ഒരു കാര്യം സമ്മ തിക്കേണ്ടിയിരിക്കുന്നു. ദിസ് മനോഹർശ്യാം ബോർഹസിന്റെ ഫസ്റ്റ് ഡ്രാഫ്ട് വളരെ ഇംപ്രൂവ് ചെയ്തു."

ഇങ്ങനെ ഏതോ പരിഹാസം കേട്ട് ജോഷിജി കത്തിക്കാളി. മനോ ഹറും കഥയുടെ ഈ പുതിയ പതിപ്പ് കേട്ട് ഖിന്നനായി. ജോഷിജി എഴുന്നേറ്റ് ദാദായുടെ മുമ്പിൽ 'ഞാൻ ശ്രീ മനോഹർശ്യാം ജോഷി, താങ്കൾ?' എന്ന ഭാവത്തിൽ നിവർന്നു നിന്നു. അദ്ദേഹം പറഞ്ഞതെ ന്താണെന്ന് വ്യക്തമായി ഓർക്കുന്നില്ല. പക്ഷേ, ദാദാ അദ്ദേഹത്തിന്റെ കൈപ്പത്തി തന്റെ കൈപ്പത്തിയിൽ കോർത്തുകൊണ്ടു പറഞ്ഞു, "ഗുസ്തിപിടിക്ക് ജോഷീ, സ്വന്തം തീം കൊണ്ട്. ഗ്രാപ്പ്ൾ വിദ് ഇറ്റ്, കം ടു ഗ്രിപ്സ് വിദ് ഇറ്റ്. വാച്ച് ഔട്ട്. ഞാൻ നിങ്ങളുടെ തീം മലർത്തി യടിക്കും."

ദാദാ സ്വന്തം ലഹരിയിലും മുണ്ടിലും കുരുങ്ങി വീണു. തറയിൽ കിടന്നുകൊണ്ട് അദ്ദേഹം പറഞ്ഞു, "സഹോദരന്മാരേ, കേൾക്കൂ. എന്റെ ഹെൽത്ത് ജോഷിയുടെ തീമിനെക്കാൾ മികച്ചതാണ്."

ജോഷിജി പറഞ്ഞു, "തീം, ദാദാ എന്റെ തീം."

ദാദാ പറഞ്ഞു, "ജോഷീ, നിങ്ങൾ ആദ്യം രണ്ടു കാര്യങ്ങൾ ചെയ്യൂ. ഒന്ന്, ഗുസ്തി പിടിക്കാൻ പഠിക്കൂ, രണ്ട്, തബല വായിക്കാൻ പഠിക്കൂ. ഇതു രണ്ടും പഠിച്ചാൽ നിങ്ങളുടെ തീം ശരിയാകും."

ഉറക്കത്തിലേക്കു വഴുതിവീഴുന്ന ദാദായുടെ കാതിൽ ജോഷിജി

യുടെ ചോദ്യം "ദാദാ, അടുത്ത സിറ്റിംഗ് എന്നാണ്?"

ദാദാ പറഞ്ഞു, "ഇപ്പോൾ നാം നിങ്ങളുടെ തീമിനെ ഉറക്കാൻ കിടത്തുന്നു. അയാം സ്ലീപ്പിങ് ഓവറിറ്റ്."

ആരാധകരുടെ പൊട്ടിച്ചിരികൾക്കിടയിലൂടെ, ക്രുദ്ധനായ ജോഷിജി ശ്രീനിവാസൻ തടഞ്ഞിട്ടും പുറത്തിറങ്ങിപ്പോന്നു. രാത്രി എത്ര ഇരുട്ടിയെന്നറിയാതെ, ആളൊഴിഞ്ഞ ബസ്സ്റ്റാന്റിൽ പോയി നിന്നു... ഹോമോ ഇറക്ടസ് എവിടെ വീണു, എപ്പോൾ വീണു, ആര് പൊക്കിയെടുത്ത് ഈ ബെഡ്റൂമിൽ കൊണ്ടുവന്നുകിടത്തി എന്നൊന്നും അയാൾക്കോർമയില്ല.

ഞാൻ കുളിച്ചിട്ട് ഷേവ് ചെയ്തു. അവിടെ വച്ചിരുന്ന കോളോൺ മുതലായവ ദേഹത്തു പൂശി. നനച്ചുപിഴിഞ്ഞ വസ്ത്രങ്ങൾ പൈപ്പിലും ഷവറിലും തൂക്കി, ഒരു ടവൽ ചുറ്റി ബെഡ്റൂമിൽ തിരിച്ചെത്തി.

ജോഷിജി ഒരു സാറ്റിൻ ഗൗൺ ധരിച്ച്, ബ്രേക്ക് ഫാസ്റ്റ് ലക്ഷ്യം വച്ച്, മദ്യത്തിന്റെയും സ്നേഹത്തിന്റെയും ഹാങ് ഓവർ കട്ടൻകാപ്പി കൊണ്ടു താലോലിക്കാനാഗ്രഹിച്ചു. അയാൾ ആ സുഖകരമായ ടബ്ബിൽ നിന്നല്ല, അമേരിക്കനെഴുത്തുകാരനായ ഫിട്സ്ജറാൾഡിന്റെ 'സ്വീറ്റ് ഡിക്കേഡൻസി'ലെ ഏതോ ഐശ്വര്യഗാഥയിൽ നിന്നെഴുന്നേറ്റു വരികയാണെന്നു തോന്നും. അടുത്ത ദൃശ്യത്തിൽ നായിക വന്ന് ജോഷിജിയെ സ്വിമ്മിങ് പൂളിലേക്കുകൂട്ടിക്കൊണ്ടുപോകും. അവിടെ അല്പം നീന്തിയശേഷം അതിന്റെ പടവുകളിൽ പിടിച്ചുനിന്ന് അലസമായ സ്വരത്തിൽ പറയും, 'ഞാൻ ഗർഭിണിയാണ്. നിങ്ങളാണ് കാരണക്കാരൻ.'

അപ്പോൾ വാതിലിൽ മുട്ടുകേട്ടു. അവളാണോ? അല്ല. ഇത് ആരോഗ്യവാനും സുന്ദരനുമായ ഒരു യുവാവാണ്. ആയാൾ ആരാഞ്ഞു, "ഹോപ്പ് യൂ വേർ ഏബ്ൾടു സ്ലീപ് ഇറ്റ് ഓഫ് മിസ്റ്റർ ജോഷീ." മിസ്റ്റർ ജോഷിക്ക് പ്രസന്നത. നായിക അല്ലെങ്കിൽ പോകട്ടെ. അവളുടെ സഹോദരനോ ചാർച്ചക്കാരനോ ആയിരിക്കും. സംഭാഷണം ഇംഗ്ലീഷിൽ. "യൂ വേർ ക്വയ്റ്റ് ഏ സൈറ്റ് മിസ്റ്റർ ജോഷീ, ഫ്രൈറ്റ് ഫുള്ളി ഫണ്ണി, ഇഫ് ഐ മേ സേസോ." അയാൾ പറഞ്ഞു. ജോഷി മന്ദഹസിച്ചു. 'മോനേ ഇംഗ്ലീഷിൽ പറയാനുള്ളതെല്ലാം പറഞ്ഞോളൂ.' പൊട്ട ഇംഗ്ലീഷ് സംസാരിക്കുന്ന പെൺകുട്ടികളോട് വെറുപ്പ് പ്രകടിപ്പിക്കുന്ന വിപ്ലവകാരിയായ ജോഷിജി അടിസ്ഥാനപരമായി ഇംഗ്ലീഷിന്റെ ആരാധകനാണ്. ഇത്തരം സന്ദർഭങ്ങളിൽ തന്റെ പിതാവിനെപ്പോലെ ഓക്സ്ഫോർഡിയൻ ആക്സന്റിൽ ഇംഗ്ലീഷ് സംസാരിക്കുന്നതിൽ പരമാനന്ദം നേടുകയും ചെയ്യും. അദ്ദേഹം ആ യുവാവിനോട് ഉള്ളുതുറന്ന് സംസാരിച്ചു, അയാളോടൊപ്പം ബ്രേക്ക്ഫാസ്റ്റ് കഴിച്ചു, അനന്തരം അയാളുടെ കാറിൽ ലിഫ്റ്റ് കിട്ടി.

സംഭാഷണത്തിന്റെ സാരം ഇതായിരുന്നു. പാരമ്പര്യമായി ധനിക

വ്യാപാരി, തൊഴില്പരമായി ആർക്കിടെക്റ്റ്-കേർശാപ് ഫ്രാമ്ജി ഡോഭാൻവാല എന്നു പേരായ ആ യു വാവ് ശ്രീനിവാസന്റെ സ്നേഹിതനും ദാദായുടെ ആരാധകനുമായിരുന്നു. ശ്രീനിവാസനെ കാണാൻ വന്നതായിരുന്നു, ദാദായുടെ പ്രവചനം കേൾക്കാനിരുന്നു. പിന്നീട് ബസ്സ്റ്റാൻഡിന് ഒരു ഫർലോംഗ് അകലെ, കമഴ്ന്നു കിടന്ന ജോഷിജി അയാളുടെ കാറിന്റെ ഹെഡ്ലൈറ്റിൽ കാണപ്പെട്ടു. ആ അബോധാവസ്ഥയിൽ ജോഷിജി താന്ത്രികമന്ത്രങ്ങളുരുവിട്ടു കൊണ്ടിരുന്നു. ഡോഭാൻവാലയ്ക്ക് ദാദാ പറഞ്ഞുകേൾപ്പിച്ച ജോഷിയുടെ സ്ക്രിപ്റ്റിലും തന്ത്രത്തിന്റെ സ്വാധീനം ബോധ്യപ്പെട്ടിരുന്നു. അയാളുടെ അഭിപ്രായത്തിൽ ഈ സ്ക്രിപ്റ്റിൽ ആരംഭം മുതൽ തന്നെ 'തന്ത്രാ' യുടെ ഒരു 'അണ്ടർകറന്റ്'' ഉണ്ടായിരുന്നു. ഒടുവിൽ ആ സ്ത്രീ – കാരിക്കേച്ചർ ഫോമിൽ ഫീമെയ്ൽ പ്രിൻസിപ്പിൾ എന്നോ, കോസ്മിക് എനർജി എന്നോ ദേവി എന്നോ എന്തുവേണമെങ്കിലും പറഞ്ഞോളൂ – എല്ലാ കഥകളും തന്റെ കഥകളാണെന്നു പറയുമ്പോൾ 'ഇല്യൂഷന്റെ' ലോകം 'കോൺസെൻട്രേറ്റ്' ആയി എക്സ്പ്ലോഡ് ചെയ്യും. ഡോഭാൻവാല പറഞ്ഞു – എനിക്ക് തന്ത്രത്തിൽ വളരെ താല്പര്യമുണ്ട്. അയാൾ ജോഷിജിയെ താന്ത്രിക ചിത്രങ്ങളുടെയും പുസ്തകങ്ങളുടെയും സ്വന്തം ശേഖരം കാണിച്ചു കൊടുത്തു. 'ടച്ച് തിങ്ങി'ൽ എക്സ്പർട്ടായ 'സ്വാമി മുക്താനന്ദഫെലോ' യെ ജോഷിക്കറിയാമോ എന്ന് അയാളന്വേഷിച്ചു.

ജോഷിജി സ്വാമിയെക്കുറിച്ചും തന്ത്രത്തെക്കുറിച്ചും തനിക്കുള്ള അജ്ഞത സമ്മതിച്ചു. ജോഷിജിയെ സംബന്ധിച്ചിടത്തോളം 'തന്ത്രാ' ഏറിയും കുറഞ്ഞും 'ഇൻട്യൂട്ടീവ് കൈൻഡ് ഓഫ് ഏ തിങ്' – സഹജാനുഭവത്തിൽ നിന്നുണ്ടായ വിദ്യയായിരിക്കുമെന്ന് ഡോഭാൻവാല തീരുമാനിച്ചു. തങ്ങളുടെ കുടുംബത്തിൽ പരമ്പരാഗതമായി ശക്തിപൂജ നടത്താറുണ്ടെങ്കിലും തനിക്ക് 'ശക്തി'യുടെ സങ്കീർണമോ സഹജമോ ആയ ബോധം അല്പം പോലുമില്ല. സാന്ദർഭികമായി ഡോഭാൻവാല പറഞ്ഞു – താരാ ഝാവേരി എന്നൊരു മഹതിയുണ്ട്. വൻവ്യവസായമാണവർക്ക്, ഡോഭാൻവാലയെ കണ്ടുകണ്ട് താരാഝാവേരിക്കും ഈയിടെയായി തന്ത്രത്തോട് താല്പര്യം വർധിച്ചു. ജോഷിജി അതു കേട്ടു ചിരിച്ചു, അന്ധനെ അന്ധൻ നയിക്കുന്നതുകൊണ്ടെന്തു പ്രയോജനമെന്നറിയാനാഗ്രഹിച്ചു. 'ലോകം വളരെ ചെറുതാണെ' ന്ന് അദ്ദേഹം സൂചിപ്പിച്ചു. "താരാ ഝാവേരിയെ എനിക്കുമറിയാം. പക്ഷേ, ഒരെഴുത്തുകാരിയെന്ന നിലയിൽ." ഡോഭാൻവാല പറഞ്ഞു. 'താരാ ഝാവേരി എഴുത്തുകാരിയുമായിരിക്കാം.'

സൈത്രണസൗന്ദര്യം (അഭംഗിയുളവാക്കുന്ന നീണ്ട മൂക്കൊഴികെ) കൊണ്ടനുഗൃഹീതനായ, അനുനാസികസ്വരത്തിൽ സംസാരി

ക്കുന്ന ഈ ധനികകുമാരനെ, ഈ ഫാഷൻ ഭ്രമക്കാരനായ താന്ത്രികനെ ജോഷിക്ക് തീരെ ഇഷ്ടപ്പെട്ടില്ല. ഡോഭാൻവാലയെ കണ്ടപ്പോൾ എനിക്ക് ആകെക്കൂടി ഒരു 'മൈഡിയർ ടൈപ്പ്' ആളായിട്ടാണ് തോന്നിയത്. അയാൾ ഇംഗ്ലീഷിലെഴുതിയതും നിസിം എസെക്കിയലിനെക്കൊണ്ട് എഡിറ്റ് ചെയ്ത് പ്രകാശനം ചെയ്യാനാഗ്രഹിക്കുന്നതുമായ താന്ത്രിക കവിതകൾ അയാളെക്കൊണ്ടു ചൊല്ലിച്ചു കേട്ടു. 'തന്ത്രാ' ആധാരമാക്കി ഒരു കളർ ഡോക്യുമെന്ററി നിർമിക്കാനുള്ള അയാളുടെ പദ്ധതിയെ ഞാൻ പ്രശംസിക്കുകയും ആവുന്നിടത്തോളം സഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്തു. പൊള്ളയായ മസ്തിഷ്കവും നിറഞ്ഞ പോക്കറ്റുമുള്ള ഈ ചെറുപ്പക്കാരൻ മികച്ചവനാണെന്ന് എനിക്കു മനസ്സിലായി. വല്ലപ്പോഴും വീക്കെൻഡിൽ (ശനി – ഞായർ) അയാളുടെ 'ബാച്ച്ലർ പാഡി'ൽ കഴിച്ചുകൂട്ടാമല്ലോ എന്ന് ഈ ആദ്യ കൂടിക്കാഴ്ചയിൽത്തന്നെ ഞാൻ തീരുമാനിച്ചു. ബാലനായ മനോഹർ എന്റെയും ഡോഭാൻവാലയുടെയും സൗഹൃദം സ്വാഗതം ചെയ്തു. എല്ലാവരും അവനെ ഇഷ്ടപ്പെടണമെന്നും എല്ലാവരെയും അവനും ഇഷ്ടപ്പെടുമെന്നും ആത്മാർഥമായി ആഗ്രഹിക്കുന്നവനാണ് മനോഹർ. ജോഷിജി വ്യക്തമായി നീരസം പ്രകടിപ്പിച്ചു. ഡോഭാൻവാലയുടെ വീട്ടിലെ ബാത്റൂം വളരെ നല്ലതാണെന്ന് ഞാനദ്ദേഹത്തെ ഓർമിപ്പിച്ചു.

ഡോഭാൻവാല എന്നെ ഓഫീസിൽ വിട്ടിട്ടുപോയി. അവിടെ നിന്ന് വൈകുന്നേരം ഞാനെന്റെ മുറിയിൽ ചെന്നപ്പോൾ വൃദ്ധജോഡി സഗൗരവം എന്നെ സ്വാഗതം ചെയ്തു. മിസ്റ്റർ തിർഖാ ഉത്കണ്ഠാകുലനും മിസ്റ്റർ തലാട്ടി ക്ഷുഭിതനുമായിരുന്നു. രാത്രിമുഴുവൻ കാണാതായതിനു വിശദീകരണമായി ഞാൻ പറഞ്ഞു, "സഹോദരിയുടെ വീട്ടിൽ കൂടുതൽ സമയം ഇരിക്കേണ്ടിവന്നു."

മിസ്റ്റർ തലാട്ടി പറഞ്ഞു, "ഫോൺ ചെയ്യാമായിരുന്നല്ലോ."

മിസ്റ്റർ തിർഖാ രക്ഷപ്പെടുത്തി. "മിസ്റ്റർ ജോഷി, ഫൊർഗെറ്റ്ഫുൾ ആസ് യൂഷൽ."

സഹോദരിയുടെ വീട്ടിലെ ഫോൺ കേടായിരുന്നെന്ന് ഞാൻ പറഞ്ഞു. മനോഹർ വീണ്ടും വീണ്ടും എന്നെ കുറ്റം പറഞ്ഞു. ഒഴികഴിവ് പറഞ്ഞ് ഈ സംഗതി തട്ടിമാറ്റി സന്തോഷിക്കാനാഗ്രഹിച്ചപ്പോഴേക്കും മിസ്റ്റർ തലാട്ടി സന്ദർഭം തരാതെ ചോദിച്ചു, "താങ്കളുടെ സഹോദരിയാണെന്നു പറഞ്ഞ് ഒരു ലേഡി ഇവിടെ വന്നു. ഛിന്നമസ്തയുടെ കഥ പറഞ്ഞു. അവരെ താങ്കൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?"

ഞാൻ ജാഗരൂകനായി, സംഗതി വളച്ചുതിരിക്കാൻ വേണ്ടി പറഞ്ഞു, "താങ്കൾ അവൾക്കുവേണ്ടി ഛിന്നമസ്തയുടെ കഥ തെരഞ്ഞുപിടിച്ചോ?"

"കഥ അവൾ ഞങ്ങളെ കേൾപ്പിച്ചു." മിസ്റ്റർ തലാട്ടി പറഞ്ഞു.

"യെസ്. എ മൈറ്റി പണ്ഡിതാ." മിസ്റ്റർ തിർഖാ പറഞ്ഞു, "ബട്ട് യെറ്റ് സോ സ്ട്രേഞ്ച്. അതങ്ങനെയാണ് ജീനിയസ് - മാഡ്നെസ്, ഡിവിനിറ്റി - ഡിപ്രേവിറ്റി ഇവ തമ്മിലുള്ള ഡിവൈഡിങ് ലൈൻസ് വളരെ തിൻ ആണ്. ബട്ട് സ്ട്രേഞ്ച്. നമ്മുടെ ഹിന്ദു മൈൻഡിന് സ്ട്രേഞ്ചാണെന്ന തോന്നലൊഴികെ ഒന്നും തന്നെ സ്ട്രേഞ്ചല്ല."

ജോഷിയും മനോഹറും സ്തബ്ധരായി. എന്നാൽ ഞാൻ സ്വയം നിയന്ത്രണം പാലിച്ചുകൊണ്ടു ചോദിച്ചു, "പാച്ചാജി, ഈ ഛിന്നമസ്ത യുടെ കഥയെന്താണ്?"

വിഷയം മാറ്റുന്നതുകണ്ട് മിസ്റ്റർ തിർഖാ ക്ഷുഭിതനായി. എങ്കിലും ചാച്ചാജി അനന്തരവനോടു പറഞ്ഞു, "ഒരിക്കൽ പാർവതീദേവി കുളി ക്കാൻ പോയി, ഇൻ ദ ഹോളി വാട്ടേഴ്സ് ഓഫ് റിവർ മന്ദാകിനി. കുളി ച്ചിട്ട് കരയ്ക്കിരുന്നപ്പോൾ ഈ നോട്ടീ ഫെലോ, നമ്മുടെ കാമദേവൻ അമ്പെയ്തു. തൽഫലമായി നമ്മുടെയെല്ലാം മദർ ബോഡിലി ഡിസ യറിൽ അങ്ങേയറ്റം അബ്സോർബ്ഡായി. കൂടെവന്ന പിശാചിനി രാവി ലെമുതൽ വിശന്നിരിക്കുകയാണെന്ന കാര്യം അമ്മ ഓർത്തില്ല..."

മിസ്റ്റർ തലാട്ടി ഇടയ്ക്കുകയറി ശുഷ്കസ്വരത്തിൽ പറഞ്ഞു, "ഈ ചെറിയ ദേവിമാരുടെ വിശപ്പും ദാഹവും ശമിപ്പിക്കാൻ ദേവി എന്തിനാ തലയറുത്ത് രക്തം കുടിപ്പിച്ചത്, ഛിന്നമസ്ത എന്ന പേരുണ്ടായതെ ങ്ങനെ എന്നീ കാര്യങ്ങൾ ജോഷി എവിടെങ്കിലും പോയി വായിച്ചറി യൂ. ഇപ്പോൾ നിങ്ങളുടെ സഹോദരിയുടെ കാര്യം പറയൂ."

"എനിക്കവരെ നന്നായറിഞ്ഞുകൂടാ." ഞാൻ പറഞ്ഞു, "എന്റെ ചേച്ചിക്കാണവരെ പരിചയം."

"നിങ്ങളുടെ ചേച്ചിക്ക് അവരെ നന്നായറിയാമോ?" മിസ്റ്റർ തലാട്ടി യുടെ സ്വരത്തിൽ മാത്രമല്ല, കണ്ണുകളിലും വെല്ലുവിളി ഉണ്ടായിരുന്നു,

ഞാൻ ഒന്നും മിണ്ടാതിരുന്നു. മിസ്റ്റർ തലാട്ടി പുഞ്ചിരിച്ചു, "ഒരു ദിവസം ആ ലേഡി ഞങ്ങളെ വന്നുകണ്ടു. നിങ്ങളെപ്പറ്റി അവരെന്താ പറഞ്ഞതെന്നു കേൾക്കണോ?"

"എന്താണുണ്ടായതങ്കിൾ?" മനോഹറിന്റെ ദയാലുവായ പിതാ പ്രതീകത്തിലേക്കു ഞാൻ നീങ്ങി.

മിസ്റ്റർ തിർഖാ ചിരിച്ചു, പതിവായി ദിവസം രണ്ടുനേരം - ഒന്നു രാവിലെയും ഒന്നു വൈകുന്നേരവും - അയാൾ ചിരിക്കാറുണ്ടായിരുന്നു. ഫിംഹ്-ഹിം-ഹിം-ഹോ-ഹോ-ഹൈം-ഹൈം ഫിം-ഹിം-ഹിം-ഫിംഹി-ഫിംഹി-ഫൂയി-ഹിം-ഹിം ഫൂം-ഫൂം, ഏതാണ്ടീമട്ടിലായി രുന്നു അയാളുടെ ചിരിയുടെ സ്വരമാലിക. ചിരിക്കുമ്പോൾ അയാളുടെ ഉണ്ടക്കണ്ണുകൾ പുറത്തേക്കുതള്ളി വരുമായിരുന്നു. അവസാനം അയാൾ കൈകൊണ്ട് കണ്ണുതുടയ്ക്കുമായിരുന്നു. "എ ഗുഡ് ലാഫ്

ഈസ് ഗുഡ് ഫോർ ഹെൽത്ത്" എന്നും പറയുമായിരുന്നു. മിസ്റ്റർ തിർഖാ ദിവസം രണ്ടിനും പകരം മൂന്നുനേരം ഒരിക്കലും ചിരിച്ചിട്ടില്ല. കുറഞ്ഞ പക്ഷം എന്റെ മുമ്പിൽ ചിരിച്ചുകണ്ടിട്ടില്ല. അദേഹത്തെ പ്പോലൊരാൾ ഓഫീസിലോ വഴിയിലോ വച്ച് ചിരിക്കുമെന്നു ചിന്തി ക്കാൻ പോലും വയ്യ. ചിരിയുടെ ഈ രണ്ടുഡോസ് അയാളൊരിക്കലും മറന്നിട്ടില്ലെന്നതും ഗൗരവമർഹിക്കുന്ന വസ്തുതയാണ്. ചിരിക്കാൻ പറ്റിയ കാര്യമൊന്നുമില്ലെങ്കിൽ അയാൾ ഏതെങ്കിലും പഴയ കാര്യ മോർമിച്ചു ചിരിക്കുമായിരുന്നു, അല്ലെങ്കിൽ ഏതെങ്കിലും ഫലിതം പറ യുമായിരുന്നു.

മിസ്റ്റർ തലാട്ടി ഒരിക്കലും ചിരിക്കുമായിരുന്നില്ല. തീർച്ചയായും അദ്ദേഹം പുഞ്ചിരിക്കുമായിരുന്നു. അതും കഴിവതും കണ്ണിലൂടെ മാത്രം, അദ്ദേഹത്തിന്റെ ഓരോ പുഞ്ചിരിയും വെല്ലുവിളിയിൽ പൊതിഞ്ഞതാ യിരിക്കും.

ചിരിയുടെ കണ്ണുനീർ തുടച്ചുകൊണ്ട് മിസ്റ്റർ തിർഖ പ്രഖ്യാപിച്ചു, "പ്രിയ മരുമകനേ, എന്റെ ആരോഗ്യം വളരെ മെച്ചപ്പെട്ടു. എന്തുകൊ ണ്ടെന്നാൽ, ഏ ഗുഡ് ലാഫ് ഈസ്..."

"ഗുഡ്ഫോർ ഹെൽത്ത്." ഞാൻ പറഞ്ഞു.

"എങ്കിലും നിന്റെ ചിറ്റപ്പൻ എന്തിനാണിപ്പോൾ ചിരിച്ചതെന്ന് നീ അറിയണം." പൂണൂൽ കൊണ്ട് നഗ്നമായ പുറം ചൊറിയുന്നതിനിടയ്ക്ക് മിസ്റ്റർ തിർഖാ പറഞ്ഞു, "പറയുന്നതിൽ നാണിക്കാനെന്തിരിക്കുന്നു? നമ്മുടെ പൂർവികർ പറഞ്ഞിട്ടുണ്ട് – പ്രാപ്തേഷു ഷോഡഷേ വർഷേ പുത്രം മിത്രവദാചരേ. നിനക്ക് പതിനാറിന്റെ കൂടെ പത്തോ പതി നൊന്നോ വർഷം കൂടുതൽ പ്രായം കാണും, അതിനാൽ നീയും മിത്ര വർഗത്തിൽപെടും. ഞാനും മിസ്റ്റർ തലാട്ടിയും ഗുജറാത്തി ലഞ്ച്ഹോ മിൽ ഏർലി ഡിന്നർ കഴിച്ചിട്ട്, ചുറ്റിക്കറങ്ങി ബാലകേശ്വർ ഭാഗത്തെത്തി. ഏതാണ്ട് ഏഴ്–ഏഴര മണിയായിക്കാണും. അപ്പോഴും നേരിയ വെളിച്ച മുണ്ടായിരുന്നു. ഒരു ബംഗ്ലാവിന്റെ മുന്നിലെ ലോണിൽ ഒരു ലേഡി നിൽക്കുന്നതു കണ്ടു. പരിചയമുള്ള രൂപം. ആൻഡ് വാട്ടീസ് മോർ, ഞങ്ങളുടെനേർക്ക് കൈവീശി. മിസ്റ്റർ തലാട്ടി പറഞ്ഞു, 'ആരാണെന്നു നോക്കാം' ശ്രദ്ധിക്കണ്ടാ എന്നാണെന്റെ ജനറൽ ആറ്റിറ്റ്യൂഡ്, യൂനോ. ദെൻ..."

ആ മഹിള ഉറക്കെ വിളിച്ചു, "ഹല്ലോ... മിസ്റ്റർ തിർഖാ ചാച്ചാ." മിസ്റ്റർ തലാട്ടി കഥ വികസിപ്പിച്ചു. "അപ്പോൾ ഞാൻ ഇദ്ദേഹത്തോടു പറഞ്ഞു, ഇത് നമ്മുടെ മിസ്റ്റർ ജോഷിയുടെ പെങ്ങളാണെന്നു പറഞ്ഞ അതേ ലേഡി തന്നെ."

"ദാറ്റ്സ് റൈറ്റ്." മിസ്റ്റർ തിർഖ പറഞ്ഞു, "ക്വയറ്റ് പോസിബിൾ. ഷി ലിവ്സ് ഹിയർ. പോയി മീറ്റ് ചെയ്യാം. നോ ഹാം. ഒരു പക്ഷേ

മിസ്റ്റർ ജോഷിക്ക് കൊടുക്കാൻ വല്ല മെസ്സേജും കാണും. ഞങ്ങൾ ബിൽഡിങിനു വളരെയടുത്തുചെന്നു."

വൃദ്ധന്മാരിരുവരും മൗനം പൂണ്ടു. കഥാഗതി മുന്നോട്ടു കൊണ്ടു പോകാൻ ബാലൻ അവരോടാവശ്യപ്പെടേണ്ടതായിരുന്നു.

ഞാൻ ചോദിച്ചു , "എന്നിട്ട്? എന്നിട്ടെന്തുണ്ടായി ചാച്ചാജി?"

"സംഗതി ആകെ നാശമായി, അല്ലാതെന്താ?" മിസ്റ്റർ തിർഖാ പറഞ്ഞു, "മരുമകനേ, ലേഡിയുടെ കൂടെ ഒരു ജന്റിൽമാനുണ്ടായി രുന്നു."

"എന്ത് ലേഡി, ഏത് ജന്റിൽമാൻ?" മിസ്റ്റർ തലാട്ടി ഉഴപ്പാൻ നോക്കി.

"ലേഡിയുടെ കൂടെ ജന്റിൽമാനുണ്ടായിരുന്നെങ്കിലെന്താ?" മനോ ഹർബാലന് കഥയുടെ അന്ത്യം സന്ദിഗ്ധമായി തോന്നി.

"ഇങ്ങനെയുള്ള 'എന്താ'യ്ക്ക് ഇന്നോളം എന്തെങ്കിലും മറുപടി കിട്ടിയിട്ടുണ്ടോ?" മിസ്റ്റർ തിർഖാ ചോദിച്ചു, "അക്ഷരം പ്രതി പറ യണോ? 'പ്രാപ്തേഷു ഷോഡഷേ' ആയില്ലേ? സ്വയം മനസ്സിലാ ക്കണം."

"പക്ഷേ, താങ്കൾ പറഞ്ഞത് ലേഡി ലോണിൽ നിൽക്കുകയായി രുന്നെന്നാണല്ലോ." പതിനാറുകഴിഞ്ഞ മനോഹർ സംശയം ചോദിച്ചു. "പെട്ടെന്ന് ഈ ജന്റിൽമാനും മറ്റും..."

"ഐ വിൽ ടെൽ യൂ" മിസ്റ്റർ തലാട്ടി നാസാദ്വാരങ്ങൾ വിടർത്തി, ചുണ്ടു കടിച്ചുകൊണ്ടു പറഞ്ഞു. "ഈ ജന്റിൽമാൻ ശ്രീമതിയുടെ പെറ്റിക്കോട്ടിലൊളിച്ചിരുന്നു."

"വളർത്തുനായെപ്പോലെ." മിസ്റ്റർ തിർഖാ പൂരിപ്പിച്ചു. "പോമറേ നിയൻ വർഗത്തിൽപെട്ട ചെറിയ നായ."

മിസ്റ്റർ തലാട്ടി ആ ഉപമ സ്വീകരിച്ചു. "ആ ജന്റിൽമാൻ വളർത്തു നായെപ്പോലെയായിരുന്നു. ശ്രീമതി അയാളെ ആ വിധത്തിൽ ഓടി ക്കുകയും ചെയ്തു. 'പോ, അകത്ത് പോ, എന്നെ കാണാൻ ആള് വന്നിരിക്കുന്നു!' പൊക്കം കുറഞ്ഞ, വണ്ണംകൂടിയ, വൃദ്ധനായ ആ ജന്റിൽമാൻ നായ് അകത്തേക്കോടിപ്പോയി. കേൾക്കാൻ നല്ല രസമുണ്ട് മിസ്റ്റർ ജോഷി."

"നിങ്ങളോട് ഞാൻ നേരത്തേ പറഞ്ഞതാണ്" ഞാൻ മുഷിച്ചി ലോടെ പറഞ്ഞു, "വേശ്യകളെക്കുറിച്ച് ഒരു ലേഖനപരമ്പരയ്ക്കുള്ള മാറ്റർ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്, ഞാൻ. അവളൊരു വേശ്യ യാണെന്നെനിക്കറിയാം."

"ആ മഹിള പറഞ്ഞത് ശരിയാണെന്നാണിതിന്റെ മീനിങ്ങ്." മിസ്റ്റർ തലാട്ടി പറഞ്ഞു, "മിസ്റ്റർ ജോഷി നിങ്ങളെ പെങ്ങളെന്നാണു വിളി ക്കുന്നതെന്ന് ഞങ്ങൾ പല തവണ പറഞ്ഞു പക്ഷേ, മിസ്റ്റർ ജോഷി

എന്നെ വേശ്യയായിട്ടാണു കരുതുന്നതെന്ന് അവർ പറഞ്ഞു."

"ദാറ്റ്സ് റൈറ്റ്." മിസ്റ്റർ തിർഖാ പറഞ്ഞു, "അവർ വേശ്യയാണെന്ന് നമ്മുടെ ജോഷി പറയുന്നത് കേട്ടില്ലേ?"

"അവർ സൂറത്തിലെ ഹൈക്ലാസ് ഝാവേരി ഫാമിലിയിലെ മഹിളയാണ്. അവരെ വേശ്യയെന്നു വിളിക്കരുത്." മിസ്റ്റർ തലാട്ടി മിസ്റ്റർ ജോഷിയെ ശാസിച്ചു, "എനിക്ക് അവരുടെ ഫാമിലിയെ നന്നായറിയാം."

"എന്നാൽ അവൾ എന്നോടു നേരിട്ടു പറഞ്ഞത്..." ഞാൻ എതിർക്കാൻ തുടങ്ങി.

"ആരെന്തു പറഞ്ഞാലും നേരാണെന്നു കരുതാമോ?" മിസ്റ്റർ തലാട്ടി വെല്ലുവിളിയുടെ സ്വരത്തിൽ ചോദിച്ചു. "അങ്ങനെയാണെങ്കിൽ മിസ്റ്റർ ജോഷി സിദ്ധനാണെന്നും, ഭൂത-ഭാവികളറിയുന്നവനാണെന്നും, മുഖലക്ഷണം നോക്കി ജാതകഫലം പ്രവചിക്കുമെന്നും മറ്റും പറഞ്ഞത് സത്യമാണെന്നു കരുതട്ടെ?"

"അത് കള്ളമാണെന്ന് നിങ്ങൾക്കറിയാമല്ലോ." എന്റെ ശബ്ദം മിടറി.

"മിസ്റ്റർ ജോഷീ, കള്ളവും നേരും തീരുമാനിക്കാനുള്ള മാർഗം കഠിനം തന്നെ." മിസ്റ്റർ തലാട്ടി പറഞ്ഞു, "താങ്കൾ മുമ്പ് ഈ ലേഡി സ്വന്തം പെങ്ങളാണെന്നു പറഞ്ഞു, അത് സത്യമായിരുന്നോ? ഇപ്പോൾ വേശ്യയാണെന്നു പറഞ്ഞു - അത് സത്യമാണോ? ഈ സ്ത്രീയുമായി താങ്കൾക്കെന്ത് റിലേഷനാണുള്ളതെന്നു പറയൂ."

"ക്യൂരിയോസിറ്റിയുടെ!" ഞാൻ പറഞ്ഞു.

"എന്റെ മരുമോനേ, 'ക്യൂരിയോസിറ്റി കിൽഡ് ദ ക്യാറ്റ്' എന്നു കേട്ടിട്ടില്ലേ?" മിസ്റ്റർ തിർഖാ ഓർമിപ്പിച്ചു. മരുമകൻ നിശ്ശബ്ദനായി.

"മിസ്റ്റർ ജോഷീ, ഞങ്ങൾ താങ്കളെ സ്വന്തം മകനെപ്പോലെയാണു കരുതുന്നത്." മിസ്റ്റർ തലാട്ടി പറഞ്ഞു, "എന്നാൽ താങ്കൾ ഞങ്ങളുടെ മകനല്ലെന്ന് ഞങ്ങൾക്കറിയാം. ഇന്നത്തെകാലത്ത് മകനാണെങ്കിൽ പോലും അച്ഛൻ പറയുന്നതനുസരിക്കുകയില്ല. ഇതെനിക്കറിയാം എന്നാലും താങ്കൾ ഞങ്ങളിൽ സംശയം ജനിപ്പിച്ചു."

"ഹി ഹാസ് ബീൻ എക്സെംപ്ളറി ഇൻഹിസ് ബിഹേവിയർ!" മിസ്റ്റർ തിർഖാ സർട്ടിഫിക്കറ്റ് നല്കി. "നല്ല തങ്കം പോലുള്ള പയ്യനാണ് നമ്മുടെ ജോഷി."

"അതുകൊണ്ടാണല്ലോ ഞങ്ങളും ഞങ്ങളുടെ രീതിക്ക് താങ്കളെ സ്നേഹിച്ചത്." മിസ്റ്റർ തലാട്ടി പറഞ്ഞു, "താങ്കൾ കള്ളം പറഞ്ഞ് വിശ്വാസഭംഗം വരുത്തിയതിലാണ് ദുഃഖം - ഞങ്ങൾക്കുമാത്രമല്ല, ആ മഹിളയ്ക്കും. മിസ്റ്റർ ജോഷീ, അവർ ഇവിടെ വന്ന ദിവസം നദീതീരത്ത് കൂട്ടിക്കൊണ്ടുപോയി താങ്കൾ സിദ്ധനാണെന്ന് ആ മഹിളയെ പറഞ്ഞു വിശ്വസിപ്പിച്ചു. അന്തമില്ലാത്ത ബലാൽസംഗം, മീൻസ്

എൻഡ്‌ലെസ് റേപ്പ്, മീൻസ് യോഗ – താന്ത്രിക – സെക്സ്, മീൻസ് ഡിവൈൻ റപ്ചർ. താങ്കൾ അവരെ നിരാശപ്പെടുത്തിയതുകൊണ്ടാണ് പിന്നീടിതുവഴി വരാഞ്ഞത്. ഏ ബ്രീച്ച് ഓഫ് കോൺട്രാക്റ്റ് ഓൺയുവർ പാർട്ട്, മിസ്റ്റർ ജോഷീ."

"പ്രോമിസ്ഡ് ബട്ട് ഫെയ്ൽഡ് ടു ഡെലിവർ ഡിവൈൻ റപ്ച്ചർ." മിസ്റ്റർ തിർഖ പറഞ്ഞു, "തലാട്ടി ഓഡിറ്റ് – അക്കൗണ്ടുകാരനാണ്. അയാളുടെ അപ്രോച്ച് ഇതാണ്."

മിസ്റ്റർ തലാട്ടി നല്ല ഫോമിലായി. അദ്ദേഹം ചമ്രം പടിഞ്ഞിരുന്നു, കണ്ണടച്ചിരുന്ന്, ചുണ്ടുകളിൽ ആത്മസംതൃപ്തിയുടെ പുഞ്ചിരിയൊരുക്കി. "ഞാൻ സീരിയസായി ആ മഹിളയുടെ അക്കൗണ്ട് ഓഡിറ്റ് ചെയ്യാൻ തുടങ്ങിയാൽ, നാലഞ്ച് ദിവസത്തിനകം താങ്കളുടെ ക്യൂരിയോസിറ്റിയോട്, അവരുടെ ശരിയായ കഥ എന്താണെന്നു പറയാം. ഇറ്റീസ് ഏ പ്രോമിസ് മിസ്റ്റർ ജോഷി. തലാട്ടി ബ്രീച്ച് ഓഫ് കോൺട്രാക്റ്റ് ചെയ്യുകയില്ല."

ഞാൻ ജോഷിജിയോടു പറഞ്ഞു, "വയസ്സനും ലാഭോദ്ദേശ്യത്തോടെയാണു പോയത്. താങ്കൾ ഈ ദൃശ്യം ഭാവനയിൽ കാണുക – രണ്ടു വൃദ്ധ ജന്റിൽമാൻമാരും ഒന്നാം നമ്പർ അക്കൗണ്ടുകാരിയായ ആ ലേഡിയുടെയടുത്ത് പോകുന്നു. ആരാണ് പെറ്റിക്കോട്ടിൽ ഫിറ്റാകുന്നത്, ആരാണ് ബ്ലൗസിൽ – എന്നുകാണാം." ജോഷിജിക്ക് ഈ നേരം പോക്കിഷ്ടപ്പെട്ടില്ല. അപരാധബോധം ഗ്രസിച്ച മനോഹറിന് അതിഷ്ടപ്പെടുന്ന പ്രശ്നമേ ഉദിക്കുന്നില്ല.

മിസ്റ്റർ തിർഖ കോട്ടുവാ വിട്ടുകൊണ്ട് കുടവയർ തലോടിക്കൊണ്ടിരുന്നു. 'ഇനി പോയി പണിനോക്ക്' എന്നതിന്റെ സൂചനയാണിത്, അദ്ദേഹം പറഞ്ഞു. "പ്രാപേത്ഷു ഷോഡഷേ ആയി മരുമകനേ. ഇനി കാര്യങ്ങളൊക്കെ മനസ്സിലാക്കണം. മിസ്റ്റർ തലാട്ടീ, നമുക്ക് ഡിന്നറിനു പോകാം."

മിസ്റ്റർ തലാട്ടി കണ്ണുതുറന്നു. നോട്ടം കൊണ്ട് എന്നെ വരിഞ്ഞു മുറുക്കി, "മിസ്റ്റർ ജോഷി, വയസ്സന്മാരുടെ പുലമ്പൽ കേട്ട് താങ്കൾക്ക് ബോറടിച്ചുകാണും. എങ്കിലും ഒരു കാര്യം കൂടി പറഞ്ഞോട്ടെ. എന്റെ ഉപനയനം കഴിഞ്ഞശേഷം ഒരിക്കൽ ഞാനൊരു മഹാപണ്ഡിതനോട് റിക്വസ്റ്റ് ചെയ്തു, 'മഹാത്മൻ, എന്നെ മന്ത്ര – തന്ത്രങ്ങളും സാധനയും മറ്റും പഠിപ്പിക്കൂ!' പണ്ഡിതൻ പറഞ്ഞു, 'ആദ്യം ചന്തിയിൽ ചാരം പൂശി വാ.' ഞാൻ ദിവസേന കീലകവും കവചവും അർഗലയും രാത്രിസൂക്തവും മധ്യമചരിത്രവും ദേവീസൂക്തവും മാത്രം വായിക്കുന്നു, അക്ഖാസപ്തശതി വായിക്കുന്നില്ല. ഫുൾടെക്സ്റ്റ് ഒൺലി ഓൺ മഹാഷ്ടമി, അതിൽത്തന്നെ സമ്പുടനിർവാണവും മറ്റുമില്ല. ഇതെല്ലാം ആ സിദ്ധപണ്ഡിതന്റെ ഡയറക്ഷൻ പ്രകാരം. നിർബന്ധം പിടിച്ചപ്പോൾ

എല്ലാം പഠിപ്പിച്ചു. അദ്ദേഹം പറഞ്ഞു, 'ബ്രാഹ്മണന്റെ മകനാണ്, പഠിപ്പിക്കുന്നതിനു തടസ്സമില്ല. ബട്ട് വിദ് സ്ട്രിക്റ്റ് വാണിങ്, ഗാർഹസ്ഥ്യം ഉപേക്ഷിക്കാൻ തോന്നാത്തിടത്തോളം സിദ്ധിയുടെയും സാധനയുടെയും കാര്യം ചിന്തിക്കുകയേ വേണ്ട. അല്ലെങ്കിൽ ഭ്രാന്ത് പിടിക്കും, പതിതനാകും, ഒരിക്കലും സിദ്ധനാവുകയുമില്ല.' മിസ്റ്റർ ജോഷീ, താങ്കൾക്കും അതേ മുന്നറിയിപ്പ് നല്കുകയാണ്. ഇഷ്ടപ്പെട്ടില്ലെങ്കിൽ ക്ഷമിക്കണം."

"ദാറ്റ്സ് റൈറ്റ്!" മിസ്റ്റർ തിർഖാ പറഞ്ഞു, "വൺ ഷുഡ്ന്റ് ഡാബ്ൾ വിദ് തന്ത്ര. ഇൻ എനി കേസ്, ആ ലേഡിയെക്കൊണ്ട് എനിക്കൊരുപയോഗവുമില്ല."

മിസ്റ്റർ തലാട്ടി ഷർട്ടിട്ടുകൊണ്ട് എഴുന്നേറ്റു നിന്നു. "മിസ്റ്റർ ജോഷീ, കുടുംബം വേണ്ടെന്നു വയ്ക്കുകയും തന്ത്രത്തിന്റെ പെറ്റിക്കോട്ടിൽ കടന്നുകൂടണമെന്നു ശാഠ്യം തോന്നുകയും ചെയ്താൽ, ചന്തിയിൽ പൂശാൻ ചാരമന്വേഷിച്ചു കൊണ്ടുവരണം. ബോംബെയിൽ ചാരം കിട്ടാൻ വളരെ പ്രയാസമാണ്."

ജോഷിജി ദേഷ്യപ്പെട്ട് ചാടിയിറങ്ങി. അദ്ദേഹം കാലിൽ ചെരിപ്പിട്ടുകൊണ്ട് 'മടങ്ങിവരാൻ വൈകു'മെന്നു പറഞ്ഞ് വയസ്സന്മാരെക്കാൾ മുമ്പേ മുറിവിട്ടുപോയി.

ആഗ്രഹമില്ലാത്തവരായി ആരുണ്ട്?

അത്യന്തം പരാജിതമനസ്ഥിതിയുള്ള ഒരു വർഗത്തിലെ ഒരു സാദാ ജോഷി തന്റെ മുറി വിട്ടിറങ്ങി സമുദ്രതീരത്ത് പുകവലിച്ചുകൊണ്ടു നടന്നു.

അദ്ദേഹത്തിന്റെ ഒരു കാൽ ഫുട്പാത്തിലും മറ്റേ കാൽ സമുദ്ര തീരത്തു കെട്ടിയ ചെറുഭിത്തിയിലും വച്ചിരുന്നു. നോട്ടം ചക്രവാളത്തിൽ തറച്ചു നിന്നു, നിർന്നിമേഷം. ചെറുഭിത്തിയിൽ വച്ച കാലിന്റെ മുട്ടിൽ വച്ചകയ്യുടെ വെള്ളയിൽ വച്ച താടി. താടിയിൽ തങ്ങിനിന്ന ചുണ്ടുകൾ, ചുണ്ടിൽ പുകയുന്ന സിഗററ്റ്. സാധാരണയായി കൂടെക്കൂടെ ചാരം തട്ടിക്കളഞ്ഞശേഷം സിഗററ്റ് വലിക്കുന്ന ജോഷിജി ഈ പോസ് അപ്പോൾ ഹാജരല്ലെങ്കിലും ചിരകല്പിതനായ തന്റെ ഡയറക്ടർ - ക്യാമറാമാനെ ഉദ്ദേശിച്ച് സ്വയം സ്വീകരിച്ചതാണ്.

സിനിമാ ഹീറോമാർ ഇത്തരം മൂകമായ ഷോട്ടുകളിൽ, മനസ്സിൽ ചിലതാലോചിച്ചിട്ട് ഇങ്ങോട്ടോ അങ്ങോട്ടോ എന്ന തരത്തിൽ എന്തെങ്കിലും തീരുമാനമെടുക്കാറുണ്ട്. വിലക്കൂടുതലുണ്ടായിട്ടും പകുതി അവശേഷിച്ച, കത്തിക്കൊണ്ടിരിക്കുന്ന സിഗററ്റ് വലിച്ചെറിഞ്ഞിട്ട് ക്യാമറയിൽ നിന്നു മുഖം തിരിച്ച് നടന്നകലുമ്പോൾ മാത്രമേ അവർ തീരുമാനമെടുത്തുകഴിഞ്ഞെന്ന് കാണികൾക്കു മനസ്സിലാകുകയുള്ളു.

പൊരുതാനോ ഓടി രക്ഷപ്പെടാനോ? ഹീറോയുടെ നടപ്പും ക്യാമറയിൽ നിന്ന് ദൂരെപ്പോകുന്ന ഷോട്ടിന്റെ നീളവുമാണ് കാണിയുടെ ജിജ്ഞാസ ശമിപ്പിക്കുന്നത്. ഉയർത്തിപ്പിടിച്ച തോളും, കൈകളിൽ ചാപല്യവും നടപ്പിൽ ദൃഢനിശ്ചയവും, ഷോട്ട് അധികം നീളമില്ലാത്തതുമാണെങ്കിൽ 'ഈ വീരൻ ഭാര്യയെത്തല്ലു' മെന്നുറപ്പിക്കാം. താഴ്ത്തിയ തോളും, ഭാരം തോന്നിക്കുന്ന കൈകളും, നടപ്പിൽ ശൈഥില്യവും, ഷോട്ട് നീണ്ടതുമാണെങ്കിൽ 'ഈ മനുഷ്യന് ആരെ തല്ലാൻ കഴിയും, ഇയാൾ അനാഥാലയത്തിലെ അടുക്കളയിലെ നച്ചെലിയെപ്പോലെയാണല്ലോ' എന്നു മനസ്സിലാക്കണം. 'ഈ മനുഷ്യന്റെ കണ്ണിൽ എങ്ങനെ വെള്ളം നിറഞ്ഞു? കരയുകയാണോ, സിഗററ്റിന്റെ പുക കയറിയതാണോ? എന്ന് കാണികൾ ചിന്താക്കുഴപ്പത്തിലാകുന്നതുവരെ ഡയറക്ടർ ഈ ഷോട്ട് കൈകാര്യം ചെയ്തുകൊണ്ടിരിക്കും. എന്നാൽ ആ വികല്പം മനോഹറിന് റിസർവ് ചെയ്തിരിക്കുകയാണ് സാർ!

എന്നാൽ ജീവിതത്തിന്റെ തിരക്കഥയുടെ ഈ ദൃശ്യസന്ദർഭത്തിൽ ജോഷിയെ വികല്പമില്ലായ്മ വല്ലാതെ ഉപദ്രവിച്ചു. ഷോട്ട് ഹോൾഡ് ചെയ്യുന്നത് നിഷ്പ്രയോജനം – എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ മനസ്സ് ഏതെങ്കിലുമൊരു നിശ്ചയത്തിലേക്കു നീളുന്നില്ല. അദ്ദേഹത്തിന്റെ കണ്ണുകളിൽ സിഗററ്റിന്റെയോ മനസ്സിന്റെയോ പുക പരന്ന് കണ്ണുനീർ നിറയുന്നില്ല. അദ്ദേഹത്തെ മുറിവേല്പിച്ച ആൾത്തീനിയായ പെൺ സിംഹത്തോടു പൊരുതുന്നതെവിടെ വച്ച്, എങ്ങനെ? അവളിൽ നിന്നോടി രക്ഷപ്പെടാമെന്നു വിചാരിച്ചാൽ അതെവിടെ വച്ച്, എങ്ങനെ? അവളുടെ താവളം അജ്ഞാതം. ആക്രമിക്കാനുള്ള സ്ഥലവും സമയവും അവൾ തന്നെ തെരഞ്ഞെടുക്കുന്നു.

'പ്രാപ്തേഷു ഷോഡഷേ' ആയിത്തീർന്നതിന്റെയടിസ്ഥാനത്തിൽ ജോഷിജി രഹസ്യമയിക്ക് പൂച്ചയുടെ ഗ്രേഡിൽ നിന്ന് സിംഹത്തിന്റെ ഗ്രേഡിലേക്കു കയറ്റം നല്കിയതു കണ്ട് എനിക്കു വലിയ സന്തോഷം തോന്നി. ജോഷിയുടെ ന്യായദീക്ഷയിൽ എനിക്കൊരിക്കലും സംശയം തോന്നിയിട്ടില്ല. മനോഹറിന്റെ സമ്മർദത്തിനു വഴങ്ങി ആൾത്തീനിയായ സിംഹത്തിന്റെ ഗ്രേഡിൽ നിന്ന് നിത്യജയത്തിന്റെ ഗ്രേഡിലേക്ക് അവളെ കയറ്റിയിരുത്തുമോ എന്ന ആശങ്കയും എനിക്കുണ്ടായി. എഫിഷൻസി ബാർ ഒരിക്കലും മറന്നു പോകരുതല്ലോ!

ക്രമഭംഗമുള്ള ഈ തിരക്കഥയിൽ അപ്പോൾ ഭഗവാൻ ഒരാഘാതമേല്പിച്ചു. ജോഷിയുടെ ഉദരദേശത്ത് സാമാന്യമായി ചില പൊട്ടലുകളനുഭവപ്പെട്ടു. കുറേ നേരമായി താനവലംബിച്ചുനിന്ന പോസിന്, മലബന്ധമകറ്റാൻ സഹായകമായ യോഗാസനങ്ങളുമായി വിദൂരബന്ധം പോലുമില്ലെന്ന കാര്യം ജോഷിജി ഗൗരവപൂർവം മനസ്സിലാക്കി. ദുർഭാഗ്യമെന്നുപറയട്ടെ, ഈ രസകരമായ പോയ്ന്റിനെക്കുറിച്ച് ചിന്തിക്കാൻ തല്ക്കാലം സമയമില്ല. പ്രകൃതി ജോഷിജിയെ വിളിക്കാൻ മിക്കവാറും കാലതാമസം വരുത്താറുണ്ട്. എന്നാൽ, വിളിച്ചാലോ? ആ വിളിയിൽ അനിയന്ത്രിതമായ നിർബന്ധം പ്രകടമാകാറുണ്ട്. 'എന്തുപറ്റി? ഹാഫ് പാന്റിൽ...?' പരിഹാസപ്പുഞ്ചിരിക്കു വക നല്കുന്ന ഈ ചോദ്യത്തിലെ അനേകം മധുരസ്മരണകൾ, ജോഷിജിയെ പ്രകൃതിയുടെ ഈ നിർബന്ധത്തിനു മുമ്പിൽ സദാ വിനയാന്വിതനാക്കുന്നു.

ഗസ്റ്റ് ഹൗസിൽ പോകാമെന്ന പ്രസ്താവം അപകടരഹിതമാണെന്ന് ജോഷിക്കു തോന്നിയില്ല. അദ്ദേഹം അരമതിലിനപ്പുറം കടപ്പുറത്തെ പാറക്കെട്ടു ലക്ഷ്യമാക്കി നടന്നു.

മുമ്പൊരു ദിവസം ജോഷിജി ആ മുന്തിയവളോടൊപ്പം മറ്റൊരു ശാരീരികാവശ്യത്തിനായി ഇതേ സ്ഥലത്ത് വന്ന കാര്യം ഞാൻ അദ്ദേഹത്തെ ഓർമിപ്പിച്ചു. തിരക്കഥയിലെ ആ സന്ദർഭത്തിലെ ഷോട്ടുകൾ ഉടൻ സംഭവിക്കാൻ പോകുന്ന സന്ദർഭത്തിലെ ഷോട്ടുകളുടെ കൂടെ

ചേർത്തുവയ്ക്കാനുള്ള ക്ലാസ്സിക് ദൃഷ്ടി ജോഷിക്കുണ്ടോ എന്നറിയാൻ ഞാനാഗ്രഹിച്ചു. (റഫറൻസ് : ഹക്സ്‌ലിയുടെ ഉപന്യാസം: റൊമാന്റിസിസം ആൻഡ് ക്ലാസ്സിസിസം.)

ഈ ചോദ്യം കേട്ട് ജോഷിജിയുടെ മൂഡ് ഇളകി. അദ്ദേഹം ദേഷ്യപ്പെട്ടു പറഞ്ഞു, "ക്ലാസ്സിക്കിനെ കോമിക്കുമായി കൺഫ്യൂസ് ചെയ്യുന്ന കുബുദ്ധി! ഹക്സ്‌ലി എന്താണു പറഞ്ഞത്? ക്ലാസ്സിക് കവി ജീവിതത്തെ സമഗ്രതയിൽ കണ്ടിരുന്നു, നായകൻ അതിമാനുഷനാണെങ്കിൽ പോലും ഒരളവുവരെ സാധാരണമനുഷ്യനായി ചിത്രീകരിച്ചിരുന്നു – എന്നാണ് ഹക്സ്‌ലി പറഞ്ഞത്. ഓരോ വിശേഷദിവസത്തിന്റെയും ആരംഭത്തിൽ ക്ലാസ്സിക് നായകൻ ലോട്ടയെടുത്തുകൊണ്ട് കുറ്റിക്കാടിന്റെ മറവിലേക്കു പോകുന്നത് കാണിക്കണമെന്നു ഹക്സ്‌ലി ഒരിടത്തും പറഞ്ഞിട്ടില്ല."

ഞാൻ പറഞ്ഞു, "ജോഷിജി, ക്ലാസ്സിക് ഹീറോയെ വിട്. താങ്കൾ പോകുന്നില്ലേ – ലോട്ടപോലും എടുക്കാതെ? അന്ന് മാംസളതയുടെ ചരിവിൽ കിടന്നുരുണ്ട അതേ സ്ഥലത്ത്! താങ്കളെ ഫ്ളൈറ്റിനോ ഫൈറ്റിനോ പ്രേരിപ്പിക്കാത്ത ഈ പുതിയ രസത്തിന് എന്തു പേര് പറയും? അജ്ഞാനിയായ ഞാൻ സംഭ്രമത്തിൽ പെട്ടിരിക്കുന്നു. ദയവായി പറഞ്ഞു തരൂ– കഴിഞ്ഞതവണ താങ്കൾ 'വാർ' നടത്തുകയായിരുന്നു. അതിൽ വീരരസം, ദയാവീരന്റെ ലവലിലുള്ളതാണെങ്കിലും, പ്രകടിപ്പിച്ചു. അപ്പോൾ ഉന്മാദം, അപസ്മാരം, ജഡത മുതലായ അനുഭവങ്ങളുണ്ടായതെന്തുകൊണ്ട്? ഇപ്പോൾ 'പീസ്' ആരംഭിക്കുന്നു. അതിൽ നിർവേദത്തെക്കാൾ കൂടുതലായി ലജ്ജയും വെറുപ്പുമുണ്ടാകുമെന്ന ആശങ്ക എന്തുകൊണ്ട്?"

ജോഷിജി ഞാൻ പറയുന്നത് മനസ്സില്ലാ മനസ്സോടെ കേൾക്കുകയും, ശാന്തരസത്തിന് ഉദ്ദീപനമാകാൻ പാകത്തിലുള്ള ഏകാന്തസ്ഥലം പൂർണമായ ഏകാഗ്രതയോടെ അന്വേഷിക്കുകയും ചെയ്തു. അങ്ങോളമിങ്ങോളം എല്ലാ ഏകാന്തസ്ഥലങ്ങളിലും കാമുകീകാമുകന്മാർ ജോഡികളായി അണി നിരന്നിരിക്കുന്നു. "ഈ അലവലാതികൾക്കു പ്രേമിക്കാൻ വേറൊരു സ്ഥലവും കിട്ടുകയില്ലേ? " ജോഷിജി എന്നോടു ചോദിച്ചു. 'താങ്കൾക്ക് വേറൊരു സ്ഥലവും കിട്ടുകയില്ലേ?' എന്ന് ഞാനദ്ദേഹത്തോടു ചോദിച്ചില്ല. ഞാൻ സാഹിത്യചർച്ച തുടർന്നു. ഞാൻ പറഞ്ഞു, "താങ്കൾ എം.എ. ഹിന്ദി ടൈപ്പ്റൈറ്ററല്ലെങ്കിൽ, എം.എ. ഇംഗ്ലീഷ് ടൈപ്പ്റൈറ്ററാണെന്നംഗീകരിച്ച് വേറൊരു ചോദ്യം ചോദിക്കാനാഗ്രഹിക്കുന്നു. ശ്രീമൻ! താങ്കളുടെ മിത്രം ഓഡൻ വിചിത്രമായ പേരുള്ള ഒരു കവിത എഴുതിയിട്ടുണ്ടല്ലോ – മ്യൂസിയത്തിൽ ക്ലാസിക് കലാകാരൻ വരച്ച പെയ്ന്റിങ് കണ്ടിട്ട് മെഴുകിന്റെ ചിറക് വച്ച് സൂര്യനെ തൊടാൻ പറന്ന ഈക്കേറസ് താഴെ വീഴുന്നതും,

ഒരു കൃഷിക്കാരൻ ഈ വൻട്രാജഡിയെക്കുറിച്ചറിയാതെ ആ വയലിൽ ഉഴുതു കൊണ്ടിരിക്കുന്നതുമാണ് ആ പെയിന്റിങ്ങിലുള്ളത്."

"പുലമ്പാതിരിക്ക്, 'മ്യൂസേ ദ ബോജാർത്' ഞാൻ വായിച്ചിട്ടുണ്ട്." ജോഷി പറഞ്ഞു.

"ധിക്കാരത്തിനു മാപ്പ്. ഈ കവിത താങ്കളെപ്പോലുള്ള ആധുനികന്മാരുടെ അടിസ്ഥാനപരമായ ക്ലാസ്സിക് വീക്ഷണത്തിലേക്കു വിരൽ ചൂണ്ടുന്നുണ്ടെന്ന അഭിപ്രായത്തോട് താങ്കളും യോജിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഈക്കേറസ് വയലിൽ വീഴുക മാത്രമല്ല, ലോട്ടയെടുത്തുകൊണ്ട് കരിമ്പിന്റെ മറവിൽ ഒന്നുമറിയാത്തവനെപ്പോലെ കുത്തിയിരുന്നാലത്തെ സ്ഥിതി എന്തായിരിക്കുമെന്നു പറയാമോ? ഞാൻ ജോഷിജിയോടു രണ്ടു ചോദ്യംചോദിച്ചു. ഏതെങ്കിലുമൊന്നിനുത്തരം തരൂ."

ജോഷിജി പറഞ്ഞു, "വായാടിയായ കൂട്ടിക്കൊടുപ്പുകാരാ! നിന്നെപ്പോലുള്ള ഫിലിസ്റ്റീൻ സാഹിത്യചർച്ചയ്ക്കു യോഗ്യനാണെന്നു ഞാൻ വിചാരിക്കുന്നില്ല. യോഗ്യനാണെങ്കിൽത്തന്നെ ഇത് സാഹിത്യചർച്ചയ്ക്കു പറ്റിയ സമയമാണോ?"

ഒടുവിൽ ജോഷിജി ആളൊഴിഞ്ഞ ഒരിടം കണ്ടെത്തി. എങ്കിലും ഒന്നു കണ്ണോടിക്കേണ്ടതാവശ്യമായതിനാൽ ചുറ്റും നോക്കി. മണൽപ്പരപ്പ് സർവഥാ ശൂന്യമല്ലെന്നു കണ്ടു. മറ്റൊരുവൻ കൂടിയുണ്ട്. – പാറക്കെട്ടിനു പിന്നിൽ പതുങ്ങിയിരുന്നവൻ, അദ്ദേഹത്തെ കണ്ടിട്ട് എഴുന്നേല്ക്കാൻ തുടങ്ങി. അവന്റെ നോട്ടം ലോലുപമോ ശങ്കാലുവോ? ഈ ഉസ്ബക്ക് ആരാണ്? ഈ ചോദ്യങ്ങൾക്കുത്തരം ജോഷി എന്നിൽ നിന്നല്ല, ലൈംഗിക വികാരങ്ങളെപ്പറ്റി വിശദവിശ്ലേഷണം നടത്തിയിട്ടുള്ള ക്രാഫ്റ്റ് – ഇബിങ്ങ് മുതലായ പാശ്ചാത്യപാണ്ഡിതന്മാരിൽ നിന്നാണ് പ്രതീക്ഷിക്കുന്നത്.

ജോഷിജി തോറ്റ് കുത്തിയിരുന്നു. ആ ആൾട്ടർ ഈഗോയും ഇരുന്നു. പാറക്കെട്ടിന്റെ മൂടുപടത്തിലൂടെ അല്പാല്പം വെളിയിൽ കാണുന്ന അയാളുടെ കണ്ണുകൾ ഒഡീസ്സിനൃത്യം നടത്തുകയാണെന്നു തോന്നി. ഞാൻ ജോഷിജിയോടു പറഞ്ഞു , "ക്രാഫ്റ്റ് – ഇബിങ്ങിനെയെല്ലാം തട്ടിക്കളയൂ. 'ഢോഭാൻവാലയുടെ ബാത്റൂം മുതൽ തറവരെ' എന്ന ശീർഷകത്തിൽ ഒരു സംവാദത്തിന് താങ്കൾ തയ്യാറാണോ? ഇത് സാഹിത്യവിഷയമല്ല, സാമൂഹ്യശാസ്ത്രമാണ്. കറുത്ത മനുഷ്യന് ഇന്നും തുറസ്സായ സ്ഥലത്ത് മലവിസർജനം നടത്തേണ്ടിവരുന്നു. താങ്കളെപ്പോലെ കോടിക്കണക്കിനു മനുഷ്യർ ടൈൽഡ് ബാത്റൂം വിധിച്ചിട്ടില്ലാത്തതിനെച്ചൊല്ലി വിലപിക്കുന്നു. എന്തെങ്കിലും പറയൂ, കോമ്രേഡ്! സുലഭതമ ശൗചാലയങ്ങളുള്ള ഈ രാജ്യത്ത് സുലഭ ശൗചാലയം നിർമിക്കുന്നതിനു വിപ്ലവം നടത്താമോ? എന്തു ലൈൻ

സ്വീകരിക്കണം? ഡോഭാൻവാലമാരുടെ സമ്പന്നമായ കക്കൂസുകളിൽ സാധാരണജനങ്ങൾ വിപ്ലവഗാനമാലപിച്ചുകൊണ്ട് കടന്നു കയറണോ? ദരിദ്രസൃഷ്ടികളെയും അതിൽത്തന്നെ പ്രവേശിപ്പിക്കണോ? ആ അലവ ലാതികൾ അവിടം മലീമസമാക്കിയാലോ? അതോ ഗാന്ധിയപ്പൂപ്പനെ പ്പോലെ നമ്മളും കുഴികൾ കുഴിക്കണോ? അതോ ഓരോ വീട്ടിലും സമ്പന്നരുടെ നിലവാരത്തിലുള്ള കക്കൂസ് നിർമിക്കണോ? ഈ ഗുരുത രമായ പ്രശ്നത്തെക്കുറിച്ച് എന്തെങ്കിലും പറയൂ."

ജോഷിജി ഒന്നും പറഞ്ഞില്ല. അദ്ദേഹം ഇരുന്നിരുന്ന് നടക്കുന്ന, ഒരു മറന്നുപോയ നൃത്തരീതി പയറ്റി നോക്കുകയായിരുന്നു. അപ്പോൾ പാറക്കെട്ടിനു പിന്നിൽ നിന്ന് മറ്റേയാൾ എഴുന്നേറ്റു. ജോഷിജിയുടെ നേർക്കു നോക്കാതെ അയാൾ ലോട്ടയെടുത്ത് അയാളുടെ വഴിക്കു പോയി. ഞാൻ ജോഷിജിയോടു ചോദിച്ചു. "സഹോദരാ, ഇല്യൂഷൻ ആൻഡ് റിയാലിറ്റി ആരാണെഴുതിയത്? കാൾഡ് വെൽ ...?" ഞാൻ ജോഷിജിയോട് ഇതും ചോദിച്ചു, "ഗാലിബിന്റെ 'ആഗ്രഹമില്ലാത്തവ രായി ആരുണ്ട്' എന്ന കവിതയുടെ രചനാപ്രക്രിയയെക്കുറിച്ച് താങ്കൾക്കെന്തെങ്കിലും പറയാനുണ്ടോ?"

ജോഷിജി ചെറുതായി മന്ദഹസിച്ചു. "തരംതാണ തമാശക്കാരൻ" എന്നുവിളിച്ച് എന്നെ പരിഹസിച്ചു. എന്നിട്ട് ശൗചപ്രക്രിയയിലേർപ്പെ ട്ടു. അടുത്തുകിടന്ന ഒരു തുണ്ട് ന്യൂസ് പേപ്പർ ടിഷ്യൂപേപ്പറായി ഉപ യോഗിച്ചു. ആ തുണ്ടിൽ ഒരു സിനിമാനടി തന്റെ സൗന്ദര്യരഹസ്യം വെളിപ്പെടുത്തുന്ന ഭാഗം കണ്ടെങ്കിലും ഞാൻ തമാശയിൽ നിന്നകന്നു നിന്നു. ശൗചം അപൂർണമാണെന്നു തോന്നി ജോഷിജി ഒരു പിടി മണൽ വാരി ഒന്നു കൂടി പ്രക്ഷാളനം ചെയ്തു. അപ്പോൾ തമാശക്കാരന് അട ങ്ങിയിരിക്കാൻ കഴിഞ്ഞില്ല. അവൻ പറഞ്ഞു, "ജോഷിജി, ചാരമില്ലെ ങ്കിലും താങ്കൾ പൊടിപൂശിക്കഴിഞ്ഞു. ഇനി നിർഭയനായി ആ പെറ്റി ക്കോട്ടന്വേഷിക്കാനിറങ്ങൂ."

ജോഷിജി ഒന്നും പറഞ്ഞില്ല. സമുദ്രജലത്തിൽ കയ്യും കാലും കഴുകി വന്നശേഷം വാർഡൻ റോഡിലെത്തി അദ്ദേഹം ഒരഭിപ്രായം പറഞ്ഞു, "അവളുടെ കൗശലം കണ്ടോ, കള്ളം കേട്ടോ. ഞാൻ പേടിച്ചുപോയെന്ന് നീ വിചാരിക്കുന്നുണ്ടെങ്കിൽ തെറ്റുപറ്റി. ഈ മുന്തി യവളെ സംബന്ധിച്ച് ഞാൻ അങ്ങേയറ്റം നിർമമനും നിഷ്പക്ഷനു മാണ്. എന്നെ സംബന്ധിച്ചിടത്തോളം അവൾ നിസ്സാരയായ ഒരു കഥാ പാത്രം മാത്രം. മനസ്സിലായോ?"

"ഉവ്വ്" ഞാൻ പറഞ്ഞു. "താങ്കളെപ്പോലുള്ളവർക്ക് പെണ്ണുങ്ങൾ വെറും പാത്രങ്ങളായിരിക്കാം. പാത്രമാണെങ്കിൽ എഴുതി ഒഴിവാക്കൂ."

"സത്യം പറഞ്ഞാൽ എനിക്ക് അവളെ പൂർണമായി മനസ്സിലാ ക്കാൻ കഴിഞ്ഞില്ല." അദ്ദേഹം പറഞ്ഞു.

"സഹോദരാ, വിശുദ്ധവേദപുസ്തകം പോലെ അവളെക്കുറിച്ചുള്ള എല്ലാ അർഥവും താങ്കൾ മനസ്സിലാക്കി കഴിഞ്ഞു. ഇത്രയും സംഭ്രമജനകയായ ഒരു നായിക താങ്കളുടെ കൈവശമുള്ളപ്പോൾ വിഷമിക്കാനെന്തിരിക്കുന്നു?"

ജോഷിജിയുടെ മറുപടി, "എനിക്ക് ബെസ്റ്റ്സെല്ലറെഴുതാനുദ്ദേശ്യമില്ല."

"എങ്കിൽ ദാദാ പറഞ്ഞതു തന്നെ എഴുതണം. കരളിലൊരു പെണ്ണ്!" ഞാൻ വിനീതനായി പറഞ്ഞു.

"അതെല്ലാം ആവശ്യത്തിലധികം സെന്റിമെന്റലാണ്." ജോഷിജി അറിയിച്ചു "വൃത്തികെട്ട വിധത്തിൽ നാടകീയം. കരച്ചിലുണ്ടാക്കുന്ന വേദനയോട് എനിക്കലർജിയാണ്. ദാദായും ദാദയുടെ രോഗാതുരമായ ഭാവനയും നിനക്കറിഞ്ഞുകൂടെ. ഈ ദാദായും മനോഹറിനെപ്പോലെ മിക്കപ്പോഴും കരയാറുണ്ട് - സ്ക്രിപ്റ്റെഴുതുമ്പോൾ, സീൻ ഡയറക്ട് ചെയ്യുമ്പോൾ!"

"കരച്ചിലിനോട് താങ്കൾക്കലർജിയാണല്ലോ." ഞാൻ പറഞ്ഞു, "താങ്കൾ ഈ വേശ്യയിൽ പോലും കാവ്യാത്മകമെങ്കിലും സെന്റിമെന്റലല്ലാത്ത ഏതോ തത്ത്വം കണ്ടുപിടിക്കാനുള്ള ബദ്ധപ്പാടിലായിരിക്കുമല്ലോ! എന്നാൽ ഇവൾ ഒരു കടങ്കഥയായിത്തീർന്നു. അഴിയാക്കുരുക്കായ കടങ്കഥ!"

"കടങ്കഥ കണ്ടു പരിഭ്രമിക്കുന്നവനല്ല, ഞാൻ." ജോഷിജി പറഞ്ഞു "അതിന്റെ ഉത്തരം കണ്ടുപിടിക്കാനുള്ള സൂചനകളെക്കുറിച്ചും താല്പര്യമില്ല. അസാമാന്യയെന്നു നിങ്ങൾ കണക്കാക്കുന്ന ഈ നായികയുടെ ദിനചര്യ സാമാന്യമായൊന്നറിയാനാഗ്രഹമുണ്ട്."

"അവൾ ലോട്ടായെടുത്തുകൊണ്ട് കുറ്റിക്കാടിന്റെ മറവിലേക്കു പോകുന്നതു കാണണമെന്നുണ്ടോ?" ഞാൻ ജിജ്ഞാസ പ്രകടിപ്പിച്ചു.

"നീ ലോട്ടാമേനിയാ മതിയാക്ക്." ജോഷിജി പറഞ്ഞു, "അറിയാനാവശ്യമായ അനേകം ചെറിയ ചെറിയ കാര്യങ്ങളുണ്ട്."

"അതെല്ലാമെഴുതാനാണോ?" ഞാൻ ചോദിച്ചു.

"അതെല്ലാമെഴുതേണ്ട. എന്നാൽ അതെല്ലാമറിഞ്ഞുകൊണ്ട് മറ്റെല്ലാമെഴുതണം." ജോഷിജി പറഞ്ഞു, "ചെറിയ ചെറിയ കാര്യങ്ങൾ, ഉദാഹരണത്തിന് റമ്മിയിൽ അവൾ വളരെ ആലോചിച്ച് കാർഡിറക്കി കൂടെ കളിക്കുന്നവരെ തോല്പിക്കുമ്പോൾ എന്തുചെയ്യുന്നു? ലിപ്സ്റ്റിക് പുരട്ടിയശേഷം ചുണ്ടുകൾ കൂട്ടിക്കടിക്കുമോ അതോ ചുണ്ടിന്മേൽ നാവോടിക്കുമോ? സാരിയുടുത്തശേഷം, പെറ്റിക്കോട്ട് പുറമേ കാണുന്നുണ്ടോ എന്നുനോക്കുന്നതെങ്ങനെയാണ്, പെറ്റിക്കോട്ട് കാണുന്നുണ്ടെങ്കിൽ സാരി വലിച്ച് അതു മറയ്ക്കുന്നത് ഏതു വിധത്തിലാണ്?"

"ശരിയാ!" ഞാൻ പറഞ്ഞു. "തന്ത്രവിദ്യയുള്ള പെറ്റിക്കോട്ടാ

ണല്ലോ!"

ജോഷി പ്രഖ്യാപിച്ചു, "ഗൗരവമുള്ള ഒരെഴുത്തുകാരന് ഒരു പെറ്റിക്കോട്ടും തന്ത്രവിദ്യയുള്ളതല്ല, അല്ലെങ്കിൽ എല്ലാ പെറ്റിക്കോട്ടും തന്ത്രവിദ്യയുള്ളതാണ്. അയാളെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ ഏറ്റവും ചെറിയ വളവിലും ഏറ്റവും ഗഹനമായ രഹസ്യം ഒളിച്ചിരിപ്പുണ്ട്; കുളികഴിഞ്ഞു വരുന്നവൾ കൈകൊണ്ട് മുടി ചിക്കുന്നതിൽ പോലും അയാൾ അർഥം കണ്ടെത്തും."

"വെയിൽ പരന്ന മട്ടുപ്പാവിൽ അഴിഞ്ഞുലഞ്ഞ കേശം!" ഞാൻ പറഞ്ഞു.

അല്പം മുമ്പു പരാമർശിക്കപ്പെട്ട ഓഡന്റെ കവിതയിലൊരിടത്തു പറയുന്നുണ്ട്. 'പഴയ ആശാന്മാർക്ക് ജീവിതത്തിന്റെ ശാശ്വതസത്യമറിയാമായിരുന്നു. നിർമലമനസ്സോടെ പ്രാർഥിക്കാമെങ്കിൽ ആവശ്യപ്പെടുന്നതു ലഭിക്കുമെന്ന് ഈ ആശാന്മാർ പറഞ്ഞിട്ടുണ്ട്.' അങ്ങനെ കൃത്യം രണ്ടാഴ്ചയ്ക്കുശേഷം ജോഷിജിക്ക് തന്റെ നായികയുടെ അഴിഞ്ഞുലഞ്ഞ കേശരാശി കാണാൻ കഴിഞ്ഞു. ഈശ്വരന് കേട്ടതിലോ മനസ്സിലാക്കിയതിലോ ഒരു ചെറിയ തെറ്റുപറ്റി. നായിക കൈകൊണ്ടല്ല, ടവ്വൽ കൊണ്ടാണ് മുടി തോർത്തിയുണക്കിയത്. അത്രമാത്രം!

ഞാൻ പറഞ്ഞെങ്കിൽ, അത് മാറ്റൊലിയോട്

തുടർച്ചയായി രണ്ടാം ശനിയാഴ്ചയും ഡോഭാൻവാലയ്ക്ക് അതിഥി സല്ക്കാരത്തിനവസരം നൽകാൻ വേണ്ടി ഞാൻ ചെന്നു. അത്താഴത്തിനുശേഷം ഞങ്ങൾ രണ്ടുപേരും ഇംഗ്ലീഷ് കവിത കോന്യാക്കിൽ അലിയിച്ചു കുടിച്ചുകൊണ്ടിരുന്നു. പയ്യൻ കറങ്ങിത്തിരിഞ്ഞ് പ്രേമകവിതകളിൽ മടങ്ങിയെത്തിയല്ലോ എന്നു വിചാരിച്ച് ജോഷിജി അല്പം ചിന്താഗ്രസ്തനായി. ഇലിയറ്റിന്റെ സന്ദർഭത്തിലും അവൻ എവിടെ നിന്നോ 'മുടിയിഴകളിൽ വെയിൽ നെയ്തു', 'ആഹതമായ ആശ്ചര്യത്താൽ മുഖം തിരിച്ചു' മുതലായ വികാരം തൂങ്ങുന്ന കവിതകൾ തപ്പിപ്പിടിച്ചുകൊണ്ടുവന്നു. പ്രേമകവിതകൾ വായിക്കുമ്പോൾ അയാൾ വെറുതേ നാണിക്കുന്നതുകണ്ടു. തന്മൂലം ജോഷിജിയുടെ മനസ്സിൽ ആശങ്കയുദിച്ചു. പിന്നീട് സ്നേഹവത്സലാ പരാഞ്ജപേ വന്നു. ജോഷിജി ഉത്ക്കണ്ഠാമുക്തനായി. പരിചയപ്പെട്ടു. അവരുടെ ഭർത്താവ് ഒരു ഇന്റർനാഷനൽ കമ്പനിയുടെ സെയ്ൽസ് മാനേജരാണ്. ഭാര്യ കൗതുകത്തിനുവേണ്ടി ഇന്റീരിയർ ഡെക്കറേഷൻ ചെയ്യുന്നു. അച്ഛൻ ഡിപ്ലോമാറ്റാണ്. അവരുടെ ജീവിതത്തിൽ ഏറിയപങ്കും വിദേശത്ത് കഴിച്ചുകൂട്ടി. പ്രേമകവിതകളുടെ ഊഴമാണെന്നു മനസ്സിലാക്കി സ്നേഹവത്സലയും ഒരു സാധാരണ ഫ്രഞ്ച്കവിയുടെ സാധാരണമല്ലാത്ത റൊമാന്റിക് കവിത ചൊല്ലി. 'സീ ജ പാർൽ ദ മോനാമൂർ' എന്ന ആ കവിതയുടെ ആശയം ഏതാണ്ട് ഇപ്രകാരമാണ് –

'ഞാൻ എന്റെ സ്നേഹത്തിന്റെ കാര്യം പറഞ്ഞിട്ടുണ്ടെങ്കിൽ, അത് ജലധാരയോട്; ജലധാരയതു കേട്ടു, ഞാനതിന്മേൽ കുനിഞ്ഞു. ഞാൻ പറഞ്ഞിട്ടുണ്ടെങ്കിൽ അത് കാറ്റിനോട്; കാറ്റ് മരച്ചില്ലകളോട് കുശുകുശുത്തു, പൊട്ടിച്ചിരിച്ചു. ഞാൻ പറഞ്ഞിട്ടുണ്ടെങ്കിൽ അത് കിളികളോട്; അവ കാറ്റിനോടൊപ്പം മൂളിപ്പാട്ടു പാടി. ഞാൻ പറഞ്ഞിട്ടുണ്ടെങ്കിൽ, അത് മാറ്റൊലിയോട്.'

"എന്തൊരറിവ് എന്തൊരു വിവേകം! താങ്കളിൽ നിന്ന് ഇതു പ്രതീക്ഷിച്ചു." ഞാൻ പ്രശംസിച്ചു. "സീ ജ പാർൽ സേസ്താ ലക്കോ' വളരെ നന്നായിട്ടുണ്ട്. ഒന്നുകൂടെ ചൊല്ലൂ – അത് മാറ്റൊലിയോട്."

ഡോഭാൻവാലയും സ്നേഹവത്സലയും എന്നെ നോക്കി.

'പൊയട്രി അപ്രീഷിയേറ്റ് ചെയ്യുന്ന ഇന്ത്യൻ ദ്വേ ഇതാണെന്ന് ജോഷിജി ഇംഗ്ലീഷിൽ പറഞ്ഞു. ജോഷിജി പണ്ഡിതനാണെന്ന് ഡോഭാൻവാല പറഞ്ഞു. സ്നേഹവത്സല അതുകേട്ടു ഗദ്ഗദകണ്ഠയായി. അവർ ഭാരതത്തെ സംബന്ധിച്ച് 'സിംപ്ളി ക്രേസി'യായിരുന്നു. അവരുടെ വിദേശവാസം ഈ 'മാഗ്നിഫിസന്റ് ഇന്ത്യ'യെക്കുറിച്ച് 'എ സോർട്ട് ഓഫ് പെർസ്പെക്ടീവ്' നല്കിയിരുന്നു.

ഫ്രഞ്ച് അന്തരീക്ഷത്തിലും ഞാൻ കാൺപൂർ അവതാരമുപേക്ഷിക്കാൻ വിസമ്മതിച്ചുകൊണ്ടുപറഞ്ഞു, "എന്റെ ഭവ്യഭാരതദേശം, താങ്കൾ പറഞ്ഞത് ശരിയാണു ദേവി. ദയവായി കവിതാപാരായണം കഴിവതും വേഗം പൂർത്തിയാക്കണം. വേറെയും കവികളുണ്ട്, നിങ്ങൾ മാത്രമല്ല."

ജോഷിജി എന്നോടു പറഞ്ഞു, "നീയും നിന്റെ വൃത്തികെട്ട വർത്തമാനവും." എന്നിട്ട് അദ്ദേഹം ദേവിയോടു പറഞ്ഞു. "കവിതാവായന തുടരൂ."

ദേവി അദ്ദേഹത്തെ അറിയിച്ചു, "താങ്കളിങ്ങനെ പ്രശംസിച്ചുകൊണ്ടിരുന്നാൽ എല്ലാ പ്രവൃത്തികൾക്കും അനുഷ്ഠാനത്തിന്റേതായ ഗരിമയുണ്ടാകും." ദേവി കവിതയുടെ അന്ത്യഭാഗം വായിച്ചു തുടങ്ങി. അതൊരു ലിസ്റ്റായിരുന്നു. കാമുകൻ ആത്മാർഥമായി ആഗ്രഹിച്ച സാധനങ്ങളുടെ ഒരു ലിസ്റ്റ് ഒടുവിൽ കൂട്ടിച്ചേർക്കാൻ കവിയോടാവശ്യപ്പെട്ടെന്നു തോന്നും. കവിയുടെ ലിസ്റ്റ് ഇപ്രകാരമായിരുന്നു, 'നിന്റെ ഒരു ജോഡി കണ്ണ് - ചിലപ്പോൾ വിഷാദമഗ്നവും ചിലപ്പോൾ ഉല്ലാസപൂർണവും, നിന്റെ ഒരു ജോഡി ചുണ്ടുകൾ - അലസവും സരസവും, (തൂക്കം നോക്കിയിട്ടില്ല) നിന്റെ ഇളക്കുന്ന മാംസം, നിന്റെ ദേഹം സന്താപഹരം, നിന്റെ നിഴൽ ഞാനന്വേഷിച്ചു നടക്കുന്നു.'

സ്നേഹവത്സല ഈ ലിസ്റ്റ് വായിക്കുന്നതിനിടയ്ക്ക് കൂടെക്കൂടെ ബാലനായ ഡോഭാൻവാലയെ നോക്കുന്നുണ്ടായിരുന്നു. ഞാൻ ജോഷിയോടു പറഞ്ഞു, "താങ്കളും താങ്കളുടെ ക്രാഫ്റ്റ് - ഇബിങ്ങും." എന്നിട്ട് സ്നേഹവത്സലയെ പ്രശംസിച്ചു. "നിന്റെ നിഴൽ ഞാനന്വേഷിച്ചു നടക്കുന്നു. അതി ദിവ്യമാണീ കല്പന. ഛായാ മൈഥുനം!"

പ്രശംസ കിട്ടുമ്പോൾ സലാം ചെയ്യണോ എന്ന് സ്നേഹവത്സല ആരാഞ്ഞു. അത് കവിയരങ്ങുകളിൽ മതിയെന്ന് ജോഷിജി പറഞ്ഞു. നമ്മുടെ നാട്ടിൽ നമസ്ക്കാരം പതിവുണ്ടെന്നു ഞാൻ അറിയിച്ചു. നമസ്ക്കാരത്തിന്റെ ഉത്തമരൂപമേതാണെന്നറിയാൻ അവരാഗ്രഹിച്ചു. ഇപ്പോൾ തായ്‌ലന്റിൽ മാത്രം പ്രചാരമുള്ളതും കൂപ്പുകൈ നെറ്റിമുതൽ ഹൃദയം വരെ കൊണ്ടുപോകുന്നതുമായ ഭരതനാട്യം നമസ്കാരം ഞാനവരെ പഠിപ്പിച്ചു. 'ദിസ് ന്യൂ തിങ്' ഒന്ന് 'എക്സ്പ്ലെയ്ൻ' ചെയ്തുതരൂ ഗുരോ' എന്ന് ഡോഭാൻവാല അപേക്ഷിച്ചു.

എനിക്ക് വീണ്ടും തമാശ തോന്നി. ജോഷിജി സനേഹവത്സല യോട് പൊട്ട ഫ്രഞ്ചിൽ മൂന്നുനാല് വാക്യം പറയാനാഗ്രഹിച്ചു. ഹിന്ദി റൈറ്റർ സ്പീക്കിങ് ഫ്രഞ്ച്! മനോഹർ സോഫയിൽ നിന്നെഴുന്നേറ്റ് തറയിലിരുന്നു. അയാൾ ജിജ്ഞാസുക്കളെ മുദ്ര പഠിപ്പിച്ചു. ആദ്യം വിര ലുകളിൽ 'അംഗുഷ്ഠാഭ്യാം നമഃ' മുതൽ 'കരതലകരപൃഷ്ഠാഭ്യാം നമഃ' വരെ. പിന്നെ ഷഡംഗ മുദ്ര. ഓം ഖഡ്ഗനീ ശൂലിനീ ഘോരാ ഗദിനീ ചക്രിണീ തഥാ. ശംഖിനീ ചാപിനീ ബാണ ഭുശുണ്ഡി പരിഘായു ധാ–ഹൃദയായ നമഃ, സീ ദിസ് വേ, യോർ ഹോൾ പാം ടച്ചിങ് ദ കാർഡി യാക് റീജൻ മുതൽ ഓം സർവസ്വരൂപേ സർവേശേ സർവശക്തി സമ ന്വിതേ. ഭയേഭ്യസ്ത്രാഹി നോ ദേവി ദുർഗേ ദേവി നമോസ്തുതേ. അസ്ത്രായ ഫട് – സീ ലൈക് ദിസ് പ്ലേസിങ് ടൂ ഫിഗഴ്സ് ഓൺ യോർ ലെഫ്റ്റ് പാം' വരെ.

സ്നേഹവത്സല വികാരവിവശയായി. സ്വയം മുദ്രകൾ പ്രദർശി പ്പിക്കാൻ തുടങ്ങി. ഡോഭാൻവാല പറഞ്ഞു, "ഏതവയവത്തെ 'ദ മന്ത്ര' കൊണ്ടു സ്പർശിച്ചാലും അത് 'വൈബ്സ്'നേടി ഉണരുന്നു!" ജോഷി പറഞ്ഞു, 'സ്വീറ്റ് ഡിക്കേഡെൻസ്' ഫിലിമിലെ നല്ല ദൃശ്യസന്ദർഭമാ ണിത്!"

ജോഷിജി 'സാൻസ്ക്രിറ്റ് ശ്ലോകാസ്' ചാന്റ് ചെയ്യണമെന്ന് സ്നേഹവത്സല അഭ്യർഥിച്ചു. ബാലനായ മനോഹർ സുബ്ബലക്ഷ്മി സ്റ്റൈലിൽ 'ഹേഹേ യശോദ തവ ബാലകോസൗ മുരാരിനാമാ വസു ദേവ സൂനു' എന്നു പാടാൻ തുടങ്ങി. എന്നാൽ 'റെഡ്–റ്റീത്ത്–ഗോ ഡെസി'ന്റെ ഗീതം കേൾക്കണമെന്നു ഡോഭാൻവാല വാശി പിടിച്ചു. മനോഹർ ചൊല്ലിക്കേൾപ്പിച്ചു. "യാ രക്തദന്തികാനാമദേവീ പ്രോക്താ മയാനഘ. തസ്യാഃസ്വരൂപം വക്ഷ്യാമി ശൃണു സർവഭയാപഹം."

'ഹേ രാജൻ! രക്തദന്തിക എന്നു പേരായ ദേവിയുടെ സർവഭയ ഹരരൂപം ഞാനിതാ വർണിക്കുന്നു, കേട്ടാലും. രക്താംബരം, രക്ത വർണം, രക്താഭരണം, രക്തായുധം, രക്തദന്തം –അതാണ് രക്തദന്തിക. സ്ത്രീ ഭർത്താവിലനുരക്തയാകുന്നതുപോലെ ദേവി ഭക്തനിലനുരക്ത യാകുന്നു.'

അപ്പോൾ അവളെത്തി. ദേഹമാസകലം ചുവന്നവേഷം, നൂറുശ തമാനം രക്താംബരം. മാണിക്യവും പവിഴവും പതിച്ച ആഭരണങ്ങൾ. ചുവന്ന നെയ്ൽപെയ്ന്റ്. ചുവന്ന ലിപ്സ്റ്റിക്. ചുവന്ന സാൻഡൽ. മുടി ക്കെട്ടിൽ ചുവന്ന പനിനീർപ്പൂവ്. ഏതോ പാൻ വില്പനക്കാരന്റെ സഹാ യത്താൽ രക്തദന്തികയുമായിത്തീർന്നു.

അവൾ വന്ന് മനോഹറിന്റെ മുന്നിൽ സ്വയം പ്രതിഷ്ഠിച്ചു.

മനോഹർ വന്ദനം തുടർന്ന്. "ഭക്താൻ സമ്പായദേവി സർവകാമ ധുകോ സ്തനോ" എന്നയാൾ ചൊല്ലിയപ്പോൾ സർവാഭിലാഷങ്ങളും

സഫലമാക്കുന്ന ആ സ്തനങ്ങൾ അയാളുടെ മൂക്കിലമർന്നു.

വിറയാർന്ന സ്വരത്തിൽ അയാൾ വന്ദനം തുടർന്നു. 'സ്വീറ്റ് ഡിക്കേഡൻസ്' എന്ന ഫിലിമിന് ഈ ഷോട്ട് ആകെക്കൂടി അദ്ഭുതകരമായിരിക്കുമെന്ന് ജോഷിജി വിചാരിച്ചു. സാരഹീനമായ ഈ ലോകത്തിലെ ഡോഭാൻവാലമാരും സ്നേഹവത്സലകളും തീർച്ചയായും അദ്ഭുതത്തിനധീനരാകുമെന്നു ഞാൻ പറഞ്ഞു.

"ഭുക്തവാഭോഗന്യഥാകാമം ദേവീസായുജ്യമവാപ്നുയാത്." ഹേ രാജൻ, അനുഭവിക്കാനുള്ളതെല്ലാമനുഭവിച്ചിട്ട് ഭക്തൻ ദേവിക്കു തുല്യനായിത്തീരുന്നു.

അപ്പോൾ മനോഹർ പറഞ്ഞു, "ഞാൻ ആറുവയസ്സുള്ള കുട്ടിയാണ്. എനിക്ക് സന്നിപാതജ്വരം പിടിപെട്ടു. ഇന്ന് നാല്പതാം ദിവസമാണ്. നിർണായക ദിനം. എന്നെ കട്ടിലിൽ നിന്നെഴുന്നേല്പിച്ച് സ്വീകരണമുറിയിലെ എഡ്വേർഡ് സോഫായിൽ കിടത്തിയിരിക്കുകയാണ്. തലയ്ക്കൽ കുഷനുണ്ട്. പൊള്ളുന്നുണ്ടെങ്കിലും അതനുഭവപ്പെടാത്ത, തണുത്ത ദേഹത്ത്, 'ക്യാമൽ റഗ്' എന്നു വിളിക്കപ്പെടുന്ന മഞ്ഞരോമമുള്ള കമ്പിളി പുതച്ചിരിക്കുന്നു. എന്റെ അമ്മയുടെ മുഖം എന്റെ മുഖത്തോടടുത്തിരിക്കുന്നു. "എങ്ങനെയുണ്ട്?" എന്ന് ചോദിക്കുന്നു.

"പേടി തോന്നുന്നു" മനോഹർ പറഞ്ഞു.

"ഞാൻ മരിച്ചു പോകുമോ?" മനോഹർ ചോദിച്ചു.

"പേടി തോന്നുന്നു" മനോഹർ പറഞ്ഞു.

"അമ്മ എന്റെയടുത്തിരിക്കുകയില്ലേ?" മനോഹർ ചോദിച്ചു.

"നിന്റെ പേരപ്പൻ ഇപ്പോൾ വരും. മയിൽപ്പീലികൊണ്ടു ദേഹത്തുഴിയും."

എന്റെ പേരപ്പൻ വന്നു. ദേവീകവചം വായിച്ചുകൊണ്ടുഴിയുന്നു. ബ്രഹ്മരാക്ഷസ വേതാളാ, കുഷ്മാണ്ഡാ ഭൈരവാ ദയാ നശ്യന്തി ദർശനാത്തസ്യ, കവചേ ഹൃദി സംസ്ഥിതേ.

ദേവീകവചം രാക്ഷസഭയമകറ്റുന്നു. എന്നാൽ ദേവീഭയമകറ്റുന്ന കവചമേതാണ്?

"പേടി തോന്നുന്നത് നല്ലതാണ്." അമ്മ മനോഹറിനോടു പറഞ്ഞു, "സല്പാത്രത്തിന്റെ ലക്ഷണമാണത്."

"ഭീരുത്വം!" മനോഹർ അത്ഭുതപ്പെട്ടു. "ഭീരുത്വത്തെ സല്പാത്രത്തിന്റെ ലക്ഷണമായി കരുതുന്നതെങ്ങനെ?"

"ഭയം ഭക്തിയുടെ സാധ്യത സൂചിപ്പിക്കുന്നു, അതുകൊണ്ട്." അവൾ പറഞ്ഞു.

മനോഹർ വിറയ്ക്കുന്നുണ്ടായിരുന്നു.

ജോഷിജി സംസാരിച്ചുകൊണ്ടിരുന്നു – രാമകൃഷ്ണപരമഹംസൻ അവിശ്വാസിയായ നരേന്ദ്രദത്തിനെ കാലിലെ തള്ളവിരൽ കൊണ്ടു

തൊട്ടത്, ദ സേം കോൾഡ് ടച്ച് തിങ്, സൃഷ്ടിയുടെ സംഗീതം കേട്ട ശേഷം നരേന്ദ്രദത്ത് വിവേകാനന്ദനായിത്തീർന്നത്, സംവിധായകൻ ബിമൽറായ്, സംഗീത സംവിധായകൻ സലിൽചൗധരി. വിലകുറഞ്ഞ, ഉപരിപ്ലവമായ സെന്റിമെന്റ്സ്- ആധ്യാത്മികത.

മനോഹർ വിറയ്ക്കുന്നുണ്ടായിരുന്നു. ഞാൻ ജോഷിയോടു ചോദിച്ചു, "സ്വീറ്റ് ഡിക്കേഡൻസിൽ ഈ ആർട്ടി-ആർട്ടി-സ്യൂഡോ തന്ത്രാ ഉൾപ്പെടുത്തുമോ?"

അദ്ദേഹം മറുപടി പറഞ്ഞു, " എനിക്ക് എല്ലാ സ്യൂഡോ വസ്തുക്കളോടും വെറുപ്പാണ്."

മനോഹർ വിറയ്ക്കുന്നുണ്ടായിരുന്നു. അയാളുടെ ഉള്ളങ്കൈ വിയർക്കുന്നുണ്ടായിരുന്നു. ജോഷിജിക്ക് വല്ലാതെ ബോറടിക്കുന്നുണ്ടായിരുന്നു. ഈ ബാലൻ ഒരു ദിവ്യസംഗീതവും കേൾക്കുന്നില്ല, മഹാശൂന്യതയിൽ സർക്കസിലെ ജോക്കറന്മാരെപ്പോലെ തുള്ളിച്ചാടി നടക്കുന്ന നീഹാരികകളും കാണുന്നില്ല. അവൻ ഒന്നും കേൾക്കുന്നില്ലായിരുന്നു - ഡോഭാൻവാലാ -സ്നേഹവത്സലാ സംവാദമോ, എയർകണ്ടീഷണറുടെ ശബ്ദമോ ഒന്നും കേട്ടില്ല. അവൻ ആകെക്കൂടെ കണ്ടത് -ഒരു ജോഡി കണ്ണുകളും ആ കണ്ണുകളിലെ വിഷാദം കലർന്ന ഉല്ലാസവും മാത്രം. സന്താപഹരവും സുരഭിലവുമായ ഏതോ സ്പർശത്തിന്റെ തോന്നൽ.

മുറിയിൽ വൈദ്യുതി വെളിച്ചമില്ലായിരുന്നു. സാന്ധ്യവെളിച്ചം മാത്രം. ആരാണെന്നറിഞ്ഞുകൂടാ, ആരോ ഫോക്സെൻസിബിലിറ്റിയുടെ പേരിൽ അയാളെ ഒരു നാടോടിപ്പാട്ടിന്റെ ഒരു വരി ചൊല്ലിക്കേൾപ്പിച്ചിരുന്നു, 'ചന്ദ്രനും സൂര്യനുമൊത്തു ചേരുമ്പോൾ പ്രാർഥന രൂപം കൊള്ളുന്നു.'

"എന്റെ ജ്വരം വിട്ടുമാറി" മനോഹർ പറഞ്ഞു. "ഇരുമ്പു ചട്ടിയിൽ വറുത്ത ഉണക്കമുന്തിരിങ്ങയും കുരുമുളകുമാണ് എനിക്ക് പഥ്യമായി തരുന്നത്. എന്റെ അച്ഛൻ ഇന്ന് കുടിച്ചിട്ടില്ല, പൂജാമുറിയിലിരുന്ന് പതറിയ സ്വരത്തിൽ 'ന മന്ത്രം, ന യന്ത്രം' എന്നു ജപിച്ചുകൊണ്ടിരിക്കുന്നു. 'കുപുത്രോ ജായതേ ക്വചിദ് കുമാതാ ന ഭവതി' അമ്മ ഒരിക്കലും കോപിക്കുന്നില്ല; മകനെത്ര തന്നെ കൊള്ളരുതാത്തവനായിക്കൊള്ളട്ടെ. മരിക്കുമെന്ന ഭയം പ്രകടിപ്പിക്കുന്നവൻ! കൂടെക്കൂടെ രോഗിയാകുന്നവൻ. ഞാൻ മരിച്ചില്ല, ഞാൻ രക്ഷപ്പെട്ടമ്മേ!"

മനോഹറിന്റെ തളർന്ന കണ്ണുകൾ ഒരു ചുവന്ന പനിനീർപ്പൂവ് കാണുന്നുണ്ടായിരുന്നു. ഇനി ഞാനുറങ്ങിയുണരുമ്പോഴെല്ലാം എന്റെ കണ്ണുകൾ ജനലിനപ്പുറത്തെ പനിനീർപ്പൂ കാണും. എന്റെ കൈകൾ അമ്മയുടെ കൈ പിടിച്ചുണരും. എന്റെ കാതുകൾ അച്ഛന്റെ സിത്താർ കേട്ടുണരും.

ഇതെല്ലാം മനോഹർ ഭാവനയിൽ കണ്ടതാണെന്നു സ്പഷ്ടം. പനിനീർപ്പൂവും മറ്റു കണ്ടുകൊണ്ടിരുന്നപ്പോൾ അയാൾ മുന്തിയവളുടെ തോളിൽ തല ചായ്ച്ചിരിക്കുകയായിരുന്നു. സ്നേഹവത്സല ഡോഭാൻവാലയുടെ അരയിൽ കൈചുറ്റി നില്ക്കുകയായിരുന്നു. എല്ലാവരുടെയും മുമ്പിൽ ഭംഗിയുള്ള മദ്യഗ്ലാസ്സുകൾ വച്ചിരുന്നു. എങ്ങും ഒരു പ്രകാരത്തിലുമുള്ള സ്പർശാത്ഭുതത്തെക്കുറിച്ച് –ടച്ച് തിങ്ങിനെക്കുറിച്ച് – ചർച്ച നടന്നില്ല. ഇതിനിടയ്ക്ക് രണ്ടുമാന്യന്മാർ കുടികടന്നുവന്നു. ഒരാൾ എന്റെ സ്നേഹിതൻ പ്രൊഫസ്സർ ധൂർജടി എക്സ് കമ്യൂണിസ്റ്റ്, എക്സ് ആന്റി കമ്യൂണിസ്റ്റ്, എക്സ് ലോഹ്യായൈറ്റ്, ഇപ്പോൾ ശുദ്ധ ഹിന്ദു. മറ്റേയാൾ മിസ്റ്റർ വിശ്വബന്ധു, സംഭാഷണ ശൈലികൊണ്ട് സഖാവെന്നു തോന്നും.

ഞാൻ മനോഹറിനോടു പറഞ്ഞു, “നീ ചെറുതായൊന്നു മയങ്ങി, ചങ്ങാതീ. കുടിച്ചതല്പം കൂടിപ്പോയെന്നു തോന്നുന്നു. ഇപ്പോഴും ഉറക്കം വരുന്നുണ്ടല്ലോ.”

രാഷ്ട്രീയം, സംസ്കാരം എന്നിവയെപ്പറ്റി ചൂടുപിടിച്ച വാഗ്വാദം നടക്കുകയായിരുന്നു – ഇംഗ്ലീഷു ഭാഷയിൽ. ധൂർജടി രാഷ്ട്രീയ സ്വയം സേവക് സംഘത്തിന്റെ പക്ഷം പിടിച്ചു. വിശ്വബന്ധു അതൊരു ഫാസിസ്റ്റ് സംഘടനയാണെന്നു സ്ഥാപിക്കാൻ ശ്രമിച്ചു, “നിക്കറിട്ടവർക്ക് ഒരു പക്ഷേ ഹിന്ദുവംശത്തെ അറിയാമായിരിക്കും, ഹിന്ദുസംസ്കാരമറിഞ്ഞുകൂടാ.”

സ്നേഹവത്സല പറഞ്ഞു, “ഹിന്ദുമതത്തെക്കുറിച്ചറിയണമെന്നുണ്ടെങ്കിൽ ഞാൻ ബനാറസിലെ സ്വാമിയുടെയടുത്തുപോയി പഠിച്ചുകൊള്ളാം, കാർപാട്റിയെന്നോ മറ്റോ പേരുള്ള സ്വാമി, അല്ലെങ്കിൽ സ്വാമി അഗേഹാനന്ദ.”

ധൂർജടി ചോദിച്ചു, “സ്വാമി കരപാത്രിയെപ്പോലെ നിങ്ങളും വർണാശ്രമധർമംപോലുള്ള എല്ലാ പഴഞ്ചൻ കാര്യങ്ങളും അംഗീകരിക്കുമോ?”

വിശ്വബന്ധു ജിജ്ഞാസ പ്രകടിപ്പിച്ചു, “ആർ.എസ്.എസ്.ഹിന്ദുമതപരിഷ്കരണത്തിനുണ്ടായതാണെങ്കിൽ ആര്യസമാജത്തിനെന്തായിരുന്നു ദോഷം?”

ധൂർജടി ചോദിച്ചു, “സഖാക്കളായ നിങ്ങൾ ഭാരതവും അന്യരാജ്യങ്ങളുമായുള്ള സുഹൃദ്സംഘങ്ങളിലെ മദ്യസല്ക്കാരങ്ങൾക്കപ്പുറത്ത് എപ്പോഴെങ്കിലും ഭാരതത്തെ ഓർമിച്ചിട്ടുണ്ടോ? അങ്ങനെയുള്ളവരോട് ഭാരതത്തെയും ഹിന്ദുസംസ്കാരത്തെയും കുറിച്ച് സംസാരിക്കുന്നതെന്തിന്?”

വിശ്വബന്ധു പറഞ്ഞു, “സഖാവ് ഡാങ്കേയ്ക്ക് നിങ്ങളുടെ ഗുരു ഗോൾവാൾക്കറെ ഹിന്ദുസംസ്കാരം പഠിപ്പിക്കാൻ കഴിവുണ്ട്, ശിവാജിയെപ്പറ്റി ഗോൾവാൾക്കറെക്കാളും മെച്ചപ്പെട്ട പ്രഭാഷണം നടത്താനും

കഴിവുണ്ട്."

"കഴിവുണ്ടെങ്കിൽ പ്രഭാഷണം നടത്തട്ടെ, എന്നിട്ട് കൂട്ടത്തിലുള്ളവരുടെ കോലാഹലം കേൾക്കാമല്ലോ" എന്നായി ധൂർജടി.

ആർ.എസ്.എസ്., കമ്മ്യൂണലാണെന്ന് ഡോഭാൻവാല പ്രഖ്യാപിച്ചു. ന്യൂനപക്ഷവർഗീയത 'പ്രോഗ്രസീവും', ഭൂരിപക്ഷവിഭാഗം സ്വന്തം കാര്യങ്ങൾ ചിന്തിക്കുന്നതും പറയുന്നതും 'റിയാക്ഷനറി'യുമാണെന്നു പറയുന്നതിനോടു യോജിക്കാനാവുകയില്ലെന്ന് ധൂർജടി തിരിച്ചടിച്ചു.

വാഗ്വാദം രസകരമായിരുന്നെങ്കിലും മനോഹറിനു ദുഃഖകരമായി തോന്നി. ആളുകൾ എന്തിനാണിത്ര കലഹിക്കുന്നതെന്ന് അയാൾക്കു മനസ്സിലാകുന്നില്ല. നല്ലയാളുകൾ. ഏതാണ്ട് ഒരുപോലെയുള്ള ആളുകൾ. ജോഷിജിയുടെ നോട്ടത്തിൽ ഇത് കാപട്യക്കാരുടെ ക്ലീഷേ-റിഡൻ വാദമായിരുന്നു. അദ്ദേഹം എന്നോടു പറഞ്ഞു, "റഫറൻസ്: ഹക്സ്ലിയുടെ നോവൽ 'പോയ്ന്റ്-കൗണ്ടർപോയ്ന്റ്' രാഷ്ട്രീയത്തിൽ അമിത താല്പര്യമുള്ളവരുടെ പൊള്ളയായ മുഷിപ്പൻ തർക്കങ്ങൾ. മുന്തിയവൾ ഇവിടെ തറയിൽ തനിനാട്ടുമ്പുറത്തുകാരിയെപ്പോലെ മുട്ടുമടക്കി, കാലിന്റെ വണ്ണവരെ പെറ്റിക്കോട്ടുമാറിയ സ്ഥിതിയിലിരിക്കുന്നത് 'സ്വീറ്റ് ഡിക്കേഡൻസ്'ഫിലിമിനു പരിഗണനാർഹമാണോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. മുന്തിയവളെ കണ്ടിട്ട് ദുഃസ്വഭാവിയായ ഈ ധൂർജടി സ്വന്തം വീട്ടിലെ ഇളക്കക്കാരിയായ വേലക്കാരിയെ ഓർമിക്കുകയായിരിക്കും. സ്നേഹവത്സലയുടെ മാറത്തുനിന്ന് 'പല്ലു'മാറിപ്പോയി. സ്നേഹയുടെ മാറിലെ ഗോളങ്ങൾ വിശ്വബന്ധുവിന് ഗ്ലോബൽ അഫയേഴ്സിലും കൂടുതൽ പരിഗണനയർഹിക്കുന്നവയാണെന്നു തോന്നി. ഡോഭാൻവാലയുടെ കൈ സ്നേഹവത്സലയുടെ തുടയിൽ വച്ചിരിക്കുന്നു. ഇനി നിയമപ്രകാരം നിശോത്സവമാരംഭിക്കണം. എങ്കിൽ മാത്രമേ 'സ്വീറ്റ് ഡിക്കേഡൻസ്' ഫിലിം നിർമിക്കാൻ കഴിയൂ."

അതിനുപകരം ഇവിടെ നിക്കർപുരാണം അവതരിപ്പിക്കപ്പെടുകയായിരുന്നു. ഞാനെന്തുകൊണ്ട് നിശ്ശബ്ദനായെന്ന് എനിക്കാശ്ചര്യം തോന്നി. എന്നാൽ ഞാൻ നിശ്ശബ്ദനായിരുന്നു. മനോഹർ മുന്തിയവളുടെ വയറിൽ വലതുഭാഗത്ത് ഒരു മറുക് കണ്ടു. മുല വിടുവിക്കപ്പെട്ട കുഞ്ഞിന് ആശ്വാസത്തോടെ ഒരു വിരൽ വച്ചുറങ്ങാൻ സഹായിക്കുന്നത്. "എന്റെ മറുകീ, ഇതിൽ വിരൽ വച്ചുറങ്ങിക്കോട്ടേ?" മനോഹർ ചോദിച്ചു.

മറുകുവീക്ഷിച്ചുകൊണ്ടിരിക്കുന്ന മനോഹറിന്റെ കണ്ണുകളിൽ നോക്കിക്കൊണ്ട് മുന്തിയവൾ ചോദിച്ചു, "ഇന്നിത്ര ഉദാരമായ മൗനം പാലിക്കുന്നതെന്തുകൊണ്ട്?"

ഞാൻ അതിനു മറുപടി പറയാതെ വിവാദത്തിലേർപ്പെട്ടുകൊണ്ടു

പറഞ്ഞു, "ധൂർജടി! സംഘക്കാരോടുള്ള എന്റെ എതിർപ്പ് അടിസ്ഥാനപരമാണ്. അവരുടെ നിക്കർ ശരിയായ അളവിലല്ല. അവരുടെ വൃത്തികെട്ട കാലുകൾ കണ്ടിട്ട് എന്റെ എയ്സ്തെറ്റിക് സെൻസ് കഷ്ടത്തിലാകുന്നു."

ധൂർജടി അലറി. "നീ മിണ്ടാതിരിക്കുന്നതുകണ്ട് ഞാനാശ്ചര്യപ്പെട്ടിരിക്കുകയായിരുന്നു. അളവുതെറ്റിയ റഷ്യൻതൊപ്പിയണിയുന്ന വിഡ്ഢീ! നീ മിണ്ടാതിരിക്കുകയായിരുന്നു, ഭേദം."

ഞാനയാളുടെ നേർക്ക് സൗഹൃദഹസ്തം നീട്ടി, "ശരി, നമുക്ക് ഒത്തുതീർപ്പുണ്ടാക്കാം. ഞാൻ തൊപ്പിയൂരാം, നീ നിക്കറൂര്."

ധൂർജടി എന്റെ കൈ തട്ടിമാറ്റി.

ഞാൻ പറഞ്ഞു, "ധൂർജടി! സംഘക്കാരുടെ 'ബൗദ്ധിക്' വലിയ വികാരജീവികളാണ്. അവരുടെ ഹിന്ദു ഇന്ത്യയുടെ ചരിത്രം മുസൽമാന്മാരുടെ ആഗമനത്തിനുശേഷമാണാരംഭിക്കുന്നത്."

"എവിടുന്നെങ്കിലുമാരംഭിക്കുന്നുണ്ടല്ലോ സഹോദരാ." ധൂർജടി പറഞ്ഞു, "നിങ്ങളുടെ ഫാദർലാൻഡിന്റെ ചരിത്രമെഴുതാൻ പറ്റുന്നില്ലല്ലോ. ദിവസവും മാറ്റിക്കൊണ്ടിരിക്കുകയല്ലേ?"

"പോയന്റ്- കൗണ്ടർ പോയന്റ്" ജോഷി പറഞ്ഞു, "ബോറിങ്."

ഞാൻ വീണ്ടും സൗഹൃദഹസ്തം നീട്ടിക്കൊണ്ട് ഒരന്ത്യശ്രമം നടത്തിനോക്കി, "ധൂർജടി! ഒത്തുതീർപ്പായി. വിവേകാനന്ദൻ ഈ ദരിദ്രരാജ്യത്ത് വീണ്ടും വീണ്ടും ജനിക്കണമെന്നാഗ്രഹിച്ചിരുന്നു. അദ്ദേഹത്തെ വിളിച്ച് കയ്യിൽ വിപ്ലവത്തിന്റെ തോക്കു വച്ചുകൊടുക്കാം."

നേരം വളരെ വൈകിയിരുന്നു. ഞാൻ ഈ പ്രസ്താവന വഴി സംഭാഷണത്തിന്റെ നിലവാരം വളരെ താഴ്ത്തിക്കളഞ്ഞെന്ന് പുരോഗമനവാദികളും പിന്തിരിപ്പന്മാരും ഒരു പോലെ അഭിപ്രായപ്പെട്ടു. അതിനാൽ യോഗം പിരിച്ചുവിടപ്പെട്ടു. മനോഹറിന്റെ വിരൽ ആ മറുകിലേക്കു നീണ്ടു. മുന്തിയവൾ അവന്റെ ചെവിയിൽ ചോദിച്ചു, "തൊടണോ?"

ഇൻഫന്റൈൽ റിഗ്രഷനിൽ നിന്നു രക്ഷനേടുന്നതിനുവേണ്ടി ഞാനെഴുന്നേറ്റു. ജോഷിജി ഉറച്ചിരിക്കാനുള്ള മൂഡിലായിരുന്നു. ധൂർജടി പോയിക്കഴിഞ്ഞു. അന്തരീക്ഷം ഫ്രഞ്ച്മയമാകുമെന്നും മുന്തിയവൾ സ്വീറ്റ് ഡിക്കേഡൻസിൽ ഫിറ്റായിത്തീരുമെന്നും അദ്ദേഹം പ്രത്യാശിച്ചു. എന്നാൽ മുന്തിയവൾ അദ്ദേഹത്തോട്, 'എന്നെയും സ്നേഹയേയും തന്ത്രം പഠിപ്പിക്കണ'മെന്ന് ഇംഗ്ലീഷിലാവശ്യപ്പെട്ടപ്പോൾ അദ്ദേഹം ഉറക്കം വരുന്നെന്ന വ്യാജേന ഒഴിയുകയാണ് ഭേദമെന്നു വിചാരിച്ചു.

ജോഷിയുടെ വീക്കെൻഡിനുവേണ്ടി കയ്യടക്കിവച്ചിരുന്ന എ-വൺ ബെഡ്റൂമിലേക്കു ഞാൻ പോയി. അവിടെ ഡോഭാൻവാലയുടെ കൃപയാൽ ഞാൻ ജോഷിയെ പല്ലുതേപ്പിച്ച്, കുലുക്കുഴിയിച്ച്, കൈകാൽ

മുഖം കഴുകിച്ച്, കൊളോൺ- ക്രീം പൂശി, ഡ്രസിങ് ഗൗണും സ്ലിപ്പറും ധരിപ്പിച്ച്, വില കൂടിയ സിഗററ്റ് വലിപ്പിച്ച്, വുഡ്ഹൗസിന്റെ നോവൽ വായിപ്പിച്ച് ഉറങ്ങാനുള്ള മൂഡ് വരുത്തി, മാതൃകാ പ്രഭുകുമാരനാക്കി മാറ്റി. സൗജന്യം കിട്ടിയ വസ്തുക്കൾ നിർദയം ഉപയോഗപ്പെടുത്തുന്ന ഈ പെറ്റിബൂർഷ്വാ മനോഭാവത്തോട് അദ്ദേഹത്തിന് എതിർപ്പുണ്ടെങ്കിലും സ്വീറ്റ്ഡിക്കേഡൻസ് ഫിലിമിനുവേണ്ടി മാതൃകാ പ്രഭുകുമാരനാകുന്നത് അദ്ദേഹത്തിനു മൊത്തത്തിൽ സ്വീകാര്യമായിരുന്നു. അവൾ വരുമെന്നും മാറ്റൊലിയിലൂടെ കാവ്യാത്മകമായ പ്രവൃത്തികളിൽ വ്യാപരിക്കുമെന്നും അദ്ദേഹം പ്രതീക്ഷിച്ചു.

സ്പർശാത്ഭുതം ചർച്ചചെയ്യാൻ മനോഹർ ഒരുമ്പെട്ടു. ഞാനയാളോടു പറഞ്ഞു, "ഒന്നാമത്, ഒന്നും സംഭവിച്ചില്ല. സംഭവിച്ചെങ്കിൽത്തന്നെ ഹിപ്നോട്ടിസമായിരിക്കും. പിന്നെ, നീ ദിവസവും ഏതോ ശൈശവസ്മൃതിയുടെ വേദനയന്വേഷിച്ച് കരയാറായതുപോലെ കഴിയുന്നതുപേക്ഷിക്ക്, അല്ലെങ്കിൽ അവളുടെ മറുകിൽ വിരൽവച്ചു കിടന്നുറങ്ങ്."

ജോഷിജി വുഡ്ഹൗസ് വായിച്ചുകൊണ്ട് എന്നോടു പറഞ്ഞു, "നീ എപ്പോഴും ഉപരിപ്ലവമായ കാര്യങ്ങൾ സംസാരിക്കുന്നു."

ഞാൻ അദ്ദേഹത്തോടു ചോദിച്ചു, "ജോഷീജി, ഇത് ഹിപ്നോടിസമല്ലെങ്കിൽ പിന്നെ ശക്തിപാതമായിരുന്നോ?"

ജോഷിജി അതേ അഭിപ്രായമാവർത്തിച്ചു. ഞാൻ പറഞ്ഞു, "ജോഷീജി, ഇതുമല്ല, അതുമല്ലെങ്കിൽ പിന്നെ എന്തിന്റെ കറക്കമായിരുന്നു? പറയൂ."

മറുപടി പറയുന്നതിനു പകരം അദ്ദേഹം വുഡ്ഹൗസിന്റെ പുസ്തകം അടച്ചുവച്ചിട്ടു പറഞ്ഞു, "പ്രൈസ് പിഗ്." വിളക്കണച്ചിട്ട് ഏറെ നേരം അദ്ദേഹം മറിഞ്ഞും തിരിഞ്ഞും കിടന്നു. അവൾ വരുമെന്നു പ്രതീക്ഷിച്ചു. പക്ഷേ, അവൾ വന്നില്ല. അദ്ദേഹം തലയണയോടു മന്ത്രിച്ചു, 'ഒരു സാധാരണ കള്ളിയോടെനിക്കു സ്നേഹം തോന്നി.'

കാമത്തിൽ കാമുവിനെന്തു കാര്യം

വളരെ വിചിത്രമായ ഒരു സ്വപ്നം കണ്ടു, സാർ. ഹരീഷിന്റെ അച്ഛൻ ടെറസ്സിലെ കൊളുത്തിൽ തൂങ്ങിമരിച്ചെന്നു കേട്ടോ എന്ന് ആരോ ചോദിക്കുന്നു. ഈ ഹരീഷ് എന്റെ സമപ്രായക്കാരനായിരുന്നു. വിശേഷിച്ചെന്തെങ്കിലും അടുപ്പമോ ബന്ധമോ ഉണ്ടായിരുന്നില്ല. എങ്കിലും വിഷമം തോന്നി. മധ്യവർഗവിലാപം, നിലവിളി, നെഞ്ചത്തടി. ഞാൻ സ്വപ്നത്തിൽ വളരെ രസിച്ചുപറക്കുകയായിരുന്നു. മറ്റുള്ളവരെല്ലാം വളരെ ഉത്ക്കണ്ഠാഭരിതരായിരുന്നു, ഞാനാകട്ടെ ടെറസ്സിനടുത്ത് രസിച്ചു നീന്തുകയായിരുന്നു. പിന്നീടാരോ 'സമോസ-സമോസ' എന്നു പറഞ്ഞു. ഡാലീഗഞ്ജിലെ റസ്റ്റോറന്റിലിരുന്നു ചായയും സമോസയും കഴിക്കാമെന്നു കൂട്ടുകാർ പറയുകയാണെന്നു ഞാൻ വിചാരിച്ചു, സാർ. ഞാൻ താഴെയിറങ്ങി. പക്ഷേ, താഴെ അസാധാരണനായ ഒരു വ്യക്തിയുമായി കൂട്ടിമുട്ടി. സ്ട്രാംഗ്യുലേറ്റർ എന്നോ മറ്റോ പേരു പറഞ്ഞു; കൂടെക്കൂടെ ട്രയാംഗുലേറ്റ് എന്നു പറയുന്നുണ്ടായിരുന്നു. അയാൾ കണക്കു മാത്രം സംസാരിച്ചുകൊണ്ടിരുന്നു. അയാൾ എന്നോടു വളരെ രസകരമായ ഒരു ചോദ്യം ചോദിച്ചു, 'ഇൻട്രീഗൽ ലോഗ് സേക് എക്സ് ടെൻ എക്സ് ഡി എക്സ്?' കേംബ്രിജ് മാത്സ് ട്രൈപോസിൽ ഈ ചോദ്യം ചോദിച്ചത് എനിക്കോർമവന്നു. ഉടൻ പറഞ്ഞു, 'സബ്സ്റ്റിറ്റ്യൂട്ട് ടെൻ എക്സ് ഈസ് ഈക്വൽ ടു ടീ.' എന്നെക്കുറിച്ച് കനത്ത ഇംപ്രഷനായിപ്പോയി. പിന്നീടയാൾ ചോദിച്ചു, 'എഴുപത്തഞ്ചുമുഴം നീളം വീതിയിൽ സ്ട്രാംഗ്യൂലർ സ്ട്രെസ്സ് എത്രയുണ്ട്?' ഈ ചോദ്യം എനിക്കു പിടികിട്ടിയില്ലെന്നു മാത്രമല്ല, ആലോചിച്ചപ്പോൾ ശ്വാസംമുട്ടനുഭവപ്പെടുകയും ചെയ്തു.

അപ്പോൾ ഞാൻ ഞെട്ടിയുണർന്നു. ഞാൻ തലയണ മാറോടമർത്തിപ്പിടിച്ചിരുന്നു. ഞാൻ അമ്പരപ്പോടെ എഴുന്നേറ്റു. നൈറ്റ് ഗൗണിന്റെ ചരടുകണ്ട് വെറുപ്പുതോന്നി. നൈറ്റ് ഗൗൺ ഊരിയെറിഞ്ഞു. വാച്ച് നോക്കി- മൂന്നു മണി. തണുത്തവെള്ളമൊഴിച്ച് കയ്യും മുഖവും കഴുകി. ഡോഭാൻവാല സ്നേഹപൂർവം സമ്മാനിച്ച സ്വർണനിറത്തിലുള്ള സിഗററ്റ് കേയ്സും ലൈറ്ററിന്റെ ശോഭയും ജോഷിജിയെ കാണിച്ചു. സാർ, ഇത്തരം സന്ദർഭങ്ങളിൽ വിദേശസിഗററ്റ് നല്ലതാണ്. ജോഷിജി ഉലാത്താൻ തുടങ്ങി.

അദ്ദേഹം എന്നെ അറിയിച്ചു, "ഇത് ഡോഭാൻവാലയുടെ വീടല്ല. ഇത് ഹിമാലയത്തിലെ ഏതോ രാജകുടുംബം വക കൊട്ടാരമാണ്. ഇപ്പോൾ ഹോട്ടലാക്കി മാറ്റിയതാണ്. ഞാൻ എന്റെ പുതിയ നോവലെഴുതുന്നതിനുവേണ്ടി ഇവിടെ വന്നതാണ്. വളരെ വർഷങ്ങൾക്കു മുമ്പ് ഞാൻ എന്റെ ആദ്യ നോവലെഴുതാൻ ഇവിടെ വന്നതും, അനാമ എന്ന പെൺകുട്ടിയെ ആദ്യമായി കണ്ടുമുട്ടിയതും, പ്രതിമ എന്ന മറ്റൊരു പെൺകുട്ടിയുമായി പ്രേമബന്ധത്തിൽപെട്ടില്ലായിരുന്നെങ്കിൽ അവളെ ഒരു പക്ഷേ വിവാഹം കഴിക്കുമായിരുന്നെന്നതും നിനക്കോർമ കാണുമല്ലോ."

ഞാൻ പറഞ്ഞു, "അനാമയുടെ ആധ്യാത്മികമായ അഗാധതയും പ്രതിമയുടെ ശാരീരിക വളർച്ചയും വേർതിരിച്ചറിയാനുള്ള പ്രൗഢത താങ്കൾക്കുണ്ടായിരുന്നെങ്കിൽ!"

ജോഷിജി പൊട്ടിത്തെറിച്ചു, "സീൻ കേട്ടു മനസ്സിലാക്ക്. ഞാൻ പ്രതിമയിൽ നിന്ന് വിവാഹമോചനം നേടി. ഏതോ നിർബന്ധബുദ്ധിക്കു വശംവദനായി പുതിയ നോവലെഴുതാനിറങ്ങി പുറപ്പെട്ടു. അനാമയും..."

"അതേ നിർബന്ധബുദ്ധിക്കു വശംവദയായി ഇവിടെ വന്നെത്തി." ഞാൻ പറഞ്ഞു. "നിങ്ങൾ സീൻ വിവരിക്ക്. ആമുഖമൊന്നുമാവശ്യമില്ല."

"രാവിലെ ഞാൻ ഉദ്യാനത്തിലെ മാർബിൾ ബഞ്ചിലിരിക്കുകയായിരുന്നു. അനാമ പുറത്തെങ്ങോപോയിരിക്കുകയായിരുന്നു. അവളെന്നെ കണ്ടു, പക്ഷേ, കാണാത്ത ഭാവത്തിൽ നേരേ നടന്നുപോയി."

"നടന്നുപോയി" അവസാനത്തെ വാക്കുകളാവർത്തിച്ചുകൊണ്ട് ഞാൻ അനുകൂലഭാവത്തിൽ തലയാട്ടി. ബോംബെ ഇൻഡസ്ട്രിയിൽ അക്കാലത്ത് സീൻ കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന രീതി അതായിരുന്നു. "റഫറൻസ്: തേഡ്മാൻസ് ലാസ്റ്റ് ഷോട്ട്. പിന്നെ?"

"പിന്നെ?" ജോഷിജി ജനലിനടുത്തേക്കു നീങ്ങിപ്പറഞ്ഞു, "വൈകുന്നേരം മുതൽ മഴ പെയ്തുകൊണ്ടിരുന്നു. ഇപ്പോഴും ഇടയ്ക്കിടയ്ക്ക് മിന്നൽ മിന്നുന്നു. എനിക്കുറക്കം വരുന്നില്ല, എന്തോ അസ്വസ്ഥത."

"എന്തോ അസ്വസ്ഥത." ഞാനതുപോലെ പറഞ്ഞു, "റഫറൻസ്: പ്രിയാഹീന മനസ്സ് ഭയഭീതമെന്റെ. പിന്നെ?"

"പിന്നെ?" ജോഷിജി ജനൽകർട്ടൻ നീക്കിയിട്ടു പറഞ്ഞു, "പുനസ്സമാഗമം."

രാത്രി ഏറെയായിട്ടും മുന്തിയവൾ പുറത്തുലോണിൽ നിന്ന് നനഞ്ഞ മുടി ടവലുപയോഗിച്ചു തോർത്തുകയായിരുന്നു. സ്പഷ്ടമായ ഇൻഡെന്റിന്റെ അഭാവത്തിൽ നിർവസ്ത്ര. മനോഹർ ഏതോ സ്പെസിഫിക് ഇൻഡെന്റ് നല്കിയെന്നു തോന്നുന്നു. എന്തായാലും ദൈവം

ചടപടാന്ന് രക്തദന്തികയെ എങ്ങനെയോ ഹാജരാക്കി.

ഞാൻ പറഞ്ഞു, "ജോഷിജി, താങ്കൾ ഈ സമയത്ത് ആ പുനസ്സമാഗമരംഗം ചിത്രീകരിച്ചിരുന്നെങ്കിൽ. പക്ഷേ, സെറ്റ് മോശം, കാലാവസ്ഥ മോശം. ഗാർഡൻ സീറ്റെവിടെ? അത് ശരിയായില്ലെങ്കിൽ ഒരു ഊഞ്ഞാലിടുവിക്കാമായിരുന്നു."

തല്ക്കാലം ജോഷിജിക്ക് ഒരു പരാതിയുമില്ലായിരുന്നു. അദ്ദേഹം പറഞ്ഞു, "ഒരു ദൃശ്യം, ഒരു കാലാവസ്ഥ അവനവന്റെയുള്ളിലുമുണ്ട്. ഹോട്ടലിൽ മുകളിലത്തെ മുറിയിൽ ഏതോ ഒരു ഡോഭാൻവാല, (തട്ടിക്കൊണ്ടുവന്ന) ഏതോ സ്നേഹവത്സലയുടെ കൂടെ താമസിക്കുന്നുണ്ടല്ലോ. അയാൾ ഗ്രാമഫോണിൽ ഇംഗ്ലീഷ് റിക്കാർഡ് കേൾപ്പിക്കുന്നു -ലവ്മി ടെൻഡർ, ലവ്മി ട്രൂ, ഓൾ മൈ ഡ്രീംസ് ഫുൾഫിൽ, ഫോർ മൈ ഡാർലിങ് ഐ ലവ് യൂ, ആൻഡ് ഐ ആൾവെയ്സ് വിൽ."

മുന്തിയവൾ പുഞ്ചിരിച്ചുകൊണ്ട് ജോഷിയെ സ്വീകരിച്ചു. അവൾ ചോദിച്ചു, "താങ്കളും എന്നെ പ്രേമിക്കുന്നെന്നും എന്നും പ്രേമിക്കുമെന്നും പറയാനാണോ വന്നിരിക്കുന്നത്?"

പുനസ്സമാഗമസന്ദർഭത്തിന് ഇതിനെക്കാൾ മികച്ച ഒരാരംഭം ഉണ്ടാകാനിടയില്ല. എങ്കിലും ജോഷിജിക്ക് ഇത് സ്വീകാര്യമായില്ല. അദ്ദേഹം പറഞ്ഞു, "സാധാരണയായി ഞാനിത്തരം പഴകിയ വർത്തമാനം പറയാറില്ല!"

എന്റെ നോട്ടത്തിൽ അദ്ദേഹത്തിന്റെ ഈ വാക്യവും വേണ്ടുവോളം പഴകിപ്പോയിരുന്നു.

"ആകെക്കൂടി നോക്കുമ്പോൾ ഞാൻ ആകർഷണീയ, റാദർ ഇന്ററസ്റ്റിങ് ആണെന്നെങ്കിലും പറയാൻ തോന്നുന്നില്ലേ?"

"ഓ" ജോഷി ഉദാരത പ്രദർശിപ്പിച്ചു "കടങ്കഥ എന്നനിലയിൽ ഇന്ററസ്റ്റിങാണ്."

"നന്ദി." അവൾ പറഞ്ഞു. "പക്ഷേ, കടങ്കഥയുടെ കുരുക്കഴിക്കുന്നതിന് നിങ്ങളുടെ ഓഡിറ്റുകാർ മതിയാവുകയില്ലേ?"

"ഏത് ഓഡിറ്റുകാർ?"

"അവർ തന്നെയാണ് എന്റെയും ഓഡിറ്റുകാർ." അവൾ മുടി ടവ്വലിൽ ചുറ്റിക്കൊണ്ടു പറഞ്ഞു, "നിങ്ങളുടെ അക്കൗണ്ടിലെ ചില രസകരമായ സൂചനകൾ അവരെനിക്കുതന്നിട്ടുണ്ട്."

"ഉദാഹരണം?"

"നിങ്ങളുമായി വിവാഹം നിശ്ചയിക്കപ്പെടുന്ന പെൺകുട്ടികൾ അവരുടെ അച്ഛന്റെ സ്റ്റെനോയുടെ കൂടെ ഒളിച്ചോടിപ്പോകുന്നു." അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു.

ജോഷിജി പല്ലിറുമ്മി. ഭസ്മം പൂശാതെ നടക്കുന്ന അവധൂതനായ ഓഡിറ്റർ തലാട്ടി. മനോഹറിന്റെ പരീക്ഷണാത്മകമായ കത്ത്

ഭ്രാന്തിന്റെ മാതൃകയായി കരുതി അമ്മ ബോംബെയിലെ അളിയന് എഴുതിയ വിവരം ഇവളോടു പറയേണ്ടയാവശ്യമുണ്ടായിരുന്നോ? അദ്ദേഹം മുറിയിൽ വന്നു ശകാരിച്ചു. ഉടൻതന്നെ അമ്മയെ ആശ്വസിപ്പിച്ചുകൊണ്ടു കത്തെഴുതി, 'അമ്മെയുടെ മകൻ സുഖമായി കഴിയുന്നു. വിവാഹം കഴിക്കണമെന്ന ചിന്ത വേണമെങ്കിൽ ഒരു രോഗമായി കണക്കാക്കാം. കത്തുന്ന വിളക്കുപോലെയുള്ള ഒരു പെണ്ണിനെ തെരഞ്ഞെടുത്തു. എന്നാൽ ആ സാമർഥ്യക്കാരി അവളുടെ അച്ഛന്റെ കൂടെയുള്ള ഒരുദ്യോഗസ്ഥന്റെ ഭവനം പ്രകാശമാനമാക്കുന്നതാണ് ശ്രേയസ്കരമെന്നു തീരുമാനിച്ചു.'

മുന്തിയവൾ പറഞ്ഞു, "നിങ്ങളാഗ്രഹിച്ചതുകൊണ്ടാണ് വിവാഹം നടക്കാതെ പോയത്. നിങ്ങളുടെ ജാതകപ്രകാരം എന്താഗ്രഹിക്കുന്നോ അതു നടക്കുകയില്ല, എന്താഗ്രഹിക്കുന്നില്ലയോ അതു നടക്കും- എന്നൊക്കെ നിങ്ങൾ എന്റെ ഓഡിറ്റർമാരോടു പറഞ്ഞില്ലേ?"

"ശരിയാണ്" ഞാൻ പറഞ്ഞു, "അതുകൊണ്ട് എന്റെ എല്ലാം അഗ്രഹങ്ങളും ഞാൻ നെഗറ്റീവാക്കും."

"ചിലപ്പോൾ ഇതുമൂലം തിരിച്ചടികളുണ്ടാകുന്നു." അവൾ പറഞ്ഞു, "രക്തദന്തികാസ്തവം ചൊല്ലിയപ്പോൾ എന്തെങ്കിലും സംഭവിക്കണമെന്നു പറയണമായിരുന്നു. പക്ഷേ, ഒന്നും സംഭവിക്കരുതെന്നാണു നിങ്ങൾ പറഞ്ഞത്."

ബാലനായ മനോഹർ വിറച്ചുപോയി.

ഞാൻ കോട്ടുവാ വിട്ടശേഷം ചോദിച്ചു, "അതിന്?"

"അതുനിങ്ങൾക്കു നന്നായറിയാം." അവൾ പറഞ്ഞു.

"എനിക്കൊന്നുമറിഞ്ഞുകൂടാ." ജോഷിജി പറഞ്ഞു, "നിങ്ങളാരാണെന്നുപോലും എനിക്കറിഞ്ഞുകൂടാ. നിങ്ങൾ പറയുന്നതുപോലെ താന്ത്രിക് ആണോ? ബാബു പറഞ്ഞതുപോലെ വേശ്യയാണോ? ഖലീക് പറഞ്ഞതുപോലെ എഴുത്തുകാരിയാണോ? രഥിജിത് ഭട്ടാചാര്യ അനുമാനിക്കുന്നതുപോലെ വിപ്ലവകാരിയാണോ? ഡോഭാൻവാല പറയുന്നതുപോലെ വ്യാപാരിയാണോ? നിങ്ങൾ തന്നെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും എന്തെല്ലാം കള്ളങ്ങളാണുപറയുന്നത്? നിങ്ങളുടെ സത്യം ഒരു പ്രഹേളികയിലൊളിച്ചിരിക്കുന്നു. അസത്യത്തിന്റെ പ്രഹേളികയിലൊളിച്ചിരിക്കുന്ന നിങ്ങളുടെ സത്യം കണ്ടെത്തുന്നതിലാണെന്റെ താല്പര്യം."

"താല്പര്യവും ജിജ്ഞാസയും തമ്മിൽ വലിയ അന്തരമുണ്ട്." അവൾ പറഞ്ഞു, "നിങ്ങൾക്ക് എന്നെക്കുറിച്ച് ജിജ്ഞാസയാണുള്ളതെന്ന് ഓഡിറ്റർമാർ പറഞ്ഞല്ലോ."

"ശരി! ജിജ്ഞാസയെങ്കിൽ അങ്ങനെ!" ജോഷി പറഞ്ഞു.

അവൾ ജോഷിയുടെ കൈപിടിച്ചുകൊണ്ട് ലോണിൽ ചുറ്റിനട

ക്കാനാരംഭിച്ചു. അവൾ പറഞ്ഞു, "നിങ്ങൾക്കാരെപ്പറ്റിയാണോ ജിജ്ഞാസ, അവൾ തന്നെ ഒരു ജിജ്ഞാസയാകുന്നു. നിങ്ങളാർക്കു വേണ്ടിയാണോ ചുറ്റിക്കറങ്ങുന്നത്, അവൾ തന്നെ ഒരു ചുറ്റിക്കറങ്ങലാകുന്നു. ഈ ഉത്തരം കൊണ്ടു തൃപ്തിപ്പെടുമോ?"

"ഇല്ല." ജോഷിജി പറഞ്ഞു, "ഈ ഉത്തരം കൊണ്ടു തൃപ്തിപ്പെടാൻ ഞാൻ കഴിഞ്ഞ നൂറ്റാണ്ടിലെ കഥാകൃത്തല്ല. കടങ്കഥകളായി ഉത്തരം പറയാൻ ഇത് ഏതെങ്കിലും ഉപനിഷത്തിലെ ചോദ്യോത്തരവുമല്ല."

"നിങ്ങളൊരാധുനിക കഥാകൃത്താണെന്നും, ഇതൊരാധുനിക നഗരത്തിലെ ആധുനികഭവനമാണെന്നും ഇപ്പോഴും ബോധമുണ്ടെങ്കിൽ ചോദ്യോത്തരത്തിന് ബെഡ്റൂമിലേക്കു പോകാം, സംവാദം കട്ടിലിലാകാം."

"ഞാനൊരു ബുദ്ധിജീവിയാണ്." ജോഷി പറഞ്ഞു. "എനിക്ക് നിങ്ങളുടെ ശരീരത്തെക്കാൾ കൂടുതൽ താല്പര്യം നിങ്ങളുടെ യഥാർഥ കഥയോടാണ്."

"ഞാൻ നിങ്ങളോടൊരു കഥ പറഞ്ഞിരുന്നു." അവൾ പറഞ്ഞു. "ദേവി അനുഗ്രഹിച്ച് ഒരു പെൺകുട്ടിയെ നല്കി. അവളുടെ കാലിൽ ചിലങ്ക കെട്ടിക്കൊണ്ടിരുന്നപ്പോൾ അച്ഛൻ മരിച്ചു. അവളുടെ ഭഗവാൻ അവളെ ബലാത്സംഗം ചെയ്തു."

"ഏതു ഭഗവാൻ?" ജോഷി ചോദിച്ചു, "എന്തു ബലാത്സംഗം?"

"ഒരു മനുഷ്യൻ. എന്നെക്കാൾ ഇരുപത്വയസ്സ് പ്രായം കൂടുതലുള്ളവൻ. പരമയോഗ്യൻ, വിദ്വാൻ, മാന്യൻ. കോൺഗ്രസ്നേതാവോ, മന്ത്രിയോ, ലക്ചററോ, പ്രസിദ്ധലേഖകനോ–കവിയോ, തന്റെ പൂർവികന്മാരെപ്പോലെ ധനികനായ വ്യാപാരിയോ–ആരുമാകാം അയാൾ. പക്ഷേ അയാൾ അലഞ്ഞുനടക്കുന്ന സന്ന്യാസിപോലെയായിത്തീർന്നു. പൂർണമായി സന്ന്യാസിയാകാനും കഴിഞ്ഞില്ല. ഞാൻ വിചിത്രമായ ചോദ്യങ്ങൾ ചോദിക്കുക പതിവായിരുന്നു. അതുകൊണ്ട് എന്റെ അച്ഛൻ അയാളുടെ സഹായം തേടി. അയാൾ ഒരുപ്രകാരത്തിൽ എന്റെ ട്യൂട്ടറായി. പതിമൂന്നു വയസ്സായപ്പോൾ ഞാൻ ചോദിച്ച ചോദ്യത്തിനുതന്ന മറുപടി നിയമഭാഷയിൽ ബലാത്സംഗമെന്നു പറയപ്പെടുന്നു."

"അതായത്, നിങ്ങൾ അയാളുമായി താന്ത്രിക സംഭോഗത്തിന്റെ കറക്കത്തിൽ പെട്ടു, അല്ലേ?" ഞാൻ ചോദിച്ചു.

"അതേ, കറക്കം തന്നെയായിരുന്നു." അവൾ പറഞ്ഞു, "കറക്കങ്ങളുടെ കറക്കം."

"നിങ്ങൾക്ക് കിറുക്കുപിടിച്ചു?" ഞാൻ ചോദിച്ചു.

"ഉടനേ ഇല്ല. അയാൾ ചീത്തയാണെന്നുപറഞ്ഞ് അമ്മ എന്നെ അയാളിൽ നിന്നുവേർപെടുത്തിയപ്പോൾ."

"നിങ്ങൾക്കയാളെ മറക്കാൻ കഴിഞ്ഞില്ല. ഭ്രാന്താസ്പത്രിയിൽ നിന്നു വന്നശേഷം അയാളെ അന്വേഷിച്ചു. അയാളുടെ ഭൈരവിയായി." ഞാൻ പരിഹസിച്ചു.

"എനിക്കു ഗർഭമുണ്ടായി. ഞങ്ങൾ രണ്ടുപേരും ആ ചെറിയ ഗ്രാമത്തിൽ ദുഷ്പേരുള്ളവരായി. ഈ ദുഃഖത്തോടെ എന്റെ അമ്മ മരിച്ചു. എനിക്ക് കുടുംബസ്വത്തൊന്നും കിട്ടിയില്ല. അയാൾ എന്നേ സന്ന്യാസിയായിത്തീർന്നു. അയാളുടെ ജ്യേഷ്ഠൻ ഒന്നുംകൊടുക്കാൻ തയ്യാറായിരുന്നില്ല. അയാൾ എന്നെ സ്വന്തം മാതൃഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ സന്താനങ്ങളില്ലാത്ത ഒരമ്മാവനുണ്ടായിരുന്നു. അദ്ദേഹം ഒരു തുണ്ടു ഭൂമിയും ഒരു പഴയകെട്ടിടവും സ്വന്തം പേരിൽ സമ്പാദിച്ചിരുന്നു."

ഞാൻ ആ സീൻ മനസ്സിലാക്കുന്ന ഭാവത്തിൽ തലയാട്ടി, "എന്നിട്ട്? പിന്നെന്തുണ്ടായി?"

"ഛുക്, ഛുക് തീവണ്ടിയിൽ പോയി. ഒരു ചെറിയ സ്റ്റേഷനിലെത്തി. അയാൾ എന്നെ താങ്ങിപ്പിടിച്ചു താഴെ ഇറക്കി. വെളിയിൽ അലങ്കരിച്ച ഭംഗിയുള്ള കാളവണ്ടി നിർത്തിയിരുന്നു. അയാളെന്നെ വണ്ടിയിൽ കയറ്റിയിരുത്തി. എന്നിട്ട് വണ്ടിക്കാരനോടു പറഞ്ഞു, 'വണ്ടി പതുക്കെ വിടണം.' പാടങ്ങളെയും മാന്തോപ്പുകളെയും തൊട്ടു മുമ്പോട്ടു പോകുന്ന ഒറ്റയടിപ്പാതകൾ. അയാൾ വണ്ടിക്കാരനോട് വിളവെടുപ്പിനെയും കാലാവസ്ഥയെയും പറ്റി സംസാരിച്ചുകൊണ്ടിരുന്നു."

"ങാ, പിന്നെ?" ഞാൻ ചോദിച്ചു.

"സംഭാഷണത്തിനിടയ്ക്ക് അയാൾ കണ്ണുനിറയെ എന്റെ നിറവ് കണ്ടു. പിന്നെ എന്റെ നിറഞ്ഞ വയറിൽ ചെവിചേർത്തുവച്ച് 'ധുക്-ധുക്'കേട്ടു."

"ധുക്-ധുക്-ധുക്-ധുക്" ഞാൻ പറഞ്ഞു. "അവിടെ ആ സീൻ കട്ട് ചെയ്യൂ. ആ ജീർണിച്ച കെട്ടിടത്തിൽ ഭാരതത്തിന്റെ ജനസംഖ്യയിൽ ഒരെണ്ണം കൂടി വർധിച്ചെന്നു മനസ്സിലായി. പിന്നെ?"

"വർധിച്ചു, ഉടനെ തന്നെ ഇല്ലാതാവുകയും ചെയ്തു." അവൾ പറഞ്ഞു. "എന്റെ വയറ്റിൽ പിറന്ന കുട്ടി മരിച്ചു. അതിനുശേഷം ഞാൻ ഒരിക്കൽ പോലും അമ്മയായില്ല."

"ആകെക്കൂടി നോക്കുമ്പോൾ അതിൽ കുഴപ്പമില്ല." ഞാൻ പറഞ്ഞു, "നിങ്ങൾ വീണ്ടും 'ഛുക് ഛുക്' വണ്ടിയിൽ കയറി. എന്നിട്ട്?"

അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു, "പിന്നീട് അയാൾ എത്രയോ വണ്ടികളിൽ യാത്രചെയ്തു, എത്രയോ ദൂരം താണ്ടി. എന്നാൽ കുട്ടിയുടെ മരണം മൂലമുണ്ടായ ചെറിയ ദൂരം നികത്താൻ അയാൾക്കു സാധിച്ചില്ല."

ഞാൻ ചോദിച്ചു, "എന്നാൽ നിങ്ങൾ വേശ്യയായതിനെന്തു

ന്യായം? രണ്ടര രൂപ ചെലവാക്കി ഈ ബയസ്കോപ്പ് കാണാനെത്തുന്നവനോടും അല്പം ദയ കാണിക്കൂ."

"ആ പാവത്തിനൊരു ജോലിയുമില്ലായിരുന്നു. അനവധി വലിയ ആളുകളുമായി, പ്രഭുക്കന്മാരും, രാജാക്കന്മാരുമായി അയാൾക്കു പരിചയമുണ്ടായിരുന്നു. രത്നവ്യാപാരം അയാളുടെ കുലത്തൊഴിലായിരുന്നു. രത്നവ്യാപാരത്തിൽ നാലുകാശുണ്ടാക്കാൻ ശ്രമിച്ചു. ഞാൻ രത്നമല്ലേ, അയാൾ വെട്ടിയെടുത്ത, ഉരച്ചു രൂപപ്പെടുത്തിയ രത്നം!"

"അതുശരിയാണ്. പ്രത്യക്ഷത്തിനു തെളിവു വേറെ വേണോ? പക്ഷേ, രത്നം ചീകിയെടുത്തവൻ ഏതു മാളത്തിൽ പോയൊളിച്ചു?"

"ആരുടെയും ഭഗവാനെക്കുറിച്ച് ഇങ്ങനെ പറയുന്നത് ശരിയല്ലെന്നു നിങ്ങളോടു പറയുന്നത് നിഷ്പ്രയോജനമാണ്" അവൾ സഗൗരവം പറഞ്ഞു, "എന്നാൽ അയാൾക്കു പക്ഷവാതം പിടിപെട്ടെന്നറിയുമ്പോൾ നിങ്ങൾ വായാടിത്തം തല്ക്കാലം നിർത്തുമെന്നു വിചാരിക്കുന്നു."

"അയാം സോറി." ജോഷിജി പറഞ്ഞു. "അയാൾ ജീവിച്ചിരിപ്പുണ്ടോ, അതോ...?"

"അറിഞ്ഞിട്ടെന്തുവേണം?"അവൾ ചോദിച്ചു. എന്നിട്ട് മനോഹറിന്റെ കൈ സ്വന്തം കയ്യിൽ വച്ചു കൊണ്ടു ചോദിച്ചു, "ചാരപ്പണി ചെയ്യുന്നവരുടെ ജിജ്ഞാസയ്ക്കൊരതിരു വേണ്ടേ? എന്റെ ഇതുവരെയുള്ള വിവരണം കേട്ടിട്ട് സത്യമെന്നോ കള്ളമെന്നോ തോന്നുന്നത്? അതോ കുറച്ചു സത്യവും കുറച്ചു കള്ളവുമെന്നോ? നിങ്ങൾ എന്റെ സത്യം എത്രത്തോളം കള്ളമെന്നും, എന്റെ കള്ളം എത്രത്തോളം സത്യമെന്നും കരുതുന്നു? നിങ്ങൾ അന്നൊരു വാക്കുപയോഗിച്ചല്ലോ–കെണി. നിങ്ങൾ കെണിയിൽ പെട്ടോ ഇല്ലയോ? ഈ കെണി ഞാൻ നിങ്ങൾക്കുവേണ്ടി പ്രത്യേകമായി രൂപപ്പെടുത്തിയതാണ്."

അവൾ പൊടുന്നനെ നടപ്പ് നിർത്തി. ഞങ്ങൾ നേർക്കുനേരേ നിന്നു. അവൾ ഇരുകൈകളും എന്റെ തോളിൽ വച്ചു. ടൂറിസ്റ്റ്ഹോമിന്റെ മുകളിലത്തെ മുറിയിൽ താമസിക്കുന്ന ഢോഭാൻവാല–സ്നേഹവത്സലമാരുടെയടുത്ത് എൽവിസ് പ്രസ്ലിയുടെ കരച്ചിലിന്റെ എത്രയോ റിക്കാർഡുകളുണ്ട്! അപ്പോൾ അവർ കേട്ടുകൊണ്ടിരുന്നത്, 'ഇറ്റ്സ് നൗ ഓർനെവർ, കം ഹോൾഡ് മി ടൈറ്റ്.' അവർ പാട്ടുകേൾക്കുകമാത്രമല്ല, അതിന്റെ മൃദുലയത്തിൽ നൃത്തം ചെയ്യുകയും ചെയ്തു. ഇന്നില്ലെങ്കിൽ പിന്നെയൊരിക്കലുമില്ല, ഇത് നിർണായക നിമിഷമാണെന്നു മനസ്സിലാക്കി നൃത്തം ചെയ്തുകൊണ്ട് കഠിനമായി ബാഹുപാശത്തിൽ ബദ്ധരായി ചുംബിക്കുന്നുമുണ്ടായിരുന്നു.

ഞാൻ ജോഷിജിയോടു പറഞ്ഞു, "ഗുരോ, ആരംഭിക്ക്. താങ്കൾ ബാൾറൂം ഡാൻസിങ് അഭ്യസിച്ചിട്ടില്ല. അല്ലെങ്കിൽ ഹിന്ദിറൈറ്റർ ഡൂയിങ്

ഇംഗ്ലീഷ് ഡാൻസ് എന്ന ചുറ്റിക്കറക്കവും നടത്താമായിരുന്നു. നിങ്ങൾ രാസനൃത്തം തുടങ്ങ്. ഇംഗ്ലീഷ് ഗാനം മാറ്റിവച്ചിട്ട് വനക്രീഡ നടത്തുന്ന ശ്യാമയും ശ്യാമനും, മധുരാധരചുംബന-പരിരംഭണ-ജഘനദുകൂലം തുടങ്ങിയവ ഉൾക്കൊള്ളിക്കാം."

എന്നാൽ ഈ ജോഷിയുടെ കാര്യം നോക്കണേ! അദ്ദേഹം അവളോടു പറഞ്ഞു, "നീ മദ്യപിച്ചിരിക്കുന്നു എന്നതാണു സത്യം. നാക്കു കുഴയാൻ തുടങ്ങി എന്നതു മാത്രമാണു കള്ളം വിശദീകരണത്തിന്റെ മോഹത്തിൽ നീ അനുഭവത്തിന്റെ സത്യത്തെ നിഷേധിക്കുന്നു."

"മനോഹറിന് എന്റെ കഥ ഇഷ്ടപ്പെട്ടില്ലേ?" അവൾ ചിരിച്ചുകൊണ്ടു ചോദിച്ചു.

"ഇല്ല." ജോഷിജി പറഞ്ഞു, "വികാരലോലമാണ്."

"വേറൊരു കഥയുണ്ടാക്കി പറയട്ടെ?" അവൾ ചോദിച്ചു.

"വേണ്ട." ജോഷിജി പറഞ്ഞു, "കഥവേണ്ട, സത്യം മതി."

"നിങ്ങൾക്കിഷ്ടപ്പെടുന്നതരത്തിൽ മെനഞ്ഞെടുത്താലും കാര്യം നടപ്പില്ലേ? നിങ്ങളാഗ്രഹിക്കുന്ന തരത്തിലുള്ള ഗുണവും ക്രിയയുമനുസരിച്ച് എന്നെ സങ്കല്പിച്ചോളൂ."

"ഇതല്പം കടന്ന കയ്യാണ്." ജോഷിജി പറഞ്ഞു, "ഗുണ-ക്രിയാനുസാരേണ ക്രിയതേ രൂപകല്പന. പ്രത്യേകിച്ച് രൂപമില്ല, അതുകൊണ്ടു ഗുണ-ക്രിയകൾക്കനുസൃതമായി രൂപകല്പന നടത്തണമെന്ന്! ദേവീ, നിങ്ങൾക്കു നിങ്ങളെക്കുറിച്ചെന്തഭിപ്രായമാണുള്ളത്?"

"ഞാൻ ദേവിയാകുന്നതിൽ നിങ്ങൾക്കു വല്ല എതിർപ്പുമുണ്ടോ?" അവൾ ഉറക്കെ ചിരിച്ചു.

"ഇല്ല." നിർവസ്ത്രയുടെ പൊട്ടിച്ചിരിയിൽ ഞാനും പങ്കുചേർന്നു, "നിങ്ങൾ സ്ത്രീലിംഗമായിരിക്കുന്നിടത്തോളം എനിക്ക് യാതൊരു എതിർപ്പുമില്ല."

അവൾ എന്നെ കൈപിടിച്ച് ബെഡ്റൂമിലേക്കു കൂട്ടിക്കൊണ്ടുപോയി. സാഹചര്യം വേണ്ടുവോളം അനുകൂലവും സാധാരണവുമായിക്കൊണ്ടിരിക്കുന്നെന്നു ഞാൻ മനസ്സിലാക്കിയിരുന്നു. എന്നാൽ ജോഷിജി അവിടെയും പ്രശ്നോപനിഷത്തായി. ചോദിച്ചു, "നിങ്ങളാരാ?"

"താരാ ഝാവേരി." അവൾ പറഞ്ഞു, "ആളുകൾ നിങ്ങളോടു പറഞ്ഞുകാണും."

"താരാ ഝാവേരി ആരാണ്?" അദ്ദേഹം ചോദിച്ചു.

"താരാ ഝാവേരി എന്നുപറഞ്ഞാൽ പോരേ?" അവൾ പുഞ്ചിരിച്ചു.

"പോരാ." ജോഷി പറഞ്ഞു.

"എന്നാൽ ഞാനിങ്ങനെ പറയട്ടെ-ഞാൻ താരയാകുന്നു. ചുവന്ന നിറമുള്ള ഹ്രീങ്കാരം എന്റെ നെറ്റിയാകുന്നു, മഞ്ഞനിറമുള്ള ശ്രീംകാരം

എന്റെ നാഭിയാകുന്നു, വെള്ള നിറമുള്ള ഹുങ്കാരം എന്റെ ഹൃദയമാകുന്നു, പുക നിറമുള്ള ഫട്കാരം...''

''ഭഗവാനേ!'' ജോഷിജി വിളിച്ചു.

''സ്ത്രീലിംഗം!'' അവൾ തെറ്റുതിരുത്തി, ''ഭഗവതീ, എന്നുവിളിക്കൂ.''

ജോഷിജി ഇംഗ്ലീഷുകാരനായി, ''ഓ! ഗോഡ്!''

''എങ്കിൽ ഞാനെന്നെ പരിചയപ്പെടുത്തട്ടെ?'' അവളുടെ വയറിലെ മറുക് നോക്കിക്കൊണ്ടിരുന്ന മനോഹറിനെ നോക്കി പുഞ്ചിരിച്ചുകൊണ്ട് അവൾ പറഞ്ഞു, ''ഞാനൊരു മറുകാണ്, വളരെ ചെറിയൊരു മറുക്.''

പിന്നെ മനോഹറിന്റെ വിരൽ ആ മറുകിൽ തൊടുവിച്ചുകൊണ്ടു പറഞ്ഞു, ''ഞാനൊരു മറുകിയാണ്.''

ഞാൻ ജോഷിജിയോടു പറഞ്ഞു, ''താങ്കൾ വൃദ്ധമാരുടെ മുമ്പിൽ പലപ്പോഴും ആത്മകഥാകഥനത്തിലേക്കു വഴുതി വീഴാറുണ്ടല്ലോ, അതാണീ സമയത്ത് താങ്കൾക്കു ക്ലേശകരമായിത്തീർന്നത്.''

ബാലനായ മനോഹർ യഥാസ്ഥാനത്ത് വിരൽവച്ചുകൊണ്ടിരുന്നു. അവൾ ചോദിച്ചു, ''നിങ്ങൾക്കറിയാനാഗ്രഹമുണ്ടോ? അറിയാനർഹനാണോ അല്ലയോ എന്ന് ആദ്യം പരിശോധിക്കേണ്ടിരിക്കുന്നു.''

ബാലകൻ ''ശരി'' എന്നു പറഞ്ഞു; ഉറങ്ങിപ്പോയി.

കല്യാണകൃഷ്ണന്റെ മകനാരുമാകട്ടെ

ജോഷിജി 'വാർ ആൻഡ് പീസ്'മാറ്റിവച്ചിട്ട് 'വേസ്റ്റ്ലാൻഡ്' ആരംഭിച്ചു. "താങ്കൾ താങ്കളാണ്, താങ്കളാണു താങ്കൾ, താങ്കളെ താങ്കൾ കാണുമ്പോൾ വളരെ സന്തോഷമുണ്ടാകും. പാപത്തിനു പുണ്യത്തോടോ, പുണ്യത്തിനു പാപത്തോടോ എന്തു ബന്ധം? ആർക്ക്, എപ്പോൾ, എന്തിന്, എവിടെ, എന്തുപേര്? അറിഞ്ഞുകൂടാ. മനസ്സ് വിഘ്നങ്ങളെ അംഗീകരിക്കുന്നില്ല. ചൂടു പിടിച്ചദേഹം കൂടിച്ചേരട്ടെ, കൂടിച്ചേർന്നു കഴിയട്ടെ. എതെങ്കിലും യന്ത്രമോ ജപമോ ഉപയോഗിച്ചു സാധിച്ചെടുക്കട്ടെ."

മനോഹർ ഡോഭാൻവാലയിൽ നിന്നു കൈവശപ്പെടുത്തിയ തന്ത്രസാഹിത്യം വായിച്ചു വായിച്ച് അമ്പരന്നു. രാത്രിയിൽ ഉറക്കത്തിൽ ഞെട്ടുമ്പോൾ, ഒരു സാങ്കല്പിക മറുകിൽ വിരൽ തൊട്ടുകൊണ്ടുറങ്ങാൻ ശ്രമിച്ചു. ഈ മറുക് ചുരുങ്ങിച്ചുരുങ്ങി നീളവും വീതിയുമില്ലാത്ത അവസ്ഥയിലെത്തി.

ഡോഭാൻവാലയും സ്നേഹവത്സലയും ഒരു പുതിയ ആചാര്യനിൽ നിന്ന് 'സെക്സ്യോഗ' അഭ്യസിക്കാൻ മൗണ്ട് ആബുവിൽപോയി. അതുകൊണ്ട് എനിക്ക് 'സ്വീറ്റ് ഡിക്കേഡന്റ് വീക്കെൻഡ്'പോലും ലഭ്യമല്ലാതായി.

ഞാൻ വല്ലാത്തൊരു മൂഡിലായിരുന്നു. ഓഫീസിൽ നിത്യവും കശപിശയുണ്ടാകുമായിരുന്നു. പത്രപ്രവർത്തനത്തിൽ മേൽക്കൈ നേടിയെടുക്കാനുള്ള എന്റെ ഉപായങ്ങൾ സ്തംഭിച്ചു. ദാദാ 'മഹാഭാരത'ത്തെ ആധാരമാക്കി ബിഗ്ബജറ്റ് ഫിലിം നിർമിക്കുന്നതിനെക്കുറിച്ചാലോചിച്ചു തുടങ്ങി. ആലോദായുടെ പ്രോജക്ടിലും അദ്ദേഹം വെറുതേ എന്നെയും പിടിച്ചിട്ടു. പക്ഷേ, അതിനുള്ള ഫൈനാൻസ് കണ്ടെത്താൻ കഴിഞ്ഞില്ല. എന്റെ ഭാര്യമാരാകാമായിരുന്ന രണ്ടുപേർ പലായനം ചെയ്തു. മുന്തിയവളെ പിന്നെ കാണാഞ്ഞതിൽ കാമുകവൃത്തിയുള്ള ജോഷിജിയെയും പാവം മനോഹറിനെയും പോലെ എനിക്കു വിഷാദമുണ്ടായില്ലെങ്കിലും തല്പരനായ ഒരു പുരുഷന് ചീത്തക്കാര്യങ്ങൾക്കു കൊള്ളാവുന്ന ഒരു നല്ല സാധനം കൈവിട്ടുപോയതിൽ ഖേദമുണ്ട്. അതും പോരാഞ്ഞ് ജോഷിയുടെ 'വേസ്റ്റ്ലാൻഡും' മനോഹറിന്റെ 'ലോസ്റ്റ്ലുക്കും.'

ഡോക്ടർ ദേശായി എനിക്ക് മരുന്നിന്റെ ഡോസ് കൂട്ടി.

ഏതാണ്ട് ഒരു മാസത്തിനുശേഷം ഞാൻ ഖലീക്കിന്റെ വീട്ടിൽ ഇൻസ്പിരേഷനുവേണ്ടി പോയി. പക്ഷേ, അവിടുന്ന് ഇരട്ടി ദുഃഖവുമായി തിരികെപ്പോന്നു. ഖലീക്കും ശ്രീകാന്തും തമ്മിൽ കലഹമാരംഭിച്ചു. ഖലീക്കിന്റെ അഭിപ്രായത്തിൽ ആ മരമണ്ടൻ ജീവിതത്തിൽ ആകപ്പാടെ ഒരു പുസ്തകമേ വായിച്ചിട്ടുള്ളൂ, 'ശ്രീകാന്ത്.' എന്നിട്ട് അതിന്റെ കഥ എല്ലാ സിനിമയിലും ചേർക്കാനാഗ്രഹിക്കുന്നു. ഖലീക്-സുന്ദരിയുടെ അഭിപ്രായത്തിൽ ഖലീക് അലസനും ശാഠ്യക്കാരനുമാണ്. ഭാര്യാഭർത്താക്കന്മാർ തമ്മിൽ ഭയങ്കര ഏറ്റുമുട്ടലുണ്ടാകുമായിരുന്നു. ഭാര്യ വാഗ്വാദത്തിൽ കുപിതയായി തന്റെ മുറിയിൽ അടച്ചു കിടന്നപ്പോൾ ഖലീക് കുപ്പി തുറന്നു; വേദനയുടെ പൊതിയും ഭാര്യ ഗർഭമലസിപ്പിച്ചതിൽ ഖലീക് ദുഃഖിതനാണ്. ഖലീക്കിന് ഒരു മകളുടെ അച്ഛനാകണമെന്ന ആഗ്രഹം അതികലശലായിട്ടുണ്ട്. അയാൾ കുഞ്ഞിനു പേരിടുകപോലും ചെയ്തു-അതിയ ഫിലിം 'ഗിരസ്തി'യുടെ ഈ സമാന്തരവും കലാത്മകവുമായ സിനിമാ പതിപ്പിനോട് എനിക്ക് അതിരറ്റ വെറുപ്പുതോന്നി. ഖലീക് വികാരജീവിയാണെന്ന് എനിക്കറിയാമായിരുന്നു. എങ്കിലും വൈകാരികത വൈരൂപ്യം കൂടാതെ അയാൾക്കു വിളമ്പാൻ കഴിയുമെന്നത് എന്നെ സംബന്ധിച്ചിടത്തോളം ദുഃഖകരമായ ആശ്ചര്യമായിരുന്നു. ഖലീക് ഒരു പ്രകാരത്തിലും എന്നെ പോകാനനുവദിച്ചില്ല. ഫ്രഞ്ച്പൊയട്രി കേൾക്കാനും കോന്യാക് കുടിക്കാനുമുള്ള ദുശ്ശീലത്തിനടിമയായിപ്പോയ ഞാൻ ഖലീക്കിന്റെ ഈ ബലിയാറ്റിക് ഭാവുകത്വം കേൾക്കുന്നതിലും ത്രീ എക്സ് റം കുടിക്കുന്നതിലും ആവശ്യത്തിലേറെ ക്ലേശമനുഭവിച്ചുകൊണ്ടിരുന്നു.

അവിടെ നിന്നും മടങ്ങിയപ്പോൾ ഫോണിൽ മുന്തിയവളുടെ ശബ്ദം കേട്ടു. "ഇതെന്റെ മൂന്നാമത്തെ ഫോണാണ്. നിങ്ങൾ ഉടനെ ചർച്ച് ഗെയ്റ്റ് സ്റ്റേഷനിലെ ക്ലോക്ക്ടവ്വറിനു താഴെ വന്നു നില്ക്കണം ഒരത്യാവശ്യ കാര്യമുണ്ട് ക്രൂക്കെഡ് റോസ്."

"എന്ത്?" ഞാൻ ചോദിച്ചു.

"മൈ യൂത്ത് ഈസ് നോട്ട്, റിപ്പീറ്റ് നോട്ട്, വെന്റ് വിദ് ദ സെയിം വിൻട്രീ ഫീവർ എന്നൊന്നുകാണിക്കാൻ."

ഞാൻ അതിനു മറുപടി പറയാനാഗ്രഹിച്ചെങ്കിലും അവൾ ഫോൺ കട്ട് ചെയ്തു. റിസപ്ഷൻ കൗണ്ടറിലിരിക്കുന്നവൻ എന്റെ വായിൽ നിന്നു വമിക്കുന്ന റമ്മിന്റെ ഗന്ധത്തിൽ അസഹ്യത പ്രകടിപ്പിക്കുന്നുണ്ടായിരുന്നു. ഞാൻ വൃദ്ധന്മാരോടു കള്ളം പറഞ്ഞു, "സഹോദരിക്കു നല്ല സുഖമില്ല. ഞാനങ്ങോട്ടു ചെല്ലാൻ പറഞ്ഞു- വരാൻ വൈകും."

ഞാൻ ജോഷിജിയോടു പറഞ്ഞു, "ബ്രദർ, ഇനിയെല്ലാം എനിക്കു വിട്ടുതരൂ. ഞാൻ ആ തെണ്ടിയെ പരിചരിച്ചോളാം. അവളെ കശക്കി

ശരിപ്പെടുത്തിയില്ലെങ്കിൽ, ഗുരുജീ, എന്നെ തല്ലിക്കോ. നിങ്ങൾ ദയവായി ഒരു മൂലയ്ക്കു നിൽക്കുക. എന്നിട്ട് അവളുടെ യൂത്ത് എങ്ങനെ വളയ്ക്കുന്നെന്നു നോക്കുക."

എന്നാൽ ദൈവം തമ്പുരാൻ പതിവുപോലെ തമാശയുടെ മൂഡിലായിരുന്നു. ഞാൻ ടാക്സിയെടുത്ത് ചർച്ച്ഗെയ്റ്റിലെത്തി. അവിടെ ക്ലോക്ക് ടവ്വറിനു താഴെ അവളില്ല, അവളുടെ നിഴൽ പോലുമില്ല. കാത്തുനിന്നു. കാത്തുനില്പ് നീണ്ടപ്പോൾ ജോഷിജി എന്റെ ദേഹത്തു പ്രവേശിച്ചു, 'എന്നിട്ടും വന്നില്ലല്ലോ' എന്ന പാട്ടുപാടാൻ തുടങ്ങി. കണ്ണുകൾ സ്ലോ പാനിങ് ഷോട്ടിൽ കറക്കാൻ തുടങ്ങി. സിഗററ്റുകൾ തുരുതുരെ വലിച്ചു തള്ളി, സിഗററ്റു കുറ്റികൾ ഷൂസിട്ടു നിർദയം ചവിട്ടിയരച്ചു.

ഒടുവിൽ തോൽവി സമ്മതിച്ച് മുഷ്ടി നിവർത്തി നെഞ്ചുവിരിച്ച് നടന്നു. അപ്പോൾ ഒരു സ്ത്രീശബ്ദം കേട്ടു, "നാല്പത് മിനിറ്റുനേരത്തെ കാത്തുനില്പിനു കൊള്ളാവുന്നവൾ മാത്രമായിത്തീർന്നോ ഞാൻ, മനോഹരാ?"

ഇരുകൈകളും നിവർത്ത്, വഴി തടഞ്ഞുകൊണ്ടു നിൽക്കുന്നു-മതു പിടിച്ചവൾ, ജിൻ ആൻഡ് ലൈം അഥവാ യൗവനമദിര കുടിച്ചവൾ. ജോഷിജിക്ക് അവളെ കാണാൻ കഴിഞ്ഞില്ല. ഞെളിഞ്ഞുനടക്കുമ്പോൾ ജോഷിജിയുടെ ക്യാമറ പിന്നിലേക്ക് അല്പം കൂടുതൽ കുനിഞ്ഞുപോയി. ഞാനവളോട് ദേഷ്യപ്പെട്ടു സംസാരിക്കാനാഗ്രഹിച്ചു. പക്ഷേ, അതിനുമുമ്പ് ജോഷിജി വായ്തുറന്നു, "ക്ലോക്ക് ടവ്വറിനു താഴെ നില്ക്കണമെന്നു പറഞ്ഞിട്ട്..." ഇത്രയും 'മൈൽഡ് പ്രൊട്ടസ്റ്റ് നോട്ട്' കൊണ്ട് വല്ല പ്രയോജനവുമുണ്ടോ?

"നിങ്ങളെന്നെ കാത്തുനിൽക്കുന്നതുകണ്ടപ്പോൾ എന്തിമ്പം തോന്നിയെന്നോ?" അവൾ പറഞ്ഞു, "എന്നെ നോക്കിനിൽക്കുന്നവനെ നോക്കി നിൽക്കാൻ കൊതിതോന്നി."

"ദേവീ, ഇനിയെന്താണു കൽപ്പന?" ഞാൻ ചോദിച്ചു, "വെറുതേ ഇങ്ങനെ നിൽക്കാനോ? പരിചരിക്കാനവസരം തരുമോ?"

"ചാരപ്പണി നടത്താമോ?" അവൾ ചോദിച്ചു.

അവളോടൊപ്പം നടന്നുകൊണ്ട് ഞാൻ പറഞ്ഞു, "നിങ്ങളാജ്ഞാപിച്ചാൽ ഞാൻ ദല്ലാൾപ്പണിപോലും നടത്തും."

അവൾ ചിരിച്ചു, "തമാശയല്ല."

ഞാൻ പറഞ്ഞു, "നിങ്ങൾക്ക് തമാശയില്ലെന്നറിയാം. ഏതു വഷളനെക്കുറിച്ചന്വേഷിക്കണം?"

"ഒരാളിനെ അന്വേഷിക്കണം."

"മൃഗത്തെ അന്വേഷിക്കാൻ പറഞ്ഞില്ലല്ലോ, ആശ്വാസം! ഈയാളിനെ തിരിച്ചറിയാൻ വല്ല അടയാളവുമുണ്ടോ?"

"കള്ളനാണ്. നെറ്റിയിൽ വലതുകണ്ണിനുമുകളിൽ മുറിവിന്റെ

പാടുണ്ട്, അല്പം കുന്തിച്ചു കുന്തിച്ചാണ് നടപ്പ്." അവൾ പറഞ്ഞു.

"കുന്തിച്ചു കുന്തിച്ചാണു നടക്കുന്നതെങ്കിൽ പിടികൂടാൻ പ്രയാസമുണ്ടാകുകയില്ല." ഞാൻ പറഞ്ഞു, "എന്താണയാളുടെ പേര്?"

"അറിഞ്ഞുകൂടാ" അവൾ പറഞ്ഞു, "അയാളുടെ അച്ഛന്റെ പേര് കല്യാണകൃഷ്ണനെന്നാണ്."

"ഈ കല്യാണക്കാരന്റെ മകനെന്താണു പണി?" ഞാൻ ചോദിച്ചു.

"അറിഞ്ഞുകൂടാ." അവൾ പറഞ്ഞു. "അയാളുടെ അച്ഛൻ മുത്തു വ്യാപാരിയാണ്."

"ഞാൻ മകനെയാണോ, അച്ഛനെയാണോ അന്വേഷിക്കേണ്ടത്?" ഞാൻ ചോദിച്ചു, "നിങ്ങൾക്ക് അച്ഛനെക്കുറിച്ചറിയാം, മകനെക്കുറിച്ചൊന്നുമറിഞ്ഞു കൂടാ."

"ഞാൻ ഝാവേരിയുടെ മകളാണ് എന്റെ അച്ഛന് മുത്തുവ്യാപാരിയായ ആ കല്യാണകൃഷ്ണനെ അറിയാമായിരുന്നു."

"ഈ കല്യാണക്കാരന്റെ മകനെ നിങ്ങൾക്കോ നിങ്ങളുടെ അച്ഛനോ തിരിച്ചറിയാൻ വയ്യ!"

"എനിക്ക് ആകെയൊരു രാത്രിയിലെ ഓർമ മാത്രമേയുള്ളു." അവൾ പറഞ്ഞു, "ആ രാത്രിയിലെ കഥകേൾക്കണോ?"

"നിങ്ങളുടെയടുത്തു വരുന്നതുതന്നെ കഥകേൾക്കാനുള്ള സുഖത്തിനുവേണ്ടിയാണല്ലോ." ഞാൻ പറഞ്ഞു.

"അയാൾ പോകുമ്പോൾ പണത്തിനുപകരം ഒരു വലിയ മുത്തു തന്നു.കല്യാണകൃഷ്ണനും ഇതുപോലെ മുത്തുതരാറുണ്ടെന്ന് ഞാനയാളോടു പറഞ്ഞു ഞാനിതു പറയുമ്പോൾ അയാൾ പാന്റ്സ് ധരിക്കുകയായിരുന്നു. സിപ്പിട്ടുകൊണ്ട് അയാളെന്നെ ചീത്ത പറഞ്ഞു. കല്യാണകൃഷ്ണൻ തന്റെ അച്ഛനാണെന്നു വെളിപ്പെടുത്തി. 'നിങ്ങളെ കണ്ടിട്ട് വലിയ പ്രായം തോന്നുന്നില്ലല്ലോ. കുട്ടിക്കാലത്തുതന്നെ ഈ തൊഴിൽ തുടങ്ങിയതാണോ?' അയാളുടെ ഈ ചോദ്യം കേട്ട് എനിക്കു ചിരിവന്നു."

അപ്പോഴും അവൾ ചിരിച്ചു. അല്പം കഴിഞ്ഞ് ചിരിക്കു കടിഞ്ഞാണിട്ടുകൊണ്ട് പഴ്സ് തുറന്നു. റോസ് നിറമുള്ള ഒരു വലിയ മുത്ത് കൈവെള്ളയിൽ വച്ച് എന്നെ കാണിച്ചു.

"എക്സിബിറ്റ് എ കണ്ടു." ഞാൻ പറഞ്ഞു, "നിങ്ങൾ മൊഴി തുടരണം."

"ഞാൻ ചിരിക്കുന്നതുകണ്ട് ആദ്യം അയാൾക്കുദേഷ്യം വന്നു. പിന്നെ പാന്റ്സ് മുറുക്കി, പാദങ്ങളിൽ ചെരിപ്പിട്ട് എന്റെയടുത്തു വന്നു. പുഞ്ചിരിച്ചുകൊണ്ട് എന്റെ കവിളിൽ നുള്ളിയിട്ടു പറഞ്ഞു, 'എടീ തെണ്ടിപ്പട്ടീ, നിന്റെ യൗവനം കൊത്തിനുറുക്കി കറിവച്ച് പട്ടിക്കിട്ടുകൊടുക്കും.' എന്നോ മീനിങ് സും മനോഹർ?"

"മീനിങ്-വിശക്കുന്ന നായ്ക്കളുടെ മിശിഹാ ആയിരിക്കാമയാൾ." ഞാൻ പറഞ്ഞു.

"നിങ്ങൾ ഞാൻ പറയുന്നതുകള്ളമാണെന്നു സ്ഥാപിക്കാനിറങ്ങിയിരിക്കുകയാണോ?" അവൾ ചോദിച്ചു, "സ്വന്തം ഭീരുത്വമംഗീകരിക്കാൻ വയ്യാത്തവണ്ണം ഭീരുവാണോ നിങ്ങൾ? അയാളെ അന്വേഷിക്കാൻ പറ്റുകയില്ലെന്ന് നിങ്ങൾ തെളിച്ചു പറയാത്തതെന്ത്?"

"അസ്തിത്വമില്ലാത്ത ഒരുവനെ അന്വേഷിച്ചിറങ്ങാനുള്ള ആധ്യാത്മിക ഡംഭ് എനിക്കില്ല."ഞാൻ പറഞ്ഞു.

അവൾ നിന്നു. സാരിയുടെ പല്ലൂ തോളിൽ നിന്നു താഴേക്കു നീക്കി. അവളുടെ ബ്ലൗസിനുള്ളിൽ നോക്കാനും പേനാക്കത്തി കൊണ്ടുണ്ടായ മുറിവിന്റെ പാടുകാണാനും എന്നെ ക്ഷണിച്ചു. ആൾത്തിരക്കുള്ള ആ റോഡിൽ വച്ച് നടത്തിയ ക്ഷണം എനിക്കു സ്വീകാര്യമായില്ല.

"പോകട്ടെ. ചാരപ്പണി ചെയ്യണ്ടാ." അവൾ പറഞ്ഞു. "കഥാകൃത്തല്ലേ. ഈ മുറിവിന്റെ കഥ കേൾക്കൂ. അയാൾ പട്ടിയുടെ കാര്യം പറഞ്ഞപ്പോൾ ഞാനയാളുടെ കണ്ണിനുമുകളിലെ മുറിപ്പാടിൽ ചുംബിച്ചു. അതെനിക്കു വളരെ ഇഷ്ടപ്പെട്ടെന്നു പറഞ്ഞ് ഉടൻതന്നെ അയാൾ ഒരു പേനാക്കത്തി നിവർത്തി എന്റെ നെഞ്ചിലെ തൊലിവരഞ്ഞു. എന്നിട്ടു പറഞ്ഞു- ഈ മുറിപ്പാടു കാണുമ്പോൾ എന്നെ ഓർമിക്കുമല്ലോ."

"ഫ്ളാഷ് ബാക്ക് കഴിഞ്ഞു." ഞാൻ പറഞ്ഞു. "ഇനി കട്ട് ചെയ്തിട്ട് എവിടെ?"

"അയാളെ അന്വേഷിക്കൂ, ധൈര്യമുണ്ടെങ്കിൽ." അവൾ പറഞ്ഞു, "അയാൾ സ്മഗ്ലറായിരിക്കുമെന്നാണെന്റെയനുമാനം. എവിടെച്ചെന്നാൽ അയാളെക്കുറിച്ചുള്ള വിവരം ശേഖരിക്കാമെന്നും എനിക്കനുമാനിക്കാൻ കഴിയും. എന്നാൽ ഞാൻ തനിയേ പോയാൽ ഒന്നും നടക്കുകയില്ല. നിങ്ങൾക്കു പോകാമോ? ടാക്സിനിർത്തട്ടേ?"

ഞാൻ വ്യക്തമായി നിരസിക്കാൻ തുടങ്ങുകയായിരുന്നു. എന്നാൽ ജോഷിയെ അദ്ദേഹത്തിന്റെ അപ്പൂപ്പൻ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുകയായിരുന്നു "കള്ളമായാലും സത്യമായാലും, ലുക്കറ്റ് ദ സിനിമാറ്റിക് പോസിബിലിറ്റീസ് -ഇമ്മെൻസ്. ഇപ്പോൾ പറഞ്ഞ സീനുണ്ടല്ലോ-ഗുണ്ടായും വേശ്യയും. മുത്ത്കൊടുത്തത്. പേനാക്കത്തികൊണ്ടുവരഞ്ഞു മുറിവുണ്ടാക്കിയ പ്രവൃത്തി. കേട്ടുകൊണ്ടിരുന്നപ്പോൾ എല്ലാം നടക്കുന്നതായി ഞാൻ കണ്ടു. സ്ക്രീനിൽ വാട്ട് എ സീൻ ജോഷീ. എന്തു പറഞ്ഞു, ഫുൾ ഓഫ് ക്ലീഷേ? സ്റ്റീരിയോടൈപ്പ്സ്? ജീവിതം തന്നെ ഇങ്ങനെയാണ്. അതുകൊണ്ട് ജീവിതം വേണ്ടെന്നു വയ്ക്കുമോ, ജോഷീ? ആത്മഹത്യചെയ്യുമോ? സ്റ്റീരിയോടൈപ്പിൽ ആർക്കിടൈപ്പ് കാണാൻ കഴിയണം. എന്തു പറഞ്ഞു, കോംപ്ലിക്കേറ്റഡ്? സങ്കീർണമോ? എന്താണു സങ്കീർണമല്ലാത്തതെന്നു പറയൂ. ഇതു

വെറും സിമ്പിളാണെന്ന് ഏതിനെക്കുറിച്ച് നിന്റെ ആധുനികമേധയ്ക്കു പറയാൻ പറ്റും? സങ്കീർണമായതിനെ പേടിക്കുന്നതെന്തിന്? സാരള്യം എലിമിനേഷൻ കൊണ്ടല്ല, റിഥം കൊണ്ടേ സംഭവിക്കൂ. ചിലതുപേക്ഷിച്ചു, ചിലതു സൂക്ഷിച്ചു വച്ചു. അതെല്ലാം പഴയ സെൻസിബിലിറ്റി, മോഡേൺമൈൻഡ് എല്ലാം സൂക്ഷിച്ചുവയ്ക്കും, ഒട്ടും സംഭ്രമമുണ്ടാവുകയുമില്ല. നീ കോംപ്ലിക്കേഷനെക്കുറിച്ച് ഉത്ക്കണ്ഠപ്പെടണ്ടാ. റിഥം, താളലയം ഉപയോഗിച്ച് ഞാനിതു നിർമിക്കാം, സംതിങ് വിച്ചീസ് ബ്യൂട്ടിഫുളി സിംപ്ൾ ആൻഡ് സിംപ്ളി ബ്യൂട്ടിഫുൾ. ഉടൻ പോകൂ. സെക്സായി, മിസ്റ്റിസിസമായി, ലിറ്ററേച്ചറായി. ഇനി ക്രൈമും വയലൻസും വേണം.''

ജോഷിജി പറഞ്ഞു, ''ശരി, പോകാം.''

ഞാൻ സാഹസികൻ

ടാക്സി കൊളാബാ പിന്നിട്ട് ജോഷിജിക്ക് തീരെ പരിചയമില്ലാത്ത ഒരു പ്രദേശത്തു ചെന്നു നിന്നു. അടുത്തെവിടെയോ കടലുണ്ട് – തിരമാലകളുടെ ഇരമ്പം കൊണ്ടനുമാനിക്കാം. മുമ്പിൽ കുടിലുകളുടെ മാതൃകയിലുള്ള കെട്ടിടങ്ങൾ. മുന്തിയവൾ അതിലൊന്നു ചൂണ്ടിക്കാണിച്ചിട്ട് പിന്നീട് കണ്ടുമുട്ടാൻ പറ്റിയ രണ്ടുസ്ഥലം നിശ്ചയിച്ച് മടങ്ങിപ്പോയി. അപകടമൊന്നുമില്ലെങ്കിൽ- അടുത്തുള്ള ഇറാൻ റസ്റ്റോറന്റിന്റെ മുമ്പിൽ. അപകടമുണ്ടെങ്കിൽ ഗേറ്റ്‌വേ ഓഫ് ഇൻഡ്യ.

ജോഷിജി പരിഭ്രമത്തോടെ ആ കെട്ടിടത്തിലേക്കു നടന്നു. പ്രദേശം വിജനം. എങ്കിലും അപകടലക്ഷണമൊന്നും കണ്ടില്ല. കുരിശു പതിച്ച ഒരു ശവകുടീരത്തിനടുത്ത് ഓടി നടക്കുന്ന പന്നി, പപ്പുചവറ് ചികയുന്ന കോഴികൾ, ഉണക്കാനിട്ടിരിക്കുന്ന സോസേജ്, മീനിന്റെയും വാറ്റുചാരായത്തിന്റെയും വറക്കാൻ ചേർത്ത മസാലയുടെയും ഗന്ധം, ഏതോ കുട്ടിയുടെ കരച്ചിലിന്റെ ശബ്ദം, കാറ്റിനുപ്പുരസം, പനകൾക്കിടയിൽ തൂക്കിയിട്ടിരിക്കുന്ന ഫിലിമിലെപ്പോലുള്ള ചന്ദ്രൻ.

ഹിച്ച്കോക്കിന്റെ ഫിലിം പോലെ പെട്ടെന്നിങ്ങനെയുള്ള ചീഞ്ഞഴുകിയ കുടുംബാന്തരീക്ഷത്തിൽ ഹിംസ ചീറ്റപ്പുലിയെപ്പോലെ ചാടിവീഴുമെന്ന് ജോഷിക്കറിയാമായിരുന്നു. ഈ 'പെട്ടെന്ന്' സാഹസത്തിന്റെ പരീക്ഷകനാണ്.

ജോഷിജി വാതിലിൽ മുട്ടിയപ്പോൾ ചുളിവുകൾ വീണ ഒരു സ്ത്രീ കുടിലിന്റെ വാതിൽ തുറന്നു. മുമ്പിൽ നിൽക്കുന്നവനെ ചിന്താക്കുഴപ്പത്തിലാഴ്ത്തുംവിധം ഉത്സാഹശൂന്യമായിരുന്നു, ആ വൃദ്ധയുടെ കണ്ണുകൾ. നിർദേശമനുസരിച്ച് ജോഷിജി പറഞ്ഞു, "കസ്റ്റമറാണ്" വൃദ്ധ അകത്തുകയറാൻ അയാളെ അനുവദിച്ചു. ഒരു മുക്കാലി ചൂണ്ടിക്കാണിച്ചു. ജോഷിജി ഇരുന്നു; മുറിയിലെ ക്രമീകരണങ്ങൾ ശ്രദ്ധിച്ചു. പുരോഗമനസ്വഭാവമുള്ള ഒരു ബോംബെ ഫിലിമിനുവേണ്ടി നിർമിച്ച ദരിദ്ര ക്രൈസ്തവഭവനത്തിന്റെ സെറ്റ്. ജോണങ്കിളിന്റെ വീട്. കട്ടിലിൽ ജോണങ്കിൾ കിടക്കുന്നു. ലൈറ്റും സൗണ്ടും ക്യാമറായും ക്ലാപ്പുമുണ്ടെങ്കിൽ ജോണങ്കിളിന്റെ റോളിൽ ഡേവിഡ് കട്ടിലിൽ നിന്നെഴുന്നേറ്റ് ഇങ്ങനെ പറയുമെന്ന് ജോഷിക്ക് തോന്നി, "രാമൂ, ഗോഡ് ബ്ലെസ് യൂ

മൈ ചൈൽഡ്. നീ വന്നല്ലോ. ഭാര്യയെ ടാക്സിയിലിരുത്തിയതെന്തിനാ? രണ്ടുപേർക്കും ഇവിടെ താമസിക്കാം."

വൃദ്ധ അതേ ചോദ്യമില്ലാത്ത നോട്ടത്തോടെ നിന്നു. ഇവർ ലളിതാപവാർ ആകാത്തതെന്തെന്നു ജോഷി പരിഭവിച്ചു.

വൃദ്ധ ഇരുകൈകളും ഇടുപ്പിൽ വച്ചു നിന്നു. ജോഷിജിക്ക് പെട്ടെന്ന് ഹിംസയുടെ ആശങ്കയുണ്ടായി. അയാൾ അമ്പരപ്പോടെ എഴുന്നേറ്റു. അയാൾ പറഞ്ഞു, "വാസ്തവത്തിൽ ഞാൻ.." സംഭാഷണം മുഴുമിപ്പിക്കാൻ പറ്റിയില്ല. അമ്പരന്നെഴുന്നേറ്റപ്പോൾ ജോഷിജി ഒരു കുപ്പി തട്ടിത്താഴെയിട്ടു. അതിന്റെ ശബ്ദത്തോടെ 'ആക്ഷൻ'തുടങ്ങി. കട്ടിലിൽ കിടന്ന 'ഡേവിഡ്' അതിവേഗം എഴുന്നേറ്റിരുന്നു. ഈ 'ഡേവിഡ്' സോറാബ് മോദിയാണെന്നു തോന്നിപ്പിച്ചു- അന്ധനായ സോറാബ് മോദി വിരിപ്പിനടിയിൽ വച്ചിരുന്ന ഏതോ വസ്തുവിൽ (പേനാക്കത്തിയോ? കൈത്തോക്കോ?) പിടി മുറുക്കിക്കൊണ്ട് അയാൾ ചോദിച്ചു, "ജെയ്ൻ, ആരാ വന്നത്?"

"കസ്റ്റമർ" വൃദ്ധ ജെയ്ൻ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു.

"ബേബി വന്നോ?" വൃദ്ധന്റെ ചോദ്യം.

"നിങ്ങള് കിടന്നുറങ്ങ്." വൃദ്ധ നിർദേശിച്ചു. എന്നിട്ട് ജോഷിയോടു ചോദിച്ചു, "പെണ്ണു വേണോ? ചാരായം വേണോ?"

"ചാരായം." ജോഷി പറഞ്ഞു.

"എത്രവേണം?"

ജോഷി ഒരു വിരലുയർത്തിക്കാണിച്ചു; ഒരു 'പെഗ്' എന്നു സാരം.

വൃദ്ധ വ്യാഖ്യാനിച്ചു, 'ഒരു കുപ്പി.' തുടർന്നു ചോദിച്ചു "തിന്നാനെന്തു വേണം?"

"ഒന്നും വേണ്ട."

ജെയ്ൻ ഒരു കുപ്പിയും ഗ്ലാസ്സും ഉള്ളിയും റ്റീപ്പോയ്മേൽ കൊണ്ടുവച്ചു. എന്നിട്ട് പറഞ്ഞു, "നാലു രൂപ പത്തണ-പൊട്ടിച്ച കുപ്പിയുടെ രണ്ടണ ഉൾപ്പെടെ."

ജോഷിജി അഞ്ചുരൂപനോട്ടു കൊടുത്തു. ബാക്കി വേണ്ടെന്നറിയിച്ചു. വൃദ്ധ നോട്ട് ഒരു പഴയ ടിന്നിലിട്ടു. എന്നിട്ട് കൈത്തുന്നൽ തുടർന്നു. അവർ മറിയത്തിന്റെ ചിത്രം തുന്നുകയായിരുന്നു.

ജോഷിജി അനുഭവസമ്പന്നനെപ്പോലെ കുടിക്കണമായിരുന്നു. 'പടപാടാ'ന്ന് കുടിച്ചിട്ട് മുരടനക്കിക്കൊണ്ട് കെ.എൻ.സിങ്ങിനെപ്പോലെ ചോദിക്കണമായിരുന്നു, 'ഏയ് തള്ളേ, പൊക്കം കുറഞ്ഞ, തുള്ളിത്തുള്ളി നടക്കുന്ന ഒരു തെമ്മാടിച്ചെക്കനുണ്ടായിരുന്നില്ലേ, അവനിപ്പോഴെവിടെയാ? പറയുന്നോ, അതോ നിന്റെ ഈ കിഴവനെ തട്ടിക്കളയണോ?'

ജോഷിജി ഈ മിസ്കാസ്റ്റിങ്ങിൽ എതിർപ്പ് പ്രകടിപ്പിച്ചു. എനിക്ക് ഈ കുരുമുളകുവെള്ളം കുടിക്കാൻ പറ്റുന്നില്ലെന്നും അയാൾ പറഞ്ഞു.

ഞാൻ പറഞ്ഞു, "എങ്കിൽ ഒന്നും മിണ്ടാതെഴുന്നേല്ക്ക്. അവിടെ ച്ചെന്നിട്ട് ഉള്ളിൽ തോന്നുന്നതെല്ലാം വിളിച്ചുപറഞ്ഞോ. ഒന്നാം നമ്പർ പുളുവടിക്കാരന്റെ റോൾ നിങ്ങൾക്കു ചേരും."എന്നാൽ ആ നിർദേശം അയാളുടെ യൗവനത്തിനു രുചിച്ചില്ല- ചാരായം അയാളുടെ നാവിനു രുചിക്കാഞ്ഞതുപോലെ.

വൃദ്ധൻ കട്ടിലിൽ കിടന്നുകൊണ്ടുചോദിച്ചു, "ബേബി തിരിച്ചു വന്നില്ലേ?"

"നിങ്ങൾ മിണ്ടാതെ കിടക്ക്." വൃദ്ധ പറഞ്ഞു.

"ബേബി എവിടെപ്പോയി?" ജോഷിജി ചോദിച്ചു.

"നിങ്ങൾ അതു കുടിക്ക്." വൃദ്ധ പറഞ്ഞു, "ഇവിടെയിരുന്നു കുടിച്ചുകൊള്ളണം, വർത്തമാനം പറയാൻ പാടില്ല. നിങ്ങൾക്കു പെണ്ണു വേണമെങ്കിൽ ഇടതുവശത്ത് നാലാമത്തെ കുടിലിൽ ചെല്ല്."

ജോഷിജിയുടെ കുടൽ മറിയുന്നുണ്ടായിരുന്നു, ഛർദിക്കാൻ വെമ്പുന്ന ഭീരുത്വമടക്കിക്കൊണ്ടു പറഞ്ഞു, "ഏയ് തള്ളേ, ബേബി എവിടെയാണെന്നിപ്പോൾ പറയണം. തുള്ളിത്തുള്ളിനടക്കുന്ന ആ കുള്ളൻ ചെക്കനെവിടെയാണെന്നു പറയണം."

വൃദ്ധൻ വീണ്ടും കട്ടിലിൽ എഴുന്നേറ്റിരുന്നു "നിങ്ങൾ ശംഭുവിന്റെ കാര്യമാണോ ചോദിക്കുന്നത്?"

ജോഷിജി എഴുന്നേറ്റുനിന്നു. കുപ്പി ഗദപോലെ കയ്യിൽ പിടിച്ചു, "ങാ ശംഭു! ശംഭു ഇപ്പോഴെവിടെ? വേഗം പറയൂ. സമയം കളയാതെ."

അന്ധനായ വൃദ്ധന്റെ കൈപ്പത്തി കിടക്കയിൽ എന്തോ തിരയുന്നു. കൈത്തോക്കോ മറ്റോ ആണോ? അന്ധനായ ഇയാൾ എങ്ങനെ വെടിവയ്ക്കും? കണ്ണ് തുണികൊണ്ടു മൂടിക്കെട്ടി ഉന്നം തെറ്റാതെ വെടിവയ്ക്കുന്ന വിദഗ്ദ്ധനാണോ?

വൃദ്ധൻ പിറുപിറുക്കുന്നുണ്ടായിരുന്നു, "നാശം! എന്റെ കണ്ണു പോയി. ഇവരാരും ഞാൻ പറഞ്ഞാൽ കേൾക്കുകയില്ല. പാസ്ക്കൽ പ്രായപൂർത്തിയെത്തിയെങ്കിൽ! മൈക്കൽ മടയൻ. എന്റെ മോൾ ബേബി ആ ശംഭുവിന്റെ കൂടെ ഒളിച്ചോടി."

"നിങ്ങളൊന്നു മിണ്ടാതിരിക്ക്." വൃദ്ധ പറഞ്ഞു. പിന്നെ പുറത്തേക്കു ചൂണ്ടിക്കൊണ്ട് ജോഷിയോടുപറഞ്ഞു, "നിങ്ങളുടനെ പോകണം."

ജോഷി പറഞ്ഞു, "പോകാം."

"എപ്പോൾ?" വൃദ്ധ ചോദിച്ചു.

"ശംഭു എവിടെയാണെന്നു പറഞ്ഞാൽ ഉടനെ പോകാം. വേഗം പറയൂ. ശംഭുവും ബേബിയും ആരുടെയടുത്തു പോയി?" ഇതു പറയുമ്പോൾ ജോഷിയുടെ വിരലുകൾ കുപ്പിക്കഴുത്തിൽ മുറുകുന്നതായി അയാൾക്കനുഭവപ്പെട്ടു. അയാൾ ക്യാമറാമാനോടു പറഞ്ഞു-ഇത്

ക്ലോസപ്പിൽ ഇന്റർ-കട്ട്-ഷോട്ടാണ്, കുപ്പിയിൽ മുറുകിയ വിരലുകൾ.

വൃദ്ധയുടെ കണ്ണുകൾ ദുഃഖനിമഗ്നമായി. വൃദ്ധന്റെ കൈപ്പത്തി കിടക്കയിൽ തപ്പുന്നതു നിർത്തി. പക്ഷേ, അയാളുടെ മുഖത്ത് 'അന്വേഷിപ്പിൻ കണ്ടെത്തും' എന്ന ഉപദേശത്തിന്റെ സാഫല്യം തെളിഞ്ഞു കണ്ടു.

"ഇപ്പോൾ പറഞ്ഞു തരാം" വൃദ്ധൻ പറഞ്ഞു.

കൺകെട്ടുവിദഗ്ദ്ധന് എന്തായുധം കിട്ടി? അയാളുടെ കയ്യിൽ ഒരു ബെഡ് സ്വിച്ച്! അതുകൊണ്ടെന്തു ചെയ്യാൻ?

"പറയൂ." കെ.എൻ.സിങ്ങായ ജോഷി പറഞ്ഞു, "പറയാൻ പാതി രാത്രി വരെ കാക്കണ്ടാ."

മൗനം. ജോഷിജി അന്ധനെ നോക്കുന്നു, അന്ധൻ ജോഷിജിയെ നോക്കുന്നു(?), വൃദ്ധ ജോഷിയെയാണോ വാതില്ക്കലാണോ നോക്കുന്നത്. പിരിമുറുക്കം കൂട്ടുന്നതിനുവേണ്ടി ഷോട്ട് ഹോൾഡ് ചെയ്തിരിക്കുകയാണെന്ന് ജോഷിക്ക് മനസ്സിലായി. സൗണ്ട്ട്രാക്കിലും കടലിരമ്പമല്ലാതെയൊന്നുമില്ല.

പിന്നെ വൃദ്ധ ആരോടോ പറഞ്ഞു, "ശംഭുവിന്റെ കാര്യമാണു പറയുന്നത്." അതോടൊപ്പം തന്റെ പുറത്ത് എന്തോ കുത്തിക്കൊള്ളുന്നതായി ജോഷിജിക്കനുഭവപ്പെട്ടു. വൃദ്ധന്റെ ബെഡ്സ്വിച്ച് ദൂരെയുള്ള ഏതെങ്കിലും മണിയുമായി കണക്ട് ചെയ്തിട്ടുണ്ടോ? ഡയറക്ടർ ഈ വസ്തുത മുൻകൂട്ടി തീരുമാനിച്ചിരുന്നോ? എന്റെ പിന്നിൽ നിൽക്കുന്ന പിച്ചാത്തിക്കാരന്റെയോ തോക്കുധാരിയുടെയോ എൻട്രി കാണികൾ കാൺകെയായിരുന്നോ? സംഭവമെന്താണെന്നറിയാതെ അവർ ചിന്താക്കുഴപ്പത്തിൽപെട്ടോ? സ്വിച്ച്-ബെല്ലിന്റെയൊന്നും കാര്യം പറയേണ്ടയാവശ്യമില്ലെന്ന് ദാദാ പറഞ്ഞു. ഓഡിയൻസ് വിൽ അണ്ടർസ്റ്റാൻഡ്. വില്ലന്റെ എൻട്രിയും ഞങ്ങൾ എസ്റ്റാബ്ലിഷ് ചെയ്തതല്ല. വൃദ്ധ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ക്യാമറ അവരുടെ നേർക്കായിരുന്നു. ഇപ്പോൾ കട്ട് ചെയ്ത് നിങ്ങളുടെ നേർക്കാക്കി. നിങ്ങൾ മുഖത്തെ മസിൽ ടെൻസാക്കി 'സംഗതി ഡെയ്ഞ്ചറാ'ണെന്നറിയിക്കണം. നിങ്ങൾ ഒരുഞൊടിക്കുള്ളിൽ വെട്ടിത്തിരിയും; ഫൈറ്റാരംഭിക്കും.

ജോഷിജി തിരിഞ്ഞു, ഞൊടിയിടയിലല്ല-വളരെ പതുക്കെ. അദ്ദേഹത്തിന്റെ പിറകിൽ നിന്നവനും തിരിഞ്ഞു, ജോഷിയുടെ പുറത്തോടൊപ്പം കുത്തിക്കൊള്ളലും തിരിഞ്ഞു. ഇപ്പോൾ ജോഷിയുടെ മുഖം വാതിലിനു നേർക്കാണ്. അയാൾ മുന്നോട്ടു നടന്നു. പുറത്തിറങ്ങി.

വൃദ്ധൻ ചോദിച്ചു, "മൈക്കിൾ വന്നോ?"

വൃദ്ധ പറഞ്ഞു, "നിങ്ങൾ മിണ്ടാതിരിക്ക്."

പിന്നിൽ വാതിലടയുന്ന ശബ്ദം ജോഷി കേട്ടു. അയാൾ നടന്നു, ശാഠ്യക്കാരിയായ ബാലികയെപ്പോലെ. കുത്തിക്കൊള്ളലും അയാളുടെ

പിറകേ ചെന്നു അത് അയാളെ ഉന്തിക്കൊണ്ട് കുടിലിനല്പമകലെ പനന്തോപ്പിലെത്തിച്ചു.

"കുപ്പി താഴെ വയ്ക്ക്." കുത്തിക്കൊള്ളൽ പുരുഷസ്വരത്തിൽ ആജ്ഞാപിച്ചു." വേറേ ആയുധം വല്ലതുമുണ്ടെങ്കിൽ ഇങ്ങു തരൂ."

ജോഷിജി തലയാട്ടി.

ഒരു കൈപ്പത്തി ആയുധമൊളിച്ചുവച്ചിട്ടുണ്ടോ എന്നു പരിശോധിച്ചു.

ഒരു കൈ ജോഷിയെ ശക്തിയായി തള്ളിമറിച്ചിട്ടു. വീണപ്പോൾ അയാളുടെ മുഖം വീഴ്ത്തിയയാളിനു നേരേയായി. 'എന്നെയെന്തിനാ വെറുതേ തള്ളിയിട്ടതെ'ന്നഭാവം മനോഹർ മുഖത്തുവരുത്തിയതിൽ ജോഷിക്കു ദുഃഖം തോന്നി. ഒരുവൻ തന്റെ മുകളിൽ കുനിഞ്ഞുനിന്ന് സന്തോഷകരമായി പുഞ്ചിരിച്ചുകൊണ്ടിരിക്കുന്നതെന്തിനെന്നും സുകുമാരബാലനെപ്പോലെ കാണപ്പെടുന്നതെന്തുകൊണ്ടെന്നും ആലോചിച്ച് ജോഷിക്ക് ദുഃഖം കൂടി. ഫിലിമിൽ എക്സ്ട്രാകളെ സപ്ലൈ ചെയ്യുന്നവൻ ബഹളമുണ്ടാക്കിയാൽ, കാണികൾ അവനെ ഗുണ്ടയായംഗീകരിക്കുമോ?

ബാലനെപ്പോലെ തോന്നിച്ച യുവാവ് കുപ്പി ചൂണ്ടിക്കാണിച്ചു. എന്നിട്ട് ആംഗ്യഭാഷയിൽ ചോദിച്ചു 'കുടിക്കണോ?'

ജോഷി തലയാട്ടി, 'വേണ്ട'

അവൻ കയ്യും കണ്ണുമുപയോഗിച്ച് ആംഗ്യഭാഷയിൽ ചോദിച്ചു, 'ഇവിടെന്തിനു വന്നു?'

ഊമയും ബധിരയുമായ ഏതെങ്കിലും പെണ്ണിന്റെ കാമുകനാണോ ഇവൻ? അതോ സഹോദരനോ? ബേബി എന്നുപേരായവൾ (ഇവന്റെ സഹോദരി?) ഊമയും ബധിരയുമാണോ? എന്തായാലും ജോഷിജിക്ക് ഈ ആംഗ്യഭാഷ അങ്ങേയറ്റം അപമാനകരമായി തോന്നി.

ഇത്തവണ അവൻ ചോദ്യം വാഗ്രൂപത്തിലാക്കി, റിപ്ലൈ പെയ്ഡാണെന്നറിയിക്കാൻ വേണ്ടി ജോഷിക്ക് ഒരടികൊടുക്കുകയും ചെയ്തു.

"ശംഭുവിനെക്കുറിച്ചറിയണമായിരുന്നു." ജോഷി പറഞ്ഞു

അവൻ ചോദിച്ചു, "നീ പോലീസോ?"

"അല്ല" എന്നു ജോഷി പറഞ്ഞപ്പോൾ വീണ്ടും ചോദ്യം, "നീ ആരുടെയാളാ?"

"ആരുടെയുമല്ല." ജോഷി പറഞ്ഞു

"ഇങ്ങോട്ടു പറഞ്ഞയച്ചതാരാ?" റിപ്ലൈപെയ്ഡ് ചോദ്യം.

"ഒരു സ്ത്രീ."

"സ്ത്രീയുടെ പേര്?"

"അറിഞ്ഞൂടാ."

"സ്ത്രീയുടെ പേര്?" റിപ്ലൈ പെയ്ഡ്.

രക്ഷാമാർഗം തേടി ഞാൻ യാചനാ സ്വരത്തിൽ പറഞ്ഞു, "എനി

ക്കൊന്നുമറിഞ്ഞുകൂടാ. ഞാൻ ചർച്ച്ഗേറ്റ് സ്റ്റേഷനു പുറത്തു നില്ക്കുകയായിരുന്നു. അവിടെ വച്ച് അവളെ കണ്ടു. ഒരു ചെറിയ ഉപകാരം ചെയ്താൽ ഇരുപതുരൂപ തരാമെന്നവൾ പറഞ്ഞു. പത്തുരൂപ മുൻകൂറായിതന്നു. അതിൽ അഞ്ച്രൂപ കൊടുത്ത് ഈ കുപ്പി വാങ്ങി. ബാക്കി അഞ്ച് എന്റെ പക്കലുണ്ട് തുള്ളിത്തുള്ളി നടക്കുന്ന ആ കുള്ളൻ ഈ കുടിലിലുണ്ടോ എന്നന്വേഷിച്ചറിയാൻ ആ സ്ത്രീ ആവശ്യപ്പെട്ടു. എന്നെ വെറുതേ വിടൂ, സ്നേഹിതാ എനിക്ക് വയസ്സായ അമ്മയും ഇളയ സഹോദരനും സഹോദരിയുമുണ്ട്. ദാരിദ്ര്യം മൂലമുള്ള ആർത്തി കാരണം ഇവിടെ വന്നു പെട്ടതാണ്."

"സ്ത്രീ ഇപ്പോഴെവിടെ?" ഗുണ്ടാ ചോദിച്ചു.

"അവൾ പോയി." ഞാൻ പറഞ്ഞു.

"പോയോ?" ഗുണ്ടാ ചോദിച്ചു, "നിന്റെ ബാക്കിപത്ത് എപ്പോൾ തരാമെന്നു പറഞ്ഞു?"

ഞാൻ പറഞ്ഞു, "മറ്റന്നാൾ. ചർച്ച്ഗേറ്റ് സ്റ്റേഷനടുത്ത്."

"നിനക്ക് മറ്റന്നാൾ വരെ ഇവിടെ ഞങ്ങളുടെ കൂടെ താമസിക്കാമോ?" റിപ്ലൈ പെയ്ഡ് ചോദ്യം.

ഞാൻ വീണ്ടും യാചന തുടങ്ങി. എന്റെ അമ്മയ്ക്ക് വയസ്സായെന്നു മാത്രമല്ല, കാലനക്കാൻ വയ്യാതെയുമായി.

എന്റെ അനിയത്തിക്ക് സന്നിപാതജ്വരം! ഞാൻ തൊഴിലില്ലാതെ തെണ്ടിത്തിരിഞ്ഞു നടക്കുന്ന ഒരു ചെറുപ്പക്കാരനായി. ആരോ (ഒരു പക്ഷേ ആ സ്ത്രീ) എന്റെ പോക്കറ്റടിച്ചു. അങ്ങനെയുള്ള നിസ്സഹായാവസ്ഥയിലാണ് തുള്ളിത്തുള്ളി നടക്കുന്ന ശംഭുവിനെക്കുറിച്ചന്വേഷിക്കാൻ പറഞ്ഞത്.

ഗുണ്ടാ പേനാക്കത്തി നിവർത്തി നഖത്തിലെ അഴുക്ക് ചുരണ്ടിക്കളഞ്ഞു. ചാരായം കുടിച്ചു. എന്തോ ആലോചിച്ചു. എന്നിട്ട് അപമാനകരമായ ആംഗ്യഭാഷയിൽ ആജ്ഞാപിച്ചു, "പോടാ!" ഈ ഗുണ്ട, ഹിംസയുടെ ദൃശ്യ സന്ദർഭങ്ങളിൽ ഹാസ്യം കലർത്തുന്നതെന്തിനെന്ന് ജോഷിജി ശങ്കിച്ചു. എനിക്കാകെ വല്ലായ്മ, കാണികൾക്കു ചിരി. ദാദാ പറഞ്ഞു, "ഹാസ്യം എത്ര ട്രാജിക്കാണെന്നും ട്രാജഡി എത്ര ഹാസ്യാസ്പദമാണെന്നും ഇങ്ങനെയാണെങ്കിലേ കാണികൾക്ക് മനസ്സിലാവുകയുള്ളു."

ഞാൻ ശവകുടീരത്തിലെ കുരിശിനടുത്തു ചെന്നപ്പോഴേക്കും ആ ഗുണ്ടാപ്പഹയൻ വിളിച്ചു, "ഹോയ്!"

ഓടിപ്പോകാൻ ഞാനുപദേശിച്ചു. പക്ഷേ, ജോഷിജി തിരിഞ്ഞു നിന്നു, കുരിശിന്റെ നേരേ മുമ്പിൽ ഉറച്ചു നിന്നു. പേനാക്കത്തി പിടിച്ചവൻ തികഞ്ഞ ആത്മവിശ്വാസത്തോടെ അയാളുടെയടുത്തു ചെന്നു പറഞ്ഞു, "നീ ആ സ്ത്രീയോടു ചെന്നു പറയണം- ശംഭു അവളുടെ അകത്തെ കീശയിൽ കിടപ്പുണ്ടെന്ന്. എന്തുപറയണം?"

ജോഷിജി ആവർത്തിച്ചു, "ശംഭു അവളുടെ അകത്തെ കീശയിൽ കിടപ്പുണ്ട്."

"ഹാവൂ!" ഗുണ്ട പറഞ്ഞു, "ഇക്കാര്യം എപ്പോൾ ചെന്നു പറയും?"

ബുദ്ധിശാലിയായ വിദ്യാർഥി ജോഷി ഉവാച, "ഇപ്പോൾത്തന്നെ."

ഗുണ്ട 'ഇപ്പോൾത്തന്നെ' എന്നു മന്ത്രിച്ചു കൊണ്ട് ജോഷിയുടെ വലതുകവിളിലും 'ആ സ്ത്രീ എവിടെ' എന്നു മന്ത്രിച്ചുകൊണ്ട് ഇടതു കവിളിലും ഓരോ അടികൊടുത്തു. മാറി മാറി കവിളിനു വണ്ണം കൂട്ടാൻ വിധിക്കപ്പെട്ട് ഏതാണ്ട് കുരിശിൽ തൂങ്ങിയ ജോഷിജിക്ക് ഈ ഷോട്ട് മികച്ചതാണെന്നു തോന്നി. സാഹസികന്റെ റോൾ സ്വീകരിച്ചാൽ തിരക്കഥപ്രകാരം എന്നെ അടിച്ചു പഞ്ചറാക്കുമെന്നും പിന്നീട് വെള്ളം കുടിപ്പിച്ച് വീണ്ടും ഉഷാറാക്കിയശേഷം മർദനമുറയാവർത്തിക്കുമെന്നും എനിക്കറിയാമായിരുന്നു. നിഷ്ഠുരമായ ലോകം! 'എന്നെക്കൊണ്ട് എന്താണു പറയിക്കുന്നതെന്ന് ഇവർക്കറിഞ്ഞുകൂടാ, ഇവരോടു പൊറുക്കേണമേ' എന്നുവിചാരിച്ചുകൊണ്ട് ഞാൻ പറഞ്ഞു, "ഈ റോഡിലെ ഇറാൻ റസ്റ്റോറന്റിനു മുന്നിൽ ആ സ്ത്രീ ടാക്സിയിൽ എന്നെ കാത്തിരിക്കുന്നു."

ഗുണ്ട എന്നെ കൂട്ടിക്കൊണ്ടു ടാക്സി അന്വേഷിച്ചിറങ്ങി.

ടാക്സിയോടടുക്കുന്തോറും മനോഹറിന്റെ അവഹേളനം കേട്ട്, നാടകത്തിന്റെ പേര് 'ഞാൻ സാഹസികൻ' എന്നു മാറ്റിയാലോ എന്ന് ജോഷിജി ചിന്തിച്ചു. പക്ഷേ, എങ്ങനെ? അദ്ദേഹത്തിന്റെ യൗവനവും പൗരുഷവും രക്ഷിക്കുന്നതിനുവേണ്ടി ഞാൻ ഗുണ്ടയുടെ തോളിൽ ശക്തിയായി പിടിച്ചുകൊണ്ട് ഭയാക്രാന്തനായി വിളിച്ചു പറഞ്ഞു, "മൈക്കിൾ! ആ സ്ത്രീയുടെ കയ്യിൽ തോക്കുണ്ട്. നമ്മളെ വെടിവച്ചു കൊല്ലും."

ഗുണ്ട പെട്ടെന്നു നിന്നു. ആ നിമിഷം ടാക്സി സ്റ്റാർട്ടായി. ഗുണ്ട ടാക്സിയുടെ നേർക്കു കുതിച്ചു. ഞാൻ പറഞ്ഞു, 'ഓടിക്കോ!' എന്നാൽ ജോഷിജി! ടാക്സി കുതിച്ചു. ഗുണ്ട തിരിഞ്ഞു നിന്ന് ജോഷിജിയുടെ കൈത്തലം സൗഹൃദഭാവത്തിൽ അമർത്തിക്കൊണ്ടു ചോദിച്ചു, "എങ്ങനെ കൊല്ലും?"

ജോഷിജി പറഞ്ഞു, "ആ സ്ത്രീയുടെ കയ്യിൽ തോക്കുണ്ടായിരുന്നു. അതുകൊണ്ട്."

ഗുണ്ട ഷേക്ഹാൻഡ് ചെയ്ത് കൈത്തണ്ട വളയ്ക്കാൻ തുടങ്ങി, "സ്ത്രീയുടെ കയ്യിൽ തോക്കുണ്ടായിരുന്നെന്ന് എങ്ങനെയറിഞ്ഞു?"

ജോഷിജി പറഞ്ഞു, "അവൾ എന്നെയും തോക്കുചൂണ്ടി ഭീഷണിപ്പെടുത്തിയിരുന്നു."

ഗുണ്ട കൈ തോളിൽ നിന്നടർത്തിമാറ്റാനൊരുങ്ങി, "സ്ത്രീയുടെ

കയ്യിൽ തോക്കുണ്ടെന്നു നേരത്തേ പറയാഞ്ഞതെന്ത്?"

ജോഷിജി വേദനകൊണ്ടു പുളഞ്ഞു. കരയുന്നപോലെ പറഞ്ഞു, "ഞാൻ മറന്നുപോയി. നിങ്ങൾ ചോദിച്ചുമില്ല. ഓർമവന്നയുടൻ പറഞ്ഞു. ഞാനവളുമായി ഒത്തുകൊണ്ടാണെങ്കിൽ ഇപ്പോഴും പറയണ്ടായിരുന്നല്ലോ. നിങ്ങളവിടെ ചെല്ലും, അവൾ വെടിവച്ചുകൊല്ലും. ടാക്സി ഓടിക്കുന്നതും അവളുടെയാളാണ്. അവന്റെ കയ്യിലും തോക്കുണ്ട്."

കൈപിടിച്ചു തിരിച്ചുകൊണ്ടിരുന്ന കൈ അയഞ്ഞു. വീണ്ടും ഷേക്ഹാൻഡിലേക്കു മടങ്ങി വന്നു. ചോദിച്ചു, "നിനക്കെങ്ങനെയറിയാം?"

കഥാപ്രസംഗകനായി ജോഷി ഉവാച, "പോക്കറ്റടിച്ചുപോയാൽ പൈസ ആരോടു വാങ്ങും? ഏതെങ്കിലും പരിചയക്കാരനുണ്ടോ എന്നന്വേഷിച്ച് ഞാൻ സ്റ്റേഷനുപുറത്തിറങ്ങി. അപ്പോൾ ഈ ടാക്സി എന്റെയടുത്തുവന്നുനിന്നു. ഡ്രൈവർ ചോദിച്ചു, 'എങ്ങോട്ടു പോകണം?' ഞാൻ പറഞ്ഞു, 'അന്ധേരി, പക്ഷേ, എന്റെ കയ്യിൽ പൈസയില്ല.' അയാൾ പറഞ്ഞു, 'ഇരിക്ക്, ഞാൻ മഹാലക്ഷ്മിവരെ കൊണ്ടുവിടാം.' ഞാൻ ഡ്രൈവറുടെയടുത്തിരുന്നു. അപ്പോൾ പിന്നിൽ പതുങ്ങിക്കിടന്ന ഈ സ്ത്രീ തലപൊക്കി, എന്നിട്ടു തോക്കു ചൂണ്ടി ഇതെല്ലാം പറഞ്ഞു."

"ഡ്രൈവറുടെ കയ്യിൽ തോക്കുണ്ടെന്ന് എങ്ങനെ മനസ്സിലായി? ആലോചിച്ചു പറയൂ." ഗുണ്ട ചോദിച്ചു. പിന്നീടും ജോഷിജിയുടെ ഓരോ വിവരണവുമവസാനിക്കുമ്പോൾ അയാൾ ഇതേ ചോദ്യമാവർത്തിച്ചുകൊണ്ടിരുന്നു. കഥാകൃത്തായ ജോഷിജി പഴങ്കഥകൾ മെനഞ്ഞെടുത്തുകൊണ്ടിരുന്നു. ഗുണ്ട ചിലപ്പോൾ പോലീസ് മുറയിൽ ചോദ്യം ചെയ്യുന്നു, ചിലപ്പോൾ കിറുക്കൻ സുൽത്താനാണെന്നു തോന്നും, ഞാൻ ആയിരത്തൊന്നു രാത്രികളിലെ കഥ കേൾപ്പിക്കാൻ കഴിവുള്ള കഥാകൃത്തും.

ശ്രോതാക്കളുടെ സംഖ്യ രണ്ടു വർധിച്ചു. ഒന്ന് ആ വൃദ്ധയും മറ്റേത് ഒരു മധ്യവയസ്കനും. കഥയുടെ അഞ്ചാംപതിപ്പവസാനിച്ചപ്പോൾ ഗുണ്ട ചോദിച്ചു, "ഡ്രൈവർ ആ സ്ത്രീയുമായി സംസാരിച്ചപ്പോളെന്തു പേര് വിളിച്ചു? സ്ത്രീ അയാളെ എന്ത് പേര് വിളിച്ചു? അവർ രണ്ടും വലിയ ചങ്ങാതികളാണോ?"

എന്തെങ്കിലും മറുപടി പറയുന്നതിനുമുമ്പ് വൃദ്ധ ജോഷിയോട് "നിർത്തെടാ തന്റെ പുലമ്പൽ" എന്നു പറഞ്ഞിട്ട് ഗുണ്ടയോടു പറഞ്ഞു, "ഇവനെ വിട്. നീ ആന്റണിയുടെ കൂടെ പുരോഹിതന്റടുത്തുപോ. ഇവൻ വന്ന കാര്യവും പറയൂ."

ഗുണ്ട ജോഷിയോടു പറഞ്ഞു, "ഓ...ട്."

ജോഷി ഓടി.

നൈമിഷാരണ്യത്തിലെയല്ല സാർ

"ബയോഗ്രഫി പോയന്റ് ഓഫ് വ്യൂവിൽ നോക്കിയാൽ ആകപ്പാടെ തരക്കേടില്ല." ആർ.സി.ചർച്ചിൽ നിന്ന് ബസിൽ കയറി രണ്ടാംനമ്പർ സങ്കേത സ്ഥലത്തേക്കു പോകുമ്പോൾ ജോഷിജി ഈ തീരുമാനം എന്നെ അറിയിച്ചു. ഇപ്പോൾ ജോഷിജി തന്റെ ഡസ്റ്റ്ജാക്കറ്റിൽ 'ബോംബെയിൽ കുറ്റവാളികളുടെ ലോകത്തെക്കുറിച്ച് ആഴത്തിൽ പഠിച്ചു' എന്നെഴുതി വയ്പ്പിക്കാനുള്ള യോഗ്യത നേടി. തന്റെ ബയോഡേറ്റ രസകരവും ഉദ്വേഗജനകവുമായിരിക്കണമെന്ന് ജോഷിജിക്കാഗ്രഹമുണ്ടായിരുന്നു.

യാചിക്കുന്ന സന്ദർഭങ്ങളിൽ കത്രിക പ്രയോഗിക്കുകയോ അല്ലെങ്കിൽ കൗശലമാണെന്നു വരുത്തിത്തീർത്ത് തന്റെ സാഹസികത തെളിയിക്കുകയോ ചെയ്യാമെന്നാലോചിച്ചപ്പോൾ ജോഷിജിക്ക് സന്തോഷം തോന്നി. അതിസമർത്ഥമായി മുന്തിയവൾക്കു രക്ഷപെട്ടോടാനവസരം സൃഷ്ടിച്ചതിന് തീർച്ചയായും പ്രശംസ ലഭിക്കും.

പ്രശംസ ലഭിക്കുകതന്നെ ചെയ്തു- സാഹസികനും കൗശലക്കാരനുമായതിന് മുന്തിയവളിൽ നിന്ന്, കൃതജ്ഞതയുള്ളവനായതിന് ഈശ്വരനിൽ നിന്ന്. ഈശ്വരൻ ജോഷിയോടുള്ള സന്തോഷം പ്രകടിപ്പിക്കാൻ മുന്തിയവളെക്കൊണ്ട് ഒരഭിപ്രായം അവതരിപ്പിച്ചു, "യെല്ലോ ഹൗസിൽ പോകാം. അവന്റെ പേര് ശംഭുവെന്നാണോ, അവന്റെ കൂടെ ബേബി എന്നുപേരായ ഒരുത്തിയുണ്ടോ എന്നൊക്കെ കൃഷ്ണനോടു ചോദിച്ചു മനസ്സിലാക്കാം."

ടാക്സിയിൽ യെല്ലോ ഹൗസിലേക്കു പോകുമ്പോൾ കഥാകൃത്തായ ജോഷി ഗുണ്ടയോട് താൻ ഫൈറ്റ് ചെയ്ത കാര്യം അത്യുത്സാഹത്തോടെ വിവരിക്കാൻ തുടങ്ങി. ആധുനികനായ ജോഷി പരമ്പരാഗത അലങ്കാരങ്ങൾ - വിശിഷ്യാ അതിശയോക്തി പ്രയോഗിക്കുന്നതു കണ്ട് മനം കുളിർത്തു. 'സ്ത്രീയുടെ കയ്യിൽ തോക്കുണ്ട്' എന്ന വാക്യം പലവുരു ആവർത്തിച്ച് വിവരണം ക്ലൈമാക്സിലെത്തിയപ്പോൾ ടാക്സിക്കാരൻ സഡൻ ബ്രേക്കിട്ട് വണ്ടി നിർത്തി.

"എന്താ കാര്യം?" ജോഷിജി ചോദിച്ചു.

"ഇനി മുമ്പോട്ടില്ല." ഡ്രൈവർ തീർത്തുപറഞ്ഞു.

"വണ്ടിക്ക് തകരാറു പറ്റിയോ?" ജോഷി അറിയാനാഗ്രഹിച്ചു.

"വണ്ടിക്ക് തകരാറൊന്നുമില്ല.' ഡ്രൈവർ പറഞ്ഞു, "എനിക്കു നല്ല സുഖമില്ല. സേട്ട് ഇവിടെ ഇറങ്ങിവേറെ ടാക്സി പിടിച്ചു പോകൂ. ഇവിടം വരെ വന്നതിന് കൂലിയൊന്നും തരണ്ടാ."

സേട്ടും ശ്രീമതിയും ടാക്സിയിൽ നിന്നിറങ്ങി. മുന്തിയവൾ കളിയാക്കിച്ചിരിച്ചു. അവൾ പറഞ്ഞു, "മുമ്പ് നിങ്ങൾ പലതുമായിരുന്നു. ഇപ്പോൾ അപരാധികളുടെ ദേവനായിത്തീർന്നു."

അവൾ അടുത്തുള്ള ഒരു കെട്ടിടത്തിൽ കയറി ഫോൺ ചെയ്ത് ഒരു ടാക്സി വരുത്തി. ഇത്തവണ ജോഷിജി ടാക്സിയിൽ മൗനം പാലിച്ചു.

യെല്ലോ ഹൗസിനടുത്തെത്തിയപ്പോൾ അവൾ ടാക്സി നിർത്തിച്ചു. എന്നിട്ട് പദയാത്രയായി ജോഷിയെ ഒരു കുടുസ്സുവഴിയിലൂടെ നയിച്ചു. അയാളോടു പറഞ്ഞു, "വലതുവശത്ത് മൂന്നാമത്തെ കെട്ടിടത്തിൽ കൃഷ്ണൻ താമസിക്കുന്നു. ബേബിയും ശംഭുവും എവിടെയാണെന്നു ഞാൻ ചോദിച്ചതായി പറയണം. ചോദിച്ചിട്ട് മെയ്ൻ റോഡിൽ വരണം. അവിടെയൊരു ചായക്കടയുണ്ട്. അതിന്റെ മുമ്പിൽ ഞാൻ നിൽക്കും."

ജോഷിജി വലതുവശത്തെ മൂന്നാമത്തെ വാതിലിൽ മുട്ടി. വാതിൽ തുറന്നപ്പോൾ കണ്ടയാൾ തെക്കേ ഇന്ത്യാക്കാരനാണെന്നു തോന്നിയില്ല. എന്നാൽ മിസ്-കാസ്റ്റിങ്ങെന്ന മഹാമാരി ഓർമിച്ചുകൊണ്ട് ജോഷിജി ചോദിച്ചു, "കൃഷ്ണൻ?"

അയാൾ പറഞ്ഞു, "കൃഷ്ണൻ നിന്റെ തന്ത. ഞാൻ കാസിം, നിന്റച്ചന്റമ്മയാണെ സത്യം. ചീത്തതൊഴിലിലേർപ്പെട്ടവർ ഇവിടെ താമസം തുടങ്ങിയതിൽ പിന്നെ മാന്യന്മാർക്കു കിടന്നുറങ്ങാൻ വയ്യാതായി."

തുടർന്ന് പല വാതിലുകളും മുട്ടി, തുറന്നു. പോക്കറ്റടിക്കാരെന്നു തോന്നിപ്പിക്കുന്ന എല്ലാമാന്യന്മാരും ജോഷിജിയെ ഘെരാവോ ചെയ്തു. ജോഷിജി 'കാഫ്കാ-കാഫ്കാ' എന്നുവിളിച്ചുകൊണ്ടിരുന്നു. ഞാനയാളോടു പറഞ്ഞു, 'കാഫ്കാശൈലിയിൽ കഥയെഴുതണമായിരുന്നെങ്കിൽ അവിടെ കടപ്പുറത്ത് ഒരു സാധാരണ ആരാധകനുമായി നടത്തിയ ലഘുവായ കൂടിക്കാഴ്ച അപര്യാപ്തമായിരുന്നോ? ഭയം കാരണം ആളുകൾ എന്തു പ്രവർത്തിക്കുന്നോ, അതു ചെയ്യുമ്പോൾ നിങ്ങൾ പേടിച്ചുമരിക്കുന്ന സിറ്റ്വേഷൻ എന്തായിരുന്നു?'

മാന്യന്മാരിലൊരുവൻ തന്റെ ലുങ്കി മടക്കിക്കുത്തിക്കൊണ്ട് എന്റെയടുത്തേക്കു വന്നു. ഞാനയാളോടു ചോദിച്ചു, "കൃഷ്ണൻ?"

"മൈസെൽഫ് കുട്ടി!" അയാൾ കൈനീട്ടിക്കൊണ്ടു ചോദിച്ചു, "യോർ ഗുഡ്സെൽഫ് പ്ലീസ്?"

"ജോഷി!"ഞാനദ്ദേഹത്തിന്റെ കൈപിടിച്ചു കുലുക്കിക്കൊണ്ടു ചോദിച്ചു, "കൃഷ്ണനെവിടെയാ താമസം?"

"ഈ തെരുവിൽ തന്നെ." അയാൾ പറഞ്ഞു, "ഞാൻ കാണിച്ചു തരാം. പിന്നീട് താങ്കളെന്തെങ്കിലും ടിപ്പ് തരുമായിരിക്കും."

തെരുവിന്റെ മറ്റേയറ്റത്ത് വലതുവശത്ത് മൂന്നാമത്തെ വീടായിരുന്നു, കൃഷ്ണന്റേത്. കുട്ടി അയാളോട് മലയാളത്തിൽ എന്തോ സംസാരിച്ചു. കൃഷ്ണൻ കലശലായി പരിഭ്രമിക്കുന്നതു കണ്ടു. ജോഷിജി പറഞ്ഞു, "വണ്ണമുള്ള സ്ത്രീ ബേബിയും ശംഭുവും എവിടെയെന്നന്വേഷിക്കുന്നു." അയാൾ പരിഭ്രമിച്ച് വാതിലടച്ചു.

ബില്ല് കൊണ്ടുവന്ന ബെയറർ കസ്റ്റമറുടെ മുമ്പിൽ ഓഛാനിക്കുന്നതുപോലെ കുട്ടി എന്റെ മുമ്പിൽ ഓഛാനിച്ചുനിന്നു. ഞാൻ അവന് ഒരു രൂപ കൊടുത്തു, നന്ദി പറഞ്ഞു.

അവൻ രൂപാ വാങ്ങിക്കൊണ്ടു പറഞ്ഞു, "വാട്ട് ടു മെൻഷൻ സർ! സോഷ്യൽ സർവീസ് ഈസ് മൈ ഹോബി ഒൺലി."

തുടർന്ന് അവൻ ഭക്തിപുരസ്സരം ചോദിച്ചു, "വണ്ണമുള്ള സ്ത്രീയുടെ സർവീസാണോ മിസ്റ്റർ?"

ഞാൻ നിഷേധിച്ചപ്പോൾ അവൻ പുഞ്ചിരിച്ചു, " നിങ്ങളും എന്നെപ്പോലെ തന്നെ, സോഷ്യൽ വർക്കർ!"

പെട്ടെന്ന് വിനീതനായ ആ സാമൂഹ്യസേവകൻ ഇടിയും തൊഴിയുമായി എന്നെ സേവിക്കാൻ തുടങ്ങി. അയാൾ സങ്കീർണമായ ഒരു കഥ പറഞ്ഞുകേൾപ്പിക്കാനാരംഭിച്ചു. ജോഷിജിക്ക് അതിലൊരു താല്പര്യവുമില്ലായിരുന്നു. കുറ്റാന്വേഷണനോവലുകളിൽ തല്പരനായതു മൂലം സാധാരണപരിത:സ്ഥിതികളിൽ എനിക്ക് ഈ കഥയിൽ രസം തോന്നേണ്ടതായിരുന്നു. അതിലെ കഥാവസ്തു കൂടുതൽ സ്പഷ്ടവും ആസ്വാദ്യവുമാക്കിത്തീർക്കുന്നതിന് യുക്തിസഹമായ അനവധി ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യാമായിരുന്നു.

അപ്പോഴത്തെ പരിതഃസ്ഥിതി അതിനു തീരെ ഉപയുക്തമല്ലായിരുന്നു. കുട്ടി എല്ലാ പ്രവൃത്തികൾക്കും അനുഷ്ഠാനത്തിന്റെ ഗൗരവം പ്രദാനം ചെയ്തുകൊണ്ട് എന്നെ ഇടിക്കുകയും എന്റെ മസ്തിഷ്കപ്രക്ഷാളനം നടത്തുകയും ചെയ്തു. നിങ്ങളുടെ സന്ദേശം ആ ശ്രീമതിയുടെ അടുത്തെത്തിക്കാമെന്ന് ഞാനുറപ്പു നല്കി. അവസാനമായി ഒരു തള്ളുകൂടി തന്നിട്ട് കുട്ടി എന്നെ മണ്ണിലിട്ടുരുട്ടി. എന്നിട്ട് മുണ്ടുമടക്കിക്കുത്തി നടന്നുപോയി.

ആ ശ്രീമതിയാകട്ടെ, കൃഷ്ണൻ - കുട്ടി സംഭവത്തിന്റെ വിവരണത്തിൽ അല്പം പോലും താല്പര്യം പ്രകടിപ്പിച്ചില്ല. എന്നെ തല്ലിയ കാര്യം അവൾക്കൊരു തമാശയായി. അടഞ്ഞുകിടന്ന ഒരു റസ്റ്റോറന്റിന്റെ പിന്നിലേക്ക് അവളെന്നെ കൂട്ടിക്കൊണ്ടുപോയി. പരമ ദരിദ്ര

നെന്നു തോന്നിക്കുന്ന ഒരു ചെക്കൻ വാതിൽ അല്പം തുറന്നിട്ടു പറഞ്ഞു, "പീർജിഭായ് തടസ്സം പറഞ്ഞിരിക്കുകയാണ്. ബായിയെ അകത്തുകയറ്റരുതെന്നുപറഞ്ഞു."

"കാദർഭായിയെ വിളിക്കൂ." അവൾ പറഞ്ഞു.

"കാദർഭായി ഇവിടെയില്ല. നിങ്ങൾ ഉടനെ ഇവിടുന്നുപോകണം"

അവൾ ആ പയ്യനെ ഒരു വശത്തേക്കു തള്ളിമാറ്റി, എന്നിട്ട് ഈ തടിയനെ പിടിച്ചു വലിച്ച് അകത്തേക്കു കൊണ്ടുപോയി. ചായക്കടയെക്കാൾ അല്പം കൂടി നിലവാരമുള്ള ആ റസ്റ്റോറന്റിലെ അടുക്കളയിലെത്തി. ചില ചെക്കന്മാർ മിച്ചമുണ്ടായിരുന്നത് വാരിത്തിന്നുന്നുണ്ടായിരുന്നു. ചിലർ അടുക്കളയും റസ്റ്റോറന്റും കഴുകുകയായിരുന്നു. കസേരകൾ മേശപ്പുറത്ത് തലകീഴായി വച്ചിരിക്കുകയായിരുന്നു. ഒരു മധ്യവയസ്കൻ കൗണ്ടറിൽ ചില്ലറ എണ്ണിത്തിട്ടപ്പെടുത്തുകയായിരുന്നു. അയാൾ ഞങ്ങളെ കണ്ടപ്പോൾ തലയ്ക്കടിച്ചുകൊണ്ട് പറഞ്ഞു, "ബായീ, നിങ്ങളിവിടെ വരരുതെന്നാ പറഞ്ഞിരിക്കുന്നത്. എന്റെ കാദറിനെ കുഴപ്പത്തിൽ ചാടിക്കരുത്."

അപ്പോഴേക്കും ഞങ്ങൾ റസ്റ്റോറന്റിനും കിച്ചനും മധ്യേയുള്ള ഇടനാഴിയിലെത്തിയിരുന്നു, ഇരുഭാഗത്തും 'ഫാമിലി ക്യാബിനു'കൾ. അവയിലൊന്നിന്റെ ഹാഫ്ഡോർ തുറന്നു കൊണ്ട് മുന്തിയവൾ പറഞ്ഞു, "അല്പം മദ്യവും ഇറച്ചിയും കൊടുത്തയയ്ക്കൂ, പീർജീസേഠ്. ഞാനതുകഴിച്ചിട്ട് ഉടനെ പോകാം. കാദറിനെ നിന്റെ കീശയിലിട്ടു സൂക്ഷിച്ചുവച്ചോ. ഞാനൊരു പുതിയ കിളിയെ പിടിച്ചിട്ടുണ്ട്."

പുതിയ കിളി ജോഷിജി ആ ഫാമിലിക്യാബിനിൽ അടിമുടി ചുവന്നു കുത്തിയിരുന്നു. ഒരു പ്ലേറ്റ് പഴയ മീൻ കറി, ഒരു പ്ലേറ്റ് തണുത്ത ഇറച്ചി, റൊട്ടിമുറിച്ചത്, നേരത്തേ മുറിച്ച് ചട്ണിയിൽ വീണു കിടന്ന ഉള്ളിക്കഷണങ്ങൾ, ഒരു കുപ്പി മദ്യം, രണ്ട് കാലിഗ്ലാസ്സ്.

"ഇത്തരം ചുവന്ന സാരിയും ബ്ലൗസും എത്രയുണ്ട്?" മദ്യം പകർന്നുകൊണ്ട് ഞാൻ ചോദിച്ചു.

"നിങ്ങൾ രക്തദന്തികയുടെ ഭക്തനാണെന്നറിഞ്ഞപ്പോൾ മുതൽ ഞാൻ ചുവന്ന സാരിയും ബ്ലൗസും മാത്രമേ ധരിക്കാറുള്ളൂ." അവൾ പറഞ്ഞു.

ഞാൻ ജാം പുരട്ടിക്കൊണ്ടു പറഞ്ഞു, "നിങ്ങളുടെ പഞ്ചമകാരക്കുരുക്കിനു വേണ്ടി."

അവൾ ഗ്ലാസ്സെടുത്ത് എന്റെ ഗ്ലാസ്സിൽ മുട്ടിച്ചു. പിന്നെ റൊട്ടി ചാറിൽ മുക്കിക്കൊണ്ടു പറഞ്ഞു, "റൊട്ടികൊണ്ടു വലിയ പ്രയോജനമില്ല. എങ്കിലും നിഷ്ഠയുണ്ടെങ്കിൽ എന്താണുസാധിക്കാത്തത്?"

"സത്യവചനം!" ഞാൻ അവളെ അനുകരിച്ചു.

"നിങ്ങളൊരു സിദ്ധനാണ്. ഞാൻ വെറുതേ നിങ്ങൾക്കു വേണ്ടി

ഈ പഴയ പഞ്ചമകാരം യോജിപ്പിച്ചു."

ഞാൻ പറഞ്ഞു, "ഈ പാവപ്പെട്ടവനെ സിദ്ധനെന്നംഗീകരിച്ചതിന് ഏതു വാക്കുകളിൽ നന്ദി പറയണം?"

"ഞാൻ തമാശ പറയുകയല്ല." അവൾ പഴ്സ് തുറന്നു കൊണ്ടു പറഞ്ഞു, "എന്റെ കയ്യിൽ തോക്കുണ്ടെന്ന് നിങ്ങൾ ആ ഗുണ്ടയോടു പറഞ്ഞില്ലേ? ഇതാ നോക്കൂ."

രത്നം പതിപ്പിച്ച ഒരു ചെറിയ കൈത്തോക്ക് ജോഷിയുടെ കയ്യിൽ. ജോഷി പരിചയസമ്പന്നനെപ്പോലെ അതു പരിശോധിച്ചു. വാസ്തവത്തിൽ അയാൾക്ക് അതിനെക്കുറിച്ച് ഒരറിവുമില്ലായിരുന്നു. തോക്കിന്റെ കാഞ്ചിയിൽ വിരൽവച്ച് ഉന്നം നോക്കുന്ന പോസ് കാട്ടിക്കൊണ്ടു പറഞ്ഞു. "നല്ല രസമുള്ള കളിപ്പാട്ടം. ആന്റിക് ആയിരിക്കും. വില്ക്കാനുദ്ദേശ്യമുണ്ടോ?"

ജോഷിജി തോക്കിന്റെ കാഞ്ചി വലിക്കുന്നതിനുമുമ്പ് മുന്തിയവൾ അത് തട്ടിപ്പറിച്ചു. കുനിഞ്ഞ് അയാളുടെ പാദപാംസുക്കൾ തൊട്ടു തലയിലണിഞ്ഞു, "സത്യവചനം ആന്റിക് തന്നെ. ഞാനിതു വില്ക്കാനാഗ്രഹിക്കുന്നു-നിങ്ങൾക്ക്."

അവൾ ഉള്ളി വച്ചിരുന്ന പ്ലെയ്റ്റ് ഉന്നം പിടിച്ചു കാഞ്ചി വലിച്ചു കോർക്ക് തെറിക്കുന്നപോലെയുള്ള ശബ്ദം പ്ലേറ്റ് പൊട്ടിപ്പോയി.

മുന്തിയവൾ പറഞ്ഞു, "പ്രയോജനമുള്ള കളിപ്പാട്ടമാണ്. വാങ്ങുന്നോ?"

ജോഷിജി സ്തബ്ധനായി. ഞാൻ റെയ്മണ്ട് ഷാൻഡ്ലറുടെ ഡിറ്റക്ടീവ് സാഹിത്യം ഓർമിച്ചു. ഗോൾഡൻ കേയ്സിൽ നിന്ന് ഒരു സിഗററ്റെടുത്തു. വായുടെ ഒരു മൂലയ്ക്കു തിരുകിവച്ച് ചോദിച്ചു, "വില?"

മേശയ്ക്കപ്പുറം കുനിഞ്ഞ് അവൾ ലൈറ്ററെടുത്ത് എന്റെ സിഗററ്റ് കൊളുത്തിത്തന്നു. എന്നിട്ടു പറഞ്ഞു, "നിന്റെ ആത്മാവ്." എന്റെ ഉള്ള് പിടഞ്ഞു.

ഞാൻ സിഗററ്റ് ആഞ്ഞു വലിച്ചു. ധാരാളം പുക ക്യാമറയിലേക്കൂതി വിട്ടു. എന്നിട്ടു പറഞ്ഞു, "അക്കൗണ്ട് ശരിയല്ല."

മുന്തിയവൾ മദ്യഗ്ലാസ്സ് കറക്കിക്കൊണ്ടു ചോദിച്ചു, "എന്തു കൊണ്ട്?"

"നീ എന്നെ പുതിയ കിളിയെന്ന നിലയ്ക്കാണു കൊണ്ടുവന്നിരിക്കുന്നത്. കിളിക്ക് ആത്മാവില്ല."

"കിളി തന്നെ ആത്മാവ്." മുന്തിയവൾ പറഞ്ഞു, "മാലാഖമാരുടെ കഥ വായിച്ചിട്ടില്ലേ? ഒരു മരക്കൊമ്പിലിരുന്ന രണ്ടുകിളികളുടെ പാട്ട് കേട്ടിട്ടില്ലേ?"

"മാലാഖമാരുടെ കഥകൾ ഞാൻ മറന്നുപോയി." ജോഷിജി പറഞ്ഞു, "സിനിമാപ്പാട്ടുകൾ കാതുകൊണ്ടു കേട്ടാലും മനസ്സുകൊണ്ടു

കേൾക്കാൻ പറ്റിയതാണെന്നു ഞാൻ കരുതുന്നില്ല."

"നിങ്ങളുടെ പൂർവികനായ അംഗിരസ് ശൗനകനെ കേൾപ്പിച്ച പാട്ടുപോലും ഒരിക്കലും മനസ്സ് കൊണ്ടു കേട്ടിട്ടില്ലേ?, ദ്വാ സുപർണാ സയുജാസഖായാ, സമാനവൃക്ഷം പരിഷസ്വജാതേ."

എലിയറ്റിന്റെ'ദ-ദത്ത'യും മോമിന്റെ'ക്ഷുരസ്യധാര'യും കണ്ട ശേഷം ജോഷിജി ഒരു അഡീഷണൽ പ്രയോഗം അഥവാ സനാതന ധ്വനി വരുത്താൻവേണ്ടി മനോഹറിനെ വേദ-വേദാന്ത കൺസൾട്ട ന്റായി നിയമിച്ചു. എന്നാൽ ഒരു മരക്കൊമ്പിലിരുന്ന ആത്മാ-പരമാ ത്മാക്കളാകുന്ന കിളിക്കൂട്ടുകാർക്ക് ഈ ഡിറ്റക്ടീവ് ഫിലിമിൽ ഒരു സാംഗത്യവുമുള്ളതായി അദ്ദേഹത്തിനു തോന്നിയില്ല. സംഭാഷണം ബൗദ്ധികമാക്കുകയാണാവശ്യമെങ്കിൽ സാത്താന്റെ കയ്യിൽ ആത്മാ വിനെ വില്ക്കുന്നതുൾപ്പെടുത്താമെന്ന് അദ്ദേഹം പറഞ്ഞു. (റഫറൻസ്: ഫോസ്റ്റ്.)

അപ്പോൾ അദ്ദേഹം ഉപനിഷത്തുകളെ ഒരു ഭാഗത്തേക്കു തള്ളി മാറ്റി, "ഉപനിഷത്തുകളിലോ സിനിമാപ്പാട്ടുകളിലോ പറഞ്ഞതാകട്ടെ, ഇത്തരം ലളിതമായ വസ്തുകൾ അറിവില്ലാത്തവർക്കേ ഇഷ്ടപ്പെടൂ."

"ഇന്ന വംശത്തിൽപ്പെട്ട രണ്ടു പക്ഷികൾ ഇന്ന വർഗത്തിൽപ്പെട്ട ഒരു വൃക്ഷത്തിൽ ഇരിക്കുന്നെന്നും അവ പക്ഷികളല്ലാതെ മറ്റൊന്നുമ ല്ലെന്നുമുള്ള ശാസ്ത്രസത്യവും നിങ്ങൾക്കിഷ്ടപ്പെടുകയില്ലേ?" മുന്തി യവൾ ചോദിച്ചു.

ജോഷിജി മൗനം പൂണ്ടു. അയാൾക്ക് ഇത്രയും നിഷ്കളങ്കവും ഋജുവുമായ ചോദ്യം ഇഷ്ടമല്ല.

മുന്തിയവൾ ചോദിച്ചു, "വൃക്ഷത്തിലിരിക്കുന്ന രണ്ടുപക്ഷികൾ വെറും പക്ഷികളാണ്, ഒരു പക്ഷേ പക്ഷികളല്ലെന്നു വരുമോ-എന്നമ ട്ടിൽ സംസാരിക്കാനിഷ്ടപ്പെടുന്നവരുടെ കൂട്ടത്തിൽപെട്ടവനാണോ നിങ്ങൾ? നിങ്ങൾ 'എന്നാൽ-പക്ഷേ'യുടെ പ്രയോക്താവാണോ മനോഹർ?"

"പ്രയോക്താവാണ്, എന്നാൽ പ്രയോക്താവല്ല." ഞാൻ ചിരിച്ചു കൊണ്ടുപറഞ്ഞു, "ഈ തരംതാണ തെരുവിൽ, തരംതാണ റസ്റ്റോ റന്റിൽ ഇത്ര പെരുത്ത വാചകമടിക്കാണോ നിങ്ങളെന്നെ കൂട്ടിക്കൊ ണ്ടുവന്നത്?"

"ഞാനീ കൈത്തോക്ക് വില്ക്കാൻ വന്നതാണ്" മുന്തിയവൾ കൈത്തോക്കു കൈയിലെടുത്തുകൊണ്ടുപറഞ്ഞു, "കച്ചവടമുറപ്പിക്കു ന്നതിനുമുമ്പ് വാചകമടി തുടങ്ങിയത് നിങ്ങളാണ്."

"സാത്താന്റെ കയ്യിൽ സ്വന്തം ആത്മാവിനെ വില്ക്കുന്ന കാര്യം പറഞ്ഞതോ?" ജോഷിജി ചോദിച്ചു.

"സാത്താൻ നമ്മുടെയടുത്തില്ല." അവൾ ചിരിച്ചുകൊണ്ടു

പറഞ്ഞു. "പിന്നെ, വില്ക്കുകയും വാങ്ങുകയും ചെയ്യുന്ന പ്രശ്നമില്ല. നിങ്ങൾ സ്വന്തം ആത്മാവുനല്കി ഈ കൈത്തോക്ക് വാങ്ങുമോ? കൈത്തോക്കെടുക്കുന്ന കാര്യം ചർച്ചചെയ്യുമ്പോൾ നിങ്ങളുടെ കൈവെള്ള വിയർക്കുന്നുണ്ടെന്ന് ഞാൻ വിചാരിക്കട്ടെ?"

"ആത്മാവിനു പകരം കേവലം ഒരു കൈത്തോക്കോ?" സിഗററ്റു പുക വിട്ടുകൊണ്ട് ഞാൻ ചോദിച്ചു.

"അതോടൊപ്പം ഒരു വ്രതം കൂടി..."അവൾ പറഞ്ഞു.

"എനിക്ക് കൈത്തോക്കിനെക്കാൾ കൂടുതൽ താല്പര്യം ആ 'കൂടി'യിലാണ്, ആ വ്രതത്തിലാണ്."

"നിങ്ങളുടെ ഈ താല്പര്യം സനാതനമാണ്." അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു, "വ്രതം -കൊല്ലുന്നതിന്റെയും ചാകുന്നതിന്റെയും വ്രതം, ചെയ്യുന്നതിന്റെയും ചെയ്യിക്കുന്നതിന്റെയും വ്രതം. ആവശ്യപ്പെടുന്നതെന്തോ, അതു കിട്ടുമെന്നാണ് 'കൂടി'യുടെ അർഥം."

മേശയ്ക്കപ്പുറത്തുനിന്ന് അവളുടെ അപകടകരമായ ഒരു കൈ ജോഷിജിയുടെ നേർക്കു നീണ്ടുവരുന്നതുകണ്ടു. ഞാൻ പറഞ്ഞു, "ഗുരോ, അറ്റൻഷൻ! ഇവൾ താങ്കളെ ടച്ച് ചെയ്യരുത്."

ജോഷിജി പറഞ്ഞു, "ഇത് അങ്ങേയറ്റം പിരിമുറുക്കമുള്ള ത്രൂ-ഷോട്ടാണ്. സീൻ മോഷ്ടിക്കപ്പെടുന്നതരത്തിലുള്ള സന്ദർഭമാണിത്."

"ഉപനിഷത്തിൽ നിന്ന് നേരേ ഏതോ നിലവാരമില്ലാത്ത പത്രത്തിൽ അച്ചടിച്ച മാന്ത്രികമോതിരത്തിന്റെ പരസ്യത്തിലേക്ക്!" ജോഷിജി പുഞ്ചിരിച്ചു.

"മാന്ത്രികമോതിരം വേണ്ടവർക്ക് അതുകിട്ടും, വിപ്ലവത്തിനുതകുന്ന കൈത്തോക്കു വേണ്ടവർക്ക് അതുകിട്ടും." അവൾ പറഞ്ഞു, "പരസ്യത്തിന്റെ ഭാഷ നിലവാരം കുറഞ്ഞതാണെങ്കിലും പരസ്യപ്പെടുത്തിയ സാധനം ഉയർന്ന നിലവാരമുള്ളതാണ്, വേണോ?"

ജോഷിജി ഗഹനചിന്തയിലാണ്ടു. ഞാനയാളോടു പറഞ്ഞു, "ഗുരോ, താങ്കൾക്കേതുവേണം? സത്യംപറഞ്ഞാൽ ഈ അവസരത്തിൽ ഇവൾ താങ്കളെ പരിശോധിക്കുകയാണ്. നിത്യവും രാവിലെ എഴുന്നേറ്റ് വ്യായാമം ചെയ്യണമെന്നും രാത്രിയിൽ കുതിർത്ത അഞ്ച് ബദാമും ഒരു പിടി കടലയും കഴിക്കണമെന്നും ഞാൻ ആയിരം തവണ താങ്കളോടപേക്ഷിച്ചിട്ടുണ്ട്. താങ്കൾക്ക് ബൗദ്ധികവ്യായാമമൊഴിഞ്ഞിട്ട് നേരം കിട്ടണ്ടേ? എന്തായാലും വ്യായാമപുഷ്ടമായ മനസ്സിന്റെ തീരുമാനം കാണട്ടെ."

ജോഷിജി ഗഹനചിന്തയിൽ ലയിച്ചിരുന്നു. മനോഹർ അയാളോടു പറഞ്ഞു, "നോക്കൂ, അവൾ ഉള്ളിൽ ചിരിക്കുന്നുണ്ട്. ഗംഭീരമായ അന്തഃസ്മിതം - ഉള്ളിൽ, ഗംഭീരമായി, ഘാതകരൂപത്തിൽ. അവൾ ക്രുദ്ധയാണ്. കുടിച്ചു കുടിച്ചു വീണ്ടും ഉത്തമപാനത്തിന് അരുണലോ

ചനയായിത്തീർന്നു. അവളുടെ മുഖം മദം കൊണ്ടുചുവന്നു."

മൗനം ഭഞ്ജിക്കാൻവേണ്ടി ഞാൻ വിവാഹാവസരത്തിലെ മന്ത്രം ചൊല്ലി– ആര് കൊടുക്കുന്നു, ആർക്കു കൊടുക്കുന്നു, എന്തിനു കൊടുക്കുന്നു. ചൊല്ലിക്കേൾപ്പിച്ചിട്ട് ഞാനുറക്കെ ചിരിച്ചു. പയ്യന്മാർ പരിഭ്രമമില്ലാതിരിക്കട്ടെ.

"നൈമിഷാരണ്യത്തിലെയല്ല!" അവൾ പറഞ്ഞു, "നിങ്ങൾക്കബദ്ധം പറ്റി. അഥവാ ഞാനവിടുത്തെയാണെങ്കിൽ താങ്കളോടൊരു ചോദ്യം – ഒരു ചാൺവലിപ്പമുള്ള ഈ കൈത്തോക്കെടുത്തു പൊക്കാൻ താങ്കൾക്ക് കഴിയാത്തതെന്തുകൊണ്ട്?"

ഞാൻ ജോഷിജിയോടു പറഞ്ഞു, "ഗുരോ, ഇവൾ ഗോരഖ്പൂർ ഗീതാ പ്രസ്സിന്റെ കൃപയിൽ താങ്കളെ പ്രേമപൂർവം പരിചരിക്കുകയാണ്. സഹോദരാ, താങ്കൾ എലിയറ്റിന്റെ വേദ–വേദാന്തത്തോടുള്ള കടപ്പാടുമൂലം വശീകരിക്കപ്പെട്ട സ്ഥിതിക്ക് ഇപ്പോൾ ഹേതുഹേതുമദ് ഭൂതകാലത്തെ വർത്തമാനകാലയാഥാർഥ്യമാക്കിത്തീർക്കാത്തതെന്ത്? ഉപനിഷത്തുകളുടെ താളുകളിൽ താങ്കൾ യഥാവിധി വ്യായാമം നിർവഹിച്ചിരുന്നെങ്കിൽ ഈ ദേവി താങ്കളെ ശങ്കരാചാര്യരുടെ മുഖ്യശിഷ്യനായി അംഗീകരിച്ചേനേ. താങ്കളുടെ ബൗദ്ധികവ്യായാമവും ഇങ്ങനെയൊക്കെത്തന്നെ, ജോഷിജി. ശാരീരിക വ്യായാമം താങ്കൾ ചെയ്യാറില്ല. വ്യായാമം ചെയ്യുന്ന ചെറുപ്പക്കാരനായിരുന്നെങ്കിൽ ആ സന്ധ്യയ്ക്ക് കടപ്പുറത്ത് ഈ ദേവിയെ സംതൃപ്തയാക്കാൻ താങ്കൾക്ക് സാധിക്കുമായിരുന്നു. ആ അവസ്ഥയിൽ ദേവിക്ക് താങ്കളെ ബൗദ്ധികമായും ആധ്യാത്മികമായും സേവിക്കേണ്ടയാവശ്യമുണ്ടാകുമായിരുന്നില്ല."

എന്റെ ഈ പുലമ്പൽ ഒരുപക്ഷേ ജോഷിജി സഹിച്ചേനേ. എന്നാൽ മനോഹർ ആ വീടിന്റെ വാതില്ക്കൽ തൂക്കിയിട്ടിരുന്ന മുംബൈ വെങ്കടേശ സ്റ്റീം പ്രസ്സിലും മധുര വ്രജവാസി ഓഫ്–സെറ്റ്പ്രസ്സിലും അച്ചടിച്ച എല്ലാ രൂപങ്ങളും കാണുകയും കാണിക്കുകയും ചെയ്യുന്നത് അത്യന്തം ആപൽക്കരവും ക്ലേശകരവും അപമാനജനകവുമാണെന്ന് അയാൾക്കുതോന്നി.

"സഹജസ്വഭാവത്തോടെ എന്തും വിശ്വസിക്കുന്ന ഒരു നാട്ടുമ്പുറത്തുകാരനാണ് ഞാനെന്ന മട്ടിലാണ് നീ സംസാരിക്കുന്നത്." ജോഷിജി പറഞ്ഞു.

"നീ അത്തരക്കാരനല്ലെന്ന് എനിക്കറിയാം." അവൾ പറഞ്ഞു, "സഹജമായി അവിശ്വസിക്കുന്ന സമർഥനാണോ എന്നാണറിയേണ്ടത്. ഓരോ വസ്തുവും ചെണ്ട പൊളിച്ചുനോക്കുന്നതുപോലെ നോക്കുന്ന കൂട്ടത്തിലാണോ നിങ്ങൾ? അതോ പൊള്ളത്തരത്തെ പെരുമ്പറ കൊട്ടി ഘോഷിക്കുന്ന കൂട്ടത്തിലാണോ?"

ഞാൻ ചോദിച്ചു, "കൈകൊട്ടണോ?"

മുന്തിയവൾ തനിയെ കൈകൊട്ടി. ഞാൻ ഗ്ലാസ്സിൽ മിച്ചമുണ്ടായിരുന്ന മദ്യം കഴിച്ചു. തൂവാല കൊണ്ട് മുഖം തുടച്ചു. സിഗററ്റു കത്തിച്ചു. എന്നിട്ടു പറഞ്ഞു, "കൈ കൊട്ടുകയും ചെയ്തു. ഇനി നാടകം അവസാനിപ്പിക്കാം."

"ഫലപ്രാപ്തിയിലെത്തിയശേഷമേ കർട്ടനിടൂ."

"സുന്ദരമായ ഒരു തിരിവിൽ അവസാനിപ്പിച്ചു കൂടെ?"

"തെരുവുനാടകമാണ്. ഗ്രാമീണർ അഭിനയിക്കുന്നു, ഗ്രാമീണർ കാണുന്നു. അവർക്ക് അതൊന്നും രസിക്കണമെന്നില്ല."

"ഞാനും നിങ്ങളും വെറും ഗ്രാമീണരല്ലല്ലോ." ജോഷി പറഞ്ഞു.

അവൾ പുഞ്ചിരിച്ചു, "നിങ്ങൾ ബഹുമാന്യനായ പണ്ഡിതനാണ് മനോഹർ. എന്നാൽ ഞാൻ വെറുമൊരു സ്ത്രീ, അല്പബുദ്ധി."

"മനസ്സിലായി!" ഞാൻ ക്യാമറയുടെ മുഖത്ത് പുകയൂതി വിട്ടു കൊണ്ടു ചേദിച്ചു, "ഇനിയെന്താണ് കല്പന?"

"ഒരു സ്ത്രീയുടെ നിർബന്ധമാണ് -ജിജ്ഞാസുവാണെങ്കിൽ കൈത്തോക്കെടുക്ക്, അല്ലെങ്കിൽ ഭീതിയുള്ളവനാണെന്നും ഭീതിയകറ്റാനുള്ള മരുന്ന് വേണമെന്നും പറയൂ."

ജോഷിജി അവസരം കാത്ത് ഇരിക്കുകയായിരുന്നു. ഞാൻ ഈ ദേവിയെ പരിഹസിക്കാനാഗ്രഹിച്ചിരിക്കുകയായിരുന്നു. എന്നാൽ സ്വയം ചിരിച്ചുകൊണ്ടിരിക്കുന്നവളെ എങ്ങനെ പരിഹസിക്കും? മനോഹരബാലൻ 'അല്പബുദ്ധിത്വാത് പ്രതിജ്ഞാ അഥവാകൃതാ' എന്ന റിക്കാർഡ് കേൾപ്പിച്ചുകൊണ്ടു ജോഷിജിയെ ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു. സാറേ, താൻ മടയിയാണെന്നു ദേവി പറയുന്നത് താങ്കളെ മടയനാക്കാൻ വേണ്ടിയാണ്. ഞാൻ 'യോ മേ പ്രതിബലേ ലോകേ സാ മേ ഭർത്താ ഭവിഷ്യതി' എന്ന ആധികാരിക വാക്യം ജോഷിയെ ചൊല്ലിക്കേൾപ്പിച്ചു. എന്റെ സഹോദരാ, സൃഷ്ടിശയ്യയിൽ നടക്കുന്ന ഈ കളി വ്യായാമശീലരായ ചെറുപ്പക്കാർക്കുള്ളതാണ്. കിടപിടിക്കത്തക്ക കഴിവുള്ള, ദർപ്പദമനത്തിൽ വിജയിക്കുന്ന നരപുംഗവനെ മാത്രമേ പാണിഗ്രഹണത്തിനു ക്ഷണിക്കൂ. ഈർക്കിൽ മാർക്ക് ഇന്റലക്ച്വൽ സ്വന്തം ചെവിക്കായം പുറത്തെടുക്കാൻപോലും കൊള്ളരുതാത്തവനത്രേ!

ഞാൻ മനോഹറിന്റെ ഭക്തിയുടെ സജീവ വ്യാഖ്യാനം നല്കികൊണ്ടിരുന്നപ്പോൾ, എന്റെ സഹോദരൻ 'നമാമി ഭവഭീതോടഹം' എന്നു പറഞ്ഞുകൊണ്ട് ഒരേ സമയം ശിരസ്സ് കുനിക്കുകയും ചെയ്യുകയായിരുന്നു. ഞാൻ പെട്ടെന്നു പറഞ്ഞു, "ജോഷിജി, അറ്റൻഷൻ! ഈ പയ്യൻ താങ്കളെ കൊന്നേക്കാം!"

ജോഷിജി തന്റെ ക്യാമറാമാന് ആവശ്യമായ നിർദേശം നല്കി. കസേര പിന്നോട്ടു തള്ളിനീക്കി ഒറ്റ കുതിപ്പിന് എഴുന്നേറ്റു, മിന്നൽവേഗത്തിൽ കുനിഞ്ഞു. എന്നിട്ട് കൈനിവർത്തി ആ മനോഹരിയുടെ കവി

ളത്ത് ആഞ്ഞടിച്ചു. സ്ത്രീയെ സേവിക്കേണ്ട ഈ പരീക്ഷണാത്മക മായ രീതിയെ ഞാൻ യഥാശക്തി നിന്ദിച്ചു.

കുനിഞ്ഞുനിന്നുകൊണ്ടുതന്നെ ജോഷിജി ഡയലോഗ് നമ്പർ വൺ തട്ടിവിട്ടു, "പുരാണങ്ങളിലെഴുതി വച്ചിരിക്കുന്ന വാലും തലയു മില്ലാത്ത ഒരു കഥ പറഞ്ഞ് എന്നെ വഞ്ചിക്കാമെന്നു വിചാരിച്ചോ,നീ?"

അനന്തരം പിന്നോട്ടു തള്ളിനീക്കിയ കസേരയ്ക്ക് പിന്നിൽ ചെന്നു നിന്ന് രണ്ടാം നമ്പർ ഡയലോഗ് കേൾപ്പിച്ചു. "ആയിരമായിരം വർഷ ങ്ങൾക്കു മുമ്പ് വിശേഷിച്ച് തൊഴിലൊന്നുമില്ലാതിരുന്ന കുറേപ്പേർ കാട്ടി ലിരുന്ന് നടത്തിയ ജല്പനങ്ങളുടെ പേരിൽ നീ എന്നെ വിഡ്ഢിയാ ക്കാൻ ശ്രമിക്കുന്നോ?"

തുടർന്ന് ജോഷിജി വേഗത്തിൽ രണ്ടുചുവടുവച്ച് ആ മടയിയുടെ കസേരയ്ക്കടുത്തു ചെന്നു നിന്നിട്ട് മൂന്നാം നമ്പർ ഡയലോഗ് പറഞ്ഞു, "ഗീതാപ്രസ്സ് ഗോരഖ്പൂർ, വെങ്കടേശ് സ്റ്റീം പ്രസ്സ് മുംബൈ, വ്രജവാസി ഓഫ് സെറ്റ് പ്രസ്സ് മഥുര എന്നൊക്കെപ്പറഞ്ഞു നിനക്കെന്നെ ചതിക്കാൻ പറ്റുകയില്ല, മനസ്സിലായോ?"

"ഇനി റിയാക്ഷൻ ഷോട്ടിനുവേണ്ടി ഹീറോയിന്റെ ക്ലോസപ്പെ ടുക്ക്." ജോഷിജി ക്യാമറാമാനോടു പറഞ്ഞു.

അയാൾ തലയ്ക്കടിച്ചു കൊണ്ടു പറഞ്ഞു, "എന്തു ഷോട്ടെടു ക്കണം? താങ്കളുടെ വഹീദാ റഹ്മാൻ ദേ ചിരിച്ചുകൊണ്ടിരിക്കുന്നു."

ചിരിച്ചുകൊണ്ടു കുടിക്കുകയും കുടിച്ചുകൊണ്ട് ചിരിക്കുകയും ചെയ്യുന്ന അവൾ പറഞ്ഞു, "വളരെയേറെ ആലോചിച്ചശേഷമാണ് നിന ക്കുവേണ്ടി ഒരു കുരുക്കുണ്ടാക്കിയത്. നീയതിൽ കുരുങ്ങിയില്ല! അത്ഭുതം! മാർക്സിസ്റ്റുകാരായ വിപ്ലവകാരികൾ ഈ കുരുക്കിൽ വീഴുമോ? ഇ ഈസ് ഈക്വൽ ടു എം സി സ്ക്വയർ എന്നറിയാവുന്ന എൻട്രാപ്പിക്കാരായ ശാസ്ത്രജ്ഞന്മാർ കുടുങ്ങുമോ? എന്നാൽ ഒരു പൊട്ടക്കഥയും ചീത്തപ്പടവുമുപയോഗിച്ച് നിങ്ങളെ പിടി കൂടാമെന്ന് ഈ മടയിക്ക് എങ്ങനെയോ വിശ്വാസം തോന്നി. ആ കഥയും ആ പടവും നിങ്ങളുടെ കഴുത്തിനു പിടിച്ചിരിക്കുകയാണെന്ന് ഇപ്പോഴും ഞാൻ വിചാരിക്കുന്നു."

ജോഷിജിക്കു രസിച്ചില്ല, "ഇത്രയും നീണ്ട ഡയലോഗ് ഒരു ഷോട്ടി ലെന്തിന്? എന്റെ കഴുത്തിനുപിടിച്ചിരിക്കുകയാണെന്ന അടിസ്ഥാനര ഹിതമായ അവകാശവാദമെന്തിന്?"

ഞാനയാളോടു പറഞ്ഞു, "ദേവി സംഭാഷണത്തിന്റെ ഗൗരവ ത്തിൽ വിശ്വസിക്കുന്നതുകൊണ്ടാണ് കഴുത്തിനു പിടിച്ചിരിക്കുന്നെന്നു പറഞ്ഞത്. താങ്കൾ വാസ്തവത്തിൽ സ്വതന്ത്രനാണെങ്കിൽ, ഇറങ്ങി പുറപ്പെടൂ. ഇവിടെ താങ്കളെ ഏതു ഭൂതം തടയുമെന്നു കാണട്ടെ."

ജോഷിജി അസ്വസ്ഥനായി. മനോഹർ സൗണ്ട് ട്രാക്കിൽ ഉച്ച

ത്തിൽ 'ക്ഷണം മൂഢം' ചേർത്തുകൊണ്ടിരുന്നു– മിസ്റ്റർ തിർഖായുടെ ഭാഷ്യം സഹിതം. "മരുമകനേ, ദേവി വിളിച്ചത് മൂഢൻ എന്നാണ്, ഇഡിയറ്റ് എന്നർഥം, നിന്റെ ഇഷ്ടം പോലെ ഉറക്കെ വിളിക്ക്. പെണ്ണായ ഞാൻ മധുപാനം തുടങ്ങി. ലേഡീസ് ജിൻ മുതലായ ഡ്രിങ്ക്സ് കഴിക്കുന്നു. ഞാൻ കുടിച്ചു തുടങ്ങിയപ്പോൾ സംഭവിക്കാനുള്ളത് സംഭവിക്കുന്നു, ദ യൂഷ്വൽ തിങ്, എനിക്കും നിനക്കും മോക്ഷം, ദേവകൾക്കു മുക്തി."

ജോഷിജി ക്യാമറാമാനെ ഓർമിപ്പിച്ചു– ഇനി എന്റെ സിംഗിൾഷോട്ടിലുള്ള നീണ്ട ഡയലോഗാണ്, ഔട്ടോഫ് ഫ്രെയിം ആകാതെ ശ്രദ്ധിക്കണം.

അയാൾ അവളോട് അലറി, "നിങ്ങൾക്ക് കഥ മുഴുവൻ ഓർമയുണ്ടെങ്കിൽ എനിക്കും ഓർമയുണ്ട്. നിങ്ങൾക്ക് എല്ലാ സ്ഥിതികളും അറിയാമെങ്കിൽ എനിക്കും അറിയാം. നിങ്ങൾക്ക് സ്ക്രിപ്റ്റെഴുതാൻ കഴിയുമെങ്കിൽ, നിങ്ങൾക്ക് സെറ്റ് അറേഞ്ച് ചെയ്യാനറിയാമെങ്കിൽ, ലൈറ്റ് –സൗണ്ട്–ക്യാമറ എല്ലാം നിയന്ത്രിക്കാൻ കഴിയുമെങ്കിൽ, എനിക്കും കഴിയും. എന്നാൽ ഈ കള്ളത്തരം കൊണ്ട് ഇരുട്ടത്തിരിക്കുന്ന കാണിയെ കുടുക്കാൻ കഴിയും. ഞാൻ ഇരുട്ടത്തിരിക്കുന്ന കാണിയല്ല. ഞാൻ സംവിധായകനാണ്. ഞാൻ സൃഷ്ടിച്ചകള്ളം നിന്റെ കള്ളത്തെക്കാൾ കൂടുതൽ രസകരവും ഉപയോഗയോഗ്യവും വിശ്വസനീയവുമാണെന്നു ധരിക്കുക."

"കരഘോഷം മുഴക്കണോ?" എന്ന് അവൾ ചോദിക്കുമെന്ന് ജോഷിജി ഭയപ്പെട്ടു. പക്ഷേ, അവളൊന്നും മിണ്ടിയില്ല. വളരെ താല്പര്യപൂർവം ഇറച്ചിതിന്നുകൊണ്ടിരുന്നു, മദ്യം കഴിച്ചുകൊണ്ടിരുന്നു. ജോഷിജിയുടെ ഡയലോഗ്–ഡെലിവറിക്ക് തീർച്ചയായും ഫലമുണ്ടായി. കുറേ ചെക്കന്മാർ ക്യാബിനിലെ ഹാഫ് ഡോറിനടുത്ത് വന്നെത്തി നോക്കി.

മുന്തിയവൾ അവരിലൊരുത്തനെ വിളിച്ചു. ബില്ലിന്റെ പൈസ കൊടുത്തു, ടിപ്പ് കൊടുത്തു; ഒരു ടാക്സി വിളിച്ചുകൊണ്ടുവരാൻ പറഞ്ഞു.

"പായ്ക്കപ്പ്!" മുന്തിയവൾ കൈതുടച്ചുകൊണ്ട് പറഞ്ഞു. "ങാ, ഇതും ഒരു സെറ്റായിരുന്നു, സ്ക്രീൻ ടെസ്റ്റിനുവേണ്ടി. നിങ്ങൾ അയോഗ്യനാണെന്നു തെളിഞ്ഞു, മനോഹർ. നിങ്ങളുടെ അഭിനയത്തിൽ ആത്മവിശ്വാസക്കുറവുണ്ട്."

ഇതുവലിയ ഗതികേടായല്ലോ. ഞാൻ അവളുടെയടുത്തേക്ക് കസേര നീക്കിയിട്ടു. അവളുടെ തുടയിൽ കൈവച്ചുകൊണ്ടു ചോദിച്ചു, "സ്ക്രീൻ ടെസ്റ്റിനുപയോഗിച്ച ബയോസ്കോപ്പ് ഏതുതരമാണ്?"

"സഹശയനം എന്നാണതിന്റെ പേര്!" അവൾ എന്റെ കണ്ണിലുറ്റുനോക്കിക്കൊണ്ടു പറഞ്ഞു.

"ഞാൻ കുഴഞ്ഞുവീണതിൽ ഖേദിക്കുന്നു." അവളുടെ മുലകളെ തൊട്ടുണർത്തിക്കൊണ്ടു ഞാൻ പറഞ്ഞു, " അടുത്ത തവണ ആരോഗ്യം മെച്ചപ്പെടുത്തി ടെസ്റ്റിനുവരാം, സുന്ദരീ. മനസ്സിലായോ?"

അവൾ പറഞ്ഞു, "സ്ക്രീൻ ടെസ്റ്റ് കൂടെക്കൂടെ നടത്താറില്ല."

ഞാൻ പറഞ്ഞു, "ഞങ്ങൾ അതിന്റെ തുടർച്ചയായി കണക്കാക്കിക്കൊള്ളാം."

അപ്പോൾ അവളുടെ മുലകളുടെ നടുക്ക് ഒരു മുറിവിന്റെ ചെറിയ പാട് കണ്ടു. കഴിഞ്ഞ പ്രാവശ്യം അവിടെ ഒരടയാളവുമില്ലായിരുന്നു. മനോഹര ബാലൻ പരിഭ്രമം മറയ്ക്കാൻ വേണ്ടി ഞാൻ അവളുടെ മാറ് മറച്ചു. ഞാൻ പറഞ്ഞു, "ദേവിജിക്ക് വാർത്തകളെക്കുറിച്ച് വളരെ കരുതലുണ്ട്. മുറിപ്പാടുണ്ടാക്കിയിട്ടാണ് അസ്തിത്വമില്ലാത്ത ഏതോ ശംഭുവിന്റെ സാക്ഷിയായി ഇറങ്ങിത്തിരിച്ചത്."

"ങാ!" അവൾ ചിരിച്ചു, "ഇത്രയും ബദ്ധപ്പാടുകൾ വെറുതേയായി. നിങ്ങളുടെ ടെസ്റ്റിന് ഒരു സാധാരണസെറ്റ്, ഒരു സാധാരണസീൻ മതിയായിരുന്നു. ഞാൻ 'ജയകാളീ കൽക്കത്താ' എന്നുച്ചരിച്ച് അന്തരീക്ഷത്തിൽ നിന്നു ഭസ്മം വരുത്തും, അത് വെറും ട്രിക്കാണ്, മാജിക്കുകാർക്കുപോലും ചെയ്യാവുന്നതാണെന്നു നിങ്ങൾ പറയും. അല്ലെങ്കിൽ നിങ്ങൾ ഭക്തിപൂർവം തലകുനിച്ച് ഇത് അത്ഭുതമാണെന്ന് സമ്മതിച്ചുതരും."

"ഞാനതു തന്നെ പറയും." ഞാൻ യോജിച്ചു, "എന്റെ കഷ്ടകാലം!"

"നിങ്ങൾക്കിപ്പോഴും അതു പറയാം. ബുദ്ധിമാനായതുകൊണ്ട് ശ്രമിച്ചാൽ ഈ കുഴപ്പം പിടിച്ച സ്ക്രീൻ ടെസ്റ്റിലെ മാജിക്കും മനസ്സിലാക്കാവുന്നതേയുള്ളു. രക്തദന്തികാസ്തോത്രം ചൊല്ലിയ ഉടൻ ഞാൻ രക്തദന്തികയായി എങ്ങനെ വന്നു? ഡോഭാൻവാല എന്റെ പങ്കാളിയായിരുന്നു. അയാളെന്നെ വീട്ടിലൊളിപ്പിച്ചു വച്ചിരിക്കുകയായിരുന്നു. അയാൾ നിങ്ങളെ രക്തദന്തികാസ്തോത്രം ചൊല്ലാൻ നിർബന്ധിച്ചു. ചൊല്ലിയയുടൻ ഞാനെത്തി. നിങ്ങൾക്ക് രക്തദന്തികാ സ്തോത്രം അറിയാമെന്ന് എനിക്കെങ്ങനെ അറിയാം? മിസ്റ്റർ തലാട്ടി നിങ്ങറളപ്പറ്റി എല്ലാ വിവരവും എന്നെ അറിയിച്ചുകൊണ്ടിരുന്നു. അയാളെന്റെ സേവകനാണ്. സ്തോത്രം ചൊല്ലുമ്പോൾ നിങ്ങൾ മോഹാലസ്യപ്പെട്ടതുപോലെയായതെന്ത്? ഞാനെന്റെ മുലകളിൽ വിഷമയമായ സുഗന്ധം പൂശിയിരുന്നതു കൊണ്ടാണ്. ഞാൻ നിങ്ങളെ പഴ്സ് തുറന്ന് കൈത്തോക്കെടുത്തു കാണിച്ചതെങ്ങനെ? ടാക്സി ഓടിച്ചുകൊണ്ടിരുന്ന ഡ്രൈവർ എന്റെയാളായിരുന്നു. അയാൾ ടാക്സിയിൽ നിന്ന് നമ്മളെ ഇറക്കിവിട്ടത് എന്റെ ബിൽഡിങ്ങിന്റെ മുമ്പിലാണ്. ആ ബിൽഡിങ്ങിൽ നിന്നാണ് ഞാൻ ഈ കൈത്തോക്ക് കൊണ്ടുവന്നത്. പലതരം ആളു

കൾ എന്നെപ്പറ്റി പല വിധകാര്യങ്ങൾ പറയുന്നതെന്തുകൊണ്ട്? അവരെല്ലാം എന്റെ സ്നേഹിതരായതുകൊണ്ടാണ്, ഗൂഢാലോചനയിൽ പങ്കാളികളായതുകൊണ്ടാണ്. തുള്ളിത്തുള്ളി നടക്കുന്ന ശംഭു എന്നൊരാളില്ല. പിന്നെ മൈക്കിളും അയാളുടെ വീട്ടുകാരും നിങ്ങളെ എന്തിനു വിഷമിപ്പിച്ചു? അവർ എന്റെ വേലക്കാരായതുകൊണ്ട്. കൃഷ്ണൻ പരിഭ്രമിച്ചതെന്തുകൊണ്ട്? കുട്ടി നിങ്ങളെ എന്തിനു തല്ലി? ഞാൻ പറയുന്നത് കല്ലിൽ കൊത്തിയതുപോലെയാണവർക്ക്. ചിന്തിക്കുന്തോറും സ്ക്രിപ്റ്റിന്റെ സങ്കീർണ ലാളിത്യം നിങ്ങൾക്കു ബോധ്യപ്പെടും."

അപ്പോൾ ചെക്കൻ വന്നു പറഞ്ഞു, "ടാക്സി വന്നു." പുറത്തിറങ്ങുമ്പോൾ മുന്തിയവൾ അവനോട് കടുപ്പത്തിൽ ചോദിച്ചു, "ഈ ഹോട്ടൽ ആരുടെയാ?"

"കാദർ ഭായിയുടെ." ചെക്കൻ പേടിച്ചുപേടിച്ചു പറഞ്ഞു.

"കാദർഭായ് ആരുടെയാളാ?" മുന്തിയവൾ ദേഷ്യപ്പെട്ടു ചോദിച്ചു.

"കൊച്ചമ്മേ, നിങ്ങളുടെയാളാ." പയ്യൻ വിറച്ചുകൊണ്ടുപറഞ്ഞു.

മുന്തിയവൾ പുഞ്ചിരിച്ചു. ടാക്സി വിളിച്ചുകൊണ്ടുവന്നതിന് പയ്യന് ഭേദപ്പെട്ട ടിപ്പ് കൊടുത്തു. എന്നെനോക്കി അവൾ പറഞ്ഞു, "കണ്ടോ, എല്ലാം എന്റെ തന്നെ. ഈ ഹോട്ടലിന്റെ സെറ്റും."

അവൾ ടാക്സിക്കാരനോട് മാഹിം ക്രീക്കിൽ പോകാൻ കല്പിച്ചു. അവൾ ദാദയുടെയടുത്തേക്കെങ്ങാനും പോവുകയാണോ എന്നു ഞാൻ സംശയിച്ചു. മുന്തിയവളുടെ തിരക്കഥയുമായി ഏറ്റുമുട്ടുന്നതിൽ മുഴുകിയിരുന്ന ജോഷി എന്റെ ജിജ്ഞാസയിൽ യാതൊരു താല്പര്യവും പ്രദർശിപ്പിച്ചില്ല. ഇനി ഇവളുടെ കൂടെ നിൽക്കണമെന്ന എന്റെ അഭിപ്രായവും അദ്ദേഹത്തിനു സ്വീകാര്യമായില്ല.

ഒരു സിഗററ്റ് കൊളുത്തിക്കൊണ്ട് ജോഷിജി പറഞ്ഞു, "യാദൃച്ഛികതയുടെ സാധ്യത അപ്പാടെ നിരാകരിക്കത്തക്കവണ്ണം ഞാനൊരു അവിശ്വാസിയല്ല. ഖലീക് മുതൽ കുട്ടി വരെ എല്ലാവരും നിന്റെ അജ്ഞാതമായ ആംഗ്യത്തിനൊത്തു തുള്ളുന്നവരാണെന്നംഗീകരിക്കത്തക്കവണ്ണം ഞാനൊരു വിശ്വാസിയുമല്ല."

അവൾ പറഞ്ഞു, "ബാബു മുതൽ ഈ പയ്യൻ വരെ എന്നാണ് നിങ്ങൾ പറയേണ്ടത്. ദല്ലാൾ ബാബുവാണ് എന്നെ നിങ്ങൾക്കു കാണിച്ചുതന്നതെന്ന വസ്തുത നിങ്ങൾ മറക്കുന്നതെന്തുകൊണ്ട്? അയാൾ നിങ്ങളെ ഹാങിങ് ഗാർഡൻസിലയച്ചു. അജ്ഞാതവും കുജ്ഞാതവുമൊന്നുമല്ല, മനോഹർ, നൂറുശതമാനവും അറിയാവുന്ന ആംഗ്യങ്ങളനുസരിച്ചാണ് ഇവരെല്ലാം തുള്ളിയത്. ജിജ്ഞാസുവും പരിചയക്കാരനുമായ ഒരു കസ്റ്റമർ ഏറ്റവും ഉയർന്ന നിലവാരമുള്ള ഉരുപ്പടി അന്വേഷിച്ചുനടന്നപ്പോൾ ഈ മുന്തിയവളാണ് മെച്ചപ്പെട്ട ഉരുപ്പടിയെന്നു പറയാൻ ബാബുവിനു തോന്നിയതെന്തുകൊണ്ട്? മനോഹർ, നിങ്ങ

ളുടെ ഓഡിറ്റർ എന്റെ അക്കൗണ്ട് പരിശോധിച്ചിട്ട് നിങ്ങൾക്കു റിപ്പോർട്ടു തരുമ്പോൾ ഖലീക്, ദാദാ, ഡോഭാൻവാല മുതലായ എത്ര പേരെ ഞാൻ വിലയ്ക്കുവാങ്ങിയിട്ടുണ്ടെന്നു മനസ്സിലാക്കും. ഞാൻ റിസോഴ്സ്ഫുൾ ആണെന്നു പറയേണ്ടിവരും."

"സർകാസ്റ്റിക്കും!" ജോഷിജി പറഞ്ഞു.

"ഞാൻ വ്യംഗ്യമല്ല, സത്യമാണു പറയുന്നത്. ഞാൻ യുക്തിസംഗതമായ വസ്തുതയാണു പറയുന്നത്. യുക്തിയെ എതിർക്കുന്നതെന്തിന്? ശരിയായ അവിശ്വാസിയാണെങ്കിൽ ഒരിക്കലും യുക്തി കൈവിടാൻ പാടില്ല സഹജ വിശ്വാസിയും സഹജ അവിശ്വാസിയും പൈസയ്ക്ക് മൂന്നുവീതം കിട്ടും. സൗകര്യപ്രദ വിശ്വാസി പൈസയ്ക്ക് മുന്നൂറ് കിട്ടും. നിങ്ങൾ യഥാർഥത്തിൽ 'എന്റെ കഷ്ടകാലത്തിനെ'ന്നു പറയുന്ന സൗകര്യപ്രദവിശ്വാസിയാണോ? ന്യൂട്ടണിൽ നിന്ന് ഐൻസ്റ്റീനിൽ നിന്ന് വീണ്ടും മുന്നോട്ടു നയിക്കുന്ന യുക്തിയെ നിങ്ങൾ ഭയക്കുന്നതെന്തിന്?"

ജോഷിജി റഫറൻസുകളിൽ മുഴുകി, മനോഹര ബാലൻ വികാരവിവശനായി. ഞാൻ പറഞ്ഞു, "പണ്ഡിതോചിതമായ ഈ വിലയിരുത്തലിന് ഞാൻ ആദ്യമായി നിങ്ങളെ അഭിനന്ദിക്കട്ടെ. അനന്തരം വിനീതമായി ചോദിച്ചുകൊള്ളട്ടെ– താങ്കൾ ഈ ഫിലോസഫി അരച്ചുകുടിച്ച് ഏത് ഗുഹയിൽ കഴിഞ്ഞുകൂടുകയായിരുന്നു? ഇത്രയും ഫിലോസഫി ഒരുമിച്ച് ദില്ലിനഗരത്തിലെ ശനിയാഴ്ചയോഗങ്ങളിൽ ആദരണീയനായ ജൈനേന്ദ്രകുമാറിൽ നിന്നുപോലും കേൾക്കാനിടയായിട്ടില്ല. യോഗ്യനായ ഒരു ഹീറോയെ കിട്ടാത്തതിനാൽ താങ്കൾ വളരെ ദുഃഖിതയാണെന്നുള്ളത് സത്യമാണ്. ഈയവസ്ഥയിൽ താങ്കളുടെ അനർഗള പ്രലാപം സർവഥാക്ഷമ്യവും സ്വാഭാവികവുമാണ്. എന്നുവിചാരിച്ച്, താങ്കൾ ഞങ്ങളോട് ഇരുതലമൂരിപ്രയോഗം നടത്തുകയും ഞങ്ങൾ വായ്തുണികെട്ടി മൂടിയിരിക്കുകയും ചെയ്യുമെന്നർഥമാക്കരുത്."

"നിങ്ങൾ തുണിയല്ല, ലങ്കോട്ടിപോലും കെട്ടണ്ടാ." അവൾ ചിരിച്ചുകൊണ്ടുചോദിച്ചു, "വരുന്നോ കൂടെ?"

ജോഷിജിക്ക് ഈ പ്രസ്താവന സ്വീകാര്യമായില്ല. അയാൾ ഗസ്റ്റ് ഹൗസിനു മുമ്പിൽ ടാക്സിയിൽ നിന്നിറങ്ങി.

"ബൈ, ബൈ! ജിജ്ഞാസുവായ കുട്ടി!" ആ മുന്തിയ സാധനം പറഞ്ഞു.

"വേർപിരിയൽ ഒരു ചെറുമരണമാണ്." ജോഷിജി ഒരു ഫ്രഞ്ച് കവിയുടെ കോപ്പിറൈറ്റ് അടിച്ചെടുത്തു.

"നിങ്ങൾ തവണകളായുള്ള വേർപിരിയലിന്റെയും തവണകളായുള്ള മരണത്തിന്റെയും കസ്റ്റമറാണ്, മനോഹർ!" അവൾ പറഞ്ഞു, "ഒറ്റയടിക്കു തീരുമാനിക്കുന്ന കൈത്തോക്കിന്റെയല്ല."

ടാക്സി സ്റ്റാർട്ടായി. തലവെളിയിലേക്കിട്ട്, കൈവീശി അവൾ പറഞ്ഞു, "ഒരു സെറ്റ് കൂടി, ഒരു ടെസ്റ്റ് കൂടി നോക്കാം."

രാത്രിയിൽ എവിടെ വിശ്രമിക്കുമെന്നത് ഒരു വിഷമപ്രശ്നമായി. ഒരിക്കലുമുറങ്ങാത്ത ആ മഹാനഗരത്തെ ഉണർന്നിരുന്നു കാണാമെന്നു ജോഷി വിചാരിച്ചു. മനോഹർ നൈമിഷാരണ്യയിൽ ഉരുവിട്ടുകൊണ്ടിരുന്നു -ഏതദ് വൈ തത്, ഏതദ് വൈ തത്. ഇതു തന്നെ അത്, ഇതു തന്നെ അത്. ജോഷിജി ചിന്തിച്ചു-റോഡിലൊരാൾ ഒറ്റയ്ക്ക്, സമുദ്രം ലക്ഷ്യമാക്കി ജപിച്ചുകൊണ്ടുപോകുന്നു- ഏതദ് വൈ തത്; ഗംഭീരൻ ഷോട്ടാകും.

എന്നാൽ ഈ ബാലൻ സമുദ്രത്തിലേക്ക് ചിരന്തനമായ ഉപ്പുരസത്തിന്റെ മടിയിലേക്ക് ക്ഷണം സ്വീകരിച്ചു നടന്നുപോയി. ഞാൻ എതിർദിശയിലേക്കോടി. മുറിയുടെ വാതിൽക്കൽ മുട്ടി. സഹോദരിയുടെ വീട്ടിൽ നിന്നു മടങ്ങുമ്പോൾ രണ്ടുഗുണ്ടകൾ എന്നെ പിടികൂടിയെന്നു ഞാൻ വൃദ്ധന്മാരോടു പറഞ്ഞു. ഗുണ്ടകൾ എന്നെ കൊല്ലാനൊരുങ്ങി. ഞാൻ ഒരു പ്രകാരത്തിൽ രക്ഷപ്പെട്ടു. വിവരിക്കുമ്പോൾ ഞാൻ കരഞ്ഞുപോയി.

കുഴഞ്ഞ നാക്കിനും അടികൊണ്ട ശരീരത്തിനും വേണ്ടിയുള്ള ഈ വിശദീകരണം വൃദ്ധന്മാർ കേട്ടു.

മിസ്റ്റർ തിർഖാ പറഞ്ഞു, "സ്ട്രെയിംജ്! ഒന്നും തട്ടിക്കൊണ്ടുപോയില്ലല്ലോ!"

ഞാൻ തലയാട്ടി.

മിസ്റ്റർ തിർഖാ വീണ്ടും പറഞ്ഞു, "സെട്രയിംജ്!"

മിസ്റ്റർ തലാട്ടി ആ രാത്രിയിൽ ഒന്നും പറഞ്ഞില്ല.

കപ്പലണ്ടിയും അശ്ലീലമാകുന്നു

മനോഹർ ധർമബോധമുള്ള ബാലനായി കഴിയാൻ ഞാനനുവദിച്ചു. തന്മൂലം ഒരു പക്ഷേ, അവന്റെ കുറ്റബോധം കുറയുമായിരിക്കും. അവൻ മുറിയുടെ മൂലയ്ക്കിരുന്ന് വൃദ്ധന്മാരിൽ നിന്നു കടം വാങ്ങിയ മതഗ്ര ന്ഥങ്ങൾ വായിച്ചു കൊണ്ടിരുന്നു. ജോഷിജി മസ്തിഷ്കത്തെക്കുറി ച്ചുള്ള ആധുനിക ശാസ്ത്രഗ്രന്ഥങ്ങൾ വായിക്കാൻ തുടങ്ങി. ഈ ഗ്രന്ഥ ങ്ങൾ ബാബാ ഫ്രോയ്ഡിനു ചുറ്റും കറങ്ങുകയായിരുന്നു. ജോഷിജി യുടെ സർവദുഃഖകഥകളും മസ്തിഷ്കത്തിലെ രാസവസ്തുക്കളിൽ നിന്നുണ്ടായതാണെന്നും അവ അയാളെ ധരിപ്പിച്ചു. അദ്ദേഹത്തിന്റെ സവിശേഷമെന്നൊക്കെ പറയാവുന്ന വ്യക്തിത്വം മറ്റൊന്നുമല്ല, സ്നായുക്കളിൽ ചുറ്റിക്കറങ്ങുന്ന രാസവസ്തുക്കളുടെ കറക്കം തന്നെ. ഈ രസതന്ത്രാത്മകമായ വിധിവിശ്വാസം അയാളെ കൂടുതൽ അമ്പ രപ്പിച്ചു. ഈ രണ്ട് യാഥാസ്ഥിതിക വിശ്വാസികളുടെയുമിടയ്ക്ക് സമ കാലികനായിരിക്കാൻവേണ്ടി ഞാൻ ഷേക്കുഭായിയുടെ ഡോക്യുമെന്റ റികളുടെ ഭാഷ്യത്തിന്റെ തർജമക്കാര്യം മൊത്തമായി ഏറ്റെടുത്തു; കഠി നമായി ബോറ് സഹിക്കേണ്ടിവന്നു. ഈ ത്രിമൂർത്തികൾ ആ ഏക മൂർത്തിയെ ഓർക്കാതിരിക്കാനുള്ള ഉപായങ്ങൾ കണ്ടെത്തി.

ഒരു വൈകുന്നേരം, 'ദിസീസ് ഫോളോഡ് ബൈ വീഡിങ്' തർജമ ചെയ്യുന്ന ബദ്ധപ്പാടിൽ അപാരമായി മുഷിഞ്ഞപ്പോൾ, പോയി ദാദായെ കാണാമെന്നു ഞാൻ തീരുമാനിച്ചു. ഷേക്കുഭായിക്ക് കുറച്ചു ഹിന്ദി തർജമ മാച്ച് ചെയ്തു കൊടുത്ത ശേഷം ഞാൻ മാഹിം ക്രീക്കിലെ ത്തി. അവിടെ ചെന്നപ്പോഴാണ് ദാദായ്ക്കു സുഖമില്ലെന്നറിഞ്ഞത്. ഒരു രാത്രിയിൽ അദ്ദേഹത്തിന്റെയടുത്ത് ഒരു സ്ത്രീ വന്നിരുന്നു. മിനി ഞ്ഞാന്ന് അവൾ അദ്ദേഹത്തെ കല്ക്കത്തയ്ക്കു കൊണ്ടുപോയി. ജോഷിജി എന്നോട് 'ഏതു സ്ത്രീ' യെന്നു ചോദിച്ചു. എപ്പോഴും 'മീനിങ്' ചോദിക്കുന്നവളാണോ? ഷെർലക്ഹോംസിനെയും മിനി ഞ്ഞാന്നു രാത്രി ഒരു സ്ത്രീവന്ന് ലണ്ടനിലേക്കുകൊണ്ടുപോയെന്നും അവളും 'വാട്ട് ഡസിറ്റ് മീൻ' എന്നു ചോദിക്കുന്നവളാണെന്നും ഞാൻ ജോഷിയോടു പറഞ്ഞു.

അവിടെ നിന്ന് കാഡൽറോഡിൽ – ഖലീക്കിന്റെ വീട്ടിൽ. ഖലീക്

ഭാര്യാവിയോഗമനുഭവിക്കുകയായിരുന്നു. അയാളുടെ സുന്ദരി കലഹിച്ച് സ്വന്തം വീട്ടിൽപോയി. അവളുടെ വീട് വെണ്ണപ്രിയനായ സംഗീതജ്ഞ ന്റേതാണോ എന്ന് ഖലീക്കിനു സംശയമുണ്ടായി. ഇതിനിടയ്ക്ക് ഖലീക് ശ്രീകാന്തുമായി ശരിക്കും വഴക്കുണ്ടാക്കി. ഒടുവിൽ മധ്യസ്ഥ തീരുമാനമുണ്ടായി–ഖലീക്കിനു പ്രതിഫലവും ഫുൾക്രെഡിറ്റും കിട്ടും. എന്നാൽ ശ്രീകാന്തൻ പണ്ഡിത് ജനാർദനനെന്നൊരു ലേഖകനെ ക്കൊണ്ട് പരിശോധിപ്പിച്ച് മാറ്റം വരുത്തും. പണ്ഡിതന് അഡീഷണൽ ഡയലോഗ്സിന്റെ ക്രെഡിറ്റ് കിട്ടും. വളരെ നേരം ഖലീക് ശ്രീകാന്തി നെയെന്നവണ്ണം ഈ പണ്ഡിതനെയും പ്രാകിക്കൊണ്ടിരുന്നു. ഇയാൾ നൂറു ശതമാനം ആധുനിക ബാലനായിരുന്നു; തന്റെ ബാലത്വം മറ യ്ക്കുന്നതിനുവേണ്ടി പഴയ തലമുറയിലെ തിരക്കഥാകൃത്തുക്കളുടെ ബിരുദമെടുത്തണിഞ്ഞെന്നു മാത്രം.

ഖലീക് തന്റെ നോവലിലെ കുറച്ചുഭാഗം വായിച്ചുകേൾപ്പിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. അത് ദസ്തേയ്‌വ്സ്കിയുടെ അശ്ലീല നിബ ന്ധമുള്ള 'ബിഗ് ക്യാൻവാസ്' എന്ന കൃതിയാണെന്നു മനസ്സി ലാക്കിക്കൊണ്ട് ജോഷി ആ പ്രസ്താവന സ്വാഗതം ചെയ്തു. എന്നാൽ ഇത് മറ്റൊരു നോവലായിരുന്നു. അതിന്റെ 'ക്യാൻവാസ്' രണ്ടു ജോഡി കാലുകൾക്കിടയിലെങ്ങോ നഷ്ടപ്പെട്ടുപോയിരുന്നു. ഒരു ജോഡി കാല് അഹ്സാൻ നക്‌വി എന്ന ചലച്ചിത്ര ലേഖകന്റെയും മറ്റേ ജോഡി കാല് ചന്ദ്രകല പാരീഖ് എന്ന ധനികയായ മുൻ എഴുത്തുകാരിയുടെയുമാ യിരുന്നു. ഇതും ഒരശ്ലീല പുസ്തകം തന്നെ.

ജോഷിജി കുറച്ചുഭാഗം കേട്ടപ്പോൾതന്നെ ക്രുദ്ധനായി. അദ്ദേഹം ഖലീക്കിനെ തടഞ്ഞു, "കറപ്പുതീനികളുടെ പ്രസാധകനിൽ നിന്ന് നിങ്ങൾ അഡ്വാൻസ് വാങ്ങിയിട്ടുണ്ടോ?"

ഖലീക് പറഞ്ഞു, "ഗ്രോവ് പ്രസിൽ! ഇത് ഹെൻറി മില്ലറുടെ കഥ കളുടെ നിലവാരത്തിലുള്ള സാധനമാണ്, സഹോദരാ!"

"ട്രാഷാണ്!" ജോഷിജി വിളിച്ചുകൂവി. "താരാ ഝാവേരിയേ പ്പോലെ ഉത്തമയായ ഒരു സ്ത്രീയെ തെരുവുവേശ്യയാക്കി സ്വന്തം നിലവാരത്തിലേക്കു താഴ്ത്തുകയാണോടാ, തെണ്ടീ!"

"ഞാൻ താഴ്ത്തുകയാണോ?" ഖലീക് പറഞ്ഞു, "നിങ്ങളല്ലേ അവൾ വേശ്യയാണെന്നും പിശാചാണെന്നുമൊക്കെപറഞ്ഞത്? ഞാൻ അതു പകർത്തിയെന്നേയുള്ളു. അപൂർവസുന്ദരിയും രസികത്തിയും കൗശലക്കാരിയുമായ യുവതി!"

"നിങ്ങൾ അവളെ പ്രേമിച്ചിരുന്നില്ലേ, ഖലീക്? പിന്നെന്താണിങ്ങ നെയെല്ലാമെഴുതിയത്?" മനോഹർ ദുഃഖത്തോടു ചോദിച്ചു.

"പ്രേമിക്കുന്ന അലവലാതികളുടെ കൂട്ടത്തിൽ നിങ്ങളെന്നെ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?" ഖലീക് പറഞ്ഞു, " അവളെന്നെ ഉപ

യോഗിക്കുകയായിരുന്നു, ഞാനവളെയും."

"നിങ്ങളെ ഉപയോഗിക്കത്തക്കവണ്ണം എന്തു മഹത്ത്വമാണുള്ളത്?" ജോഷിജി വെല്ലുവിളിച്ചു.

"നിങ്ങൾ കാതിൽ പഞ്ഞിതിരുകിക്കൊണ്ടായിരിക്കണം എന്റെ നോവൽ കേട്ടത്!" ഖലീക് പറഞ്ഞു. "എക്സൈസ്, ഇൻകംടാക്സ്, കസ്റ്റംസ് തുടങ്ങിയവകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥന്മാരുമായി അവൾ ഞാനെഴുതിയ ഗസലുകളുപയോഗിച്ചു പ്രേമം നടിച്ചുനടന്ന വാർത്ത നിങ്ങളും കേട്ടുകാണും. ഈയുള്ളവൻ അവൾ പറഞ്ഞതനുസരിച്ച് ഈ വകുപ്പുകളിലെ ഏതെങ്കിലും ഓഫീസറുടെ അധ്യക്ഷതയിൽ ആ പിശാചിന്റെ സൗജന്യ കവിതാപാരായണം നടത്തിയിരുന്നു. അവൾ താങ്കളെക്കൊണ്ട് എന്തുചെയ്യിച്ചു? അതോ താങ്കൾക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ലേ?"

"ഖലീക്, നിങ്ങൾ കള്ളം പറയുന്നു." ജോഷിജി പറഞ്ഞു, "അവൾ പറഞ്ഞതനുസരിച്ചു കള്ളം പറയുന്നു. ഈ നാറുന്ന നോവൽ പോലും അവൾ പറഞ്ഞതനുസരിച്ച് എന്നെ കേൾപ്പിക്കാൻവേണ്ടി നിങ്ങളെഴുതിയതാണ്. നിങ്ങൾ അവളുമായി ഒത്തുകളിക്കുകയാണ്. എന്നെ ചുറ്റിക്കാൻ വേണ്ടി കള്ളം മെനഞ്ഞെടുത്തതാണ്."

ഖലീക് ചിരിച്ചു, "താങ്കൾക്ക് പാരനോയിയ ആണ്. നിങ്ങളെ ഉദ്ദേശിച്ച് കള്ളം മെനഞ്ഞെടുക്കാൻ ആർക്കാണിത്ര താല്പര്യം? സ്വന്തം രൂപം കണ്ണാടിയിൽ കണ്ടിട്ടുണ്ടോ? ഓൾഡ്കോഫിഹൗസിൽ കാപ്പി കുടിച്ചു കുടിച്ച് താങ്കൾ ബേസിക്കലി സെൻടിമെന്റൽ ഇഡിയറ്റ് ആയി ത്തീർന്നു."

"എന്നെപ്പോലുള്ള ഇഡിയറ്റ്സിനെ ശകാരിക്കരുത് ഖലീക് സാർ!" ഞാൻ പറഞ്ഞു, " ഇഡിയറ്റ്സിന്റെ എച്ചിൽ തിന്നാണ് താങ്കൾ ജീവിക്കുന്നത്."

ഖലീക് ഫ്രീസ്റ്റൈലിൽ കോർത്തു. ജോഷിജിയുടെ പ്രേരണയ്ക്കു വശംവദനായി ഞാൻ മുഴുവൻ ശക്തി സംഭരിച്ച് അയാൾക്ക് മൂന്നുനാല് അടി കൊടുത്തു. അതിനുപകരമായി അയാൾ തികഞ്ഞ ഫൗൾ ചെയ്തു - എന്റെ അടി വയറ്റിൽ ഇടിച്ചു. ഞാൻ വേദനകൊണ്ടു പുളഞ്ഞു.

ഖലീക് അടിസ്ഥാനപരമായി സെൻടിമെന്റൽ ഇഡിയറ്റിനെപ്പോലെ സംസാരിച്ചു തുടങ്ങി. അയാൾ പറഞ്ഞു, "ഈ അടിപിടി നടത്തുന്നത് നമ്മളല്ല, ആഗ്രഹപൂർത്തിയുണ്ടാകാത്ത, നിർദയമായ, അപരിഷ്കൃതമായ പട്ടണം നമ്മെക്കൊണ്ട് ചെയ്യിക്കുന്നതാണ്." അയാൾ ജോഷിജിയെ അടുത്തുള്ള ഒരു ചെറിയ റസ്റ്റോറന്റിൽ ചായ വാങ്ങിക്കൊടുക്കാൻ കൊണ്ടുപോയി. ഈ മൂഡിൽ മനോഹർ വീണ്ടും താരാ ഝാവേരിയുടെ കാര്യം ചർച്ച ചെയ്തു. മുന്തിയവൾ പറഞ്ഞ -

ഹുണ്ടികക്കച്ചവടക്കാരനു ദേവീകൃപകൊണ്ടു മകളെ കിട്ടിയ കഥ പറഞ്ഞുകേൾപ്പിച്ചു. ഖലീക് പുഞ്ചിരിച്ചു, "അവൾ ഒന്നാം നമ്പർ വഞ്ചകിയാണ്. ഇത് അവളെഴുതിയ ഒരു കഥയാണ്. എന്നോടും പറഞ്ഞിട്ടുണ്ട്."

പിന്നീട് ഖലീക് ജോഷിജിയെ കടപ്പുറത്തേക്കുള്ള റോഡിൽ ഉലാത്താൻകൊണ്ടുപോയി. അത് ഹൈസാബാദ് റോഡാണെന്നും പെൺകുട്ടികളുടെ കോളേജ് ഐ.ടി.യുടെ മുമ്പിലൂടെയാണു നടക്കുന്നതെന്നും തോന്നുമായിരുന്നു. ബർക്കിലിവലിയും വർത്തമാനം പറച്ചിലും, മനസ്സിലായോ! ഒരു വ്യത്യാസം മാത്രം. മുമ്പ് ഈ മാന്യന്മാർ 'വിദറിങ് എവേ ഓഫ് സ്റ്റേറ്റി'നെപ്പറ്റി സംഭാഷണം നടത്തുമായിരുന്നെങ്കിൽ, ഇപ്പോൾ 'വിദറിങ് എവേ ഓഫ് സോൾ' ആയിരുന്നു ചിന്തനീയമായ വിഷയം. മുമ്പ് ഖലീക് രാജ്യാധികാരത്തിന്റെ നാശത്തെക്കുറിച്ചു ചെയ്യുന്ന പ്രഭാഷണം ജോഷിജി ഒരഭിപ്രായവും പ്രകടിപ്പിക്കാതെ കേട്ടുകൊണ്ടിരിക്കുമായിരുന്നു, ഇന്ന് ആത്മാവിന്റെ നാശത്തെക്കുറിച്ചു ഖലീക് നടത്തുന്ന പ്രഭാഷണം വെറുതേ കേട്ടുകൊണ്ടിരിക്കുന്നു.

ഖലീക്കിന്റെ അഭിപ്രായങ്ങൾ ഇവയാണ്– (1) നീലനിറത്തിലുള്ള ഉയർന്ന പുൽമേടുകൾക്കും നീലക്കടലിനുമപ്പുറത്ത് ഞാനൊരു പുതിയ ലോകം കണ്ടെത്തുമെന്നും അവിടെയും അമേരിക്കതന്നെ സ്ഥാപിക്കുമെന്നും ഹാർട്ട് ക്രെയ്നെപ്പോലെ ഞാനും കൊളംബസായി പറഞ്ഞുവെന്നുള്ളതു ശരിയാണ്. (2) നമ്മൾ ഒരു മോശപ്പെട്ട രാജ്യത്ത് മോശപ്പെട്ട സമയത്ത് ജനിച്ചവരാണ്. സർവത്ര തരംതാണ അവസ്ഥയിൽ തരംതാണ ഒരു രാജ്യത്ത്. ഏതെങ്കിലുമൊരു വ്യക്തി തനിക്കുചുറ്റുമുള്ള നിലവാരമില്ലായ്മയിൽ നിന്നുയർന്ന് പുതിയൊരു സാഹചര്യം സൃഷ്ടിച്ചേക്കാം. എന്നാൽ വാസ്തവത്തിൽ ആ വ്യക്തി ഞാനല്ല. ചരിത്രത്തിനു മാത്രം വലിയവനാക്കാൻ സാധിക്കുന്ന വ്യക്തികളിലൊരുവനാണു ഞാൻ. (3) ഈ നിലവാരമില്ലായ്മകൊണ്ടു മിച്ചമൊന്നുമില്ലെങ്കിൽ പിന്നെ ഞാൻ പണത്തിനുവേണ്ടി ഇവിടെ ബോംബെയിൽ തരംതാണവനായി കഴിയുന്നതെന്തിന്? നിലവാരമില്ലായ്മയ്ക്ക് വിലക്കൂടുതലുള്ള ഹോളിവുഡിൽ പോയാലെന്താ? ആനയെത്തിന്നാലെന്താ, മനസ്സിലായോ? (4) സോഫയിലിരുന്ന് എന്തെങ്കിലും ചെയ്യുമ്പോൾ ആത്മീയമായ വൈഷമ്യം അനുഭവപ്പെടുകയും മോഡയിലിരിക്കുമ്പോൾ സ്വസ്ഥത ലഭിക്കുകയും ചെയ്യത്തക്കവിധത്തിൽ ദൈവം തമ്പുരാൻ എന്നെ സൃഷ്ടിച്ചതെന്തിന്? ആ സ്ഥിതിക്ക് ബോംബെയിൽ താമസിക്കാനെന്താ, എന്നെ പേപ്പട്ടി കടിച്ചിട്ടുണ്ടോ? (5) മധ്യവർഗത്തിനെ നാം ചീത്ത വിളിക്കുന്നത് നമ്മൾ അടിസ്ഥാനപരമായി മധ്യവർഗത്തിൽപെട്ടവരാണെന്നതിന്റെ ലക്ഷണമാണ് (6) എക്സ് കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ എഴുതി ഓരോ അലവലാതി അമേരിക്കയിലോ ഇംഗ്ലണ്ടിലോ ബോംബെയിലോ പോകുമ്പോൾ ഞാൻ മാത്രം ബലിയാഗ്രാ

മത്തിലും മധ്യവർഗത്തിലും മടങ്ങിപ്പോകണോ? ഞാൻ ബലിയായിൽ ചെന്ന് അപ്പച്ചിയുടെ മകളെ വിവാഹം ചെയ്യും, കോളേജിൽ അധ്യാപകനാകും, ചെറുപ്പക്കാർക്കുവേണ്ടി പെൺമക്കളുടെ ഒരു പടയെ ഒരുക്കി നിർത്തും, കുട്ടികൾക്കുവേണ്ടി പാട്ടുകളെഴുതും, പത്രം മാത്രം വായിക്കും, വൈകുന്നേരം ഹുക്കവലിക്കും, തെമ്മാടികൾ എല്ലാം തുലച്ചെന്നു വിലപിക്കും. (7) ഇനി, 'ഇൻകിലാബി'ന്റെ ഷൂട്ടിങ് തുടങ്ങുമ്പോൾ എന്നെയും സെറ്റിലേക്കു വിളിക്കുക.

ജോഷിജി കോർത്തു. 'നിങ്ങളെന്താ പറയാനാഗ്രഹിക്കുന്ന'തെന്ന ശൈലിയിൽ വാക്‌യുദ്ധമാരംഭിച്ചു. ജോഷിജി പെട്ടെന്ന് വിപ്ലവകാരിയായി മാറി. സംഘക്കാരെ കാണുമ്പോൾ കമ്മ്യൂണിസ്റ്റാവുക, കമ്മ്യൂണിസ്റ്റുകാരെ കാണുമ്പോൾ സംഘക്കാരനാവുക-ഇതാണദ്ദേഹത്തിനാനന്ദം. ഡിഫറന്റാകുന്ന സമ്പ്രദായം. ഞാൻ പലതവണ ഉപദേശിച്ചു, 'സംഘക്കാരെ കാണുമ്പോൾ അവരെപ്പോലെ സംസാരിക്കുക, കമ്യൂണിസ്റ്റുകാരെ കാണുമ്പോൾ അവരെപ്പോലെ സംസാരിക്കുക' എന്നാൽ അത് അവസാരവാദമാണത്രേ! ഇപ്പോൾ അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്നതെന്താണാവോ! ഈ ബുദ്ധിപരമായ ജല്പനത്തിനിടയിൽ ഖലീക് ചിലകാര്യങ്ങൾ ശക്തിയായി പറഞ്ഞു ഒന്നാമതായി, ഖലീക് മോഢയിലിരുന്ന് പത്രം വായിച്ചുകൊണ്ട് അലവലാതികൾ എല്ലാം നശിപ്പിച്ചെന്ന് പറയുമ്പോൾ ജോഷിജി മുതലായവർ പ്രതീകാത്മകമായി എന്താണെഴുതാനോ പറയാനോ പോകുന്നത്? രണ്ടാമത്, റൊട്ടിയും പരിപ്പും വിതരണം ചെയ്യുന്നതിൽ അല്പം തിരിമറി കാണിക്കുന്ന ഖലീക് അന്തസ്സാരശൂന്യനും നെറികെട്ടവനുമാണെങ്കിൽ അഴുക്കുപുരണ്ട കാലുകൾ സോഫയിൽ കയറ്റിവച്ച് ഇരിക്കുന്ന ജോഷിജി പിശാചിന് എങ്ങനെ സത്യസന്ധനാകും? സത്യസന്ധമായി ഒരു പകുതി റൊട്ടിപോലും കിട്ടാത്ത ഈ രാജ്യത്ത് അമേരിക്കൻ പ്ലാനനുസരിച്ചുള്ള ബ്രേക്ക് ഫാസ്റ്റ് എവിടുന്നു കിട്ടും? മൂന്നാമത്, ജോഷിജിക്ക് വിശിഷ്ടമായ ഒരു ആത്മാവ് അഥവാ സോൾ ഉണ്ടെന്നാണ് അനുമാനമെങ്കിൽ അതിനെക്കാൾ ഭേദപ്പെട്ട എന്റെ ചെരിപ്പിന്റെസോൾ അദ്ദേഹം കാണട്ടെ. നാലാമത്, ഖലീക് അടിസ്ഥാനപരമായി ഗ്രാമത്തിലെ അധ്യാപകനാണെങ്കിൽ ജോഷിജി അടിസ്ഥാനപരമായി കുമയുൺ പയ്യനാണ്. അവന് ബോംബെയിൽ ബൂർഷ്വായുടെ പാത്രം കഴുകാൻ സാധിക്കും. അല്ലെങ്കിൽ സ്വയം ബൂർഷ്വയായിത്തീരാൻ എന്തുപറയാനും എന്തു ചെയ്യാനും സാധിക്കും.

അവസാനത്തെ വാക്യം കേട്ടപ്പോൾ ഞാൻ വീണ്ടും അടിപിടി നടത്തണമെന്ന് ജോഷിജി നിർബന്ധിച്ചു. എന്നാൽ ഞാൻ തടഞ്ഞു. ഇവർ വാക്‌യുദ്ധമാരംഭിക്കും, ഞാൻ ശാരീരിക പീഡനമനുഭവിക്കണം! സ്വന്തം മനസ്സിൽ അപരാധബോധം ജനിപ്പിക്കണമെന്നുണ്ടെങ്കിൽ അത്

ഹൈസർക്കിളിൽ പോയി ചെയ്യ്. ജോഷിജിക്ക് ഞാൻ പറഞ്ഞത് ബോധ്യമായി.

വാരഫലക്കാരൻ മനോഹർശ്യാം ജോഷിക്ക് വളരെ നല്ലതെന്നു പറഞ്ഞ ഒരു ദിവസമുണ്ടായിക്കാണണം. ഡോഭാൻവാലയുടെ വീട്ടിൽ ഒരു പുതിയ സന്ന്യാസിസഭ ഒത്തുകൂടിയിരുന്നു, മഹാബോർ! വട്ടമേശസമ്മേളനത്തിൽ ഇന്ന് വാദപ്രതിവാദത്തിനുള്ള വിഷയം 'ഹംഗർ' ആണ്– വിശേഷിച്ചും 'പ്രോട്ടീൻ ഹംഗർ.'

ബോറടി സിദ്ധാന്തത്തെക്കുറിച്ച് ആരെങ്കിലും താങ്കളോടു പ്രതിപാദിച്ചിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. ലഖ്നൗ കോഫിഹൗസിൽ സർദാർ ത്രിലോചൻ ഈ അഭിപ്രായം പ്രകടിപ്പിച്ചിരുന്നു. അതിൻപ്രകാരം കിഴക്ക് കിഴക്കിനോടും, പടിഞ്ഞാറ് പടിഞ്ഞാറിനോടും ബോറടിച്ചു കഴിഞ്ഞു. അതിനാൽ പടിഞ്ഞാറിനു കിഴക്ക് ഒരു രസകരമായ വസ്തുവാണ്. കിഴക്കിനുപടിഞ്ഞാറും. ഈ പോയന്റ് മനസ്സിൽ വച്ചുകൊണ്ട് കയറ്റുമതി– ഇറക്കുമതിയാരംഭിക്കണമെന്നാണ് സർദാറിന്റെ വിചാരം. ഇവിടെനിന്ന് ഒരു സാധാരണ കാളവണ്ടി കയറ്റി അയയ്ക്കാം, അവിടെ നിന്ന് ഒരു കാഡിലാക്ക് വാങ്ങിക്കാം. മനസ്സിലായോ, സാർ? ഇവിടുന്ന് രവിശങ്കറിനെ അയയ്ക്കാം, അവിടുന്ന് മെനുഹിനെ വരുത്താം. ഇവിടുന്ന് ഒരു ബണ്ടിൽ ഉപനിഷദ് അയയ്ക്കാം, അവിടുന്ന് കിർക്കഗാർഡ് വചനങ്ങൾ വരുത്താം. ഈ സിദ്ധാന്തമനുസരിച്ച് വിശപ്പുകൊണ്ട് ബോറടിച്ചുകിടക്കുന്നവർ ഒരിക്കലും വിശപ്പിനെക്കുറിച്ച് വാദപ്രതിവാദത്തിലേർപ്പെടുകയില്ല. ആ തെണ്ടികളെ സംബന്ധിച്ചിടത്തോളം 'ടോപ്പിക് ഫോർ ടുനൈറ്റ്' ഇതാണ്–ഈ വർഷം ഖത്രികളുടെ വീട്ടിലെ വിവാഹത്തിനുശേഷം മിച്ചം വന്ന പൂരി എറിഞ്ഞുകൊടുത്തതാണോ, കഴിഞ്ഞ വർഷം അമ്പലത്തിലെ ബ്രാഹ്മണർ വിതരണം ചെയ്തപ്രസാദമാണോ കൂടുതൽ രുചികരം? നിറയെതിന്നുതിന്നു മടുത്തയാളുകൾക്കാണ് വ്രതം, ഉപവാസം, മിറക്ക്ൾ ഡയറ്റ്, വേൾഡ്ഹംഗർ ഡിസ്കഷൻ മുതലായവയിൽ താല്പര്യം.

ജോഷിജിക്ക് ഈ വിവാദത്തിൽ ദേഷ്യം തോന്നി. എന്നാൽ, ബുഭുക്ഷാനാഥനെ ഭജിക്കുമ്പോൾ ഒരിക്കലും ആഹാരം കഴിക്കാതിരിക്കരുതെന്നു നിയമമുള്ളതുകൊണ്ട് ഞാൻ ജോഷിജിക്ക് പുഴുങ്ങിയ മുട്ട, പൊരിച്ച ഇറച്ചി, കശുവണ്ടി മുതലായവ തിന്നാൻ കൊടുത്തു. സദസ്സിൽ പ്രഭാഷണം നടത്തുന്നത് ഒരു ഡോക്ടർ നന്ദിനി നടേശനായിരുന്നു. അവരാകട്ടെ, ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ റിസർച്ച്, ഹാർവാർഡ് യൂണിവേഴ്സിറ്റി, ഓക്സ്ഫോഡ് എന്നിവിടങ്ങളിൽ ക്ഷുത്ഗവേഷണം നടത്തിയിട്ടുണ്ട്. ജരീൻ ജരീവാല എന്നുപേരുള്ള വിരൂപിയായ ഒരു വൃദ്ധ മാത്രമേ അവരെ ഇളക്കാൻ ശ്രമിക്കാറുള്ളൂ. വൃദ്ധ കൃഷ്ണമേനോനെ സ്നേഹിതനായും ഫ്രാൻജ്മേനോനെ മക

നായും കരുതിയിരുന്നു. നന്ദിനി, സ്നേഹിതരുടെ നന്ദു, പ്രോട്ടീന്റെ കുറവുമൂലം ദരിദ്രഭാരതീയ ശിശുക്കളുടെ മസ്തിഷ്ക വളർച്ച നിലച്ചുപോകുന്നതിൽ ഉൽക്കണ്ഠാകുലയായിരുന്നു. പ്രോട്ടീൻ ഹംഗർ ഇല്ലാതാക്കാൻ കപ്പലണ്ടിക്കു പ്രാധാന്യം നല്കിക്കൊണ്ട് രാജ്യവ്യാപകമായി അന്നദാനമന്ദിരങ്ങൾ. പ്രവർത്തിപ്പിക്കണമെന്ന് പ്രസ്താവന പുറപ്പെടുവിച്ചു. എന്റെയഭിപ്രായത്തിൽ വളരെ യുക്തിയുക്തമായ ഒരു പ്രസ്താവനയായിരുന്നു, അത്. എന്നാൽ ജോഷിജി ഉടക്കി, "ഈ രാജ്യത്ത് പട്ടിണിമരണമുണ്ടെന്നു റിപ്പോർട്ടു ചെയ്ത പത്രങ്ങളിൽ നിന്ന് ഇവിടെ പണപ്പിരിവിൽ തിരിമറിയുണ്ടെന്നും വായിച്ചുകാണും, മിസ് നടേശൻ."

ഫ്രങ്ക്ലിയാകാനാഗ്രഹിക്കുന്ന ഒരു നല്ല ബാലികയെ നന്ദു എന്നു വിളിക്കാതെ മിസ് നടേശനെന്നു വിളിക്കുകയും ഇംഗ്ലീഷിലാണെങ്കിലും അവളെ നിന്ദിക്കുകയും ചെയ്യുന്നത് ശരിയാണോ? അവൾ ശരിയായി പ്രതിരോധിച്ചു, "ദയവുചെയ്ത് അപരിചിതരെ വ്യക്തിപരമായി നിന്ദിക്കാതിരിക്കൂ."

ജോഷിജിയുടെ വിശദീകരണം, "ഞാൻ ഒരു വ്യക്തിയെയല്ല. രാഷ്ട്രത്തെ മുഴുവൻ കുറ്റപ്പെടുത്തുകയാണ്."

"അത് ഞാൻ കുറേക്കൂടി ശക്തിയായി എതിർക്കുന്നു" നന്ദു പറഞ്ഞു, "നീരദ് ചൗധരി താങ്കളുടെ മിശിഹായായിരിക്കും, എന്റെയല്ല."

"നീരദ്ചൗധരിയുടെ ജല്പനം നിങ്ങളെപ്പോലുള്ളവർ വായിക്കുന്നുണ്ടായിരിക്കും." ബുദ്ധിജീവി അഭിപ്രായപ്പെട്ടു, "ഈ രാജ്യം ദരിദ്രമാണ്. ഇപ്പോൾ ദാരിദ്ര്യമാണിതിന്റെ സംസ്കാരം. ആ സംസ്കാരത്തിൽ നിന്ന് ആരും അസ്പൃശ്യരല്ല. മിസ് നടേശൻ എങ്ങും നിങ്ങൾ ആഹ്വാനം ചെയ്യാനാഗ്രഹിക്കുന്ന ദയയും മമതയുമില്ല. തുണിയെടുത്തിട്ടു പകരം പാത്രം കൊടുക്കുന്നവർപോലും എടുക്കാൻ മടിക്കത്തക്കവണ്ണം കീറിപ്പറിഞ്ഞ വസ്ത്രമാണ് നമ്മൾ നഗ്നർക്കു ദേഹം മറയ്ക്കാൻ ദാനം ചെയ്യുന്നത്. കപ്പലണ്ടി വിതരണം ചെയ്യാൻ പത്തുലക്ഷം രൂപ സംഭരിക്കും, അതിൽ ഒൻപതുലക്ഷം നമ്മൾ പരസ്പരം പങ്കുവച്ച് അപഹരിക്കാമെന്ന വ്യവസ്ഥയിൽ. ഈ രാജ്യത്തിനെന്തുപറ്റിയെന്ന് നിങ്ങളാലോചിച്ചു നോക്കൂ. ഉപനിഷത്ത് പഠിച്ചവർ ഹനുമാൻസ്തുതി ചൊല്ലുന്നു; ലോകത്തെ സമുന്നത സംസ്കാരത്തിന്റെ അനന്തരാവകാശികൾ വെളിമ്പറമ്പിൽ മലവിസർജനം നടത്തുകയും, അതിനടുത്ത് പ്രോട്ടീൻ ഹംഗർ ഇല്ലാതാക്കുന്ന ധാന്യം തപ്പിപ്പെറുക്കുകയും ചെയ്യുന്നു."

നന്ദു പറഞ്ഞു, "ഫ്രാങ്ക്ലി -താങ്കൾ ഇടുങ്ങിയ മനഃസ്ഥിതിക്കാരനായ ഒരു റിവൈവലിസ്റ്റിനെപ്പോലെ സംസാരിക്കുന്നു. ഇതിനുശേഷം താങ്കൾ ശതചണ്ഡീയജ്ഞത്തിനു പണംപിരിക്കാൻ ടിന്നുമായി

ഇറങ്ങും. താങ്കളുടെ ആവേശം പ്രശംസനീയമാണ്, വാദം അബദ്ധജടിലവും."

ഇന്റലക്ച്വൽ ജോഷിജി അടിമുടി വിറച്ചു. അദ്ദേഹത്തെ മടയനെന്നു വിശേഷിപ്പിക്കുന്നു. നന്ദുവിനു കുറേക്കൂടി പറയാനുണ്ടായിരുന്നു, "അൺഫോർച്ചുനേറ്റ്ലി- മിസ്റ്റർ ജോഷീ, പട്ടിണി മാറ്റാൻ ശതചണ്ഡീയജ്ഞം നടത്താനൊരുമ്പെടുന്ന ആളുകളുടെ കൂടെയല്ല താങ്കൾ ഇവിടെ ഇരിക്കുന്നത്."

ജോഷിജി പറഞ്ഞു, "പ്രിസൈസ്‌ലി- ഇവിടെ എന്റെ കൂടെ ഇരിക്കുന്നയാളുകളുടെ അഭിപ്രായത്തിൽ ശതചണ്ഡിയുടെ പേര് കപ്പലണ്ടിയെന്നാണ്. മിസ് നടേശൻ, ശരാശരി ഇന്ത്യാക്കാരൻ ആത്മാഭിമാനമില്ലായ്മയും മഹത്ത്വമില്ലായ്മയും മൂലം മരണമടയുന്നത്ര പ്രോട്ടീനില്ലായ്മ മൂലം മരിക്കുന്നില്ല. ഈ പോരായ്മ ഒരു പ്രതീകാത്മകയത്നവും മൂലം ദൂരീകരിക്കാവുന്നതല്ല."

നന്ദു പറഞ്ഞു. "റിഗ്രറ്റബ്ലി- ഞാനൊരു വികാരജീവിയായ കവിയല്ല, സാമൂഹ്യശാസ്ത്രജ്ഞയാണ്. താങ്കൾ താല്പര്യപൂർവം മഹത്വം വിതരണം ചെയ്യൂ, ഞാൻ കപ്പലണ്ടി വിതരണം ചെയ്യാം. ഒരു പക്ഷേ, അതു തിന്ന് ശരാശരി ഇന്ത്യാക്കാരന് മഹത്ത്വം തിരികെ കിട്ടിയെന്നു വരാം."

നമ്മുടെ ഇന്റലക്ച്വൽ, റിവൈവലിസ്റ്റിൽ നിന്ന് റവല്യൂഷനറിയായി മാറി. അയാൾ പറഞ്ഞു, "ഡിസൈഡഡ്‌ലി- കപ്പലണ്ടിയിലൂടെ മഹത്വം തിരികെ കിട്ടുകയില്ല, മിസ് നടേശൻ, വിപ്ലവത്തിലൂടെ മാത്രമേ അത് കിട്ടുകയുള്ളൂ."

ജരീൻ ജരീവാല എഴുന്നേറ്റു പറഞ്ഞു, "ഇന്ററസ്റ്റിങ്ലി-കേൾക്കുന്തോറും ഈയുള്ളവൾ മുഗ്ദ്ധയായിത്തീരുന്നു." അവർ നടന്നുവന്ന് ജോഷിജിയുടെ വിറയ്ക്കുന്ന ചുണ്ടുകളിൽ ചുംബിച്ചു. വിടർന്ന നാസാദ്വാരങ്ങളിൽ 'കമ്പാരി' എന്ന മദ്യത്തിന്റെയും 'പയോറിയ' എന്ന രോഗത്തിന്റെയും സമ്മിശ്ര ഗന്ധം.

ജോഷിജി പറഞ്ഞു, "ഫൈനലി- മിസ് നടേശൻ, ആ വിപ്ലവം വായാടികളും കപ്പലണ്ടിക്കച്ചവടക്കാരുമായ നമ്മളെയെല്ലാം പറത്തിക്കളയും. ആ വിപ്ലവം..."

ഇത്തരം ഡയലോഗുകൾ പറയുന്നതിനു മുമ്പ് ജോഷിജി ഒരു കാര്യത്തിൽ മുൻകരുതലെടുക്കണം. വായിലെ മുറുക്കാൻ ചണ്ടി തുപ്പിക്കളഞ്ഞിട്ട് കുലുക്കുഴിയണം. പാക്കുകഷണം തൊണ്ടയിൽ കുടുങ്ങി. കണ്ടമാനം ചുമച്ചു. കുളിമുറിയിലേക്കോടി. ചുമച്ചു ചുമച്ച് മുറുക്കാൻ ചണ്ടിയോടൊപ്പം വാഷ്ബേസിനിൽ എന്തൊക്കെയോ ഛർദിച്ചു. വാഷ്ബേസിൻ അടഞ്ഞുപോയതുകൊണ്ട് അതൊന്നും ഒഴുകിപ്പോയില്ല. കണ്ണാടിയിൽ തന്റെ പ്രതിരൂപം കണ്ട് ജോഷിജി പറഞ്ഞു, "ഈ

കൊള്ളരുതാത്തവന്മാരുടെ രൂപം പോലും എനിക്കു വെറുപ്പാണ്." പെട്ടെന്ന് ഒരു മുന്നറിയിപ്പുമില്ലാതെ അയാളുടെ ഹൃദയത്തിന്റെ ഒരു സ്പന്ദനം വിട്ടുപോയി. അതിനെ തുടർന്ന് അയാളുടെ തൊണ്ട തുപ്പലിറക്കാൻ മറന്നുപോയി. ജോഷിജി വല്ലാതെ വിയർത്തു. മനോഹർ പറഞ്ഞു, "ഞാൻ മരിക്കാൻ പോകുന്നു."

ഞാൻ ഒരു പ്രകാരത്തിൽ ജോഷിജിയെ ഡ്രായിങ്റൂമിൽ തിരികെ കൊണ്ടുപോയി. 'എന്റെ ഹൃദയം നില്ക്കാൻ പോകുന്നു, എനിക്ക് കൊറാമീൻ തരൂ' എന്നുവിളിച്ചു പറയാൻ അയാളാഗ്രഹിച്ചു. പക്ഷേ, ഞാനയാളെ തടഞ്ഞു. അയാളുടെ ഹൃദയത്തിന്റെ ഒരു സ്പന്ദനം കൂടി മിസ് ചെയ്തു.

ജരീൻ ജരീവാല പറഞ്ഞു, "കുട്ടീ, നിങ്ങൾ വിപ്ലവം നടത്തുമ്പോൾ ഈ വൃദ്ധയെ മറക്കരുത്. വിപ്ലവത്തിൽ മരിക്കുന്നത് എനിക്കിഷ്ടമായിരിക്കും."

സമിതിയിലെ ഒരു മെലിഞ്ഞ പെൺകുട്ടി ഗിത്താറിന്റെ കമ്പി ചലിപ്പിച്ചു പാടി, "വാട്ട് ഏ ഡിലൈറ്റ്ഫുൾ വേ ടു ഡൈ..."

ഇവിടെയും ആ ബോറടി സിദ്ധാന്തം അപ്ലൈചെയ്യാവുന്നതാണ്. ജോഷിജിയുടെ പ്രാണൻ പോകുമെന്ന അവസ്ഥ. നൂറു ശതമാനം ആരോഗ്യമുള്ള ദേവിമാർ മരണത്തെ കളിതമാശയായി കാണുന്നു.

"എനിക്കു നല്ല സുഖമില്ല." ഞാൻ ഡോഭാൻവാലയോടു പറഞ്ഞു, "എന്നെ ഡോക്ടർ ദേശായിയുടെയടുത്ത് കൊണ്ടുപോകൂ."

ഡോക്ടർ ദേശായി എന്നെ പരിശോധിച്ചശേഷം പറഞ്ഞു, "നിങ്ങൾക്കു തന്നിരിക്കുന്ന ഗുളിക കഴിക്കുന്നിടത്തോളം കാലം മദ്യം ഒഴിവാക്കണം." 'സ്ത്രീ'യുടെ കുറിപ്പടി എന്തായെന്നറിയാൻ അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. ആ കുറിപ്പടിയാണ് ഈ ദുരവസ്ഥയ്ക്കു കാരണമെന്ന് അദ്ദേഹത്തെ ആര് പറഞ്ഞു മനസ്സിലാക്കും? ഡോക്ടർ ദേശായിയുടെ ക്ലിനിക്കിൽ നിന്ന് ഗസ്റ്റ് ഹൗസിലേക്കു കൊണ്ടുപോകുമ്പോൾ ഡോഭാൻവാല താരാ ഝാവേരിയുടെ ബിസിനസ്സ് മെച്ചപ്പെട്ട നിലയിൽ നടക്കുന്ന കാര്യം പറഞ്ഞു.

ഡോഭാൻവാലയോടു യാത്രപറഞ്ഞശേഷം ജോഷി വീണ്ടും **വീണ്ടും ഒരേ വാക്ക് ജപിച്ചുകൊണ്ടിരുന്നു, 'ഒബ്സീൻ' അഥവാ അശ്ലീലം. അദ്ദേഹത്തെപ്പോലുള്ള ഇന്റലക്ച്വലിന് ഖലീക്കിന്റെ നോവൽ, മൃത്യുഭയം, മുന്തിയവളെന്ന കടങ്കഥ, ഡോക്ടർ ദേശായിയുടെ അതിഭൗതിക ജീവിതദർശനം, ജരീൻ ജരീവാലയുടെ ചുംബനം വാർഡൻ റോഡിലെ തിക്കും തിരക്കും, മറ്റനേകം വസ്തുക്കൾ – എല്ലാം അശ്ലീലമായി തോന്നി. സംഭ്രമം ദൂരീകരിക്കുന്നതിനുവേണ്ടി ഞാൻ ചോദിച്ചു, "ഗുരു എന്തിനെയാണ് അശ്ലീലമെന്നു പറയുന്നത്?" ഗുരു പറഞ്ഞു, "കപ്പലണ്ടിയെ." മുന്തിയവളുടെ സ്ഥാനത്ത് കപ്പലണ്ടി**

സബ്സ്റ്റിറ്റ്യൂട്ടായാൽ വിഷമത്തിനു പരിഹാരമാകുമെന്നു വിചാരിച്ച് ഞാൻ ആശ്വാസപൂർവം നിശ്വസിച്ചു.

എന്നാൽ അന്ന് ശുദ്ധഗോചരദിനമായിരുന്നു. മിസ്റ്റർ തലാട്ടി ഒരു ഷീറ്റ് വിരിച്ചു കിടക്കുകയായിരുന്നു. ഡിന്നർ ഉപേക്ഷിച്ചു. ഒരു ഗ്ലാസ് പാൽ മാത്രം കുടിച്ചു. മിസ്റ്റർ തിർഖായെ മിസ്റ്റർ ദിലേലി ഉറക്കമിളയ്ക്കാൻ വിളിച്ചുകൊണ്ടുപോയി. ദിലേലി ചിലപ്പോഴൊക്കെ വീട്ടിൽ നടത്തുന്ന പൂജകൾക്ക് തിർഖാപുരോഹിതനെ നിർബന്ധിച്ചു വിളിച്ചുകൊണ്ടുപോകുമായിരുന്നു ചലച്ചിത്രഗാനങ്ങളുടെ റ്റ്യൂണിലുള്ള പഞ്ചാബി കീർത്തനങ്ങൾക്ക് സംസ്കൃതഭാഷാസ്പർശമേകുവാൻ. തിർഖാപുരോഹിതൻ ഇരുപത്തിനാല് കാരറ്റ് ബ്രാഹ്മണനാണെങ്കിലും ആരുടെയെങ്കിലും വീട്ടിൽ പോയി പൂജ നടത്തുന്നതിനു മടി കാണിച്ചിരുന്നില്ല. പ്രതിഫലമായി 'പൂംഗീഫല സമായുക്തം താംബൂലം' മാത്രമേ സ്വീകരിക്കാറുള്ളൂ. മനോഹറിന് അങ്ങേയറ്റം ബഹുമാനമുളവാക്കിയ ഒരു പോയിന്റായിരുന്നു അത്. മിസ്റ്റർ തലാട്ടി പറഞ്ഞു, "താങ്കൾ ബിസി അല്ലെങ്കിൽ ഒരു കാര്യം പറയാം, മിസ്റ്റർ ജോഷി. അന്ന് താങ്കൾ സഹോദരിയുടെ വീട്ടിലല്ല പോയത്. താങ്കൾ തിരികെവരാൻ വൈകിയപ്പോൾ ഞാൻ അവരെ റിങ് ചെയ്തു."

ഞാൻ ദീർഘശ്വാസം വലിച്ചു, നിർത്തി, വിട്ടു. പുണ്ഡരീകാക്ഷായ നമഃ അതിന്റെ ഓഡിറ്റ് നടത്തിയോ! ഓഡിറ്റർ ഉവാച, "താങ്കളെവിടെപ്പോയി എന്ന് ഒരു ചെറിയ ഐഡിയ എനിക്കുണ്ട്. അതുകൊണ്ട് അടുത്ത ദിവസം മുതൽ ഞാൻ എന്റെ പ്രോമിസ് പൂർത്തിയാക്കാനുള്ള ശ്രമത്തിൽ മുഴുകി."

മിസ്റ്റർ തലാട്ടി എഴുന്നേറ്റു. പൂണൂലിൽ കെട്ടിയിട്ടിരുന്ന താക്കോൽ കൊണ്ട് അദ്ദേഹം അലമാര തുറന്നു. അതിൽ നിന്ന് ഒരു ഫയലെടുത്തു.

അഥ ഓഡിറ്റ് റിപ്പോർട്ട്

ന്യൂ ഹോസ്റ്റലിലെ വസൂരിക്കലയുള്ള ഭട്നാഗറിന്റെ 'കാർഡ് ഹോൾഡിങ് പ്രൊപ്പോസിഷനെ'ക്കുറിച്ച് നിങ്ങൾ ഒരു പക്ഷേ കേട്ടിരിക്കും. ചില രോഗികൾ, ഓരോ അവസ്ഥയിൽ എന്തെല്ലാം ചെയ്യണം, എന്തെല്ലാം ചെയ്യാൻ പാടില്ല എന്നൊക്കെ രേഖപ്പെടുത്തിയ ഒരു കാർഡ് എപ്പോഴും കൊണ്ടുനടക്കുന്നതുപോലെ ഒരോ വ്യക്തിയും നിത്യവും തന്റെ കുപ്പായത്തിൽ ഒരു കാർഡ് പിൻ ചെയ്തുകൊണ്ട് ഇറങ്ങുന്നത് നന്നായിരിക്കും. ആ കാർഡിൽ തന്നെപ്പറ്റിയും, തന്റെ ധാരണകളെപ്പറ്റിയും തൽക്കാലത്തെ മൂഡിനെപ്പറ്റിയും മറ്റും അത്യാവശ്യവിവരങ്ങൾ രേഖപ്പെടുത്തിയിരിക്കണം. അങ്ങനെ ചെയ്താൽ 'അർഥ'ത്തിൽ 'പീസ് ആൻഡ് ഹാർമണി' മുങ്ങിപ്പോകും. ഉദാഹരണത്തിന്, നിങ്ങൾ ഭാര്യയോടു കലഹിച്ച് വീട്ടിൽ നിന്നിറങ്ങുന്നു, മാലോകർക്ക് അതിനെക്കുറിച്ച് ഒരറിവുമില്ല. അല്ലെങ്കിൽ, യു.പി.ക്കാരുടെ ഒരു സംഘത്തിൽ ഒരു അറിയപ്പെടാത്ത കപൂർ വന്നിരിക്കുന്നു. അയാൾ തങ്ങളുടെ കൂട്ടത്തിലെ ഖത്രിയാണെന്നു വിചാരിച്ച് സംഘാംഗങ്ങൾ പഞ്ചാബികളുടെ അന്തസ്സിന് നിരക്കാത്ത കാര്യങ്ങൾ സംസാരിക്കുന്നു, അയാളാണെങ്കിലോ തനി മെയ്ഡ്-ഇൻ-ലുധിയാനാ. അതുപോലെതന്നെ, ജനം സഖാവെന്നു വിളിക്കുന്ന ഒരു മാന്യനോട് നിങ്ങൾ എം.എൻ. റോയിയെ നിന്ദിച്ചു സംസാരിക്കുന്നു. ഇതെല്ലാം ആവശ്യമില്ലാതെ തെറ്റിദ്ധാരണകൾക്കിടയാക്കുന്നു, സാർ. നീണ്ടുനിൽക്കുന്ന വഴക്ക്. മനസ്സിലായോ? അവർ കേൾക്കാതെ നിങ്ങൾക്കെന്തും പറയാം; ഒരു സമാധാനക്കുറവുമുണ്ടാവുകയില്ല.

ന്യൂ ഹോസ്റ്റലിലെ മാമാ (മാമാ നിന്റെ തന്ത!) രാജ്ദാൻ ഭട്നാഗർ ചാച്ചായുടെ ഈ പ്രൊപ്പോസിഷനു നേരേ ചോദ്യചിഹ്നമുയർത്തി. ഒന്നാമതായി, മുഴുവൻ വിവരങ്ങളും നല്കുന്നതിന് കാർഡ്പോരാ, റജിസ്റ്റർ ആവശ്യമായി വരും. രണ്ടാമതായി, ഈ ലോകത്ത് ധാരാളം വിദൂഷകരുണ്ട്. അവർ ഇതൊന്നും വായിച്ചില്ലെന്നുവരും. വായിച്ചാൽ അവർക്കോരോ ഫലിതം തോന്നും. ഓ, താങ്കൾ ഇന്നു വീണ്ടും ചേച്ചിയുമായി വഴക്കുണ്ടാക്കിയോ? ടെമ്പർ കൺട്രോൾ ചെയ്യണം, ബ്രദർ. പാവം എത്രകാലം ഇത് ടോളറേറ്റ് ചെയ്യും? ടോളറേഷന് ഒരു ലിമി

റ്റില്ലേ? പണ്ഡിറ്റ് ലീലാധർ (ടൈഗർ) തിവാരിയുടെ ചായക്കടയിൽ അന ന്തരവന്മാർ അമ്മാവന്റെ ഈ സംശയം ശ്രദ്ധേയമാണെന്നു സ്ഥാപിച്ചു. ഒരു മനുഷ്യനെ പൂർണമായി കേവലം ഒരു കാർഡിലൊതുക്കുന്നതിനെ സംബന്ധിച്ച് ചാച്ചായും മാമായും തമ്മിൽ വാദപ്രതിവാദം നടത്തി. അതെന്തെങ്കിലുമാകട്ടെ. ഞാനിവിടെ ഈ പ്രൊപ്പോസിഷനെക്കുറിച്ച് സൂചിപ്പിച്ചതിന് ഒരുദ്ദേശ്യമുണ്ട്. അക്കാലത്ത് ജോഷിജി തീർച്ചയായും ഒരു കാർഡ് തൂക്കിയിടണമായിരുന്നു, 'മുന്തിയവളെന്ന സ്ത്രീയെക്കു റിച്ച് ആരും എന്നോടു സംസാരിക്കാൻ പാടില്ല.'

കാർഡ് തൂക്കിയിടാഞ്ഞതിനാൽ മിസ്റ്റർ തലാട്ടി ഒരു ഫയൽ ജോഷിയുടെ മൂക്കിൽ തിരുകിക്കയറ്റിക്കൊണ്ടു പറഞ്ഞു, "ഇതാണ് ആ സ്ത്രീയെക്കുറിച്ച് എന്റെ ഓഡിറ്റ് റിപ്പോർട്ട്. അവളെക്കുറിച്ചുള്ള ജിജ്ഞാസയാൽ താങ്കൾ മനോരോഗം വളർത്തിക്കൊണ്ടിരിക്കുകയാ ണല്ലോ മിസ്റ്റർ ജോഷി."

മിസ്റ്റർ തലാട്ടി അത്യന്തം ക്രോധശീലനാണെന്ന് എനിക്കറിയാം. ഒരു ചെറിയ സംഗതിയുടെ പേരിൽ തന്റെ രണ്ടാമത്തെ മകനോടു വഴക്കിട്ട് ഉപജീവനം തേടി ബോംബെയിൽ വന്നയാളാണ്. എങ്കിലും ഞാൻ ആരോപണമുന്നയിച്ചു. "മിസ്റ്റർ തലാട്ടീ, എനിക്ക് ഈ തമാശ യിൽ ഒരു താല്പര്യവുമില്ല. താങ്കൾ ആ സ്ത്രീയുമായി ഒത്തുചേർന്നി രിക്കുകയാണ്. ഞാൻ കുട്ടിക്കാലത്ത് എന്റെ അമ്മയുടെ വയറ്റിലെ ഒരു മറുകിൽ വിരൽതൊട്ടുകൊണ്ടാണുറങ്ങിയിരുന്നതെന്നുപോലും താങ്കൾ അവളോടുപറഞ്ഞു."

"താങ്കളെന്തു നോൺസെൻസാണുപറയുന്നത്, മിസ്റ്റർ ജോഷീ?" വൃദ്ധൻ പറഞ്ഞു, "അന്നത്തേതിനുശേഷം ഞാൻ ആ സ്ത്രീയെ കണ്ടി ട്ടില്ല. ഞാനും മിസ്റ്റർ തിർഖായും അവളെ ഒരു ജന്റിൽമാനോടൊപ്പം കണ്ട ബാലകേശ്വറിലെ ആ വീട്ടിൽനിന്നാണ് ഇൻവെസ്റ്റിഗേഷൻ ആരം ഭിച്ചത്. ജന്റിൽമാന്റെ പേര് ഹർസുഖ്ഭായി ഖീംജി എന്നാണെന്ന് ഞാൻ മനസ്സിലാക്കി. അയാൾക്ക് ഓയിൽ, മൈനിങ്, ടുബാക്കോ, കെമിക്കൽസ് എന്നിവയിൽ വൻ ബിസിനസ്സ്. അയാളുടെ ബിസിനസ് കണക്ഷൻ മുഴുവൻ കണ്ടിട്ട് ഞാൻ ആ സ്ത്രീയുടെ സത്യം കണ്ടെത്തി. ഈ പ്രവൃത്തിയിൽ ഞാനെത്ര ടൈം ചെലവാക്കി, എത്രയാളുകളുടെ എന്തെല്ലാം സഹായം തേടി–നിങ്ങൾക്കതെല്ലാം വെറും തമാശ!"

"താങ്കൾ എന്നെപ്പറ്റി ഒരുപാട് കാര്യങ്ങൾ അവരെ ധരിപ്പിച്ചതായി ആ സ്ത്രീ തന്നെയാണ് എന്നോടുപറഞ്ഞത്." ഞാൻ റിപ്പോർട്ട് സ്വീക രിക്കാൻ വിസമ്മതിച്ചുകൊണ്ടു പറഞ്ഞു.

മിസ്റ്റർ തലാട്ടി പുഞ്ചിരിച്ചു. അദ്ദേഹത്തിന്റെ പുഞ്ചിരിയിൽ, ആശ്ച ര്യമെന്നുപറയട്ടെ, ഇന്ന് ഒരു കയ്പും അനുഭവപ്പെട്ടില്ല. അദ്ദേഹം

പറഞ്ഞു, "താങ്കൾ റിപ്പോർട്ട് വായിച്ചുനോക്കൂ, മിസ്റ്റർ ജോഷി. താങ്കൾക്കെല്ലാം മനസ്സിലാകും."

ഞാൻ റിപ്പോർട്ടു വായിച്ചു. മിസ്റ്റർ തലാട്ടി കഥാകൃത്തായിരുന്നെങ്കിൽ ഈ റിപ്പോർട്ടിനുപകരം ഒന്നുരണ്ട് ബെസ്റ്റ്സെല്ലർ എഴുതുമായിരുന്നു. അതിൽ ശിവചന്ദ്ര എന്നൊരാളിനെക്കുറിച്ചായിരുന്നു കഥ. ബർമയിൽ ജനിച്ച ശിവചന്ദ്രയുടെ വലിയമ്മാവൻ ബംഗാളിലെ ഭീകരവാദികളിലൊരാളായിരുന്നു. ബുദ്ധിശാലിയായ വിദ്യാർഥിയായിരുന്ന ശിവ അമ്മാവന്റെ സ്വാധീനത്തിൽപ്പെട്ട് എം.എ.ഫൈനൽ ഇയറിൽ പഠിത്തം നിർത്തി. പിന്നീട് എങ്ങനെയെന്നറിഞ്ഞുകൂടാ, ബ്രിട്ടീഷുകാർ അയാളെ പട്ടാളത്തിൽ ചേർത്തു. ഒരു പക്ഷേ, അപ്പോഴേക്കും അയാളുടെ അമ്മാവന്റെ ദൃഷ്ടിയിൽ ലോകമഹായുദ്ധം ജനകീയ സമരമായി മാറിക്കഴിഞ്ഞതുകൊണ്ടായിരിക്കാം. അല്ലെങ്കിൽ ബർമയെയും ബർമീസ് ഭാഷയെയും പറ്റി ശിവചന്ദ്രയ്ക്കുണ്ടായിരുന്ന ജ്ഞാനം പട്ടാളത്തിനു വളരെ പ്രയോജനകരമായതുകൊണ്ടായിരിക്കാം. ശിവ പി.ആർ.ഓ. ആയിരുന്നു. അതോ സി.ഐ.ഡി.യോ? ധീരതയ്ക്ക് ഏതോ പുരസ്കാരവും ലഭിച്ചു. പിന്നീട് ശിവ ജോലിയിൽ നിന്നു പിരിഞ്ഞ് കറാച്ചിയിലെത്തി. അവിടെ അയാൾക്ക് കോൺഗ്രസ് നേതാക്കളുമായി നല്ല അടുപ്പമുണ്ടായി. ഏതാനും സിന്ധികളുടെ കൂടെച്ചേർന്ന് ആദ്യമായി വ്യാപാരത്തിലേർപ്പെട്ടു. അവിടെനിന്ന് ഹോങ്കോങ്ങിലെത്തി. ഹോങ്കോങ്ങിൽ ഒന്നിനുപിറകേ ഒന്നായി വ്യാവസായിക വിസ്മയങ്ങൾ പ്രദർശിപ്പിച്ചു. പിൽക്കാലത്ത് ചൈനയും ഫോർമോസയുമായി ഉറ്റ ബന്ധം പുലർത്താൻ അയാൾക്കു സാധിച്ചു. ജപ്പാനിൽ ഒരു വലിയ ചരക്കു കപ്പൽ പണിയിച്ച് ലോകശ്രദ്ധയാകർഷിച്ചു. രണ്ട്, രണ്ടുകോടിയാക്കാൻ കഴിവുള്ള ഈ ഇൻഡ്യൻ ജീനിയസ് അന്താരാഷ്ട്ര വാണിജ്യമാസികകളിൽ ചർച്ചാവിഷയമായി. പിന്നീട് കമ്യൂണിസ്റ്റ്-കമ്യൂണിസ്റ്റിതര രാജ്യങ്ങൾ തമ്മിൽ രാഷ്ട്രീയ-വ്യാപാര സമ്പർക്കം മെച്ചപ്പെടുത്തുന്നയാളെന്ന നിലയിൽ ചർച്ചാകേന്ദ്രമായി. ചിലയാളുകൾ അയാളെ ഡബിൾ ഏജന്റായി ചിത്രീകരിച്ചു. കാര്യമെന്തായാലും രാഷ്ട്രീയ രംഗത്തെയും വാണിജ്യമേഖലയിലെയും ഉന്നതശീർഷരോടൊപ്പം ഈ സാമ്പത്തിക ഐന്ദ്രജാലികൻ അഥവാ തട്ടിപ്പുകാരൻ അഥവാ സി. ഐ.ഡി. സർവത്ര കാണപ്പെടുകയും കേൾക്കപ്പെടുകയും ചെയ്തു. മൂന്നാംലോകത്തിലെ ചെറുതും വലുതുമായ രാജ്യങ്ങളിൽ ഇയാൾക്കു വലിയ ഡിമാന്റുണ്ടായി-വ്യാപാരം നടത്തിക്കാൻ, പുതിയ വ്യവസായം തുടങ്ങാൻ, രാഷ്ട്രീയത്തിൽ കഴുത്തറ്റം മുങ്ങാൻ. അയാൾ ഭാരതത്തിലും കൂടെക്കൂടെവന്നുകൊണ്ടിരുന്നു. ഇവിടെയും അയാൾക്ക് അതേ സ്വാധീനമുണ്ടായിരുന്നു. പലതരത്തിലുള്ള രാഷ്ട്രീയക്കാരുമായി സമ്പർക്കം, വിശദമായി പദ്ധതികൾ, പണം തട്ടിയെടുക്കാനുള്ളതൊ

ഴിലുകൾ! പലതവണ കുടുങ്ങുകയോ കുടുക്കപ്പെടുകയോ ചെയ്തു. മൂന്നു തവണ പാപ്പരായി. ഒരു തവണ സന്ന്യാസം സ്വീകരിച്ചു. സ്വയം രചിച്ച ഇംഗ്ലീഷ് കവിതകളുടെ ഒരു സമാഹാരം തനിയെ അച്ചടിച്ചു വിതരണം ചെയ്തു. ഗോൾഫും ചെസ്സും ഒന്നാന്തരമായി കളിക്കുമായിരുന്നു. വിധുരനാണ്. ഒരു മകനുണ്ടായിരുന്നു ഇൻഡോനേഷ്യയിൽ ബിസിനസ് നടത്തുകയായിരുന്നു, ഒരു ദിവസം അവിടെ വനത്തിലെങ്ങോ സ്വന്തം വിമാനം സഹിതം കാണാതായി. ഹോങ്കോങ്ങിലും മനിലയിലും അയാൾ ദത്തെടുത്ത കുറേകുട്ടികൾ (അതോ അവിഹിതസന്തതികളോ?) ഉണ്ട്, അവരുടെ കാര്യങ്ങൾ ഭംഗിയായി നോക്കുന്നുണ്ട്. മതപരമായ ആചാരാനുഷ്ഠാനങ്ങളോട് ശിവചന്ദ്രയ്ക്ക് വലിയ താല്പര്യമുണ്ട്.

ഈ ആമുഖത്തിനുശേഷം മിസ്റ്റർ തലാട്ടി ഭാരതത്തിൽ ശിവയുടെ വ്യവസായത്തിന്റെ വർത്തമാന സ്ഥിതി വിവരിച്ചു. ഞാൻ അക്കങ്ങളിൽനിന്ന് കണ്ണുകളുയർത്തി മിസ്റ്റർ തലാട്ടിയുടെ മുഖത്തുറപ്പിച്ചുകൊണ്ടു ചോദിച്ചു, "മിസ്റ്റർ തലാട്ടീ, താങ്കൾ ഈ ചന്ദ്രചരിതം ഏത് അമേരിക്കൻ നോവലിൽ നിന്നിറക്കിക്കൊണ്ടുവന്നു?"

"താങ്കൾ ശിവചന്ദ്രയുടെ പേര് ഒരിക്കൽപോലും കേട്ടിട്ടില്ലേ?" തലാട്ടി ചോദിച്ചു, "എങ്ങനെ കാഠ്മണ്ഡുവിലേക്കോടിപ്പോയി? എങ്ങനെ അവിടെനിന്ന് ലണ്ടനിലെത്തി? എങ്ങനെ ദിവസവും പത്രത്തിൽ അയാളുടെ പേര് അച്ചടിച്ചു വന്നു? ഈ ഇൻഫർമേഷനെല്ലാം ഞാൻ ന്യൂസ്പേപ്പർ ഫയലിൽ നിന്നെടുത്തു."

ശിവചന്ദ്ര എന്ന പേര് ഏതോ രാഷ്ട്രീയാപവാദവുമായി ബന്ധപ്പെട്ട് തീർച്ചയായും കേട്ടിട്ടുണ്ട്. എന്നാൽ ജോഷിയുടെ ഇന്റലക്ചലിസം നാടൻ അപവാദം പോലും ശ്രദ്ധിച്ചുവായിക്കാൻ സമ്മതിക്കുന്നില്ല.

ഞാൻ പറഞ്ഞു, "ങാ, ഏതോ ശിവചന്ദ്രയുണ്ടെന്നിരിക്കട്ടെ. എന്നാൽ അയാൾക്ക് ഈ സ്ത്രീയുമായെന്തുബന്ധം?"

"ഫൈനാൻസ് മുഴുവൻ പഠിച്ചാൽ താങ്കൾക്കു മനസ്സിലാകും." ഓഡിറ്റർ തലാട്ടി പറഞ്ഞു, "ചന്ദ്ര, സന്ന്യാസം സ്വീകരിച്ചശേഷം ബിസിനസ്സിലേക്കു മടങ്ങിവന്നപ്പോൾ മുതൽ മഹാമായ എന്റർപ്രൈസസുമായിട്ടായി അയാളുടെ ഡീലിങ്സ്. മഹാമായയുടെ ഡീൽ കാലിയാ കോർപ്പറേറ്റുമായിട്ട്. കാലിയാ കോർപ്പറേറ്റ്, ഡീൽ നടത്തുന്നത് താരാ ഝാവേരിയുമായിട്ടാണ്. ഇത്രയും കാര്യങ്ങൾ മനസ്സിലായോ? ഇനി നോക്കുക. ബാലകേശ്വറിലെ ഹർസുഖ്ഭായി ഖീംജി, പെറ്റിക്കോട്ടിനുള്ളിൽ കടന്ന ജന്റിൽമാൻ, അയാളുടെ കൺസേൺ–ഹിമാലയാ കെമിക്കൽസ്. ഈ കൺസേൺ വളരെ ഫേവറബ്ൾ ടേംസിൽ തങ്ങളുടെ സോൾ സെല്ലിങ് ഏജൻസി സിദ്ധദാത്രി സർവീസസിനു നല്കി. ഈ

സിദ്ധദാത്രി ത്രിപുരാട്രേഡേഴ്സുമായി ഡീൽ നടത്തുന്നു. ഇത്രയും കാര്യം മനസ്സിലായോ?"

"ത്രിപുര അസംഖ്യമുണ്ടെന്നുകൂടി ഞാൻ മനസ്സിലാക്കി, മിസ്റ്റർ തലാട്ടീ." ഞാൻ ചോദിച്ചു, "പക്ഷേ, അതുകൊണ്ടെന്തു സംഭവിച്ചു?"

വൃദ്ധൻ പറഞ്ഞു, "അസംഖ്യാത്രിപുരാദേവീ, അസംഖ്യാതാ ചകാളികാ. മിസ്റ്റർ ജോഷി, വളരെ ശ്രദ്ധിച്ചു മനസ്സിലാക്കേണ്ട ചിലകാര്യങ്ങളുണ്ട്. ശിവചന്ദ്ര മഹാമായ വഴി നടത്തുന്ന ഏതു ഡീലിങ്ങിലും വളരെ ഇമ്പോർട്ടന്റായ ഒരു ലിങ്കാണ് താരാ ഝാവേരി. മനസ്സിലാക്കേണ്ട മറ്റൊരു പോയിന്റ് ഇതാണ്-ശിവചന്ദ്ര മഹാമായയുടെ ഡീലിങ്സിൽ ബന്ധപ്പെട്ടപ്പോൾ മുതൽ അയാളുടെ പണം താരാ ഝാവേരിയുടെയടുത്തേക്കൊഴുകി, താരയുടെ ശിവചന്ദ്രയുടെയടുത്തേക്കും. എത്ര ഏകമേകമായിത്തീർന്നു!"

ഞാൻ പറഞ്ഞു, "താരാ ഝാവേരി ഒരുന്നത കുടുംബത്തിലെ പെൺകുട്ടിയാണെന്ന് താങ്കൾ അന്നൊരിക്കൽ പറഞ്ഞു. അവൾ സിദ്ധയാണെന്നും താങ്കൾ പറഞ്ഞു. ഇനി ഇപ്പോൾ ഈ റിപ്പോർട്ടിലൂടെ താങ്കൾ പുതുതായി എന്തുപറയാനാഗ്രഹിക്കുന്നു?"

"താങ്കൾ അതിന്റെ പാറ്റേൺ കണ്ടില്ലല്ലോ മിസ്റ്റർ ജോഷീ!" മിസ്റ്റർ തലാട്ടി പറഞ്ഞു, "താങ്കൾക്ക് അക്കൗണ്ട് മനസ്സിലാകുന്നില്ല. ഞാൻ സാധാരണയായി ചിരിക്കാറില്ലെന്നു താങ്കൾക്കറിയാമല്ലോ. ഈ അക്കൗണ്ടിന്റെ പാറ്റേൺ മനസ്സിലാക്കിയപ്പോൾ ഞാൻ ചിരിച്ചുപോയി. വിശ്വസനീയമാംവണ്ണം കളവായ പാറ്റേൺ."

വളരെ കുറച്ചുമാത്രം സംസാരിക്കുന്ന തലാട്ടിയുടെ ഈ പുലമ്പൽ കേട്ടു ബോറടിച്ച ഞാൻ ചോദിച്ചു, "താരാ ഝാവേരിയെക്കുറിച്ച് താങ്കളുടെ മൊഴി മാറ്റിപ്പറയാനാഗ്രഹമുണ്ടോ?"

"താരാ ഝാവേരി ഒരുന്നത കുടുംബത്തിലെ ശ്രീമതിയാണെന്ന് ഞാൻ നിങ്ങളോട് നിരന്തരം പറഞ്ഞിരുന്നു. അവർ സ്വന്തം ഫാമിലിയെക്കുറിച്ച് എനിക്കുതന്ന ഡീറ്റെയ്ൽസെല്ലാം ശരിതന്നെ. ഈ റിപ്പോർട്ടു തയ്യാറാക്കുമ്പോൾ ഞാൻ എന്റെ ഗ്രാമത്തിലുള്ള ഒരാളിനെഴുതി-താരാ ഝാവേരിയുടെ ഗ്രാമത്തിൽപോയി വിവരങ്ങളന്വേഷിച്ചറിയിക്കുക. കഴിഞ്ഞ ദിവസം അയാളുടെ കത്തുകിട്ടി. ശാന്തിഭായി ഝാവേരിയുടെ ഗ്രാൻഡ് ഡാട്ടർ, താരകഭായി ഝാവേരിയുടെ ഡാട്ടർ ഒരു താരയുണ്ട്. പക്ഷേ, ആ താരാ ഝാവേരി..."

"ആ താരാ ഝാവേരി?" ഞാൻ ഈ നാടകക്കാരന്റെ മാനം കാക്കാൻവേണ്ടി ചോദിച്ചു.

"ആ താരാ ഝാവേരി പതിമൂന്നാം വയസ്സിൽ മരിച്ചുപോയി. എങ്കിലും ശ്രീമതി എന്നോടു പറഞ്ഞത് സത്യമായ കള്ളമാണ്. പതിമൂന്നുവയസ്സുവരെയുള്ള ഓരോ സംഗതിയും സത്യം. അവളുടെ

അമ്മയ്ക്ക് ഛിന്നമസ്ത സ്വപ്നദർശനം നല്കിയത്, ജനിച്ചനാൾ മുതൽ വളർത്തിയത്, പിന്നീട് അവളുടെ ഫാമിലിയിൽ സ്ട്രേഞ്ച്ഹാപ്പനിങ്സുണ്ടായത്. അവളുടെ അച്ഛൻ അവളുടെ കാലിൽ ചിലങ്കയണിച്ചുകൊണ്ട് കാൽക്കൽ തലവച്ചുമരിച്ചത്. ഗ്രാമത്തിൽപോയ എന്റെ ബന്ധു ഈ കാര്യങ്ങൾ കൺഫേം ചെയ്തു."

"അതുകൊണ്ടെന്താ മിസ്റ്റർ തലാട്ടീ?" ഞാൻ പറഞ്ഞു, "ആർക്കും ആരുടെയും ജീവിതത്തിലെ കാര്യങ്ങളറിയാൻ കഴിയും. വേണമെങ്കിൽ അത് സ്വന്തം ജീവിതാനുഭവങ്ങളിലുൾപ്പെടുത്താനും കഴിയും."

"ഞാനീ അന്വേഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾ കസ്റ്റംസിലെ ഒരു റിട്ടയർഡ് ഒഫീഷ്യലിനെ കണ്ടുമുട്ടി. താരാ ഝാവേരി സ്മഗ്ളറാണെന്ന് അയാൾ പറഞ്ഞു. അവിടെ അവളുടെ പേര് ബിഗ്ലേഡി എന്നാണ്. ഈ കസ്റ്റംസ് ഓഫീസറോടും താരാ ഝാവരി സ്വന്തം കഥ പറഞ്ഞിരുന്നു. സന്ന്യാസിയെപ്പോലിരിക്കുന്ന ഒരാളോട് പ്രേമം തോന്നിയതും, അയാൾക്കു ഭ്രാന്ത് പിടിച്ചതും, അയാളുടെ കൂടെ ഒളിച്ചോടിയതും, അവൾക്ക് ഗർഭമുണ്ടായതും, ജനിച്ചപ്പോൾത്തന്നെ കുട്ടി മരിച്ചതുമെല്ലാം പറഞ്ഞുകേൾപ്പിച്ചു. ശ്രീമതി ഈ ഓഫീസറോട് എല്ലാ ഡീറ്റെയ്ൽസും വിവരിച്ചു–ഈച്ച് ആൻഡ് എവരിതിങ്, തന്റെയും കാമുകന്റെയും ഊരും പേരും വീടും എല്ലാം. ശ്രീമതിയുമായി അല്പം വൈകാരികബന്ധം സൃഷ്ടിച്ച ഓഫീസർക്ക് അവളുടെ വാക്കുകൾ വിശ്വസനീയമായി തോന്നിയില്ല. അയാൾ ഇൻവെസ്റ്റിഗേറ്റ് ചെയ്തു. എന്നിട്ട്..."

ഞാൻ പൂരിപ്പിച്ചു, "ഈ സംഗതികളെല്ലാം ശരിയാണെന്നയാൾക്കു ബോധ്യമായി. താരാ ഝാവേരിയും മരിച്ചുപോയി."

"ശരിതന്നെ. മിസ്റ്റർ ജോഷീ, ഈ താരാ ഝാവേരി മരിച്ചു–കുഞ്ഞ് ജനിച്ച് ഒരു കൊല്ലം കഴിഞ്ഞ്. അപ്പോൾ അവർക്ക് പത്തൊമ്പതുവയസ്സ് പ്രായം."

"ഇപ്രകാരം സമയാസമയങ്ങളിൽ മരിച്ചുപോയ മറ്റു താരാ ഝാവേരിമാരുടെ കഥകൾ കേൾപ്പിക്കാൻ താങ്കൾക്കുദ്ദേശ്യമുണ്ടെങ്കിൽ അതുപേക്ഷിക്കുക. താങ്കളെന്താണു പറയാനാഗ്രഹിക്കുന്നത്?" ഞാനല്പം രൂക്ഷമായി ചോദിച്ചു. ഈ കെട്ടുകഥക്കാരന് മൂന്നുനാല് അടി കൊടുക്കാൻ ജോഷിജി ഉപദേശിച്ചു.

"താങ്കളെ എങ്ങനെ പറഞ്ഞുമനസ്സിലാക്കും മിസ്റ്റർ ജോഷീ?" തലാട്ടി കണ്ണുകൾ ഇറുക്കിയടച്ചു. "താങ്കൾക്ക് അക്കൗണ്ട് മനസ്സിലാകുമായിരുന്നെങ്കിൽ ഞാൻ പറഞ്ഞുതരുമായിരുന്നു. താങ്കൾക്കുകഥ മാത്രമേ മനസ്സിലാകൂ. വെവ്വേറെ താരാ ഝാവേരിമാരുടെ സത്യകഥകൾ മനസ്സിലാക്കണമെന്ന് ആ ശ്രീമതിക്കെന്താവശ്യം? മരിച്ചുപോയ താരാ ഝാവേരിയുടെ സത്യകഥ രചിക്കാനവൾക്കു സാധിച്ചില്ല. ഒരു

താരാ ഝാവേരിയുടെ കഥയുടെ തുടക്കമൊഴികെ ബാക്കിയെല്ലാം എനിക്കു കള്ളമായിരുന്നു. കാലിൽ ചിലങ്കകെട്ടിക്കൊണ്ടിരുന്നപ്പോൾ മരിച്ചയാളിന്റെ മകളായ താരാ ഝാവേരി സന്ന്യാസിയെപ്പോലിരിക്കുന്നയാളിന്റെ കൂടെ ഒളിച്ചോടിപ്പോയില്ല. പിന്നെന്തിനാണ് ആ ശ്രീമതി എന്നോട് സന്ന്യാസിയുടെ കാര്യം പറഞ്ഞത്? സന്ന്യാസിയെപ്പോലിരിക്കുന്നയാളിനെ പ്രേമിച്ച പെൺകുട്ടി ഛിന്നമസ്ത പ്രസാദിച്ചുവരമായി നല്കിയവളല്ല. അവളുടെ അച്ഛൻ മകളുടെകാലിൽ ചിലങ്കയണിയിക്കുമ്പോൾ മരിച്ചില്ല. പിന്നെന്തിനാണ് ഓഫീസറോട് ഈ കാര്യം പറഞ്ഞത്? ഞാൻ നിങ്ങളോടു ചോദിക്കുകയാണ് മിസ്റ്റർ ജോഷീ. ഈ ശ്രീമതി ആ ഓഫീസറോട് തുടക്കം മുതൽ ആ താരാ ഝാവേരിയുടെ മുഴുവൻ കാര്യങ്ങളും സത്യസന്ധമായി പറയാഞ്ഞതെന്ത്? സന്ന്യാസിയെപ്പോലിരിക്കുന്നയാളിന്റെ കൂടെ ഒളിച്ചോടിപ്പോയ, ധാരാളം അപവാദം കേൾപ്പിച്ച, ഗോധ്‌രാസ്റ്റേഷനിൽ വച്ച് പോലീസ് പിടികൂടിയ, പുഴയിൽ ചാടി പ്രാണനൊടുക്കിയ താരാഝാവേരി നിരഞ്ജൻ ഭായിയുടെ ഗ്രാൻഡ് ഡാട്ടറും തിർക്കംഭായിയുടെ ഡാട്ടറുമാണെന്ന വസ്തുത എല്ലാമറിയാവുന്ന ശ്രീമതിക്കറിഞ്ഞുകൂടെ? ആ താര മാതാപിതാക്കളുടെ നാലാമത്തെ സന്തതി. അവളുടെ മാതാപിതാക്കൾ ഇപ്പോഴും ജീവിച്ചിരിക്കുന്നു. അന്വേഷിച്ചപ്പോൾ ആ ഓഫീസർക്ക് എല്ലാം മനസ്സിലായി."

കഥാചക്രവർത്തി കണ്ണുകൾ തുറന്നു. അവ അല്പം നനഞ്ഞിരുന്നു. അദ്ദേഹം ഗണിതചക്രവർത്തിയായിമാറിക്കൊണ്ട്. താരാഝാവേരിയുടെ അക്കൗണ്ടിലും നേരും നുണയും ചേർന്ന ഫന്റാസ്റ്റിക് പാറ്റേൺ ഉണ്ടെന്ന് എന്നെപറഞ്ഞുമനസ്സിലാക്കാൻ ശ്രമിച്ചു. ആഴത്തിൽ പോകുന്നവൻ പിടിച്ചെടുക്കും. ഇത്ര വിചിത്രമായ കള്ളം എന്തുകൊണ്ടെന്നാലോചിച്ച് ഭ്രാന്തുപിടിക്കും. സാധാരണരീതിയിൽ നോക്കുന്നവന് ഇതുസത്യമാണെന്നു മനസ്സിലാകും.

എനിക്ക് ഈ കണക്കിൽ ഒരു താല്പര്യവും തോന്നിയില്ല. ഞാൻ പറഞ്ഞു, "മിസ്റ്റർ തലാട്ടി, താങ്കൾ എന്റെ ചോദ്യത്തിനുമറുപടി പറയാതെ വേറെകാര്യങ്ങൾ സംസാരിച്ച് ഒഴിഞ്ഞുമാറുകയാണ്. എന്റെ ചോദ്യം ഋജുവാണ്- താങ്കളെന്താണുപറയാനാഗ്രഹിക്കുന്നത്?"

മിസ്റ്റർ തലാട്ടി വീണ്ടും കണ്ണുകളടച്ചു. പിന്നെ പറഞ്ഞു, "ഞാനെന്താണു പറയാനാഗ്രഹിക്കുന്നതെന്ന് എനിക്കുതന്നെ അറിഞ്ഞുകൂടാ. മിനിഞ്ഞാന്നു തന്നെ ഞാൻ ധ്യാനിച്ചുകൊണ്ടിരുന്നപ്പോൾ, ഈ ശ്രീമതിയെ ഞാൻ കണ്ടു. മീൻസ്, നമ്മളോട് ഛിന്നമസ്ത സംഭാഷണം നടത്തിയ അതേ വേഷത്തിൽ."

ഞാൻ ജോഷിജിയോടുപറഞ്ഞു, "ആ തന്ത്രത്തിന്റെ പെറ്റിക്കോട്ടുവേഷത്തിൽ കാണാഞ്ഞത് ആശ്വാസമായി!"

മിസ്റ്റർ തലാട്ടി പറഞ്ഞു, "അഴിച്ചിട്ട തലമുടി, വലിയപൊട്ട്, കഴുത്തിൽ രുദ്രാക്ഷമാല..."

ഞാൻ പറഞ്ഞു, "എനിക്കെല്ലാം മനസ്സിലായി. കണ്ടിട്ടെന്തുണ്ടായി?"

"കണ്ടു, പറഞ്ഞു" പോസ്റ്റ്മാസ്റ്റർ തലാട്ടി ഉവാച, "തലാട്ടി ചേട്ടാ, നിങ്ങൾ എന്റെ അക്കൗണ്ടിൽ വളരെ ഡീപ്പായി ഇറങ്ങി, എങ്കിലും അല്പം തെറ്റിദ്ധാരണയുണ്ടായി. കൈത്തോക്കെടുക്കാൻ വയ്യെങ്കിൽ കയ്യിൽ ആചമനി എടുത്തോളാൻ മിസ്റ്റർ ജോഷിയോടുപറയൂ. മിസ്റ്റർ ജോഷിയോടു ചോദിക്കൂ-ഏനോ മീനിങ് സൂം?"

ഈ സംവാദത്തിന്റെ ഫലമായി എന്റെ ഒരു ധാരണ ദൃഢമായി-ചേട്ടൻ വയസ്സുകാലത്ത് ആ മുന്തിയ സാധനത്തിന്റെ വലയിൽ കുടുങ്ങിയിരിക്കുന്നു. മനോഹർ ബാലന് ചെറിയതോതിലെങ്കിലും തലച്ചുറ്റൽ വന്നോട്ടെ എന്ന ഉദ്ദേശ്യത്തോടെ അദ്ദേഹം ഈ ആഖ്യാനം കെട്ടിച്ചമച്ചതാണ്.

കാഥികശിരോമണി വീണ്ടും പറഞ്ഞു, "ധ്യാനിച്ചുകൊണ്ടിരുന്നപ്പോൾ ബ്രഹ്മസ്തുതിയിലെ ആ വരികൾ തെളിഞ്ഞുവന്നു - എം.കെ. -യച്ച കിഞ്ചിത് ക്വചിദ്വസ്തു സദസദ് വാഖിലാത്മികേ, തസ്യസർവസ്യയാ ശക്തി: സാ ത്വം കിം സ്തൂയസേ തദാ- മീൻസ് നീ തന്നെയാണ് എല്ലാറ്റിന്റെയും ആത്മാവ്, സത്യവും അസത്യവും, ഉള്ളതും ഇല്ലാത്തതും, എല്ലാറ്റിന്റെയും ശക്തിയും നീ തന്നെ. നിന്നെ എങ്ങനെ സ്തുതിക്കും? മിസ്റ്റർ ജോഷീ, ഇവിടെ സ്തുതിയുടെ സ്ഥാനത്ത് അക്കൗണ്ടിന്റെ ഓഡിറ്റിങ് സബ്സ്റ്റിറ്റ്യൂട്ട് ചെയ്യുക, എല്ലാ സംഗതികളും ക്ലിയറാകും."

മിസ്റ്റർ തലാട്ടി പ്രേമാതിരേകത്താൽ കണ്ണീരൊഴുക്കിക്കൊണ്ടിരുന്നു. മിസ്റ്റർ തലാട്ടിക്കുവേണ്ടി ഈ കഥ കെട്ടിച്ചമച്ചപ്പോൾ മുന്തിയവൾ ബോർഹസുമായി ആശയവിനിമയം നടത്തിക്കാണുമോ എന്നു ജോഷിജി ചിന്തിച്ചു. ഞാൻ ജോഷിജി കല്പിച്ച വിധിപ്രകാരം കണ്ണുനീർ കുടിച്ചുകൊണ്ട് പറഞ്ഞു, "മിസ്റ്റർ തലാട്ടീ, ചില കാര്യങ്ങൾ ചന്തിയിൽ ചാരം പൂശാതെ നടക്കുകയില്ലെന്നു താങ്കൾ എന്നോടു പറഞ്ഞിരുന്നു. താങ്കളും ചാരം പൂശിയില്ലെന്ന വസ്തുതയിലേക്കു ശ്രദ്ധയാകർഷിക്കാൻ ഞാനാഗ്രഹിക്കുന്നു."

ജോഷിയംഗീകരിച്ച വിധിയോടു മുഖം തിരിച്ച്, ചുണ്ടുകടിച്ച്, കണ്ണീർ കുടിച്ച് അല്പം കഴിഞ്ഞ് തലാട്ടിച്ചേട്ടൻ പറഞ്ഞു, "ശരിയാണ്! എന്റെ അനാഥനായ പൗത്രനെ ലൈഫിൽ സെറ്റിൽ ചെയ്യുന്നതുവരെ ഇങ്ങനെയൊന്നും ചിന്തിക്കുന്നതിനോ പറയുന്നതിനോ എനിക്കവസരമില്ല. എന്റെ രണ്ടാമത്തെ ചെക്കൻ അവന്റെ ചേട്ടന്റെ ഫാമിലിയെ ഇത്രമാത്രം അവഗണിച്ചില്ലായിരുന്നെങ്കിൽ..."

"എങ്കിൽ...?"

"എങ്കിൽ ഞാനിന്നുതന്നെ സന്ന്യാസം സ്വീകരിക്കുമായിരുന്നു." ബെസ്റ്റ് സപ്പോർട്ടിങ് റോളിൽ തലാട്ടിച്ചേട്ടൻ പറഞ്ഞു, "രണ്ടോ നാലോ കൊല്ലം കഴിഞ്ഞായാലും വേണ്ടില്ല, ആ പൗത്രന്റെ വിവാഹം നടന്നെങ്കിൽ! പക്ഷേ, മിസ്റ്റർ ജോഷീ, നടക്കുകയില്ലെന്നാണല്ലോ താങ്കൾ പറയുന്നത്."

തുടർന്ന് മിസ്റ്റർ തലാട്ടി ഓഡിറ്റ് റിപ്പോർട്ട് എന്റെ കയ്യിൽ നിന്നു വാങ്ങി. വളരെ ശ്രദ്ധിച്ച് അത് കീറി തുണ്ടുകളാക്കി. ധൂപം, ദീപം, പ്രജ്വാല്യമാക്കി മാറ്റുന്ന തീപ്പെട്ടിയുമായി ബാൽക്കണിയിൽ പോയി ഈ തുണ്ടുകൾ കത്തിച്ചുകളഞ്ഞു.

"താങ്ക് യൂ, മിസ്റ്റർ ജോഷീ!" അദ്ദേഹം തിരികെ വന്നു പറഞ്ഞു, "താങ്കൾ എന്നെ കൂടെ കൂട്ടണം."

ചിന്താർഹമായ ഒറ്റ ചോദ്യമേ അവശേഷിച്ചിരുന്നുള്ളു-മിസ്റ്റർ ജോഷിയേയും അദ്ദേഹത്തിന്റെ വാലാട്ടിയായ മനോഹറിനെയും ആര് കൂടെ കൂട്ടും? ആര് സംരക്ഷിക്കും?

ഈ ഗുരുതരമായ ഉത്തരവാദിത്തബോധം എന്നെ പിടികൂടി, മനസ്സിലായോ?

മരവിയിലെ ഗംഗ ഒഴുക്കിക്കൊണ്ടുപോകൂ

"സ്വന്തം ആചമനി കയ്യിലെടുത്തുകൊണ്ടു വരൂ." മുന്തിയവൾ മനോഹറിനു നല്കിയ നിർദേശം അതായിരുന്നു. എന്നാൽ ബോംബെയിൽ ചാരംപോലെ തന്നെ ദുർല്ലഭമാണ് ആചമനി അഥവാ ഹോമത്തവി-അതും രാത്രി ഒൻപത് മണിക്ക്. മിസ്റ്റർ തലാട്ടി നാലുദിവസം പനിപിടിച്ചു കിടപ്പായിരുന്നു. അദ്ദേഹവുമായി എന്റെ സംഭാഷണം വളരെ പരിമിതമായിരുന്നു. അദ്ദേഹത്തോട് ആചമനിവേണമെന്നു പറഞ്ഞാൽ വീണ്ടും മഹാമായ എന്റർപ്രൈസസിന്റെ അക്കൗണ്ട് തുറന്നുവയ്ക്കും. അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ മിസ്റ്റർ തിർഖായോടും ആവശ്യപ്പെടാൻ വയ്യ. സഹോദരിയുടെ വീട്ടിൽ പോയി. അവൾ പൂജാമുറിയിലെ വെള്ളിത്തവി തരാൻ മടിച്ചു, വിശേഷിച്ച് ഒരു നാടകത്തിന്റെ റിഹേഴ്സലിന്. ജോഷി അങ്ങനെയൊരടവാണ് പ്രയോഗിച്ചത്. സഹോദരി ഒരുത്സാഹവുമില്ലാതെ അവിടെയുമിവിടെയും നോക്കുന്നതായി ഭാവിച്ചു. ഇടയ്ക്കിടയ്ക്ക്, 'ഒരോട്ടു തവിയുണ്ടായിരുന്നു, പിള്ളേര് എവിടെ കൊണ്ടിട്ടു' എന്നു തനിയെ പറയുന്നുണ്ടായിരുന്നു. ഹോമത്തവിയാവശ്യമായ നാടകമേതാണെന്ന് അളിയൻ ചോദിച്ചു. മാമൻ നമ്മുടെ രാമലീലയിലെ വസിഷ്ഠന്റെ ഭാഗമാണോ അഭിനയിക്കുന്നതെന്നറിയാൻ അനന്തരവൻ ആഗ്രഹം പ്രകടിപ്പിച്ചു.

അപ്പോഴേക്കും സഹോദരി, 'റിഹേഴ്സലിന് ഇതു മതിയാകും' എന്നു പറഞ്ഞ് ഒരൊടിഞ്ഞ കോഫി സ്പൂൺ കൊണ്ടുതന്നു. അതു വാങ്ങിപോക്കറ്റിലിട്ടുകൊണ്ടു ഞാൻ നടന്നു. ഒരു കാരണവശാലും ഞാൻ ഈ ഫൈനൽ സ്ക്രീൻ ടെസ്റ്റ് എന്നു പറയുന്നതിനു പോകുമായിരുന്നില്ല. പയ്യന്മാരുടെ നിർബന്ധം. ഈ ടെസ്റ്റ് സ്വയമാവശ്യപ്പെട്ടതാണെന്നും അതുകൊണ്ട് തീർച്ചയായും പോകുമെന്നും മനോഹർ. ജോഷിജിയുടെ 'സ്വീറ്റ് ഡിക്കേഡൻസ്' ഫിലിമിന്റെ കുറഞ്ഞത് ഒരു സെറ്റെങ്കിലും കംപ്ലീറ്റ് ചെയ്യണമെന്ന് ഒരു ഡിമാന്റ്. ഞാൻ ജോഷിയോടു ചോദിച്ചു, 'അക്കൗണ്ടന്റ് തലാട്ടി ശയ്യാവലംബിയാവുകയും നിങ്ങൾ തന്നെ ഡിപ്രഷനിരയാവുകയും ചെയ്യാൻ കാരണമായ ഊരാക്കുടുക്കിൽ ചെന്നു പെടുന്നതുകൊണ്ടെന്തു പ്രയോജനം?' ജോഷിജി സൂചിപ്പിച്ചു 'എനിക്ക് മറ്റാരുടെയും മനോഹരമായ നുണ കാരണമല്ല

ഈ വിഷാദരോഗം പിടിപെട്ടത്, അതിന്റെ മൂലകാരണം നിന്റെ അന്ത സ്സാരശൂന്യതയാണ്.' അന്തസ്സ് അദ്ദേഹത്തിന്റേത്. അന്തസ്സാരശൂന്യത എന്റേത്!

നിർദേശപ്രകാരം ലോക്കൽ ട്രെയിനിൽ 'നയ്ഗാവ്' എന്നു പേരായ ഒരു ചെറിയ സ്റ്റേഷനിലിറങ്ങി. മുന്തിയവൾ പ്ലാറ്റ്ഫോമിലുണ്ടായിരുന്നു. സ്മരദശാക്രാന്ത. മനസ്സിലായില്ലേ? ആ ഗംഭീരമായ ഗൂഢസ്മിതം പോലുമില്ല. 'നമസ്തേ' ഇല്ല. ഒന്നും മിണ്ടാതെ അവൾനടന്നു, ഒപ്പം ഞാനും. മാന്തോപ്പുകൾക്കരികിലൂടെ പോകുന്ന ഒരു നാട്ടുവഴി. ഇരു ട്ടുള്ള രാത്രി. 'മൂടുപടം മാറ്റൂ, നേരം പുലരട്ടെ' എന്നുപറയാനുള്ള ഒരു മൂഡിലായിരുന്നു, ജോഷിജി. ഈ ചലച്ചിത്ര 'ഐഡിയ'യ്ക്കു തുല്യ മായ ഒരു വിദേശപ്പതിപ്പ് മനസ്സിൽ പൊന്തിവരാഞ്ഞതുകൊണ്ട് അദ്ദേ ഹമതു പറഞ്ഞില്ല.

അങ്ങനെ ആ നാട്ടുവഴിയിലൂടെ ഞങ്ങൾ ഒന്നും മിണ്ടാതെ മുമ്പോ ട്ടുപോയി. മൗനം ഭഞ്ജിക്കാൻ ഞാനൊരു ശ്രമം നടത്തി. "ഡയറക്ടർ ശ്രീമതി, മരണരംഗം ഷൂട്ട് ചെയ്യാൻ നിങ്ങൾക്കുദ്ദേശ്യമുണ്ടോ?"

അവൾ പറഞ്ഞു, "ആരോ മരിക്കുകയാണ്, മനോഹർ. അവൻ പലായനസ്വഭാവക്കാരനാണ്, അല്പം പൂജ നടത്തിയിട്ടു മരിക്കാമെന്ന് വാശി പിടിക്കുന്നു. എനിക്ക് മറ്റാരെയും വിളിക്കാൻ കഴിയുമായിരു ന്നില്ല."

ഇന്നത്തെ സ്ക്രീൻ ടെസ്റ്റിനുവേണ്ടി ഈ സീൻ നിർണയിക്ക പ്പെട്ടു കഴിഞ്ഞു. സ്വീറ്റ് ഡിക്കേഡൻസിൽ ഈ ഗ്രഹാം ഗ്രീൻ ഇഴ എങ്ങനെ പിരിച്ചുചേർക്കുമെന്ന ആശങ്ക ജോഷിക്കുണ്ടായി. മനോഹ റിനെ സംബന്ധിച്ചിടത്തോളം ഇതു തിരക്കഥയേയല്ല. ആ ഒളിച്ചോട്ട ക്കാരന്റെ കയ്യിൽ പൂജാസാമഗ്രി കാണുമോ ഇല്ലയോ എന്ന ചിന്തയാ യിരുന്നു, അയാൾക്ക്. അയാൾക്ക് സാധാരണപൂജ മാത്രമേ അറിയു ള്ളുവെന്നും അതിലെ എല്ലാ മന്ത്രങ്ങളും അയാൾക്ക് മനഃപാഠമല്ലെ ന്നുമോർത്ത് അയാൾ ദുഃഖിച്ചു. അതെല്ലാം എപ്പോഴും ഓർത്തു വയ്ക്കാൻ നാം യാഗം നടത്തുന്ന ബ്രാഹ്മണരല്ലെന്ന് ഞാനയാളോട് പറഞ്ഞു. നമ്മുടെ പൂർവികന്മാർ രാജാക്കന്മാർക്കുവേണ്ടി സന്തോഷ പൂർവം യാഗം നടത്തിയവരാണെന്ന് അയാൾ പറഞ്ഞു. അവിടെ ഗോരഖാ സമ്രാട്ട് ഇരിപ്പുണ്ടെന്ന് ഞാൻ പറഞ്ഞു. അദ്ദേഹമിരിപ്പുണ്ടെ ങ്കിൽ പിന്നെ വിഷമിക്കാനൊന്നുമില്ല. എല്ലാ സാമഗ്രികളും കാണും, പുസ്തകം കാണും.

അതൊരു ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടമായിരുന്നു. അടുത്തെങ്ങും ആൾപാർപ്പില്ലായിരുന്നു. അല്പമകലെ ഏതാനും ബാരക്കുകളുണ്ടാ യിരുന്നു–ഓടിട്ടവ.

മുന്തിയവൾ കെട്ടിടവളപ്പിലെ ഗെയ്റ്റ് തുറന്നു. മയങ്ങിക്കിടന്ന

ഒരൽസേഷ്യൻ എഴ ന്നേറ്റ് വഴിമാറിക്കൊടുത്തു. മറ്റൊരു കടിയൻ നായ് തുരുമ്പുപിടിച്ച ഹാൻഡ്പമ്പിനെ അഭിഷേകം നടത്തുകയായിരുന്നു. ഉണങ്ങിയ ലോൺ, ഏതാനും ചെടികൾ, നാല് കദളിവാഴ- ഇവയാണ് ഉദ്യാനമെന്ന പേരിലുണ്ടായിരുന്നത്. മുന്തിയവൾ പൂട്ടു തുറന്നു. ഞങ്ങൾ രണ്ടുപേരും അകത്തുകടന്നു. അവൾ കതകടച്ചു. അകത്ത് ഒരു ഗുദാം. ചാക്കുകളുടെയും പെട്ടികളുടെയുമിടയിലൂടെ അവൾ എന്റെ കൈപിടിച്ചു കൂട്ടിക്കൊണ്ടു പോവുകയായിരുന്നു. ഗുദാമിനു പിന്നിൽ പൂട്ടിയിട്ടിരുന്ന മറ്റൊരു വാതിലുണ്ടായിരുന്നു. അവൾ അതു തുറന്ന് അകത്തുനിന്നു വീണ്ടും പൂട്ടി.

അവൾ സ്വിച്ചിട്ടു, മുറിയിൽ നേരിയവെളിച്ചം പരന്നു. ഗുദാം പോലെയുള്ള വലിയ മുറിയിൽ ചാക്കും പെട്ടികളും മറ്റും ഭിത്തിയോടു ചേർത്ത് വച്ചിരുന്നു. മുറിയുടെ നടുവിലായി ഒരു കട്ടിൽ, ഒരു കസേര, മരുന്നുകൾ നിരത്തിയ ഒരു റ്റീപ്പോയ്, ഒരു സൂട്ട് കേസ്, ഒരു ബ്രീഫ് കേസ്. ഈ സെറ്റ് തയ്യാറാക്കിയവൻ കഴിവുള്ള കലാകാരനായിരിക്കണം.

വെളിച്ചം പരന്നശേഷം കട്ടിലിൽ കിടന്നയാൾ മുന്തിയവളുടെ സഹായത്തോടെ തലയണയിൽ ചാരി അർധശയനാവസ്ഥയിൽ ഇരുന്നു. അയാളും തീർച്ചയായും കഴിവുള്ള കലാകാരനായിരുന്നിരിക്കും. തളർവാതം ഇത്ര ദാരുണമായി ബാധിച്ച ഒരു രോഗിയെ ഞാനിതിനുമുമ്പ് കണ്ടിട്ടില്ല.

എനിക്ക് ഭാവനാശക്തിയില്ലെന്ന് ജോഷിജി പലപ്പോഴും പറയാറുണ്ട്. ഭാവനാശൂന്യനായ എന്റെ നോട്ടത്തിൽ ഇയാൾ രോഗിയൊന്നുമല്ല, വാടകയ്ക്കെടുത്ത ഏതോ നടനായിരുന്നു- വെറും നടൻ. ഒരു കൈ നിശ്ചലം. മറ്റേത് ആദ്യത്തേതിന്റെ പോരായ്മ നികത്തത്തക്കവിധത്തിൽ വിറയ്ക്കുന്നത്, ചുണ്ട് ഒരു വശത്തേക്കുകോടിയത്, സംഭാഷണം അവ്യക്തം.

ജോഷിജിക്ക് അയാൾ ശിവചന്ദ്രയായിരിക്കാം. കിട്ടിയ അറിവു വച്ചുനോക്കുമ്പോൾ അയാൾ അജ്ഞാതവാസം നടത്തുകയായിരുന്നു -സഖാക്കളുടെ ഭാഷയിൽ പറഞ്ഞാൽ അണ്ടർഗ്രൗണ്ട്. ജോഷിജി മറ്റൊരു സാധ്യതയെക്കുറിച്ചും ആലോചിച്ചു-എന്തെല്ലാമായിത്തീരുമായിരുന്നു, എന്നാൽ ഒന്നുമാകാൻ കഴിയാഞ്ഞ ആ മനുഷ്യനല്ലേ ഇയാൾ? മുന്തിയവളുടെ ചോദ്യങ്ങൾക്കുത്തരം പറഞ്ഞു പറഞ്ഞു ബാലികയെ ഭ്രാന്തിയാക്കിയവൻ? അവളെ അമ്മയാക്കാൻ വേണ്ടി മാന്തോപ്പിനടുത്തുള്ള നാട്ടുവഴിയിലൂടെ, ഇടിഞ്ഞുപൊളിഞ്ഞ 'വിശ്രാന്തി'യെന്നോ മറ്റോ പേരുള്ള കെട്ടിടത്തിലേക്കു കൂട്ടിക്കൊണ്ടു പോയവൻ? അവൾ അമ്മയായി, പക്ഷേ, കുഞ്ഞ് ജനിച്ചപ്പോൾത്തന്നെ മരിച്ചുപോയി. നേരം വെളുക്കുന്നതിനുമുമ്പ് കുഞ്ഞിന്റെ മൃതദേ

ഹവുമെടുത്തുകൊണ്ട് അവൾപോകുന്നത് അയാൾ ജനലിലൂടെ നോക്കിനിന്നു. അപ്പോൾ കാക്ക കരഞ്ഞു.

അതോ ഇയാൾ, ദാദാ പറഞ്ഞപോലെ, 'ഏനോ മീനിങ് സൂം?' ചോദിക്കുന്ന പെൺകുട്ടിയുടെ വാമപക്ഷ-വാമമാർഗ ദ്വൈതമില്ലാതാക്കിയ ഇന്റലക്ചൽ ജയന്റാണോ? കൈയിൽ വിപ്ലവത്തിന്റെ തോക്കെടുത്തിട്ടും ഋഷിമാരുടെ ഭാഷ മറക്കാത്തവൻ?

അതോ, വേറേ വല്ലയാളാണോ? ജോഷിജി ഈ 'വേറേ'യെ തിരിച്ചറിഞ്ഞാൽ'സ്വീറ്റ് ഡിക്കേഡൻസ്' ഫിലിമിൽ അഗമ്യഗമനവും ഉൾപ്പെടുത്താം.

മനോഹറിന്റെ നോട്ടത്തിൽ, അയാൾ മരിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തി മാത്രമായിരുന്നു, മരിക്കുന്നതിനുമുമ്പ് ചില പൂജകൾ നടത്താനാഗ്രഹിക്കുന്നയാൾ. അയാളുടെ ഒരു കൈ നിയന്ത്രണമില്ലാതെ ആടിക്കൊണ്ടിരുന്നു. ഒരു വശത്തേക്കുകോടിയ ചുണ്ട് വിറയ്ക്കുന്നുണ്ടായിരുന്നു. ഈ ചുണ്ടുകൾക്കുനേരെ കവിളിലെ ഒരു മാംസപേശി നിരന്തരം തുടിക്കുന്നുണ്ടായിരുന്നു. അവ്യക്തമായ സംഭാഷണം. മനസ്സിലാക്കാൻ മനോഹർ ശ്രമിച്ചെങ്കിലും ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല.

മനോഹർ എന്തു ചെയ്യണം? ഗരുഡപുരാണം വായിക്കണോ? അതൊന്നുമറിഞ്ഞുകൂടാ. അതൊന്നും സാധ്യവുമല്ല. മനോഹറിന് ശ്രാദ്ധമൂണ് കഴിക്കാൻ പോലും വയ്യ. രണ്ടു സ്പൂൺ ഗംഗാജലം കുടിപ്പിക്കണോ? തുളസീദളം വയ്ക്കണോ? 'കര-കര' ശബ്ദത്തിലുള്ള ഉച്ചാരണമവസാനിക്കുമ്പോൾ ഒരു കഷ്ണം സ്വർണം വച്ചിട്ട് എന്നെന്നേക്കുമായി വായ്മൂടിക്കെട്ടണോ? അതൊന്നും കുട്ടിക്കളിയല്ലെടോ. കാരണവർ ചെയ്യും. നവഗ്രഹദാനം ചെയ്യണോ? രാഹു-കേതു-ശനി -ചൊവ്വ എന്നിവയ്ക്ക് ദാനദ്രവ്യങ്ങൾ പ്രത്യേകം വയ്പിച്ച് പ്രസാദം സ്വീകരിക്കണോ? വേണ്ട, വേണ്ട, അതൊന്നും കാണാനും കാട്ടാനും വയ്യടോ!

ബാലകന് ഈ പരിപാടി വളരെയധികം മർമസ്പൃക്കും മറ്റുമായിക്കൊണ്ടിരുന്നു. അപ്പോൾ മുന്തിയവൾ ബ്രീഫ്കേസ് തുറന്നു, അവ്യക്തഭാഷിക്ക് പെൻസിൽപാഡ് എടുത്തുകൊടുത്തു, ബ്രീഫ് കേസ് തുറക്കുന്നതിനും അടയ്ക്കുന്നതിനുമിടയ്ക്ക്, നിയമസംബന്ധമായ കുറേ കടലാസുകൾ, ഒരു പാസ്പോർട്ട്, വലിയ നോട്ടുകളുടെ ഒരു വലിയ കെട്ട് – ഇത്രയും ഒരു നോക്ക് കണ്ടു. ഓരോന്നും ശ്രദ്ധിച്ചതിന് പ്രോപ്പർട്ടീസുകാരെ എത്ര പ്രശംസിച്ചാലും ഒട്ടും മതിയാവുകയില്ല.

അവ്യക്തൻ തളർവാതം ബാധിച്ച അക്ഷരവടിവിൽ എഴുതിച്ചോദിച്ചു, 'എന്തു പൂജ?'

മനോഹർ പാഡ് വാങ്ങി ഉത്തരം എഴുതി കാണിക്കാമെന്നു വിചാരിച്ചു, 'സപ്തശതി.'

മുന്തിയവൾ പറഞ്ഞു, "പറഞ്ഞാൽ മതി."

അവ്യക്തന് കേൾക്കാൻ കഴിയുമെന്ന് മനോഹർ വിചാരിച്ചു. പറഞ്ഞപ്പോൾ അയാൾ എഴുതി, 'ഭക്തി.'

'ആദൗ രാമതപോവനാദി ഗമനം' ചൊല്ലിക്കേൾപ്പിച്ചശേഷം പോകാമെന്നായിരുന്നു വിചാരിച്ചത്. എന്നാൽ മനോഹർ വേറൊരു മൂഡിലായിരുന്നു. അയാൾ 'സാമഗ്രി' എന്തെന്നു ചോദിച്ചു. അവ്യക്തൻ എഴുതി, 'അർഥേ.'

ഈ 'അർഥേ' വാസ്തവത്തിൽ വലിയ ചുറ്റിക്കളിയാണ്, സാറേ. ഇതിനുപകരം അത്. സബ്സ്റ്റിറ്റ്യൂട്ട് മനസ്സിലായില്ലേ? 'ഭൂഷണാർഥേ ദ്രവ്യം സമർപ്പയാമി.' ആഭരണങ്ങൾക്കു പകരം പണം കൊടുക്കുന്നു –കാൽരൂപത്തുട്ട്! കൊമ്പുകുലുക്കി പ്രൗഢികാണിക്കുന്ന കാളക്കുറ്റനുപകരം അരിമാവ് കുഴച്ച രൂപം വയ്ക്കുന്നു! പറഞ്ഞു, 'യജ്ഞോപവീതം!' പൂണൂലില്ലെങ്കിൽ ഒരു പുൽക്കൊടി വച്ചിട്ട് 'പരമം പവിത്രം ബ്രഹ്മസൂത്ര'മാണെന്നു സങ്കല്പിക്കുന്നു. പറഞ്ഞു, 'വസ്ത്രയുഗ്മം ദദാത്.' അപ്പോൾ മനസ്സിലായി, 'യാഗം നടത്തിക്കുന്ന യജമാനൻ ഗണപതിക്ക് പ്രത്യേക വസ്ത്രം കൊണ്ടുവന്നിട്ടില്ല, അല്ലെങ്കിൽ യജമാനപത്നി അതെവിടെയോവച്ച് മറന്നുപോയി. അപ്പോൾ പറഞ്ഞു 'ചുവന്നപൂവ് വച്ചാൽ മതി' എന്നിട്ട് മന്ത്രം ജപിക്കുന്നു 'ലംബോദര ഹരപ്രിയ! ഈ ഭക്തൻ നല്കുന്ന ഒരു ജോഡി വസ്ത്രം സ്വീകരിച്ചാലും.'

ഈ 'അർഥേ'ക്കുള്ളിൽ പെടുത്തി മനോഹർ മനസ്സിനെ ഫുൾസ്പീഡിൽ സുഖപ്പെടുത്തി. മുറിയിൽ വച്ചിരുന്ന ഗ്ലാസ്സ് കലശമാക്കാനാലോചിച്ചു. ഒരു കപ്പുണ്ടായിരുന്നത് പഞ്ചപാത്രമാക്കാമെന്നുറപ്പിച്ചു. ഹോമത്തവിക്കുപകരം കീശയിൽ സ്പൂണുണ്ടായിരുന്നു.

''എനിക്കു കുളിക്കണം!'' അയാൾ പറഞ്ഞു, ''അലക്കിയ തോർത്ത് കിട്ടുമോ?"

മുന്തിയവൾ സൂട്ട്കേസിൽ നിന്ന് ഒരു ടവലെടുത്തു കൊടുത്തു.

അവൾ അയാളെ പുറത്തേക്കുകൊണ്ടുപോയി. അവൾ ഹാൻഡ് പമ്പ് ചലിപ്പിച്ചു. മനോഹർ മുണ്ടുടുത്തു നിന്ന് കുളിച്ചു. അംഗപ്രോക്ഷണം നടത്തിയില്ല. ടവലിന്റെ ശുചിത്വത്തെപ്പറ്റിയായിരുന്നു, ചിന്ത. നനഞ്ഞ മുണ്ടുടുത്തുകൊണ്ടുതന്നെ കലശവും പഞ്ചപാത്രവും തേച്ചു കഴുകി. ആചമനികഴുകി. 'ഗംഗേ ച യമുനേ ചൈവ ഗോദാവരീ സരസ്വതീ നർമദേ സിന്ധു കാവേരീ' ഹാൻഡ് പമ്പുപയോഗിച്ചു നിറച്ചു.

ഇലയും പൂവും പറിച്ചെടുത്തു. കറുക മുറിച്ചെടുത്തു. പിന്നെ ടവലുടുത്തു. മുണ്ട് പിഴിഞ്ഞുണക്കാനിട്ടു.

അധമമായിരുന്നു, ഈ അധോവസ്ത്രം. തികച്ചും അപര്യാപ്തം. ഞാൻ പറഞ്ഞു, "പ്രിയപ്പെട്ടവനേ, നനഞ്ഞതാണെങ്കിലും മുണ്ടുടുക്കൂ, അലക്കിയതാണെന്നു കണക്കാക്കും." കുടുംബരോഗമായ മൂലക്കുരു

വിനെക്കുറിച്ചു സൂചിപ്പിച്ചുകൊണ്ട് അയാൾ പറഞ്ഞു, "മുണ്ട് അലക്കി യതാണെന്നു കരുതുക സാധ്യമല്ല. അലക്കിയില്ലല്ലോ."

ആ ടവൽ! ഒരിക്കൽ ഒരു കമ്പനി പരസ്യം കൊടുത്തത് നിങ്ങൾ ക്കോർമയുണ്ടായിരിക്കും, 'ഞങ്ങളുടെ ഒരു ടവൽ രണ്ടുപേരെ സുഖ മായി ഉൾക്കൊള്ളും.' മാന്യന്മാർ ആ പരസ്യത്തിൽ സദാചാര ധ്വംസനം കണ്ടെത്തി. 'സുഖമായി' എന്നതിനു ദുർവ്യാഖ്യാനമുണ്ടായി. എന്നാൽ ഒരാളെപ്പോലും ഉൾക്കൊള്ളാൻ കഴിയാത്ത ടവലിനെപ്പറ്റി ആർക്കും ദോഷം പറയാനില്ല.

ഈ ടവലിന്റെ മറവിൽ ഞാൻ മനോഹറിന്റെ ഭക്തിയെ പരിഹ സിച്ചു. എന്നാൽ അയാൾ ഇളകിയില്ല. സൗണ്ട് സ്റ്റേജിൽ ഓരോ വാതിൽക്കലും ഗ്ലാസ്സും കപ്പുമായി പോകുമ്പോൾ രണ്ടുമൂന്നു പ്രാവശ്യം ടവൽ ചതിച്ചു. അകത്തുപോയി അയാൾ പറഞ്ഞു, "അക്ഷ തമില്ലാതെ കാര്യം നടക്കുകയില്ല. കിട്ടുമോ?"

തീർച്ചയായും കിട്ടും. പ്രോപ്പർട്ടീസുകാർ മറക്കുന്നതെങ്ങനെ? അക്ഷതം (സന്തോഷവാർത്ത!) അവ്യക്തഭാഷിയുടെ തലയ്ക്കൽ ഒരു കടലാസ്കുമ്പിളിൽ വച്ചിരുന്നു. മനോഹർ ഗണപതിയേയും ബ്രഹ്മാ വിനെയും സ്മരിച്ചു. പൂജിക്കാനൊരു ദേവൻ വേണം. ബ്രഹ്മാവെന്നു പറയുന്നത് കുശനിർമിതമായ കുടവും കുരിശുപോലുള്ള വസ്തുവു മാണ്. പൂർണപാത്രത്തിന്റെ അഥവാ നിറകുടത്തിന്റെ മുകളിൽ വച്ച ആ വസ്തുകൊണ്ടാണ് അഭിഷേകത്തിന് ജലം കുടയുന്നത്. നാലു വേദങ്ങളുടെയും ജ്ഞാതാവായ ബ്രഹ്മാവിന്റെ പ്രതീകമാണ്, ഈ 'ബ്രഹ്മാവ്'- പൂജയിൽ പിഴ സംഭവിക്കുന്നുണ്ടോ എന്ന സൂപ്പർവൈ സറി കപ്പാസിറ്റിയിൽ ദക്ഷിണഭാഗത്ത് കലശത്തിൽ വിരാജിക്കുന്നു!

ഈ ആലോചനയിൽ സമയം അല്പം നീണ്ടപ്പോൾ, രാജാക്ക ന്മാരുടെയും അമ്മാവന്മാരുടെയും അമ്മായിഅപ്പന്മാരുടെയും പൗരോ ഹിത്യം നിർവഹിക്കുന്ന ഇരുപത്തിനാലുകാരറ്റുകാരുടെ ഹാസ്യാനു കരണമാണിതെന്ന് അവ്യക്തഭാഷിക്കു തോന്നി. അവ്യക്തൻ പാഡിൽ ഒരു പരസ്യമെഴുതി കാണിച്ചു, 'ആചാര്യോ'. അയാൾ മനോഹറിനെ 'വരണം' ചെയ്തു കഴിഞ്ഞെന്ന് അതിൽ നിന്നു മാത്രമേ മനസ്സിലാ ക്കാൻ കഴിഞ്ഞുള്ളൂ. സെലക്ഷൻ ഗ്രേഡ് കൊടുത്തു. ഗന്ധം, അക്ഷതം, പുഷ്പം, അടയ്ക്ക, ദ്രവ്യം, വസ്തു, അലങ്കാരം അർപ്പിച്ച്, കൈകൂപ്പി ഇങ്ങനെ പറഞ്ഞുകഴിഞ്ഞു- ഗുരോ, അങ്ങ് ഒറിജിനൽ ഗുരുവിന് അതാ യത് ബൃഹസ്പതിക്ക് തുല്യനാണ്. യജ്ഞം കുടുങ്ങിക്കിടക്കുകയാണ്. ഇത് ചെയ്യൂ. അങ്ങ് എന്റെ ആചാര്യനാകൂ, 'ത്വം മേ ആചാര്യോ ഭവ.'

"അഹം ഭവാമി"- ഞാൻ ആകും- എന്നുച്ചരിച്ച ആചാര്യ മനോ ഹർ ബ്രഹ്മാവിന്റെയും ഗണപതിയുടെയും പ്രശ്നമുന്നയിച്ചു. അവ്യ ക്തൻ വിറയ്ക്കുന്ന കൈ ബ്രീഫ്കേസിന്റെ നേർക്കു നീട്ടി. മുന്തിയ

വൾ അത് തുറന്നു മുമ്പിൽ വച്ചു. വിറയ്ക്കുന്ന കൈ ബ്രീഫ്കേസിൽ വച്ചിരുന്ന പെൻസിലിന്റെനേർക്കും, നോട്ടുകെട്ടുകൾ ചുറ്റുന്ന റബർ ബാൻഡിന്റെ നേർക്കും നീണ്ടു. നോട്ടു കെട്ടുകൾക്കടിയിൽ രത്നം പതിച്ച ഭംഗിയുള്ള ഒരു കൈത്തോക്ക്–അതൊരു ആന്റിക് ആയിരുന്നു, വാങ്ങാൻ പറ്റിയയാളിനെ കണ്ടുകിട്ടിയില്ല. പ്രോപ്പർട്ടീസുകാർ ഓരോ വസ്തുവിനെക്കുറിച്ചും എത്രമാത്രം ശ്രദ്ധിച്ചിരുന്നെന്നു ശ്രദ്ധിക്കുക.

മുന്തിയവൾ കൈത്തോക്കിലെ ഒരുണ്ടകൊടുത്തു–ഇത് ഗണപതി. രണ്ടുപെൻസിൽ തിരിച്ച് റബർബാൻഡ് കെട്ടി നാലുവേദങ്ങളുടെ ജ്ഞാതാവായ ബ്രഹ്മാവിന്റെ പ്രതീകമാക്കി!

ഒരു കാലിച്ചാക്കിന്റെ മുകളിൽ ഇരുന്നു, മഹർഷി മനോഹർ! ഞാൻ ചോദിച്ചു, “ഏയ് സപ്തശതിപൂർവാംഗം എന്തു സന്തോഷത്തിലാണ് അവതരിപ്പിച്ചത്? ഇത് വിവാഹം മുതലായ ശുഭാവസരങ്ങളിലല്ലേ ഉചിതം? നിനക്ക് ഹവനം നടത്താൻ മൂഡുണ്ടെങ്കിൽ, ഇവിടെ ഏതെങ്കിലും ‘അർഘ്യ’ ഉപയോഗിക്കാൻ പാടില്ലെന്നു മനസ്സിലാക്കണം.” ചങ്ങാതി മറുപടി പറഞ്ഞു, “ഞാൻ ഹവനം നടത്തുന്നില്ല, പൂജമാത്രമേ നടത്തുന്നുള്ളു. പൂജ നടത്തുന്ന ഓരോ അവസരവും ശുഭമാണ്.”

ങാ, എങ്കിൽ തുടങ്ങൂ സഹോദരാ. തുടങ്ങി. അഥ സ്വസ്തിവചനം. ‘ഓം സ്വസ്തിനോ മിസീതാമശ്വിനാഭഗഃ സ്വസ്തി’, കുടഞ്ഞശേഷം, ‘വിശ്വദേവാ നോ അദ്യാ സ്വസ്തേ’ കുടഞ്ഞുകൊണ്ട്. ഈ കുടച്ചിൽ കാരണം ടവൽ അഴിയുന്നുണ്ട്. ‘സ്വസ്തിന ʃ ഇന്ദ്രോവൃദ്ധശ്രവാഃ’ കുടഞ്ഞശേഷം, ‘ഭദ്രം കർണേഭിഃ ശൃണുയാം’ കുടഞ്ഞുകൊണ്ട്. ‘ദേവഹിതം യദായുഃ’ ആയിരക്കണക്കിന് സംവത്സരങ്ങൾക്കു മുമ്പ് ആദ്യമായി കേട്ട, ആയിരക്കണക്കിനാണ്ടുകളായി കേട്ടുകൊണ്ടിരിക്കുന്ന വാക്കുകളുടെ സമൂഹം. ഉത്കൃഷ്ടമായ ഒരു കവിതയിലെ വാക്കുകൾപോലെ സാന്ദ്രവും മനസ്സിലാക്കാൻ പ്രയാസമുള്ളതും ഇല്ലാത്തതുമായ വാക്കുകൾ. ചൊല്ലിയത് മനോഹര ബാലൻ. കേട്ടത് ഞങ്ങൾ. വൃദ്ധശ്രവാഃ, ധാരാളം കേൾക്കുകയും കേട്ടുകേട്ട് ജ്ഞാനിയാവുകയും ചെയ്ത ഇന്ദ്രൻ നമ്മുടെ സ്വസ്തിയും സുഖവും കാത്തു രക്ഷിക്കട്ടെ. മറ്റുള്ളവരാരെല്ലാമാണു സാർ? ലോകം മുഴുവൻ, സകല മനുഷ്യരിലും വസിക്കുന്ന അഗ്നി നമ്മുടെ സ്വസ്തി രക്ഷിക്കട്ടെ. ദേവതമാരേ, ഞങ്ങൾ നന്മ കേൾക്കട്ടെ, കാണട്ടെ. സുദൃഢമായ അംഗങ്ങളാൽ അതിനെ സ്തുതിക്കട്ടെ. ദേവഹിതം ലഭിച്ച ഈ ജന്മം ശരീരങ്ങൾ കൊണ്ട് നന്നായി അനുഭവിക്കട്ടെ.

വളരെ നന്ന്!

ദീപം പ്രജ്വാല്യ. ആചമ്യ, പുഷ്പം ഗൃഹീത്വാ, അതായക് ദീപം കൊളുത്തി, ആചമനം ചെയ്ത്, പൂവ് കയ്യിലെടുത്ത് ഗണപതിപൂജ. വൈദ്യുത ദീപം തെളിഞ്ഞു. ഹോമത്തവി കരുതിയിട്ടുണ്ട്. പൂവ് കയ്യി

ലെടുത്തുകൊണ്ടു പറയൂ, 'ഓം സുമുഖശ്ചൈക ദന്തശ്ച കപിലോ ഗജകർണക:' എന്നിങ്ങനെ. അടയ്ക്കയില്ല, താംബൂലമില്ല, ധൂപമില്ല, ദീപമില്ല, വസ്ത്രമില്ല, രക്ഷയില്ല, യജ്ഞോപവീതമില്ല, കർപ്പൂരമില്ല, ഫലമില്ല, നൈവേദ്യമില്ല, പാലില്ല, തൈരില്ല, ഗന്ധമില്ല, ചന്ദനമില്ല, എള്ളില്ല, കടുകില്ല, മഞ്ഞളില്ല. പ്രതീകങ്ങൾ പോലുമില്ല. എന്നിട്ടും പൂജ നടത്തുകയാണ്. തത്രസങ്കല്പം. തത്രമന്ത്രം. തത്ര ബോർ. സങ്കല്പത്തിന് സംവത്സരത്തിന്റെ പേര് മുതൽ തിഥി വരെ എല്ലാം മുന്തിയവൾ പറഞ്ഞുകൊടുത്തു. മനോഹറിന് അതുവല്ലതുമോർമയുണ്ടോ? യജമാനന്റെ ഗോത്രം, രാശി, നാമം അതുമറിഞ്ഞുകൂടാ. മുന്തിയവളും പറഞ്ഞുകൊടുക്കുന്നില്ല. അവ്യക്തഭാഷിയായ യജമാനൻ ഇന്ന ഗോത്ര ഉത്പന്നസ്യ, ഇന്ന രാശി, ഇന്ന നാമശർമാണാം എന്നിങ്ങനെ അത്യാവശ്യവിവരങ്ങൾ മനസ്സിൽ പറഞ്ഞു കൊണ്ട് അഹം (അഥവാ സപത്നീകോഹം) ശ്രുതി-സ്മൃതി-പുരാണങ്ങളിൽ പറഞ്ഞിരിക്കുന്ന സമ്പൂർണഫലം പ്രാപിക്കുന്നതിനാഗ്രഹിക്കുന്നുണ്ടായിരിക്കും.

കാണ്ഡാത്കാണ്ഡാത് പ്രരോഹന്തിമുതലായവ. ക്ഷണം ധ്യാത്വാ മുതലായവ. പ്രാണായാമം മുതലായവ. അവൾ വീണ്ടും വീണ്ടും ആചമനിയിലെ ജലം വെടിയുണ്ട ഗണപതിയുടെ മേൽ അർച്ചിക്കും. 'വിഘ്നവല്ലീ കുഠാരായ ശ്രീ ഗണാധിപതേ നമഃ' വരെയെത്തി. ഗണപതിഭഗവാൻ എല്ലാ കാര്യങ്ങളും നിർവിഘ്നം നിർവഹിക്കും.

ഇനി, അഥ മാതൃപൂജ. വസുധാര. ചാണകം കൊണ്ടുണ്ടാക്കിയ മാതാക്കളെവിടെ? എഴുതൂ, കടലാസിൽ പെൻസിൽ കൊണ്ടുവരയ്ക്കൂ. ഗൗരി മുതലായ പതിനാറുമാതാക്കൾക്കു നമസ്കാരം. വീണ്ടും അതെല്ലാം. സ്നാനം. സ്നാനം കഴിഞ്ഞ് ആചമനം. വസ്ത്രം യജ്ഞോപവീതം. ഗന്ധം. അക്ഷതം. ധൂപം. ദീപം. നൈവേദ്യം. നൈവേദ്യത്തിനുശേഷം ആചമനം. അറുമ്പോറ്. വീണ്ടും വസുധാര, നെയ്യഭിഷേകം. ജലധാര. തത്രമന്ത്രഃ-ഓം വസോ പവിത്രമസി ശതധാര എന്നിങ്ങനെ. ആചമനിയിലൂടെ മാതാക്കൾക്ക് ധാര നൽകുന്നു.

അഥാഭ്യുദയിക ശ്രാദ്ധം അഥവാ നാന്ദീമുഖശ്രാദ്ധം. ശരിയായി ഓർമ വരുന്നില്ല. എങ്കിലും മനോഹർ ഒരു വിധം ഒപ്പിച്ചെടുക്കും. എന്തുകൊണ്ടെന്നാൽ, സന്തോഷാവസരങ്ങളിൽ ദേവന്മാരെ മാത്രമല്ല, പിതൃക്കളെയും സന്തോഷിപ്പിക്കേണ്ടതാവശ്യമാണ്. അവരെ 'ഇഗ്നോർ' ചെയ്താൽ നിർവിഘ്നം കാര്യം നടക്കുന്നതെങ്ങനെ? ദാനം ചെയ്യുന്നതിനു തോർത്തും മറ്റുമില്ല, ഒരു വസ്തുവില്ല. എങ്കിലും കാര്യം നടക്കും. മൂന്നു കറുകപ്പുല്ല് മതി, ഉണങ്ങിയ കറുക. ദൂർവാകാണ്ഡത്രയം. മനസ്സിലായോ? അവ മടിക്കുത്തിൽ തിരുകി വയ്ക്കണം. ദാനം ചെയ്യാൻ ഭക്തിമാത്രമേയുള്ളെങ്കിൽ അതുമൂലം പിതാവും പിതാമ

ഹനും, പ്രപിതാമഹനും, മാതാമഹനും, പ്രമാതാമഹനും, വൃദ്ധപ്രമാതാമഹനും, മാത്രാദിത്രയവുമെല്ലാം സന്തുഷ്ടരാകും.

ഞാൻ മനോഹറിനോടു പറഞ്ഞു, "ചങ്ങാതീ, ഷോട്ട്കട്ട് എടുക്ക്. ഇങ്ങനെപോയാൽ രാത്രിമുഴുവൻവേണ്ടിവരും. അടുത്തകാലത്തായി യജമാനന്മാർ തന്നെ പുരോഹിതന്മാരോടു പറയാറുണ്ട്-ബ്രെവിറ്റി ഈസ് ദ സോൾ ഓഫ് വർഷിപ്പ്. 'ചടപടാ'ന്ന് ജോലി തീർക്കുന്ന പുരോഹിതന്മാരെ എല്ലാവരും പ്രശംസിക്കുന്നു."

എങ്കിലും അയാൾ വ്യതിചലിച്ചില്ല. മനോഹർ ഉവാചഃ മരിക്കുന്ന മനുഷ്യൻ. മനുഷ്യന്റെ മകൻ ഞാൻ, ഈ മനുഷ്യന്റെ ഭാര്യ പറയട്ടെ -ധവള പ്രതീകമായ കപോതം പറക്കട്ടെ. പ്രാണപക്ഷിയില്ലെങ്കിൽ പോലും എനിക്കു സംഭ്രമം. എന്തുകൊണ്ടെന്നാൽ, മരിക്കുന്നയാൾ എന്റെ പിതാവ് തന്നെ.

അഥ പുണ്യാഹവാചനം. ഭോ ബ്രാഹ്മണാ മമ ഗൃഹേ പുണ്യാഹം ഭവന്തോ ബ്രവന്തു! ഹേ ബ്രാഹ്മണാ, എന്റെ വീട്ടിൽ പുണ്യമുണ്ടാകട്ടെയെന്നു പറയൂ. എന്റെ വീട്ടിൽ സ്വസ്തിയുണ്ടാകട്ടെയെന്നു പറയൂ. ഋദ്ധിയുണ്ടാകട്ടെയെന്നു പറയൂ. വൃദ്ധിയുണ്ടാകട്ടെയെന്നു പറയൂ. മംഗളം ഭവിക്കട്ടെ, ഐശ്വര്യമുണ്ടാകട്ടെ, ശാന്തി സംജാതമാകട്ടെ. പറയൂ. ഓരോ പദത്തിലും മുമ്മൂന്നു തവണ യജമാനന്റെ അപേക്ഷ, മുമ്മൂന്നു തവണ തവണ ബ്രാഹ്മണൻ അത് പൂർത്തീകരിക്കുന്നു. ഓം പുണ്യാഹം, പുണ്യാഹം, പുണ്യാഹം- പുണ്യമുണ്ടാകട്ടെ, പുണ്യമുണ്ടാകട്ടെ, പുണ്യമുണ്ടാകട്ടെ. ഓം ഋദ്ധയതാം, ഋദ്ധയതാം, ഋദ്ധയതാം-ഋദ്ധി സംഭവിക്കട്ടെ, ഋദ്ധി സംഭവിക്കട്ടെ, ഋദ്ധി സംഭവിക്കട്ടെ. അവ്യക്തഭാഷിയായ യജമാനന്റെ അപേക്ഷയും ആ അപേക്ഷയിൽ നടപടിയും-രണ്ടും മനോഹറിന്റെ ഉത്തരവാദിത്തം. യത്പാപമനാരോഗ്യമശുഭമകല്യാണം തദ് ദൂരേ പ്രതിഹതമസ്തു. സാറേ, പാപം, അനാരോഗ്യം, അശുഭം, അകല്യാണം, ഇവയെല്ലാം ഞങ്ങളിൽ നിന്നകലട്ടെ! എല്ലാമകന്നു!

അഥ കലശ സ്ഥാപനം. അഥ രക്ഷാവിധാനം. ചെയ്തുകൊണ്ടിരിക്കുന്നു. ബ്രഹ്മകപാലിയിൽ കണ്ട ഒരു ദൃശ്യം ഞാൻ മനോഹറിനെ ഓർമിപ്പിച്ചു. ബദരീനാഥിലാണ് ഈ ബ്രഹ്മകപാലി. അവിടെ ശ്രാദ്ധം നടത്തിയാൽ വേറേ എങ്ങും നടത്തേണ്ടയാവശ്യമില്ലെന്ന് അനേകമാളുകൾ വിചാരിക്കുന്നു. ഒരു വി.ഐ.പി. ഈ മോഹത്തോടെ തന്റെ പിതാവിന്റെ ശ്രാദ്ധം നടത്താൻ അവിടെയെത്തി. കൂടെ അദ്ദേഹത്തിന്റെ വൃദ്ധമാതാവുണ്ടായിരുന്നു. വി.ഐ.പി. യജമാനന് വി.ഐ.പി. ബ്രാഹ്മണനെ അന്വേഷിച്ചു. നിർധനനും ഉന്മത്തനുമായിരുന്നു പുരോഹിതൻ. അവിടെ വിശേഷാൽ തണുപ്പുണ്ടായിരുന്നു, അന്നു മഴപെയ്യുന്നുണ്ടായിരുന്നു. ഉന്മത്തൻ പറഞ്ഞു-ശ്രാദ്ധതർപ്പണം അളകനന്ദയുടെ തീര

ത്തുതന്നെ നടത്തണം. വി.ഐ.പി.ക്ക് ക്ഷോഭമുണ്ടായി. ഓഫീസർമാർ പുരോഹിതനെ ശകാരിച്ചു. പക്ഷേ ഉന്മത്തൻ തുറന്നടിച്ചു, "വേറേയാരെയെങ്കിലും കൊണ്ട് നടത്തിക്കോ. ഇത്രപോലും ശ്രദ്ധയില്ലാത്തവൻ ശ്രാദ്ധം നടത്തുന്നതെന്തിന്?" വി.ഐ.പി.യുടെ അമ്മ തന്റെ മകന്റെ മേൽ സമ്മർദം ചെലുത്തി. കുടക്കീഴിലാണെങ്കിലും നനഞ്ഞു വിറച്ച് വി.ഐ.പി. അളകനന്ദാതീരേ. വസു, രുദ്രൻ, ആദിത്യൻ- കഴിഞ്ഞ തലമുറ, അതിനുമുൻ തലമുറ, അതിനും മുൻ തലമുറ-മൂന്നു തലമുറയിലെയും പിതൃക്കൾ തൃപ്തരായി. അവരെക്കാൾ കൂടുതൽ തൃപ്തനായി-വി.ഐ.പി. ശ്രദ്ധയും ശ്രാദ്ധവും കൊണ്ടു നിറഞ്ഞു!

എന്റെ ഈ വി.ഐ.പി. ദേഹത്തെ ക്ലേശിപ്പിക്കരുതെന്ന് ഞാൻ മനോഹറിനോടു പറഞ്ഞു. എന്നാൽ അവൻ ക്ലേശിപ്പിച്ചുകൊണ്ടിരുന്നു. അളകനന്ദാതീരത്ത് കുടയില്ലാതെ മഴയത്ത് മന്ത്രോച്ചാരണം നടത്തിക്കൊണ്ടിരുന്ന ദരിദ്രനും ഉന്മത്തനുമായ വൃദ്ധ ബ്രാഹ്മണനെ സ്മരിച്ചു. ലാറ്റിനമേരിക്കയിലെ കാടുകളിൽ വെടിയുണ്ടയില്ലാത്ത കൈത്തോക്കുമായി, ബൂട്ടിന്റെ കീറിയ സോളിലൂടെ കിഴിഞ്ഞുകയറിയ മുള്ള് വലിച്ചെടുത്ത ഒരു കവർച്ചക്കാരനെ സ്മരിച്ചുകൊണ്ട്, അയാൾ സ്വന്തം ശരീരത്തെ ക്ലേശിപ്പിച്ചുകൊണ്ടിരുന്നു. ഏതോ സന്താളിന്റെ അമ്പേറ്റ് കാട്ടിൽ വീണുപോയ ഒരു 'സ്യുഡോ'വിനെ സ്മരിച്ചുകൊണ്ട് ദേഹം ക്ലേശിപ്പിച്ചുകൊണ്ടിരുന്നു.

ഇത്തരം അതിസരളീകരണത്തിൽ ജോഷിക്ക് വളരെ എതിർപ്പുണ്ട്. ഞാനാണെങ്കിൽ സാരള്യത്തിന്റെ പുജാരിയോ സങ്കീർണതയുടെ ആരാധകനോ അല്ല. കോമൺസെൻസാണു പ്രധാനം. മനോഹർ സപ്തശതി പാരായണം ചെയ്തു. ദേവിയുടെ മൂന്നു കഥകളുടെ സംഗ്രഹം. കഥകളിങ്ങനെ, സാറേ, ഈ ദേവന്മാരും നമ്മളെയൊക്കെപ്പോലെ തന്നെ. ഏതെങ്കിലും ഒരസുരൻ മുഖസ്തുതിയിലൂടെ വശത്താക്കും. ഉടനേ കൊടുക്കും അസുലഭവരം. അസുരൻ സ്വഭാവവശാൽ നിർബാധം പവർ മിസ്യൂസ് ചെയ്തുകൊണ്ട്, വരദാനം ദുരുപയോഗപ്പെടുത്തിക്കൊണ്ട് ദേവന്മാരെ ബുദ്ധിമുട്ടിക്കും. അപ്പോൾ ദേവന്മാർ അവരുടെ ഉള്ളിലുള്ള ശക്തിയെ ആഹ്വാനം ചെയ്യും. പിന്നീട് ഈ ശക്തി തെമ്മാടിയായ അസുരന്റെ കഥ കഴിക്കുന്നു.

ഈ കഥകളുടെ മുമ്പിലും പിമ്പിലും നടുക്കും അനേകം സ്തുതികൾ ചേർത്തിട്ടുണ്ട്. ജോഷിജിക്ക് സംഗീതാത്മകമായി അവ കൊള്ളാമെന്നഭിപ്രായമുണ്ട്. കഥകൾ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അസംബന്ധമാണ്. മനോഹറിനെ പൂജാസംബന്ധമായ കുടുംബകാര്യങ്ങളിൽ ബന്ധപ്പെടാൻ ജോഷിജി അനുവദിച്ചത് രണ്ടു കാരണങ്ങളാലാണ്. ഒന്ന്, ഇതിൽ ആ 'ദ-ദത്ത' ടൈപ്പ് പ്രയോഗം ലഭിക്കും. രണ്ട്, ധ്വംസിക്കുന്ന ഒന്നു രണ്ടുവാക്കുകൾ കയ്യിലെത്തുന്നു. ഉദാഹരണത്തിന്,

'ഹോതാവ്'. ഈ 'ഹോതാവ്' എന്താണെന്ന് ഡിക്ഷ്ണറി നോക്കേണ്ടിവരും. കുറേനാളായി 'വൃദ്ധശ്രവാ'യിൽ ഇവർക്കു നോട്ടമുണ്ട്. 'വാക്യഹീനം' ഊഹിച്ചെടുത്തു. ചിലപ്പോൾ 'ഹവിഷ്യം', 'കർമപാത്രം' ഇവ എടുത്തുകൊണ്ടു പറക്കേണ്ടിവരും.

ജോഷിജിയുടെ പുരോഗമനവാദത്തിന് എതിർപ്പുള്ള മറ്റൊരു സംഗതികൂടിയുണ്ട്. കഥാ-കവിതാസംഗ്രഹമായ സപ്തശതിയിൽ ചങ്ങാതിമാർ ബ്രാഹ്മണരുടെ ഹിതത്തിനുവേണ്ടി ദേവിയേക്കൊണ്ട് എന്തൊക്കെയോ പറയിച്ചിട്ടുണ്ട്.

മനോഹറിനെ സംബന്ധിച്ചിടത്തോളം 'സപ്തശതി' പരമ്പരാഗതമായി കുടുംബത്തിലെ മൂത്തമകന്റെ കോഴ്സിൽ കമ്പൽസറിയായ ഗ്രന്ഥമാണ്. അയാളുടെ ഏകസഹോദരൻ മരിച്ചശേഷം അമ്മ ഇത് അയാളുടെ കോഴ്സിൽ ചേർത്തു. സഖാവ് മനോഹർ ഈ കഥകളുടെ വിപ്ലവാത്മകവും പുരോഗമനപരവുമായ അർഥം കണ്ടെത്താൻ തയ്യാറാണ്. പഴയ കാലത്ത് വിപ്ലവത്തിന്റെ സങ്കല്പനമുണ്ടായിരുന്നെങ്കിൽ, 'ചൈതന്യം' മുതൽ 'ഭ്രാന്തി' വരെ അനേകരൂപങ്ങളിൽ ഓരോ പ്രാണിയുടെയും മനസ്സിൽ പ്രതിഷ്ഠിക്കപ്പെട്ട ദേവിയെ 'ക്രാന്തി' രൂപത്തിലും തീർച്ചയായും പ്രതിഷ്ഠിക്കുമായിരുന്നു. 'യാ ദേവി സർവഭൂതേഷു ക്രാന്തിരൂപേണ സംസ്ഥിതാ!'

എന്റെ സ്വഭാവം ഇങ്ങനെയാണ്- ആവശ്യക്കാരനായ ഒരു ബ്രാഹ്മണന് അഞ്ചുരൂപകൊടുത്തിട്ട് എനിക്കുവേണ്ടി ഈ കഥാസംഗ്രഹം ഒന്നുവായിച്ചേക്കൂ എന്നുപറയും. അല്ലെങ്കിൽ സൗകര്യപൂർവം എപ്പോഴെങ്കിലും നിർമാല്യം അഥവാ ഉണങ്ങിയ പൂവ് കൊണ്ടുവന്ന് എന്റെ തലയിൽ വച്ചിട്ടു താങ്കൾക്കുവേണ്ടി പാരായണം നടത്തിയെന്നു പറഞ്ഞാൽ മതി.

മനോഹർ പാരായണം ചെയ്തുകൊണ്ടിരുന്നു. അഥ ക്ഷമാപ്രാർഥന. 'ആവാഹനം നജാനാമി, നജാനാമി വിസർജനം' മുതലായവ. "എനിക്ക് ആവാഹനമറിഞ്ഞുകൂടാ, വിസർജനമറിഞ്ഞുകൂടാ, പൂജയറിഞ്ഞുകൂടാ- എന്നോടു ക്ഷമിക്കൂ പരമേശ്വരീ. മന്ത്രമില്ലാതെ, ക്രിയയില്ലാതെ, ഭക്തിയില്ലാതെ ഞാൻ നടത്തിയ പൂജ അവിടുത്തെ കൃപയാൽ പൂർണമാകട്ടെ."

എങ്ങും 'എഡിറ്റ്' ചെയ്യാനും അയാൾ തയ്യാറാകുന്നില്ല. നിങ്ങളുടെ ധൈര്യത്തെക്കുറിച്ച് അനുമാനിച്ചുകൊണ്ട് ഒരു ധൈര്യത്തിന് ഞാൻ ഓരോന്നു ചെയ്തുകൊണ്ടിരുന്നു.

അഥ ദേവ്യപരാധക്ഷമാപണസ്തോത്രം ശ്രീ ശങ്കരാചാര്യ വിരചിതം.

"എടോ ക്ഷമയാചിച്ചു കഴിഞ്ഞു. മറയ്ക്കുന്നതെന്തിന്? അതിനു ശേഷം 'കായേന വാചാ'യും ചൊല്ലുമോ? ങാ, വായിക്കും. ശങ്കരാചാ

ര്യരുടെ ഈ സ്തുതി എന്റെ അച്ഛനു വളരെ ഇഷ്ടമായിരുന്നു. തീർച്ചയായും വായിക്കും. വായിക്കൂ സഹോദരാ. ഇതിൽ അനാഥന്റെ കറക്കവും 'അമ്മേ, അമ്മേ' എന്ന വിളിയുമുണ്ട്. ജോഷിജിയും ഇതിന്റെ മ്യൂസിക്കും ലിൽറ്റും ഇഷ്ടപ്പെടും. വായിക്കൂ. എന്തായാലും രാത്രി ഇവിടെത്തന്നെ കഴിച്ചുകൂട്ടണമല്ലോ."

ന മന്ത്രം, ന യന്ത്രം തദപി ച നജാനേ സ്തുതിമഹോ, ന ചാഹ്വാനം ധ്യാനം തദപി ന ജാനേ സ്തുതി കഥാ. എനിക്ക് മന്ത്രമറിഞ്ഞുകൂടാ, യന്ത്രമറിഞ്ഞുകൂടാ, സ്തുതിയുമറിഞ്ഞുകൂടാ. ആഹ്വാനമറിഞ്ഞുകൂടാ, ധ്യാനമറിഞ്ഞുകൂടാ, സ്തുതികഥയുമറിഞ്ഞുകൂടാ. നമ്മുടെ ലോകം ഒരു ദൃഢവിശ്വാസത്തിലടിയുറച്ചതാണ്, 'കുപുത്രോ ജായതോ ക്വചിദപി കുമാതാ ന ഭവതി.' കുപുത്രനുണ്ടാകാനിടയുണ്ട്, കുമാതാവ് ഒരിക്കലുമുണ്ടാവുകയില്ല.

വായിക്കൂ സ്നേഹിതാ, അനുപ്രാസത്തിനുവേണ്ടി വായിക്കൂ-ജനകോ ജാനീതേ ജനനി ജപനീയം ജപവിധൗ. വായിക്കൂ, അനാഥൻ കോംപ്ലക്സിനുവേണ്ടി വായിക്കൂ- ശ്യാമേ ത്വമേവ യദി കിഞ്ചന മയ്യനാഥേ. വായിക്കൂ, ലിൽറ്റിനുവേണ്ടി വായിക്കൂ- ഭവാനി ത്വത് പാണിഗ്രഹണ പരിപാടി ഫലമിദം. ടവലഴിഞ്ഞു പോകട്ടെ. ഞാ, സാരമില്ല.

പൂജ കഴിഞ്ഞു. അഭിഷേകത്തിനായി എഴുന്നേല്ക്കുന്നതിനു മുമ്പ്, ഇരുന്നുകൊണ്ടുതന്നെ മനോഹർ ടവൽ മുറുക്കിയുടുത്തു. പൂർണപാത്രം - ഗ്ലാസ് - എടുത്തു. പെൻസിലാകുന്ന ബ്രഹ്മാവിനെ എടുത്തു. എഴുന്നേൽക്കുന്നതിനിടയിൽ വീണ്ടും ടവൽ കബളിപ്പിക്കാൻ തുടങ്ങി. കലശം പിടിച്ചിരുന്ന കൈയുടെ മുട്ടുകൊണ്ട് ടവലമർത്തി. അഭിഷേകമാരംഭിച്ചു-സർവേ സമുദ്രാസരിതാ തീർഥാനി (അതായത് ഹാൻഡ് പമ്പ്) ജലം കൊണ്ടു വന്നിരിക്കുന്നു. യജമാനന്റെ ക്ലേശങ്ങളെല്ലാം മാറും. വെള്ളം തളിച്ചുകൊണ്ടിരുന്നു വിളംബരം കേൾപ്പിച്ചുകൊണ്ടിരുന്നു. ഓൾ കോസ്മോസ് പീസ്-കൗൺസിൽ അതായത് അഖില ബ്രഹ്മാണ്ഡം ശാന്തി പരിഷദ്. സർവത്ര ശാന്തി പരത്തി-ദ്യോവ്, അന്തരീക്ഷം, പൃഥ്വി, ഓഷധി, വനസ്പതി-ശാന്തിപാഠത്തിൽ ഒന്നും വേണ്ടെന്നു വച്ചില്ല. യജമാനന്റെ ഭവനത്തിൽ നിന്ന് രോഗം-ശോകം-ദുഃഖം- ദാരിദ്ര്യമെല്ലാം ദൂരീകരിക്കണേ. ഈ പ്രാർഥനയോടെ വെള്ളം തളിക്കുന്നത് വാതിൽപ്പടിമേൽ ചെന്നു നിന്നുകൊണ്ട് വേണം. എന്നാൽ ചതിയനായ ടവൽ അവിടം വരെപോകാൻ സമ്മതിക്കുന്നില്ല. മനോഹർ ആപദ്ധർമത്തിന്റെ സഹായം തേടുന്നു. പുറം അല്പം ചരിച്ച്, പിടലിതിരിച്ച് ദുഃഖത്തെ ഓടിച്ചുകളയുന്ന ജലകണങ്ങൾ തളിക്കുന്നു. രോഗം, ശോകം, ദുഃഖം, ദാരിദ്ര്യം തദ്ദൂരേ തത് അമൃതാഭിഷേകോസ്തു ഉച്ചരിച്ചുകൊണ്ട് ജലകണങ്ങൾ തളിക്കുന്നു. പെൻസിൽ ബ്രഹ്മാവ് ഒടിഞ്ഞുവീഴുന്നു. ടവൽ അഴിഞ്ഞുവീഴുന്നു. ആ അശുഭജലകണങ്ങൾ

തന്റെ മേലും യജമാനന്റെമേലും വീഴുന്നു.

കുപുത്രന് ഒരു വരികൂടി ഉച്ചരിക്കാനുണ്ട്. നഗ്നനായി നിന്നു കൊണ്ട് അയാൾ ഉച്ചരിക്കുന്നു-ഖഡ്ഗ ശൂല ഗദാദീനി യാനിചാസ് ത്രാണി തേ അംബികേ, കരപല്ലവ സംഗീനി തൈരസ്മാൻ രക്ഷ സർവത:! ഖഡ്ഗം, ശൂലം, ഗദ മുതലായ ഏതെല്ലാം ആയുധങ്ങൾ അവിടുത്തെ കരപല്ലവങ്ങളിൽ ശോഭിക്കുന്നോ, അവകൊണ്ടെല്ലാം അവിടുന്ന് ഞങ്ങളെ രക്ഷിക്കണേ!

പൂർണപാത്രം വീണ്ടും വച്ചു. ഓടിച്ചെന്ന് പാന്റ്സ് ധരിച്ചു. ജോഷിജി ആലോചിച്ചു-വാസ്തവത്തിൽ അശുഭമായി എന്തെങ്കിലും സംഭവിച്ചാൽ കലാത്മകമായി 'ദി എൻഡ്' ഇരിക്കട്ടെ. നമ്മുടെ നായ കൻ ഉറക്കെ വിളിച്ചു പറയട്ടെ, 'രാജകുമാരീ, നിന്നെ തെറ്റിദ്ധാരണ യിൽ അടച്ചിട്ടിരുന്നവൻ മരിച്ചുപോയി. വാതിൽ തുറക്കൂ, വെളിച്ചം വരട്ടെ, ശുദ്ധവായു വീശട്ടെ. എന്റെ കൂടെ വരൂ, ലോകം എത്ര സുന്ദര മാണെന്നു നോക്കൂ.'

എന്നാൽ അശുഭത്തിനുള്ള ചുറ്റിക്കറക്കമൊന്നുമുണ്ടായില്ല. നായ കൻ ജോഷി പൂട്ടുപൊളിക്കുകയോ, എട്ടുകാലിവല അടിച്ചുമാറ്റി വൃത്തി യാക്കുകയോ, വെളിയടകൾ വലിച്ചുമാറ്റുകയോ ചെയ്യുന്നതിന് ഒരു സ്കോപ്പുമുണ്ടായില്ല. റഫറൻസ്: ഗ്രേറ്റ് എക്സ്പെക്റ്റേഷൻസ്. ഈ മുന്തിയ കളിക്കാരുടെ സ്ക്രിപ്റ്റ് തന്നെ വ്യത്യസ്തമായിരുന്നു, സാർ.

പാന്റ്സ് ധരിച്ച മനോഹറിനെ അവ്യക്തഭാഷി എന്തോ എഴുതി ക്കാണിച്ചു, 'നന്ദി'.

പിന്നീട് ഒരു വാക്ക്, 'ദക്ഷിണ.'

മനോഹർ പറഞ്ഞു, "വേണ്ട."

വീണ്ടും എന്തോ എഴുതാൻ തുടങ്ങി, പെൻസിലിന്റെ മുനയൊ ടിഞ്ഞു, പെൻസിൽ കയ്യിൽ നിന്നു താഴെ വീണു. മുന്തിയവൾ മറ്റൊരു പെൻസിൽ എടുത്തു കൊടുത്തു. എന്നാൽ അയാൾ പെൻസിൽ പിടി ച്ചില്ല. വിറയ്ക്കുന്ന കൈപ്പത്തി അഞ്ജലിപോലെയായി. മനോഹർ ആ കൈത്തലത്തിൽ ജലവും അക്ഷതവും പുഷ്പവും വച്ചു. ഒരാൾ മരി ക്കുകയായിരുന്നു, മനുഷ്യപുത്രനായ മനോഹർ അയാളുടെ നിർബന്ധം സാധിച്ചു കൊടുക്കാൻ വേണ്ടി ദക്ഷിണകൊടുക്കുമ്പോൾ ചൊല്ലേണ്ട മന്ത്രം ചൊല്ലിക്കേൾപ്പിച്ചു- പൂജയ്ക്ക് സൽഫലമുണ്ടാകട്ടെ, എനിക്ക് സദ്ഗുണമുണ്ടാകട്ടെ. അതിനായി ഈ ദക്ഷിണ ബ്രാഹ്മണനു നൽകുന്നു.

ഈ ദക്ഷിണ. ഇമാം ദക്ഷിണാം-അവ്യക്തഭാഷിയുടെ വിറയ ക്കുന്ന അഞ്ജലി അടുത്തുനിന്ന മുന്തിയവളുടെ മേൽ ജലകണങ്ങൾ ചിതറി.

കൈ ചലിച്ചതുകൊണ്ട് സംഭവിച്ചതല്ല. നോക്കൂ, ഇപ്പോഴും ആ

വിറയ്ക്കുന്ന കൈ ആ മുന്തിയവളുടെ നേർക്കാണ്- ഇമാം ദക്ഷിണാം, ബ്രാഹ്മണായ ദാസ്യേ, ഓം തത്സത് ന മമ. ഇതവന്റേതാണ്, എന്റെയല്ല.

സ്വീകരിക്കൂ, സ്വസ്തി ചൊല്ലൂ. സ്വീകരിച്ചേ പറ്റൂ. സ്വസ്തി, ശുഭം ഭവിക്കട്ടെ- മനോഹർ പറഞ്ഞു.

ദരിദ്ര ബ്രാഹ്മണൻ ഇതാവശ്യപ്പെട്ടില്ല. എന്നാൽ ചില യജമാനന്മാർ രസികന്മാരാണ്.

ഈ തിരക്കഥയിൽ തന്റെ റോളിൽ ഉറച്ചുനിന്ന മനോഹർ കുനിഞ്ഞു കറുകയും അക്ഷതവും പുഷ്പവും വെടിയുണ്ടഗണപതിയുടെ ശിരസ്സിൽ നിന്നെടുത്ത് യജമാനന്റെ ശിരസ്സിൽ വച്ചു. പ്രസാദോസ്തു!

പിന്നെ കാണുകയും കേൾക്കുകയും ചെയ്തതെന്താണ്? റിയാക്ഷൻ ഷോട്ടിലെ ക്ലോസപ്പിൽ തളർവാതം പിടിപെട്ട രോഗിയുടെ കോടിയ ചുണ്ടുകൾ 'യം-സം-ഹം' എന്നൊക്കെ ഉച്ചരിക്കുന്നു. ചലനമില്ലാത്ത കണ്ണുകൾ നിറഞ്ഞൊഴുകുന്നു.

ഈ 'യം-രം-ലം-വം-ശം-ഷം-സം-ഹം' മികച്ച ആക്റ്ററായിരുന്നു.

ഇനിയിപ്പോൾ മനോഹർ തിരികെപ്പോകണം. വിളിക്കപ്പെടുന്നവൻ പിരിച്ചയയ്ക്കപ്പെടുകയും ചെയ്യും. വിളിച്ചു വരുത്തലും പറഞ്ഞയയ്ക്കലും. സൗണ്ട് സ്റ്റേജിൽ വിളിച്ചുവരുത്തപ്പെട്ട ദേവൻ പോലും ഈ നിയമത്തിനതീതനല്ല. അക്ഷതമർപ്പിച്ച്, ഇവിടെ വന്നാലും, ഇവിടെ ഇരുന്നാലും, വരം തന്നാലും എന്നൊക്കെ പറഞ്ഞു വിളിച്ചു വരുത്തിയ ദേവനോട് യജ്ഞം പൂർത്തിയാകുമ്പോൾ 'ഇനി പോയാലും' എന്നു പറയും – ഗഛ ഗഛ സുരശ്രേഷ്ഠാ സ്വസ്ഥാനേ പരമേശ്വര യത്ര ബ്രഹ്മാദയോ ദേവാ തത്ര ഗഛ ഹുതാശന. പെർമനന്റായി വിളിച്ചു വരുത്താത്തതെന്തുകൊണ്ടെന്ന് മനോഹറിനു ദുഃഖമുണ്ട്.

മനോഹർ മുന്തിയവളുടെ കൈ പിടിച്ചുകൊണ്ട് അവളോടൊപ്പം ഓരോ വാതിൽ കടന്നു പുറത്തുവന്നു. ദാനം കിട്ടിയ പശുവെന്നപോലെ അവളെ അവൻ കൊണ്ടുവന്നു. ജോഷിജി വിചാരിച്ചു–പിടിയാനയാണെന്ന്. ഇന്റല്കചൽ. ഔട്ട് ഓഫ് കോഴ്സ് സിംഹിനിയാണെന്നറിഞ്ഞത് എന്റെ കോമൺസെൻസ്.

പൂജ നടത്തിയശേഷം ശുക്ലപക്ഷത്തിലെ അഷ്ടമിയാണെന്നു മനോഹർ മനസ്സിലാക്കി. നാല് കദളിവാഴ നിൽക്കുന്ന ഈ ഉദ്യാനത്തിൽ നിന്ന് ചന്ദ്രനെ നോക്കുമ്പോഴാണ് അയാൾക്കത് മനസ്സിലായത് ഇതുപോലെ ഒരഷ്ടമിക്കായിരുന്നു, അയാളുടെ ജനനം. എന്നാൽ അത് ശ്രാവണമാസത്തിലെ മേഘാവൃതമായ അഷ്ടമിയായിരുന്നു. ചന്ദ്രനെത്ര പേരുണ്ട്? അഷ്ടമി എത്ര തരം? അഷ്ടമിക്കു ജനിച്ചവരെത്ര? അവർ

ക്കെത്ര പേരുകൾ, വീടുകൾ, ജോലികൾ? മനോഹർ ചോദിച്ചു. തിരക്കഥ എന്തുപറയുന്നു? ഞാനെന്തു ചെയ്യും? ങാ, അല്ലെങ്കിൽ... തിരക്കഥ എന്റെ തന്നെയല്ലേ? ഞാൻ തന്നെ സ്വന്തമായൊരു പേരിടാം, എന്റെ ചന്ദ്രന്റെ, ഭാവനകളുടെ ഭാവനയായ ആ സ്ത്രീയുടെ പേരിടാം, ആ സ്ത്രീയുടെയടുത്തേക്ക് എന്നെയടുപ്പിക്കുന്നവേലിയേറ്റത്തിന്റെ പേരിടാം.

എന്റെ ഈ തിരക്കഥയിൽ ഞാൻ എന്റെ പേര് മൂഢനെന്നും, ചന്ദ്രന്റെ പേര് കിറുക്കനെന്നും, വേലിയേറ്റത്തിന്റെ പേര് ആസക്തിയെന്നും, സ്ത്രീയുടെ പേര് ഭ്രാന്തി (ഭ്രമം) യെന്നും ഇട്ടെങ്കിൽ, അതിന് നിങ്ങളെന്നെ തടയുന്നതെന്തിന്? എന്റെ തെറ്റ് എന്റേതുതന്നെയായിക്കൊള്ളട്ടെ. വരാനിരിക്കുന്ന വിപ്ലവത്തിനെ സ്വാഗതം ചെയ്തുകൊണ്ടുള്ള പരസ്യങ്ങളൊട്ടിക്കാനുള്ള പശയുണ്ടാക്കാൻ എനിക്കു സാധിക്കില്ലേ? ഇവിടെ, ഈ വാഴകൾക്കടുത്ത്, ഈ ചന്ദ്രനുതാഴെ, ഈ കടിക്കുന്ന ശ്വാനന്മാരെ സാക്ഷി നിർത്തി ഞാൻ സഹർഷം ഈ സ്ത്രീയെ പാണിഗ്രഹണം ചെയ്യാം– എന്റെ ദാരിദ്ര്യത്തിനനുരൂപമായി ഏതെങ്കിലും ദരിദ്ര വാഗ്ദാനം നല്കിയിട്ട്.

തിരക്കഥയിൽ പടക്കം പൊട്ടും വിധം മനോഹർ പറഞ്ഞു, "ഞാനൊന്നുമല്ല, എങ്കിലും എന്തെങ്കിലുമാണെങ്കിൽ അത് നിന്റേതാണ്. ഞാനെന്നെ നിനക്കുതരുന്നു. എന്തുകൊണ്ടെന്നാൽ നീയെനിക്കു നൽകപ്പെട്ടവളാണ്."

അവളതുകേട്ടു പുഞ്ചിരിച്ചു, "സ്ക്രീൻ ടെസ്റ്റ് കഴിഞ്ഞു, മനോഹർ. സെറ്റിനുപുറത്തു ഡയലോഗ് പറയണ്ട."

"ഞാൻ സെറ്റിനു പുറത്തുവന്നില്ല, വരികയുമില്ല." മനോഹർ പറഞ്ഞു.

മുന്തിയവൾ ബാലനെ നോക്കി, " ഇന്ന് നിങ്ങളുടെ അഭിനയത്തിൽ കുറച്ചേറെ ആത്മവിശ്വാസം കാണപ്പെട്ടു. പൂർവികരിൽ നിന്നു കിട്ടിയ സംസ്കാരത്തിന്റെ പ്രതാപം! നിങ്ങൾക്ക് ഏതെങ്കിലും ചെറിയൊരുറോൾ തരാൻ കഴിഞ്ഞേക്കും."

"ഞാൻ നിന്റേതാണ്." മനോഹർ പറഞ്ഞു, "നീയെനിക്ക് എന്തു തരുമോ അത് ഞാനങ്ങോട്ടുതരും. മറ്റെന്തു തരാൻ സാധിക്കും. നീയെന്റെ അഭിലാഷമാണ്."

"ഒരു മനുഷ്യൻ മരിച്ചുകൊണ്ടിരിക്കുകയാണ്, മനോഹർ!" അവൾ പറഞ്ഞു, " അവസാനനിമിഷം വരെ ഞാൻ അയാളുടെ കൂടെ കഴിയേണ്ടതാവശ്യമാണ്. പിന്നെ ഞാൻ ബോംബെ വിടും. നിനക്ക് എന്റെ കൂടെ വരണമെന്നുണ്ടെങ്കിൽ ഒരുങ്ങിയിരുന്നോളൂ. എപ്പോൾ വേണമെങ്കിലും ഞാൻ വിളിക്കാം. എന്റെ കൂടെ വരുമോ?"

"ങാ!" 'അഹം ഭവാമി' സ്റ്റൈലിൽ മടയൻ പറഞ്ഞു.

"കൊള്ളാം!" മുന്തിയവൾ ചിരിച്ചു, "ആര് കൊണ്ടുപോകുന്നെന്നോ എങ്ങോട്ടു കൊണ്ടുപോകുന്നെന്നോ എന്തിനു കൊണ്ടുപോകുന്നെന്നോ അറിയണമെന്നില്ല!"

"ഇല്ല!" ബാലൻ മറുപടി പറഞ്ഞു.

അവൾ ബാലന്റെ താടി ചൂണ്ടുവിരൽ കൊണ്ടുയർത്തി, അവന്റെ കണ്ണുകളിലുറ്റു നോക്കിക്കൊണ്ടു ചോദിച്ചു, "ഞാൻ ഫ്രോഡാണെങ്കിലോ? കള്ളി, വഞ്ചകി?"

ആ കണ്ണുകളിലെ സമ്മോഹനം ഏറ്റുവാങ്ങിക്കൊണ്ട്, ചക്ഷുശ്രവണനായ മനോഹർ പറഞ്ഞു, " നീയെന്റെയഭിലാഷമാണ്. അഭിലാഷം ഒരിക്കലും കള്ളിയാവുകയില്ല. വാസ്തവം പറഞ്ഞാൽ എനിക്കു കള്ളനാകാൻ കഴിയും. കള്ളനും വഞ്ചകനും. എന്റെ അഭിലാഷത്തിന് കള്ളനായ എന്നെ നല്ലവനാക്കിത്തീർക്കാൻ കഴിയുമോ ഇല്ലയോ എന്നു നോക്കാൻ വേണ്ടി ഞാൻ നിന്റെ കൂടെ വരാം."

അവൾ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു, "ശരി, ഞാൻ ഏതു നിമിഷം വിളിച്ചാലും, നിശ്ചിതസമയത്ത്, നിശ്ചിത സ്ഥലത്ത് എത്തിച്ചേരണം. ഒരുകാര്യം ഓർമിച്ചുകൊള്ളണം. ഖഡ്ഗം, ശൂലം, ഗദ തുടങ്ങിയ ആയുധങ്ങൾ ധരിക്കുന്നുണ്ടെങ്കിലും അവളുടെ ഒരു കൈത്തലം ശൂന്യമാണ്."

പിന്നീട് അവൾ ബാലനു രഹസ്യം പറഞ്ഞു കൊടുക്കുന്ന ഭാവത്തിൽ സൂചിപ്പിച്ചു, "ഭക്തന്റെ പ്രതിബദ്ധതയ്ക്കുവേണ്ടിയുള്ളതാണ് ആകൈത്തലം."

അവൾ വാതിലുകൾ കടന്ന് അകത്തുപോയി. മനോഹർ മാന്തോപ്പുകൾക്കപ്പുറം ചെറിയ സ്റ്റേഷനിൽ വരുന്ന ലോക്കൽ ട്രെയിൻ കാത്തു നിന്നു- പട്ടണത്തിൽ പോകാൻ.

ജോഷിജി പറഞ്ഞു- ശുക്രനുദിക്കുന്ന നേരമായി. പൂർവികന്മാരുടെ ശുക്ലയജുർവേദത്തിലെ ശ്ലോകം സൗണ്ട് ട്രാക്കിലിടൂ.

കോ ƒഅദാത്, കസ്മാ ƒഅദാത്, കാമോ ƒദാത്, കാമായാദാത്, കാമോദാതാ കാമഃ പ്രതിഗ്രഹീതാ, കാമൈതത്തേ!

ആര് കൊടുക്കുന്നു, ആർക്ക് കൊടുക്കുന്നു, കാമത്തിനുവേണ്ടി കാമത്താൽ കൊടുക്കപ്പെടുന്നു. കാമം കൊടുക്കുന്നു, കാമം സ്വീകരിക്കുന്നു. ഹേകാമ! ഇത് കാമ്യം എല്ലാം നിന്റെ തന്നെ.

ഭോ ബ്രാഹ്മണാ മമ ഗൃഹേ!

വിചിത്രവും എന്നാൽ സത്യവുമാണ്. സുന്ദരമായ ഒരു നുണ ജോഷിജിയെ ഭയങ്കരമായ നിലയിൽ രോഗിയാക്കിത്തീർത്തു. മനോഹറിന്റെ കാര്യം എനിക്കു മനസ്സിലാക്കാൻ കഴിയുമായിരുന്നു. ആ ദരിദ്രൻ ഏതോ വാഗ്ദാനം നല്കിയിരുന്നു. സ്ക്രിപ്റ്റിലെ വാഗ്ദാനം സെറ്റിൽ വച്ചു നല്കുന്നതിന് ഒരു പ്രാധാന്യവുമില്ലെന്ന് ഞാൻ ഉറപ്പിച്ചു പറഞ്ഞതാണ്. കുറച്ചുനാളത്തെ അവകാശാവധിയെടുത്തുകൊണ്ട് ഞാൻ ആ മുന്തിയവളുടെ കൂടെ എവിടെയും പോകുന്ന പ്രശ്നമുദിക്കുന്നില്ല. ഏതെങ്കിലും ഭ്രാന്തിയുടെ കൂടെ എവിടെങ്കിലും പോകാനാണോ അവകാശാവധി?

എന്തുകൊണ്ടോ, ജോഷിജി പിണങ്ങി ഇരിക്കുകയായിരുന്നു. അയാൾക്കും എങ്ങും പോകണമെന്നാഗ്രഹമില്ലായിരുന്നു. എങ്കിലും അയാളുടെ മനസ്സിൽ 'സീ ഓഫ്' ചെയ്യണമെന്ന ആഗ്രഹമുണ്ടായിരുന്നു. സ്റ്റേഷനിൽ പോയി, നിസ്സഹായതയുടെ പേരാണ് ആധുനികതാബോധമെന്ന് പരമോത്കർഷത്തോടെ പറഞ്ഞിട്ടുപോരാം.

ജോഷിജിയും മനോഹറും എന്റെ നിസ്സാരതയെ നിന്ദിച്ചുകൊണ്ടിരുന്നു. അവരുടെ വലിപ്പം വളരെ തരംതാണ രോഗത്തിനിരയാവുകയായിരുന്നു.

ഞാൻ കരുത്ത് മുഴുവൻ പ്രയോഗിച്ചു പൊരുതി. മാനസികവിഷാദം അഥവാ ഡിപ്രഷൻ എന്ന ഹാസ്യാസ്പദമായ ശോകാന്തരോഗത്തോടു ഞാൻ പടവെട്ടി. ഈ രണ്ടു മണ്ടന്മാരും അത് വെറും കണ്ണുപൊത്തിക്കളിയാണെന്നാണു വിചാരിച്ചത്. മുന്തിയവളുമായുള്ള ചുറ്റിക്കളി ഈ രോഗം വർധിപ്പിക്കുമെന്ന് എനിക്കറിയാമായിരുന്നു. അതിനാൽ അവളുടെ പിടിയിൽപെടാതെ ഈ പയ്യന്മാരെ അകറ്റി നിർത്തണമെന്നു ഞാൻ തീരുമാനിച്ചു. അവരെ നിയന്ത്രിച്ചു നിർത്തുന്നതിനുവേണ്ടി ഞാൻ അവരുടെ അമ്മയായിത്തീർന്നു. രാത്രിയിൽ കുതിർത്ത ബദാം അതി രാവിലെ അരച്ചു തീറ്റിക്കുക. ടോണിക്ക് കുടിപ്പിക്കുക... മനസ്സിലായോ സാർ? മുതിർന്നവരുടെ കൂടെ ചുറ്റിനടക്കാൻ കൊണ്ടുപോവുക. ബ്രഹ്മിയുടെ നെല്ലിക്കാതൈലം തലയിൽ പുരട്ടിക്കൊടുക്കുക. എനിക്ക് മറുകുണ്ടായിരുന്നെങ്കിൽ അതും അവരുടെ വിരലിനു

തൊടാൻ വിട്ടുകൊടുക്കുമായിരുന്നു, എന്നിട്ട് ഉറക്കുമായിരുന്നു. രാത്രിയിൽ പയ്യന്മാർ ഞെട്ടിയുണരും. അപ്പുറത്തെ ശബ്ദം കേൾക്കാമെന്നു പറയും.

ചിലപ്പോൾ അവരുടെ ശബ്ദം സംസാരിക്കുന്നതിനിടയ്ക്ക് നിന്നുപോകും. എന്നിട്ട് എന്തുകൊണ്ട് നിന്നുപോയെന്നു ചോദിക്കും. നിങ്ങൾ തടഞ്ഞുകാണും. കഴുത്തിലെ ഏതെങ്കിലും പേശി വലിഞ്ഞുമുറുകിക്കാണും. നാഡിയിൽ കൈവച്ചിട്ട് ഒരു ബീറ്റ് മിസ് ചെയ്തെന്നു പറയട്ടെ. ഡോക്ടർ ദേശായി പറഞ്ഞിട്ടില്ലേ, ചിലപ്പോഴൊക്കെ അങ്ങനെ സംഭവിക്കും. നിങ്ങളുടെ ഇ.സി.ജി. എടുപ്പിച്ചു. ഇനിയെന്തു വേണം? എല്ലാം ആവശ്യത്തിൽ കൂടുതൽ മന്ദമായതുപോലെ ഇവർക്കുതോന്നും. ഹൃദയം 'ബും' എന്നിരിക്കുന്നെന്ന് ഇവർ പറയും. അതൊട്ടും ശരിയല്ല. മേഘം കാരണം വെളിച്ചം കുറഞ്ഞു. ട്രക്ക് ഇതുവരെ പുറത്തുനിന്ന് ഒച്ചയുണ്ടാക്കുകയായിരുന്നു. ഇപ്പോൾ അതിന്റെ എൻജിൻ നിർത്തിയതുകൊണ്ട് സമാധാനമായി, അതാണ് നിങ്ങളുടെ 'ബും.' 'സെൻസറി ഇൻപുട്'കട്ട് ചെയ്യുകയോ മാറുകയോ ചെയ്താൽ ഇങ്ങനെ സംഭവിക്കുമെന്നും, സാധാരണഗതിയിൽ നമ്മൾ ഇത് നോട്ട് ചെയ്യാറില്ലെന്നും ഡോക്ടർ ദേശായി പറഞ്ഞില്ലേ? നമ്മുടെയുള്ളിലും പലതും– ഉയർച്ചയും താഴ്ചയും, ഓണും ഓഫും– നടക്കുന്നുണ്ടെന്നും, പക്ഷേ നമ്മൾ പൊതുവേ അത് നോട്ടീസ് ചെയ്യാറില്ലെന്നും ഡോക്ടർ ദേശായി പറഞ്ഞു.

"ഫോർ എക്സാമ്പ്ൾ, മിസ്റ്റർ ജോഷീ. ഉറങ്ങുന്നതിനുതൊട്ടുമുമ്പ് നിങ്ങൾക്ക് ഒരു കുലുക്കം പോലെ തോന്നുന്നത് വൃക്ഷശിഖരങ്ങളിൽ പാർക്കുന്ന നമ്മുടെ പൂർവികരായ കുരങ്ങന്മാരിൽ നിന്നു പാരമ്പര്യമായി കിട്ടിയതാണ്. ഉറക്കത്തിൽ താഴെ വീഴുമോ എന്ന ചിന്തമൂലം ഉറങ്ങുന്നതിനു തൊട്ടുമുമ്പ് കുരങ്ങ് ഞെട്ടലോടെ ചുറ്റും നോക്കും. ഇറ്റീസ് പെർഫെക്റ്റലി നോർമൽ മിസ്റ്റർ ജോഷീ. നവജാത ശിശുക്കളും ഉറക്കത്തിൽ ഞെട്ടാറുണ്ട്. ഇത്തരം കാര്യങ്ങൾ നോട്ടീസ് ചെയ്യാതിരിക്കുന്നതാണ് "നോർമൽ."

എന്നാൽ മിസ്റ്റർ ജോഷി 'ബും', 'ഢും' എന്നൊക്കെപ്പറഞ്ഞ് വ്യാകുലചിത്തനായി ഇരിക്കുകയാണ്. വൈദ്യുതി വെളിച്ചം ഇപ്പോൾ മങ്ങിയതാണോ, അതോ എന്റെയുള്ളിൽ മങ്ങലുണ്ടായതാണോ? ലൈറ്റ് ഫ്ളിക്കറായോ എന്നൊക്കെ ആളുകളോടു ചോദിക്കുന്നതെത്ര വിചിത്രം? ഇത്തരം നിസ്സാരകാര്യങ്ങൾ നോട്ടീസ് ചെയ്യുന്ന 'അബ്നോർമൽ' വ്യക്തികൾ ഈ ലോകത്തല്ല ജീവിക്കുന്നത്.

മറ്റൊരു നാശം, 'വിൻഡ്' അഥവാ 'വായു'. ഈ 'വിൻഡ്' എന്നു പറയുന്നതും ഒരു സാങ്കല്പിക രോഗലക്ഷണമാണെന്ന് എത്ര തവണ പറഞ്ഞു. നിങ്ങൾ പരിഭ്രമത്തിൽ 'വായു' വിഴുങ്ങുകയാണെന്ന് ഡോക്ടർ

ദേശായി പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ വയറിനു തകരാറൊന്നുമില്ല. അത് 'വിൻഡു'ണ്ടാക്കുന്നില്ല.

"നിങ്ങൾ ഒരു നേരമ്പോക്കിന് എൻസൈം കഴിക്കൂ, ബി-കോം പ്ലക്സ് കഴിക്കൂ, അന്റാസിഡ് കഴിക്കൂ. അതുകൊണ്ടു വിശേഷിച്ച് ഒന്നും സംഭവിക്കുന്നില്ല, മിസ്റ്റർ ജോഷീ. ഞാൻ നേരത്തേ അഡ്വൈസ് ചെയ്തതുപോലെ നിങ്ങൾ വ്യായാമം ചെയ്യൂ. നിങ്ങളുടെ മനസ്സിലെ പേടിമാറ്റാൻ വേണ്ടി ക്ലിനിക്കിൽ എന്റെ മുമ്പിൽവച്ച് വ്യായാമം ചെയ്തോളൂ. നിങ്ങൾക്ക് ഹാർട്ട് അറ്റാക്ക് വരികയാണെങ്കിൽ ഉടനടി ഞാൻ മസാജ് ചെയ്യാം. പിന്നെ, മിസ്റ്റർ ജോഷീ, വായുതടസ്സത്തിന്റെ കാര്യം താങ്കൾ പറയുന്നല്ലോ, ഭയം മൂലം മലമൂത്രവിസർജനം നടക്കുന്നതുപോലും ചിലപ്പോൾ തടസ്സപ്പെടും. നിങ്ങൾക്കു ശ്വാസതടസ്സമുണ്ടാകുന്നത് ഭയം മൂലമാണ്. നിങ്ങൾക്കു ഭാര്യയില്ല, പിന്നെ ആരെയാണിത്രമാത്രം ഭയക്കുന്നത്?"

ഡോക്ടർ ദേശായി എത്രമാത്രം ചിരിച്ചു, അയാളെ എത്രമാത്രം ചിരിപ്പിച്ചു! എന്നാൽ ജോഷിജി നെഞ്ചിൽ കൈവച്ചുകൊണ്ടിരുന്നു.- ഏമ്പക്കം പ്രതീക്ഷിച്ചുകൊണ്ടിരുന്നു. സഹാനുഭൂതിയുള്ളവർ ബുദ്ധിമുട്ട് വർധിപ്പിച്ചു. വായുകോപമുള്ളവർക്ക് വേണ്ടി ഓരോരുത്തരുടെ പക്കലും ഹോപ്പുണ്ട്. എന്നാൽ ഒരു മനുഷ്യൻ ഒരുമിച്ച് എത്ര ചൂർണം, എത്ര മൂലികൾ, എത്ര 'പതി'കളിലെ എത്രമരുന്നുകൾ കഴിക്കും? അതെല്ലാം കൂടെ കഴിച്ചാൽ ഈ നശിച്ച 'വിൻഡ്' താനേ ഉണ്ടായിക്കൊള്ളും.

തങ്ങളുടെ രോഗവിവരം ആരോടും പറയരുതെന്ന് ഞാൻ ഈ പയ്യന്മാരോട് നിർദേശിച്ചിരുന്നു. ഞാനിവർക്ക് അതിരാവിലെ ഓരോ പിടി കുതിർത്ത കടല തിന്നാൻ കൊടുത്തു. അതുമൂലം 'വിൻഡു' ണ്ടാകുമെന്നു പറഞ്ഞ് അവർ പ്രൊട്ടസ്റ്റ് ചെയ്തു. കടല തിന്നാലെന്തുണ്ടാകുമെന്ന് ഏതെങ്കിലും കുതിരയോടു ചോദിക്കാൻ ഞാനിവന്മാരോടു പറഞ്ഞു. ഞാനിവരെക്കൊണ്ടു വ്യായാമവും ചെയ്യിച്ചു.

'താങ്കളെന്തെങ്കിലും എഴുതൂ' എന്ന് ഞാൻ ജോഷിയോടു പറഞ്ഞു. ഞാനെഴുതാനുദ്ദേശിക്കുന്ന തരംതാണ സാധനങ്ങളല്ല. താങ്കൾ സ്വന്തം 'വേസ്റ്റ് ലാൻഡ്' പൂർത്തിയാക്കൂ. പൂർത്തിയാക്കിയില്ല. ഏറെ നിർബന്ധിച്ചപ്പോൾ ഗുരു ഏതാനും വരികളെഴുതി. അതു വായിച്ച് എന്റെ സ്ക്രൂ അല്പം കൂടുതൽ ടൈറ്റായി.

എന്റെ ഇന്റലക്ചൽ റാഷണൽ എഴുതി, " ഇരുട്ടിന്റെ കണ്ണിൽ ഈയുള്ളവൾ പാർക്കുന്നു. പറയുന്നില്ല, പക്ഷേ നിന്നോടു ഞാൻ പറയുന്നു. നിങ്ങൾ ഉറങ്ങുമ്പോഴോ, ഒറ്റയ്ക്കാകുമ്പോഴോ, വെളിച്ചത്തിന്റെ വിരൽ വിട്ടുപോകുമ്പോൾ, ഞാൻ മാത്രം നിങ്ങളെ കാണുന്നു, നിങ്ങൾ ഈയുള്ളവളെ കണ്ടുകരയുന്നു. ഇരുട്ടിന്റെ കണ്ണ് വളരെ തെളിഞ്ഞതും

തണുത്തതും വരണ്ടതുമാണ്. ഇതിൽ വവ്വാൽപോലും പാർക്കുകയില്ല. വരുന്നെങ്കിൽ ഒന്നും മിണ്ടാതെ വരൂ. പോകുന്ന കാര്യം ആരോടു പറയാറില്ല."

ഈ പിശാചിന്റെ പയ്യന്മാർ എന്നെ ഒരു ഭൂതമാക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുകയാണ്. ഞാൻ ജോഷിയോടു പറഞ്ഞു നിങ്ങൾ ഡിപ്രഷനെക്കുറിച്ച് ഇനിമേൽ ഏതെങ്കിലും ശാസ്ത്രീയലേഖനം വായിക്കാൻ പാടില്ല. എനിക്ക് രസതന്ത്രസംബന്ധമായ വിധിസിദ്ധാന്തത്തിൽ യാതൊരു താല്പര്യവുമില്ല.

മനോഹർ കൂടെക്കൂടെ തന്റെ വിരൽ ആ'ഭോം-ഭോം' പമ്പിന്റെ സ്വിച്ചിലമർത്തിക്കൊണ്ടിരുന്നു. ഒരാൾ എപ്പോഴെല്ലാം ട്രാൻസിസ്റ്ററിന്റെ ഒച്ച കൂട്ടും, തലയണയിൽ മുഖമമർത്തും, ബോംബെയിലെ ഉഷ്ണത്തിൽ പുതപ്പ് പുതയ്ക്കും. കൂടെക്കൂടെ, കണ്ണിലെന്തോ വീണെന്നു പറഞ്ഞു ബാത്റൂമിലേക്ക് ഓടിപ്പോകുമെന്നൊക്കെ പറയാൻ പ്രയാസമായി.

ഞാൻ മനോഹറിനോടു ചോദിച്ചു, "എന്തിനാ സഹോദരാ, കരയുന്നത്?"

ജോഷിജി എന്റെ നിർദേശപ്രകാരം ഇംഗ്ലീഷ് ട്രൈ ചെയ്തു, "നൗ ലെറ്റസ് സീ വാട്ട് മേക്ക്സ്യൂ വീപ്പ്?" മനോഹർ ഗുരുവിനെ ചുറ്റിക്കാൻ തുടങ്ങി. ശ്വാസലയംപോലും ശ്രദ്ധിക്കാതെ സംസാരിച്ചു. ഗുരു എന്തെങ്കിലും ഒരു ഉപായം തത്വശാസ്ത്രത്തിന്റെ പിൻബലത്തോടെ നിർദേശിക്കും. ബാലൻ ഒരു ചിന്തയും കൂടാതെ അതും 'രോദനഭാരതി'യിൽ ബ്രോഡ്കാസ്റ്റ് ചെയ്യും. ഉദാഹരണത്തിന്, ഗുരുപറഞ്ഞു. (റഫറൻസ്: സെവൻ സമുറായ്), "നോക്കൂ മനോഹർ, കൊള്ളക്കാർ കൃഷിക്കാരെ പേടിപ്പിച്ചു, കൃഷിക്കാർ രക്ഷയ്ക്കായി വീരന്മാരെ വിളിച്ചു, വീരന്മാരും കൊള്ളക്കാരും പരസ്പരം യുദ്ധം ചെയ്തു, യുദ്ധത്തിൽ മരിച്ചു. കൃഷിക്കാർ കൃഷി ചെയ്തുകൊണ്ടിരുന്നു, രക്ഷപ്പെട്ട ഒരേയൊരു വീരൻ കൂട്ടുകാരുടെ സമാധിയുടെയടുത്തുകൂടെ തലകുനിച്ചു നടന്നുപോയി."

മനോഹർ അതു കേട്ടയുടൻ സ്പെഷ്യൽ ബുള്ളറ്റിൻ ബ്രോഡ്കാസ്റ്റ് ചെയ്തു. "കൊള്ളക്കാരാക്കപ്പെട്ടവർക്കുവേണ്ടിയും, കൊള്ളക്കാരാൽ പീഡിപ്പിക്കപ്പെട്ട കൃഷിക്കാർക്കുവേണ്ടിയും, കൃഷിക്കാരാൽ വിളിക്കപ്പെട്ട വീരന്മാർക്കുവേണ്ടിയും, ഒരാൾമാത്രം രക്ഷപ്പെട്ട ആ യുദ്ധത്തിനുവേണ്ടിയും, വീണ്ടും വിതയ്ക്കപ്പെട്ട ആ നിലത്തിനുവേണ്ടിയും ഞാൻ കരയുന്നു."

ജോഷിയോടു ഞാൻ ചോദിച്ചു, "ഈ വീപ്പിങ് പോയട്രികൊണ്ടു താങ്കൾക്കെന്തെങ്കിലും പ്രയോജനമുണ്ടോ?" അദ്ദേഹം പറഞ്ഞു, "ഇത്തരം കൃതികൾ ഏതെങ്കിലും കിഴവൻ മഹാകവിയുടെ വാക്കുകൾക്കുമാത്രമേ ഇണങ്ങുന്നുള്ളു, അല്ലെങ്കിൽ കലായകാവ്യമത്സര

ങ്ങൾക്കയച്ചുതന്ന അറുമ്പോറൻ മോഡേൺ കവിതയ്ക്കു തുല്യം. രണ്ട വസ്ഥയിലും അങ്ങേയറ്റം അശാന്തചിത്തരായേ കേൾക്കാൻ പറ്റൂ."ഗുരുവിന്റെ ഇംഗ്ലീഷ് 'എംബറാസ്ഡ്'ന്റെ നൈമിഷാരണ്യതർജമ കേട്ട് ഞാൻ മലച്ചുപോയി. മനോഹറിന്റെ സഹവാസത്തിൽ ജോഷിജിക്ക് എന്തെങ്കിലുമൊക്കെ കിട്ടിക്കൊണ്ടിരിക്കും.

ഈ പയ്യന്മാരുടെ സഹവാസത്താൽ എനിക്കൊരു തോന്നലുണ്ടായി – വീട്ടിൽ പോകാനുള്ള വണ്ടിയിലിരുന്ന എന്നെ ആരോ ബലാൽക്കാരമായി പിടിച്ച് അപരിചിതമായ ഏതോ ചെറിയ സ്റ്റേഷനിലിറക്കിയതുപോലെയുള്ള തോന്നൽ. ഇവിടെ മാന്തോപ്പില്ല, ഇടവഴിയില്ല, കെട്ടിടമില്ല. പരസ്പരം ചേരുകയും പരസ്പരം മുറിക്കുകയും ചെയ്യുന്ന വളഞ്ഞ വഴികളുടെ കറക്കം. അതിൽ അതിവിചിത്രമായ ട്രാഫിക്ക്. 'ശൂം...' ഇവിടുന്നൊരു വണ്ടി അങ്ങോട്ട്. 'ശൂം...' അവിടുന്നൊരു വണ്ടി ഇങ്ങോട്ട്. ചെറിയ വണ്ടികൾ. ഹെൽമറ്റും കണ്ണടയും ധരിച്ച് വണ്ടിയോടിക്കുന്നവർ. ഇടം വലം നോക്കാറില്ല.

റിലേറേസ് പോലെ. ശൂം... ശൂം... എന്ന് പാഞ്ഞുപോകുന്ന വണ്ടികൾ. എവിടെ നിന്നെങ്ങോട്ടു പോകുന്നെന്ന് ഒരു നിശ്ചയമില്ല. ഞാൻ നാട്ടുമ്പുറത്തുകാരൻ. കൂടെ രണ്ടുപയ്യന്മാർ. റോഡിനപ്പുറത്ത് ധർമശാലയുണ്ടോ, പൂരിയോ മറ്റോ കിട്ടുമോ എന്നന്വേഷിക്കാമെന്നു വിചാരിച്ചു. പക്ഷേ, ഇവന്മാരെ ഇവിടെ നിർത്തിയിട്ടുപോകുന്നതെങ്ങനെ? ഇവരെന്റെ പിറകേ വന്നാൽ ഇവരെ രക്ഷപ്പെടുത്താനുള്ള ശ്രമത്തിൽ ഞാൻ മരിക്കും. കൂടെ വന്നില്ലെങ്കിൽ, പരിചയക്കുറവുള്ള ഞാൻ അശ്രദ്ധമൂലം ഏതെങ്കിലും ട്രക്കിന്റെ കീഴിൽ പെട്ടാലോ?

മരണചിന്ത എന്നെ അലട്ടാൻ തുടങ്ങിയപ്പോൾ, ഞാൻ ഡോക്ടർ ദേശായിയോട്'എന്നെ രക്ഷിക്കണേ' എന്നപേക്ഷിച്ചു. ഈ വാക്കുകേട്ട് അദ്ദേഹം ഗൗരവം പൂണ്ടു. അദ്ദേഹം എന്നെ ഒരു ഫ്രോയ്ഡ് സുതന്റെയടുക്കലയച്ചു. ഫ്രോയ്ഡ് സുതൻ അന്തർദർശനം നടത്തി. കോമൺ സെൻസിന്റെ കാര്യം പറഞ്ഞുമനസ്സിലാക്കി. ഇതുകൊണ്ടു ശരിയായില്ലെങ്കിൽ ഇലക്ട്രിക് ഷോക്ക് തരേണ്ടിവരുമെന്നു മുന്നറിയിപ്പു നല്കി.

ഈ പയ്യന്മാർക്ക് ഞാൻ തന്നെ ഇലക്ട്രിക് ഷോക്ക് കൊടുക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്തു. ആദ്യം 'റീസണി'ന്റെ ആരാധകനായ ജോഷിജിയെ പിടികൂടി നിന്ദയെന്ന 'ഇറാഷണൽ' രോഗത്തിന്റെ പേരിൽ അയാൾക്ക് ഷോക്ക് കോടുത്തു.

ഞാനയാളോടു പറഞ്ഞു, "ജോഷിജീ, താങ്കൾ എന്നോടു ചോദിച്ചാൽ എനിക്കൊരു ദുഃഖവുമില്ല. രോഗം വളർത്തുന്ന ഒരു വിഷാദവും എനിക്കില്ല. എന്നാൽ എനിക്കു പല കാര്യങ്ങളിലും ഖേദമുണ്ട്. ഉദാഹരണത്തിന് എനിക്കൊരു ചലച്ചിത്രമാസികയുടെ പത്രാധിപത്യം കിട്ടാറായത് നഷ്ടപ്പെട്ടു. പിന്നെ, ഇത്രയൊക്കെ കഷ്ടപ്പെട്ടിട്ടും കൊള്ളാവുന്ന

ഒരു ഫിലിമെഴുതാൻ സാധിച്ചില്ല. പിന്നെ, നിങ്ങൾക്ക് ഒരു സ്വർണ ഫ്രെയിമുള്ള കണ്ണാടി, ഏവൺ ബാത്റൂം മുതലായവ ശരിപ്പെടുത്തിത്തരാൻ കഴിഞ്ഞില്ല. പിന്നെ, എന്റെ അമ്മ സ്വന്തം തറവാട്ടിലും, പിന്നീട് ഭർത്തൃഗൃഹത്തിലും ശുദ്ധമായ നെയ്യൊഴിച്ചു കത്തിക്കുന്ന വിളക്കു കണ്ടിട്ടുണ്ട്, എന്നാൽ ദില്ലിയിലെ ഒറ്റമുറിയുള്ള ക്വാർട്ടറിൽ പൂജാമുറിയിൽ കടുകെണ്ണയൊഴിച്ച് അഖണ്ഡദീപം തെളിക്കാൻ പോലും അവർക്കു സാധിക്കുന്നില്ല. പിന്നെ, എനിക്ക് അവിവാഹിതയായൊരു സഹോദരിയുണ്ട്, അവളുടെ വിവാഹം നടത്താൻ കഴിയുന്നില്ല. പിന്നെ, എനിക്ക് ലൈഫിൽ സെറ്റിൽ ചെയ്യാൻ സാധിച്ചില്ല. എനിക്ക് സാധാരണരീതിയിലുള്ള ബുദ്ധിമുട്ടുകളാണുള്ളത്, ആധ്യാത്മിക പ്രയാസങ്ങളല്ല. ഇനി നിങ്ങളുടെ ആധ്യാത്മികക്ലേശങ്ങളിൽ വെളിച്ചം വീശുക."

ജോഷിജിയുടെ റിയാക്ഷൻ ഷോട്ട് സൈലന്റ്. ലജ്ജാകരമല്ല, പക്ഷേ, നിശ്ശബ്ദം.

ഞാൻ പറഞ്ഞു, "താങ്കൾ ഈ മുന്തിയവൾ പുരാണത്താൽ സന്ത്രാസമനുഭവിക്കുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. അങ്ങനെയാണെങ്കിൽ താങ്കളുടെ റീസണെ എന്റെ കോമൺസെൻസ് അവഹേളിക്കുന്നു. ഒരു ധനിക സ്ത്രീ മറ്റുള്ളവരുടെ ഒത്താശയോടുകൂടി താങ്കളെ പരിഹസിക്കാൻ വേണ്ടി രസകരമാണെങ്കിലും വൃത്തികെട്ട ഒരു തമാശയൊപ്പിച്ചിരിക്കുകയാണെന്നു വിചാരിക്കണം. താങ്കൾ ഈ പരിഹാസത്തെ പരിഹസിച്ചുതള്ളണം. അവൾ ഒരൊന്നാംകിട വേശ്യ മാത്രമാണെന്നു മനസ്സിലാക്കണം. അവളുടെ ഇഷ്ടങ്ങൾ സാധിച്ചുകൊടുക്കാൻ പറ്റിയ വിധത്തിൽ സ്വന്തം കീശ റെഡിയാക്കുക. അവൾ ഒരു മുൻ എഴുത്തുകാരിയും അപൂർവ നിംഫോമേനിയാക്കുമാണെന്നു മനസ്സിലാക്കണം. എന്നിട്ട് ഒരു ദിവസം അവളുടെ കൂടെ കിടക്കുക, തുടർന്ന് വെടിവയ്ക്കുക. അവൾ താന്ത്രികയും സിദ്ധയുമാണെന്നു വിചാരിക്കുക, എങ്കിൽ താങ്കളെപ്പോലെ ശാസ്ത്രീയ വീക്ഷണമുള്ള ഒരാൾ എങ്ങനെ ഈ കുരുക്കിൽപ്പെടും? അവൾ വിപ്ലവകാരിയാണെന്നു വിചാരിക്കുക, അങ്ങനെയെങ്കിൽ താങ്കളുടെ ബുദ്ധിക്ക് വിപ്ലവം പോലും അതിസരളീകരണത്തിന്റെ മാതൃകയാണെന്നു മനസ്സിലാവുകയില്ലേ? താങ്കളുടെ ഈ വിപ്ലവം താങ്കളുടെ കണ്ണിൽ ദേവീ ഫ്രോഡാണെന്നു തെളിഞ്ഞില്ലെങ്കിൽ താങ്കൾ പാർട്ടിമെമ്പറാകാൻ കറങ്ങുന്നതെന്തിന്? എങ്ങോട്ടുപോകും-റഷ്യയിലോ ചൈനയിലോ? ഈ മുന്തിയവളും ആ ശിവചന്ദ്രയും ചേർന്ന് ഏതെങ്കിലും മികച്ച ഫ്രോഡുണ്ടാക്കിയെന്നു വിചാരിക്കുക. എങ്കിൽ താങ്കൾ അതു മനസ്സിലാക്കി അമേരിക്കൻ സ്റ്റൈലിൽ ഒരു ബെസ്റ്റ്സെല്ലർ എഴുതുമോ? താങ്കൾ 'വാർ ആൻഡ് പീസ്'കാരനാണല്ലോ ജോഷിജീ!"

ജോഷിജി അപ്പോൾ അല്പം ലജ്ജാലുവായി കാണപ്പെട്ടു. സംശയാലുവും. അയാളെന്നോടെന്തെങ്കിലും പറയുന്നതിനുമുമ്പ് ഞാൻ പറഞ്ഞു, "ജോഷിജീ ഞാൻ എലാനിയ ശൈലോയാണ്. ഞാൻ മറയില്ലാത്ത അവസരവാദവിശ്വാസിയാണ്, ഹോപ്‌ലെസ്‌ലി മിഡിൽക്ലാസ്സ്! എപ്പോളാവശ്യമുണ്ടോ അപ്പോൾ വിശ്വസിക്കും, എത്രമാത്രമാവശ്യമുണ്ടോ അത്രമാത്രം വിശ്വസിക്കും. താങ്കളെപ്പോലെ അറിവുള്ളയാളുകൾ ഇന്ന് 'ഗ്രേറ്റ്' എന്നുപറയുന്ന സംഗതി നാളെ താങ്കളെപ്പോലെ അറിവുള്ള മറ്റുചിലയാളുകൾ 'ഫ്രോഡ്' ആണെന്നുപറയും. മനോഹറിന്റെ കാര്യം മനസ്സിലാക്കാവുന്നതേയുള്ളു, എളുപ്പം വിശ്വസിക്കുന്നവൻ, വിഡ്ഢിയായ ഭക്തന്റെ ടൈപ്പ്, അദമ്യവിശ്വാസിയാകാനാഗ്രഹിക്കുന്നു, ധീര-വീര ടൈപ്പ്; പക്ഷേ, അതയാൾക്കു പറ്റുകയില്ല. കുറഞ്ഞപക്ഷം താങ്കളെപ്പോലെ 'റാഷണൽ' ആയ ഒരാളിന്റെ നിഴൽ വീഴുവോളം."

ജോഷിജി മറുപടി പറയാനായി വായ്തുറന്നു. പക്ഷേ, ഞാനദ്ദേഹത്തെ സംസാരിക്കാനനുവദിച്ചില്ല. ഞാൻ പറഞ്ഞു, "ജോഷിജീ, എന്റെ ചോദ്യം ഋജുവാണ്. താങ്കൾ 'ആഴം' എന്നു കരുതുന്നതിൽ ഈ സാദാ മനോഹറിനു സ്ഥാനമുണ്ടോ? മൂഢനും വികാരലോലനും വ്യായാമ രഹിതനുമായ ഈ ബാലന് സ്ഥാനമുണ്ടോ? താങ്കൾ ഇയാളെപ്പോലെ വിഡ്ഢിത്തം നിറഞ്ഞ ധൈര്യത്തിനോ വീരോചിതമായ വിഡ്ഢിത്തത്തിനോ ഇറങ്ങി പുറപ്പെടാനാഗ്രഹിക്കുന്നുണ്ടോ? താങ്കൾ ഡിഫറന്റാകാനാഗ്രഹിക്കുന്നോ?– ഇവൻ സൂചിപ്പിച്ച ഓരോ ഡിഫറന്റും ആത്മഘാതകനാണെന്നറിഞ്ഞുകൊണ്ട്? വിപ്ലവം, സിദ്ധി, കവർച്ച, കുഴഞ്ഞ സമസ്യ, ഉപനിഷദ് പോലെയുള്ള സാഹിത്യം, വിജനവനം, വളഞ്ഞുപുളഞ്ഞ വഴികളിൽ തലചുറ്റിക്കുന്ന ട്രാഫിക്ക്, ഏത് ബദ്ധപ്പാടിൽ ഈ പയ്യൻ താങ്കളെ കുടുക്കുമോ എന്തോ."

ജോഷിജി വീണ്ടും എന്തോ പറയാനൊരുങ്ങി. പക്ഷേ, ഞാൻ സമ്മതിച്ചില്ല. ഞാൻ പറഞ്ഞു, "ജോഷിജീ, ധൈര്യവും സാമർഥ്യവും വെവ്വേറേ സാധനങ്ങളാണ്. വീരന്മാർ കൊല്ലപ്പെടുന്നു. സമർഥന്മാർ ജീവിച്ചിരിക്കുന്നു – വീരഗാഥ കേൾപ്പിക്കാൻ. ഉദ്വേഗജനകമായ ബയോഡേറ്റയുള്ള ഏഭ്യന്മാർ എഴുത്തുകാരല്ല, ജോഷിജീ, അവ്വർ മറ്റുള്ളവരുടെ കൃതികളിലെ കഥാപാത്രങ്ങളായിത്തീരുന്നു."

ജോഷിജി എന്നിൽ നിന്നും മനോഹറിൽ നിന്നും ഡിഫറന്റായതെന്തുകൊണ്ടെന്നു ബോധിപ്പിക്കാനാഗ്രഹിച്ചു. ഞാനതു മനസ്സിലാക്കാൻ വിസമ്മതിച്ചുകൊണ്ടുപറഞ്ഞു, "താങ്കൾക്ക് പൈജാമയിൽ നാട കോർക്കാൻ പോലും കഴിവില്ല. എന്നിട്ട് ഡിഫറന്റാണെന്നു കാണിക്കാൻ പാടുപെടുന്നു. മനോഹർ പറയാമെങ്കിൽ ഞാൻ സമ്മതിച്ചുകൊടുക്കാം. വിഡ്ഢിത്തത്തിന്റെ ലവലിൽ വ്യത്യസ്തമായി എന്തെ

ങ്കിലും ചെയ്യാനവനു കഴിയും. ഞാൻ പറഞ്ഞാലും കുഴപ്പമില്ല. സാമർഥ്യത്തിന്റെ തലത്തിൽ വ്യത്യസ്തമായെന്തെങ്കിലും ചെയ്യാനെനിക്കു കഴിയും. പക്ഷേ, ജോഷിജി, താങ്കൾക്ക് ഗ്രാമീണ കുടുംബാന്തരീക്ഷത്തിൽ ഡിഫറന്റാണെന്നു ഭാവിക്കാൻ മാത്രമറിയാം. സ്വയം ഇന്റലക്ച്വലാണെന്നും കോമ്രേഡാണെന്നും കരുതുന്ന കേമത്തം ഇടത്തരക്കാരുടെ മുമ്പിൽ ചെലവാക്കാൻ നോക്കിയാൽ മതി. താങ്കളുടെ തലയിൽ എണ്ണതേക്കാനും കാലിന്റെ വെള്ളയിൽ ഓട്ടുപാത്രം വച്ചുതരാനും അവരോടു പറഞ്ഞാൽ മതി. താങ്കൾ പറഞ്ഞയച്ച ഏഭ്യൻ ഇന്റലക്ച്വൽ കം റവല്യൂഷനറി ആക്റ്റിവിറ്റി മൂലം ചൂടാകുന്നു. താങ്കൾക്ക് ഡിഫറന്റാകാൻ പറ്റിയ രംഗം ഞാൻ പറഞ്ഞുതരാം. പൂണൂൽ ആണിയിൽ തൂക്കിയിട്ടുകൊണ്ട്, യേനബദ്ധോ ബലി രാജാ' എന്നു പറഞ്ഞു താങ്കളുടെ നേർക്കുവരുന്ന പുരോഹിതന് രക്ഷബന്ധിക്കാതെ, സന്തോഷ സമയത്ത് വളരെ നിർബന്ധിച്ചാലും തിലകമെന്നപേരിൽ ചെറിയൊരു പൊട്ടുമാത്രം തൊടുവിക്കുകയും പൈസ കൊടുക്കാതിരിക്കുകയും ചെയ്ത് താങ്കൾക്ക് ഡിഫറന്റാകാം. അടുത്തവണ്ടിക്ക് താങ്കളെ ഏതെങ്കിലും ഗ്രാമപ്രദേശത്തേക്കു കയറ്റിവിടട്ടെ?"

തന്റെ ബുദ്ധിശക്തിയല്ല, എന്റെ സാമർഥ്യമാണ് ഗ്രാമീണമെന്നു സ്ഥാപിക്കാൻ ജോഷിജിയാഗ്രഹിച്ചു. മനോഹറും അദ്ദേഹവും തമ്മിൽ അടിസ്ഥാനപരമായ അന്തരമുണ്ടെന്നുമാത്രം സമ്മതിക്കണമെന്ന് ഞാനദ്ദേഹത്തോടു പറഞ്ഞു. അതു സമ്മതിച്ചശേഷം ജോഷിജി പറഞ്ഞു, "മുന്തിയവളുടെ പേരിൽ മനോഹർ ഈ ത്രീബെഡ് ഡോർമിറ്ററിയിൽ അശാന്തി പരത്തുകയാണെങ്കിൽ അവനെ നിയന്ത്രിച്ചു നിർത്താൻ എന്നെപ്പോലൊരു'ഷാലോ'യുടെ സഹകരണം തേടും."

ഇനി മനോഹറിന്റെ കാര്യം. അവനെ പിടികൂടാൻ ഒരു വഴിയേ ഉള്ളു. വിധവയായ മാതൃദുർദശാമഹാകാവ്യത്തിന്റെ സഹായം തേടണം. കാവ്യം രചിച്ചത് ഞാൻ. സ്വന്തം സഹോദരിയുടെ സഹായം തേടി. ഓഫീസറായ അളിയൻ ഒപ്പം കൂടി. കുടുംബാന്തരീക്ഷം സൃഷ്ടിച്ചു. സംഗതി കറങ്ങിത്തിരിഞ്ഞ് വീടുറപ്പിക്കുന്നതിന്റെ ആവശ്യകതയിലെത്തി. ദയാലുവായ പിതാവിന്റെ പ്രതീകമായ മിസ്റ്റർ തിർഖായേയും ഈ പുണ്യകർമത്തിൽ പങ്കാളിയാക്കി. 'നാം ആരായിരുന്നു, ഇപ്പോഴെന്തായി, ഇനിയെന്താകും' എന്ന മട്ടിലുള്ള ഹൃദയഭേദകമായ നിലവിളിയോടെ ഞാൻ എന്റെ കുടുംബപശ്ചാത്തലത്തിനു വേണ്ടി ദില്ലിയിൽ മടങ്ങിച്ചെല്ലാമെന്നും ബോംബെയിലെ ഫിലിം കറക്കമുപേക്ഷിക്കാമെന്നും പ്രതിജ്ഞയെടുക്കണമെന്നു വന്നപ്പോൾ ഞാനതും ചെയ്തു. 'ചലോ ദില്ലി' പദ്ധതിയിൽ ജോഷിജിയെ ഉത്സാഹിപ്പിക്കാൻ വേണ്ടി ഞാൻ പറഞ്ഞു–നടനും പണവും മാത്രം സംഭാ

ഷണവിഷയമായിരിക്കുന്ന സിനിമാലോകത്ത് താങ്കളെപ്പോലുള്ള അനുഗൃഹീതലേഖകർക്കെന്തു കാര്യം? ദില്ലിയിൽ ഗ്രേറ്റ് റൈറ്റേഴ്സിന്റെയും കൃതികളുടെയും പേരറിയാനും മറ്റുമുള്ള സുഖവും സൗകര്യവും താങ്കൾക്കു ലഭിക്കും. അവസരങ്ങൾ സുലഭമായ സായാഹ്നങ്ങൾ!

ഇതും എന്റെ തിരിമറിയുടെ ഒരു സാമ്പിളായിരുന്നു. ചങ്ങാതിമാർ മോഡേൺലിറ്ററേച്ചറിനെ വേദ-വേദാന്തമായി മാറ്റിക്കൊണ്ട് ലിറ്ററി നെയിംഡ്രോപ്പിങ്ങിലൂടെ പുണ്യമാർജിച്ചുകൊണ്ടിരുന്ന ദില്ലി നശിച്ചുപോയെന്നും കോമൺസെൻസുള്ളതിനാൽ ഞാൻ മനസ്സിലാക്കി. അറുപതുകൾക്കുശേഷമുള്ള ദില്ലിയിൽ ഇന്റലക്ചൽ ബ്രദർഹുഡിൽ പോലും നെയിംഡ്രോപ്പിങ് പൊളിറ്റിക്കലായി മാറിപ്പോയി. 'ഇന്നലെ ബ്രേക്ക് ഫാസ്റ്റ് കഴിക്കുമ്പോൾ ഞാൻ പ്രൈം മിനിസ്റ്ററുമായി ഇക്കാര്യം സംസാരിച്ചു' മുതലായ വാക്യങ്ങൾ പ്രയോഗിച്ചു തുടങ്ങി. ആകെപ്പാടെ നോക്കുമ്പോൾ എല്ലാം ശരിയായി. ജോഷിജി തുടങ്ങിയവർ ഒരു കാലത്ത് വളരെ ശക്തിയായി മുദ്രാവാക്യങ്ങൾ മുഴക്കിയിരുന്നു, 'നോൺപൊളിറ്റിക്കൽ ഹിപ്പോക്രിറ്റ്!' ഇപ്പോൾ പൊളിറ്റിക്കലും ഹിപ്പോക്രിറ്റുമായവരെ സഹിക്കട്ടെ!

ജോഷിജിയെ ഞാൻ മറ്റൊരു ചോദ്യം ചോദിച്ചു നിരപ്പാക്കി-1987 ഓഗസ്റ്റ് മാസം ഏഴാം തിയതി രാത്രി എട്ടുമണി ഏഴു മിനിറ്റിന് പ്രളയമുണ്ടാകുമെന്നു പ്രവചിക്കുന്ന വിഡ്ഢികളുടെ സംഘത്തിൽ താങ്കളെപ്പോലുള്ള ബുദ്ധിജീവി എങ്ങനെ പങ്കെടുക്കുന്നു? അല്ലെങ്കിൽ വേറൊരു ചോദ്യം. സ്റ്റേറ്റ് കൊഴിഞ്ഞു പോകും, വിപ്ലവം നടക്കും, പുതിയ മനുഷ്യൻ ജന്മമെടുക്കുമോ? താങ്കളെപ്പോലുള്ളവർക്ക് നാൽക്കവലകളിൽ ഫ്ളഡ് ഇൻഷുറൻസിന്റെ പാംഫ്ലറ്റ് വിതരണം ചെയ്യുകയും ഉണ്ടയില്ലാത്ത തോക്കുമായി കാട്ടിൽ അലഞ്ഞു നടക്കുകയും ചെയ്യുന്ന ബുദ്ധിശൂന്യന്മാരുമായി കൂട്ടുകൂടാൻ കഴിയുമോ?

മടയന്മാർ ഉണ്ടായിട്ടുണ്ട്, ഉണ്ടാകുന്നുണ്ട്, ഉണ്ടാവുകയും ചെയ്യുമെന്ന സുശീൽ മേത്തയുടെ തിയറി ഓഫ് ഹിസ്റ്ററി ഞാൻ അദ്ദേഹത്തെ ഓർമിപ്പിച്ചു. യഥാസമയം സമസ്തമടയന്മാരെയും തന്റെ മടയത്തരത്തിന്റെ ഗ്രേറ്റ്നെസ് കൺവിൻസ് ചെയ്യിക്കാൻ കഴിയുന്നവനെയാണ് 'ഗ്രേറ്റ്' എന്നുപറയാവുന്നത്. മേത്ത വിദൂഷക ശൈലിയിലാണ് കാര്യം പറഞ്ഞത്. എന്നാൽ ജോഷിജി തന്റെ മോഡേൺസെൻസിബിലിറ്റിയുടെ ശൈലിയിൽ അത് തർജമ ചെയ്തു മനസ്സിലാക്കിക്കാണും.

ചന്തിക്ക് ഭസ്മം തേക്കുക, അല്ലെങ്കിൽ തലയിൽ ശവക്കോടി കെട്ടുക-ഇത് ഒന്നാന്തരം റൊമാന്റിസിസത്തിന്റെ മാതൃകയാണെന്ന് ഞാൻ ജോഷിജിയോടു പറഞ്ഞു. താങ്കൾ റൊമാന്റിക്കാണോ?

ദേവന്മാരെക്കുറിച്ചുള്ള സങ്കല്പം തികച്ചും അൺ-ഇന്റലക്ചലാണ്. ഈ വെട്ടിൽ വീഴുന്ന ഇന്റലക്ചൽ പകുതി ജീവിതം വിഗ്ര

ഹനിർമാണത്തിനും പകുതി ജീവിതം വിഗ്രഹ ഭഞ്ജനത്തിനും ചെല വാക്കേണ്ടിവരും. രണ്ടവസ്ഥയിലും അവർ മറ്റു ബുദ്ധിജീവികളുടെ ദൃഷ്ടിയിൽ ആവശ്യമില്ലാത്ത ജോലിയിൽ ജീവിതം ഹോമിച്ചു കളയു ന്നവരാണ്.

ജോഷിജി നിരപ്പായി, സാർ. ഇന്റലക്ച്വലിനെ എപ്പോഴും കോമൺസെൻസ് നിരപ്പാക്കുന്നതായികാണപ്പെടുന്നു. മനോഹർ അല്പം വാശിക്കാരനാണ്. 'വിധവയായ അമ്മ'യുടെ തീം ഞാൻ അയാളെനിരപ്പാക്കാൻ വേണ്ടി ഡവലപ് ചെയ്തു. അയാൾ അത് കൂടു തൽ ഡവലപ് ചെയ്തപ്പോൾ സകലസൃഷ്ടിയും വിധവയായിത്തീർന്നു, സമസ്തജീവികളും അനാഥരായി.

ജോഷിജിയുടെ സഹായത്തോടെ ഈ മുന്തിയവളെ നേരിടാമെന്ന വിശ്വാസം എന്നിലുളവായി. ട്രാഫിക്ക് മുറിച്ച് അപ്പുറത്തുപോകാമെ ന്നാലോചിച്ചതു തന്നെ എന്റെ കിറുക്ക്. സ്റ്റേഷൻ ഇപ്പുറത്താണ്. പയ്യ ന്മാരെ കൂട്ടി അങ്ങോട്ടു പോകണം. ഉറക്കം തൂങ്ങുന്ന സ്റ്റേഷൻ മാസ്റ്ററെ ഉണർത്തുക. എന്റെ വീട്ടിൽ പോകുന്ന അടുത്ത വണ്ടി എപ്പോൾ വരു മെന്നു ചോദിക്കുക. തീർച്ചയായും ഒരു ചെറിയ പ്രശ്നമുണ്ട്. സ്റ്റേഷൻ മാസ്റ്റർ ഭിന്നഭാഷാപദങ്ങൾ കോർത്തിണക്കി അവ്യക്തഭാഷിയെക്കാൾ കൂടുതൽ അവ്യക്തമായ ഭാഷ സംസാരിക്കും.

ആ എഭ്യൻ ഏത് അസ്പഷ്ടവചനം വേണമെങ്കിലും സംസാരി ക്കട്ടെ. ഏതെങ്കിലും വണ്ടി വരാതിരിക്കില്ല. ഞാൻ അതിൽ കയറി ഇരിക്കും. റോഡിയോവിലെ രഘുവീരന്റെ തിയറി ഓർമ വന്നു. ഏതു ബസ് വന്നാലും കയറി ഇരിക്കുക, നമുക്കെത്തേണ്ടിടത്തെത്താം. ഈ രാജ്യത്ത് ഏതെങ്കിലും പ്രത്യേക ബസ് പ്രതീക്ഷിച്ചുനിന്നാൽ ജീവിതം തുലഞ്ഞതുതന്നെ. ഞാൻ വീട്ടിലെത്തും. അഞ്ചുരൂപ ബ്രാഹ്മണനു കൊടുത്തിട്ടു പറയും– യജമാനന്റെ വീട്ടിൽ ശാന്തിയുണ്ടാകട്ടെയെന്നു മൂന്നു തവണ പറയൂ.

ഇഡാ പിംഗളാ കംബൈൻ

ഒഴിവു ദിവസമായിരുന്നു. രാവിലെ ശരിയായി വ്യായാമം ചെയ്തു. എന്റെ ഹാഫ്ട്രേ കുടിച്ചു. അതിനുശേഷം കാരണവർ തിർഖായുടെ കൂടെ ഒരു 'സ്മാൾ' കഴിച്ചു. ജീവിതത്തിലൊരിക്കലും മദ്യപിച്ചിട്ടില്ലാത്ത മിസ്റ്റർ തിർഖായ്ക്ക് മിസ്റ്റർ ജോഷി വല്ലപ്പോഴും കുടിക്കാറുണ്ടെന്നറിയാം. അതുകൊണ്ട് തന്റെ ഹാഫ് ട്രേയിൽ നിന്ന് ചായകൊടുക്കുന്ന സമയത്ത് അദ്ദേഹം മദ്യപാനപദാവലി പ്രയോഗിക്കുമായിരുന്നു. സ്മാളിന്റെയർത്ഥം – മിൽക്ക്പോട്ടിൽ ചായ.

'സ്മാൾ' അടിച്ചശേഷം ഞാൻ 'ലണ്ടനി'ൽ പോകാൻ തുടങ്ങുമ്പോൾ ഫോൺ വന്നു, ആ മുന്തിയവളുടെ ഫോൺ

അവൾ പറഞ്ഞു, "ഞാനിന്നു ബോംബെ വിടുകയാണ്. നിങ്ങൾ രാത്രി കൃത്യം ഒൻപത്മണിക്ക് വി.റ്റി.സ്റ്റേഷനിലെ ക്ലോക് ടവ്വറിനു താഴെ നിൽക്കണം. പണത്തെപ്പറ്റി ചിന്തിക്കണ്ടാ. ആവശ്യത്തിന് സാമാനങ്ങൾ കൊണ്ടുവരിക. കൃത്യം ഒൻപത് മണി. ഒട്ടും വൈകരുത്"

ഏതു വണ്ടിക്ക് പോകുന്നു? എങ്ങോട്ടുപോകുന്നു?– എന്നൊക്കെ അറിയണമെന്നുണ്ടായിരുന്നു. 'അതൊക്കെ പിന്നത്തെകാര്യം, എന്റെ കൂടെ വരുന്നോ ഇല്ലയോ എന്നു തീരുമാനിക്ക്' എന്നുപറഞ്ഞു അവൾ ഫോൺ കട്ട് ചെയ്തു.

എങ്ങോട്ടെന്നു പറയാതെയുള്ള ഈ ക്ഷണം മുന്തിയവൾ ആളുകളെ കുടുക്കുന്നതിന്റെ മാതൃകയാണെന്നകാര്യത്തിൽ ഞാനും ജോഷിജിയും ഏകാഭിപ്രായക്കാരായിരുന്നു. ക്ഷണം സ്വീകരിക്കുന്ന പ്രശ്നമുദിക്കുന്നില്ല. മാത്രവുമല്ല, ഓഫീസിൽ നിന്ന് അവധിയെടുക്കാതെ എങ്ങും പോകാനും പറ്റുകയില്ല.

മനോഹർ പമ്പിന്റെ സ്വിച്ചിൽ വിരലമർത്താൻ തുടങ്ങിയപ്പോൾ ഞാൻ പറഞ്ഞു, "ശരി, പോകാം." അതിനുശേഷം ഞാൻ തിരിമറിയിൽ മുഴുകി. ആദ്യം ചെയ്തകാര്യം – അന്ന് മരുന്നുകൾ കഴിച്ചില്ല, അപകടമില്ലാതെ മദ്യപിക്കാമല്ലോ. ഓരോ ആവശ്യം ഭാവിച്ച് ഞാൻ മദ്യപന്മാരായ സുഹൃത്തുക്കളുടെ വീടുകളിൽ ചെന്നു, മദ്യപിച്ചു. വൈകുന്നേരം നാലുമണിക്ക് എനിക്ക് പതിവുപോലെ ഗസ്റ്റ് ഹൗസിൽ മടങ്ങിയെത്തേണ്ടതായിരുന്നു. സാധനങ്ങൾ പായ്ക്ക് ചെയ്യണം. അത്യാവശ്യമായി എനിക്ക് ദില്ലിക്കു പോകേണ്ടിയിരിക്കുന്നു എന്ന് മിസ്റ്റർ

തിർഖായേയും മിസ്റ്റർ തലാട്ടിയേയും പറഞ്ഞു മനസ്സിലാക്കണം. സഹോദരിയോടും എന്തെങ്കിലും കള്ളം പറഞ്ഞു ഫലിപ്പിക്കണം, ഓഫീസിൽ കൊടുക്കാനുള്ള അവധിക്കപേക്ഷ അളിയനെ ഏല്പിക്കണം. ഞാൻ ഒരു ഹാഫ് ബോട്ടൽ വാങ്ങിക്കൊണ്ട് അന്ധേരി ഈസ്റ്റിൽ ബിമൽ ദത്തയുടെ വീട്ടിൽ പോയി. ദാദായുടെ സുഖവിവരമറിയാൻ ബിമലിനെ കാണേണ്ടതാവശ്യമാണെന്നു ഞാൻ മനോഹറിനോടു പറഞ്ഞു. ഇപ്രകാരം ഞാൻ തന്നെ എന്നെ വി.റ്റി. സ്റ്റേഷനിൽ നിന്നു വളരെ ദൂരെ കൊണ്ടെത്തിച്ചിട്ട് ബിമലിന്റെ കൂടെ കുടിക്കുന്നതിലും ബിമലിന്റെ കവിതകൾ കേൾക്കുന്നതിലും ദാദായെക്കുറിച്ചു സംസാരിക്കുന്നതിലും കുരുക്കിയിട്ടു. ദാദായ്ക്ക് ചെറുതായി കിറുക്കു പിടിച്ചെന്നു ബിമൽ പറഞ്ഞു. കഴിഞ്ഞയൊരു ദിവസം അദ്ദേഹത്തെ അഭിനന്ദിക്കാൻ സംഘടിപ്പിച്ച ഒരു സമ്മേളനത്തിൽ അദ്ദേഹം തന്നെ സംഘാടകരെ ചീത്ത പറഞ്ഞു.

രാത്രിയിൽ ആഹാരം അവിടെ കഴിക്കണമെന്ന ബിമലിന്റെ ഭാര്യയുടെ ക്ഷണം ഞാൻ സഹർഷം സ്വീകരിച്ചു. ഒൻപത് മണിക്ക് വി.റ്റി. യിലെത്തണമെന്നു മനോഹർ പറഞ്ഞു. എന്നാൽ ഉടൻ ഭക്ഷണം തയ്യാറാക്കിത്തരാമെന്നു ചേച്ചി പറഞ്ഞപ്പോൾ ഞാൻ അമർന്നിരുന്നു.

തിരിമറിക്കിടയിൽ ഞാൻ ബിമലിന്റെ വേലക്കാരിയെ വർത്തമാനം പറഞ്ഞു വളയ്ക്കാൻ ശ്രമിച്ചു സിഗററ്റ്ടിന്നും മുറുക്കാനും കൊണ്ടുവന്നതിനു ടിപ്പായി കയ്യിലുണ്ടായിരുന്ന പത്തുരൂപ അവൾക്കു കൊടുത്തു. ടാക്സിപിടിച്ചുപോകണമെന്നു മനോഹർ നിർബന്ധിച്ചാൽ കൈമലർത്താമല്ലോ.

ചുരുക്കത്തിൽ, ഒരു സാധനവുമെടുക്കാതെ, ആരെയുമറിയിക്കാതെ, ഓടിക്കിതച്ച് മനോഹർ വി.റ്റി.യിലെ ക്ലോക്ക് ടവ്വറിനു താഴെ എത്തിയപ്പോൾ മണി ഒൻപതടിച്ച് ഏഴ് മിനിറ്റ് കഴിഞ്ഞിരുന്നു. മനോഹർ പിറുപിറുത്തു. ഞാനവനോടു പറഞ്ഞു, "ഏഴ് മിനിറ്റേ താമസിച്ചുള്ളല്ലോ. അവളുടെ വാച്ച് ഈ ക്ലോക്ക് നോക്കി ശരിയാക്കിവച്ചിരിക്കുകയൊന്നുമല്ല. അല്ലെങ്കിലും ആളുകളെ വെയിറ്റ് ചെയ്യിക്കുക അവളുടെ ശീലമാണ്."

മനോഹർ ക്ലോക്ക് ടവ്വറിനുതാഴെ ആറുമിനിറ്റ് അസ്വസ്ഥതയോടെ കാത്തുനിന്നു. ഈ സമയത്ത് ഏതെല്ലാം വണ്ടികൾ സ്റ്റേഷൻ വിടുന്നെന്ന് ഉദ്വേഗത്തോടെ എൻക്വയറിയിൽ പോയി അന്വേഷിച്ചു. തികച്ചും അസംബന്ധമായ ചോദ്യം ക്ലാർക്ക് ദേഷ്യപ്പെട്ടു, "നിങ്ങൾക്കെങ്ങോട്ടാ പോകേണ്ടത്?"

മനോഹർ പറഞ്ഞു, "ഞാൻ പറയുന്നത് മനസ്സിലാക്കണം. പ്ലീസ്. ഒൻപത് മണിക്ക് വി.റ്റി.ക്കുപുറത്ത് വന്നു നില്ക്കണമെന്നും ഒരിടത്തു പോകാനുണ്ടെന്നും ഒരാൾ വിളിച്ചു പറഞ്ഞു. അതിന് ഏതെല്ലാം വണ്ടി

കൾക്കു സാധ്യതയുണ്ടെന്നറിഞ്ഞാൽ കൊള്ളാം."

വിദൂഷകൻ മറുപടി പറഞ്ഞു, "അയാൾ വി.റ്റി.ക്കുപുറത്ത് ഏതെങ്കിലും വിക്റ്റോറിയാ വണ്ടിപിടിക്കാൻ വന്നതായിരിക്കും."

മനോഹർ അഭ്യർഥിച്ചു, "പ്ലീസ് പ്രിസ്യൂം..."

ക്ലാർക്ക് അയാളോടു ചോദിച്ചു, "വൈ ഡു യു പ്രിസ്യൂം അയാം പെയ്ഡ് ബൈ ദ റെയിൽവേസ് ടു പ്രിസ്യൂം? കുടിച്ചതല്പം കുടിപ്പോയോ?"

മനോഹർ പറഞ്ഞു, "പ്ലീസ്! പ്ലീസ്!"

ക്ലാർക്ക് പറഞ്ഞു, "റയിൽവെ ടൈംടേബ്ൾ വായിക്കാൻ വേണ്ടിയല്ല, എന്നെ ഇവിടെ അപ്പോയ്ന്റ് ചെയ്തിരിക്കുന്നത്. ട്രെയിനുകളുടെ അറൈവൽ-ഡിപ്പാർച്ചർ അറിയണമെങ്കിൽ ബോർഡുണ്ട്."

നേരത്തേ ഈ കാര്യം തോന്നാഞ്ഞതെന്തെന്ന് മനോഹർ ചിന്തിച്ചു. അയാൾ ബോർഡിൽ നോക്കി. ലഹരിയിൽ എല്ലാം അഴിയാക്കുരുക്കുപോലെ തോന്നി. ഈ സമയത്ത് മൂന്നു വണ്ടികളുണ്ടെന്ന് അയാൾ എങ്ങനെയോ മനസ്സിലാക്കി. ആദ്യത്തേത് ഒമ്പതരയ്ക്ക്, രണ്ടാമത്തേത് പത്തിന്, മൂന്നാമത്തേത് പത്തരമണിക്ക്. മൂന്നിന്റെയും പ്ലാറ്റ്ഫാം വ്യത്യസ്തമാണെന്നും മനസ്സിലായി. വാച്ചിൽ മണി ഒൻപത് -ഇരുപത്. മനോഹർ പ്ലാറ്റ് ഫാം ടിക്കറ്റെടുക്കാതെ അകത്തുകടന്നു.

പ്ലാറ്റ് ഫാം നമ്പർ പത്ത്. ഒരൊന്നാന്തരം ദൃശ്യ സന്ദർഭം ജോഷിജിക്കു വേണ്ടി. പല കഥകളാരംഭിച്ചു കഴിഞ്ഞു, പല കഥകളവസാനിച്ചു. കഥകളുടെ തിരക്കുള്ള പ്ലാറ്റ് ഫാം, ആ പ്ലാറ്റ് ഫാമിൽ അബോധാവസ്ഥയിൽ ഒരു വ്യക്തി. മറ്റെല്ലാ കഥകളെയും തള്ളിമാറ്റി, മറ്റെല്ലാം കഥകളാലും തള്ളിമാറ്റപ്പെട്ട്, മറ്റെല്ലാ കഥകളോടും മാപ്പപേക്ഷിച്ചുകൊണ്ട് സ്വന്തം കഥയുടെ നേർക്ക്. കഥ തുടങ്ങിയോ അവസാനിച്ചോ എന്നറിയാൻ വയ്യ. ഇടയ്ക്കു വച്ച് മനോഹരവും എന്നാൽ അപകടകരവുമായ തിരിവിലെത്തി.

"ഭീരു!" മനോഹർ എന്നോടു പറഞ്ഞു. "ഭീരു!" മനോഹർ ജോഷിയോടു പറഞ്ഞു. ഭീരു, ഭീരു എന്നവിളിയോടെ, ദ്രുത -ദ്രുതതരലയത്തിൽ, വണ്ടിയുടെ ഒരറ്റം മുതൽ മറ്റേയറ്റം വരെ, ജനാലകളിൽ ചേർത്തുവച്ച മുഖങ്ങളിൽ, വാതിൽക്കൽ നിന്ന ദേഹങ്ങളിൽ തന്റെ കഥയുടെ തുമ്പുതേടി അവൻ ഓടി നടന്നു.

ജോഷിയുടെ അഭിപ്രായത്തിൽ ഏറ്റവും ക്ലേശകരമായിരുന്നു, ഈ ഷോട്ട്. ക്ലേശകരമെങ്കിലും പ്രഭാവോത്പാദകം! പ്ലാറ്റ് ഫാമിൽ നിന്നയാളുകൾ ബുദ്ധിശൂന്യരെപ്പോലെ ക്യാമറ നോക്കി നിന്നു- ഇതെന്തു സംഭവം! മനോഹർ ആദ്യം നടുക്കുള്ള കമ്പാർട്ടുമെന്റിൽ നിന്ന് എൻജിൻ വരെയും പിന്നീട് തിരികെ എൻജിൻ മുതൽ അവസാനത്തെ കമ്പാർട്ടുമെന്റ് വരെയും ഓടി. അവളെ എങ്ങും കണ്ടില്ല. മനോഹർ

അത്യന്തം ദുഃഖിതനായി.

ഞാനവനോടു പറഞ്ഞു, "കുട്ടീ, വണ്ടി വിടാറായി. ജനലുകൾ മറുവശത്തുമുണ്ട്. മാത്രവുമല്ല, എല്ലാ യാത്രക്കാരും ജനലിലൂടെ എത്തി നോക്കണമെന്നുമില്ല. വിശേഷിച്ചും നീ അന്വേഷിക്കുന്ന തട്ടിപ്പുകാരി. അവൾ സെക്കൻഡ് ക്ലാസ്സിൽ സഞ്ചരിക്കുകയില്ല. ഫസ്റ്റ് ക്ലാസ്സിലായിരിക്കും. എല്ലാ ഫസ്റ്റ് ക്ലാസ്സ് ബോഗികളിലും കയറി നോക്കേണ്ടയാവശ്യമില്ല. വാതിൽക്കൽ പതിച്ചിട്ടുള്ള റിസർവേഷൻ ചാർട്ട് നോക്കിയാൽ മതി."

അടുത്ത ബോഗിയിൽ പതിച്ചിരുന്ന റിസർവേഷൻ ചാർട്ടിൽ–മിസ്സസ്സ് ഭാഗവതി അറോറ, മിസ്സസ്സ് ദുർഗാവതീ ശർമ, മിസ് താരാപാണ്ഡേ, മിസ് മഹാമായാ സെൻ ഗുപ്ത.

അതിനടുത്ത കമ്പാർട്ടുമെന്റിന്റെ കതകടച്ചിരുന്നു. ഉടൻ അനൗൺസ്മെന്റ് കേട്ടു, "തേർട്ടിത്രീ ഡൗൺ മഹാലക്ഷ്മി എക്സ്പ്രസ്, ബോംബേ ടു ബാംഗ്ലൂർ വയാ ഹൈദരാബാദ് ഇൗസ് എബൗട്ട് ടു ലീവ് ഫ്രം പ്ലാറ്റ്ഫാം നമ്പർ ട്വൽവ്."

മനോഹർ പരുങ്ങി. എന്തായാലും വാതിലിൽമുട്ടി.

ഒരു മാന്യവനിത വാതിൽ തുറന്നു. അവളല്ല. മനോഹർ മറ്റു മൂന്നു മഹിളകളെയും നോക്കി. അല്ല. ആ മാന്യവനിതകളൊരുമിച്ച് അയാളെ നോക്കി. അയാൾക്ക് നാണം തോന്നി.

എന്നിട്ടും അയാൾ ചോദിച്ചു, "മിസ് മഹാമായാ സെൻഗുപ്ത?"

തലയണയിൽ ചാരി അർധശയനാവസ്ഥയിലിരുന്ന സാമാന്യം വണ്ണമുള്ള ഒരു സ്ത്രീ നിവർന്നിരുന്നു, "യെ...സ്?"

മനോഹർ പറഞ്ഞു, "ക്ഷമിക്കണം. ഞാൻ വേറൊരു മഹാമായാ സെൻഗുപ്തയാണെന്നു വിചാരിച്ചു."

തടിച്ചി പരിഹാസ ശബ്ദം പുറപ്പെടുവിച്ചു, "അങ്ങനെ അനവധി മഹാമായമാരില്ല ജോഷീജി!"

ങേ! അവൾ ഒടുവിൽ പറഞ്ഞത് ജോഷീജിയെന്നുതന്നെയാണോ? അതോ സാമ്യമുള്ള വേറേവാക്കാണോ? ആലോചിക്കാൻ സമയമില്ല. ട്രെയിൻവിടാൻ പോകുന്നു. ഒരു മാന്യൻ യാത്രചോദിച്ചുകൊണ്ട് വാതിൽ നിറഞ്ഞുനിന്നു. അയാളുടെയടുത്തുകൂടി ഇടം വാങ്ങി മനോഹർ പുറത്തിറങ്ങിയപ്പോൾ വണ്ടി നീങ്ങി. ചാടുമ്പോൾ പുസ്തക–വാരിക വില്പനക്കാരനായ ഒരു പയ്യനുമായി കൂട്ടിമുട്ടി. മൂരിനിവർക്കുന്ന യൗവനത്തിന്റെ അസംഖ്യം കഥകൾ താഴെ നിന്നുപെറുക്കിയെടുത്തു കൊടുക്കേണ്ടിവന്നു.

ഇനി ബോംബെ–ഹൗറാ ജനത. ഫസ്റ്റ് ക്ലാസ്സിലെ ചാർട്ടിൽ ഒരു ദേവിയുടെയും പേരു കണ്ടില്ല. എന്നിട്ടും മനോഹർ ഫസ്റ്റ് ക്ലാസ്സിലെ ഓരോ ബോഗിയും പരതി നോക്കി. ടൂടയർ, ത്രീടയർ ചാർട്ടുകൾ

നോക്കിയപ്പോൾ അവന് ഒരു കാര്യം ബോധ്യമായി. പാർവതി അഥവാ ദുർഗയുടെ പര്യായങ്ങൾ ശ്രദ്ധയോടെ തെരഞ്ഞെടുത്താൽ നീണ്ട യൊരു ലിസ്റ്റുണ്ടാക്കാൻ കഴിയും. ഇവിടെ എല്ലാ പേരുകളും ആ ലിസ്റ്റിൽ നിന്നെടുത്തതാണ്-അംബാ പന്ത്, ഗൗരിസെൻ, കാളി ബാനർജി, പാർവതി ഭാസ്കരൻ, ദുർഗാ ചിറ്റ്നിസ്, അപർണാ മുഖോ പാധ്യായ...

ഞാൻ മനോഹറിനെ ഒരു സാമർഥ്യം പഠിപ്പിച്ചു. അവൻ ഓരോ ബോഗിയിലും ഒരറ്റത്തുകയറി മറ്റേയറ്റത്തു ചെന്നിറങ്ങി. ബർത്ത്-സീറ്റ് നമ്പരെണ്ണുന്നതുപോലെയോ തന്റെ സീറ്റന്വേഷിച്ചു നടക്കുന്നതുപോ ലെയോതോന്നി. ഈ രീതിയിൽ ഓരോ സ്ത്രീരൂപത്തിലും അവന്റെ നോട്ടം കടന്നുപോയി. പക്ഷേ, അന്വേഷിച്ച രൂപം കണ്ടെത്തിയില്ല. അവ രിൽ ഓരോരുത്തരും തന്നെ നോക്കുന്നതായും ഉള്ളിൽ ചിരിക്കുന്ന തായും അയാൾക്കു തോന്നി.

ആ വണ്ടിയും പോയി. മനോഹറിനു കരച്ചിൽ വന്നു. ഞാനയാളെ ആശ്വസിപ്പിച്ചു-അവൾ ഒമ്പതുമണി സമയമല്ലേ പറഞ്ഞിരിക്കുന്നത്? അവൾ പത്തരമണിയുടെ വണ്ടിക്കായിരിക്കും പോകുന്നതെന്നാണതി ന്റെയർഥം. നീ അവിടെ നിന്ന് പെട്ടെന്നു മാറിപ്പോന്നില്ലേ, അല്ലെങ്കിൽ ഒമ്പതരമണിക്ക് വെളിയിൽവച്ച് അവളെ കാണാമായിരുന്നു. അവൾ ക്ലോക്ക് ടവ്വറിനുതാഴെ വന്നു നില്ക്കുന്നുണ്ടെങ്കിലോ എന്നു പലത വണ പറഞ്ഞു ഞാൻ അയാളെ പുറത്തുകൊണ്ടുപോകാൻ ശ്രമിച്ചു. ഒടുവിൽ അയാൾ ഞാൻ പറഞ്ഞതനുസരിച്ചു. മെയ്ൻ ഗെയ്റ്റിനടു ത്തെത്തിയപ്പോൾ പെട്ടെന്നുനിന്നു. എന്നോടു പറഞ്ഞു, "എനിക്ക ബദ്ധംപറ്റി. നീയെന്നെ വഞ്ചിച്ചു. ദേവിക്ക് മറ്റൊരുപേര് കൂടിയുണ്ട്, 'ഡി'യിൽ നിന്നു ധൂമാവതി. നടുക്കുള്ള ഫസ്റ്റ്ക്ലാസ്സ് ബോഗിയിലെ ചാർട്ടിൽ 'ഡി'യിൽ തുടങ്ങുന്ന ഒരു പേരുണ്ടായിരുന്നു. നീ എന്നെ കബളിപ്പിക്കാൻ വേണ്ടി ദയാവതിയെന്നു വിളിച്ചു. കൂപ്പെയിൽ ഒറ്റയ്ക്ക് ഒരു സ്ത്രീ മൂടിപ്പുതച്ചു കിടപ്പുണ്ടായിരുന്നു. ആ സ്ത്രീയുടെ നരച്ച മുടി കണ്ട് അത് ഏതോ വൃദ്ധയാണെന്നു നീ പറഞ്ഞു. എന്നാൽ വൃദ്ധയും ദേവി തന്നെ. വിധവയുമാണ്. അവരെ ധൂമാവതി എന്നു വിളിക്കുന്നു. എന്റെ അമ്മ വിധവയും ദുഃഖിതയുമാണെന്ന് നീ പറ ഞ്ഞിട്ടുണ്ടല്ലോ." അയാൾ തിരിഞ്ഞുനടന്നു. ബോഗിയുടെ വാതിൽക്കൽ ഒരു കൈ നീട്ടിനിൽക്കുന്ന ഒരു വിധവയെ കണ്ടു.

അപ്പോൾ ക്ഷീണിച്ച സ്വരത്തിൽ അനൗൺസ്മെന്റ് കേട്ടു, "57 ഡൗൺ പഠാൻകോട്ട് എക്സ്പ്രസ് വയാ ഝാൻസി പത്താംനമ്പർ പ്ലാറ്റ്ഫാമിൽ നിന്ന് ഉടൻ പുറപ്പെടുന്നു." ഗാർഡ് വിസിലൂതി. മനോ ഹർ ഓടിക്കിതച്ച് പ്ലാറ്റ് ഫാമിലെത്തി. ഫസ്റ്റ് ക്ലാസ്സ് ബോഗിയുടെ വാതിൽക്കൽ ഒരു കൈ നിവർത്തിപ്പിടിച്ച് അപരിചിതയായ ഒരു വൃദ്ധ

നിൽക്കുന്നു. കുറച്ചുകൂടി വ്യക്തമായപ്പോൾ അത് തന്റെ വിധവയായ അമ്മയാണെന്നു കണ്ടു. കുറച്ചുകൂടി സൂക്ഷിച്ചു നോക്കിയപ്പോൾ, യഥേഷ്ടം രൂപം മാറുന്ന മുന്തിയവളാണ് വിധവയുടെ വേഷത്തിലെന്നു കണ്ടു. വീണ്ടും ശ്രദ്ധിച്ചപ്പോൾ അത് ധൂമാവതിയാണെന്നു കണ്ടു. മുംബൈയിലെ വെങ്കടേശ് സ്റ്റീംപ്രസ്സിൽ അച്ചടിട്ട ദശമഹാവിദ്യയുടെ ചിത്രങ്ങളിലെപ്പോലെ. കയ്യിൽ മുറമില്ലെന്നും വിടർത്തിയകൈപ്പത്തിയാണുള്ളതെന്നും ഒരു വ്യത്യാസമുണ്ട്. ഏതെങ്കിലും ചായക്കാരൻ പയ്യന് പൈസാ കൊടുക്കുകയാണോ അതോ ബാക്കി ചില്ലറ വാങ്ങാൻ നിൽക്കുകയാണോ എന്നറിയാൻ വയ്യ.

ഈ ചായക്കാരൻ പയ്യൻ, ഈ കാട്ടുജാതിക്കാരൻ, ഈ മനോഹർ മുന്നോട്ടു പാഞ്ഞു–വിടർത്തിയ ആ കൈപ്പത്തിക്കു നേരേ, മറ്റെല്ലാ കഥകളെയുമവഗണിച്ചുകൊണ്ട് താന്റെ കഥയുടെ കൈപ്പത്തിക്കുനേരേ.

അങ്ങേയറ്റം വായാടിത്തത്തിന്റേതായ ഈ സന്ദർഭം, ഘനീഭവിച്ച വൈകാരികതയുടെ ഈ സന്ദർഭം അയാളുടേതായിരുന്നു. അതുകൊണ്ട് മനോഹർ എന്നെയും ജോഷിയേയും തള്ളിമാറ്റി.

മനോഹർ ഓടി. ഗംഗയും കുരുക്ഷേത്രവുമുള്ളിടത്തോളം ഞാൻ ഈ കൈത്തലത്തിനുനേരേ ഓടുമെന്നു പറഞ്ഞു.

ഉറക്കത്തിൽ അമ്മയുടെ ഉദരത്തിലെ മറുക് തേടുന്ന ചൂണ്ടുവിരലിന്റെ ആശ്വസിപ്പിക്കലോടെ ഓടി.

നാഭിദേശത്തിനു താഴെ കരച്ചിലിന്റെ പമ്പ് പുറപ്പെടുവിക്കുന്ന കരുണമായ ആകുലതയോടെ ഓടി.

ഓങ്കാരത്തിന്റെ 'ടങ്കാരം' മുഴക്കി ബ്രഹ്മത്തെ ലക്ഷ്യമാക്കി എയ്യപ്പെട്ട ആത്മാവിന്റെ ശരം ബ്രഹ്മത്തെ കീറിമുറിക്കാൻ അപ്രതിരോധ്യമായി പായുന്ന ഉന്മത്തമായ വിഹ്വലതയോടെ ഓടി.

യാചകിയാണോ ദായിനിയാണോ എന്നറിയാതെ, അറിയാനാഗ്രഹിക്കാതെ ആ വിടർത്തിയ കൈത്തലത്തിനുനേരേ അവൻ ഓടി.

കഥകൾ നിറഞ്ഞ, കഥകളാൽ ബന്ധിക്കപ്പെട്ട ആ പ്ലാറ്റ് ഫാമിലൂടെ ആ കൈത്തലത്തിനുനേർക്ക് ഓടി.

വണ്ടിയുടെ വേഗം വർധിച്ചു. വണ്ടിയോടൊപ്പം ആ കൈത്തലവും പൊയ്ക്കൊണ്ടിരുന്നു. പ്ലാറ്റ് ഫാം പിന്നിലായി. ആ വിധവ അല്പം കൂടി കുനിഞ്ഞു, തന്റെ കൈ അല്പം കൂടി വിടർത്തി.

കിതച്ചുകൊണ്ട് ഓടുന്ന മനോഹറും തന്റെ കൈ മുന്നോട്ടു നീട്ടി. വണ്ടി പ്ലാറ്റ്ഫാമിന്റെ അറ്റത്തായി. നീട്ടിയ കൈ മറ്റൊരു കൈ പിടിക്കാവുന്ന സ്ഥിതിയിൽ.

അവന്റെ വിരലുകൾ, ചില്ലറ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന വിരലുകൾ, മുഷിഞ്ഞനോട്ടുകൾ എണ്ണി അടുക്കിവയ്ക്കുന്ന വിരലുകൾ മുരടിച്ച, ശുഷ്കിച്ച, ചുളി വീണ ആ വിരലുകളുടെയടു

ത്തെത്തി.

സ്പർശത്തിന്റെ ഒരു ക്ഷണാംശത്തിൽ മനോഹർ കണ്ടു–ആ വിരലുകൾ ചുളി വീണതല്ല.

വീഴാൻ പോകുന്നതിനിടയ്ക്ക് മനോഹർ കണ്ടു–ആ സ്ത്രീ വൃദ്ധയോ വിധവയോ അല്ല.

വീഴാൻ പോകുന്നതിനിടയ്ക്ക് അയാൾ കണ്ടു– ലോകത്തിലെ ഏറ്റവും സുന്ദരിയായ സ്ത്രീ, അഭിലാഷങ്ങളുടെ അഭിലാഷം, കല്പനകളുടെ കല്പന–പ്ലാറ്റ്ഫോം വിട്ടുപോകുന്ന വണ്ടിയുടെ വാതിൽക്കൽ അണിഞ്ഞൊരുങ്ങി നിൽക്കുന്നു.

നിലത്തുവീണ് പൊടിപുരണ്ട് കിടക്കുമ്പോൾ അവൻ കണ്ടു–പ്രകാശവേഗത്തിൽ സഞ്ചരിക്കുന്ന, പാളങ്ങളും ചക്രവുമില്ലാത്ത നീല സർപ്പഗതിയുള്ള വണ്ടി. അതിന്റെ താമരപോലുള്ള ചവിട്ടുപടിയിൽ മിന്നലൊളിപരത്തുന്ന ഭർത്തൃമതി നിലയുറപ്പിച്ച രൂപത്തിൽ കാണപ്പെട്ടു. ശാന്തയും സ്ഥിരയുമായവൾ കൈത്തലം നിവർത്തിയിട്ടില്ല. ഏതെങ്കിലും തരത്തിലുള്ള ചില്ലറയുടെ യാചകിയോ ദായിനിയോ ആണെന്ന സംഭ്രമം വേണ്ട. ശൂന്യമായിരുന്നു ആ കൈത്തലം. എന്നാൽ അതിന്റെ ശൂന്യത അതിന്റേതായിരുന്നില്ല!

മനോഹർ ഏകാകിയായി അന്ധകാരാവൃതമായ പ്ലാറ്റ്ഫോമിൽ എഴുന്നേറ്റുനിന്നു. ഒരിക്കലും അപ്രിയം പറയാത്ത അയാൾ ഉറക്കെപ്പറഞ്ഞു, "നീചന്മാരേ, ഭൂതകാലത്തിലെ അക്ഷയമായ ആചമനിയോ വർത്തമാനകാലത്തിലെ തെളിയുന്ന കൈത്തിരിയോ ഭാവിയുടെ ഉന്നം പിഴയ്ക്കാത്ത ആയുധമോ–നിങ്ങളുടെ കയ്യിലെന്തുമാകട്ടെ, കള്ളം, കള്ളം, കള്ളം! ഈ ആയുധത്തിന്റെ അത്ഭുതഫലത്തെക്കുറിച്ച് ആശ്വാസമേകുന്ന ആണയിടാൻവേണ്ടി നിങ്ങൾ സ്വന്തം ജനനിക്കുവേണ്ടി രചിച്ച പേര്–ശാന്തി, ക്രാന്തി, ശാസ്ത്രം, സംസ്കൃതി– എന്തുമാകട്ടെ! നീചന്മാരേ, നിങ്ങളുടെ ജനനി വിധവയാണ്. നിങ്ങളുടെ ശക്തി വിധവയാണ്. അവൾ ഭർത്തൃമതിയല്ല."

ലഹരിയിൽ ഉന്മത്തനായി വേച്ചുവേച്ചു നടക്കുന്ന സ്വജനങ്ങളെ ആളുകൾ നോക്കുകയും കേൾക്കുകയും ചെയ്യുന്നതുപോലെ ഞാൻ അവനെ നോക്കുകയും കേൾക്കുകയും ചെയ്തു–സങ്കോചം, വിസ്മയം, വിനോദം, ഭയം മുതലായവ കലർന്ന്.

ജോഷിജി ദാദായോടൊപ്പം ക്യാമറയ്ക്കു പിന്നിൽ നിൽക്കുകയായിരുന്നു. പ്ലാറ്റ്ഫോമിലെ ഇരുട്ടിൽ ഒറ്റയ്ക്ക് നിലവിളിക്കുന്ന മനോഹറിനെ ദൂരെ നിന്നെടുത്ത ഒരു 'ഓൾമോസ്റ്റ് സിൽഹുട്ട്' ഷോട്ടിൽ ചിത്രീകരിക്കുകയായിരുന്നു. മനോഹറിന്റെ വിഹ്വലതയുടെ വ്യർഥതയറിയിക്കാൻ ഈ ദൂരം ആവശ്യമായിരുന്നു.

സംഭാഷണം പൂർത്തിയാക്കിയിട്ട് മനോഹർ അവിടെത്തന്നെ

നിൽക്കട്ടെയെന്ന് ജോഷിയാഗ്രഹിച്ചു. പക്ഷേ, മനോഹർ നടന്നു-പതുക്കെ, പതുക്കെ. മുഖ്യപ്രവേശനകവാടത്തിലേക്ക്. അയാൾ സൗണ്ട് ട്രാക്കിൽ അപസ്വരം കലർന്ന ഒരു കീർത്തനം കേട്ടു, 'ഓം ജയ അംബേ ഗൗരീ, ഓം ജയ ക്രാന്തി തിയറീ.' അയാൾ കരഞ്ഞു.

സ്റ്റേഷന്റെ കവാടത്തിൽ ഉറക്കച്ചടവോടെ നിൽക്കുന്ന ചെക്കർ തടഞ്ഞു, "ടിക്കറ്റ്"?

ടിക്കറ്റില്ലെന്നു മനോഹർ തലയാട്ടി അറിയിച്ചു.

"എന്തുകൊണ്ട് എടുത്തില്ല?" ചെക്കർ ചോദിച്ചു.

മനോഹർ തോള് കുലുക്കി

"എവിടുന്നു വരുന്നു?" ചെക്കർ ചോദിച്ചു.

മനോഹർ റെയിൽ പാളം ചൂണ്ടിക്കാണിച്ചു.

"കരയുന്നതെന്തിന്?"

മനോഹർ മൗനം.

"നിന്റെ പോക്കറ്റടിച്ചോ?"

മനോഹർ തലയാട്ടിക്കൊണ്ടു പറഞ്ഞു, "ഇല്ല."

"ആരെങ്കിലും നിന്നെയടിച്ചോ?"

മനോഹർ വീണ്ടും നിഷേധാർഥത്തിൽ തലയാട്ടി.

"നിന്റെ ബന്ധുക്കളാരെങ്കിലും ഗ്രാമത്തിൽ നിന്നു വണ്ടിയിൽ കയറി എങ്ങോട്ടെങ്കിലും പോയോ?"

മനോഹർ വീണ്ടും തലയാട്ടി. ചെക്കർ തൊപ്പിയൂരി തല ചൊറിഞ്ഞു. ശബ്ദമുണ്ടാക്കാതെ കരയുന്ന ഈ വിചിത്ര പ്രാണിയെ നോക്കി അയാൾ വെറുതേ സങ്കല്പിക്കുന്നതുപോലെ ചോദിച്ചു, "ആരെങ്കിലും മരിച്ചുപോയോ?"

മനോഹർ ഇത്തവണ 'ഉവ്വ്' എന്നയർഥത്തിൽ തലയാട്ടി.

"എവിടെ? എപ്പോൾ?"

മനോഹർ റയിൽപ്പാളം ചൂണ്ടിക്കാണിച്ചു.

ചെക്കർ വ്യഗ്രതയോടെ ചോദിച്ചു, "വണ്ടിക്കടിയിൽ പെട്ടതെങ്ങനെ? നീ കണ്ടോ?"

മനോഹർ വീണ്ടും തലയാട്ടി സമ്മതിച്ചു.

"നിന്റെ പരിചയക്കാരനാണോ?"

മനോഹർ വീണ്ടും തലയാട്ടി സമ്മതിച്ചു

"ആരാണത്?"

മനോഹർ ആദ്യമായി വായ് തുറന്നു, "ഞാൻ!"

ചെക്കർ ഒരു തവണ അവനെ അടിമുടി നിരീക്ഷിച്ചു. എന്തോ മനസ്സിലായപോലെ പുഞ്ചിരിച്ചുകൊണ്ടു ചോദിച്ചു, "നീ മരിച്ചു പോയോ?"

മനോഹർ സമ്മതഭാവത്തിൽ തലയാട്ടി

ടിക്കറ്റ് ചെക്കർ പറഞ്ഞു, "ശരിയാണ് നീ മരിച്ചുപോയി" എന്നിട്ട് അവന്റെ കൈക്കു പിടിച്ച് പുറത്തേക്കു തള്ളി. "പോയി നിന്റെ ശവകുടീരത്തിൽ കിടന്നുറങ്ങ്."

മനോഹർ സ്റ്റേഷനു വെളിയിൽ നിൽക്കുകയായിരുന്നു. ജോഷിജിക്ക് ക്ലോസിങ്ഷോട്ട് മനസ്സിലാകുന്നില്ല. ദാദാ അദ്ദേഹത്തോടു പറഞ്ഞു, "ഒരു കാര്യം ചെയ്യ്. മുമ്പിൽ മുകൾഭാഗത്ത് ലൈഫ് ഇൻഷുറൻസ്കാരുടെ പരസ്യം കണ്ടില്ലേ? ചുവപ്പും നീലയും വെളിച്ചത്തിൽ മിന്നിത്തെളിയുന്നത്. നിങ്ങൾ കട്ട് ചെയ്ത് ക്യാമറ അങ്ങോട്ടാക്കൂ. പരസ്യത്തിലെ ചെറുദീപത്തിലും ഇരുകൈകളിലും കാണിയുടെ കണ്ണ് കൊണ്ടുപോകൂ. 'യോഗക്ഷേമം വഹാമ്യഹം' എന്ന ഗീതാശ്ലോകത്തിലേക്കു നയിക്കൂ. ജനങ്ങളുടെ യോഗക്ഷേമം ഇനി മുതൽ എൽ.ഐ.സി. കാത്തുകൊള്ളും. അതു കഴിഞ്ഞു മുഴുവൻ പരസ്യവും കാണിക്കൂ. ഹോൾഡ് ചെയ്യൂ. ഈ 'പ്ലഗി'ന്റെ പൈസ എൽ.ഐ.സി.ക്കാരിൽ നിന്ന് ഈടാക്കാം. ഇനി ക്യാമറ വേഗം കറക്കൂ. സ്ക്രീനിൽ പരസ്യം കറങ്ങുന്നു. അതിലെ ദീപം, ഉദ്ധരണി, വേഗം-വേഗം-വേഗം. ഒടുവിൽ ഒന്നുമില്ല. ചുവപ്പും നീലയും നിറത്തിൽ സുദർശനചക്രം പോലെ. സൗണ്ട് ട്രാക്കിൽ ഹേമന്തിന്റെ ശബ്ദം, 'യാ ദേവീ സർവഭൂതേഷു ഭ്രാന്തിരൂപേണ സംസ്ഥിതാ, നമസ്തസ്യൈ, നമസ്തസ്യൈ, നമസ്തസ്യൈ നമോ നമഃ'

ജോഷീ, അപ്പോഴേക്കും ഓഡിയൻസ് എഴുന്നേൽക്കുന്നു, സീറ്റിനടിയിൽ കുട്ടിയുടെ ലങ്കോട്ടി തപ്പുന്നു - എങ്കിൽ അതും കൊള്ളാം. എന്തുകൊണ്ടെന്നാൽ ആ ലങ്കോട്ടിയും അസ്സൽ സാധനം തന്നെ."

അഥ ഉപസംഹാരം

ദാദാ പറഞ്ഞതനുസരിച്ച്, ജോഷിജിയുടെ അറിവനുസരിച്ച് ഈ ബയസ്കോപ്പ് ചുവപ്പും നീലയും വെളിച്ചങ്ങളുടെ ചുഴിയിലവസാനിച്ചു.

അപ്പോൾ ഒരു കുഴപ്പമുണ്ട്. 'ദ എൻഡ്' ആകുമ്പോഴേക്കും ഈ ഫിലിം മനോഹറിന്റേതാകും. മനോഹറിന്റേതാക്കണമായിരുന്നെങ്കിൽ തുടക്കത്തിൽ തന്നെ നൈമിഷാരണ്യത്തിൽ സ്വയം നിർമിക്കാമായിരുന്നു! തീർച്ചയായും അയാളുടെ ഫിലിമിന്റെ 'ദ എൻഡ്' നീലനിറത്തിലുള്ള സർപ്പാകാരമായ വണ്ടിയിൽ തന്നെയാകുമായിരുന്നു! അല്ലെങ്കിൽ ഒരു പക്ഷേ സർപ്പാകാരമായ വണ്ടിയുടെ സന്ദർഭം തന്നെ വരുമായിരുന്നില്ല. വേറെയെവിടെങ്കിലും പോകുമായിരുന്നു. പാവത്തിനു തല്ലു കിട്ടുമായിരുന്നു.

ജോഷിജി ഈ ബയസ്കോപ്പ് എന്തിനു നിലവാരമുള്ളതാക്കണം? 'സ്വീറ്റ് ഡിക്കേഡൻസ്' ശരിയാകുമായിരുന്നു: 'ദ എൻഡി'നു മുമ്പ് ഏതാണ്ടിങ്ങനെയാകുമായിരുന്നു: അവർ രണ്ടുപേരും ഫസ്റ്റ് ക്ലാസ് കൂപ്പെയിലിരിക്കുന്നു. മുന്തിയവൾ ജനലിലൂടെ പുറത്തേക്കുനോക്കുന്നു. ജോഷിജി അവളെ നോക്കി ഇരിക്കുന്നു. മുന്തിയവളുടെ മുഖത്ത്, വിശേഷിച്ച് ചുണ്ടുകളിൽ വിചിത്രവും അനിർവചനീയവും- മനസ്സിലായോ, ഇൻഡിഫൈനബിൾ-ആയ ഒരു വികാരം തെളിഞ്ഞുനിൽക്കുന്നു. താങ്കൾ അതിനെ ഒരു പക്ഷേ 'ഗോസ്റ്റ് ഓഫ് എ സ്മൈൽ' എന്നുപറയാനാഗ്രഹിച്ചേക്കും. എന്നാൽ സർ, അത് 'ഏയ്ഞ്ജൽ ഓഫ് എ സ്മൈൽ ആണ്. ഒരു പക്ഷേ അതുമല്ല. മുഖത്ത് വീഴുന്ന വെയിലിന്റെ കളിമാത്രമാണ്. ജോഷിയുടെ മുഖത്തും അതേ ഇൻഡിഫൈനബിൾ- അനിർവചനീയം മുതലായവ തെളിയുന്നുണ്ട്. എന്നാൽ ഇത് സർവഥാ അതുപോലെയുള്ള ഇൻഡിഫൈനബിളല്ല, ഇത് ഡിഫറന്റാണ്. അതിന്റെ അന്തസ്സൊന്നുവേറേ തന്നെ. മുന്തിയവളുടെ മുഖത്ത് സമ്മതത്തിന്റെ വൈഷമ്യത്തിന്റെ മാധുര്യമാണെങ്കിൽ ജോഷിയുടെ മുഖത്ത് സമ്മതത്തിന്റെ മാധുര്യത്തിന്റെ വൈഷമ്യമാണുള്ളത്. ഇങ്കെ, ദ സാഡ് സ്വീറ്റ്നെസ് ഓഫ് അക്സപ്റ്റൻസ്, ഉങ്കെ, ദ സ്വീറ്റ് സാഡ്നെസ് ഓഫ് അക്സപ്റ്റൻസ്. മുന്തിയവൾ തന്നെ നോക്കുന്നില്ലെന്നു ജോഷിജി കാണുമ്പോൾ, ഷോട്ട് ഫ്രീസ്

ചെയ്യുന്നു. ക്രെഡിറ്റ്സ്.

ഞാനാണ് ഫിലിം നിർമിച്ചതെങ്കിൽ താരാ ഝാവേരി - ശിവചന്ദ്ര ഹിറ്റ് ഫിലിം നിർമിക്കുമായിരുന്നു. 'നെർവസ് ബ്രേക് ഡൗണി'ൽ നിന്നു രക്ഷപ്പെട്ടശേഷം ഇതിനാവശ്യമായ സാമഗ്രികൾ ശേഖരിക്കാൻ ഞാൻ വളരെ പരിശ്രമിച്ചു. ശിവചന്ദ്രയിലാണ് ഞാൻ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചത്.

എനിക്കയാളെക്കുറിച്ച് രസകരമായ പല വിവരങ്ങളും അറിയാൻ കഴിഞ്ഞു. ഉദാഹരണത്തിന്, അയാൾ ഒന്നല്ല, രണ്ടുവിവാഹം നടത്തി. അയാളുടെ ആദ്യഭാര്യ ബംഗ്ലാദേശിലെ ചട്ഗാവ് പ്രദേശത്ത് ജീവിക്കുന്നു. ഉദാഹരണത്തിന്, അയാൾ ചതുരംഗം മാത്രമല്ല, ബ്രിഡ്ജും ഭംഗിയായി കളിക്കും- മറ്റുള്ളവർ കാണാതെ അവരുടെ കാർഡുകൾ കാണുമായിരുന്നു. ഉദാഹരണത്തിന്, അയാളുടെ പക്കൽ താന്ത്രിക യന്ത്രങ്ങളുടെ വലിയ ശേഖരമുണ്ടായിരുന്നു, അവയെക്കുറിച്ച് ഒരു സചിത്ര പുസ്തകം പാരീസിൽ അച്ചടിപ്പിച്ചു.

എന്തായാലും ഈ ശിവചന്ദ്ര മരിച്ചത് ബോംബെയിലെ ഏതോ ഗുദാമിലല്ല. അനേകവർഷങ്ങൾക്കുശേഷം അങ്ങുദൂരെ നിക്കരാഗ്വേയിൽ ഹൃദയസ്തംഭനം മൂലമാണ് മരിച്ചത്. അക്കാലത്ത് അയാളെ കോടതിയിൽ ഹാജരാക്കുന്നതിനുവേണ്ടി ഭാരതത്തിൽ കൊണ്ടുവരാനുള്ള ശ്രമം നടക്കുകയായിരുന്നു. ശിവചന്ദ്രയുടെ ജീവിത വ്യാപാരത്തിലും വ്യാപാരജീവിതത്തിലും ദേശക്കാരും വിദേശീയരുമായ അനേകം സുന്ദരിമാരുടെ ഒരു പട തന്നെയുണ്ടായിരുന്നു. ഈ പടയിൽ ഒരു താരാ ഝാവേരി തീർച്ചയായുമുണ്ടായിരുന്നു. എന്നാൽ അറിവുള്ളവർ പറയുന്നത് ഈ താര ഉഗാണ്ടയിൽ ജനിച്ച ഒരു മുന്തിയ വണിക് കന്യകയായിരുന്നെന്നാണ്. ശിവചന്ദ്രയുമായി അവൾക്ക് വെറും വ്യാപാരബന്ധമായിരുന്നു. ആളുകൾ എന്നോട് ഈ താരാ ഝാവേരിയുടെ കഥകൾ വിവരിക്കാൻ തുടങ്ങിയപ്പോൾ ഞാൻ മാനസികാരോഗ്യത്തിനു പ്രാഥമിക പരിഗണന നൽകിക്കൊണ്ട് എന്റെ ബെസ്റ്റ് സെല്ലർ വിചാരത്തിനു വിരാമമിട്ടു.

എന്തായാലും എന്റെ കോമൺസെൻസിൽ ഈ ബയസ്കോപ്പിന്റെ അസംബന്ധം വളരെ വ്യക്തമായി. എന്നാൽ അസംബന്ധം വെറും ചിന്താക്കുഴപ്പമാണെന്നു കരുതുന്ന, മോഡേൺ അംബിഗിറ്റിയാണെന്നു സ്ഥാപിക്കുന്ന ധാർഷ്ട്യം എനിക്കില്ല. മുന്തിയവൾ ഒരു ഫ്രോഡാണെന്ന് എനിക്കറിയാം. ഫ്രോഡിനെ യഥാവിധി ഫ്രോഡാണെന്നു സ്ഥാപിക്കണമെന്ന് കോമൺസെൻസ് ആവശ്യപ്പെടുന്നു. പത്രപ്രവർത്തകനെന്ന നിലയിൽ ഞാൻ നിരന്തരം ഈ ജോലിയിലേർപ്പെട്ടിരിക്കുന്നു. 1947-ൽ ഏതു ജവാഹർലാൽ നെഹ്റുവിനെയാണോ ആവേശത്തോടും ആർഭാടത്തോടും നിയതിയുടെ നിമന്ത്രണം ഉച്ചരി

ക്കുന്നതു കേട്ട് ജോഷി ആൻഡ് കമ്പനി സോഷ്യലിസ്റ്റ് മതേതര-ജ നാധിപത്യ-വിപ്ലവാത്മക സ്വപ്നങ്ങൾക്ക് ഓർഡർ നല്കിയത്, ഏത് ജവാഹർലാലിനെയാണോ 1963 മാർച്ചിൽ ബോംബെയിൽ രോഗാതു രനും നമ്രശീർഷനുമായി കണ്ടിട്ട് അതേ കമ്പനി'തീരെ വിശ്വാസം വരുന്നില്ല' എന്നുപറഞ്ഞത്, അതേ ജവാഹർലാലിനെ എന്റെ പത്രപ്ര വർത്തനം കടലാസിൽ കണ്ട മജ്നുവാണെന്നു സമർഥിച്ചു. ആ മികച്ച വസ്തു കഴുകി വയ്ക്കാൻ പറ്റിയ ഡിറ്റർജന്റ് ഇതുവരെ ശേഖരിക്കാൻ എനിക്കു കഴിയാത്തതിൽ ഖേദമുണ്ട്. പരിശ്രമം തുടർന്നുകൊണ്ടിരി ക്കുന്നു. സാഹിത്യം, വാണിജ്യം, അധ്യാത്മികം, രാഷ്ട്രീയം തുടങ്ങി ഏതു രംഗത്തായാലും ഒരു പുതിയ ദേവി പ്രത്യക്ഷപ്പെട്ടെന്നറിഞ്ഞാൽ, പത്രപ്രവർത്തകനെന്ന നിലയിൽ ഞാനവരെ കാണാൻ തീർച്ചയായും പോകും. കേമന്മാരുടെ ശുക്ലസ്ഖലനം മുതൽ ശക്തിസ്ഖലനം വരെ നടത്തിച്ച മുന്തിയ ധാരാളം ചരക്കുകളെ ഞാൻ കണ്ടു. എന്നാൽ ആ മുന്തിയവളെ മാത്രം കണ്ടില്ല. മറ്റാരും അവളെപ്പറ്റി പറയുന്നതും കേട്ടില്ല. ബോംബെയിലെ നായ്ഗാവിലെ ഒരു പൊളിഞ്ഞ കെട്ടിടത്തിലെ സൗണ്ട് സ്റ്റേജിൽ നടന്ന കൂടിക്കാഴ്ചയ്ക്കുശേഷം ഞാനവളെ കണ്ടി ട്ടില്ല, കേട്ടിട്ടില്ല.

ഭാവനയുടെ സഹായം തേടണമെന്നു നിങ്ങൾ പറഞ്ഞേക്കും. അതു നടപ്പില്ല. ഒന്നാമത്, ജോഷിയുടെ അഭിപ്രായത്തിൽ ഞാൻ തികച്ചും ഭാവനാശൂന്യനാണ്. രണ്ടാമത്, ഭാവന കോമൺസെൻസിന്റെ ശത്രുവാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഭാവന കാരണം പല കാര്യ ങ്ങളും ചീത്തയാകുന്നു. മനുഷ്യനു ഭ്രാന്ത് പിടിക്കുന്നു, രാജ്യം ബോധ ശൂന്യമാകുന്നു.

ബയസ്കോപ്പ് കണ്ടശേഷം സംശയം കലർന്ന നിരവധി ചോദ്യ ങ്ങൾ ചോദിക്കുന്ന കാണികളിലൊരാളാണ് ഞാനും. "തുടക്കത്തിൽ ഹേമയുടെ അപ്പച്ചി വയസ്സിയെപ്പോലെയായിരുന്നു, അവരെപ്പറ്റി പിന്നീ ടൊന്നും പറഞ്ഞില്ല." ഹീറോയിനെക്കുറിച്ച് ഒരു സൂചനയും നല്കാ നുള്ള സ്ഥിതിയിലല്ലായിരുന്നു, ഞാൻ. ഇരുട്ടുനിറഞ്ഞ ഹാളിലിരുന്നു സഹോദരന്റെ സംതൃപ്തിക്കുവേണ്ടി ബാക്കി എല്ലാ അഭിനേതാക്ക ളെയും 'ദ എൻഡി'നു മുമ്പ് അവസാനത്തെ 'ഗ്രൂപ്പ് ഷോട്ടി'നു ക്ഷണി ക്കുന്നു. ഈ ബയസ്കോപ്പിലെ കഥ 62–63 ലെയാണ്. എന്നാൽ അവ സാനഷോട്ട് 80-ലാണെടുക്കുന്നത്. കാലം മാറി, രൂപം മാറി, ചിലരെ അന്വേഷിച്ചെങ്കിലും കണ്ടെത്തിയില്ല, ചിലർ മരിച്ചുപോയി. എന്നിട്ടും...

ഒന്നാമതായി, ബാബുവിനെ പരിചയപ്പെടുത്താം. അദ്ദേഹ ത്തോടൊന്നുമാവശ്യപ്പെടരുത്. അദ്ദേഹം യഥാവിധി റിട്ടയർ ചെയ്തു കഴിഞ്ഞു. മുടി നരച്ചു. ചൗപാട്ടിയിലെ വെയിൽ കൊണ്ടു. നരച്ചതാ ണെന്നു വിചാരിക്കരുത്.

ബാബുവിന്റെ ഒരു വശത്തു നിൽക്കുന്ന ശ്രീമതി ആരാണെന്നു താങ്കൾ ചോദിച്ചേക്കും. അതദ്ദേഹത്തിന്റെ വിശേഷാൽ ചരക്കാകുന്നു. അല്ലെങ്കിൽ, ബാബു അവരുടെ വിശേഷാൽ ചരക്കാകുന്നു. അതേ, അതദ്ദേഹത്തിന്റെ ശ്രീമതി തന്നെ. ശ്രീമതി സുശീലാബെൻ. മുമ്പ് വീട്ടു സാമാനങ്ങളുമായി ചൗപാട്ടിയിൽ അങ്ങേയറ്റം കുടുംബപരമായ അന്തരീക്ഷത്തിൽ ഇരിക്കുമായിരുന്നു. ഒരു പരമരഹസ്യം പറയാം. വേറേയാരോടും പറയരുത്. ചേച്ചിക്ക് ബാബുവിനേക്കാൾ പത്തു വയസ്സ് കൂടുതലുണ്ട്. ഇൻകംടാക്സ്കാരോടു പറയരുത്, ചേച്ചിയുടെ പേരിൽ ധാരാളം അക്കൗണ്ടുണ്ട്. ഭാര്യയും ഭർത്താവും ഗ്രൂപ്പ് ഹൗസിങ്ങുകാരുടെ ഒരു ഫ്ളാറ്റിലാണ് ഈയിടെ താമസിക്കുന്നത്. ഒരു വിശേഷപ്പെട്ട തത്തയെ വളർത്തിയിട്ടുണ്ട്.

ഇതാണ് ഉറ്റമിത്രം. ഈയിടെയായി പ്രൊഡക്ഷൻ കൺട്രോളറാണ്. ഇദ്ദേഹത്തിന്റെ ശുദ്ധഹിന്ദികേട്ടിട്ട് മൾട്ടിസ്റ്റാർ ഫിലിമുകൾ നിർമിക്കുന്ന ഉർദുപ്രൊഡ്യൂസർ അത്യന്തം സന്തുഷ്ടനാകുന്നു. ഇപ്പോൾ ഇദ്ദേഹം രചിച്ച രാമചരിതത്തിന്റെ പ്ലു പെർഫെക്റ്റ് സ്ക്രിപ്റ്റ് അടിസ്ഥാനമാക്കി ഒരു മൾട്ടിസ്റ്റാർ ബിഗ് ബജറ്റ് നിർമിക്കാനുദ്ദേശിക്കുന്നു. രാമന്റെ റോളിനെച്ചൊല്ലി ചെറിയൊരു വഴക്കുണ്ടായി. ഈ ദിവസങ്ങൾ സുഹൃത്ത് സുഖമായി കഴിച്ചുകൂട്ടുകയാണ്. സൗഖ്യത്തിന്റെ രഹസ്യം അദ്ദേഹത്തിന്റെ തത്വ ശാസ്ത്രത്തിലൊളിച്ചിരിക്കുന്നു. "നഗരത്തിൽ പ്രവേശിച്ച് സർവകാര്യങ്ങളും ചെയ്യൂ. ഹൃദയത്തിൽ കോസലരാജനെ വയ്ക്കൂ. ചിയേഴ്സ്!"

ഇദ്ദേഹമാണ് സിനെറിയോറൈറ്റിങ്ങിൽ ചക്രവർത്തി- ഖലീക് സാഹബ്. ഫിലിം ഇൻഡസ്ട്രിയിൽ റൈറ്റർക്ക് സവിശേഷമായൊരു സ്ഥാനം നേടിയെടുത്ത ആദ്യത്തെ രസികൻ ഖലീക്കായിരുന്നു. ഖലീക്കിന്റെ ശോഭ ഒരു സ്റ്റാറിനെക്കാളും കുറവല്ല. ശ്രീകാന്തനുവേണ്ടി അദ്ദേഹം ഒരു ഫിലിംസ്ക്രിപ്റ്റ് രചിച്ചില്ലേ, പിന്നീട് പണ്ഡിറ്റ് ജനാർദനനെക്കൊണ്ട് തിരുത്തൽ നടത്തിയില്ലേ, അത് ശ്രീകാന്തന്റെപേരിൽ മൂന്നാഴ്ച ഓടി, ഡിസ്ട്രിബ്യൂട്ടറുടെയും പ്രൊഡ്യൂസറുടെയും പൈസ കൊണ്ടു രണ്ടാഴ്ച ഓടി, അതിനുശേഷം ഖലീക്കിന്റെ പേനയുടെ ബലത്തിൽ ജൂബിലിവരെ ഓടി. ഫിലിമിൽ ഓരോരുത്തരുടെയും സംഭാവന എന്താണെന്ന വസ്തുത ഇൻഡസ്ട്രിയിൽ എല്ലാവർക്കുമറിയാം. ഖലീക് സാഹബ് ഒരു ഫിലിം മാസികയുടെ റിപ്പോർട്ടറെ ഒറിജിനൽ സ്ക്രിപ്റ്റ് കാണിച്ച് എന്തെങ്കിലും കുറവുണ്ടായിരുന്നെങ്കിൽ അതും പരിഹരിച്ചു. സ്ക്രിപ്റ്റ് കാണിക്കുക മാത്രമല്ല, ശ്രീകാന്തനെക്കുറിച്ച് അങ്ങേയറ്റം സംഭ്രമജനകമായ വാർത്തകളും നൽകി. ഒരു റൈറ്റർ ഒരു സ്റ്റാറിനോട് തുറന്ന് ഏറ്റുമുട്ടുന്ന ആദ്യസന്ദർഭമായിരുന്നു, അത്. അക്കാലത്തുതന്നെ ഖലീക് സാഹബിന്റെ മറ്റൊരു സ്ക്രിപ്റ്റ് ആധാര

മാക്കി (ഇതൊരു ജാപ്പനീസ് ഫിലിമിന്റെ അനുകരണമാണെന്ന് അസൂയാലുകൾ പറഞ്ഞു പരത്തി) നിർമിച്ച ലോബജറ്റ് ചിത്രം സൂപ്പർ ഹിറ്റായി. എന്തായാലും ശ്രീകാന്തിനെതിരെ ഖലീക് പറഞ്ഞതെല്ലാം ഇൻഡസ്ട്രിക്കു കേൾക്കേണ്ടിവന്നു. കഷ്ടകാലത്തിന് ആയിടയ്ക്ക് ശ്രീകാന്തിന്റെ മറ്റു ഫിലിമുകൾ വൻഫ്ളോപ്പായിപ്പോവുകയും ചെയ്തു. ഖലീക് സാഹബിന്റെ ഇന്നത്തെ പദവി നോക്കൂ. പ്രോജക്ട് അദ്ദേഹത്തിനുചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നു. ഉയർച്ചയാഗ്രഹിക്കുന്നയാളാണ്, അതിനാൽ, അദ്ദേഹത്തിന്റെ മനോഭാവം സദാ ഉയർച്ചയിലാണ്. ഒരു ഫിലിമിന് എഴുതാൻ നാലുലക്ഷം വാങ്ങുന്നുണ്ടെന്നു കേൾക്കുന്നു. നല്ല കാച്ചിക്കുറുക്കിയ സ്ക്രിപ്റ്റാണെഴുതുന്നത്. അദ്ദേഹത്തിന്റെ ഡയലോഗ്, എന്റെ ദൈവമേ! ആദ്യഫിലിമായ 'നിശാഗന്ധിപൂത്ത പാതിരാവി'ൽ ഇരട്ടകളായ കവിയുടെയും പോലീസ് ഓഫീസറുടെയും ഡബ്ൾറോളിൽ ശ്രീകാന്തിനുവേണ്ടി എഴുതിയ ഡയലോഗ് ഇന്നും ആളുകൾ മറന്നിട്ടില്ല. ഒരു ഡയലോഗ് കഴിഞ്ഞൊരു ദിവസം എന്നോടും പറഞ്ഞു ഖലീക്, "ബൂർഷ്വായോടു പൊരുതുന്നതിനുമുമ്പ് ബൂർഷ്വാസിയിൽ ചേരണം."

ഖലീക് ഇപ്പോഴും ചീത്തപറയുകയും വഴക്കുണ്ടാക്കുകയും ചെയ്യും, വിസ്കിക്കു പകരം ചാരായം കുടിക്കുന്നതിലാണ് താല്പര്യം കൂടുതൽ. സോഫായിലിരിക്കാതെ തറയിലിരിക്കും. എന്നാൽ ഇതെല്ലാം ഇപ്പോൾ അദ്ദേഹത്തിന്റെ വർണോജ്ജ്വലമായ വ്യക്തിത്വത്തിന്റെ ഭാഗമായി വ്യാഖ്യാനിക്കപ്പെടുന്നു.

ഖലീക് സാഹബ്! അല്പമൊന്നു പുഞ്ചിരിക്കൂ. ചുണ്ടുകൾ ലേശം അകത്തൂ. താങ്കളുടെ മുഖഭാവം കണ്ടാൽ പ്രസിഡന്റിന്റെ കയ്യിൽ നിന്നു പത്മശ്രീ വാങ്ങാൻ പോവുകയാണെന്നു തോന്നുമല്ലോ. ചീത്ത പറയരുതേ യജമാനനേ. സെൻസറുടെ കൃപകൊണ്ടു വെറും ലിപ്മുവ്മെന്റ് മതിയാകും.

നഫീസാ ബീബീ, നിങ്ങളെന്തുകൊണ്ട് ബാക്ക്ഗ്രൗണ്ടിൽ നില്ക്കുന്നു? ഞങ്ങൾ 'സ്റ്റാർ ഡസ്റ്റി'ൽ നിന്നു വന്നവരല്ല. ഖലീക്കും നിങ്ങളുമായുള്ള ബന്ധത്തെക്കുറിച്ചു വല്ലതും പറയിച്ചിട്ട് പ്രസിദ്ധപ്പെടുത്താൻ വന്നതല്ല.

അതേ, ഇതാണ് നഫീസാ, മിസ്സിസ് ഖലീക്. ഖലീക് സാഹബ് തന്റെ എക്സ് കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ അവതരിപ്പിച്ചുകൊണ്ട് ചില ഭീഷണികൾ മുഴക്കിയിരുന്ന വിവരം നിങ്ങൾക്കോർമയുണ്ടായിരിക്കും. അതിലൊന്നു പൂർത്തിയാക്കാൻ ഇവൾക്കു മാത്രമേ കഴിഞ്ഞുള്ളൂ. നഫീസാ അദ്ദേഹത്തിന്റെ അപ്പച്ചിയുടെ മകളാണ്.

ഖലീക്കിനു നാലുമക്കൾ. ദൈവകൃപയാൽ നാലും ആൺകുട്ടികൾ.

ഇദ്ദേഹം നമ്മുടെ ഗസ്റ്റ് ആർട്ടിസ്റ്റ്, ഡോക്ടർ ധർമവീർ ഭാരതി. പ്രസിദ്ധനായ സാഹിത്യരസികനും പത്രപ്രവർത്തകനും. 'ഇരുണ്ടയുഗ'ത്തിന്റെ എഴുത്തുകാരനും'ധർമയുഗി'ന്റെ പത്രാധിപരുമായ ഭാരതി ഈ ഷോട്ടിൽ മൂളിപ്പാട്ടുപാടാതിരിക്കുന്നത് സിഗററ്റ് വലിക്കുന്നതുകൊണ്ടു മാത്രമാണ്.

ഇത് മറ്റൊരു ഗസ്റ്റ് ആർട്ടിസ്റ്റ്–ബിമൽദത്ത്. ഋഷിദായ്ക്ക്വേണ്ടി ഇദ്ദേഹം 'ആനന്ദ്', 'മിലി' മുതലായി ധാരാളം നല്ല ഫിലിമുകൾ രചിച്ചു. അടുത്തകാലത്ത് ഒരു മികച്ച അവാർഡ്ഫിലിം നിർമിച്ചു, 'കസ്തൂരി' അന്ധവിശ്വാസവും സയൻസും കൂടിച്ചേർന്നത്.

ഈ താടിവച്ചയാൾ മൗനിബാബ. ഇദ്ദേഹം മിസ്റ്റർ തലാട്ടിയായിരിക്കണം. എന്തായാലും ശരിക്ക് തിരിച്ചറിയാൻ കഴിയുന്നില്ല. അതുകൊണ്ട് ഇത് മിസ്റ്റർ തലാട്ടി തന്നെയാണെന്നു തറപ്പിച്ചു പറയാൻ എനിക്കു പറ്റുകയില്ല. ഏതാനും വർഷം മുമ്പ് ജോഷിജി ഉത്തരാഖണ്ഡ് യാത്രയ്ക്ക്പോയി. അവിടെ ഹർസിലിനടുത്ത് ഈ ബാബ അദ്ദേഹത്തെ തിരിച്ചറിഞ്ഞു. റോഡരുകിൽ ജോഷിജിയുടെ സർക്കാർ ജീപ്പിന്റെ ഡ്രൈവർ മൂത്രശങ്ക നിവർത്തിക്കുന്നതുകാത്തുനിൽക്കുകയായിരുന്നു, ജോഷി. തന്റെ കയ്യിലിരുന്ന ദണ്ഡുകൊണ്ട് അദ്ദേഹം തറയിൽ എന്തോ എഴുതി. ജോഷിജി വായിച്ചു, 'എന്ത്?' താങ്കളുടെ ടൂർ പോഗ്രാം എന്താണെന്നു വൃദ്ധൻ ചോദിക്കുകയാണെന്നു ജോഷി മനസ്സിലാക്കി. എനിക്കും എങ്ങോട്ടെങ്കിലും ഒരു ലിഫ്റ്റ് തരാൻ പറ്റുമോ? ജോഷിജി എന്തോ മനസ്സിലാക്കിക്കൊണ്ടു വിളിച്ചു, 'തലാട്ടിചേട്ടാ' വൃദ്ധൻ വീണ്ടും 'എന്ത്' എന്നെഴുതിക്കാണിച്ചിട്ട് തിരികെനടന്നു.

ഇദ്ദേഹമാണ് സായംസ്മരണീയനായ പൂർവേന്ദു ബാനർജി. 'ഗ്രാമം നശിച്ചു, നഗരം പണിഞ്ഞില്ല' എന്ന ഫീച്ചർ ഫിലിം നിർമിച്ചു. പക്ഷേ, ഓടിയില്ല. അതിൽ ഖലീക് എഴുതിയ പാട്ടുണ്ടായിരുന്നു, അത് കുറച്ചൊക്കെ ഓടി. കഴിഞ്ഞൊരു ദിവസം ടി.വി.ക്കാർ ഈ അവാർഡ് ഫിലിം പ്രദർശിപ്പിച്ച് പ്രേക്ഷകരെ ബോറടിപ്പിച്ചു. പൂർവേന്ദു ഇന്നും ആർട്ട്ഫിലിമിന്റെ പ്രമാണിമാർക്ക് സായംസ്മരണീയനാണ്. ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ മുഖ്യ പ്രവർത്തകനാണ്.

ഇദ്ദേഹം തല്ലുകൊണ്ട ഹീറോയുടെ ഉറച്ച പി.ആർ.ഓ. പാവത്തിനും തല്ലുകിട്ടി. പരസ്യങ്ങൾ തർജമ ചെയ്ത് ഉപജീവനം കഴിക്കുന്നു.

ഇത് യു.പി. സൈഡിലെ ലതാഭക്തനായ ഗാനസംവിധായകൻ. പൊന്തി വന്നില്ല. ഇദ്ദേഹത്തിനു സംഭവിച്ചതെന്താണെന്നോ? ഇദ്ദേഹത്തിനു കിട്ടിയ ഫിലിമിലെ പാട്ടുകൾ പ്രചരിച്ചു, പക്ഷേ ഫിലിമെല്ലാം പൊളിഞ്ഞുപോയി. ഭാഗ്യദോഷിയായ മ്യൂസിക് ഡയറക്ടറാണെന്നു കണക്കാക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ ഒരു ട്യൂൺ, 'മന്ദ മന്ദ മനമോഹന

ഗന്ധം'– ഒരു പഴയ ലേപനത്തെ പുതിയെ ഫേസ്ക്രീമാക്കുന്നതിൽ വിജയിച്ചു. പരസ്യത്തിലെയാണെങ്കിലും അതിലെ വരി കൊച്ചുകുട്ടികളുടെ നാവിൽ കളിക്കുന്നത് അദ്ദേഹത്തിന് സന്തോഷപ്രദമായി.

ഇതാ പഴയ ഖലീക് സുന്ദരി. സംഗീതരംഗത്ത് ശോഭിച്ചില്ല. രാജ്യത്തിന്റെ ദുർഭാഗ്യം. ഇവിടെ രാഷ്ട്രീയത്തിൽ നെഹ്റുവിന്റെയും ചലച്ചിത്ര സംഗീതത്തിൽ ലതാമങ്കേഷ്ക്കറിന്റെയും പേരിനാണ് പ്രാധാന്യം. വെണ്ണപ്രിയനായ ആ സംഗീതജ്ഞനുപോലും ഇവരെ മറ്റൊരു ലതയാക്കാൻ കഴിഞ്ഞില്ല. മറിച്ച്, ഈ യത്നത്തിൽ അയാളും ഇല്ലാതായി. ഖലീക്കിന്റെ സഹവാസത്തിൽ ഇവർ മറ്റെന്തെങ്കിലും പഠിച്ചോ എന്നറിഞ്ഞുകൂടാ, പക്ഷേ, ബോൾഡായി സംസാരിക്കാൻ പഠിച്ചെന്നുതീർച്ച. തൽഫലമായി ഇവരുടെ പ്രൗഢവും ഗംഭീരവുമായ വ്യക്തിത്വത്തിന്റെ അനുയായികൾക്ക് ബോംബെ ഇൻഡസ്ട്രിയിൽ ഒരു കുറവുമില്ല. സുന്ദരി മറ്റു സുഖങ്ങളോടൊപ്പം തന്റെ മറ്റു കാമുകന്മാരുടെ ശരീരഘടന, വിഷയാസക്തി, കാമകലയിലുള്ള പ്രാവീണ്യം മുതലായവയെക്കുറിച്ചുള്ള വിവരണവും നൽകുമെന്ന് ഗുണഗ്രാഹികൾ അഭിപ്രായപ്പെടുന്നു. ഒരു ദുസ്സാഹസികനായ പ്രസാധകൻ 'വെൽനോൺ പീപ്പിളി'ന്റെ 'ലിറ്റിൽ നോൺ തിങ്സ്' വിവരിക്കുന്ന ഓർമക്കുറിപ്പ് തയ്യാറാക്കാൻ ഈ സുന്ദരിയോടാവശ്യപ്പെട്ടിട്ടുണ്ടെന്ന് അഭ്യൂഹം പരന്നിട്ടുണ്ട്.

ഇത് കാരന്ത്, മുക്കോൺ കലാകാരൻ. ഇപ്പോൾ അദ്ദേഹം രേഖകളും ബിന്ദുക്കളും മാത്രം ചിത്രീകരിക്കുന്നു. അമേരിക്കാൻ കലാ നിരൂപകർപോലും അല്പം വിലകല്പിച്ചിട്ടുള്ള ഏക ഭാരതീയ ചിത്രകാരനാണദ്ദേഹം. അദ്ദേഹത്തിന്റെ വളരെ പ്രസിദ്ധമായ ഒരു പെയിന്റിങ് താങ്കൾ കണ്ടുകാണും–കറുത്ത ബാക്ക്ഗ്രൗണ്ടിൽ ഒന്ന് മറ്റതിനെ ഖണ്ഡിക്കുന്ന രീതിയിൽ ഒരു ചുവപ്പും ഒരു നീലയുമായ സർപ്പിളരേഖകൾ, അതിൽ ഒന്നുരണ്ടു വെളുത്ത കുത്തുകൾ. ഇങ്ങനെ രണ്ടു രേഖകളുണ്ടായ രൂപത്തിന് ഗണിതഭാഷയിൽ 'ഡബിൾ ഹെലിക്സ്' എന്നുപറയും. ജീവകോശത്തിന്റെ അടിസ്ഥാന അണുവായ ഡി.എൻ.എ.യുടെ ആകൃതിയും ഇതുതന്നെയാണെന്നു പറയപ്പെടുന്നു. കാരന്ത് ഈ പെയ്ന്റിങിന് 'ഡി.എൻ.എ.ഓഫ് തന്ത്രാ' എന്നുപേരിട്ടു. അദ്ദേഹം ഈ സർപ്പിള രേഖകളെ കുണ്ഡലിനി എന്നൊക്കെ കരുതുന്നു. അമേരിക്കൻ ക്രിട്ടിക്സ് പോലും അംഗീകരിച്ചസ്ഥിതിക്ക് നമുക്കും സമ്മതിക്കേണ്ടിയിരിക്കുന്നു. നമ്മുടെ നാട്ടിലെ പയ്യന്മാരിൽ മൂന്നിലൊന്ന് ഇദ്ദേഹത്തെ കലാകാരനായി അംഗീകരിക്കുന്നില്ല, മൂന്നിലൊന്ന് ഏക ജെനുവിൻലി ഇന്ത്യൻ പെയ്ന്ററായി അംഗീകരിക്കുന്നു, മൂന്നിലൊന്ന് ഇദ്ദേഹത്തെ ഫ്രോഡെന്നുവിളിക്കുന്നു. മൂന്നു കൂട്ടരുടെയും ആശയം ഒന്നുതന്നെയായിരിക്കും.

അടുത്തത് ഒരു മറാഠി എഴുത്തുകാരിയാണ്. എനിക്കെന്തെങ്കിലും

സംഭവിച്ചാൽ ഞാനെന്റെ നായകനെ വെറുതേവിടുകയില്ലെന്ന് ഈ എഴുത്തുകാരിയുടെ നായികപ്രഖ്യാപിച്ചു. സാഹിത്യത്തിലെന്തു സംഭവിച്ചെന്നറിഞ്ഞു കൂടാ, ജീവിതത്തിൽ നായകൻ എങ്ങനെയോ അവരുടെ വരുതിയിലായി. ശ്രീമതി നായക് പൊളിറ്റിക്സിലെത്തി. എന്നേ ക്രുദ്ധയായ ഈ യുവതി ഇപ്പോൾ എല്ലാ ക്രുദ്ധരായ യുവാക്കളോടും ക്രുദ്ധയാണ്. ഈയിടെ ഒരു ദിവസം ഇവർ ഇംഗ്ലീഷിൽ പറഞ്ഞു, "ആധുനികതയുടെ പേരിൽ ഈ രാജ്യത്ത് രചിക്കപ്പെട്ട സാഹിത്യം അപ്രസക്തമാണ്, എലിറ്റിസ്റ്റാണ്. ഇന്റലക്ച്വൽ സമൂഹം ഈ രാജ്യത്തെ മനസ്സിലാക്കുന്നില്ല, ഈ രാജ്യത്തെ ജനങ്ങളെ മനസ്സിലാക്കുന്നില്ല, അതുകൊണ്ട് ഈ രാജ്യത്തെ പൊളിറ്റിക്സ് മനസ്സിലാക്കുന്നില്ല. ഈ രാജ്യത്തെ നിർധനർക്ക് ഒരു ദേവിയെ ആവശ്യമുണ്ട്."

ഇദ്ദേഹം മിസ്റ്റർ ചൗബേ. ഇംഗ്ലീഷ് നാടകം മറാഠിയിൽ കളിക്കുമായിരുന്നു. ഇദ്ദേഹം ധാരാളം നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. പൂർവ ബർലിനിലെ ഏതെല്ലാമോ തിയേറ്ററുകളിൽ അദ്ദേഹം നാടകമവതരിപ്പിച്ചു. ഇന്ത്യൻ–ഏഷ്യൻ നാടകപ്രസ്ഥാനങ്ങളിൽ അന്താരാഷ്ട്രീയ പ്രശസ്തനായ പണ്ഡിതനാണ്. തന്റെ ജപ്പാൻകാരിയായ ഭാര്യയിൽ നിന്നു വിവാഹമോചനം നേടി. ഇപ്പോൾ ഒരു മിസ് ഒഡീസിയുടെ കൂടെ ചുറ്റിക്കറങ്ങുന്നു. ചൗബേ ഭാരതീയ നാടോടി നാടകത്തെക്കുറിച്ച് ഗദ്ഗദകണ്ഠനായി അമേരിക്കൻ ഇംഗ്ലീഷിൽ സംസാരിക്കും, "ഇറ്റീസ് അമേസിങ് ദ വേ ദീസ് റസ്റ്റിക് ആർട്ടിസ്റ്റ്സ് ഇവോക് എ ഹോൾ ഈഥോസ് വിദ് എ ഫ്യൂ സിമ്പിൾ ജെസ്ചേഴ്സ്, ഓൾദോ ദ ഇഫെക്റ്റ് ഓഫ് സിനിമ..."

ഇത് ഫിലിം ക്രിട്ടിക്ക് ഡോളി. പലരുടെയും അഭിപ്രായത്തിൽ, മിസ് ഡോളി അത്ര കുലീനമായ ഒരു സാധനമല്ല. വാർത്താ വിതരണ മന്ത്രാലയത്തിലെ ഓഫീസർ ഇവരുമായി ചർച്ചചെയ്യാതെ ഫിലിമോത്സവം തീരുമാനിക്കാറില്ല. മിസ് ഡോളി വിദേശചലച്ചിത്രമേളകളിൽ ജൂറിയായിരുന്നിട്ടുണ്ട്. സ്വന്തമായി ഒരു ഫിലിം നിർമിക്കാനുള്ള ആലോചനയുള്ളതായും കേൾക്കുന്നു.

ഇദ്ദേഹം ആലോ മുഖർജി. അദ്ദേഹം നിർമിക്കാനാഗ്രഹിച്ച ഹിന്ദി ഫിലിം മൂന്നു റീലിനപ്പുറം നീണ്ടില്ല. പാവം വല്ലാത്ത വിപത്തിൽചെന്നു പെട്ടു. ജാതകദോഷം. മദ്യപിച്ച് കാർ ഗാരേജിലേക്കു ബായ്ക്കെടുത്തപ്പോൾ ഏകപുത്രനെ ഇടിച്ചു വീഴ്ത്തി. കുട്ടി മരിച്ചു. ഭാര്യയുമായുള്ള ബന്ധമുപേക്ഷിച്ചു. ഹാർട്ടറ്റാക്കുണ്ടായി. പാപ്പരായി, ഇപ്പോൾ അല്പം ഭേദപ്പെട്ടു. ഡോക്ടറായ സഹോദരിയുടെ കൂടെ അമേരിക്കയിൽ പോയി താമസിക്കുന്നു. ചന്ദനത്തിരി മുതലായ ചെറിയ വ്യാപാരങ്ങളിലേർപ്പെട്ടിരിക്കുന്നു.

പിന്നെ, കേർശാപ് ഫ്രാംജി ഡോഭാൻവാലയും മിസ്സസ് സ്നേഹ

വത്സലാ ഡോഭാൻവാലയും. കുറേക്കാലം അങ്ങുമിങ്ങും അലഞ്ഞുനടന്നശേഷം അവർ വിവാഹം കഴിച്ചു. സ്നേഹവത്സലയ്ക്ക് ഇദ്ദേഹത്തിൽ നിന്ന് സന്താനലാഭമുണ്ടായില്ല എന്നൊരു ദുഃഖം മാത്രമുണ്ട്. ഇവർ സംസ്കാരത്തെ ദത്തെടുത്തു. ഈ ധനികദമ്പതികൾ തങ്ങളുടെ വത്സലസന്താനത്തെ സന്തോഷിപ്പിക്കുന്നതിൽ ഒരു കുറവും വരുത്തിയില്ല.

ഇത് മിസ് നന്ദിനി നടേശൻ, ഇപ്പോൾ മിസ്സിസ് ചാണ്ടി. ഇവരുടെ ഭർത്താവ് ഡോക്ടറാണ്, ക്രിസ്ത്യാനിയാണ്. ചാണ്ടി ദമ്പതികൾ ധാർവാറിലെവിടെയോ ഗ്രാമീണ സഹകരണപ്രസ്ഥാനം നടത്താനുള്ള ജോലി തുടങ്ങി. മിസ് നടേശൻ (അവർ ഇപ്പോഴും അങ്ങനെയാണറിയപ്പെടുന്നത്) പത്രമാസികകളിൽ രാഷ്ട്രീയ കവർചിത്രങ്ങളുടെ മുഷിവുമാറ്റുന്ന കാര്യത്തിൽ സഹായിക്കുന്നു. പ്രോട്ടീൻ ഹംഗർ പ്രോഗ്രാമിൽ കവർചിത്രം മിസ് നടേശനായിരുന്നു. ഗ്രാമീണവനിതകളിൽ നവീനചേതനയുണർത്തുന്നതിന് ഇവരെപ്പറ്റി കവർസ്റ്റോറി തയ്യാറാക്കി. ഗ്രാമീണജനതയുടെ ആരോഗ്യപരിപാലത്തിന്റെ പേരിൽ ഡോക്ടർ ചാണ്ടി ആദരിക്കപ്പെട്ടപ്പോൾ മിസ് നടേശൻ അദ്ദേഹത്തോടൊപ്പം കവറിൽ പ്രത്യക്ഷപ്പെട്ടു. സംഭ്രമജനകങ്ങളായ രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന കൂട്ടത്തിൽ ചില പ്രസിദ്ധീകരണങ്ങൾ ഇവരെ സി.ഐ.എ. ഏജന്റുമാരായി ചിത്രീകരിക്കുന്നു. ഇവർ ദരിദ്രരായ ഹിന്ദുക്കളെ ക്രിസ്തുമതത്തിൽചേർക്കുന്നെന്നും ആരോപണമുണ്ട്.

അടുത്തത്, മിസ് ജരീൻ ജരീവാല. അവർ വിവാഹിതയല്ല. അടിയന്തിരാവസ്ഥയെ എതിർത്തതിന്റെ പേരിൽ ഇവർ ചർച്ചാവിഷയമായി. തെരഞ്ഞെടുപ്പിലും ഇവർ നല്ലപോലെ ജോലി ചെയ്തു. സംഘനേതാക്കൾ പോലും ഇവർക്ക് രാജ്യസഭയിലേക്ക് ടിക്കറ്റ് നൽകാമെന്നു പറഞ്ഞു. 'ഗുഡ് ഹെവൻസ്' പറഞ്ഞിട്ട് ഇവർ ധർമശാലയ്ക്കടുത്ത് ഏകാന്തവാസത്തിനുപോയി. താൻ 'ഫൈറ്റർ ഫോർ ലോസ്റ്റ് കോസസ്' ആണെന്ന് പറയുന്നു. ഇവർ ഓരോന്നിനെയും എതിർക്കുന്നതു കാണുമ്പോൾ കോമൺസെൻസ് തലകുനിച്ച് പിൻമാറി നിൽക്കും. പോകട്ടെ, അച്ഛൻ ധാരാളം പണം സമ്പാദിച്ചു വച്ചിട്ടുപോയി. കൈകാര്യം ചെയ്തുകൊള്ളും.

ഇത് ധൂർജടി. എക്സ്-എക്സ്-എക്സ് ആയ ഇദ്ദേഹം ഇപ്പോൾ ജർമനിയിൽ കമ്പാരറ്റീവ് റിലീജന്റെ പ്രൊഫസ്സറാണ്. യുനെസ്കോയിലും ഏതോ ഏർപ്പാടുണ്ട്. യുനെസ്കോ അടുത്തയിടയ്ക്ക് ശാസ്ത്രജ്ഞരുടെയും രാഷ്ട്രമീമാംസാവിദഗ്ദ്ധരുടെയും ഒരു മഹാസമ്മേളനം സ്വിറ്റ്സർലാൻഡിൽ വിളിച്ചുകൂട്ടി. ധൂർജടി അതിൽ പങ്കെടുത്തു. സെമിനാർ പരിപാടിയിൽ യഥാർഥ ഗുരുവാണദ്ദേഹം. ജോഷിജി ചീനയിൽ നിന്നു മടങ്ങുന്ന വഴി ബാങ്കോക്കിൽ രണ്ടുദിവസം തങ്ങിയപ്പോൾ

യുനെസ്കോ ഓഫീസിൽ വച്ചുകണ്ടുമുട്ടി. മനിലയിൽ എന്തോ അറ്റൻഡ് ചെയ്തിട്ടു വരികയാണെന്നും മംഗോളിയയിൽ എന്തോ അറ്റൻഡ് ചെയ്യാനുണ്ടെന്നും പറഞ്ഞു. അവിടുത്തെ ഉദ്യോഗസ്ഥന്മാരോട് റൂട്ട് ചോദിക്കുന്നുണ്ടായിരുന്നു. അദ്ദേഹം ജോഷിയോടു ചോദിച്ചു, "ഒരു ഇന്ത്യൻ തലമുറ മുഴുവൻ പ്രവാസിയായിത്തീർന്നു. നിങ്ങൾ ഇന്ത്യൻ പത്രപ്രവർത്തകർക്ക് അമേരിക്കൻ 'എക്സ്പേട്രിയറ്റ് ജനറേഷന്റെ' ചരിത്രമറിയാമല്ലോ, ഈ തലമുറയെക്കുറിച്ച് നിങ്ങൾക്കൊന്നുമറിഞ്ഞുകൂടാ." കല്ക്കത്തയിലെ ഒരു ദിനപത്രം ഈയിടെ ധൂർജടിയുടെ ഏറ്റവും രസകരമായ ഒരു കത്ത് ലേഖനരൂപത്തിൽ പ്രസിദ്ധപ്പെടുത്തി. അതിൽ പ്രൊഫസർ ഇങ്ങനെ എഴുതി, "യഥാർഥ ഭാരതീയർക്ക് ഭാരതത്തിൽ ശ്വാസം വിടാൻപോലും സാധ്യമല്ല."

ഇദ്ദേഹം വിശ്വബന്ധു. എന്തുചെയ്യുന്നെന്നു ഭഗവാനു മാത്രമറിയാം. ദില്ലിയിൽ അതീവ രഹസ്യമായി പ്രത്യക്ഷപ്പെടുകയും അതീവരഹസ്യമായി അപ്രത്യക്ഷനാവുകയും ചെയ്യും. ജോഷിയെ വല്ലപ്പോഴും ആശുപത്രിയിൽ ചെന്നു കാണും. ചിന്താശക്തിയുള്ളവർക്ക് 'അപകടകരം' എന്നുതോന്നുന്ന ഏതെങ്കിലും വിഷയത്തെക്കുറിച്ച് ലേഖനമെഴുതിക്കൊടുക്കാൻ പറയും. ഉദാഹരണത്തിന്, ബോണ്ടഡ് ലേബറേഴ്സിനെക്കുറിച്ച്, ആദിവാസിസമരത്തെക്കുറിച്ച്, കർഷകത്തൊഴിലാളികളെയും വ്യാവസായിക തൊഴിലാളികളെയും സംബന്ധിച്ച്... ഇദ്ദേഹം നക്സലൈറ്റാണെന്ന് കേൾവിയുണ്ട്. നക്സലൈറ്റാണെങ്കിൽ സെമിനാർ പ്രിയസമൂഹത്തിൽ എങ്ങനെ പൊരുത്തപ്പെട്ടു പോകുന്നെന്ന് ചങ്ങാതിമാർക്ക് അത്ഭുതം! എന്തുകൊണ്ട് ഇതുവരെ അറസ്റ്റ് ചെയ്യപ്പെട്ടില്ല? ഒരു തവണ ഒരു ജർമൻ യൂണിവേഴ്സിറ്റി എങ്ങനെ ഫെലോഷിപ്പ് നൽകി?

ഇത് ജോഷിജിയുടെ അകന്ന ബന്ധത്തിലുള്ള ഒരു സഹോദരിയുടെ കുടുംബം. ചിതറിപ്പോയി. മൂത്തമകൾ സുമയുടെ വിവാഹം കഴിഞ്ഞു. ശോക കഥകളെഴുതുന്നു-ചിലപ്പോൾ ഇംഗ്ലീഷിൽ. റഫറൻസ് -ഡോറിസ് ലെസിങ്. ഇളയ മകൾ-ദ റിബെൽ ജീനിയസ്-സസക്സിൽ സാമൂഹ്യശാസ്ത്രം പഠിക്കുന്നു. ഇതു മകൻ, കേംബ്രിഡ്ജിൽ ഹിസ്റ്ററി ട്രൈപ്പോസെടുത്തിരിക്കുന്നു. യാതൊരു തടസ്സവും കൂടാതെ മാതൃഭാഷ സംസാരിക്കുന്നു. ഇംഗ്ലീഷ് സംസാരിക്കാനാഗ്രഹിക്കുന്ന തന്റെ അമ്മാവനോട് തനി നാടൻ ഭാഷയിൽ സംസാരിക്കാൻ വേണ്ടിയാണ് ഇന്ത്യയിലേക്കു വരുന്നതെന്നു പറയാം. ബ്രിട്ടീഷു വിരുദ്ധൻ. തിയറി വർക്കു ചെയ്തുകൊണ്ട് അവിടെ ബോറായി കഴിയുന്നു. കുട്ടിക്കാലം മുതലേ ഇംഗ്ലണ്ടിലാണ്. സഹോദരിയും അളിയനും ദൂരെ ക്യാനറിദ്വീപിലാണ്. റിട്ടയർ ചെയ്തശേഷം അളിയന് ഒരന്താരാഷ്ട്രീയ ഉദ്യോഗം കിട്ടി. വിദേശവാസം അളിയനിഷ്ടമല്ല. എന്നാലിപ്പോൾ ഭാരതത്തിലും അദ്ദേഹ

ത്തിന്റെ അച്ഛന്റെ കാലത്തെ അന്തരീക്ഷമല്ല. മുമ്പ് ആഴ്ചകളോളം ഹോളിയുടെ പരിപാടികളുണ്ടായിരുന്നു. പരസ്പരം ചായം പൂശിയും പാട്ടുപാടിയും രസിച്ചു നടക്കുമായിരുന്നു. കഴിഞ്ഞതവണവന്നപ്പോൾ സഹോദരി ഒരൊന്നാന്തരം ഡയലോഗ് പറഞ്ഞു, "സ്വന്തക്കാരുടെയിടയിൽ അപരിചിതരായി കഴിയുന്നതിനെക്കാൾ അപരിചിതരുടെയിടയിൽ അപരിചിതരായി കഴിയുന്നതാണുഭേദം."

ഇദ്ദേഹമാണ് സാർ, ജോഷിജി. ഇദ്ദേഹത്തിന്റെ സ്വർണ ഫ്രെയിം ശ്രദ്ധിക്കുക. ഇദ്ദേഹത്തിന്റെ ഹോർമോൺസ് സമൃദ്ധമായ താടിമീശയ്ക്ക് സ്കോപ്പ് നൽകുന്നില്ല. ദില്ലിയിൽ തിരിച്ചെത്തി മൂന്നുകൊല്ലത്തിനകം ഞാൻ ഇദ്ദേഹത്തിന് ഒന്നുരണ്ട് എഡിറ്റർഷിപ്പ് ഏർപ്പെടുത്തിക്കൊടുത്തു. ഏവൺ ബാത്റൂം സൗകര്യം ഇതുവരെ ലഭിച്ചില്ല. ബാക്കി–കാർ, ഫ്രിജ്, റ്റി.വി, പ്രിയദർശിനി ഫോൺ എല്ലാം ദൈവകൃപയാൽ ലഭിച്ചു. കുറേക്കാലമായി ജോഷിജി തന്റെ ബന്ധുക്കളിൽ നിന്ന് ഏതാണ്ട് കട്ട്-ഓഫ് ചെയ്തിരിക്കുകയാണ് ബന്ധുക്കളോടെന്തിനിത്ര നാണമെന്ന് എനിക്കൊട്ടും മനസ്സിലാകുന്നില്ല. ജോഷിജീ, താങ്കൾ ഏത് ബഹുഗുണയോടൊപ്പമാണ് ബ്രേക്ക്ഫാസ്റ്റ് കഴിച്ചതെന്നു പറയൂ.

ഇതാരാണ്? ഒരു കറുത്ത മനുഷ്യൻ. ഭൂമി കുറഞ്ഞുവരികയാണെന്നും ആവശ്യക്കാർ കൂടിവരികയാണെന്നും ഇയാൾക്കു പരാതിയുണ്ട്. നഗരത്തിൽ മലവിസർജനത്തിനിടം നോക്കുന്നിടത്തെല്ലാം അംബരചുംബികളായ കെട്ടിടങ്ങൾ കെട്ടിപ്പൊക്കുന്നു.

ഇതാ കറക്കുകമ്പനി! ഇതിനിടയ്ക്ക് സാമൂഹ്യനേതാക്കന്മാർ ഇവർക്കു മനഃപരിവർത്തനം വരുത്തി, ഇവർ അവർക്കും മനഃപരിവർത്തനമുണ്ടാക്കി.

ഇതിനും പുറമേ, കർണാടക എമ്പോറിയത്തിലെ ചന്ദനമാല സഹിതം ഭിത്തിയിൽ തൂക്കപ്പെട്ടവർ.

ഇത് മനോഹറിന്റെ അമ്മയുടെ ചിത്രം. ക്യാൻസർ പിടിപെട്ടു മരിച്ചു. വളരെയധികം കഷ്ടപ്പെട്ടു. ധർമപരായണയായിരുന്നു. മരിച്ച ദിവസവും അതിരാവിലെ എഴുന്നേറ്റു കുളിച്ചു. ലലാടഫലകത്തിൽ കസ്തൂരീതിലകമണിഞ്ഞ, വക്ഷഃസ്ഥലത്ത് കൗസ്തുഭമണി ശോഭിക്കുന്ന, നാസികയിൽ മുത്തുതിളങ്ങുന്ന, കരതലത്തിൽ വേണുവും കരത്തിൽ കങ്കണവുമുള്ള ഭഗവാനെ സ്മരിച്ചു.

ഇത് മിസ്റ്റർ തിർഖായുടെ ചിത്രം. ഹാർട്ട് ട്രബ്ൾ ഉണ്ടായപ്പോൾ മകളുടെ നിർബന്ധത്തിനുവഴങ്ങി അദ്ദേഹം ബോംബെയിൽ നിന്ന് അമൃത്സറിലേക്കുപോയി. വിക്റ്റോറിയാരാജ്ഞിയുടെ ഇംഗ്ലീഷിൽ തുടരെത്തുടരെ കത്തയച്ചുകൊണ്ടിരുന്നു. ജോഷിജി മറുപടി അയയ്ക്കുന്നതിൽ പിശുക്ക് കാണിച്ചു. പിന്നീട് പൗത്രന്റെ വിവാഹസംഘത്തെയും കൊണ്ട് ദില്ലിയിൽ വന്നു. 1969–ലെ കാര്യമാണ്. മിസ്റ്റർ ജോഷി

വിവാഹ സംഘം താമസിക്കുന്നിടത്തുചെന്ന് അവരോടൊപ്പം വിവാഹത്തിൽ പങ്കെടുക്കണമെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. എന്നാൽ ജോഷിജി രാജ്യത്തെ ചുട്ടുപഴുത്ത രാഷ്ട്രീയ പ്രശ്നങ്ങളിൽ കുടുങ്ങിപ്പോയതുകൊണ്ട്, വളരെ ബുദ്ധിമുട്ടി ഓബ്‌റോയ് ഹോട്ടലിൽ റിസപ്ഷനെത്താനേ സാധിച്ചുള്ളു–അതും വളരെ വൈകി. അപരിചിതരുടെ തിരക്കിൽ അദ്ദേഹം തിർഖായെ തിരക്കി. പിൻസ്ട്രൈപ്പുള്ള പഴയ ഇംഗ്ലീഷ് ത്രീ പീസ് ധരിച്ച്, ബട്ടൺ ഹോളിൽ മയിൽപ്പീലിയും പനിനീർപ്പൂമൊട്ടും തിരുകി, കഴുത്തിൽ മുല്ലമാലയണിഞ്ഞ് നിൽക്കുന്ന തിർഖായെ കണ്ടു. കണ്ടയുടൻ മാറോടണച്ചു പറഞ്ഞു, "മിസ്റ്റർ ജോഷീ, ലേറ്റ് എഗൈൻ, അസ് യൂഷ്വൽ" കുട്ടികളെകൊണ്ടുവരാഞ്ഞതെന്തെന്നു പരിഭവം പറഞ്ഞു. അദ്ദേഹം ബെയററെ വിളിച്ചു. ജോഷിയോടു ചോദിച്ചു, "സ്മാൾ മതിയോ?" അദ്ദേഹം തന്നെ വിസ്കിയുടെ പെഗ് എടുത്തുകൊടുത്തു. 'സോഡയോ വെള്ളമോ' എന്നു ചോദിച്ചു പിന്നെ, കാനഡയിൽ എഞ്ചിനീയറായ പൗത്രൻ ജോഷിജിയെ കണ്ടു. അമേരിക്കയിൽ താമസിക്കുന്ന തന്റെ സഹോദരിക്കുവേണ്ടി 'മാട്രിമോണിയൽ അഡ്വർടൈസ്മെന്റ്' കൊടുക്കുന്നകാര്യം സംസാരിച്ചു.

പൗത്രന്റെ വിവാഹം കഴിഞ്ഞ് ഒന്നരവർഷത്തിനുശേഷം ഒരു ചതുർദശി ദിവസം, മിസ്റ്റർ തിർഖാ പൂജാമുറിയിൽ നിന്നു പുറത്തുവന്നപ്പോൾ തന്റെ പൗത്ര ഭാര്യയെ മോഡൽ വേഷത്തിൽ കണ്ടു. അർധനഗ്ന. 'സ്ട്രെയിംജ്' എന്നുപറഞ്ഞു. അല്പമാലോചിച്ചുനിന്നു. എന്നിട്ട് തന്റെ മുറിയിലേക്കു പോകുമ്പോൾ ചിരിച്ചുതുടങ്ങി. എന്തിനാണു ചിരിക്കുന്നതെന്ന് ആരോടും പറയാതിരുന്ന ആദ്യത്തെയും അവസാനത്തെയും സന്ദർഭമായിരുന്നു, അത്. മുറിയിലെത്തുമ്പോഴേക്ക് അദ്ദേഹത്തിനു ഹൃദയാഘാതമുണ്ടായി. ചിരിച്ചു ചിരിച്ച് യാത്രയായി.

ഈ ചിത്രം രഥിജിത് ഭട്ടാചാര്യയുടേതാണ്. അന്ന് ബോംബെയിൽ നിന്നുപോയശേഷം ദാദാ മൂന്നു ഫിലിം തുടങ്ങി. അതിൽ രണ്ടെണ്ണം തീർന്നു, ഒന്ന് വഴക്കുണ്ടാക്കി പൂർത്തിയാക്കാതെ വിട്ടിട്ടു പോയി. പൂർത്തിയാക്കിയതും ഒരു മാതിരി. അതിലൊന്ന് പ്രദർശിപ്പിച്ചതേയില്ല–ആദ്യം സെൻസറുമായും പിന്നെ ഡിസ്ട്രിബ്യൂട്ടറുമായും വഴക്കിട്ടു. പ്രദർശിപ്പിക്കപ്പെട്ട ഫിലിം കാണുന്നതിന് ആരാധകസംഘം ദില്ലിയിൽ സ്പെഷ്യൽ ഷോ സംഘടിപ്പിച്ചു. ജോഷിജിയും അതു കണ്ടു. അറുപതു കഴിഞ്ഞ, സ്വബോധം തകരാറിലായ മഹാകവികളുടെ കൃതികൾ കേൾക്കുന്നതുപോലെ തോന്നി. ഇടയ്ക്ക് ദാദായ്ക്ക് കിറുക്കുണ്ടായി. രോഗിയായി. ആരാധകന്മാർ ഓരോ തവണയും സർക്കാരിനോടഭ്യർഥിച്ചു. സർക്കാർ മനസ്സില്ലാമനസ്സോടെ എന്തോ ചെയ്തു. പക്ഷേ ദാദായ്ക്ക് സർക്കാരിനെതിരെ യുദ്ധം ചെയ്യുന്നതിലായിരുന്നു താല്പര്യം. അതുകൊണ്ട് ഒന്നും പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല.

ദാദായുടെ ഈ അവസാനത്തെ ഫിലിമിൽ വിധി അഥവാ നിയതിയുടെ നിയോഗമൊന്നുമുണ്ടായിരുന്നില്ല. എങ്കിലും 'കരളിലൊരുപെണ്ണ്' എന്ന ചലച്ചിത്രകഥയുമായി എവിടൊക്കെയോ ബന്ധമുണ്ടെന്ന് ജോഷിജിക്കുതോന്നി. അതുവായിച്ചു കേൾപ്പിച്ച് ദാദാ ആലോ മുഖർജിയുടെ ഒരു സായാഹ്നം ബോറാക്കിയതോർക്കുന്നു.

ഒരു മധ്യവർഗബുദ്ധിജീവിയുടെ അതീവ ദുർബലമായ ജീവിതത്തെ അതിനാടകീയ രീതിയിലുള്ള ആത്മകഥനത്തിലൂടെ അതിൽ കൂട്ടിച്ചേർത്തു. ഒരു കാലഘട്ടത്തിലെ കാര്യങ്ങളെല്ലാം ആധുനികതയുടെ പേരിൽ ഈ ഫിലിമിൽ കുത്തിക്കയറ്റി. എന്നിട്ടും കാണിയുടെ കയ്യിലെത്തിയില്ല. ജോഷിജിയുടെ ഒരു സുഹൃത്തിന് ദേവിയുടെ പ്രതിമ നിർമിക്കുന്നവന്റെ വീട്ടിൽ ചിത്രീകരിച്ച ഒരു സന്ദർഭം ആവശ്യത്തിലേറെ സോദ്ദേശ്യമാണെന്നു തോന്നി അദ്ദേഹം ഇംഗ്ലീഷിലെഴുതി, 'ശക്തിയുടെ ദേവിയുടെ വേർപെടുത്തിയ ഉടലും തലയും പ്രതീകാത്മകങ്ങളാണ് ശക്തിക്ക് മസ്തിഷ്കവും മസ്തിഷ്കത്തിനു ശക്തിയും ലഭിക്കുന്നില്ലെന്ന സനാതന മാനവീയ ട്രാജഡിയിലേക്ക് അതു വിരൽ ചൂണ്ടുന്നു' ഈ ഉദ്ദേശ്യത്തിന്റെ ഉദ്ദേശ്യം അദ്ദേഹത്തോടാര് ചോദിക്കും? ഇത് ഒരു പക്ഷേ, പ്രോപ്പർട്ടീസുകാരുടെ ടച്ചായിരിക്കും.. ആദ്യചിത്രം വിപ്ലവകാരിയായ ബാബയുടേതാണ്. രണ്ടാമത്തേത് ഷേരാവാലി മാതാവിന്റെ മനോഹർ എന്നും ഇവരെ രണ്ടുപേരെയും സ്തുതിച്ചുപോന്നു. ബാബാ ഒരിക്കലും സങ്കീർണങ്ങളായ രാഷ്ട്രീയ സാമൂഹിക തത്ത്വശാസ്ത്രങ്ങൾ പഠിപ്പിക്കാൻ ശ്രമിച്ചിട്ടില്ല ദയാലുവും വിവേകിയുമായ ഒരു വൃദ്ധനെപ്പോലെ ഉപദേശിച്ചിട്ടുണ്ട്- ഒത്തൊരുമിച്ചു ജീവിക്കൂ, ഒരെള്ള് കിട്ടിയാൽ പോലും പങ്കുവച്ച് കഴിക്കൂ, അന്യരെ ഉപദ്രവിക്കാതിരിക്കൂ. മാതാജിയെക്കുറിച്ചും അയാളുടെ ധാരണ ഏതാണ്ടിതുപോലെയായിരുന്നു.

നിങ്ങൾ നല്ല ഭാവിയുള്ളവരാണ്. നിങ്ങളുടെയുള്ളിൽ വലിയ ശക്തിയുണ്ട്, അതിനെ വികസിപ്പിച്ചെടുത്താൽ നിങ്ങൾക്ക് മറുകിന്റെയാവശ്യമില്ല-എന്നൊക്കെ മാതാജി കുട്ടികളോടു പറയാറുണ്ടായിരുന്നു.

പ്രോപ്പർട്ടീസുടമസ്ഥർ മനോഹറിന്റെ ഈ പ്രിയചിത്രങ്ങൾ ഇവിടെ തൂക്കി എന്നാൽ കൈ കൂപ്പി ബാബായോടും മാതാജിയോടും മദ്രാസ്ഫിലിം സ്റ്റൈലിൽ ഇങ്ങനെ പറയേണ്ട സ്ഥിതിയല്ല-നോക്കൂ, നിങ്ങളുടെ മനോഹർ ഫസ്റ്റ് ക്ലാസ്സ് ഫസ്റ്റ് ആയി പാസ്സായി. ഇനി ജോഷി നിർദേശിച്ച വിധിയിൽ നിന്ന് മുഖം തിരിക്കട്ടെ, ചുണ്ടുകടിക്കട്ടെ.

ശ്രീമൻ, 'ദ എൻഡ്' ആക്കുമ്പോൾ ഞാൻ 'കുരു കുരു സ്വാഹാ' നിർമിച്ചവരുടെ പേരിൽ ദയാനിധികളായ നിങ്ങളോട് കൃതജ്ഞത പ്രകാശിപ്പിക്കുന്നു. കഥാ വിവരണത്തിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ മാപ്പാക്കണം.

Lasertypeset at Impress Tech. Pvt. Ltd., Thiruvananthapuram- 695010
and printed at Shivam Offset Press, New Delhi-110028